

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ







# പ്രളയം
# 2018



ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

# പ്രളയം 2018

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

ചീഫ് എഡിറ്റർ
**യു.വി.ജോസ്.ഐ.എ.എസ്.**
അഡീ. ചീഫ് എഡിറ്റർ
**കെ.സന്തോഷ് കുമാർ**
ഡെപ്യൂട്ടി ചീഫ് എഡിറ്റർ
**കെ.പി.സരിത**
എഡിറ്റർ
**നാഫിഹ് എം**
അസിസ്റ്റന്റ് എഡിറ്റർ
**ശ്രീകാന്ത് എം ഗിരിനാഥ്**
**മെർലിൻ ജെ.എൻ**
ട്രാൻസ്‌ലേറ്റർ
**സന്തോഷ്‌കുമാർ എസ്**
എഡിറ്റോറിയൽ അസിസ്റ്റന്റ്
**ഉമ**
**പാർവ്വതി**

ആർട്ടിസ്റ്റ്
**പ്രകാശ് വി.എസ്.**

ഡിസൈൻ
**അനിൽരാജ്**
സർക്കുലേഷൻ ഓഫീസർ
**ഉണ്ണികൃഷ്ണൻ കുന്നത്ത്**

ചിത്രങ്ങൾ
**വി.വിനോദ്**
**ആർ.പ്രശാന്ത്**
**ജി.ശങ്കരനാരായണൻ**
**എം.എ.ജയൻ**
**എ.സുനിൽ**
**ആർ.അജയകുമാർ**
**രവികുമാർ സി.എസ്**
**ഡാലു പരമേശ്വരൻ**
**രമേഷ് എസ്**
**രവീന്ദ്രൻ കെ**
**എസ്.ആർ.സുനിൽ ഇടുക്കി**

**രണ്ടാം പതിപ്പ്**
2019 ഒക്ടോബർ
അച്ചടി: ഗവ.പ്രസ്സ്, മണ്ണന്തല,
തിരുവനന്തപുരം
കോപ്പികൾ: 1000
സൗജന്യ വിതരണത്തിന്

**ഒന്നാം പതിപ്പ്**
ചീഫ് എഡിറ്റർ
**ടി.വി.സുഭാഷ് ഐ.എ.എസ്**
അഡീ. ചീഫ് എഡിറ്റർ
**പി.എസ്.രാജശേഖരൻ**
അസിസ്റ്റന്റ് എഡിറ്റർ
**ഇന്ദുശേഖർ കെ.എസ്**
**പി.കെ.വേലായുധൻ**

2019 ഫെബ്രുവരി
അച്ചടി: ഓറഞ്ച് പ്രസ്സ് പ്രൈ.ലിമിറ്റഡ്,
തിരുവനന്തപുരം
കോപ്പികൾ: 1000

കേരള സർക്കാർ



## സന്ദേശം

കേരളത്തെ എക്കാലവും വേട്ടയാടുന്ന ഭയാനകമായ ഓർമയാണ് 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയം. എല്ലാ കണക്കുകൂട്ടലുകളും തെറ്റിച്ചുകൊണ്ട് സംഹാരഭാവം പൂണ്ട കാലവർഷം നമുക്കേൽപ്പിച്ച നാശനഷ്ടങ്ങൾ തിട്ടപ്പെടുത്താനാവാത്തതായിരുന്നു. സർവമേഖലകളെയും അത് തകർത്ത് തരിപ്പണമാക്കി. വിലപ്പെട്ട നൂറു കണക്കിന് ജീവൻ കവർന്നു. ഭൂമിയും മനുഷ്യനും മണ്ണും പരിസ്ഥിതിയും ഒന്നും ആ പ്രഹരത്തിൽ നിന്ന് മുക്തമായിരുന്നില്ല. ഒരു കൊച്ചു സംസ്ഥാനത്തെ, ഒരുപക്ഷെ ഒരിക്കലും കരകയറാനാവാത്ത തകർച്ചയിലേക്ക് പിടിച്ചുവലിക്കാൻ മാത്രം കരുത്തുറ്റതായിരുന്നു അത്. എങ്കിലും നാം വീണു പോയില്ല. പ്രളയത്തെ എങ്ങനെയാണ് കേരളം വർധിത വീര്യത്തോടെ നേരിട്ടത് എന്നത് ചരിത്രമാണ്. ലോകത്തെ തന്നെ അത്ഭുതപ്പെടുത്തിയ ചരിത്രം.

ആ നാൾവഴികൾ നാം രേഖപ്പെടുത്തിവയ്ക്കേണ്ടതുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിൽ –1924ൽ–കേരളം ഒരു പ്രളയത്തിന് ഇരയായിട്ടുണ്ട്. നിർഭാഗ്യവശാൽ അത് വേണ്ടവിധം രേഖപ്പെടുത്തിവയ്ക്കാൻ നമുക്ക് സാധിച്ചില്ല. ഒരു നൂറ്റാണ്ടിന് ശേഷം പ്രളയം വീണ്ടും നമ്മെ തേടിയെത്തുമെന്ന് തീരെ പ്രതീക്ഷിക്കാത്തതു പോലെ പഴയ പ്രളയത്തെ നാം തീർത്തും വിസ്മരിച്ചുപോയിരുന്നു. ചരിത്രമാണ് പ്രതിരോധത്തിന്റെ ഏറ്റവും വലിയ മുതൽക്കൂട്ട്.

കഴിഞ്ഞു പോയ പ്രളയത്തിൽ നിന്ന് ഉൾക്കൊള്ളേണ്ട പാഠങ്ങൾ നാം ഉൾക്കൊള്ളണം. വരും തലമുറയ്ക്കു വേണ്ടി അവ നാം രേഖപ്പെടുത്തിവയ്ക്കണം. ഇനി ഒരു പ്രളയമുണ്ടാകുന്നതിന് മുമ്പ് അതിനെ പ്രതിരോധിക്കാൻ അവ നമുക്ക് മുതൽക്കൂട്ടാവണം.

പ്രളയത്തെ കുറിച്ച് ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് ഒരു പുസ്തകം പ്രസിദ്ധീകരിക്കുന്നത് തികച്ചും ഉചിതമാണ്. ആശംസകൾ.

**പിണറായി വിജയൻ**
മുഖ്യമന്ത്രി

കേരള സർക്കാർ



## സന്ദേശം

കേരളത്തിന്റെ സമീപകാല ചരിത്രത്തിൽ തുല്യതയില്ലാത്ത ദുരന്തമായിരുന്നു 2018ലെ മഹാപ്രളയം. അത് ഏൽപ്പിച്ച നാശനഷ്ടങ്ങളും അതിനെതിരെ കേരളം നടത്തിയ വീരോചിതമായ ചെറുത്തുനിൽപ്പും ലോകം കണ്ടതാണ്.

ഇച്ഛാശക്തിയുള്ള സർക്കാരിന്റെ നേതൃത്വത്തിൽ ജനങ്ങളുടെ ഒത്തൊരുമയോടെയുള്ള മുന്നേറ്റത്തിന് ഏത് പ്രതിസന്ധിയെയും മറികടക്കാൻ സാധിക്കുമെന്ന് നാം തെളിയിച്ചു. വിനാശകരമായ ഒരു പ്രകൃതിദുരന്തം അങ്ങനെ കൂടുതൽ മെച്ചപ്പെട്ട കേരളത്തെ കെട്ടിപ്പടുക്കാനുള്ള നിമിത്തമായി മാറി.

നാം ഗൗരവത്തോടെ കാണേണ്ട ഒട്ടേറെ പാഠങ്ങൾ ആ പ്രകൃതി പ്രതിഭാസം ഉൾക്കൊള്ളുന്നുണ്ട്. അവ ക്രോഡീകരിക്കുകയും വിശകലനവിധേയമാക്കുകയും ചെയ്യുക എന്നത് ദുരന്താനന്തര പ്രവർത്തനങ്ങളുടെ പ്രധാനഭാഗമാണ്. ആ ദിശയിൽ വിപുലമായ പഠന-ഗവേഷണ പ്രവർത്തനങ്ങൾ ആവശ്യമാണ്.

പ്രളയത്തെക്കുറിച്ച് ഐ & പി.ആർ.ഡി ഒരു പുസ്തകം പുറത്തിറക്കുന്നുവെന്നറിഞ്ഞതിൽ സന്തോഷമുണ്ട്. വരുംതലമുറക്കു കൂടിയുള്ള ഒരു വഴികാട്ടിയായി ഈ പുസ്തകം മാറുമെന്ന് പ്രതീക്ഷിക്കുന്നു.

ടോം ജോസ് ഐ.എ.എസ്.
ചീഫ് സെക്രട്ടറി

കേരള സർക്കാർ



## സന്ദേശം

ഓഖി ചുഴലിക്കാറ്റും നിപ വൈറസും ഏൽപിച്ച ആഘാതം മാറുന്നതിന് മുമ്പാണ് പ്രളയദുരന്തത്തിന് കൂടി കേരളം ഇരയായത്. തുടർച്ചയായി എത്തിയ ദുരന്തങ്ങൾ നമ്മുടെ വികസന പ്രക്രിയയെ തന്നെ താളം തെറ്റിക്കാൻ പോന്നവയായിരുന്നു. 13 ജില്ലകളും മുങ്ങുകയും വിവരണാതീതമായ നാശനഷ്ടങ്ങളിലേക്ക് കേരളം പതിക്കുകയും ചെയ്തു.

പ്രതിസന്ധികളും ദുരന്തങ്ങളും വ്യക്തികൾക്കും ചിലപ്പോൾ ദേശങ്ങൾക്കും ഉള്ളിൽ കുടികൊള്ളുന്ന നന്മയെ എങ്ങനെ പുറത്തുകൊണ്ടുവരുന്നുവെന്നതിന്റെ ഉജ്വലഉദാഹരണം കൂടിയായിരുന്നു പ്രളയം. നമ്മുടേത് മനസാക്ഷിയുള്ള ഒരു നാടാണെന്നും സാഹോദര്യവും ഐക്യവുമാണ് അതിന്റെ അടിത്തറയെന്നും പ്രളയം വെളിപ്പെടുത്തി. വിദ്വേഷങ്ങളുടെയും വിഭാഗീയതകളുടെയും എല്ലാ മതിൽക്കെട്ടുകളും തകർത്താണ് പ്രളയം പിൻവാങ്ങിയത്. സമർപ്പണത്തിന്റെയും സന്നദ്ധ സേവനത്തിന്റെയും അത്ഭുതകരമായ മാതൃകകളും പ്രളയത്തിൽ നിന്ന് ഉയർന്നുവന്നു.

ഓഖിയുടെ ദുരന്തം ഏറ്റുവാങ്ങിയ തീരദേശം പ്രളയകാലത്ത് ഏറ്റവും വലിയ രക്ഷാസങ്കേതമായി മാറി. അവിടെ നിന്നെത്തിയ തൊഴിലാളികൾ ജീവൻ പണയം വച്ച് നടത്തിയ രക്ഷാദൗത്യം നമ്മുടെ ചരിത്രം ഒരിക്കലും മറക്കില്ല. സർക്കാർ സംവിധാനങ്ങളും ജനങ്ങളും കൈമെയ് മറന്ന്, രാപകൽ ഭേദമന്യേ തോളോട് തോൾ ചേർന്ന് പണിയെടുത്ത ആ ദിനങ്ങളുടെ വിവരശേഖരമാണ് ഈ പുസ്തകം. പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ടവരോടുള്ള ഐക്യദാർഢ്യമായി, പ്രളയജലം നീന്തിക്കടന്ന യോജിപ്പിന്റെയും സ്നേഹത്തിന്റെയും സ്മാരകമായി ഈ പുസ്തകം നിലനിൽക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

**പി. വേണുഗോപാൽ** ഐ.എ.എസ്.
സെക്രട്ടറി
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ



## ഒന്നാം പതിപ്പിന്റെ മുഖവുര

കേരളത്തിന്റെ സമസ്ത മേഖലകളെയും ഗ്രസിച്ച മഹാപ്രളയത്തെക്കുറിച്ച് ഔദ്യോഗികമായി ഒരു ഓർമപ്പുസ്തകം പുറത്തിറക്കുക എന്നത് തീർച്ചയായും ഒരു വെല്ലുവിളി തന്നെയാണ്. അത്രമേൽ കനത്ത ആഘാതമാണ് ആ ദുരന്തം നമുക്ക് ഏൽപ്പിച്ചിരിക്കുന്നത്. കേവലം ഒരു കണക്കെടുപ്പിൽ ഒതുങ്ങുന്ന നാശനഷ്ടങ്ങളല്ല പ്രളയം ബാക്കിയാക്കിയത്. അടിസ്ഥാന സൗകര്യമേഖല, പരിസ്ഥിതി, വ്യവസായം, വാണിജ്യം, കൃഷി തുടങ്ങി എല്ലാ മേഖലകളിലും പ്രളയം ഏൽപിച്ച പ്രഹരത്തിന്റെ വ്യാപ്തി ഇനിയും വെളിപ്പെടാനിരിക്കുന്നതേയുള്ളൂ. അതുകൊണ്ടുതന്നെ ഈ ഘട്ടത്തിൽ പുറത്തിറക്കുന്ന ഒരു പുസ്തകം സമ്പൂർണമാണെന്ന് അവകാശപ്പെടാനാവില്ല.

ഇനിയും വികസിക്കാനിരിക്കുന്ന കണക്കുകളുടെയും നാശനഷ്ടങ്ങളുടെയും പ്രഥമവിവരമായി മാത്രമേ ഇതിനെ പരിഗണിക്കാനാവൂ. മഹാപ്രളയത്തിന്റെ നാൾവഴി, രക്ഷാദൗത്യങ്ങൾ, ജില്ലകളിലെ പ്രവർത്തനങ്ങൾ, മന്ത്രിസഭാ തീരുമാനങ്ങൾ, പ്രളയവുമായി ബന്ധപ്പെട്ട് വിളിച്ചുചേർത്ത പ്രത്യേക നിയമസഭാ സമ്മേളനത്തിൽ മുഖ്യമന്ത്രി നടത്തിയ പ്രസംഗം, മറ്റു മന്ത്രിമാരുടെ ലേഖനങ്ങൾ തുടങ്ങിയവയ്ക്കു പുറമെ മൺസൂണിനെ കുറിച്ചുള്ള പൊതുവിവരങ്ങൾ, 1924ലെ പ്രളയം, കേന്ദ്രജലക്കമ്മിഷൻ റിപ്പോർട്ട് തുടങ്ങി പരമാവധി വിവരങ്ങൾ ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥിതിവിവരക്കണക്കുകളിൽ അപാകതകൾ ഒഴിവാക്കാൻ പരമാവധി ശ്രദ്ധിച്ചിട്ടുണ്ട്. എങ്കിലും എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കണമെന്ന് അഭ്യർഥിക്കുന്നു. നമുക്കും വരുംതലമുറയ്ക്കും പ്രയോജനകരമാവുമെന്ന പ്രതീക്ഷയോടെ ഈ ഓർമപ്പുസ്തകം വായനയ്ക്ക് സമർപ്പിക്കുന്നു.

ടി.വി.സുഭാഷ് ഐ.എ.എസ്.
ഡയറക്ടർ,
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ



## രണ്ടാം പതിപ്പിന്റെ മുഖവുര

2018ലെ പ്രളയം ഒരു യാദൃച്ഛികതയാവാമെന്ന നമ്മുടെ ആശ്വാസത്തെ അസ്ഥാനത്താക്കിക്കൊണ്ടാണ് 2019ലും കാലവർഷം കേരളത്തിന് കനത്ത നാശനഷ്ടമേൽപ്പിച്ചത്. പ്രളയത്തിലേക്കെത്തിയില്ലെങ്കിലും ഭയാനകമായ മണ്ണിടിച്ചിലുകളും അതിവൃഷ്ടിയും ജീവഹാനിയും ഇക്കൊല്ലവും നാടിനെ നടുക്കി. പ്രകൃതിയുമായുള്ള ബന്ധത്തിൽ സ്ഥായിയായ ജാഗ്രത അനിവാര്യമാണെന്ന് കേരളീയരെ ബോധ്യപ്പെടുത്തുന്നതാണ് തുടർച്ചായി രണ്ടാം വർഷവും ഉണ്ടായ പ്രകൃതിക്ഷോഭം.

ഈ ഘട്ടത്തിൽ പ്രളയം 2018 എന്ന ഈ പുസ്തകത്തിന്റെ പ്രസക്തി വർധിക്കുകയാണ്. പ്രകൃതിദുരന്തങ്ങളെ നേരിടുന്നതിൽ കേരളത്തിന് എക്കാലത്തേക്കുമുള്ള പാഠപുസ്തകമാണ് നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയം. പ്രളയത്തിന്റെ വ്യാപ്തി, നാശനഷ്ടക്കണക്കുകൾ, രക്ഷാദൗത്യം, പ്രളയവുമായി ബന്ധപ്പെട്ട് സർക്കാർ കൈക്കൊണ്ട നടപടികൾ തുടങ്ങിയവ യൊക്കെ പ്രതിപാദിക്കുന്ന ഈ പുസ്തകം ദുരന്തഘട്ടത്തിൽ എക്കാലത്തും നമുക്ക് പ്രയോജനകരമായ കൈപ്പുസ്തകമാവുമെന്ന് പ്രത്യാശിച്ചു കൊണ്ട് പുസ്തകത്തിന്റെ പരിഷ്കരിച്ച രണ്ടാം പതിപ്പ് വായനക്കായി സമർപ്പിക്കുന്നു.

യു.വി.ജോസ് ഐ.എ.എസ്
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

PRD IDUKKI





## ഉള്ളടക്കം


| | |
|---|---|
| മൺസൂൺ എന്ന പ്രതിഭാസം | 12 |
| തൊണ്ണൂറ്റൊമ്പതിലെ വെള്ളപ്പൊക്കം | 16 |
| കാലവർഷം 2018 | 18 |
| രണ്ടു പ്രളയങ്ങൾ –മഴക്കണക്കുകളുടെ താരതമ്യം | 30 |
| പ്രളയം – നാൾവഴി | 32 |
| മന്ത്രിസഭാ തീരുമാനങ്ങൾ | 48 |
| കേരള പോലീസ് ഓപ്പറേഷൻ ജലരക്ഷ | 52 |
| അഗ്നിരക്ഷാസേന | 54 |
| കേന്ദ്രസേനകളുടെ രക്ഷാപ്രവർത്തനം | 56 |
| പ്രളയത്തെ തോൽപിച്ച 'കേരളത്തിന്റെ സ്വന്തം സൈന്യം' | 60 |
| അചഞ്ചലനായ അമരക്കാരൻ | 62 |
| തത്സമയ വിവരങ്ങളുമായി മുഖ്യമന്ത്രിയുടെ ഫെയ്സ്ബുക്ക് പേജ് | 64 |
| സർക്കാർ വകുപ്പുകൾ: പ്രളയത്തെ പിടിച്ചുകെട്ടിയ സമർപ്പണം | 66 |
| ജില്ലകളിലേക്ക് | 138 |
| ധീരമായ മാധ്യമ പ്രവർത്തനം | 207 |
| കേന്ദ്ര ജലക്കമ്മിഷൻ റിപ്പോർട്ട് | 209 |

# മൺസൂൺ
## എന്ന പ്രതിഭാസം



ലോകത്തിന്റെ പല ഭാഗങ്ങളിലും കാണപ്പെടുന്ന മൺസൂൺ എന്ന കാലാവസ്ഥാ പ്രതിഭാസത്തിൽ ഏറ്റവും ശ്രദ്ധേയമായതാണ് ഇന്ത്യൻ ഉപഭൂഖണ്ഡത്തിലും തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലും, ചൈനയിലും ജൂൺ മുതൽ സെപ്തംബർ അവസാനം വരെ അനുഭവപ്പെടുന്ന മൺസൂൺ.

ലോക ജനസംഖ്യയിൽ നല്ലൊരുഭാഗം അധിവസിക്കുന്ന ഈ മേഖലയിൽ അവരുടെ സാമ്പത്തിക സ്ഥിതിയിൽ നിർണായകമായ സ്വാധീനം ചെലുത്തുന്ന ഈ കാലാവസ്ഥാ പ്രതിഭാസം ആഗോള ശ്രദ്ധ പിടിച്ചു പറ്റുന്നു.

ഇന്ത്യയുടെ ആഭ്യന്തര ഉത്പാദനത്തിൽ പരമപ്രധാനമായ കൃഷി, അനുബന്ധ മേഖലകൾ, കുടിവെള്ളം, വൈദ്യുതപദ്ധതികൾ,



മറ്റ് ഉത്പാദനമേഖലകൾക്കാവശ്യമായ ജലം തുടങ്ങിയവയൊക്കെ മൺസൂണിനെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. കാലവർഷത്തിന്റെ കേരളപ്രവേശനം ആകാംക്ഷയോടെയാണ് ഇന്ത്യൻ സാമ്പത്തികമേഖല നോക്കിക്കാണുന്നത്. അതിന്റെ സ്വാധീനം സ്റ്റോക്ക് ഇൻഡക്സിൽ വരെ പ്രതിഫലിക്കുന്നതായി കാണാം.

1870കളിൽ തുടരെയുണ്ടായ വരൾച്ചയും പ്രകൃതിക്ഷോഭങ്ങളും, അതുമൂലമുണ്ടായ കെടുതികളും 1875ൽ കാലാവസ്ഥാ വകുപ്പിന്റെ രൂപീകരണത്തിലും പിൽക്കാലത്ത് ഇന്ത്യയിൽ ഉടനീളം നിരീക്ഷണ കേന്ദ്രങ്ങളും വർഷ/മഴ മാപിനികളും സ്ഥാപിക്കാനും അവയിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ വിവിധ മേഖലകളിലെ ഉപയോഗപ്പെടുത്തലിനും അവസരം ഒരുക്കി.

## മഴയുടെ പ്രയാണം

സാധാരണഗതിയിൽ മേയ് ഇരുപതോടെ ആൻഡമാൻ ദീപുകളിൽ വ്യാപിക്കുന്ന മൺസൂൺ കാലാവസ്ഥ ജൂൺ ഒന്നിന് കന്യാകുമാരി കടന്നു വടക്കോട്ട് നീങ്ങിത്തുടങ്ങും. അഞ്ചിന് കർണാടകയിലും പത്തോടെ മഹാരാഷ്ട്രയിലും തെലുങ്കാനയിലും ഒഡിഷയുടെ തീരപ്രദേശങ്ങളിലും പശ്ചിമ ബംഗാളിലും വ്യാപിക്കും. ജൂലൈ പതിനഞ്ചോടെ രാജസ്ഥാൻ ഉൾപ്പെടെ രാജ്യം മുഴുവൻ വ്യാപിക്കുന്നു.

സ്ഥിരതയോടും ചിട്ടയോടെയുമുള്ള മൺസൂൺ വ്യാപനം പല കാലാവസ്ഥാ ഘടകങ്ങളെയും ആശ്രയിച്ചാണിരിക്കുന്നത്. അവയിലുണ്ടാകുന്ന മാറ്റം മഴയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാക്കുന്നു. മൺസൂൺ വ്യാപനം കൃത്യമാണെങ്കിൽ പോലും രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ വരൾച്ചയോ അതിവൃഷ്ടിമൂലമുള്ള വെള്ളപ്പൊക്കമോ സാധാരണമാണ്. ഇവ ഒരു പരിധിവരെ മുൻകൂട്ടി പ്രവചിക്കാനുമാവും. ഒരു മൺസൂൺ കാലഘട്ടത്തിലേക്കുള്ള പ്രവചനം കാലാവസ്ഥാവകുപ്പ് എല്ലാവർഷവും ഏപ്രിൽ മാസത്തിലും ജൂണിലുമായി രണ്ടു ഘട്ടങ്ങളിലായി നടത്തുന്നു.

കാലവർഷത്തിന്റെ കേരളത്തിലേക്കുള്ള പ്രവേശനത്തിൽ പല വർഷങ്ങളിലും മാറ്റങ്ങൾ ഉണ്ടാവാറുണ്ട്. ജൂൺ ഒന്നോ അടുത്ത ദിവസങ്ങളോ ആണ് സാധാരണയെങ്കിലും കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ഏറ്റവും മുന്നേയുള്ള പ്രവേശനം രേഖപ്പെടുത്തിയത് 2009ൽ മേയ് 23, 2005, 2012 വർഷങ്ങളിൽ ജൂൺ അഞ്ച് തീയതികളിൽ ആയിരുന്നു. 1918, 1955 വർഷങ്ങളിൽ മേയ് 11ന് മൺസൂൺ എത്തി. ഏറ്റവും വൈകിയെത്തിയത് 1972ലായിരുന്നു ജൂൺ 18.

## തീവ്രതയിലും വ്യത്യാസം

പ്രവേശന തീയതി പോലെ തന്നെ പ്രധാനമാണ് മൺസൂണിന്റെ തീവ്രത. ചില വർഷങ്ങളിൽ വളരെ ശക്തമായിരിക്കും മഴയുടെ തുടക്കം തന്നെ. ചില വർഷങ്ങളിൽ ശാന്തമായി മഴ കടന്നുവരും.

കാലവർഷ പ്രവേശനം നിർവചിക്കപ്പെടുന്നത് മഴയുടെ വ്യാപ്തി മാത്രം നോക്കിയല്ല. അന്തരീക്ഷത്തിലെ താഴത്തെ 4.5 കി.മീ. മേഖലയിലെ കാറ്റിന്റെ ദിശയും ശക്തിയും ഭൂഉപരിതലത്തിൽ നിന്നും പ്രസരിക്കുന്ന ഊർജത്തിന്റെ എത്രകണ്ട് അന്തരീക്ഷത്തിന്റെ ഉപരിതലത്തിൽ നിന്നും നിർഗമിക്കുന്നു എന്നതും അളവുകോലാണ്.

## വിടവാങ്ങൽ

തെക്കുപടിഞ്ഞാറൻ കാലവർഷം വടക്കേ ഇന്ത്യയിൽ നിന്നും സെപ്റ്റംബർ ഒന്നോടെ വിട വാങ്ങാൻ തുടങ്ങുന്നു. സെപ്റ്റംബർ പത്തോടെ കച്ച്, രാജസ്ഥാൻ, ഡൽഹി എന്നിവിടങ്ങളിൽ നിന്നും, ഒക്ടോബർ ഒന്നോടെ മഹാരാഷ്ട്ര, മധ്യപ്രദേശ്, ഉത്തർപ്രദേശ് ഭാഗങ്ങളിൽ നിന്നും പതിനഞ്ചോടെ ഗോവ, ഹൈദരാബാദ്, വിശാഖപട്ടണം മുതലായ സ്ഥലങ്ങളിൽ നിന്നും പിൻവാങ്ങുന്നു. അതിനുശേഷം പിൻവാങ്ങൽ തുടരുമെങ്കിലും ആ കാലഘട്ടം വടക്കുകിഴക്കൻ കാലവർഷമായി ദക്ഷിണേന്ത്യയിൽ അറിയപ്പെടുന്നു. ഡിസംബറോടെ ഈ പ്രതിഭാസവും കേരളത്തിൽ നിന്നും പൂർണമായി പിന്മാറും.



## തെക്കുപടിഞ്ഞാറൻ കാലവർഷവും വടക്കുകിഴക്കൻ കാലവർഷവും

ജൂൺ ഒന്നോടെ ആരംഭിക്കുന്ന കാലവർഷക്കാലം ഡിസംബറോടെ അവസാനിക്കുന്നു. ഈ കാലയളവിനെ രണ്ടായി കണക്കാക്കാം. ജൂൺ ഒന്നു മുതൽ സെപ്റ്റംബർ 30 വരെയുള്ള തെക്കുപടിഞ്ഞാറൻ കാലവർഷവും ഒക്ടോബർ ഒന്നു മുതൽ ഡിസംബർ 31 വരെയുള്ള വടക്കുകിഴക്കൻ കാലവർഷവും (തുലാവർഷവും). കേരളത്തിലെ മഴയുടെ 70 ശതമാനവും



തെക്കുപടിഞ്ഞാറൻ കാലവർഷത്തിലാണ് ലഭിക്കുന്നത് (2039.6 മി. മീറ്റർ). ഭൂപ്രകൃതിയുടെ പ്രത്യേകതകൾ കാരണം ഇതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നു.

കേരളത്തിൽ തെക്കു നിന്നും വടക്കോട്ടും തീരപ്രദേശങ്ങളിൽ നിന്നും കിഴക്കോട്ടും മഴയുടെ തോത് കൂടും. പശ്ചിമഘട്ട മേഖലയിൽ ഇത് ഏറ്റവും കൂടുതലായിരിക്കും. തെക്കൻ കേരളത്തിൽ പീരുമേട്ടിൽ 3770 മി. മീറ്ററും നേര്യമംഗലത്തു 3830 മി. മീറ്ററും ശരാശരി മഴ ലഭിക്കുമ്പോൾ, വടക്കൻ കേരളത്തിൽ വൈത്തിരിയിൽ 3580 മി. മീറ്ററും കുറ്റ്യാടിയിൽ 3380 മി. മീറ്റർ മഴയും ലഭിക്കുന്നു.

## മഴദിനങ്ങൾ

മഴയുടെ അളവുപോലെ തന്നെ പ്രധാനമാണ് മഴദിനങ്ങളും. 2.5 മി.മീറ്റർ മഴ എങ്കിലും ലഭിക്കുന്ന ദിനങ്ങളെ മഴദിനങ്ങളായി കണക്കാക്കാം. തുടരെയുള്ള ദീർഘമായ മഴദിനങ്ങൾ അഭികാമ്യമല്ല. അതു പ്രകൃതി ദുരന്തങ്ങൾക്കും പകർച്ചവ്യാധികൾക്കും കാരണമാകുന്നു.

കേരളത്തിൽ ജൂൺ – സെപ്റ്റംബർ കാലയളവിൽ ലഭിക്കുന്ന 2039.6 മി. മീറ്റർ മഴ 79 മഴ ദിനങ്ങളിലായിട്ടാണ് ലഭിക്കുന്നത്. അതിൽ 670 മി. മീറ്റർ മഴ 23 മഴദിനങ്ങളിലായി ജൂണിലും 680 മി. മീറ്റർ 24 മഴദിനങ്ങളിലായി ജൂലൈയിലും 420 മി. മീറ്റർ മഴ 19 മഴദിനങ്ങളിലായി ആഗസ്റ്റിലും 240 മി. മീറ്റർ മഴ 13 മഴ ദിനങ്ങളിലായി സെപ്റ്റംബറിലും ലഭിക്കുന്നു. വടക്കുകിഴക്കൻ കാലവർഷത്തിൽ (തുലാവർഷം) 310 മി. മീറ്റർ മഴ 14 മഴദിനങ്ങളിലായി ഒക്ടോബറിലും 190 മി. മീറ്റർ മഴ ഒമ്പത് മഴദിനങ്ങളിലായി നവംബറിലും ലഭിക്കുന്നു.

## മഴയുടെ ശക്തി

മഴദിനങ്ങളിൽ മഴ 64.5 മി. മീറ്ററിൽ കൂടുതൽ ആണെങ്കിൽ ശക്തമായ മഴയെന്നും, 115.6 മി. മീറ്ററിൽ കൂടുതലെങ്കിൽ അതിശക്തമായ മഴയായും, 204.5 മി. മീറ്ററിൽ കൂടുതൽ എങ്കിൽ അതീവശക്തമായ (അതിതീവ്ര) മഴയായും, ഒരു സ്ഥലത്തു ഇതുവരെ ലഭിച്ചിട്ടുള്ള ഏറ്റവും കൂടിയ മഴയുടെ അത്രയും അടുത്താണെങ്കിൽ അഭൂതപൂർവമായ മഴയായും വിശേഷിപ്പിക്കാം.

ശക്തമായ മഴ 70 മുതൽ 100 മി. മീറ്റർ വരെ കേരളത്തിൽ സർവസാധാരണമായതിനാൽ നാം അതിനോട് ഇണങ്ങിക്കഴിയും. എന്നാൽ തുടരെയുള്ള ദിനങ്ങളിലെ ഇത്തരം മഴയും, അതിശക്തമായതും അതീവശക്തമായതുമായ മഴയും വളരെ കരുതലോടെ നേരിടേണ്ടതുണ്ട്.

അതത് സംസ്ഥാനങ്ങളിലെ ദുരന്തനിവാരണ അതോറിറ്റിയും കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയും അത്തരം സാഹചര്യങ്ങളെ നേരിടാൻ പര്യാപ്തമായിരിക്കുന്നു. കാലാവസ്ഥാവകുപ്പ് ഈ സാഹചര്യങ്ങൾ മുൻകൂട്ടി അറിയിക്കുകയും മേൽപ്പറഞ്ഞ ഏജൻസികൾ അത് അപഗ്രഥിച്ച് വേണ്ട നടപടികൾ ആവിഷ്ക്കരിക്കുകയും ചെയ്യുന്നു.

ഈ പ്രവർത്തനം കുറ്റമറ്റതാക്കാൻ മുൻകൂറായി കൃത്യമായ വിവരങ്ങൾ നൽകേണ്ടതുണ്ട്. കാലാവസ്ഥാശാസ്ത്രത്തിലും അനുബന്ധ ശാസ്ത്രശാഖകളിലും പ്രത്യേകിച്ചും വിവരസാങ്കേതികവിദ്യയിലും ഉണ്ടായ മുന്നേറ്റം കാലാവസ്ഥാ പ്രവചനം വളരെ മുൻകൂട്ടി നൽകുന്നത് സാധ്യമാക്കി. കുറഞ്ഞത് പത്തു ദിവസം മുൻപുവരെയുള്ള പ്രവചനം ഇപ്പോൾ സാധ്യമാണ്. ഒരു മാസത്തേക്കുള്ള പ്രവചനവും ഒരു സീസണിലേക്കുള്ള പ്രവചനവും ഫലപ്രാപ്തിയിലേക്ക് എത്തിയിരിക്കുന്നു. അതിന്റെ വിന്യാസവും അതുപ്രകാരമുള്ള സർക്കാർ തലത്തിലുള്ള തയാറെടുപ്പുകളും ഇന്ന് ജനവിശ്വാസം ആർജിച്ചിരിക്കുന്നു.

**എൻ.ടി.നിയാസ്,**
**സയന്റിസ്റ്റ് & മീറ്റിയറോളജിസ്റ്റ്**
**കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം**



# തൊണ്ണൂറ്റൊമ്പതിലെ വെള്ളപ്പൊക്കം അഥവാ 1924ലെ പ്രളയം

കഴിഞ്ഞ നൂറ്റാണ്ടിൽ കേരളത്തെ മുക്കിയ വലിയ വെള്ളപ്പൊക്കവും പേമാരിയും ആയിരുന്നു 1924–ൽ ഉണ്ടായത്. ഇത് നടന്നത് കൊല്ലവർഷം 1099ൽ ആയതിനാൽ പഴമക്കാർ ഇതിനെ 99 ലെ വെള്ളപ്പൊക്കം എന്ന് വിളിച്ചു. അന്ന് കേരളം രൂപംകൊണ്ടിട്ടില്ല. തിരുവിതാംകൂറും കൊച്ചിയും ബ്രിട്ടീഷ് മലബാറുമായി കേരളം വേർതിരിഞ്ഞ് കിടക്കുകയായിരുന്നു. തിരുവിതാംകൂറും കൊച്ചിയും മഹാരാജാക്കന്മാരും മലബാർ ബ്രിട്ടിഷുകാർ ഭരിക്കുന്ന മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗവും ആയിരുന്നു. ചരിത്ര പ്രസിദ്ധമായ വൈക്കം സത്യഗ്രഹം നടക്കുന്ന സമയമായിരുന്നു അത്.



99 ലെ വെള്ളപ്പൊക്കം കേരളത്തിന്റെ എല്ലാഭാഗങ്ങളെയും ഒരുപോലെ ബാധിച്ചു. ഇന്നത്തെപ്പോലെ ആധുനിക സൗകര്യങ്ങളൊന്നും അക്കാലത്ത് ഇല്ലായിരുന്നു. പരിമിതമായ തോതിൽ റെയിൽവേയും മോട്ടോർ വാഹനങ്ങളും വാർത്തകൾ കൈമാറാൻ ടെലഗ്രാമും മാത്രമാണ് ഉണ്ടായിരുന്നത്. ഇതെല്ലാം പ്രളയത്തിൽ നശിച്ചു.

നദികളും പുഴകളും കുളങ്ങളും തോടുകളും നിറഞ്ഞൊഴുകി. റോഡുകളും പാലങ്ങളും തകർന്നു. വീടുകളിൽ പലഭാഗത്തും വെള്ളം കയറി. പ്രളയത്തിൽ നിന്നും രക്ഷപ്പെടാൻ ആളുകൾ മരങ്ങളിലും കുന്നുകളിലും പൊക്കമുള്ള സ്ഥലങ്ങളിലും അഭയം പ്രാപിച്ചു. അവർ കുടിവെള്ളമോ ഭക്ഷണമോ ഇല്ലാതെ ദിവസങ്ങളോളം കഴിയേണ്ടി വന്നു.

മൂന്നാഴ്ച തുടർച്ചയായി പെയ്ത മഴയാണ് 99 ലെ നാശത്തിന് കാരണം. മധ്യകേരളത്തിലായിരുന്നു നാശനഷ്ടങ്ങളും മരണവും കൂടുതലുണ്ടായതായി പറയുന്നത്. എന്നാൽ മൊത്തം മരിച്ചവരുടെ കണക്ക് വ്യക്തമല്ല. ജൂലൈ 17ന് ആയിരുന്നു മഴയുടെ തുടക്കം. പലയിടത്തും കടലാക്രമണ വും ഉണ്ടായി . സമുദ്രനിരപ്പിൽനിന്നും 6000 അടിയോളം ഉയരത്തിലുള്ള മൂന്നാർ പട്ടണത്തെപ്പോലും വെള്ളപ്പൊക്കം ബാധിച്ചു. അവിടുത്തെ റെയിൽ സംവിധാനം തകർന്നു. സായിപ്പൻമാർ മൂന്നാർ പട്ടണത്തിൽ കൊണ്ടുവന്ന പരിഷ്ക്കാരങ്ങളെല്ലാം നശിച്ചു. എല്ലാം നഷ്ടപ്പെട്ടവർ അഭയാർഥികളെപ്പോലെ കുട്ടികളും ബന്ധുക്കളും ഭാണ്ഡക്കെട്ടുകളുമായി സുരക്ഷിതമായ സ്ഥലം അന്വേഷിച്ച് നടന്നു. എറണാകുളം മുതൽ കോഴിക്കോടുവരെയുള്ള യാത്രയെക്കുറിച്ച് അനുഭവസ്ഥർ പിന്നീട് പത്രങ്ങളിൽ എഴുതിയിട്ടുണ്ട്.

എറണാകുളത്തിന്റെ കിഴക്കൻ ഭാഗങ്ങളാണ് കൂടുതലും വെള്ളത്തിനടിയിലായത്. തുറമുഖാധികാരികൾ കായലിൽ പണിയിപ്പിച്ച കല്ലുകൊണ്ടുള്ള ചിറ തകർന്നു. ആലുവ റെയിൽപ്പാലവും ചൊവ്വര സ്റ്റേഷനും പെരിയാറിൽ മുങ്ങി. ചാലക്കുടിക്കും ഇടപ്പള്ളിക്കും മധ്യേയുള്ള റെയിൽപ്പാതകൾ മുറിഞ്ഞുപോയി. കൊച്ചി മുതൽ കൊടുങ്ങല്ലൂർ വരെയുള്ള കായൽ സമുദ്രം പോലെയായി. ആലുവ, കുമരകം, പറവൂർ, നെടുംപ്രയാർ, കൊല്ലം, മൂവാറ്റുപുഴ, കുറുപ്പംപടി, മാവേലിക്കര, ചെങ്ങന്നൂർ, തിരുവല്ല എന്നിവിടങ്ങളിലെല്ലാം പ്രളയം കനത്ത നാശനഷ്ടം സൃഷ്ടിച്ചു.

തിരുവനന്തപുരം നഗരത്തിന്റെ പ്രധാനഭാഗങ്ങളെല്ലാം വെള്ളത്തിനടിയിലായി. ആറുകൾ നിറഞ്ഞൊഴുകി. വയലുകളും ആറുകളും തിരിച്ചറിയാൻ പറ്റാത്ത വിധമായി. പാങ്ങോട്ടുള്ള പട്ടാളക്കാരാണ് റബ്ബർ വഞ്ചികളിൽ നിരവധി പേരെ രക്ഷിച്ചത്. തെങ്ങോളം പൊക്കത്തിൽ പലേടത്തും വെള്ളം കയറി എന്നാണ് പഴമക്കാരിൽനിന്നു കേട്ടിട്ടുള്ളത്.

വെള്ളപ്പൊക്കകാലത്ത് മാനസിക സംഘർഷം അനുഭവിച്ച ഭരണാധികാരിയായിരുന്നു തിരുവിതാംകൂറിലെ ശ്രീമൂലം തിരുനാൾ. അദ്ദേഹം വെള്ളപ്പൊക്കം അവസാനിക്കുന്നതിനു മുമ്പ് മരിച്ചു.

**മലയിൻകീഴ് ഗോപാലകൃഷ്ണൻ**



# കാലവർഷം 2018

ഇക്കൊല്ലം വളരെ പ്രതീക്ഷ പകർന്ന് ആരംഭിച്ച കാലവർഷക്കാലം രാജ്യത്തിന്റെ ഭൂരിഭാഗം പ്രദേശത്തും ഭദ്രമായ അവസ്ഥയിലായിരുന്നെങ്കിൽ കേരളം മാത്രം ഒറ്റപ്പെട്ട ഭീതിജനകമായ സ്ഥിതിവിശേഷത്തിലേക്ക് പതിക്കുകയായിരുന്നു.

കഴിഞ്ഞ നൂറുവർഷത്തിലെ മഴയുടെ ചരിത്രത്തിൽ ഏറ്റവും ശ്രദ്ധേയമായ മഴ ലഭിച്ച കാലമാണ് കടന്നു പോയത്. കേരളത്തിൽ മൊത്തമായി 23.42 ശതമാനം മഴ കൂടുതൽ രേഖപ്പെടുത്തി. ഇടുക്കി ജില്ലയിൽ 67.8 ശതമാനം മഴ കൂടുതൽ രേഖപ്പെടുത്തിയപ്പോഴും കാസർകോട് ജില്ലയിൽ 19.47 ശതമാനം മഴ കുറവ് രേഖപ്പെടുത്തി. ഇടുക്കിയിൽ നീരൊഴുക്ക് കൂടുകയും ജലസംഭരണികളിലെ ജലനിരപ്പ് പതിവിനേക്കാൾ ഉയരുകയും ചെയ്തു. സമസ്ത മേഖലകളെയും തകർക്കുന്ന കൊടുംവിപത്തായി അത് പതിയെ ഭീകരാകാരം കൈക്കൊണ്ടു.

മനുഷ്യനുൾപ്പെടെ എല്ലാ ജീവജാലങ്ങൾക്കും അവയുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള ഭൂമിയുടെ കഴിവിനെ പരിമിതപ്പെടുത്തുന്ന മഹാപ്രളയമായി അത് ഒടുവിൽ മാറി.



# മുന്നൊരുക്കങ്ങൾ റവന്യൂ വകുപ്പ് കർമരംഗത്തേക്ക്

2018ലെ തെക്കു പടിഞ്ഞാറൻ കാലവർഷ മുന്നൊരുക്കങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി മെയ് അഞ്ചിന് തന്നെ സംസ്ഥാന ദുരന്തനിവാരണ കമ്മീഷണറുടെ (റവന്യൂ-ഡിസാസ്റ്റർ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി) അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സംസ്ഥാനത്തെ വകുപ്പു മേധാവികൾ, വിവിധ സാങ്കേതിക സ്ഥാപന മേധാവികൾ, എയർഫോഴ്സ്, നേവി, ആർമി തുടങ്ങിയ സായുധ സേനാ വിഭാഗങ്ങൾ, സംസ്ഥാന പോലീസ്, ഫയർ & റസ്ക്യൂ ഫോഴ്സ് മേധാവികൾ, ദേശീയ ദുരന്ത നിവാരണസേന, സംസ്ഥാന ദുരന്ത പ്രതികരണ സേനാ മേധാവികൾ തുടങ്ങിയവരാണ് സെക്രട്ടേറിയറ്റിലെ ദർബാർ ഹാളിൽ ചേർന്ന യോഗത്തിൽ പങ്കെടുത്തത്. ഈ യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലകളിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ യോഗം ചേരുകയും വകുപ്പ് മേധാവികൾക്ക് ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു.

മൺസൂൺ മെയ് 29ന് ആരംഭിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ അറിയിപ്പു ലഭിച്ച ഉടൻ തന്നെ 2005-ലെ ദുരന്ത നിവാരണ നിയമപ്രകാരമുള്ള മുൻകരുതലുകൾ റവന്യൂ വകുപ്പിൽ നിന്നും സ്വീകരിച്ചു. താലൂക്കാഫീസുകളിൽ ദിവസം മുഴുവൻ പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ സജ്ജമാക്കി. ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്ന സംസ്ഥാന കൺട്രോൾ റൂമിനും ജാഗ്രത പുലർത്താൻ നിർദേശം നൽകി. പ്രളയം, മഴ, ഉരുൾപൊട്ടൽ ഇവ സംബന്ധിച്ച നിർദേശങ്ങൾ ജില്ലാ കളക്ടർമാർ എല്ലാ താലൂക്ക് കൺട്രോൾ റൂമുകൾക്കും നൽകി, മാധ്യമങ്ങൾ വഴി പൊതു ജനങ്ങൾക്കും ആവശ്യമായ നിർദേശങ്ങൾ നൽകി.

ഓറഞ്ച്, റെഡ് അലെർട്ടുകൾ ലഭിച്ച ജില്ലകളിൽ ദുരന്ത നിവാരണ നിയമപ്രകാരമുള്ള നടപടികൾ കൈക്കൊണ്ടു. ഡാമുകൾ ഉള്ള ജില്ലകളിൽ, ജലസേചന വകുപ്പിനോടും, ഡാം സേഫ്റ്റി അതോറിറ്റിയോടും, ജല സംഭരണികളുടെ തൽസ്ഥിതി എല്ലാ ദിവസവും ജില്ലാ അടിയന്തര കാര്യ നിർവഹണ കേന്ദ്ര (DEOC) ത്തിലേക്ക് റിപ്പോർട്ട് ചെയ്യാൻ നിർദേശം നൽകി. ഡാമുകളുടെ ഷട്ടറുകൾ തുറക്കേണ്ട സാഹചര്യത്തിൽ ജനങ്ങളെ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് നേരത്തേ തന്നെ മാറ്റിപ്പാർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. പൊതുജനങ്ങൾക്ക് ഉച്ചഭാഷിണി വഴിയും, ദൃശ്യമാധ്യമങ്ങൾ വഴിയും യഥാസമയം മുന്നറിയിപ്പുകൾ നൽകി. ജില്ലാ അടിയന്തര കാര്യ നിർവഹണ കേന്ദ്രത്തിലെ ടോൾഫ്രീ നമ്പരായ 1070, കൺട്രോൾ റൂമിലെ ടെലിഫോൺ നമ്പറും പൊതുജനങ്ങൾക്ക് അടിയന്തര സാഹചര്യങ്ങളിൽ ബന്ധപ്പെടുന്നതിന് പ്രസിദ്ധപ്പെടുത്തി.

സ്വകാര്യ ഭൂമിയിലും വിവിധ വകുപ്പുകളുടേയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും കൈവശമുള്ള ഭൂമിയിലെ അപകടകരമായ മരങ്ങളും, മരച്ചില്ലകളും കണ്ടെത്തി മുറിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. അപകടകരമായ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള സഞ്ചാരികളുടെ യാത്രയ്ക്ക് നിരോധനം ഏർപ്പെടുത്തി. അപകട മേഖലയിലേക്കുള്ള ഗതാഗതം ക്രമീകരിച്ചു. അപകട ഭീഷണി നിലനിൽക്കുന്ന പ്രത്യേക സ്ഥലങ്ങളിൽ രാത്രി യാത്രയ്ക്ക് നിരോധനം ഏർപ്പെടുത്തി. അടിയന്തര ഘട്ടങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകാൻ വേണ്ട നടപടികൾ സ്വീകരിച്ചു.

ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാനിൽ ഉൾപ്പെട്ട എല്ലാ ദുരന്ത സാധ്യത മേഖലകളിലും അടിയന്തരഘട്ടത്തിൽ ക്യാമ്പുകൾ ആരംഭിക്കാൻ ആവശ്യമായ കെട്ടിടങ്ങൾ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന കെട്ടിടങ്ങളുടെ ഒരു താക്കോൽ വില്ലേജ് ഓഫീസർമാർ സൂക്ഷിക്കേണ്ടതാണെന്ന നിർദേശവും നൽകി.

## മൺസൂൺ കാലയളവ്

മൂന്ന് ഘട്ടങ്ങളിലായാണ് 2018-ലെ തെക്കു-പടിഞ്ഞാറൻ മൺസൂൺ സംസ്ഥാനത്തെ ബാധിച്ചത്.

1. ഒന്നാം ഘട്ടം -മെയ് 29 മുതൽ ജൂലൈ എട്ട് വരെ
2. രണ്ടാം ഘട്ടം -ജൂലൈ ഒമ്പത് മുതൽ ആഗസ്റ്റ് ഏഴ് വരെ
3. മൂന്നാം ഘട്ടം -ആഗസ്റ്റ് എട്ടു മുതൽ 31 വരെ

## ഒന്നാം ഘട്ടം (മെയ് 29 മുതൽ ജൂലൈ എട്ട് വരെ)

2018-ലെ തെക്കു പടിഞ്ഞാറൻ മൺസൂൺ മെയ് 29 മുതൽ ആരംഭിച്ചെങ്കിലും ദുരിതാശ്വാസ ക്യാമ്പുകൾ ജൂൺ പത്തിനേ ആരംഭിക്കേണ്ടിവന്നുള്ളൂ. ജൂൺ പത്തിന് തിരുവനന്തപുരം,ആലപ്പുഴ ജില്ലകളിൽ ഓരോ ക്യാമ്പാണ് തുടക്കത്തിലുണ്ടായിരുന്നത്. എന്നാൽ അടുത്ത ദിവസം മുതൽ കാലവർഷം ഏറ്റവും കൂടുതൽ ബാധിച്ചത് പത്തനംതിട്ട,ആലപ്പുഴ, കോട്ടയം,കോഴിക്കോട്,വയനാട് ജില്ലകളെയാണ്.

**ഒന്നാം ഘട്ടത്തിൽ പ്രവർത്തിച്ച ക്യാമ്പുകളുടെ വിശദാംശം.**

| ക്രമ നം. | ജില്ല | ക്യാമ്പുകളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 0 | 0 | 0 |
| 2 | കൊല്ലം | 2 | 2 | 10 |
| 3 | പത്തനംതിട്ട | 9 | 236 | 961 |
| 4 | ആലപ്പുഴ | 67 | 4694 | 19730 |
| 5 | കോട്ടയം | 25 | 277 | 1061 |
| 6 | ഇടുക്കി | 2 | 2 | 13 |
| 7 | എറണാകുളം | 0 | 0 | 0 |
| 8 | തൃശ്ശൂർ | 0 | 0 | 0 |
| 9 | പാലക്കാട് | 0 | 0 | 0 |
| 10 | മലപ്പുറം | 0 | 0 | 0 |
| 11 | കോഴിക്കോട് | 52 | 796 | 3047 |
| 12 | വയനാട് | 9 | 187 | 787 |
| 13 | കണ്ണൂർ | 1 | 18 | 73 |
| 14 | കാസർകോഡ് | 0 | 0 | 0 |
| ആകെ | | 167 | 6212 | 25682 |

**ഈ കാലയളവിൽ ജീവഹാനി സംഭവിച്ചവർ, കാണാതായവർ, പരുക്കു പറ്റിയവർ എന്നിവരുടെ വിവരം**

| ക്രമ നം. | ജില്ല | ജീവഹാനി സംഭവിച്ചവർ | കാണാതായവർ | പരുക്ക പറ്റിയവർ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 8 | 0 | 0 |
| 2 | കൊല്ലം | 3 | 0 | 0 |
| 3 | പത്തനംതിട്ട | 5 | 0 | 0 |
| 4 | ആലപ്പുഴ | 3 | 0 | 0 |
| 5 | കോട്ടയം | 2 | 0 | 0 |
| 6 | ഇടുക്കി | 1 | 1 | 0 |
| 7 | എറണാകുളം | 4 | 0 | 0 |
| 8 | തൃശ്ശൂർ | 6 | 0 | 0 |
| 9 | പാലക്കാട് | 1 | 1 | 0 |
| 10 | മലപ്പുറം | 7 | 0 | 0 |
| 11 | കോഴിക്കോട് | 20 | 0 | 0 |
| 12 | വയനാട് | 1 | 0 | 0 |
| 13 | കണ്ണൂർ | 10 | 0 | 2 |
| 14 | കാസർകോട് | 7 | 0 | 0 |
| ആകെ | | 78 | 2 | 2 |

ഇക്കാലയളവിൽ കോഴിക്കോട് ജില്ലയിൽ, താമരശ്ശേരി താലൂക്കിലെ കട്ടിപ്പാറ വില്ലേജിൽ ജൂൺ 14 ന് ഉണ്ടായ ഉരുൾപൊട്ടലിൽ 14 പേർ മരിച്ചു. 6782 വീടുകൾക്ക് ഭാഗികമായി കേടുപാടുകൾ സംഭവിക്കുകയും 272 വീടുകൾ പൂർണമായി നശിക്കുകയും ചെയ്തു. ഈ വകയിൽ ഏകദേശം 14.86 കോടി രൂപയുടെ നാശനഷ്ടമുണ്ടായി. 8921.44 ഹെക്ടർ ഭൂമിയിലെ കൃഷി നശിച്ചു. ഏകദേശം 87.16 കോടി രൂപയുടെ നാശനഷ്ടമുള്ളതായും കണക്കാക്കിയിട്ടുണ്ട്. ജൂലൈ എട്ടോടെ ആറ് ക്യാമ്പുകളൊഴിച്ച് മറ്റുള്ളവയുടെ പ്രവർത്തനം അവസാനിപ്പിച്ചു. സ്ഥിതിഗതികൾ സാധാരണ നിലയിലായി.

**ഈ കാലയളവിലെ കൃഷി നാശനഷ്ടങ്ങളുടെ കണക്ക്**

| ക്രമ നം. | ജില്ല | വിസ്തീർണ്ണം(ഹെക്ടർ) | ഏകദേശ നഷ്ടം (കോടിയിൽ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 467.80 | 13.76 |
| 2 | കൊല്ലം | 102.67 | 1.10 |
| 3 | പത്തനംതിട്ട | 275.35 | 5.68 |
| 4 | ആലപ്പുഴ | 1999 | 6.11 |
| 5 | കോട്ടയം | 496.81 | 14.47 |
| 6 | ഇടുക്കി | 2196.40 | 11.11 |
| 7 | എറണാകുളം | 86.18 | 2.06 |
| 8 | തൃശ്ശൂർ | 146.75 | 6.57 |
| 9 | പാലക്കാട് | 203.96 | 2.29 |
| 10 | മലപ്പുറം | 662.23 | 9.83 |
| 11 | കോഴിക്കോട് | 1619.24 | 8.37 |
| 12 | വയനാട് | 129.59 | 0.67 |
| 13 | കണ്ണൂർ | 318.38 | 2.58 |
| 14 | കാസർകോഡ് | 217.08 | 2.56 |
| | ആകെ | 8921.44 | 87.16 |

## രണ്ടാം ഘട്ടം (ജൂലൈ ഒൻപത് മുതൽ ആഗസ്റ്റ് ഏഴ് വരെ)

ജൂലൈ 15 മുതൽ സംസ്ഥാനത്ത് കാലവർഷം കനത്തു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, വയനാട് ജില്ലകളെയാണ് ഇക്കുറി ബാധിച്ചത്.

### രണ്ടാം ഘട്ടത്തിൽ പ്രവർത്തിച്ച ക്യാമ്പുകളുടെ വിശദാംശം

| ക്രമ നം. | ജില്ല | ക്യാമ്പുകളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 0 | 0 | 0 |
| 2 | കൊല്ലം | 3 | 24 | 93 |
| 3 | പത്തനംതിട്ട | 114 | 2262 | 8522 |
| 4 | ആലപ്പുഴ | 292 | 17594 | 70102 |
| 5 | കോട്ടയം | 160 | 8613 | 30612 |
| 6 | ഇടുക്കി | 1 | 2 | 8 |
| 7 | എറണാകുളം | 17 | 412 | 1418 |
| 8 | തൃശ്ശൂർ | 76 | 2045 | 6132 |
| 9 | പാലക്കാട് | 2 | 45 | 121 |
| 10 | മലപ്പുറം | 0 | 0 | 0 |
| 11 | കോഴിക്കോട് | 4 | 24 | 111 |
| 12 | വയനാട് | 7 | 72 | 230 |
| 13 | കണ്ണൂർ | 0 | 0 | 0 |
| 14 | കാസർകോഡ് | 0 | 0 | 0 |
| **ആകെ** | | **676** | **31093** | **117349** |

ഈ കാലയളവിൽ 5904 വീടുകൾ ഭാഗികമായി നശിക്കുകയും, 201 വീടുകൾ പൂർണമായി നശിക്കുകയും ഏകദേശം 37.61 കോടി രൂപയുടെ നാശനഷ്ടമുള്ളതായി കണക്കാക്കുകയും ചെയ്തിട്ടുണ്ട്.

### ഈ കാലയളവിൽ ഉണ്ടായ ജീവഹാനി

| ക്രമ നം. | ജില്ല | ജീവഹാനി സംഭവിച്ചവർ |
|---|---|---|
| 1 | തിരുവനന്തപുരം | 4 |
| 2 | കൊല്ലം | 2 |
| 3 | പത്തനംതിട്ട | 5 |
| 4 | ആലപ്പുഴ | 8 |
| 5 | കോട്ടയം | 8 |
| 6 | ഇടുക്കി | 1 |
| 7 | എറണാകുളം | 3 |
| 8 | തൃശ്ശൂർ | 7 |
| 9 | പാലക്കാട് | 4 |
| 10 | മലപ്പുറം | 10 |
| 11 | കോഴിക്കോട് | 2 |
| 12 | വയനാട് | 0 |
| 13 | കണ്ണൂർ | 12 |
| 14 | കാസർകോട് | 7 |
| **ആകെ** | | **73** |



[illegible]

ഈ കാലയളവിൽ 16264.26 ഹെക്ടർ ഭൂമിയിലെ കൃഷി നശിക്കുകയും ഏകദേശം 207.62 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കുകയും ചെയ്തിട്ടുണ്ട്.

**ഈ കാലയളവിലെ കൃഷി നാശനഷ്ടങ്ങളുടെ കണക്ക്**

| ക്രമ നം. | ജില്ല | വിസ്തീർണ്ണം(ഹെക്ടർ) | ഏകദേശ നഷ്ടം (കോടിയിൽ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 398.97 | 0.49 |
| 2 | കൊല്ലം | 224.05 | 1.86 |
| 3 | പത്തനംതിട്ട | 37.00 | 5.52 |
| 4 | ആലപ്പുഴ | 4793.01 | 33.24 |
| 5 | കോട്ടയം | 5127.07 | 70.88 |
| 6 | ഇടുക്കി | 1178.60 | 6.97 |
| 7 | എറണാകുളം | 1022.75 | 52.90 |
| 8 | തൃശ്ശൂർ | 725.11 | 3.94 |
| 9 | പാലക്കാട് | 1784.55 | 9.44 |
| 10 | മലപ്പുറം | 198.75 | .38 |
| 11 | കോഴിക്കോട് | 69.89 | 2.10 |
| 12 | വയനാട് | 345.34 | 6.70 |
| 13 | കണ്ണൂർ | 148.31 | 10.83 |
| 14 | കാസർകോട് | 210.86 | 2.37 |
| | **ആകെ** | **16264.26** | **207.62** |

ആഗസ്റ്റ് ഏഴോടെ ക്യാമ്പുകളുടെ എണ്ണം 23 ആയി ചുരുങ്ങി. ആലപ്പുഴ ജില്ലയിലൊഴികെ സംസ്ഥാനത്തെ മറ്റ് ജില്ലകൾ സാധാരണ നിലയിലേക്ക് മടങ്ങി. ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽ വെള്ളം ഇറങ്ങാത്തതു നിമിത്തം 16 ക്യാമ്പുകൾ തുടരേണ്ടി വന്നു.

## മൂന്നാം ഘട്ടം (ആഗസ്റ്റ് എട്ട് മുതൽ 31 വരെ)

ഏതാണ്ട് മാറി നിന്ന കാലവർഷം ആഗസ്റ്റ് എട്ട് മുതൽ ഉഗ്രപ്രതാപത്തോടെ തിരിച്ചെത്തി. സംസ്ഥാനത്തെ നടുക്കിയ പ്രളയത്തിന് അത് വഴിതുറന്നു. തിരുവനന്തപുരം, കണ്ണൂർ, കാസർഗോഡ് ഒഴിച്ചുള്ള ജില്ലകളെ പ്രളയം ഗുരുതരമായി ബാധിച്ചു. ഒട്ടനവധി ഡാമുകളും തുറന്നു വിടേണ്ട സാഹചര്യമുണ്ടായി. 14.5 ലക്ഷത്തോളം ജനങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ട സ്ഥിതിയുണ്ടായി. പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശൂർ, ഇടുക്കി ജില്ലകളെ പ്രളയം അതീവ ഗുരുതരമായി ബാധിച്ചു.

**ഈ കാലയളവിൽ മാറ്റിപ്പാർപ്പിച്ചവരുടെ എണ്ണം**

| ക്രമ നം. | ജില്ല | ക്യാമ്പുകളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 15 | 356 | 848 |
| 2 | കൊല്ലം | 64 | 3998 | 12919 |
| 3 | പത്തനംതിട്ട | 498 | 33841 | 128441 |
| 4 | ആലപ്പുഴ | 710 | 76610 | 289321 |
| 5 | കോട്ടയം | 441 | 40120 | 139961 |
| 6 | ഇടുക്കി | 203 | 10630 | 33835 |
| 7 | എറണാകുളം | 850 | 158835 | 532515 |
| 8 | തൃശ്ശൂർ | 779 | 52167 | 258538 |



| | | | | |
|---|---|---|---|---|
| 9 | പാലക്കാട് | 24 | 626 | 2475 |
| 10 | മലപ്പുറം | 102 | 6918 | 25578 |
| 11 | കോഴിക്കോട് | 28 | 468 | 1532 |
| 12 | വയനാട് | 163 | 6792 | 24373 |
| 13 | കണ്ണൂർ | 1 | 120 | 311 |
| 14 | കാസർകോഡ് | 1 | 13 | 60 |
| | ആകെ | 3879 | 391494 | 1450707 |

ഈ കാലയളവിൽ സംസ്ഥാനത്തൊട്ടാകെ 1,18,075 വീടുകൾക്ക് ഭാഗികമായ നാശനഷ്ടമുണ്ടാകുകയും, 14,802 വീടുകൾ പൂർണമായും തകരുകയും ചെയ്തു. ഏകദേശം 1023.63 കോടി രൂപയുടെ നാശനഷ്ടമുണ്ടായതായി പ്രാഥമികമായി കണക്കാക്കി.

## മഴ കനക്കുന്നു

ആഗസ്റ്റ് 15 മുതലാണ് സംസ്ഥാനത്ത് പ്രളയത്തിന് മുന്നോടിയായി കനത്ത മഴ ഉണ്ടായത്. അന്നു മുതൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ സ്റ്റേറ്റ് കൺട്രോൾ റൂമിലും ജില്ലകളിലെ കൺട്രോൾ റൂമുകളിലും കൂടുതൽ ജീവനക്കാരെ നിയമിക്കുകയുണ്ടായി. സംസ്ഥാനത്തെ മുഴുവൻ റവന്യൂ ജീവനക്കാരും രാപകൽ പ്രവർത്തനം ആരംഭിച്ചു. സഹായം അഭ്യർഥിച്ചുകൊണ്ട് സ്റ്റേറ്റ് കൺട്രോൾ റൂമിലും, ജില്ലാ കൺട്രോൾ റൂമിലും ലഭിക്കുന്ന സന്ദേശങ്ങൾ അപ്പപ്പോൾ തന്നെ രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് കൈമാറിക്കൊണ്ടിരുന്നു.

ഡാമുകൾ തുറക്കുന്നതിനു മുന്നോടിയായി പുറപ്പെടുവിച്ച ഓറഞ്ച്, റെഡ് അലെർട്ടുകൾ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി ജനങ്ങളിലേക്ക് യഥാസമയം എത്തിച്ചതിന്റെ ഫലമായും, നദികളുടെ കരയിലുള്ളവരെ യഥാസമയം മാറ്റിപ്പാർപ്പിച്ചതിനാലും ഡാമുകൾ തുറന്നപ്പോൾ ജീവാപായം ഉണ്ടാകുന്നത് ഒഴിവാക്കാൻ കഴിഞ്ഞു. ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ സംസ്ഥാനത്തെ മുഴുവൻ പൊതുജനങ്ങളും സന്നദ്ധ സംഘടനകളും സർക്കാർ ഉദ്യോഗസ്ഥരും പോലീസ്, ഫയർ & റസ്ക്യൂ സർവീസ് എന്നിവയ്ക്കു പുറമേ, ആർമി, നേവി, എയർഫോഴ്സ്, എൻ.ഡി.ആർ.എഫ്, സി.ഐ.എസ്.എഫ്, എം.എസ്.പി., കെ.എ.പി., കേരള പോലീസ് അക്കാഡമി, വനിതാ ബറ്റാലിയൻ, എന്നിവയും സജീവമായി. സംസ്ഥാനം ഒരുമിച്ചുനിന്ന ഈ രക്ഷാ പ്രവർത്തനത്തിലൂടെ 641508 ജീവനുകൾ രക്ഷിക്കാനായി.

ഈ കാലയളവിൽ 299 വിലപ്പെട്ട ജിവനുകൾ നഷ്ടമായി. ഇതിനു പുറമേ വിവിധ ജില്ലകളിലായി 14 പേരെ കാണാതായി.

### ഈ കാലയളവിലുണ്ടായ ജീവഹാനിയുടെ കണക്ക്

| ക്രമ നം. | ജില്ല | ജീവഹാനി സംഭവിച്ചവർ |
|---|---|---|
| 1 | തിരുവനന്തപുരം | 9 |
| 2 | കൊല്ലം | 4 |
| 3 | പത്തനംതിട്ട | 20 |
| 4 | ആലപ്പുഴ | 46 |
| 5 | കോട്ടയം | 13 |
| 6 | ഇടുക്കി | 54 |
| 7 | എറണാകുളം | 25 |
| 8 | തൃശ്ശൂർ | 49 |
| 9 | പാലക്കാട് | 18 |
| 10 | മലപ്പുറം | 32 |
| 11 | കോഴിക്കോട് | 13 |
| 12 | വയനാട് | 8 |
| 13 | കണ്ണൂർ | 6 |
| 14 | കാസർകോഡ് | 2 |
| | ആകെ | 299 |






## ആകെ ജീവഹാനി
## ജില്ല തിരിച്ച്

| ജില്ല | മുങ്ങിമരണം | ഉരുൾപൊട്ടൽ/ മണ്ണിടിച്ചിൽ | മറ്റുള്ളവ | ആകെ |
|---|---|---|---|---|
| തിരുവനന്തപുരം | 11 | 1 | 9 | 21 |
| കൊല്ലം | 5 | 0 | 4 | 9 |
| പത്തനംതിട്ട | 21 | 6 | 3 | 30 |
| ആലപ്പുഴ | 52 | 0 | 5 | 57 |
| കോട്ടയം | 15 | 5 | 3 | 23 |
| ഇടുക്കി | 5 | 47 | 4 | 56 |
| എറണാകുളം | 20 | 0 | 12 | 32 |
| തൃശ്ശൂർ | 25 | 27 | 10 | 62 |
| പാലക്കാട് | 8 | 13 | 2 | 23 |
| മലപ്പുറം | 18 | 28 | 3 | 49 |
| കോഴിക്കോട് | 13 | 18 | 4 | 35 |
| വയനാട് | 3 | 5 | 1 | 9 |
| കണ്ണൂർ | 21 | 5 | 2 | 28 |
| കാസർകോഡ് | 12 | 0 | 4 | 16 |
| **ആകെ** | **229** | **155** | **66** | **450** |

# മറ്റു വിവരങ്ങൾ

## പ്രളയകാലത്ത് നടന്ന രക്ഷാപ്രവർത്തനങ്ങളുടെ ജില്ലതിരിച്ചുള്ള വിവരം

| ക്രമ നം. | ജില്ല | സേനാംഗങ്ങൾ രക്ഷപ്പെടുത്തിയവർ | സേനാംഗങ്ങൾ അല്ലാത്തവർ രക്ഷപ്പെടുത്തിയവർ | ആകെ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 65 | 198 | 263 |
| 2 | കൊല്ലം | 120 | 180 | 300 |
| 3 | പത്തനംതിട്ട | 23158 | 7252 | 30410 |
| 4 | ആലപ്പുഴ | 125513 | 176206 | 301719 |
| 5 | കോട്ടയം | 4272 | ലഭ്യമല്ല | 4272 |
| 6 | ഇടുക്കി | 1484 | 1277 | 2761 |
| 7 | എറണാകുളം | 38582 | 5412 | 43994 |
| 8 | തൃശ്ശൂർ | 22379 | 171124 | 193503 |
| 9 | പാലക്കാട് | ലഭ്യമല്ല | ലഭ്യമല്ല | 1962 |
| 10 | മലപ്പുറം | 28398 | 0 | 28398 |
| 11 | കോഴിക്കോട് | 2612 | 1104 | 3716 |
| 12 | വയനാട് | 27737 | 2449 | 30186 |
| 13 | കണ്ണൂർ | 24 | 0 | 24 |
| 14 | കാസർകോഡ് | 0 | 0 | 0 |
| | ആകെ | 274344 | 365202 | 641508 |



## ഉരുൾപൊട്ടൽ വിശദാംശം

| ക്രമ നം. | ജില്ല | 29.05.18 മുതൽ 31.07.2018 വരെ | 01.08.2018 മുതൽ 31.08.2018 വരെ | ആകെ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | — | — | — |
| 2 | കൊല്ലം | 2 | 2 | 4 |
| 3 | പത്തനംതിട്ട | — | 8 | 8 |
| 4 | ആലപ്പുഴ | — | — | — |
| 5 | കോട്ടയം | 2 | 29 | 31 |
| 6 | ഇടുക്കി | 15 | 143 | 158 |
| 7 | എറണാകുളം | — | — | — |
| 8 | തൃശ്ശൂർ | — | 38 | 38 |
| 9 | പാലക്കാട് | 7 | 20 | 27 |
| 10 | മലപ്പുറം | 7 | 30 | 37 |
| 11 | കോഴിക്കോട് | 1 | 4 | 5 |
| 12 | വയനാട് | 9 | 47 | 56 |
| 13 | കണ്ണൂർ | — | 17 | 17 |
| 14 | കാസർകോഡ് | — | — | – |
| | ആകെ | 43 | 338 | 381 |



## ദുരിതാശ്വാസ ധനസഹായം

രണ്ട് ദിവസത്തിനകം വെള്ളം കെട്ടി നിൽക്കുക, മണ്ണിടിച്ചിൽ എന്നീ കാരണങ്ങളാൽ വീട് വാസയോഗ്യമല്ലാതായ ഓരോ കുടുംബത്തിനും ആശ്വാസ ധനസഹായമായി 10,000 രൂപ വീതം (എസ്.ഡി.ആർ.എഫ് - 3800 + സി.എം.ഡി.ആർ.എഫ്- 6200) അനുവദിച്ചു.

| ക്രമ നം. | ജില്ല | 10000 രൂപ ധനസഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2604 |
| 2 | കൊല്ലം | 6247 |
| 3 | പത്തനംതിട്ട | 51808 |
| 4 | ആലപ്പുഴ | 165848 |
| 5 | കോട്ടയം | 73401 |
| 6 | ഇടുക്കി | 4430 |
| 7 | എറണാകുളം | 179879 |
| 8 | തൃശ്ശൂർ | 125932 |
| 9 | പാലക്കാട് | 8609 |
| 10 | മലപ്പുറം | 39829 |
| 11 | കോഴിക്കോട് | 25223 |
| 12 | വയനാട് | 8079 |
| 13 | കണ്ണൂർ | 292 |
| 14 | കാസർകോഡ് | 0 |
| | ആകെ | 692181 |



സർക്കാരിന്റെ 22/08/2018ലെ ജി.ഒ(ആർ.റ്റി)നം. 457/ഡി.എം.ഡി. പ്രകാരം പ്രളയ ബാധിത കുടുംബങ്ങൾക്ക് 22 വിവിധ ഇനങ്ങളടങ്ങിയ കിറ്റ് നൽകാൻ ഉത്തരവായി. അതനുസരിച്ച് പ്രളയ ബാധിത കുടുംബങ്ങൾക്ക് കിറ്റ് അനുവദിച്ചു.

## സെപ്തംബർ ആറ് വരെ വിതരണം ചെയ്ത കിറ്റുകൾ

| ക്രമ നം. | ജില്ല | |
|---|---|---|
| 1 | തിരുവനന്തപുരം | ഇല്ല |
| 2 | കൊല്ലം | 5880 |
| 3 | പത്തനംതിട്ട | 47723 |
| 4 | ആലപ്പുഴ | 155859 |
| 5 | കോട്ടയം | 38010 |
| 6 | ഇടുക്കി | 22312 |
| 7 | എറണാകുളം | 227769 |
| 8 | തൃശ്ശൂർ | 105903 |
| 9 | പാലക്കാട് | 6718 |
| 10 | മലപ്പുറം | 19742 |
| 11 | കോഴിക്കോട് | 24723 |
| 12 | വയനാട് | 47045 |
| 13 | കണ്ണൂർ | 998 |
| 14 | കാസർകോഡ് | ഇല്ല |
| | ആകെ | 702682 |



29/08/2018ലെ ജി.ഒ(പി)നം.04/2018/ഡി.എം.ഡി. പ്രകാരം സംസ്ഥാനത്തെ 981 വില്ലേജുകൾ പ്രളയ ബാധിതവില്ലേജുകളായി വിജ്ഞാപനം ചെയ്തു.

03/09/2018ലെ ജി.ഒ.(ആർ.റ്റി)നം. 18/2018/ഡി.എം.ഡി. പ്രകാരം പ്രളയത്തിൽ തകർന്ന വീടുകളുടേയും കടകളുടേയും മറ്റ് സ്ഥാപനങ്ങളുടേയും നാശനഷ്ടങ്ങളുടെ ഡിജിറ്റൽ അടിസ്ഥാന വിവര ശേഖരണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തുകയും മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു.

വീട് പൂർണമായി തകർന്നതോ, പൂർണമായും വാസയോഗ്യമല്ലാതാകുകയോ ചെയ്തവർക്ക് നാലു ലക്ഷം രൂപയും, വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് സ്ഥലം വാങ്ങുന്നതിനായി ആറ് ലക്ഷം രൂപയും അനുവദിച്ചു. കൂടാതെ പൊതുജനങ്ങൾക്ക് പ്രളയത്തിൽ നഷ്ടപ്പെട്ട രേഖകൾ നൽകുന്നതിന് ഫീസ് ഈടാക്കാതെയും സമയബന്ധിതമായും നൽകുന്നതിന് അദാലത്തുകൾ സംഘടിപ്പിക്കാനും ഉത്തരവായി.



## പ്രളയത്തിൽ മുഴുവനായും ഭാഗികമായും തകർന്ന വീടുകളുടെ എണ്ണം

| ജില്ല | പൂർണം | ഭാഗികം |
|---|---|---|
| തിരുവനന്തപുരം | 310 | 3088 |
| കൊല്ലം | 180 | 3145 |
| പത്തനംതിട്ട | 616 | 18372 |
| ആലപ്പുഴ | 2052 | 60927 |
| കോട്ടയം | 481 | 17681 |
| ഇടുക്കി | 1772 | 6380 |
| എറണാകുളം | 2445 | 97471 |
| തൃശ്ശൂർ | 4157 | 20874 |
| പാലക്കാട് | 1561 | 6121 |
| മലപ്പുറം | 470 | 6680 |
| കോഴിക്കോട് | 232 | 5050 |
| വയനാട് | 784 | 5780 |
| കണ്ണൂർ | 173 | 1428 |
| കാസർകോഡ് | 42 | 792 |
| ആകെ | 15,275 | 2,53,789 |



## ഒരു ലക്ഷം രൂപ പലിശരഹിതവായ്പ

വീട്ടുപകരണങ്ങൾ നശിച്ചു പോയവർക്ക് അവ വാങ്ങുന്നതിന് കുടുംബശ്രീ മുഖേന ഒരു ലക്ഷം രൂപ വീതം പലിശരഹിത വായ്പ. ഇതിന്റെ പലിശ ബാധ്യത സർക്കാർ വഹിക്കും.

## മരിച്ചവരുടെ ആശ്രിതർക്ക് ആറ് ലക്ഷം വീടുനഷ്ടപ്പെട്ടവർക്ക് നാല് ലക്ഷം

മരിച്ചവരുടെ ആശ്രിതർക്ക് ആറ് ലക്ഷം രൂപയാണ് നൽകുന്നത്. ഇതിൽ രണ്ട് ലക്ഷം രൂപ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നാല് ലക്ഷം രൂപ എസ്.ഡി.ആർ. എഫിൽ നിന്നുമാണ്. കാണാതായവരിൽ മരിച്ചു എന്ന് സ്ഥിരീകരിക്കാവുന്ന കേസുകളിൽ എത്രയും പെട്ടെന്ന് നഷ്ടപരിഹാരം ലഭ്യമാക്കാൻ നിർദേശിച്ചിട്ടുണ്ട്. വീടുകൾ പൂർണമായും നശിച്ചവർക്ക് നാല് ലക്ഷം രൂപ നൽകും. ഇതിൽ മൂന്ന് ലക്ഷം രൂപ സംസ്ഥാനത്തിന്റെ വിഹിതമാണ്.

## കന്നുകാലികൾ നഷ്ടപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം

ഒരു കറവപ്പശു/എരുമ -30000 രൂപ
(പരമാവധി മൂന്ന് എണ്ണത്തിന്)
കറവ ഇല്ലാത്ത പശു/എരുമ -25000 രൂപ
കന്നുകുട്ടി -5000 രൂപ
(പരമാവധി 90000 രൂപ)

അവലംബം: റവന്യൂ വകുപ്പ്, ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്

# കൃഷിനാശം ആകെ

2018 സെപ്റ്റംബർ 5 വരെയുള്ള കണക്കുകൾ പ്രകാരം ജില്ലകളിലെ കൃഷിനാശം

| ജില്ല | വിസ്തീർണ്ണം (ഹെക്ടർ) | കർഷകരുടെ എണ്ണം | ഏകദേശനഷ്ടം (രൂപയിൽ) |
|---|---|---|---|
| തിരുവനന്തപുരം | 1356.96 | 13451 | 745,249,603 |
| കൊല്ലം | 869.73 | 9112 | 234,180,559 |
| ആലപ്പുഴ | 12095.55 | 78733 | 3,702,431,000 |
| പത്തനംതിട്ട | 12085.05 | 59555 | 1,384,191,820 |
| കോട്ടയം | 7170.71 | 41267 | 1,220,391,372 |
| ഇടുക്കി | 73726.43 | 41327 | 42,299,746,020 |
| എറണാകുളം | 1296.66 | 8112 | 372,785,580 |
| തൃശ്ശൂർ | 4767.31 | 22740 | 1,373,390,693 |
| പാലക്കാട് | 6250.43 | 17376 | 1,116,681,799 |
| മലപ്പുറം | 5567.15 | 28577 | 2,096,922,843 |
| കോഴിക്കോട് | 627.04 | 4746 | 155,088,836 |
| വയനാട് | 19528.20 | 58100 | 966,491,570 |
| കണ്ണൂർ | 1127.57 | 10527 | 419,968,000 |
| കാസർകോട് | 199.29 | 5129 | 101,703,500 |
| ആകെ | 146668.09 | 398752 | 56,189,223,195 |





...ബൈപ്പാസ് റോഡിന് സമീപം വീടുകൾ

## ശുചീകരണം ഒറ്റനോട്ടത്തിൽ

| ജില്ല | വൃത്തിയാക്കിയ വീടുകൾ | വൃത്തിയാക്കിയ കിണറുകൾ | നിർമ്മാർജനം ചെയ്ത അജൈവ മാലിന്യം (കിലോഗ്രാം) | മറവ് ചെയ്ത പക്ഷി – മൃഗാദികളുടെ ശവശരീരങ്ങൾ |
|---|---|---|---|---|
| തിരുവനന്തപുരം | 0 | 0 | 0 | 0 |
| കൊല്ലം | 0 | 0 | 0 | 0 |
| പത്തനംതിട്ട | 61390 | 38547 | 195898 | 72297 |
| ആലപ്പുഴ | 186366 | 53800 | 60946 | 93450 |
| കോട്ടയം | 85873 | 44154 | 15148 | 61866 |
| ഇടുക്കി | 0 | 0 | 0 | 0 |
| എർണാകുളം | 210360 | 71084 | 4403724 | 160125 |
| തൃശ്ശൂർ | 135645 | 89422 | 577637.5 | 406779 |
| പാലക്കാട് | 0 | 0 | 0 | 0 |
| മലപ്പുറം | 0 | 0 | 0 | 0 |
| കോഴിക്കോട് | 0 | 0 | 0 | 0 |
| വയനാട് | 11829 | 3949 | 385576 | 42693 |
| കണ്ണൂർ | 0 | 0 | 0 | 0 |
| കസർഗോഡ് | 0 | 0 | 0 | 0 |
| ആകെ | 691463 | 300956 | 5638929.5 | 837210 |



# രണ്ടു പ്രളയങ്ങൾ

## മഴക്കണക്കുകളുടെ താരതമ്യം

1924 ലെയും 2018 ലെയും പ്രളയകാലത്തെ മഴയുടെ ചില കണക്കുകൾ പരിശോധിക്കാം. 1924 ൽ വളരെ ശ്രദ്ധേയമായ മഴ ലഭിച്ചത് ജൂലൈ 15 മുതൽ 20 വരെയുള്ള ആറു ദിനങ്ങളിലാണ്. 2018ൽ വളരെ ശ്രദ്ധേയമായ മഴയുടെ ദിവസങ്ങൾ ആഗസ്റ്റ് എട്ട് മുതൽ 13 വരെയുള്ള ആറു ദിനങ്ങളായിരുന്നു. ആ ദിനങ്ങളിലെ താരതമ്യ കണക്കുകൾക്ക് **പട്ടിക1** കാണാം.

ഇവ താരതമ്യം ചെയ്താൽ തൃശൂർ ഒഴികെ എല്ലാ ജില്ലകളിലും 1924 ലാണ് ഏറ്റവും കൂടുതൽ മഴ ലഭിച്ചതെന്ന് വ്യക്തമാകും. ഇക്കാലയളവിൽ ദേവികുളം മഴമാപിനി 1924 ൽ ജൂലൈ 17ന് രേഖപ്പെടുത്തിയ 48 സെ.മീ. ആണ് ഒരു ദിവസത്തെ ഏറ്റവും ഉയർന്ന മഴ.

കേരളത്തിലെ ആകെ കിട്ടിയ മഴ കണക്കാക്കുമ്പോൾ 1924 ലാണ് 2018 നെ അപേക്ഷിച്ച് എല്ലാ ദിവസവും കൂടുതൽ മഴ ലഭിച്ചത്. കാലവർഷമവസാനിച്ചപ്പോൾ 2018 ൽ 251 സെ. മീ. മഴ ലഭിച്ചപ്പോൾ 1924 ൽ 346 സെ. മീ. മഴയാണ് ലഭിച്ചത്

1951 മുതൽ 2000 വരെയുള്ള കേരളത്തിന്റെ കാലവർഷമഴയുടെ ശരാശരിയാണ് 2039.6 മി. മീ.

2018 ൽ കേരളത്തിൽ കാലവർഷം സജീവമാകാനുള്ള പ്രധാന കാരണം കാലവർഷത്തിന്റെ കാറ്റിന്റെ ഗതി (basic monsoon flow) തന്നെ ജൂണിലും ജൂലൈയിലും ശക്തമായിരുന്നു എന്നതാണ്. അതോടൊപ്പം ആഗസ്റ്റ് ആറു മുതൽ എട്ടു വരേയും വടക്കു പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിന് സമീപവും 13 മുതൽ 17 വരേയും ഒഡീഷ തീരത്തുണ്ടായ കാലവർഷ ന്യൂനമർദങ്ങളുടെ സാന്നിധ്യവും അതിതീവ്ര മഴയുടെ ആക്കം കൂട്ടി.

2018 ൽ ഇടുക്കി ജില്ലയിൽ മാത്രമാണ് 1924 നേക്കാൾ 40 സെ.മീ. മഴ കൂടുതൽ ലഭിച്ചത്. വയനാട് ജില്ലയിലാണ് ഏറ്റവും കൂടുതൽ അന്തരമുള്ളത്. 1924 നേക്കാൾ 205 സെ.മീ. മഴ ഈ വർഷം കുറവാണ് ലഭിച്ചത്.



**പട്ടിക1**

**1924 ജൂലൈ 15 മുതൽ 20 വരെ ലഭിച്ച മഴ (മി. മീ.)
2018 ആഗസ്റ്റ് എട്ട് മുതൽ 13 വരെ ലഭിച്ച മഴ (മി. മീ.)
അന്തരം (മി. മീ.)**

| | | | |
|---|---|---|---|
| കേരളം | 591.3 | 466.1 | 125.2 |
| ആലപ്പുഴ | 339.3 | 298.1 | 41.1 |
| എറണാകുളം | 435.7 | 401.1 | 34.6 |
| ഇടുക്കി | 923.4 | 828.5 | 95.0 |
| കണ്ണൂർ | 728.7 | 337.7 | 391.0 |
| കാസർകോട് | 445.3 | 277.7 | 167.6 |
| കൊല്ലം | 372.1 | 371.1 | 1.1 |
| കോട്ടയം | 568.0 | 329.1 | 238.9 |
| കോഴിക്കോട് | 641.4 | 551.7 | 89.7 |
| മലപ്പുറം | 606.6 | 543.1 | 63.5 |
| പാലക്കാട് | 598.8 | 500.9 | 97.9 |
| പത്തനംതിട്ട | 563.8 | 414.8 | 149.0 |
| തിരുവനന്തപുരം | 213.1 | 211.4 | 1.7 |
| തൃശൂർ | 404.7 | 500.0 | 95.4 |
| വയനാട് | 1103.3 | 499.9 | 603.4 |

**പട്ടിക2**

**ലഭിക്കേണ്ട ശരാശരി മഴ (മി. മീ.) 1924 ജൂൺ ഒന്ന് മുതൽ
സെപ്തംബർ 30 വരെ ലഭിച്ച മഴ (മി. മീ.) 2018 ജൂൺ ഒന്ന് മുതൽ
സെപ്തംബർ 30 വരെ ലഭിച്ച മഴ (മി. മീ.) അന്തരം (മി. മീ.)**

| | | | | |
|---|---|---|---|---|
| കേരളം | 2039.6 | 3463.1 | 2517.2 | 945.9 |
| ആലപ്പുഴ | 1746.4 | 2728.2 | 1885.8 | 842.3 |
| എറണാകുളം | 2065.2 | 3967.3 | 2588.3 | 1379.1 |
| ഇടുക്കി | 2276.1 | 3413.9 | 3819.2 | 405.3 |
| കണ്ണൂർ | 2668.9 | 4147.0 | 2638.2 | 1508.8 |
| കാസർകോട് | 3007.7 | 3517.1 | 2422.2 | 1094.9 |
| കൊല്ലം | 1332.3 | 2449.5 | 1706.0 | 743.4 |
| കോട്ടയം | 1897.3 | 3435.3 | 2406.9 | 1028.4 |
| കോഴിക്കോട് | 2603.1 | 4167.0 | 2985.8 | 1181.2 |
| മലപ്പുറം | 2060.4 | 3637.8 | 2722.3 | 915.5 |
| പാലക്കാട് | 1572.0 | 3098.2 | 2378.1 | 720.2 |
| പത്തനംതിട്ട | 1715.6 | 3004.3 | 2167.1 | 837.2 |
| തിരുവനന്തപുരം | 871.3 | 1798.2 | 1023.8 | 774.4 |
| തൃശൂർ | 2197.6 | 3803.7 | 2140.5 | 1663.2 |
| വയനാട് | 2631.6 | 5106.8 | 3060.2 | 2046.6 |




# പ്രളയം–നാൾവഴി

**2018 മെയ് 16 മുതൽ സെപ്തംബർ 13 വരെ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് നടത്തിയ പ്രതിദിന പ്രവർത്തനങ്ങൾ**




## 2018 മേയ് 16

- തെക്കുപടിഞ്ഞാറൻ മൺസൂൺ പ്രവചനങ്ങളുടെ അറിയിപ്പ് കിട്ടിയതിന്റെ അടിസ്ഥാനത്തിൽ റവന്യൂ, ദുരന്തനിവാരണവകുപ്പ് അഡീ.ചീഫ് സെക്രട്ടറിയുടെ (സംസ്ഥാന റിലീഫ് കമ്മീഷണർ) അധ്യക്ഷതയിൽ തിരുവനന്തപുരത്ത് യോഗം വിളിച്ചുചേർത്തു. വകുപ്പുതലവന്മാരും എല്ലാ ജില്ലാ കളക്ടർമാരും പങ്കെടുത്തു. അതിന്റെ അടിസ്ഥാനത്തിൽ മെയ് 28 ന് സർക്കാർ വകുപ്പുകൾക്കും ജില്ലകൾക്കും 46 നിർദേശങ്ങൾ ഉൾക്കൊള്ളുന്ന സർക്കുലർ നൽകി.
- സംസ്ഥാന, ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്ററുകൾ (ഇ.ഒ.സി) 24 മണിക്കൂറും (24X7) പ്രവർത്തനം ആരംഭിച്ചു. ജില്ലാതല എമർജൻസി ഓപ്പറേഷൻസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ജില്ലാ കളക്ടർമാർക്ക് നിർദേശം നൽകി.

## മേയ് 29

കേരളത്തിലെ മൺസൂൺ മഴ തുടരുമെന്ന് ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് (ഐ.എം.ഡി) പ്രഖ്യാപിച്ചു

## ജൂൺ രണ്ട്

- രാജ്യത്തിന്റെ ചരിത്രത്തിൽ ആദ്യമായി തീരദേശ മേഖലയിൽ ജീവിക്കുന്ന ദുരന്ത ബാധിതരായവർക്ക് പുനരധിവാസ പദ്ധതി പ്രഖ്യാപിച്ചു. (2/06/2018 ലെ ജി.ഒ (എം.എസ്) നം. 6/2018/ഡി.എം.ഡി.) കടൽക്ഷോഭംമൂലം വീടുകളും മറ്റ് ജീവനോപാധികളും നഷ്ടമായ തീരപ്രദേശങ്ങളിലെ കുടുംബങ്ങൾക്ക് സഹായം എത്തിക്കുന്നതാണ് പദ്ധതി. ഈ പദ്ധതി പ്രകാരം മൂന്ന് മുതൽ അഞ്ച് സെന്റുവരെ ഭൂമി വാങ്ങാൻ പരമാവധി ആറ് ലക്ഷം രൂപയും വേലിയേറ്റ സമയത്ത് കടൽ എത്തുന്നതിൽനിന്നും 50 മീറ്റർ മാറി വീടുവയ്ക്കാൻ നാല് ലക്ഷം രൂപയും അനുവദിക്കും.
- ഇതേ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തീരദേശ ജില്ലയിലെ എല്ലാ ജില്ലാ കളക്ടർമാർക്കും മുൻകൂറായി 50 ലക്ഷം രൂപ അനുവദിച്ചു.

## ജൂൺ ഏഴ്

ജൂൺ ഏഴ് മുതൽ 11 വരെ മണ്ണിടിച്ചിലും വെള്ളപ്പൊക്കവും ഉണ്ടാകാൻ സാധ്യതയുള്ളതായി ദുരന്തനിവാരണ അതോറിറ്റിയുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിലൂടെയും മുതിർന്ന ഐ.എ.എസ്, ഐ.പി.എസ് ഓഫീസർമാർ, സെൻട്രൽ ആംഡ് ഫോഴ്സസ്, ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്ററുകൾ, മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ തുടങ്ങിയവരുടെയും ഔദ്യോഗിക ഫേസ്ബുക്ക് പേജുകളിലൂടെയും അച്ചടി, ഓഡിയോ, ദൃശ്യമാധ്യമങ്ങളിലൂടെയും പൊതു അറിയിപ്പുകൾ വിതരണം ചെയ്തു. അതോറിറ്റിയുടെ വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെയും ഈ അറിയിപ്പ് പ്രചരിപ്പിച്ചു.

## ജൂൺ 9,10

- കനത്ത മഴയ്ക്ക് സാധ്യതയുള്ള മുന്നറിയിപ്പും മത്സ്യബന്ധനത്തിന് പോകുന്നവർക്കുള്ള മുന്നറിയിപ്പും കൃത്യമായ ഇടവേളകളിൽ ഫെയ്സ്ബുക്ക്, വാട്സ് ആപ്പ് എന്നിവയിലൂടെയും അച്ചടി, ശ്രവ്യ,

ദൃശ്യമാധ്യമങ്ങളിലൂടെയും നൽകി.

## ജൂൺ 11

- മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി യോഗം ചേർന്ന് മുന്നൊരുക്കങ്ങൾ വിലയിരുത്തി. ദുരന്തത്തിന്റെ തീവ്രത കുറയ്ക്കാൻ സഹായകമായ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

## ജൂൺ 14

- കോഴിക്കോട് കട്ടിപ്പാറയിൽ മണ്ണിടിച്ചിലിൽ - 14 പേർ മരിച്ചു.
- ദേശീയ ദുരന്ത പ്രതികരണ സേനയുടെ (എൻഡിആർഎഫ്) രണ്ട് ടീമുകൾ കോഴിക്കോട്, കട്ടിപ്പാറയിലേക്ക് പോകാൻ സംസ്ഥാന എമർജൻസി ഓപ്പറേഷൻസ് സെന്റർ നിർദേശിച്ചു.
- കാലവർഷം ശക്തമായിക്കൊണ്ടിരുന്നപ്പോൾ നിലവിലുള്ള രണ്ട് ടീമുകൾക്ക് പുറമേ എൻഡിആർഎഫ് ഒരു പുതിയ ടീമിനെ കേരളത്തിലേക്കയക്കണമെന്ന് ആവശ്യപ്പെട്ടു.
- കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർകോട്, പാലക്കാട് ജില്ലകളിൽ റെഡ് അലർട്ടും ഇടുക്കി, കോട്ടയം, ആലപ്പുഴ ജില്ലകളിൽ ഓറഞ്ച് അലർട്ടും പ്രഖ്യാപിച്ചു. പൊതുജനത്തിനായുള്ള നിർദിഷ്ട സന്ദേശങ്ങളും നൽകി.

## ജൂൺ 15

- മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി യോഗം ചേരുകയും മുൻകരുതലുകൾ വിലയിരുത്തുകയും ചെയ്തു. ജില്ലാ കളക്ടർമാർ വീഡിയോ കോൺഫറൻസിലൂടെ യോഗത്തിൽ പങ്കെടുത്തു. ജില്ലകളിൽ ദുരന്തനിവാരണത്തിനുള്ള വിവിധ നടപടികളുമായി ബന്ധപ്പെട്ട നിർണായക തീരുമാനങ്ങൾ കൈക്കൊണ്ടു.

## ജൂൺ 20

- ജൂൺ 21 മുതൽ 24 വരെ വെള്ളപ്പൊക്കത്തിനും മണ്ണിടിച്ചിലിനും സാധ്യതയുള്ളതായി പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകി. സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീജിയറും ദുരന്തമുണ്ടായേക്കാവുന്ന പ്രദേശങ്ങളുടെ ഭൂപടവും സഹിതമായിരുന്നു ഇത് പ്രസിദ്ധീകരണത്തിന് നൽകിയത്.

## ജൂൺ 21

- സംസ്ഥാനത്തുടനീളം വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചവർക്കുള്ള കുറഞ്ഞ ദുരിതാശ്വാസ സഹായത്തിനുള്ള മാർഗ നിർദേശങ്ങൾ സർക്കാർ പ്രഖ്യാപിച്ചു. അവ താഴെക്കൊടുക്കുന്നു:



- 75% തകരാറുകളുള്ള വീടുകളാണ് ഗുരുതരമായ കേടുപാടുകൾ ഉണ്ടാക്കിയ വീടെന്ന് നിർവചിക്കപ്പെടുന്നത്. ഗുരുതരമായ കേടുപാടുകൾ ഉണ്ടാക്കിയതോ പൂർണമായും തകർന്നതോ ആയ വീടുകൾക്ക് നാല് ലക്ഷം രൂപയ്ക്ക് അർഹതയുണ്ട്.
- വീട് താമസയോഗ്യമല്ലാത്ത സ്ഥല ത്തായിരിക്കുകയും അവന്റെ/അവളുടെ പേരിൽ കേരളത്തിൽ ഒരിടത്തും ഭൂമി ഇല്ലാതിരിക്കുകയും ചെയ്താൽ പുതിയ സ്ഥലം വാങ്ങാൻ ഉടമസ്ഥന് പരമാവധി ആറ് ലക്ഷം രൂപവരെ നൽകും.
- കാർഷിക നഷ്ടം സംബന്ധിച്ച നിലവിലുള്ള പരാതികൾ പരിഹരിക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് 12 കോടി രൂപ അനുവദിച്ചു.
- ദുരന്തത്തിൽ സർട്ടിഫിക്കറ്റുകൾ നഷ്ടമായവർക്ക് പകരം സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദേശം നൽകി.

## ജൂലൈ 16

- വീഡിയോ കോൺഫറൻസ് മുഖേന ജില്ലാ കളക്ടർമാരുടെ യോഗം മുഖ്യമന്ത്രിവിളിച്ചു



കൂട്ടുകയും ദുരന്തത്തെ യുദ്ധകാലാടിസ്ഥാനത്തിൽ നേരിടാൻ എല്ലാ ശ്രമങ്ങളും നടത്താൻ നിർദേശിക്കുകയും ചെയ്തു.

### ജൂലൈ 18

- ജൂലൈ 20 മുതൽ 22 വരെ അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതായി മുന്നറിയിപ്പ്
- കേരളത്തിലെ പല സ്ഥലങ്ങളിലും റെക്കോഡ് മഴയായിരുന്നു. ആലപ്പുഴ, കോട്ടയം, എറണാകുളം, കൊല്ലം എന്നീ ജില്ലകളിലെ ജലനിരപ്പ് ഉയർന്നു. ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് ആളുകളെ മാറ്റി.
- കേരളതീരത്തും ലക്ഷദ്വീപിലും മത്സ്യബന്ധനത്തിന് പോകുന്നവർക്കുള്ള മുന്നറിയിപ്പ് നൽകി.
- റഡാർ സാറ്റലൈറ്റ് ഇമേജുകൾ ഉപയോഗിച്ചുകൊണ്ട് വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളുടെ ഭൂപടങ്ങൾ നിരന്തരം ശേഖരിക്കുന്നതിന് ഇസ്രോ, നാഷണൽ റിമോട്ട് സെൻസിങ് സെന്റർ (എൻആർഎസ്.സി) എന്നിവരോട് അഭ്യർഥിച്ചു.

### ജൂലൈ 19

- ക്യാമ്പുകളിൽ കഴിയുന്ന ദുരിതബാധിതർക്ക് 1000 രൂപയുടെ സഹായധനം നേരിട്ട് നൽകാൻ ഉത്തരവായി.

### ജൂലൈ 21

- കേന്ദ്ര ആഭ്യന്തര സഹമന്ത്രിയും കേന്ദ്ര ടൂറിസം സഹമന്ത്രിയും വെള്ളപ്പൊക്ക ദുരന്തബാധിത പ്രദേശങ്ങൾ സന്ദർശിച്ചു.
- ദേശീയ ദുരന്തനിവാരണ ഫണ്ട് മാനദണ്ഡ പ്രകാരം പ്രാരംഭ മെമ്മോറാണ്ടം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കൈമാറി.

### ജൂലൈ 22

- ജൂൺ 26വരെ അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതായി മുന്നറിയിപ്പ് നൽകി.
- സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ ആലപ്പുഴ ജില്ല സന്ദർശിക്കുകയും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്തു.

### ജൂലൈ 23

- വെള്ളപ്പൊക്ക ദുരിതമനുഭവിക്കുന്ന ആലപ്പുഴ, കോട്ടയം ജില്ലകളിലെ പ്രദേശങ്ങളിൽ ദുരിതാശ്വാസ, രക്ഷാപ്രവർത്തനങ്ങൾക്കായി എൻഡിആർഎഫ്, ഇന്ത്യൻ നേവി ടീമുകൾ വിന്യസിക്കപ്പെട്ടു.
- ആവശ്യാനുസരണം പാചകവാതകം ലഭ്യമാക്കാൻ ഐഒസി, ബിപിസിഎൽ എന്നിവർക്ക് നിർദ്ദേശം നൽകി.
- മുഖ്യമന്ത്രി വീഡിയോ കോൺഫറൻസിലൂടെ ദുരിതബാധിത ജില്ലകളിലെ കലക്ടർമാരുടെ യോഗം വിളിച്ചുചേർക്കുകയും 14 നടപടി നിർദേശങ്ങൾ നൽകുകയും ചെയ്തു.

### ജൂലൈ 26

- കത്തിലൂടെ കാലാവസ്ഥ പ്രവചനവും ബന്ധപ്പെട്ട രേഖകളും ദിവസേന ലഭ്യമാക്കാൻ കൊച്ചിൻ ശാസ്ത്രസാങ്കേതിക സർവകലാശാലയുടെ റഡാർ സെന്ററിനോട് നിർദ്ദേശിച്ചു.

### ജൂലൈ 27

- ഇടുക്കി ഡാമിലെ ജലനിരപ്പ് മുഖ്യമന്ത്രി അവലോകനം ചെയ്യുകയും വിവിധ വകുപ്പുകൾക്ക് കൃത്യമായ നിർദേശം നൽകുകയും ചെയ്തു.

### ജൂലൈ 28

- ഇടുക്കി റിസർവോയറിലുള്ള ചെറുതോണി അണക്കെട്ടിന്റെ ഷട്ടർ തുറക്കേണ്ടിവന്നാൽ വെള്ളപ്പൊക്കം ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളുടെ സാറ്റലൈറ്റ് ഇമേജുകൾ

ഇടുക്കി, തൃശൂർ, എറണാകുളം എമർജൻസി ഓപ്പറേഷൻസ് സെന്ററുകൾക്ക് ജൂലൈ 28ന് നൽകി. 2013 ലെ വെള്ളപ്പൊക്കത്തെ അടിസ്ഥാനമാക്കി വേഗത്തിൽ നടത്തിയ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ നടപടി.

## ജൂലൈ 29

- ജൂലൈ 29 മുതൽ ആഗസ്റ്റ് ഒന്ന് വരെ ശക്തമായ മഴയ്ക്കും മണ്ണിടിച്ചിലിനും സാധ്യതയുള്ളതായി മുന്നറിയിപ്പ്.
- ഇ-മെയിൽ സന്ദേശത്തിലൂടെ ദുരന്തനിവാരണ നടപടികൾക്ക് സായുധസേനയുടെ സഹായം ആവശ്യംവന്നേക്കാമെന്നും തയ്യാറായി ഇരിക്കണമെന്നും അറിയിച്ചു. എംഐ 17 ഹെലികോപ്ടറും എഎൽഎച്ച് ഹെലികോപ്ടറും അടിയന്തരമായി പുറപ്പെടാൻ സജ്ജമാക്കി നിർത്തണമെന്നും അഭ്യർഥിച്ചു.
- ഇ-മെയിൽ സന്ദേശത്തിലൂടെ പ്രതിസന്ധികാലത്ത് എല്ലാ മൊബൈൽ ഫോൺ ടവറുകളും പ്രവർത്തിക്കണമെന്നും ആവശ്യമായ ഇന്ധനം സംഭരിച്ചുവയ്ക്കാനും ആവശ്യാനുസരണം വാഹനങ്ങളുടെ ലഭ്യത ഉറപ്പാക്കാനും 'ടിഇആർഎം ഡെപ്യൂട്ടി ഡയറക്ടർ ജനറലിനോട് (Telecom Enforcement and Resource Monitoring Cell ) പ്രത്യേകം നിർദേശിച്ചു.
- ഇ-മെയിൽ സന്ദേശത്തിലൂടെ ദേശീയ ദുരന്തനിവാരണ സേനയുടെ ഓരോ ടീമിനെ വീതം ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിലേക്ക് അയയ്ക്കുന്നതിന് തയാറാക്കി നിർത്താൻ ആവശ്യപ്പെട്ടു.
- ഇ-മെയിൽ സന്ദേശത്തിലൂടെ ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് ഉയരുന്നതുമായി ബന്ധപ്പെട്ട മുന്നറിയിപ്പുകൾ കൃത്യമായ ഇടവേളകളിൽ ജനങ്ങൾക്ക് നൽകണമെന്ന് ഓൾ ഇന്ത്യ റേഡിയോ ഡയറക്ടർക്ക് നിർദേശം നൽകി. അതോറിറ്റിയിൽ നിന്നുള്ള എല്ലാ മുന്നറിയിപ്പുകളും സന്ദേശങ്ങളും ഓൾ ഇന്ത്യ റേഡിയോയിലേക്ക് ഇമെയിൽ വഴിയും വാട്സ്ആപ്പ് വഴിയും അയച്ചിരുന്നു.
- പെരിയാർ നദി, പാലങ്ങൾ, കലുങ്കുകൾ എന്നിവിടങ്ങളിൽ വിനോദസഞ്ചാരികളും ജനങ്ങളും പ്രവേശിക്കാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഇടുക്കി ജില്ലാ എമർജൻസി ഓപറേഷൻ സെന്ററിനോട് പ്രത്യേകം നിഷ്കർഷിച്ചു.
- കുട്ടനാട്ടിലും ആലപ്പുഴയിലെ പ്രളയ ബാധിത പ്രദേശങ്ങളിലും വൻതോതിൽ ബയോടോയ്‌ലറ്റുകൾ എത്തിച്ചു.

## ജൂലൈ 30

- മുൻകൂട്ടി നിശ്ചയിച്ച വെള്ളപ്പൊക്ക ദുരന്തനിവാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഇടുക്കി, എറണാകുളം ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്ററുകൾക്ക് പ്രത്യേക പ്രവർത്തന പദ്ധതികളും ചെക്ക്‌ലിസ്റ്റുകളും നൽകി.
- വൈദ്യസഹായത്തിന് ആവശ്യമായി വരുന്ന മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്താൻ ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്ററുകൾക്ക് പ്രത്യേക അറിയിപ്പ്.
- ആഗസ്റ്റ് ഒന്ന് വരെ ശക്തമായ മഴയുണ്ടാകുമെന്ന മുന്നറിയിപ്പ് നൽകി.

## ജൂലൈ 31

- ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിൽ തകർന്ന ബണ്ടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിച്ചു
- ആലപ്പുഴ-ചങ്ങനാശേരി റോഡിൽ എട്ട് വലിയ പമ്പുകൾ ഉപയോഗിച്ച് വെള്ളം വറ്റിക്കുകയും ഇതുവഴിയുള്ള ഗതാഗതം പുനഃസ്ഥാപിക്കുകയും ചെയ്തു.

## ആഗസ്റ്റ് മൂന്ന്



റവന്യൂ, ദുരന്ത നിവാരണവകുപ്പ് മന്ത്രി ആലപ്പുഴ ജില്ലയിലെ പ്രളയ ബാധിത പ്രദേശങ്ങൾ സന്ദർശിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു.

- ചെറുതോണി അണക്കെട്ടിന്റെ ഷട്ടർ തുറക്കുകയാണെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ' ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശൂർ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി.
- പത്തനംതിട്ട, നിരണം, പെരിങ്ങര, കടപ്ര, നെടുമ്പ്രം, കാവുംഭാഗം വില്ലേജുകൾ പ്രളയബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചു.

## ആഗസ്റ്റ് അഞ്ച്

- ആലപ്പുഴ ജില്ലയിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ മുഖ്യമന്ത്രി അവലോകനം ചെയ്യുകയും ആലപ്പുഴ മെഡിക്കൽ കോളേജ് ക്യാമ്പസിൽ വിളിച്ചുചേർത്ത യോഗത്തിൽ കൂടുതൽ ഫലപ്രദമായ ദുരിതാശ്വാസ നടപടികൾ കൈകൊള്ളാൻ വിവിധ വകുപ്പുകൾക്ക് നിർദേശം നൽകുകയും ചെയ്തു

## ആഗസ്റ്റ് ഏഴ്

പ്രളയക്കെടുതി വിലയിരുത്താനായി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അടങ്ങിയ കേന്ദ്ര സംഘത്തിന്റെ സന്ദർശനം ആരംഭിച്ചു. ആഗസ്റ്റ് 11 വരെ സംഘത്തിന്റെ സന്ദർശനം നീണ്ടുനിന്നു.

## ആഗസ്റ്റ് എട്ട്

കോഴിക്കോട്, കണ്ണൂർ, വയനാട്, പാലക്കാട്, ഇടുക്കി, മലപ്പുറം എന്നിവിടങ്ങളിലും പ്രളയം. വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ചില മേഖലകളിൽ വ്യാപകമായ ഉരുൾ പൊട്ടലും വെള്ളപൊക്കവും ഉണ്ടായി. എറണാകുളത്ത് ആലുവാ ഭാഗത്ത് പെരിയാറിലെ ജലനിരപ്പ് ഉയർന്നു.

- ആഗസ്റ്റ് എട്ട് മുതൽ ആഗസ്റ്റ് ഒൻപത് വരെ ശക്തമായ മഴയുണ്ടാകുമെന്ന മുന്നറിയിപ്പ് നൽകി.

## ആഗസ്റ്റ് ഒൻപത്

മണ്ണിടിച്ചിലിന്റെ ആദ്യ റിപ്പോർട്ട് വയനാട് നിന്നും പുലർച്ചെ രണ്ടിന്

- പ്രതിസന്ധി ലെവൽ മൂന്നിലേക്ക് കടന്നതായി സംസ്ഥാന എമർജൻസി ഓപറേഷൻസ് സെന്റർ വിജ്ഞാപനം. തുടർന്ന് ദേശീയ സേനകളുടെ സഹായം ആവശ്യപ്പെട്ടു.
- ആഗസ്റ്റ് ഒൻപതിനു പുലർച്ചെ 2.38 ന് കോഴിക്കോട്, വയനാട് ജില്ലകളിലേക്ക്





നീങ്ങാൻ എൻഡിആർഎഫിന് നിർദ്ദേശം.

- രാവിലെ 6.46 ന് ഇടുക്കി, വയനാട് ജില്ലകളിലേക്ക് നീങ്ങാൻ ഓരോ കമ്പനി കരസേനയ്ക്ക് നിർദ്ദേശം.
- രാവിലെ 7.11 ന് മലപ്പുറം, കോഴിക്കോട് ജില്ലകളിലേക്ക് നീങ്ങാൻ ഓരോ കമ്പനി കരസേനയ്ക്ക് നിർദേശം.
- രാവിലെ 8.05 ന് കരസേനയുടെ എൻജിനീയറിങ് ടാസ്ക്ഫോഴ്സിന് വടക്കൻ കേരളത്തിലേക്ക് നീങ്ങാൻ നിർദ്ദേശം. കോഴിക്കോട് വിമാനത്താവളം ബെയ്സ് ക്യാമ്പാക്കാൻ അനുമതി.
- രാവിലെ 9.58 ന് വയനാട് ജില്ലയിൽ ആകാശമാർഗം രക്ഷാപ്രവർത്തനം നടത്താൻ വ്യോമസേനയ്ക്ക് നിർദേശം.
- രാവിലെ 10ന് മുഖ്യമന്ത്രി സ്ഥിതിഗതികൾ അവലോകനം ചെയ്തു. കൃത്യമായ നടപടികൾ സ്വീകരിക്കാൻ നിർദേശം
- രാവിലെ 10.09 ന് തമിഴ്നാട്ടിലെ ആരക്കോണത്തുനിന്നും കൂടുതൽ എൻഡിആർഎഫിനെ വ്യോമമാർഗം അയക്കാനും വയനാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ,പാലക്കാട്, ഇടുക്കി ജില്ലകളിൽ നിയോഗിക്കാനും നിർദേശം.
- രാവിലെ 10.11 ന് ഇന്ത്യൻ നേവിയോട് സഹായം ആവശ്യപ്പെട്ടു.
- രാവിലെ 10.41 ന് ഇടുക്കി, വയനാട്, മലപ്പുറം, കോഴിക്കോട്, പാലക്കാട് ജില്ലകളിലേക്ക് കൂടുതൽ കരസേനയുടെ സഹായം ആവശ്യപ്പെട്ടു.
- രാവിലെ 10.55 ന് ആരക്കോണത്തുനിന്നുള്ള എൻഡിആർഎഫിനോട് വയനാടും ബംഗലൂരുവിൽ നിന്നുള്ള കരസേന എൻജിനീയറിങ് വിഭാഗത്തോട് കോഴിക്കോടും ആകാശമാർഗം രക്ഷാപ്രവർത്തനങ്ങൾ നടത്താൻ ആവശ്യപ്പെട്ടു.
- കോഴിക്കോട്, കണ്ണൂർ, വയനാട്, പാലക്കാട്, ഇടുക്കി, മലപ്പുറം ജില്ലകളിൽ റെഡ് അലർട്ട്.
- കാലവർഷക്കെടുതി സംബന്ധിച്ച് അന്വേഷിക്കാനെത്തിയ കേന്ദ്രസംഘവുമായി മുഖ്യമന്ത്രി ചർച്ച നടത്തി.
- കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ



പ്രവർത്തനങ്ങൾ താത്കാലികമായി നിർത്തിവച്ചു.

- വൈകിട്ട് 7.15ന് സ്ഥിതിവിശേഷം മുഖ്യമന്ത്രി അവലോകനം ചെയ്തു. വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സെക്രട്ടേറിയേറ്റിൽ കോഓർഡിനേഷൻ സെൽ ആരംഭിച്ചു. സംസ്ഥാന റിലീഫ് കമ്മിഷണർ ചെയർമാനായ ഈ സെല്ലിൽ റവന്യൂ, പൊലീസ്, ഫയർ ആൻഡ് റെസ്ക്യൂ സേവനങ്ങൾ, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, ദേശീയ ദുരന്തനിവാരണ സേന, കരസേന, നാവികസേന, എയർഫോഴ്സ്, കോസ്റ്റ് ഗാർഡ്, ബി.എസ്.എഫ്, സി.ആർ.പി.എഫ് ഉദ്യോഗസ്ഥർ 24 മണിക്കൂറും പ്രവർത്തിച്ചുതുടങ്ങി.
- അഡീഷണൽ ചീഫ് സെക്രട്ടറിയുടെ മേൽനോട്ടത്തിൽ സെക്രട്ടേറിയറ്റിൽ വെള്ളപ്പൊക്ക മോണിറ്ററിങ് സെൽ പ്രവർത്തനം തുടങ്ങി.

## ആഗസ്റ്റ് 10

- എൻഡിആർഎഫിന്റെ രണ്ടുവീതം ടീമുകളെ കൊച്ചിയിലേക്കും തൃശൂരിലേക്കും അയക്കാൻ അഭ്യർഥിച്ചു.
- പ്രളയസാധ്യതകളുടെ സാറ്റലൈറ്റ് ചിത്രങ്ങൾ എടുക്കാനും തുടർച്ചയായി അതിന്റെ ഭൂപടം ലഭ്യമാക്കാനും നാഷണൽ റിമോട്ട് സെൻസിങ് സെന്ററിനോട് ആവശ്യപ്പെട്ടു.
- ജനങ്ങളെ ഒഴിപ്പിക്കുമ്പോൾ ഭിന്നശേഷിക്കാരായവർക്ക് പ്രത്യേകശ്രദ്ധ നൽകണമെന്ന് സാമൂഹികനീതി വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം.
- വെള്ളപ്പൊക്ക ദുരിതം കുറയ്ക്കുന്നതിനായി 22 നിർദേശങ്ങൾ അടങ്ങിയ ഉത്തരവ് പുറപ്പെടുവിച്ചു.
- കുട്ടനാട് പുനരധിവാസത്തിന്റെ രണ്ടാംഘട്ടം സംബന്ധിച്ച് വിശദമായ പാക്കേജ് സമർപ്പിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.
- ആലപ്പുഴയിൽ വെള്ളപ്പൊക്ക സാധ്യത മുൻകൂട്ടി അറിയുന്നതിനുള്ള സംവിധാനം സ്ഥാപിക്കാൻ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയെ ചുമതലപ്പെടുത്തി
- വെള്ളപ്പൊക്കത്താൽ വിദ്യാർഥികൾക്ക് നഷ്ടമായ അക്കാദമിക് ദിനങ്ങൾക്കും പഠനോപകരണങ്ങൾക്കും പരിഹാരമുണ്ടാക്കാനുള്ള പദ്ധതി തയ്യാറാക്കാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദേശം നൽകി.
- പ്രളയബാധിത പ്രദേശങ്ങളിൽ കൂടുതൽ ജല ആംബുലൻസുകൾ ലഭ്യമാക്കാൻ ജലഗതാഗത വകുപ്പിനോട് ആവശ്യപ്പെട്ടു.
- വെള്ളത്തിന്റെയും വൈദ്യുതിയുടെയും ബിൽ അടയ്ക്കുന്ന അവസാന തീയതിയിൽ ഇളവ് നൽകാൻ വൈദ്യുതി, ജലവിഭവ വകുപ്പുകളോട് ആവശ്യപ്പെട്ടു.
- ആസൂത്രണ, സാമ്പത്തികകാര്യ വകുപ്പ്, ധന, റവന്യൂ വകുപ്പുകളോട് സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി യോഗം വിളിച്ചുചേർക്കാനും കാർഷിക വായ്പയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കാനുള്ള നടപടി സ്വീകരിക്കാനും നിർദേശം.
- പ്രളയ ബാധിതരായ ജനങ്ങൾക്ക് പൊതുമേഖല-സഹകരണ ബാങ്കുകളിലൂടെ വായ്പ നൽകാൻ ധന-സഹകരണ വകുപ്പുകൾക്ക് നിർദ്ദേശം.
- പാമ്പ് കടിയേറ്റ കേസുകൾ വർധിക്കുന്നതിനാൽ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ വിദഗ്ധ പരിശോധനയ്ക്ക് ആവശ്യമായ ഉപകരണങ്ങളും ആന്റിവെനവും ആവശ്യാനുസരണം എത്തിക്കാൻ ആരോഗ്യ-കുടുംബക്ഷേമവകുപ്പിനോട് നിർദേശിച്ചു.
- ആലപ്പുഴയിലെ ദുരിതാശ്വാസ

പ്രവർത്തനങ്ങൾക്കായി എല്ലാ വകുപ്പുകളും ഒരു പ്രത്യേക ഓഫീസറെ ചുമതലപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു. ജില്ലാ കളക്ടർ ആയിരിക്കും നോഡൽ ഓഫീസർ.

- പകർച്ചവ്യാധികൾ ഉയർന്നുവരികയാണെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്ലീനിങ് ഡ്രൈവ് സംഘടിപ്പിക്കുകയും ആയതിന് ആവശ്യമായ ഫണ്ടുകൾ അനുവദിക്കുകയും വേണം.
- പെരിയാറിന്റെ തീരങ്ങളിൽ പോകുകയോ, പെരിയാർ മറികടക്കുകയോ ചെയ്യരുതെന്ന് പൊതുജനങ്ങൾക്ക് നിർദേശം നൽകി.
- വയനാട് – ഏറ്റവും വലിയ കനത്ത മഴ കാരണം റെഡ് അലർട്ട് ഓഗസ്റ്റ് 14 വരെ. ഇടുക്കി – വലിയ കനത്ത മഴ കാരണം റെഡ് അലർട്ട് ഓഗസ്റ്റ് 13 വരെ. ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട് – റെഡ് അലർട്ട് – കനത്ത മഴയെ തുടർന്ന് ഓഗസ്റ്റ് 11 വരെ.
- മുഖ്യമന്ത്രിയും മുതിർന്ന ഉദ്യോഗസ്ഥരും സേനാ മേധാവികളും യോഗംചേർന്ന് സ്ഥിതിഗതികൾ അവലോകനം ചെയ്തു. മുഖ്യമന്ത്രി സ്പെഷ്യൽ കോ-ഓർഡിനേഷൻ സെൽ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി.
- പൗർണമിക്കുശേഷമുള്ള വേലിയേറ്റത്താൽ കരയിലേക്ക് വരുന്ന ജലത്തിന്റെ അളവ് വർധിക്കുമെന്നതിനാൽ ഓഗസ്റ്റ് 11 മുതൽ 15 വരെ കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ജാഗ്രതാ നിർദേശം നൽകി.

## ആഗസ്റ്റ് 11

- മുഖ്യമന്ത്രിയും റവന്യൂമന്ത്രിയും ഹെലികോപ്റ്ററിൽ ഇടുക്കി, വയനാട്, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിലെ ദുരിതബാധിതപ്രദേശങ്ങൾ സന്ദർശിച്ചു. ഇടുക്കിയിൽ കാലവസ്ഥ മോശമായിരുന്നതുകാരണം ഹെലികോപ്റ്റർ ഇറക്കാൻ സാധിക്കാത്തതുകാരണം വ്യോമനിരീക്ഷണം ആണ് നടത്തിയത്. ഉച്ചയ്ക്ക് 2.30 ന് എറണാകുളത്ത് മുഖ്യമന്ത്രിയും റവന്യൂ മന്ത്രിയും ആലുവാ, പറവൂർ മേഖലകളിലെ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ചു. ആലുവ പ്രിയദർശിനി ഹാളിൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ അവലോകനയോഗം കൂടി. എം.പി മാരും എം.എൽ.എ മാരും യോഗത്തിൽ പങ്കെടുത്തു.
- വിവിധ റിസർവോയറുകളെക്കുറിച്ചുള്ള വിവരങ്ങൾ കൃത്യമായ ഇടവേളകളിൽ പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ചു.
- ആലപ്പുഴ, എറണാകുളം, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നിവിടങ്ങളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചു. റെഡ് അലർട്ടാണ് പ്രഖ്യാപിച്ചതെങ്കിലും ഇടുക്കി ജില്ലയിൽ മാത്രമേ ഓറഞ്ച് അലർട്ടിന് തുല്യമായ മഴ ലഭിച്ചിട്ടുള്ളൂ. മറ്റ് എല്ലാ ജില്ലകളിലും ഗ്രീൻ അലർട്ടിന്റെ പരിധിയിൽ മഴ ലഭിച്ചു.

## ആഗസ്റ്റ് 12

- സംസ്ഥാനത്തിന്റെ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാൻ കേന്ദ്ര ആഭ്യന്തരമന്ത്രി സംസ്ഥാനം സന്ദർശിച്ചു.
- 8048 കോടി രൂപയുടെ സഹായത്തിനായി കേരളം മെമ്മോറാണ്ടം സമർപ്പിക്കുകയും 400 കോടി രൂപയുടെ സഹായം ആവശ്യപ്പെടുകയും ചെയ്തു. സംസ്ഥാന ദുരന്തനിവാരണ ഫണ്ടിലേക്ക് അടിയന്തര സഹായമായി 100 കോടി രൂപ പ്രഖ്യാപിച്ചു.
- ആലപ്പുഴ, എറണാകുളം, ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നിവിടങ്ങളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചു. അനുബന്ധമായ അറിയിപ്പുകൾ പൊതുജനങ്ങൾക്കും നൽകി.
- റെഡ് അലർട്ട് പ്രവചിക്കപ്പെട്ടെങ്കിലും ഒരു



ജില്ലയിൽ മാത്രമേ മഞ്ഞ അലർട്ടിലുള്ള മഴ ലഭിച്ചുള്ളൂ. മറ്റ് ജില്ലകളിൽ ഗ്രീൻ പരിധിയിലെ മഴയാണ് ലഭിച്ചത്.

## ആഗസ്റ്റ് 13

- ഇടുക്കിയിലും വയനാടും റെഡ് അലർട്ടും ആലപ്പുഴയിലും എറണാകുളത്തും ഓറഞ്ച് അലർട്ടും പത്തനംതിട്ട, കോട്ടയം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ യെല്ലോ അലെർട്ടും തിരുവനന്തപുരത്തും കൊല്ലത്തും ഗ്രീൻ അലെർട്ടും പ്രഖ്യാപിച്ചു.
- റെഡ് അലർട് പ്രഖ്യാപിച്ചിരുന്നിടങ്ങളിൽ പക്ഷേ, അതിനുമാത്രമായ മഴ ലഭിച്ചില്ല.

## ആഗസ്റ്റ് 14

- മുഖ്യമന്ത്രി സ്ഥിതിഗതികൾ വിലയിരുത്തി ദുരിതാശ്വാസ, രക്ഷാ പ്രവർത്തനങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും ആവശ്യമായ നിർദേശങ്ങൾ നൽകി.
- പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ തിരച്ചിലിനും രക്ഷാപ്രവർത്തനം നടത്തുന്നതിനും മത്സ്യത്തൊഴിലാളികളുടെയും മത്സ്യബന്ധന ബോട്ടുകളുടെയും സുഗമമായ സേവനം ഉറപ്പാക്കാൻ ജില്ലാ കളക്ടറെ ചുമതല പ്പെടുത്തി.
- സംസ്ഥാന ദുരിതാശ്വാസ നിധിയിലേക്കുള്ള സംഭാവനകൾക്ക് സർവീസ് ചാർജ് ഈടാക്കരുതെന്ന് ബാങ്കുകൾക്ക് നിർദേശം നൽകി.
- ഇടുക്കിയിലും കോഴിക്കോട്ടും റെഡ് അലർട്ടും ആലപ്പുഴയിലും എറണാകുളത്തും ഓറഞ്ച് അലർട്ടും പത്തനംതിട്ട, കോട്ടയം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ യെല്ലോ അലെർട്ടും പ്രഖ്യാപിച്ചു.
- റെഡ് അലെർട്ട് പ്രഖ്യാപിച്ചിരുന്നിടങ്ങളിൽ പക്ഷേ, അതിനുമാത്രമായ മഴ ലഭിച്ചില്ല.
- പൊതുപോർട്ടലായ keralarescue.in ലേക്ക് സഹായം അഭ്യർഥിച്ചുള്ള കോളുകളുടെ തിരക്കായിരുന്നു. ഇതിലുള്ള വിവരങ്ങൾ സംസ്ഥാന എമർജൻസി ഓപറേഷൻസ് സെന്റർ പ്രാദേശികതലത്തിൽ രക്ഷാപ്രവർത്തനം നടത്തുന്നവർക്ക് കൈമാറുകയും അതുവഴി സ്ഥലം കണ്ടെത്താൻ രക്ഷാ ദൗത്യ ത്തിനിറങ്ങിയവർക്ക് പെട്ടെന്ന് കഴിയുകയും ചെയ്തു.



- രക്ഷാദൗത്യത്തിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും പങ്കാളികളാവാൻ തയ്യാറായ സന്നദ്ധപ്രവർത്തകരുടെ വിശദാംശങ്ങളും ഈ പൊതുപോർട്ടലിൽ രേഖപ്പെടുത്തി.

## ആഗസ്റ്റ് 15

- മുഖ്യമന്ത്രി സ്ഥിതിഗതികൾ വിലയിരുത്തി ദുരിതാശ്വാസ, രക്ഷാ പ്രവർത്തനങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും ആവശ്യമായ നിർദേശങ്ങൾ നൽകി.
- ഇടുക്കി, വയനാട്, കണ്ണൂർ, കാസർകോട് എന്നിവിടങ്ങളിൽ റെഡ് അലർട്ടും ആലപ്പുഴയിലും എറണാകുളത്തും ഓറഞ്ച് അലർട്ടും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ യെല്ലോ അലർട്ടും പ്രഖ്യാപിച്ചു.
- നാല് ജില്ലകളിൽ മാത്രമാണ് റെഡ് അലർട്ട് പ്രഖ്യാപിച്ചതെങ്കിലും എല്ലാ ജില്ലകളിലും റെഡ് അലർട്ടിനനുസരിച്ചുള്ള മഴ ലഭിച്ചു. തത്ഫലമായി എല്ലാ ജില്ലകളും വെള്ള ത്തിനടിയിലായി.
- പത്തനംതിട്ട, കോട്ടയം, തിരുവനന്തപുരം, തൃശ്ശൂർ, വയനാട്, കോഴിക്കോട്, കാസർകോട് ജില്ലകളിൽ ജില്ലാ കളക്ടർമാരെ സഹായിക്കുന്നതിന് അധികമായി ഐ.എ.എസ് ഓഫീസർമാരെ നിയോഗിച്ചു.
- ആഗസ്റ്റ് ഒൻപത് മുതൽ കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്രസേനയുടെ പ്രവർത്തനങ്ങൾ ഉച്ചാവസ്ഥയിൽ എത്തി.
- കേരളത്തിലൂടെ സഞ്ചരിച്ചിരുന്നതോ, കേരളത്തിൽ ലഭ്യമായതോ ആയ ലോറികൾ എല്ലാംതന്നെ രക്ഷാപ്രവർത്തനത്തിനും ദുരിതാശ്വാസ വിതരണത്തിനുമായി ഉപയോഗിച്ചു.
- കെഎസ്ആർടിയുടെ വിവിധ ഡിപ്പോകളിൽനിന്നുള്ള നൂറുകണക്കിന് ബസുകളും സംസ്ഥാനത്തുടനീളം ഉപയോഗിച്ചു.
- സംസ്ഥാന എക്സൈസ് അക്കാദമിയിൽ പരിശീലനത്തിൽ ഏർപ്പെട്ടിരുന്നവരേയും എറണാകുളം, തൃശൂർ ജില്ലകളിലെ രക്ഷാ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചു.
- വിവിധ വകുപ്പുകളുടെ വാഹനങ്ങൾ എല്ലാംതന്നെ രക്ഷാപ്രവർത്തനത്തിനും





ദുരിതാശ്വാസ വിതരണത്തിനുമായി ഉപയോഗിച്ചു.

- ഇടുക്കി, വയനാട്, എറണാകുളം ജില്ലകൾക്ക് സാറ്റലൈറ്റ് ഫോണുകൾക്കു പുറമേ സാറ്റലൈറ്റ് ഫോൺ ടെർമിനലുകളും ലഭ്യമാക്കി.

## ആഗസ്റ്റ് 16

- ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് വിശദമായ നിർദേശങ്ങൾ നൽകി. സമയബന്ധിതമായ ആശ്വാസ നടപടികളുടെ മേൽനോട്ടത്തിനായി ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചു. ഓണാഘോഷം ഒഴിവാക്കി.
- സംസ്ഥാന ദുരന്തനിവാരണ ഫണ്ട് മാനദണ്ഡ പ്രകാരം ഒരു കുടുംബത്തിന് 3800 രൂപ വീതം നൽകുന്നതിന് പുറമേ എസ്.ഡി.ആർ. എഫിന്റെ കീഴിൽ സഹായം നൽകുന്ന വ്യവസ്ഥകളിൽ പറഞ്ഞിരിക്കുന്നത് പ്രകാരം ഓരോ കുടുംബത്തിനും 6200 രൂപകൂടി നൽകാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു.
- മുഖ്യമന്ത്രി സ്ഥിതിഗതികൾ വിലയിരുത്തി ദുരിതാശ്വാസ, രക്ഷാ പ്രവർത്തനങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും ആവശ്യമായ നിർദേശങ്ങൾ നൽകി.
- ഗ്രാമീണ പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റി / കോർപ്പറേഷൻ തലങ്ങളിൽ പ്രത്യേക അദാലത്തുകൾ സംഘടിപ്പിച്ച്, ദുരിതബാധി തരുടെ കേടുപാടുകൾ സംഭവിക്കുകയോ നശിക്ക പ്പെടുകയോ ചെയ്ത രേഖകൾ, ഒരു ഫീസും ഈടാക്കാതെ സമയബന്ധിതമായി വിതരണം ചെയ്യാൻ തീരുമാനം. ഒരു ഫീസും വാങ്ങാതെ പുതിയ തിരിച്ചറിയൽ കാർഡുകൾ ലഭ്യമാക്കുന്നതിനും പ്രത്യേക അദാലത്ത് സംഘടിപ്പിച്ചു.
- മണ്ണിടിച്ചിലിൽ ഗുരുതരമായി പരുക്കേറ്റവർക്ക് സൗജന്യ മെഡിക്കൽ സഹായം ലഭ്യമാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി.
- രക്ഷാസേനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ദുരിതാശ്വാസ ക്യാമ്പുകളിലും ദുരിതബാധിതർക്കും കുടിവെള്ളവും ഭക്ഷണവും എത്തിക്കുന്ന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനും മുതിർന്ന ഐഎഎസ്, ഐപിഎസ് ഉദ്യോഗസ്ഥരെ നിയമിച്ചു. എമർജൻസി ഓപ്പറേഷൻ സെല്ലിലെ പ്രവർത്തനങ്ങൾക്ക് അഡീഷണൽ ചീഫ് സെക്രട്ടറിയെ ഇവർ സഹായിക്കും.
- ജില്ലാ തലങ്ങളിലും എമർജൻസി കൺട്രോൾ റൂമുകൾ ആരംഭിച്ചു.
- ഡിസാസ്റ്റർ റിസർവ് ഫണ്ടിൽ നിന്ന് 14 ജില്ലകൾക്കും അധിക ഫണ്ട് അനുവദിച്ചു.

## ആഗസ്റ്റ് 17

- മുഖ്യമന്ത്രി സ്ഥിതിഗതികൾ രാവിലെയും വൈകിട്ടും വിലയിരുത്തി, ദുരിതാശ്വാസ, രക്ഷാ പ്രവർത്തനങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും ആവശ്യമായ നിർദേശങ്ങൾ നൽകി..
- പ്രളയത്തിൽ കുടുങ്ങിയ ജനങ്ങൾക്ക് ഭക്ഷണം എത്തിക്കാനുള്ള ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകി.
- ഫിഷറീസ് വകുപ്പിന്റെ ബോട്ടുകൾ, മീൻപിടുത്തക്കാരുടെ ബോട്ടുകളും സേവനങ്ങളും, വിനോദ സഞ്ചാര വകുപ്പിലെ ബോട്ടുകൾ എന്നിവ രക്ഷാപ്രവർത്തനങ്ങൾക്ക് ലഭ്യമാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകി.
- ദുരിതാശ്വാസ ക്യാമ്പുകൾ സ്കൂളുകളിൽനിന്ന് ഒഴിവാക്കി, കൺവൻഷൻ സെന്ററുകളിലും കല്ല്യാണമണ്ഡപങ്ങളിലും ആരംഭിക്കാനുള്ള സാധ്യത ജില്ലാ കളക്ടർമാർ ആരാഞ്ഞു.

## ആഗസ്റ്റ് 18

- മുഖ്യമന്ത്രി സ്ഥിതിഗതികൾ ഇടയ്ക്കിടെ അവലോകനം ചെയ്ത് ദുരിതാശ്വാസ, രക്ഷാ പ്രവർത്തനങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും ആവശ്യമായ നിർദേശങ്ങൾ നൽകി..
- ദുരിതബാധിതർക്കും രക്ഷാപ്രവർത്തകർക്കും ഭക്ഷണപ്പൊതികളും മറ്റ് ആവശ്യങ്ങളും ലഭ്യമാക്കുന്നതിന് ഹെലികോപ്ടറുകളും ബോട്ടുകളും വാടകയ്ക്ക് എടുക്കേണ്ടതിന്റെ ഉത്തരവാദിത്വം ജില്ലാ കളക്ടർമാർക്ക് നൽകി.
- കേന്ദ്ര കാലാവസ്ഥാവകുപ്പ് കേരളത്തിലെ 11 ജില്ലകളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചു.
- സ്ഥിതിഗതികൾ വിലയിരുത്താനും പ്രളയബാധിത പ്രദേശങ്ങൾ നേരിട്ട് കാണാനുമായി പ്രധാനമന്ത്രി കേരളം സന്ദർശിച്ചു. പ്രധാനമന്ത്രിക്കൊപ്പം മുഖ്യമന്ത്രി, റവന്യൂമന്ത്രി എന്നിവർ പ്രളയ ബാധിതപ്രദേശങ്ങളിൽ വ്യോമനിരീക്ഷണം നടത്തി.
- പ്രാഥമിക കണക്കെടുപ്പ് പ്രകാരം 19,512.57 കോടിയുടെ നഷ്ടം സംഭവിച്ചതായി സർക്കാർ വിലയിരുത്തൽ. കേന്ദ്രസർക്കാരിനോട് 2,000 കോടിയുടെ അടിയന്തര സഹായം കേരളം ആവശ്യപ്പെട്ടു. സംസ്ഥാനത്തിന്റെ ദുരന്തനിവാരണ ഫണ്ടിലേക്ക് കേന്ദ്രസർക്കാർ 500 കോടിയുടെ അടിയന്തരസഹായം

അനുവദിച്ചു.

## ആഗസ്റ്റ് 19

- മുഖ്യമന്ത്രി സ്ഥിതിഗതികൾ ഇടയ്ക്കിടെ അവലോകനം ചെയ്യുകയും ദുരിതാശ്വാസ, രക്ഷാ പ്രവർത്തനങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു.
- തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളത്തിലും തിരുവനന്തപുരം, തൃശൂർ, ആലപ്പുഴ, എറണാകുളം ജില്ലകളിലെ കേന്ദ്രങ്ങളിലും എത്തിയ ദുരിതാശ്വാസ സാമഗ്രികളുടെ ശേഖരണത്തിനും വിതരണത്തിനും മേൽനോട്ടം വഹിക്കാൻ ഐഎഎസ് ഓഫീസർമാരെ നിയോഗിച്ചു. ഡെപ്യൂട്ടി കളക്ടർ (തെരഞ്ഞെടുപ്പ്) മാരെ ജില്ലാതലത്തിൽ നോഡൽ ഓഫീസർമാരായി നിയമിച്ചു.
- ജില്ലാ മെഡിക്കൽ ഓഫീസർമാരെ ഉപയോഗിച്ച് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാനും ക്യാമ്പുകളിൽ സേവനത്തിന് നഴ്സ്, ഹെൽത്ത് ഇൻസ്പെക്ടർമാർ, പി.ജി. വിദ്യാർഥികൾ എന്നിവരുടെ എണ്ണം ആവശ്യത്തിനുണ്ടെന്നും ഉറപ്പാക്കാൻ ആരോഗ്യവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തി.
- നഴ്സുമാർക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നൽകാനും ആവശ്യമെങ്കിൽ ആറ് ഹെൽത്ത് ഇൻസ്പെകടർമാരെ പഞ്ചായത്ത് തലത്തിൽ നിയോഗിച്ച് ക്ലീനിങ് ജോലികൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും പഞ്ചായത്തുതല ആക്ഷൻപ്ലാൻ തയാറാക്കാനും അനുമതി.
- അവശ്യമരുന്നുകൾ, ബ്ലീച്ചിങ് പൗഡർ, ആന്റി സ്നേക് വെനം, എന്നിവ ആവശ്യത്തിന് സംഭരിച്ചുവയ്ക്കാൻ കേരള മെഡിക്കൽ സപ്ലൈസ് (കെഎംഎസ്സി) നോടു നിർദേശിച്ചു. ഇവ സംഭരിക്കാനായുള്ള സൗകര്യം ജില്ലാതലത്തിലും പ്രാദേശിക തലത്തിലും ഒരുക്കാനും ആവശ്യപ്പെട്ടു.
- ജില്ലകളിലെ മെഡിക്കൽ ക്യാമ്പുകളുടെ തുടർച്ചയായ പ്രവർത്തനം ഉറപ്പുവരുത്തണം. മെഡിക്കൽ കോളേജുകളിലെ ഫാക്കൽറ്റി, പിജി വിദ്യാർഥികൾ തുടങ്ങിയവരുടെ സേവനം ലഭ്യമാക്കണം.
- വെള്ളപ്പൊക്കം മൂലം പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ട വിദ്യാർഥികളുടെ വിശദാംശങ്ങൾ ആഗസ്റ്റ് 31ന് മുമ്പ് ശേഖരിക്കാൻ നിർദ്ദേശം നൽകി.
- വിദ്യാഭ്യാസ വകുപ്പ് നൽകിയ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടവർ അതത് സ്കൂളുകൾ മുഖേന സെപ്തംബർ മൂന്നിന് രജിസ്റ്റർ ചെയ്യാൻ നിർദേശം.
- വെള്ളപ്പൊക്കത്താൽ തകർന്നതും





അപകടസാധ്യതയുള്ളതുമായ സ്കൂളുകൾ തിരിച്ചറിയുന്നതിനും വിവരങ്ങൾ നൽകുന്നതിനും ജില്ലാ/സബ്-ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദേശം നൽകി. പിടിഎകളുടെ സഹായത്തോടെ ഇത് ചെയ്യണം.

## ആഗസ്റ്റ് 20

- മുഖ്യമന്ത്രി സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും ദുരിതാശ്വാസ, രക്ഷാപ്രവർത്തനങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു.
- പ്രളയബാധിതമായ ഗ്രാമപ്രദേശങ്ങൾക്ക് 25,000 രൂപയും മുനിസിപ്പാലിറ്റി/കോർപറേഷൻ വാർഡുകളിൽ 50,000 രൂപയും വീതം ശുചീകരണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചു.
- മുതിർന്ന ഐ.എ.എസ് ഓഫീസർമാരെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ കൃത്യമായി ഏകോപിപ്പിക്കാനും സംസ്ഥാനതല സ്വീകരണ, വിതരണ കേന്ദ്രങ്ങൾ കൈകാര്യം ചെയ്യാനും നിയോഗിച്ചു.
- ഭാവിയിൽ ഉണ്ടാകാവുന്ന ആസൂത്രണത്തിന് സഹായകമാകാനായി സ്കൂളുകളിൽ ഏതുതലംവരെ വെള്ളംപൊങ്ങിയെന്നത് അടയാളപ്പെടുത്താൻ തീരുമാനം.
- പത്തനംതിട്ട ചാത്തങ്കരിയിലും ആലപ്പുഴ മുനിസിപ്പൽ സ്ക്വയറിലും 10 ബെഡ്, ലബോറട്ടറി, ഡയഗ്നോസ്റ്റിക്സ് സൗകര്യങ്ങളോടുകൂടിയ താത്കാലിക ആശുപത്രി ദക്ഷിണ വ്യോമ കമാൻഡ് ആരംഭിച്ചു.
- വിവിധ കേന്ദ്ര സേനകളിലെ മെഡിക്കൽ ടീമുകൾ ജില്ലകളിലെ മെഡിക്കൽ ക്യാമ്പുകളിൽ സംസ്ഥാന ആരോഗ്യവകുപ്പുമായി സഹകരിച്ച് പ്രവർത്തിച്ചു.

## ആഗസ്റ്റ് 21

- മുഖ്യമന്ത്രി സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും ദുരിതാശ്വാസ, രക്ഷാ പ്രവർത്തനങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും കൃത്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു.
- ദുരിതാശ്വാസ ക്യാമ്പുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് വിശദ നിർദേശം നൽകി.
- സംസ്ഥാന ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽനിന്നും കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശൂർ, കണ്ണൂർ മലപ്പുറം കോഴിക്കോട് ജില്ലകൾക്ക് അധികഫണ്ട് അനുവദിച്ചു.
- ദുരിതാശ്വാസ ക്യാമ്പുകളിൽ ഏറ്റവും കൂടുതൽ പേർ കഴിഞ്ഞത് ഈ ദിവസം – 3,879 ക്യാമ്പുകളിൽ 14,50,707 പേർ
- ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവപങ്കാളികളായ വിവിധ കേന്ദ്രസേനകൾ, സംസ്ഥാന സേനകൾ, വകുപ്പുകൾ, മത്സ്യ ത്തൊഴിലാളികൾ,ഉദ്യോഗസ്ഥർ എന്നിവരെ ആദരിക്കാൻ തീരുമാനിച്ചു.

## ആഗസ്റ്റ് 22

- മുഖ്യമന്ത്രി സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും ദുരിതാശ്വാസ, രക്ഷാപ്രവർത്തനങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും കൃത്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു.
- ക്യാമ്പുകളിൽ നിന്ന് അവരുടെ വീട്ടിലേക്ക് മടങ്ങിപ്പോകുന്ന കുടുംബങ്ങൾക്ക് അവശ്യ വസ്തുക്കളുടെ കിറ്റുകൾ നൽകി.
- തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലാ കളക്ടർമാരെ അന്തർദേശീയ തലത്തിൽനിന്നുള്ള ദുരിതാശ്വാസ സാമഗ്രികൾ കൈപ്പറ്റുന്ന ചുമതല ഏൽപ്പിച്ചു.
- ദുരിതാശ്വാസ ക്യാമ്പുകളുടെ കൃത്യമായ നടത്തിപ്പിനായി പെരുമാറ്റച്ചട്ടം സംബന്ധിച്ച വിശദമായ സർക്കുലർ പുറപ്പെടുവിച്ചു.

## ആഗസ്റ്റ് 23

- മുഖ്യമന്ത്രി ചെങ്ങന്നൂർ, ചാലക്കുടി എന്നീ സ്ഥലങ്ങളിൽ സന്ദർശനം നടത്തി.
- മുഖ്യമന്ത്രി സ്ഥിതിഗതികൾ അവലോകനം ചെയ്യുകയും ദുരിതാശ്വാസ രക്ഷാപ്രവർത്തന ങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും കൃത്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു.
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലെ ഫണ്ട് വിനിയോഗിച്ച് എല്ലാ തോട്ടം തൊഴിലാളികൾക്കും 15 കിലോ അരി നൽകാൻ തീരുമാനം.

## ആഗസ്റ്റ് 24

- മുഖ്യമന്ത്രി സ്ഥിതിഗതികൾ അവലോകനം ചെയ്ത്, ദുരിതാശ്വാസ, രക്ഷാപ്രവർത്തനങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും കൃത്യമായ നിർദേശങ്ങൾ നൽകി.
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും

242.47 കോടിരൂപ ചെലവഴിച്ച് വെള്ളപ്പൊക്കത്തിൽ നാശനഷ്ടങ്ങളുണ്ടായ കുടുംബങ്ങൾക്ക് വിതരണംചെയ്തു.

## ആഗസ്റ്റ് 26

- മുഖ്യമന്ത്രി സ്ഥിതിഗതികൾ അവലോകനം ചെയ്ത് ദുരിതാശ്വാസ, രക്ഷാപ്രവർത്തന ങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും കൃത്യമായ നിർദേശങ്ങൾ നൽകി.
- പ്രളയത്താലോ രക്ഷാപ്രവർത്തനങ്ങൾ ക്കിടയിലോ കേടുപാടുപറ്റിയ ബോട്ടുകൾ മാനദണ്ഡങ്ങൾക്ക് അനുസൃതമായി അറ്റകുറ്റപണി നടത്താൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി.

## ആഗസ്റ്റ് 27

- മുഖ്യമന്ത്രി സ്ഥിതിഗതികൾ അവലോകനം ചെയ്ത് ദുരിതാശ്വാസ, രക്ഷാപ്രവർത്തന ങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും കൃത്യമായ നിർദേശങ്ങൾ നൽകി.

## ആഗസ്റ്റ് 28

- മുഖ്യമന്ത്രി സ്ഥിതിഗതികൾ അവലോകനം ചെയ്ത് ദുരിതാശ്വാസ, രക്ഷാപ്രവർത്തന ങ്ങളിൽ മുഴുകിയ വകുപ്പുകൾക്കും സേനകൾക്കും കൃത്യമായ നിർദേശങ്ങൾ നൽകി.
- സംസ്ഥാന ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽനിന്നും പിഡബ്ല്യുഡി റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണിക്കും പുനർ നിർമിതിക്കുമായി അധികഫണ്ട് അനുവദിച്ചു.

## ആഗസ്റ്റ് 29

- പ്രളയബാധിത റവന്യൂ വില്ലേജുകളുടെ പട്ടിക തയാറാക്കി.

## ആഗസ്റ്റ് 30

- തദ്ദേശസ്ഥാപനങ്ങൾക്ക് കീഴിൽവരുന്ന പബ്ലിക് ഹെൽത്ത് സെന്ററുകളുടെയും കമ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും അറ്റകുറ്റപ്പണിക്കും പുനർനിർമിതിക്കുമായി ഫണ്ട് ലഭ്യമാക്കി.
- കൊല്ലം, ആലപ്പുഴ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകൾക്ക് സിഎംഡിആർഎഫിൽനിന്നും ഫണ്ട് അനുവദിച്ചു.

## ആഗസ്റ്റ് 31

- വിദേശത്തുനിന്നുള്ള ദുരിതാശ്വാസ സാമഗ്രികൾ ഏറ്റുവാങ്ങുന്നത് സംബന്ധിച്ച് കളക്ടർമാർക്ക് വ്യക്തമായ നിർദേശം നൽകി.

## സെപ്റ്റംബർ ഒന്ന്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ധനം സമാഹരിക്കാൻ ഓരോ ജില്ലയുടേയും ചുമതല മന്ത്രിമാർക്കും മുതിർന്ന ഉദ്യോഗസ്ഥർക്കും നൽകി.

## സെപ്റ്റംബർ മൂന്ന്

- വീടുകൾക്ക് ഉണ്ടായ നാശനഷ്ടം സംബന്ധിച്ച് ഡിജിറ്റൽ ക്രൗഡ് സോഴ്സ് ടെക്നിക്ക് ഉപയോഗിച്ച് ഡിജിറ്റൽ ഡാറ്റ തയ്യാറാക്കാനും ഭൂമിശാസ്ത്രപരമായ വിവരങ്ങളും മാപ്പുകളും ഉപയോഗിച്ച് ശാസ്ത്രീയമായി നഷ്ടത്തിന്റെ തോത് വിലയിരുത്താനും തീരുമാനം
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ധനം സമാഹരിക്കാൻ ഓരോ ജില്ലയുടേയും ചുമതല മന്ത്രിമാർക്കും മുതിർന്ന ഉദ്യോഗസ്ഥർക്കും കൈമാറി.

## സെപ്റ്റംബർ നാല്

- ഹൈക്കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിദേശത്തുനിന്നും ലഭിച്ച സാമഗ്രികൾ സ്വീകരിക്കാൻ ഉത്തരവായി.
- രക്ഷാപ്രവർത്തനത്തിനിടെ തകർന്ന മത്സ്യബന്ധന ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്ക് സൗകര്യവും പണവും നൽകാൻ ഉത്തരവ്.
- എസ്.സി/എസ്ടി, പിന്നോക്ക സമുദായങ്ങൾ, ദുരിതബാധിത കുടുംബങ്ങൾ എന്നിവയ്ക്കായി ദുരിതാശ്വാസങ്ങൾ വിതരണം ചെയ്യുന്നതിന് വിശദമായ ഉത്തരവ് നൽകി.
- ലോകബാങ്കും ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കും ഐഎഫ്സിയും സംയുക്തമായി നഷ്ടത്തിന്റെയും ആവശ്യകതയുടേയും വിലയിരുത്തൽ ആരംഭിച്ചു.

## സെപ്റ്റംബർ അഞ്ച്

- ജൈവമാലിന്യങ്ങൾ ശേഖരിച്ച് മാറ്റുന്നതിന് ക്ലീൻ കേരള കമ്പനിക്ക് സംസ്ഥാന ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽനിന്നും തുക അനുവദിച്ചു.
- സർക്കാർ കെട്ടിടങ്ങൾ, വൈദ്യുതി പോസ്റ്റുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂളുകൾ, ആശുപത്രികൾ, പൊതു ഗ്രന്ഥശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗവൺമെന്റ് എയ്ഡഡ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ ഉയർന്ന ജലത്തിന്റെ അളവ് രേഖപ്പെടുത്തുന്ന ഫലകങ്ങൾ സ്ഥാപിക്കാൻ തീരുമാനം.



- 10,000 രൂപ ലഭിക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റിന് അന്തിമരൂപം. പരുക്കേറ്റവർക്കുള്ള പരാതി പരിഹാര സംവിധാനവും ഈ ഉത്തരവിൽ പ്രഖ്യാപിക്കപ്പെട്ടു.

## സെപ്റ്റംബർ ആറ്

വീടുകളും ഭൂമിയും ഉപയോഗിക്കാൻ കഴിയാത്തവിധം നഷ്ടമായ കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചു. ഈ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്, ഒരു കുടുംബത്തിന് മൂന്ന് മുതൽ അഞ്ച് സെന്റ് ഭൂമിവരെ കണ്ടെത്താൻ കളക്ടർമാർക്ക് നിർദേശം. ഭൂമിയുടെ ലഭ്യത കുറവാണെങ്കിൽ ഫ്ലാറ്റ് നിർമിച്ച് ഇവരെ പുനരധിവസിപ്പിക്കണം.

## സെപ്റ്റംബർ ഏഴ്

വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ബാധിച്ച പ്രദേശങ്ങളുടെ ഡിജിറ്റൽ മാപ്പിങ് പ്രോട്ടോകോൾ പുറപ്പെടുവിച്ചു. സെൻട്രൽ വാട്ടർ കമ്മീഷൻ, ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ എന്നിവയുടെ സഹകരണത്തോടെ ജലവിഭവ വികസന മാനേജ്മെന്റ്, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ്, എം.ജി സർവകലാശാല, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് സെന്റർ എന്നീ ദേശീയ ഏജൻസികൾ ഇതിൽ ഉൾപ്പെടുന്നു.

- നഷ്ടപ്പെടുകയോ കേടുസംഭവിക്കുകയോ ചെയ്ത സർട്ടിഫിക്കറ്റുകൾക്ക് പകരം പുതിയത് നൽകുന്നതിന് ഒരു ഫീസും ഈടാക്കരുതെന്ന് നിർദ്ദേശം. (ജിഒ (ആർടി) നം. 21/2018/ ഡിഎംഡി . 07/09/2018)
- ദുരിതാശ്വാസക്യാമ്പുകളിൽ പച്ചക്കറികൾ വിതരണം ചെയ്യുന്നതിന് സംസ്ഥാന ദുരന്തനിവാരണ ഫണ്ടിൽനിന്നും ഹോർട്ടികോർപിന് തുക അനുവദിച്ചു.
- 10,000 രൂപയ്ക്ക് അർഹരായിട്ടുള്ള കുടുംബങ്ങൾക്ക് കുടുംബശ്രീ മുഖേന ഒരു ലക്ഷം രൂപ വായ്പ അനുവദിച്ചു. (ജിഒ (ആർടി) നം. 326/2018/ആർഇവി 07/09/2018)

## സെപ്റ്റംബർ 13

- ദേശീയ ദുരന്ത നിവാരണ ഫണ്ടിൽനിന്നും മാനദണ്ഡങ്ങൾക്ക് വിധേയമായി 4796.35 കോടിരൂപയുടെ അധിക ധനസഹായം മെമ്മോറാണ്ടത്തിലൂടെ ആരാഞ്ഞു.
- പ്രളയാനന്തരം വേണ്ടിവരുന്ന ആവശ്യങ്ങളുടെ വിലയിരുത്തൽ ദുരന്തനിവാരണ അതോറിറ്റിയുടെ കീഴിൽ യുഎൻ സ്ഥാപനങ്ങൾ ആരംഭിച്ചു.

**അവലംബം: കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്**

# മന്ത്രിസഭാതീരുമാനങ്ങൾ



**ദുരന്തവേളയിൽ കൂടിയ മന്ത്രിസഭായോഗ തീരുമാനങ്ങൾ സംസ്ഥാന സർക്കാരിന്റെ ചടുലവും കാര്യക്ഷമവുമായ ഇടപെടലുകൾ വിളിച്ചോതുന്നവയായിരുന്നു. ആഗസ്റ്റ് 14 മുതൽ കൂടിയ മന്ത്രിസഭായോഗതീരുമാനങ്ങളിലേക്ക്...**

## ആഗസ്റ്റ് 14

പ്രളയത്തിന്റെ തീവ്രതയും ദുരിതത്തിന്റെ കാഠിന്യവും കണക്കിലെടുത്ത് നേരത്തെ പ്രഖ്യാപിച്ച 193 വില്ലേജുകൾക്കു പുറമെ, പുതുതായി 251 വില്ലേജുകൾ കൂടി (ആകെ 444 വില്ലേജുകൾ) പ്രളയബാധിത പ്രദേശങ്ങളായി, പ്രഖ്യാപിച്ചു.

### 10,000 രൂപ ആശ്വാസധനസഹായം

രണ്ട് ദിവസത്തിലധികം വെള്ളം കെട്ടിനിൽക്കുകയോ, മണ്ണിടിച്ചിലിൽ വീട് വാസയോഗ്യമല്ലാതാവുകയോ ചെയ്ത ഓരോ കുടുംബത്തിനും ആശ്വാസ ധനസഹായമായി 10,000 രൂപ നൽകും.

പൂർണമായും തകർന്നതോ വാസയോഗ്യമല്ലാതാവുകയോ ചെയ്ത വീട് ഒന്നിന് നാല് ലക്ഷം രൂപയും വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് ഇതിനു പുറമെ മൂന്ന് മുതൽ അഞ്ച് വരെ സെന്റ് സ്ഥലം വാങ്ങുന്നതിനായി പരമാവധി ആറ് ലക്ഷം രൂപയും മാനദണ്ഡപ്രകാരം നൽകും.

സർക്കാർ, പൊതുമേഖല, കമ്പനി ജീവനക്കാരുടെ രണ്ട് ദിവസത്തെ ശമ്പളം ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകണമെന്ന് ജീവനക്കാരോട് അഭ്യർഥിച്ചു.

പൊതുമേഖലാ-സഹകരണ സ്ഥാപനങ്ങളുടെ സി.എസ്.ആർ ഫണ്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകാൻ അഭ്യർഥിച്ചു.

ദുരിതാശ്വാസ നിധിയിലേക്ക് ലഭിക്കുന്ന സംഭാവനകൾക്ക് പൊതുമേഖലാ-സഹകരണ ബാങ്കുകൾ ഈടാക്കുന്ന കമ്മീഷനുകളും എക്സ്ചേഞ്ച് ചാർജുകളും ഒഴിവാക്കണമെന്ന് സംസ്ഥാന ബാങ്കിംഗ് സമിതിയോട് ആവശ്യപ്പെട്ടു. യു.എ.ഇ എക്സ്ചേഞ്ച് വഴി പണം ട്രാൻസ്ഫർ ചെയ്യുന്നതിന് കമ്മിഷൻ ഒഴിവാക്കാമെന്ന് ബന്ധപ്പെട്ടവർ സമ്മതിച്ചു.

ദുരിതാശ്വാസമായി സർക്കാർ നൽകുന്ന തുക ബാങ്ക് അക്കൗണ്ടുകളിലേക്ക് നിക്ഷേപിക്കുന്ന അക്കൗണ്ടുകളിൽ മിനിമം ബാലൻസ് സൂക്ഷിക്കണമെന്ന നിബന്ധന ഒഴിവാക്കണമെന്ന് ബാങ്കുകളോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.



വായ്പകൾക്ക് പ്രഖ്യാപിച്ചിരുന്ന മൊറട്ടോറിയം പുതിയ പ്രളയബാധിത പ്രദേശങ്ങൾക്കു കൂടി ബാധകമാക്കും.

സർക്കാരിന്റെ നേതൃത്വത്തിൽ നടത്താറുള്ള ഓണാഘോഷ പരിപാടികൾ ഒഴിവാക്കും. ആഘോഷ പരിപാടികൾക്കായി ലഭ്യമാക്കിയ തുക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കും.

## ഓൺലൈൻ സംവിധാനം

കേന്ദ്ര സർക്കാരിന്റെ Unified Payment Interface (UPI) അധിഷ്ഠിതമായി സംഭാവന ചെയ്യാനുള്ള സംവിധാനം സംസ്ഥാന സർക്കാരിന്റെ www.kerala.gov.in വെബ്സൈറ്റിൽ ഏർപ്പെടുത്തി.

ഇത്തരം സംഭാവനകൾക്ക് രസീതും ആദായനികുതി ഇളവിനാവശ്യമായ സർട്ടിഫിക്കറ്റും തത്സമയം നൽകുന്ന സംവിധാനവും ഏർപ്പെടുത്തി.

ബാങ്ക് കൗണ്ടറുകളിൽ നല്കുന്ന തുകയ്ക്ക് ഒരു ദിവസത്തിനകം ആദായനികുതി ഇളവിനാവശ്യമായ സർട്ടിഫിക്കറ്റ് ലഭ്യമാക്കും. ഇക്കാര്യത്തിൽ സഹായമാവശ്യമുണ്ടെങ്കിൽ 155300 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

## റോഡുകൾക്ക് 1000 കോടി

കാലവർഷത്തിൽ തകർന്ന റോഡുകൾ നന്നാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് ഒന്നാം ഘട്ടമായി 1000 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. ജൂൺ-ജൂലൈ മാസങ്ങളിലുണ്ടായ പേമാരിയിൽ 8420 കിലോമീറ്റർ റോഡുകൾ തകർന്നതായാണ് പൊതുമരാമത്ത് വകുപ്പ് പ്രാഥമികമായി കണക്കാക്കിയിട്ടുള്ളത്.

മണ്ഡല-മകരവിളക്ക് തീർഥാടനവുമായി ബന്ധപ്പെട്ട് ശബരിമലയിലേക്കുള്ള റോഡുകൾ നന്നാക്കുന്നതിന് 200 കോടി രൂപയുടെ ഭരണാനുമതി നൽകി.

കാസർകോട്, വയനാട്, പാലക്കാട്, പത്തനംതിട്ട എന്നീ ജില്ലകളിലെ അഞ്ച് നദികളിൽ ജലസംഭരണത്തിന് ഗോവൻ മാതൃകയിൽ ബന്ധാരകൾ നിർമിക്കാൻ തീരുമാനിച്ചു. ഭവാനി, തൂതപ്പുഴ (പാലക്കാട്), ചന്ദ്രഗിരി (കാസർകോട്), പനമരം നദീതടം (വയനാട്), അച്ചൻകോവിൽ (പത്തനംതിട്ട) നദീതടം എന്നീ നദികളിലാണ് പരീക്ഷണ അടിസ്ഥാനത്തിൽ ബന്ധാരകൾ നിർമിക്കുന്നത്. ഇതിന് 175 കോടി രൂപയാണ് ചെലവ്.

## എന്താണ് ബന്ധാരകൾ?

നദിയുടെ സ്വാഭാവിക നീരൊഴുക്കുചാലിനുള്ളിൽ മാത്രമായി ജലം തടഞ്ഞു നിർത്തുന്ന സംഭരണികളാണ് ബന്ധാരകൾ. ഒരേ നദിയിൽ തന്നെ പലയിടത്തായി ബന്ധാരകൾ നിർമിക്കാനാകും. മഴക്കാലത്ത് എല്ലാ ഷട്ടറുകളും

## രേഖകൾ നൽകാൻ അദാലത്ത്

നഷ്ടപ്പെട്ട രേഖകൾ നൽകുന്നതിന് കാലതാമസം വരാതെയും ഫീസ് ഇടാക്കാതെയും സമയബന്ധിതമായി നൽകുന്നതിന് അദാലത്തുകൾ ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ സംഘടിപ്പിക്കാൻ തീരുമാനിച്ചു. ഫീസ് കൂടാതെ പുതിയ രേഖകൾ അനുവദിക്കുന്നതിന് 2018 സെപ്റ്റംബർ 30 വരെ സമയം അനുവദിക്കും. സെപ്റ്റംബർ മൂന്ന് മുതൽ 15 വരെ പ്രത്യേക അദാലത്തുകൾ നടത്തും.

അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് ജില്ലയിൽ ചുമതലയുള്ള മന്ത്രിമാരെയും ഒരു സെക്രട്ടറിതല ഉദ്യോഗസ്ഥനെയും പ്രത്യേകം ചുമതലപ്പെടുത്തും. രേഖകൾക്കുള്ള അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾ സൗജന്യമായി സ്വീകരിക്കും. അക്ഷയ കേന്ദ്രങ്ങൾക്കുള്ള ഫീസ് സർക്കാർ നൽകും.

സമയബന്ധിതമായി ദുരിതാശ്വാസത്തിനുള്ള നഷ്ടപരിഹാരം നൽകാൻ ആവശ്യമായ തീരുമാനങ്ങളെടുക്കാനും നടപ്പാക്കാനും ഇ.പി. ജയരാജൻ, ഇ. ചന്ദ്രശേഖരൻ, മാത്യു. ടി. തോമസ്, എ.കെ. ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവരടങ്ങിയ മന്ത്രിസഭാ ഉപസമിതിയെ നിശ്ചയിച്ചു.

മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരവും കൃഷിനാശം സംഭവിച്ചവർക്ക് മറ്റ് അർഹതപ്പെട്ട ആനുകൂല്യങ്ങൾക്കു പുറമെ വിത്തും നൽകും.

ഒന്നാംഘട്ട പ്രളയബാധ സമയത്ത് ബാങ്ക്

മാറ്റി വെള്ളപ്പൊക്കം ഒഴിവാക്കുകയും മഴ മാറിയാൽ ഷട്ടറുകൾ ഉറപ്പിച്ച് ജലം സംഭരിക്കുകയും നീരൊഴുക്ക് കുറയുന്നതിനനുസരിച്ച് ഓരോ നിര ഷട്ടറുകൾ നീക്കി നിയന്ത്രിതമായി ജലം തുറന്നുവിടുകയുമാണ് പ്രവർത്തന രീതി. ഗോവയിൽ ഇത് വളരെ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്.

## ആഗസ്റ്റ് 16

പ്രളയക്കെടുതി നേരിടുന്നതിന് പണം കണ്ടെത്താനുള്ള ശ്രമങ്ങളുടെ ഭാഗമായി ഇന്ത്യൻ നിർമിത വിദേശമദ്യത്തിന്റെ എക്സൈസ് ഡ്യൂട്ടി 2018 നവംബർ 30 വരെ വർധിപ്പിക്കും.

നിലവിൽ ആറ് സ്ലാബുകളിലായാണ് ഡ്യൂട്ടി നിശ്ചയിച്ചത്. എല്ലാ സ്ലാബിലും പർച്ചേസ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ എക്സൈസ് ഡ്യൂട്ടിയിൽ നേരിയ വർധന വരുത്താനാണ് തീരുമാനം. 235 രൂപയ്ക്കും 250 രൂപയ്ക്കും ഇടയിൽ വിലയുള്ള മദ്യത്തിന് ഇപ്പോൾ പർച്ചേസ് കോസ്റ്റിന്റെ 21 ശതമാനമാണ് നികുതി. അത് 21.5 ശതമാനമായി വർധിക്കും. മറ്റു സ്ലാബുകളിലും വർധന വരും. അധിക വരുമാനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൈമാറും.

പ്രളയക്കെടുതിയും ദുരന്തനിവാരണ പ്രവർത്തനവും മന്ത്രിസഭ അവലോകനം ചെയ്തു.

## ആഗസ്റ്റ് 21

പ്രളയദുരന്തം നേരിട്ട ജനങ്ങൾക്ക് ആശ്വാസം നൽകാനും അവരെ പുനരധിവസിപ്പിക്കാനും കേരളത്തെ പുനർനിർമിക്കാനും അനുയോജ്യമായ ബൃഹദ്പദ്ധതി തയാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കും. തകർന്ന കേരളത്തെ അതിനു മുമ്പുള്ള അവസ്ഥയിലേക്ക് പുനഃസ്ഥാപിക്കുകയല്ല പുതിയൊരു കേരളത്തെ സൃഷ്ടിക്കുന്നതിനുള്ള പദ്ധതിയാണ് തയ്യാറാക്കുന്നത്.

സംസ്ഥാനത്തിന്റെ പുനർനിർമാണത്തിന് വലിയ തോതിൽ വിഭവ സമാഹരണം നടത്തേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ കമ്പോളത്തിൽ നിന്ന് സംസ്ഥാനത്തിന് വായ്പയെടുക്കാനുള്ള പരിധി ഉയർത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടും. കേരളത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ (ജിഎസ്ഡിപി) മൂന്നുശതമാനമാണ് ഇപ്പോൾ വായ്പയെടുക്കാനുള്ള പരിധി. അത് നാലര ശതമാനമായി ഉയർത്താൻ ആവശ്യപ്പെടും. പരിധി ഉയർത്തിയാൽ 10,500 കോടി രൂപ അധികമായി സമാഹരിക്കാൻ കഴിയും.

പശ്ചാത്തല സൗകര്യങ്ങൾ പുനർനിർമിക്കുന്നതിനും കൃഷിയിലും ജലസേചനം ഉൾപ്പെടെയുള്ള അനുബന്ധമേഖലകളിലും സാമൂഹ്യമേഖലയിലും ദീർഘകാല പദ്ധതികൾ നടപ്പാക്കുന്നതിനും പ്രത്യേക പദ്ധതി നടപ്പാക്കണമെന്ന് നബാർഡിനോട് ആവശ്യപ്പെടും. ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേരളത്തിന് പ്രത്യേക പാക്കേജ് വേണം. മഹാത്മാഗാന്ധി തൊഴിലുറപ്പുപദ്ധതിക്ക് ഈ വർഷം 2,600 കോടി രൂപയുടെ പ്രത്യേക പാക്കേജ് വേണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെടും.

ദുരിതാശ്വാസം, പുനരധിവാസം, പുനർനിർമാണം എന്നിവ ചർച്ച ചെയ്യുന്നതിന് ആഗസ്റ്റ് 30 ന് പ്രത്യേക നിയമസഭാ സമ്മേളനം വിളിച്ചുചേർക്കുന്നതിന് ഗവർണ്ണറോട് ശുപാർശ ചെയ്യും.

പ്രളയബാധിത പ്രദേശങ്ങളിലെ ബാങ്ക് വായ്പകൾക്ക് ഇതിനകം തന്നെ മൊറട്ടോറിയം പ്രഖ്യാപിച്ചത് വാണിജ്യബാങ്കുകൾക്കും സഹകരണ ബാങ്കുകൾക്കും ബാധകമാണ്.

എന്നാൽ, ചില സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ പ്രതിനിധികൾ ദുരിതാശ്വാസ ക്യാമ്പുകളിൽ പോയി വായ്പാ കുടിശ്ശിക പിരിക്കാൻ ശ്രമിച്ച പരാതികളും ഉയർന്നു വന്നിട്ടുണ്ട്. ഇത്തരം ശ്രമങ്ങളിൽ നിന്ന് അവർ പിന്തിരിയണം. ജനങ്ങൾക്ക് ആശ്വാസം നൽകുന്ന രീതിയിലുള്ള നിലപാട് സ്വകാര്യ ധനകാര്യസ്ഥാപനങ്ങളും സ്വീകരിക്കണം.



## പുനർനിർമാണത്തിന് ഫണ്ട് സ്വരൂപിക്കാൻ പ്രത്യേക ലോട്ടറി

പ്രളയക്കെടുതി നേരിടുന്നതിനും കേരളത്തിന്റെ പുനർനിർമാണത്തിനും പണം സമാഹരിക്കുന്നതിന് പ്രത്യേക ലോട്ടറി ആരംഭിക്കാൻ തീരുമാനിച്ചു. അധിക വിഭവസമാഹരണത്തിനുള്ള നടപടികളുടെ ഭാഗമായി സംസ്ഥാന ജി.എസ്.ടി. തുകയ്ക്കു മേൽ 10 ശതമാനം സെസ് ചുമത്താൻ അനുവദിക്കണമെന്ന് ജി.എസ്.ടി. കൗൺസിലിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

ഇതരസംസ്ഥാനങ്ങളും സന്നദ്ധസംഘടനകളും വ്യക്തികളും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള ഫണ്ടിനു പുറമെ നൽകുന്ന സാധനസാമഗ്രികൾ വ്യക്തമായ വ്യവസ്ഥയോടെ സ്വീകരിക്കാനും അവ ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്ന അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യാനും തീരുമാനിച്ചു. തികയാത്ത സാധനങ്ങൾ സംസ്ഥാന ദുരന്തനിവാരണ ഫണ്ട് ഉപയോഗിച്ച് ലഭ്യമാക്കും.

രക്ഷാപ്രവർത്തനം നടത്തിയ മത്സ്യത്തൊഴിലാളികളെ പൊതുചടങ്ങിൽ ആദരിക്കുമ്പോൾ അവർക്ക് എസ്.ഡി.എം.എ യുടെ സർട്ടിഫിക്കറ്റ് നൽകാൻ തീരുമാനിച്ചു. രക്ഷാപ്രവർത്തനത്തിൽ പങ്കാളികളായ ആർമി, നേവി, എയർഫോഴ്സ്, കോസ്റ്റ് ഗാർഡ്, എൻ.ഡി. ആർ.എഫ്, സി.ആർ.പി.എഫ്, ബി.എസ്.എഫ് എന്നിവയിലെ അംഗങ്ങളെ പൊതുചടങ്ങിൽ ആദരിക്കാൻ തീരുമാനിച്ചു.

രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട പോലീസ്, ഫയർഫോഴ്സ്, റവന്യൂ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥരെ അഭിനന്ദിച്ച് എസ്.ഡി.എം.എയുടെ സർട്ടിഫിക്കറ്റ് നൽകും.

പ്രളയദുരിതം കണക്കിലെടുത്ത് സംസ്ഥാനത്തെ മുഴുവൻ തോട്ടം തൊഴിലാളികൾക്കും 15 കിലോ വീതം സൗജന്യ റേഷൻ അനുവദിക്കാൻ തീരുമാനിച്ചു.

പാലക്കാട് നെന്മാറ അളവുശ്ശേരിയിൽ ഉരുൾപൊട്ടലിൽ ഒരു കുടുംബത്തിലെ അഞ്ച് പേർ മരിച്ച സംഭവത്തിൽ ഗുരുതരമായ പരിക്കുകളോടെ രക്ഷപ്പെട്ട അഖിലയുടെ (24 വയസ്സ്) ചികിത്സയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ഏഴു ലക്ഷം രൂപ അനുവദിക്കാൻ തീരുമാനിച്ചു.



മഹാപ്രളയത്തെ നേരിടുന്നതിൽ അവസരത്തിനൊത്തുയർന്ന് രക്ഷാപ്രവർത്തനത്തിലെ സുപ്രധാനമായ ഏടാണ് കേരള പോലീസ് സൃഷ്ടിച്ചത്. രക്ഷാപ്രവർത്തനത്തിലും ഏകോപനത്തിലും ദുരിതാശ്വാസ പ്രവർത്തനത്തിലും കേരള പോലീസിന്റെ ഓപ്പറേഷൻ ജലരക്ഷയുടെ രണ്ടുഘട്ടങ്ങൾ നിർണായകമായി.

## സേനാംഗങ്ങളുടെ വിന്യാസം

19 പോലീസ് ജില്ലകളിലായി വിവിധ സ്പെഷ്യൽ യൂണിറ്റുകളിലും ബറ്റാലിയനുകളിലും നിന്നായി പുതിയ ട്രെയിനികളെ ഉൾപ്പെടെ 40000 പോലീസുകാരെ വിവിധ ജില്ലകളിൽ വിന്യസിച്ചു. ലോക്കൽ പോലീസിനും ആംഡ് ബറ്റാലിയനുകൾക്കും പുറമെ കോസ്റ്റൽ പോലീസ്, ആർആർഎഫ്, തണ്ടർബോൾട്ട് കമാൻഡോകൾ, സ്ത്രീ ബറ്റാലിയൻ, സ്ത്രീ കമാൻഡോകൾ, സ്പെഷ്യൽ യൂണിറ്റുകളായ സിബിസിഐഡി, കെഐപിബി, എസ്സിആർബി തുടങ്ങിയവയിൽ നിന്നെല്ലാമുള്ള സേനാംഗങ്ങൾ രക്ഷാപ്രവർത്തനത്തിനിറങ്ങി. ദിവസേനയുള്ള അവലോകന യോഗങ്ങളിൽ മുഖ്യമന്ത്രി പിണറായി വിജയനും കൃത്യമായ മാർഗനിർദേശങ്ങൾ നൽകി. പോലീസ് ആസ്ഥാനത്ത് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റയുടെ നേതൃത്വത്തിൽ ഉന്നത ഉദ്യോഗസ്ഥർ ദിവസവും യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. ഏകോപനത്തിന് റാന്നി, ചെങ്ങന്നൂർ, ആലപ്പുഴ, തിരുവല്ല, ചാലക്കുടി, ആലുവ, പന്തളം, തുടങ്ങിയ സ്ഥലങ്ങളിൽ പോലീസിന്റെ കൺട്രോൾ റൂമുകൾ ആരംഭിച്ചു.

## ഏകോപനം

ഒരു ഡി.ഐ.ജി.യുടെ നേതൃത്വത്തിൽ ജില്ലാ എസ്.പി. മാർക്കു പുറമേ ഓരോ കൺട്രോൾ റൂമിനും ഒരോ എസ്.പി.മാർക്കുവീതം ഏകോപനച്ചുമതല നൽകി. ഇവിടങ്ങളിൽ രക്ഷാ സന്ദേശങ്ങൾ നിറഞ്ഞതോടെ പോലീസ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമിനൊപ്പം ബി.എസ്. എൻ. എൽ സഹായത്തോടെ 10 ലൈനുകളുള്ള അഡീഷണൽ കൺട്രോൾ റൂം തുറന്നു. കൺട്രോൾ റൂമുകളിൽ ലഭിച്ച ആറുലക്ഷത്തിലേറെ സന്ദേശങ്ങൾക്കു പുറമേ പോലീസ് ഇൻഫർമേഷൻ സെന്റർ, സൈബർ ഡോം, സോഷ്യൽ മീഡിയ സെൽ, വിവിധ സ്റ്റേഷനുകൾ, ജില്ലാ കൺട്രോൾ റൂമുകൾ തുടങ്ങിയവ വഴിയും മറ്റുമായി ആകെ 12 ലക്ഷം അഭ്യർഥനകൾ പോലീസിനു കൈകാര്യം ചെയ്യേണ്ടി വന്നു.

## വാഹനങ്ങൾ, ബോട്ടുകൾ

കോസ്റ്റൽ പോലീസിന്റെതും മത്സ്യത്തൊഴിലാളികളുടേതുമുൾപ്പെടെ 679 ബോട്ടുകൾ സംഘടിപ്പിച്ച് രക്ഷാപ്രവർത്തനത്തിനെത്തിച്ചു. കോസ്റ്റൽ പോലീസും രംഗത്തെത്തി. കടലോര ജാഗ്രതാ സമിതികളുടെ സഹകരണത്തോടെ ജില്ലാ പോലീസ് മേധാവികൾക്ക് 450-ഓളം ബോട്ടുകൾ എത്തിച്ചു. 1018 ബോട്ടുകൾവരെ രക്ഷാപ്രവർത്തനത്തിനിറങ്ങി. (ആഗസ്റ്റ് 17) പോലീസ് വാഹനങ്ങളും രക്ഷാപ്രവർത്തനങ്ങൾക്കായി വിന്യസിച്ചു. ഏറ്റവുമധികം പോലീസ് വാഹനങ്ങൾ



ഉപയോഗിച്ചത് ആഗസ്റ്റ് 23നാണ് -2017 വാഹനങ്ങൾ. പുറമെ മറ്റു സ്വകാര്യ ടിപ്പർ ലോറികളും ട്രക്കുകളും ഉപയോഗപ്പെടുത്തി. ആഗസ്റ്റ് 15നും 20നും ഇടയിൽ ശരാശരി 617 ടിപ്പർ ലോറികളുടെ സേവനം പ്രയോജനപ്പെടുത്തി. ആഗസ്റ്റ് 17ന് 989 ലോറികളാണ് രക്ഷാ പ്രവർത്തനത്തിനെത്തിച്ചത്. കുടുങ്ങിക്കിടന്നവരെ ക്യാമ്പുകളിലെത്തിക്കാനും ഭക്ഷണവും മറ്റു ദുരിതാശ്വാസസാമഗ്രികളും എത്തിക്കാനും ഇവ ഉപയോഗിച്ചു.

53 ലൈഫ് ജാക്കറ്റുകളായിരുന്നു പോലീസിന്റെ കൈവശം ആകെയുണ്ടായിരുന്നത്. രക്ഷാ പ്രവർത്തനത്തിനായി പുറമെയുള്ള ഏജൻസികളിൽനിന്ന് ലൈഫ് ജാക്കറ്റുകൾ എത്തിച്ചു. ആഗസ്റ്റ് 22 മുതൽ 24 വരെ 1010 ലൈഫ് ജാക്കറ്റുകൾ ഇങ്ങനെ ഉപയോഗിച്ചു.

## രക്ഷപ്പെടുത്തിയവരുടെ എണ്ണം

3,17,573 പേരെ പോലീസ് നേരിട്ടു രക്ഷപ്പെടുത്തി. വിവിധ ഏജൻസികൾക്കൊപ്പം 6,71,489 പേരെയും രക്ഷപ്പെടുത്താനായി. മൂന്നാർ, തൃശൂർ, ഷൊർണൂർ, എറണാകുളം തുടങ്ങിയ വിനോദസഞ്ചാരകേന്ദ്രങ്ങളിൽ കുടുങ്ങിയ വിദേശികളെ രക്ഷപ്പെടുത്താനും പോലീസിനായി.

സംസ്ഥാനത്ത് മൂന്നു പോലീസ് സ്റ്റേഷനുകൾ പൂർണമായും നിരവധി സ്റ്റേഷനുകൾ ഭാഗികമായും പ്രളയത്തിൽ നശിച്ചു.

## ജലരക്ഷ രണ്ടാം ഘട്ടം

ഓപ്പറേഷൻ ജലരക്ഷ -2 എന്നപേരിൽ 30,000 പോലീസുകാരാണ് ഈ പുനരധിവാസ പ്രവർത്തനത്തിൽ പങ്കെടുത്തത്. ക്യാമ്പുകളിൽ സുരക്ഷയ്ക്കായി പോലീസ് ഉദ്യോഗസ്ഥരുണ്ടായിരുന്നു. മോഷണം തടയുന്നതിന് ആവശ്യമായ പട്രോളിങ്, സാധനങ്ങൾക്ക് അമിതവില ഈടാക്കുന്നവർക്കെതിരെ പരിശോധന, ശുചീകരണ പ്രവർത്തനങ്ങൾ, ഗതാഗത തടസ്സം നീക്കൽ, മടങ്ങിയെത്തുന്നവർക്ക് സഹായങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളും നടത്തി.

എല്ലാ ജില്ലകളിൽ നിന്നുമായി സ്റ്റേഷൻതലത്തിൽ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് 100 ലോഡിലേറെ സാധനങ്ങൾ സമാഹരിച്ചു നൽകി.

ക്യാമ്പിലുള്ളവർ വീടുകളിൽ മടങ്ങിയെത്തി ജീവിതം സാധാരണ നിലയിലാകുന്നതുവരെ ആവശ്യമായ സഹായങ്ങൾ പോലീസ് നൽകുന്നു. ഓരോ പോലീസ് ഉദ്യോഗസ്ഥനും ഒരു കുടുംബത്തിന്റെ പുനരധിവാസത്തിന് സഹായം നൽകുന്ന തരത്തിലാണ് പ്രവർത്തനം. മൂന്നു കുടുംബത്തിന്റെ പുനരധിവാസം സംസ്ഥാന പോലീസ് മേധാവി നേരിട്ട് ഏറ്റെടുക്കുന്നുണ്ട്. ജനമൈത്രി പോലീസിന്റെ മുൻകൈയിൽ ഓരോ സ്ഥലത്തും വീടു നഷ്ടപ്പെട്ട, വളരെ പാവപ്പെട്ട ഏതാനും കുടുംബങ്ങൾക്ക് വീടു നിർമിച്ചു നൽകും. മറ്റ് പുനരധിവാസ പ്രവർത്തനങ്ങളിലും ജനമൈത്രി സമിതികളുൾപ്പെടെ പങ്കെടുക്കും.



| | |
|---|---|
| ഒറ്റദിവസം ഏറ്റവും കൂടുതൽ വാഹനങ്ങൾ ഉപയോഗിച്ചത് | 23.08.18 (2017 വാഹനങ്ങൾ) |
| ഓപ്പറേഷൻ ജലസുരക്ഷയിൽ കൈകാര്യം ചെയ്ത ടെലിഫോൺ കോളുകൾ | 6.5 ലക്ഷം |
| സ്പെഷ്യൽ കൺട്രോൾ റൂമുകൾ | ആറ് |
| ഏറ്റവും കൂടുതൽ പോലീസ് ഓഫീസർമാരെ വിന്യസിച്ച ദിവസം | ആഗസ്റ്റ് (33,000 പേർ) |
| പോലീസും മത്സ്യത്തൊഴിലാളികളും ചേർന്ന് ഒറ്റദിവസം ഏറ്റവും കൂടുതൽ ബോട്ടുകൾ ഉപയോഗിച്ചത് | 1018 എണ്ണം |
| പോലീസ് രക്ഷപ്പെടുത്തിയവരുടെ എണ്ണം | നേരിട്ട് – 31,75,73 മറ്റ് ഏജൻസികളുമായി ചേർന്ന് – 67,14,89 |
| കോസ്റ്റൽ പോലീസ് സംഘടിപ്പിച്ച ബോട്ടുകളുടെ എണ്ണം | 679 |



# അഗ്നിരക്ഷാസേന

പ്രളയകാലത്ത് പരമാവധി കാര്യക്ഷമതയോടെ ജീവൻ രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ ഫയർ & റെസ്ക്യൂ സർവീസസിന്റെ സേനയ്ക്കു സാധിച്ചു. മറ്റ്ഏജൻസികൾ എത്തിച്ചേരുന്നതിനു മുമ്പ് തന്നെ ജീവൻരക്ഷാപ്രവർത്തനത്തിൽ പരിശീലനം ലഭിച്ച വിഭാഗമെന്ന നിലയിൽ അഗ്നിരക്ഷാസേനാനികൾ ഇരച്ചുകയറിയ വെള്ളത്തിൽക്കുടുങ്ങി മുങ്ങിപ്പോകുമായിരുന്ന അനവധി മനുഷ്യരെ രക്ഷിച്ചു. ഉദാഹരണത്തിന്, ആഗസ്റ്റ് 14ന് രാത്രിയിൽ, റാന്നി പ്രദേശത്തുമാത്രം 1500ലധികം മനുഷ്യരെ രക്ഷിച്ചു. ചെങ്ങന്നൂർ, ആറന്മുള, ആലുവ, ചാലക്കുടി, മാനന്തവാടി, കല്പറ്റ തുടങ്ങിയ വിവിധ സ്ഥലങ്ങളിൽ, വിവിധ സമയത്ത് പ്രളയാവസ്ഥയുണ്ടായപ്പോഴും ആദ്യം പ്രളയജലത്തിൽ ലഭ്യമായ റബർബോട്ടുകളും മറ്റുമായി ഇറങ്ങി ജീവൻരക്ഷാ പ്രവർത്തനം നടത്തി ആയിരക്കണക്കിനാളുകളെ രക്ഷപെടുത്തി. ഫയർ സർവീസസ് ആസ്ഥാനത്ത് പ്രത്യേക കൺട്രോൾ റൂം തുറന്ന് രക്ഷാപ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു. ആറു ഡിവിഷനുകളിലും ജില്ലാ ആസ്ഥാനങ്ങളിലും നിലവിലുള്ള 124 നിലയങ്ങളിലും മുഴുവൻസമയവും രക്ഷാപ്രവർത്തനത്തിനുള്ള സന്ദേശങ്ങൾ സ്വീകരിക്കുകയും അടിയന്തര നടപടികൾ സ്വീകരിക്കുകയും ചെയ്തു. ജീവൻ രക്ഷാപ്രവർത്തനങ്ങളിൽ ആകെ 4100 ജീവനക്കാർ പങ്കെടുത്തു. കുടുങ്ങിക്കിടന്ന 39866 പേരുടെ ജീവൻ രക്ഷപ്പെടുത്തുകയും 87571 പേരെ സുരക്ഷിത താവളങ്ങളിലേക്കു മാറ്റുകയും ചെയ്തു. വകുപ്പിന് ലഭ്യമായ ഉപകരണങ്ങളായ റബ്ബർഡിങ്കി, ഔട്ട്ബോർഡ് എൻജിൻ, കോൺക്രീറ്റ് കട്ടർ, ഹൈഡ്രോളിക് ടൂൾസ്, ആസ്കാ ടവർലൈറ്റ്, ചെയിൻ സാ, ലൈഫ് ലൈൻ, സേഫ്റ്റി ഹാർനസ്സ്, ലൈഫ് ബോയ്, ലൈഫ് ജാക്കറ്റ് , റോപ് എന്നിവയും, മൊബൈൽ ടാങ്ക് യൂണിറ്റ്, എമർജൻസി ടെന്റർ, വാട്ടർ മിസ്റ്റ് ടെന്റർ, ക്യുക്ക് റെസ്പോൺസ് വെഹിക്കിൾ, സ്കൂബാ വെഹിക്കിൾ, ജീപ്പ്, ആംബുലൻസ് എന്നീ വാഹനങ്ങളും കാര്യക്ഷമമായി വിനിയോഗിച്ചു. അഗ്നിരക്ഷാസേനയ്ക്കു ലഭ്യമായിരുന്ന റബ്ബർബോട്ടുകൾക്കു പുറമേ, പ്രാദേശികമായി ലഭ്യമായ കുട്ടവഞ്ചിയും ചെറുവള്ളങ്ങളും പോലും വകുപ്പിലെ ജീവനക്കാർ രക്ഷാപ്രവർത്തനത്തിനുപയോഗിച്ചു.

രക്ഷാപ്രവർത്തനങ്ങളിൽ വകുപ്പിലെ 113 ഉദ്യോഗസ്ഥർക്ക് പരിക്കുകളേറ്റു. മൂന്നുപേരുടെ പരിക്ക് ഗുരുതരമാണ്. മൂന്നു പേർ രക്ഷാപ്രവർത്തനത്തിനിടയിൽ പാമ്പുകടിയേറ്റു ചികിത്സയിലാണ്.

പ്രളയത്തിന്റെ ആദ്യഘട്ടത്തിൽ മറ്റു സേനാവിഭാഗങ്ങൾ എത്തുന്നതിനു മുമ്പ് അഗ്നിരക്ഷാസേന നടത്തിയ



രക്ഷാപ്രവർത്തനത്തിൽ ഉൾപ്പെടുത്താൻ സാധിച്ചതും രക്ഷാപ്രവർത്തനങ്ങളുടെ വിജയത്തിന് വളരെയധികം സഹായകമായി.

പ്രാദേശിക ഫയർ & റെസ്ക്യൂ സ്റ്റേഷനുകളിലെ ജീവനക്കാർക്ക് സ്ഥലപരിചയമുണ്ടായിരുന്നതും ഓരോ ഫയർ സ്റ്റേഷന്റെയും പരിധിയിലെ വിവിധങ്ങളായ അപകടസാധ്യതകളെക്കുറിച്ച് ധാരണയുണ്ടായിരുന്നതും രക്ഷാപ്രവർത്തനങ്ങൾ കൂടുതൽ കൃത്യതയോടെ നടത്തുന്നതിന് സഹായിച്ചു. മത്സ്യത്തൊഴിലാളികളും കേന്ദ്രസേനകളും പ്രവർത്തനരംഗത്തെത്തിയപ്പോഴും ഓരോ പ്രദേശത്തിന്റേയും സവിശേഷതകളെക്കുറിച്ച് അറിയാവുന്ന അഗ്നിരക്ഷാസേനാംഗങ്ങൾ അവരുടെ ബോട്ടുകളിൽ ഒപ്പം സഹകരിച്ച് പ്രവർത്തിച്ചു. തമിഴ്നാട്, ഒഡിഷ, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽ നിന്നെത്തിയ അഗ്നിരക്ഷാസേനയോടും തോളോടുതോൾ ചേർന്ന് പ്രവർത്തിച്ച് പരമാവധി ആൾക്കാരെ സുരക്ഷിതരാക്കാൻ കഴിഞ്ഞു.

വയനാട്, ഇടുക്കി, മലപ്പുറം, കോഴിക്കോട്, പത്തനംതിട്ട ജില്ലകളിൽ ഉണ്ടായ, അനവധി ജീവനുകളപഹരിച്ച ഉരുൾപൊട്ടലിന്റെ അപകടകരമായ മേഖലകളിൽ വളരെ സാഹസികമായി രക്ഷാപ്രവർത്തനം നടത്തി വിലപ്പെട്ട ജീവനുകൾ രക്ഷപ്പെടുത്താനും അഗ്നി രക്ഷാസേനാംഗങ്ങളുണ്ടായിരുന്നു.

രക്ഷാപ്രവർത്തനങ്ങളാണ് ഇത്രവലിയ വെള്ളപ്പൊക്കത്തിലും മരണസംഖ്യ ഉയരാതിരിക്കാൻ നിർണായകമായത്. വെള്ളം ഇരച്ചുകയറാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ വീടുവീടാന്തരം കയറി മുന്നറിയിപ്പ് നൽകിയതിനൊപ്പം തന്നെ റബ്ബർബോട്ടുകളും ലഭ്യമായ മറ്റ് ഉപകരണങ്ങളും ഉപയോഗിച്ച് വെള്ളത്താൽ ചുറ്റപ്പെട്ടു കുടുങ്ങിക്കിടന്നവരെ രക്ഷിക്കുകയും ചെയ്തിരുന്നു. വകുപ്പിന്റെ കമ്യൂണിറ്റി റെസ്ക്യൂ വോളന്റിയർമാർ മുഖേന കൂടുതൽ തദ്ദേശവാസികളെ

പുനർനിർമാണത്തിന്റെ ഈ ഘട്ടത്തിലും വകുപ്പിലെ ഉദ്യോഗസ്ഥർ സാധ്യമായ എല്ലാ പ്രവർത്തനങ്ങളിലൂടെയും അതുമായി സഹകരിക്കുന്നു. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വീടുകൾ ശുദ്ധീകരിക്കുന്നതിൽ സേനാംഗങ്ങൾ പങ്കാളികളായി. വകുപ്പിന്റെ വാട്ടർലോറിയും ബൌസറും ശുദ്ധജലവിതരണത്തിനായി ജലഅതോറിറ്റിക്ക് എത്തിച്ചുകൊടുത്തു.



## വകുപ്പിന്റെ രക്ഷാപ്രവർത്തനം

| ജില്ല | രക്ഷപ്പെടുത്തിയ ആളുകളുടെ എണ്ണം | സുരക്ഷിതസ്ഥാനങ്ങളിലേക്കു മാറ്റിയ ആളുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 401 | 110 |
| കൊല്ലം | 24 | 150 |
| ആലപ്പുഴ | 10400 | 15420 |
| പത്തനംതിട്ട | 5053 | 0 |
| കോട്ടയം | 2573 | 13944 |
| ഇടുക്കി | 88 | 1092 |
| എറണാകുളം | 10293 | 32116 |
| തൃശൂർ | 4042 | 11029 |
| പാലക്കാട് | 1247 | 11099 |
| മലപ്പുറം | 1479 | 568 |
| കോഴിക്കോട് | 1534 | 82 |
| വയനാട് | 2396 | 1282 |
| കണ്ണൂർ | 261 | 699 |
| കാസർകോട് | 75 | 0 |
| **ആകെ** | **39866** | **87571** |

# കേന്ദ്രസേനകളുടെ രക്ഷാപ്രവർത്തനം

# സഹ്‌യോഗ്, കരുണ, മദദ്

**സഹ്‌യോഗ്, കരുണ, മദദ് എന്നീ പേരുകളിലുള്ള രക്ഷാപ്രവർത്തനങ്ങളിലൂടെ സേനാവിഭാഗങ്ങൾ സജീവമായി ഇടപെട്ട രക്ഷാപ്രവർത്തനമായിരുന്നു കേരളത്തിലേത്. സംസ്ഥാന സർക്കാരുമായി തോളോടു തോൾ ചേർന്നുള്ള പ്രവർത്തന രീതിയാണ് സൈന്യം അവലംബിച്ചത്. രക്ഷാപ്രവർത്തനത്തിന്റെ കാര്യക്ഷമമായ ഏകോപനത്തിനായി സെക്രട്ടേറിയറ്റിലും പ്രളയബാധിത ജില്ലാ ആസ്ഥാനങ്ങളിലും സൈന്യം നോഡൽ ഓഫീസർമാരെ നിയമിച്ചിരുന്നു.**



## കരസേന: ഓപ്പറേഷൻ സഹ്യോഗ്

ഇടുക്കി- ചെറുതോണി അണക്കെട്ട് തുറക്കേണ്ടി വരുന്ന സാഹചര്യത്തിൽ ദുരന്ത സാധ്യത മുന്നിൽകണ്ടാണ് സംസ്ഥാന സർക്കാർ ഇടുക്കിയിലേക്ക് കരസേനയുടെ സഹായം ആവശ്യപ്പെടുന്നത്.

കണ്ണൂർ ആസ്ഥാനമായ ഡിഫൻസ് സെക്യൂരിറ്റി കോർപ്സിലെ ഒരു കോളം പട്ടാളക്കാരെ ഒരു ജില്ലയിലേക്ക് എന്ന തോതിൽ മഴക്കെടുതി അനുഭവിക്കുന്ന കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം, ഇടുക്കി ജില്ലകളിലെ പ്രളയ ബാധിത മേഖലകളിൽ ദുരിതാശ്വാസത്തിനായി അടിയന്തരമായി വിന്യസിച്ചു.

കരസേനയുടെ ബംഗളൂരു ആസ്ഥാനമായ കേരള ആന്റ് കർണാടക സബ് ഏരിയയുടെ നേതൃത്വത്തിലാണ് കേരളത്തിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചിരുന്നത്. കണ്ണൂർ ഡി.എസ്.സിയിൽ നിന്നുള്ള അഞ്ചുകോളം പട്ടാളക്കാരും തിരുവനന്തപുരം പാങ്ങോട് സൈനിക കേന്ദ്രത്തിലെ വ്യത്യസ്ത റെജിമെന്റുകളിൽ നിന്നുള്ള സൈനികരും







ആദ്യദിനം മുതൽതന്നെ പൂർണമായും രക്ഷാപ്രവർത്തനങ്ങളിൽ മുഴുകി.

തുടർന്നുള്ള ദിവസങ്ങളിൽ മഴയുടെ ശക്തികൂടുകയും ആഗസ്റ്റ് 15 ഓടെ മഹാപ്രളയം എന്ന അവസ്ഥ സംജാതമാകുകയും ചെയ്തതോടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി മിലിട്ടറി എൻജിനീയറിങ് ടാസ്ക് ഫോഴ്സുകളുടെ കോളങ്ങളും ബംഗളൂരുവിൽ നിന്നും പാരാ റെജിമെന്റും ഉൾപ്പെടെ കരസേനയുടെ 18 കോളങ്ങൾ ദുരന്ത നിവാരണത്തിനും രക്ഷാപ്രവർത്തനത്തിനുമായി കേരളത്തിലെ വിവിധ ജില്ലകളിൽ വിന്യസിക്കപ്പെട്ടു.

വടങ്ങൾ, ലൈഫ് ജാക്കറ്റുകൾ, BAUT (Boat Assault Universal Test) കൾ, ജനറേറ്ററുകൾ, സേർച്ച് ലൈറ്റുകൾ, മോട്ടോർ ബോട്ടുകൾ(Out Boat Motor) എന്നിവയെല്ലാം ഉപയോഗിച്ചാണ് കരസേന രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നത്. ഇതിനോടൊപ്പം അടിയന്തര സാഹചര്യങ്ങളിൽ ഉപയോഗിക്കുവാൻ വേണ്ടിയുള്ള മരുന്ന് കിറ്റുകളും ഭക്ഷണത്തിനായുള്ള റേഷൻകിറ്റുകളും സൈനികർ കൂടെ കരുതിയിരുന്നു. മഴ തീവ്രമായതോടെ കൂടുതൽ സാങ്കേതിക സംവിധാനങ്ങളുമായി മിലിട്ടറി എൻജിനീയറിങ് വിഭാഗങ്ങൾ കൂടുതലായി എത്തിച്ചേരുകയും BAUT, മോട്ടോർ ബോട്ടുകൾ (OBT) തുടങ്ങിയ ഉപകരണങ്ങൾ വ്യാപകമായി ഉപയോഗിക്കുകയും ചെയ്തു.

കരസേനയുടെ ബംഗളൂരു ആസ്ഥാനമായ കേരള ആന്റ് കർണാടക സബ് ഏരിയയുടെ മേധാവി മേജർ ജനറൽ സഞ്ജീവ് നരേൻ ആയിരുന്നു ഓപ്പറേഷൻ സഹ്യോഗിന്റെ സാരഥി. തിരുവനന്തപുരം പാങ്ങോടുള്ള 91 ഇൻഫെൻട്രി ബ്രിഗേഡിന്റെ സ്റ്റേഷൻ കമാൻഡർ ബ്രിഗേഡിയർ സി.ജി.അരുൺ, കണ്ണൂർ ഡി.എസ്.സിയുടെ കമാൻഡന്റ് കേണൽ അജയ് ശർമ എന്നീ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലായിരുന്നു ഓപ്പറേഷൻ സഹ്യോഗിന്റെ ഏകോപനം.

## വ്യോമസേന: ഓപ്പറേഷൻ കരുണ

തിരുവനന്തപുരം ആക്കുളം ആസ്ഥാനമായുള്ള ദക്ഷിണ വ്യോമസേനാ കമാൻഡിൽ നിന്നുമാണ് ആഗസ്റ്റ് ഒൻപതിനു തന്നെ ആരംഭിച്ച വ്യോമസേനയുടെ രക്ഷാ പ്രവർത്തനത്തിന്റെ സമ്പൂർണ ഏകോപനം സംഘടിപ്പിച്ചത്.

ദക്ഷിണ വ്യോമസേനാ കമാൻഡിന്റെ മേധാവി എയർ മാർഷൽ ബി.സുരേഷ് വ്യോമമാർഗമുള്ള രക്ഷാ പ്രവർത്തനത്തിന് നേതൃത്വം നൽകി. വ്യോമസേനയുടെ തിരുവനന്തപുരത്തുള്ള ടെക്നിക്കൽ ഏരിയാ, കോയമ്പത്തൂരിനടുത്തുള്ള സുളൂർ വ്യോമസേനാത്താവളം, കൊച്ചി നേവൽബേസിലെ ഐഎൻഎസ് ഗരുഡ എന്നീ തന്ത്രപ്രധാന മേഖലകളിൽ നിന്നും



രക്ഷാപ്രവർത്തനത്തിന്റെ ആദ്യദിനം മുതൽ വ്യോമമാർഗം ഓപ്പറേഷനുകൾ ആരംഭിച്ചു. വ്യോമസേനയുടെ ഹെലികോപ്റ്ററുകളും കൂറ്റൻ യാത്രാവിമാനങ്ങളും ഇവിടെനിന്നും ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ വ്യാപൃതരായി. തുടർന്നുള്ള ദിവസങ്ങളിൽ കരിപ്പൂർ വിമാനത്താവളം, പാലക്കാട്, വർക്കല, വയനാട്, ചെങ്ങന്നൂർ എന്നീ സ്ഥലങ്ങളിലെ ഹെലിപാഡുകളിൽ നിന്നും വ്യോമസേനയുടെ ഹെലികോപ്റ്ററുകൾ പ്രവർത്തനം നടത്തി.

മഴകനത്തതോടെ ആഗസ്റ്റ് 15 മുതൽ വ്യോമസേന എയർ ലിഫ്റ്റിംഗ് ആരംഭിച്ചു. ALH, MI 17 V5 വിഭാഗത്തിൽപ്പെടുന്ന 26 ഹെലികോപ്റ്ററുകൾ ആണ് സജീവ രക്ഷാ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നത്. ഇതുകൂടാതെ അഞ്ച് ഹെലികോപ്റ്ററുകൾ സ്റ്റാൻഡ് ബൈ എന്ന നിലയിൽ സജ്ജമാക്കി വയ്ക്കുകയും ചെയ്തിരുന്നു. പ്രധാനമായും വിഞ്ചിങ്ങിനും (ആളുകളെ വടം ഉപയോഗിച്ച് ഹെലികോപ്റ്ററിലേക്ക് ഉയർത്തുന്ന രീതി) ഭക്ഷണ സാധനങ്ങൾ പായ്ക്കറ്റുകളാക്കി ആകാശമാർഗം വിതരണം ചെയ്യുന്നതിനുമാണ് പ്രളയം തീവ്രമായ ദിനങ്ങളിൽ ഹെലികോപ്റ്റർ ഉപയോഗിച്ചിരുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 20 കോടി രൂപ വ്യോമസേന സംഭാവന ചെയ്തു.

## നാവിക സേന: ഓപ്പറേഷൻ മദദ്

കൊച്ചി ആസ്ഥാനമായാണ് നാവികസേനയും കോസ്റ്റ് ഗാർഡും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്. ദക്ഷിണ നാവികസേനാ ആസ്ഥാനത്തിന്റെ ഫ്ളാഗ് ഓഫീസർ ഇൻ ചീഫ് വൈസ് അഡ്മിറൽ അനിൽ ചൗളയുടെ നേതൃത്വ



ത്തിലാണ് രക്ഷാപ്രവർത്തനം ഏകോപിപ്പിച്ചത്. മാർക്കോസ് എന്നറിയപ്പെടുന്ന മറൈൻ കമാന്റോസും ഡൈവിങ് സംഘങ്ങളും ജെമിനി ബോട്ടുകളും ഹെലികോപ്റ്ററുകളും അടക്കം അത്യാന്താധുനിക സംവിധാനങ്ങളോടെയാണ് നാവികസേന രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടത്. ആഗസ്റ്റിലെ പ്രളയത്തിന് മുമ്പ്, കുട്ടനാട്ടിൽ പ്രളയക്കെടുതി ആരംഭിച്ചതു മുതൽ തന്നെ നാവികസേന പരിപൂർണമായ ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. പൂർണ ഗർഭിണിയായ യുവതിയെ എയർലിഫ്റ്റ് ചെയ്യുക പോലുള്ള അത്യന്തം ദുഷ്കരമായ റെസ്ക്യൂ ഓപ്പറേഷനുകൾ നടന്നു. സജീവ ഡൈവിംഗ് വിദഗ്ധർ അടങ്ങുന്ന 40 സംഘങ്ങളെ മഴക്കെടുതി അനുഭവിക്കുന്ന പ്രദേശങ്ങളിൽ വിന്യസിച്ചിരുന്നു. ആഗസ്റ്റ് 16-ന് പ്രളയം പൂർണതോതിൽ പിടിമുറുക്കിയപ്പോൾ രക്ഷാപ്രവർത്തനത്തിന് അധികമായി 20 സംഘങ്ങളെക്കൂടി നാവികസേന ചുമതല പ്പെടുത്തി. എല്ലാ ജീവനക്കാരുടെയും ഒരു ദിവസത്തെ ശമ്പളം ദുരിതാശ്വാസ പ്രവർത്തന ങ്ങൾക്കായി നീക്കിവെക്കുക വഴി സ്വരൂപിച്ച എട്ടേമുക്കാൽ കോടി രൂപ നാവികസേനാമേധാവി അഡ്മിറൽ സുനിൽ ലംബ തിരുവനന്തപുരത്ത് നേരിട്ടെത്തി മുഖ്യമന്ത്രിക്ക് കൈമാറി.

കൊച്ചി ആസ്ഥാനമായി ഡയറക്ടർ ജനറൽ ഓഫ് കോസ്റ്റ്ഗാർഡിന്റെ ഓഫീസ് കേന്ദ്രീകരിച്ച് ഡി.ഐ.ജി കോസ്റ്റ്ഗാർഡ് സനാതൻ ജനയുടെ നേതൃത്വത്തിലാണ് തീരസംരക്ഷണ സേനയുടെ രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിരുന്നത്.

മറ്റ് സേനാവിഭാഗങ്ങളെപ്പോലെ വിമാനങ്ങളും ബോട്ടുകളും കപ്പലുകളും ഉൾപ്പെടെ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ രക്ഷാപ്രവർത്തന രീതിയാണ് തീരസംരക്ഷണസേനയും പിൻതുടർന്നത്.

**ധന്യ സനൽ** ഐ.ഐ.എസ്
ഡിഫൻസ് പി.ആർ.ഒ



# പ്രളയത്തെ തോൽപ്പിച്ച കേരളത്തിന്റെ 'സ്വന്തം സൈന്യം'



മലപ്പുറം വേങ്ങര മുതലമാടിൽ രക്ഷാപ്രവർത്തനത്തിനിടയിൽ ബോട്ടിൽ കയറുന്നതിന് തന്റെ മുതുക് തന്നെ പടിയാക്കിയ ജൈസലിനെ കേരളചരിത്രം ഇനിയൊരിക്കലും മറക്കില്ല. പ്രളയബാധിതരെ രക്ഷിക്കാൻ കടലലകളുടെ കരുത്തോടെ പാഞ്ഞെത്തിയ നൂറുകണക്കിന് മത്സ്യത്തൊഴിലാളികളിൽ ഒരാളായിരുന്നു ജൈസൽ. അത്ഭുതകരവും അതീവസാഹസികവുമായ രക്ഷാദൗത്യത്തിലൂടെ ഈ പ്രളയത്തിന്റെ താരോദയമായി കടലിൻ മക്കൾ കുതിച്ചുയർന്നു.

'കേരളത്തിന്റെ സ്വന്തം സൈന്യം' എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വിശേഷിപ്പിച്ച ഈ ധീരർ കടലിനോടു മല്ലിട്ടതിന്റെ ജീവിതാനുഭവങ്ങളാണ് സന്ദിഗ്ദ്ധഘട്ടത്തിൽ സ്വന്തം നാടിനായി എടുത്തു പ്രയോഗിച്ചത്.

തങ്ങളുടെ ജീവിതോപാധിയായ യാനങ്ങളുമായി അവർ വന്നു. സ്വന്തം ജീവൻ പോലും തൃണവൽഗണിച്ചുകൊണ്ട് കൈമെയ്മറന്ന് രാപകലില്ലാതെ അവർ പ്രളയജലത്തിനെതിരെ പൊരുതി. പ്രതിഫലം പറ്റാതെ, പേരും പറയാതെ ജയിച്ചു മടങ്ങിയ അവർക്ക് എങ്ങനെ നന്ദിപറയണമെന്നറിയാതെ കേരളം സ്തബ്ധമായി നിന്നു. ആദ്യഘട്ടത്തിൽ രക്ഷാപ്രവർത്തനത്തിന് കൊല്ലത്തുനിന്നും പത്തനംതിട്ടയ്ക്ക് അയച്ച മത്സ്യത്തൊഴിലാളി യാനങ്ങൾ വിജയം കൈവരിച്ചതോടെയാണ് പ്രളയ മേഖലകളിലാകെ അവരുടെ സേവനം കൂടുതൽ ഉപയോഗപ്പെടുത്തിയത്.

പത്തനംതിട്ട ജില്ലയിൽ ജലം ക്രമാതീതമായി ഉയരുന്നതായ റിപ്പോർട്ടുകൾ വന്നപ്പോഴാണ് കൊല്ലം വാടി കടപ്പുറത്ത് മത്സ്യത്തൊഴിലാളികളെ സംഘടിപ്പിക്കാൻ ശ്രമം ആരംഭിച്ചത്. കടലിൽ പോയവരെ തിരിച്ചു വിളിച്ചു. വീടുകളിൽ ഉറങ്ങിയവരെ വിളിച്ചുണർത്തി. മൈക്ക് അനൗൺ




സ്മെന്റിലൂടെ തൊഴിലാളികൾ ഒത്തുകൂടാൻ ആഹ്വാനം ചെയ്തു. റോഡിലൂടെ പോയ ലോറികൾ വാടി കടപ്പുറത്തെത്തിച്ചു. മത്സ്യത്തൊഴിലാളികൾ തോളിലേറ്റിയ വള്ളങ്ങൾ ലോറികളിൽ അട്ടികളായി ഇറക്കി വച്ചു. രാത്രി രണ്ട് മണിയോടു കൂടി ലോറികൾ രക്ഷപ്രവർത്തന കേന്ദ്രങ്ങളിലേക്ക് നീങ്ങി.

വാടിയിൽനിന്നും ആരംഭിച്ച പ്രവർത്തനം മറ്റ് പ്രദേശ ങ്ങളിലേക്കും വ്യാപിച്ചു. അമ്പരപ്പിക്കുന്ന പ്രതികരണ മായിരുന്നു മത്സ്യത്തൊഴിലാളികളിൽനിന്നും ലഭിച്ചത്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിൽ നിന്നെല്ലാം അവർ പാഞ്ഞെത്തി. സംസ്ഥാനമൊട്ടാകെ 4,537 മത്സ്യത്തൊഴിലാളികൾ, 699 യാനങ്ങൾ രക്ഷാപ്രവർത്തനത്തിന് സജ്ജമായി. സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ 259 യാനങ്ങൾകൂടി രക്ഷാപ്രവർത്തനത്തിനെത്തി. ചരിത്രം കണ്ട ഏറ്റവും വലിയ രക്ഷാപ്രവർത്തനത്തിന് അതോടെ കേരളം സാക്ഷിയായി.

പ്രളയത്തിന്റെ കൈകളിൽ നിന്ന് 65,000 മലയാളികളുടെ ജീവനെ പുതുതുരുത്തുകളിൽ എത്തിക്കാൻ അവർക്കായി. വഴിയും തോടും മതിലും തിരിച്ചറിയാതെ ഒഴുകിയ ജലത്തിന് മുകളിലൂടെ മത്സ്യത്തൊഴിലാളി നീട്ടിയ കരങ്ങൾ ആശ്വാസത്തിന്റെയും പ്രതീക്ഷയുടെയും പുതിയ മേഖലകൾ സൃഷ്ടിച്ചു. പതിനായിരങ്ങൾ മരിക്കും എന്നു പറഞ്ഞ സ്ഥലത്ത് മരണത്തിന്റെ സൂചിക താഴോട്ടാക്കാൻ അവർക്കായി.

സഹോദരങ്ങളുടെ ജീവൻ രക്ഷിച്ച ശ്രമത്തിന് പാരിതോഷികം വേണ്ട എന്ന് മത്സ്യത്തൊഴിലാളികൾ പറഞ്ഞത് മറ്റൊരു ചരിത്രമായി. വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന വീടുകൾക്കു മുകളിൽ നിന്ന് ഞങ്ങൾ രക്ഷപ്പെടുത്തിയ വൃദ്ധരും സ്ത്രീകളും കുട്ടികളുമുൾക്കൊള്ളുന്ന നൂറുകണക്കിനാളുകളുടെ മുഖത്ത് നിറഞ്ഞ സന്തോഷമാണ് ഏറ്റവും വലിയ അവാർഡെന്ന് ചാലക്കുടിയിൽ രക്ഷാപ്രവർത്തനം നടത്തിയ കണ്ണൂർ ആയിക്കരയിൽനിന്നുള്ള മത്സ്യ ത്തൊഴിലാളികൾ പറയുന്നു. ഫിഷറീസ് വകുപ്പ് അധികൃതരുടെ പെട്ടന്നുള്ള നിർദേശ പ്രകാരമാണ് നാല് ഫൈബർ വള്ളങ്ങളും നാല് എൻജിനുകളും ഏതാനും ലൈഫ് ജാക്കറ്റുകളുമായി യാത്ര തിരിച്ചതെന്ന് തയ്യിൽ സ്വദേശി എസ്. ബിജോയ് പറഞ്ഞു.

എത്രയും വേഗം ലക്ഷ്യസ്ഥാനത്തെത്താനുള്ള ധൃതിയായിരുന്നു ഓരോരുത്തർക്കും. രാത്രി ടി.വി ചാനലിൽ കേട്ട 'ഞങ്ങളെ രക്ഷിക്കണേ' എന്ന നിലവിളി മനസിനെ മഥിച്ചു. ഗതാഗതക്കുരുക്കും മറ്റ് തടസ്സങ്ങളും കാരണം ചാലക്കുടിയിലെത്തുമ്പോൾ വെള്ളിയാഴ്ച വൈകുന്നേരമായി. ഉച്ചയൂണ് പോലും കഴിക്കാതെയാണ് തങ്ങൾ വള്ളങ്ങളുമായി വെള്ളത്തി ലിറങ്ങിയതെന്ന് സംഘത്തിലുണ്ടായിരുന്ന സോണി ഫെർണാണ്ടസ് പറഞ്ഞു.

രക്ഷാപ്രവർത്തനത്തിൽ പങ്കെടുത്ത മത്സ്യ ത്തൊഴിലാളികൾക്ക് വിപുലമായ സ്വീകരണമാണ് നാടൊട്ടുക്കും ലഭിച്ചത്. തിരുവനന്തപുരത്ത് സംസ്ഥാന സർക്കാർ നൽകിയ സ്വീകരണത്തിലാണ് 'കേരളത്തിന്റെ സ്വന്തം സൈന്യം' എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അവരെ വിശേഷിപ്പിച്ചത്.

രക്ഷാ പ്രവർത്തനത്തിനെത്തിച്ച 669 യാനങ്ങളിൽ ഏഴെണ്ണം പൂർണ്ണമായി നശിച്ചപ്പോൾ കേടുപാട് പറ്റിയത് 452 എണ്ണത്തിന്. ഈ യാനങ്ങൾ മത്സ്യഫെഡിന്റെ നേതൃത്വത്തിൽ അറ്റകുറ്റപണി നടത്തി തിരിച്ചുനൽകി. പൂർണ്ണമായും നശിച്ച ഏഴ് യാനങ്ങൾക്കു പകരം പുതിയവ വാങ്ങാൻ 275 ലക്ഷം രൂപയും സർക്കാർ അനുവദിച്ചു.

രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട യാനങ്ങൾക്ക് പെട്രോൾ, ഡീസൽ, മണ്ണെണ്ണ, ഓയിൽ എന്നിവ സർക്കാർ തന്നെ നൽകി. ആവശ്യത്തിനുള്ള ലൈഫ് ജാക്കറ്റുകൾ വിവിധ സ്ഥലങ്ങളിൽ വിതരണം ചെയ്തു.

**സ്റ്റാഫ് റിപ്പോർട്ടർ**




#keralaCM #keralafloods #pinarayivijayan
Tribute to Kerala CM Pinarayi Vijayan|Sole hero of Kerala floods

# അചഞ്ചലനായ
# അമരക്കാരൻ

ഒരു മഹാപ്രളയത്തിൽ മുങ്ങിപ്പോകാതെ കേരളത്തെ നയിക്കുക– അത് തികച്ചും സാഹസികവും ദുഷ്കരവുമായിരുന്നു. എന്നാൽ ആ ദൗത്യമേറ്റെടുത്ത മുഖ്യമന്ത്രി പിണറായി വിജയൻ അചഞ്ചലനും അക്ഷോഭ്യനുമായിരുന്നു. അനിതരസാധാരണമായ ഇച്ഛാശക്തിയോടെ അദ്ദേഹം നടത്തിയ ഇടപെടലുകൾ രാജ്യത്തിന്റെ മാത്രമല്ല, ലോകശ്രദ്ധ തന്നെ ആകർഷിച്ചു. ആഗസ്റ്റ് എട്ട് മുതൽ ആഗസ്റ്റ് 28 വരെയുള്ള ദിവസങ്ങളിൽ 21 തവണയാണ് ഉന്നതതല അവലോകനയോഗം മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്നത്. ചില ദിവസങ്ങളിൽ കാലത്തും വൈകീട്ടും അവലോകനയോഗങ്ങളുണ്ടായി. അതിനിടെ ഒരു പ്രത്യേക മന്ത്രിസഭായോഗവും ഉണ്ടായി. മറ്റെല്ലാ പരിപാടികളും മുഖ്യമന്ത്രി മാറ്റിവെച്ചിരുന്നു. രക്ഷാപ്രവർത്തനം, ദുരിതാശ്വാസം എന്നീ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിൽ അദ്ദേഹം മുഴുകി. കാലത്ത് 8.45–ന് ഓഫീസിലെത്തുന്ന അദ്ദേഹം മിക്ക ദിവസവും രാത്രി 10 മണിയാകുമ്പോഴാണ് വീട്ടിലേക്ക് തിരിച്ചുപോകുന്നത്.

എല്ലാ അവലോകനയോഗങ്ങളിലും സംസ്ഥാനത്തെ മുതിർന്ന ഉദ്യോഗസ്ഥരും രക്ഷാപ്രവർത്തനരംഗത്തെ സേനാവിഭാഗങ്ങളുടെ പ്രതിനിധികളും പങ്കെടുത്തിരുന്നു. ജനങ്ങളെ രക്ഷപ്പെടുത്തുന്നതിനും അവരെ സുരക്ഷിത കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനുമായിരുന്നു സർക്കാരിന്റെ മുഴുവൻ ശ്രദ്ധയും. അതിതീവ്രമഴ സംസ്ഥാനത്ത് വെള്ളപ്പൊക്കം ഉണ്ടാക്കുമെന്ന സൂചന ലഭിച്ചപ്പോൾ തന്നെ സെക്രട്ടറിയേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം ആരംഭിക്കാൻ മുഖ്യമന്ത്രി നിർദേശം നൽകിയിരുന്നു. സംസ്ഥാന ഭരണ കേന്ദ്രം 24 മണിക്കൂറും അതീവ ജാഗ്രതയിലായിരുന്നു എന്നാണ് ഇത് വ്യക്തമാക്കുന്നത്. അണക്കെട്ടുകളിലെ ജലനിരപ്പ് ഓരോ മണിക്കൂറും ഇടവിട്ട് മുഖ്യമന്ത്രി നിരീക്ഷിച്ചുകൊണ്ടിരുന്നു. ഓരോ അവലോകനയോഗവും ദുരന്തം നേരിടാനുള്ള ശക്തമായ ഇടപെടലായിരുന്നു. അവലോകനയോഗങ്ങളിൽ എല്ലാവർക്കും അവരുടെ അഭിപ്രായങ്ങൾ തുറന്നു പറയാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. ഇനി ആർക്കെങ്കിലും വല്ലതും പറയാനുണ്ടോ എന്ന് ചോദിച്ചുകൊണ്ടാണ് ഓരോ അവലോകനയോഗത്തിലും മുഖ്യമന്ത്രി തന്റെ ഉപസംഹാരം നടത്തിയിരുന്നത്. മുതിർന്ന ഉദ്യോഗസ്ഥരെ സംബന്ധിച്ച് ഒരു പക്ഷേ അത് പുതിയ അനുഭവമാകാം. ഓരോ ദിവസത്തെയും രക്ഷാപ്രവർത്തനങ്ങൾ സൂക്ഷ്മമായി വിലയിരുത്തി അടുത്ത മണിക്കൂറുകളിലേക്കുള്ള പ്രവർത്തനം ആസൂത്രണം ചെയ്യുന്നതായിരുന്നു അവലോകനയോഗങ്ങൾ.

ഓരോ ദിവസവും സംസ്ഥാനത്തെ സ്ഥിതിഗതികൾ കേന്ദ്രസർക്കാരിനെ മുഖ്യമന്ത്രി അറിയിച്ചുകൊണ്ടിരുന്നു. മിക്ക ദിവസങ്ങളിലും അദ്ദേഹം ഫോണിൽ പ്രധാനമന്ത്രിയുമായും ആഭ്യന്തരമന്ത്രിയുമായും പ്രതിരോധ മന്ത്രിയുമായും കാര്യങ്ങൾ ചർച്ച ചെയ്തു. ഈ ഇടപെടലാണ് കേന്ദ്രത്തിൽ നിന്ന് രക്ഷാപ്രവർത്തനങ്ങൾക്കുള്ള പിന്തുണ ഉറപ്പാക്കാൻ സഹായിച്ചത്.

വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം മികച്ച രീതിയിൽ നടത്തുന്നതിന് മുഖ്യമന്ത്രി പ്രത്യേകം ശ്രദ്ധിച്ചു. ഓരോ ദിവസവും ദുരന്തരംഗത്തെ സ്ഥിതിഗതികളും സർക്കാർ എടുത്ത നടപടികളും വാർത്താസമ്മേളനത്തിലൂടെ മുഖ്യമന്ത്രി ജനങ്ങളെ അറിയിച്ചുകൊണ്ടിരുന്നു. ജനങ്ങൾക്ക് ധൈര്യവും ആത്മവിശ്വാസവും പകരുന്നതായിരുന്നു മുഖ്യമന്ത്രിയുടെ വാക്കുകൾ. ടിവി ചാനലുകൾ തത്സമയം സംപ്രേഷണം ചെയ്ത മുഖ്യമന്ത്രിയുടെ വാർത്താസമ്മേളനങ്ങൾക്ക് ലോകമെങ്ങുമുള്ള മലയാളികൾ കാതോർത്തിരുന്നു. ഇതിനിടെ പ്രളയബാധിത പ്രദേശങ്ങളിലും ദുരിതാശ്വാസക്യാമ്പുകളിലും പലതവണ സന്ദർശനം നടത്തുകയും ദുരിതബാധിതർക്ക് ആശ്വാസം പകരുകയും ചെയ്തു. തകർന്ന കേരളത്തിനു പകരം പുതുകേരളം നിർമിക്കാനുള്ള മുഖ്യമന്ത്രിയുടെ ആശയത്തിന് ലോകമെങ്ങുനിന്നും വലിയ പിന്തുണയാണ് ലഭിക്കുന്നത്. മുഖ്യമന്ത്രിയിലും അദ്ദേഹം നയിക്കുന്ന സർക്കാരിലും ജനങ്ങൾക്കുള്ള വിശ്വാസം സൂചിപ്പിക്കുന്നതാണ് രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നുമുള്ള സഹായപ്രവാഹം. കേരളത്തിന്റെ നവനിർമിതിയുടെ ഭാഗമായി ഒക്ടോബർ 17 മുതൽ 21 വരെ അഞ്ചുദിവസങ്ങളിലായി മുഖ്യമന്ത്രി യു.എ.ഇ സന്ദർശിക്കുകയും പ്രവാസി സമൂഹവും സംഘടനകളുമുൾപ്പെടെ വിവിധ വിഭാഗങ്ങളുമായി കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തു.



# തത്സമയ വിവരങ്ങളുമായി മുഖ്യമന്ത്രിയുടെ ഫെയ്സ്ബുക്ക് പേജ്

ഇടമലയാർ നിറയുന്നു. പെരിയാറിന്റെ തീരത്തുള്ളവർ ജാഗ്രത പാലിക്കണം. വസ്തുതകൾ അറിയുന്നതിന് ഔദ്യോഗിക അറിയിപ്പുകളെ ആശ്രയിക്കണം. ആഗസ്റ്റ് എട്ടിന് മുഖ്യമന്ത്രിയുടെ ഫെയ്സ്ബുക്ക് പേജിൽ വന്ന അറിയിപ്പാണിത്. തെക്കുപടിഞ്ഞാറൻ മൺസൂൺ മുന്നൂറിലേറെ ജീവനെടുത്ത് നമുക്ക് മേൽ ദുരിതമായി പെയ്തിറങ്ങിയത് ആഗസ്റ്റ് എട്ടിന് ആരംഭിച്ച മൂന്നാം ഘട്ടത്തിലാണ്.നീരൊഴുക്കിന്റെ അളവ് മുതൽ ഷട്ടർ തുറക്കുന്ന സമയം വരെ ജനങ്ങൾ അറിയേണ്ട എല്ലാ വിവരങ്ങളും അപ്പപ്പോൾ നൽകി പ്രളയദുരിതത്തിൽ ജനങ്ങളോടൊപ്പം നിന്നു മുഖ്യമന്ത്രിയുടെ ഫെയ്സ്ബുക്ക് പേജ്. തെറ്റായ വിവരങ്ങൾ പ്രചരിക്കാതിരിക്കാനുള്ള മുൻകരുതൽ മാത്രമല്ല മുന്നനുഭവമില്ലാത്ത ഒരു ദുരിതത്തിൽ ജനങ്ങൾക്കൊപ്പം നടത്തിയ പങ്കുചേരൽ കൂടിയായിരുന്നു അത്.

മഴ കനത്തതോടെ പല ഡാമുകളുടെയും ഷട്ടറുകൾ തുറന്നിട്ടുണ്ടെന്നും പുഴകളുടെ സമീപപ്രദേശങ്ങളിൽ വെള്ളപ്പൊക്കം ഉണ്ടാകുമെന്നും തൊട്ടടുത്ത ദിവസം അറിയിപ്പ് നൽകി.നാലായിരത്തോളം ക്യാമ്പുകളിലായി പതിനാലര ലക്ഷം പേരെ മാറ്റിപ്പാർപ്പിക്കേണ്ടി വന്ന പ്രളയത്തിനാണ് പിന്നീടുള്ള ദിനങ്ങളിൽ നമ്മുടെ സംസ്ഥാനം സാക്ഷ്യം വഹിച്ചത്. ഓരോ ചുവടുവയ്പും മുഖ്യമന്ത്രി തന്റെ ഫെയ്സ്ബുക്ക് പേജിലൂടെ ജനങ്ങളുമായി പങ്കുവച്ചു. ദുരന്തനിവാരണപ്രവർത്തനങ്ങളുടെ പുരോഗതിയും സംസ്ഥാനത്തിന്റെ വിവിധ മേഖലകളിലുള്ളവർ പാലിക്കേണ്ട നിർദേശങ്ങളും തുടർച്ചയായി വന്നുകൊണ്ടിരുന്നു.

അയൽസംസ്ഥാനങ്ങളുടെ മുഖ്യമന്ത്രിമാരുമായും പ്രധാനമന്ത്രിയുമായും മുഖ്യമന്ത്രി നടത്തുന്ന ആശയവിനിമയത്തിന്റെ വിവരങ്ങൾ ജനങ്ങളെയും അറിയിച്ചു. ഇടുക്കി അണക്കെട്ടിലേക്ക് നീരൊഴുക്ക് ശക്തമായതിനാൽ 300 ക്യുമെക്സ് വെള്ളം തുറന്നുവിടാൻ തീരുമാനിച്ചതായി ആഗസ്റ്റ് പത്തിന് അറിയിപ്പ് നൽകി. ശക്തമായ മഴ തുടരുമെന്നും ജനങ്ങൾ പാലിക്കേണ്ട മുൻകരുതലുകൾ എന്തെല്ലാമാണെന്നും തുടർച്ചയായി അറിയിപ്പുകൾ നൽകി. സംസ്ഥാനതല മോണിറ്ററിങ് സെല്ലിന്റെ പ്രവർത്തനങ്ങൾ മുതൽ മുഖ്യമന്ത്രിയുടെ ആകാശനിരീക്ഷണം വരെയുള്ള ചിത്രങ്ങളും ദൃശ്യങ്ങളും ഈ പേജിലൂടെ അതത് സമയങ്ങളിൽ ജനങ്ങളുമായി പങ്കുവയ്ക്കപ്പെട്ടുകൊണ്ടിരുന്നു.

ദുരിതാശ്വാസക്യാമ്പുകളിൽ നേരിട്ടെത്തി ദുരിതബാധിതരെ ചേർത്തുപിടിച്ചും ലോകമെമ്പാടുമുള്ള സുമനസ്സുകളോട് പ്രളയദുരിതത്തിൽ നിന്നും കരകയറാൻ കേരളത്തെ സഹായിക്കാൻ അഭ്യർഥിച്ചും മുഖ്യമന്ത്രി നടത്തിയ പ്രവർത്തനങ്ങൾ ഫെയ്സ്ബുക്ക് പേജിലൂടെ തത്സമയം ജനങ്ങളും അറിഞ്ഞു. ജില്ലാതല റെസ്ക്യൂനമ്പരുകൾ, വെള്ളപ്പൊക്കശേഷം വീട്ടിലേക്കു മടങ്ങുന്നവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ഹെലികോപ്റ്ററുകൾ വരുമ്പോൾ ശ്രദ്ധ ആകർഷിക്കാനായി ചെയ്യേണ്ട കാര്യങ്ങൾ മുതൽ ഹെലികോപ്റ്ററുകളിൽ കയറി രക്ഷപെടാൻ മടി കാണിക്കരുതെന്നും ആർത്തലച്ചുവരുന്ന വെള്ളത്തിനുമുന്നിൽ സെൽഫിക്കായി സാഹസം കാട്ടരുതെന്നും വരെ എത്രയെത്ര സന്ദേശങ്ങൾ.

അസാധാരണദുരന്തത്തിനു മുന്നിൽ പകച്ചു നിൽക്കാതെ അസാമാന്യ ധീരതയോടെ ദുരന്തനിവാരണത്തിന് മുഖ്യമന്ത്രി നൽകിയ നേതൃത്വത്തിന്റെ നേർസാക്ഷ്യമായി ചീഫ് മിനിസ്റ്റേഴ്സ് ഓഫീസ് കേരള എന്ന എഫ്.ബി.പേജ്. വിവരമറിയിക്കുക, സന്ദേശങ്ങൾ കൈമാറുക എന്നിവയ്ക്കപ്പുറം ഈ സമൂഹികമാധ്യമപേജ് ജനങ്ങളോട് പറഞ്ഞു, ഒപ്പമുണ്ട് ഒരു സർക്കാർ.

**കെ.എസ് ശൈലേന്ദ്രൻ**
എഡിറ്റർ ഇംഗ്ലീഷ്
ഐ.പി.ആർ.ഡി


























ശക്തമായ മഴ
തുടരും




കാലവർഷക്കെടുതി

കാലവർഷക്കെടുതി



കാലവർഷക്കെടുതി



ജാഗ്രത തുടരുക

# സർക്കാർ വകുപ്പുകൾ: പ്രളയത്തെ പിടിച്ചുകെട്ടിയ സമർപ്പണം





ഒരു കൊച്ചുസംസ്ഥാനത്തിന് താങ്ങാനാവാത്ത നിലയിലുള്ള പ്രഹരമായിരുന്നു പ്രളയം. അതിനെ മറികടക്കാൻ കരുത്തേകിയ പ്രധാന ഘടകങ്ങളിൽ ഒന്നായിരുന്നു സർക്കാർ ജീവനക്കാരുടെ പ്രവർത്തനം. യുദ്ധകാലാടിസ്ഥാനത്തിൽ സന്നദ്ധ പ്രവർത്തകരെ പോലെ രംഗത്തിറങ്ങിയ ജീവനക്കാർ ഈ പ്രളയത്തെ പിടിച്ചുകെട്ടുന്നതിൽ വഹിച്ച പങ്ക് ചെറുതല്ല. കാലവർഷം കനത്തതാകുമെന്ന സൂചന ലഭിച്ചപ്പോൾ തന്നെ സർക്കാർ സംവിധാനങ്ങൾ സടകുടഞ്ഞെണീറ്റിരുന്നു. പ്രളയദിനങ്ങളിൽ രാപകൽ ഭേദമെന്യേ കർമനിരതരായ ആയിരക്കണക്കിന് ഉദ്യോഗസ്ഥർ നമ്മുടെ ചരിത്രത്തിൽ അഭിമാനാർഹമായ അധ്യായമാണ് എഴുതി ചേർത്തത്.

സംസ്ഥാനതലത്തിൽ സെക്രേട്ടേറിയേറ്റിൽ തുറന്ന കൺട്രോൾ റൂം മുതൽ താഴേത്തട്ടിൽ ഓരോ ദുരിതാശ്വാസ ക്യാമ്പും വരെയെത്തുന്ന സുശക്തമായ പ്രവർത്തന ശൃംഖല എണ്ണയിട്ട യന്ത്രം കണക്കെ പ്രവർത്തനക്ഷമമായി. 24 മണിക്കൂറും പ്രവർത്തിച്ച ഓഫീസുകളിൽ, തിരുവോണ സദ്യ പോലും ഒഴിവാക്കി സമർപ്പണ മനസ്സോടെ ഉദ്യോഗസ്ഥർ അണിനിരന്നു. വ്യവസ്ഥാപിതവും ആസൂത്രിതവുമായി നടപ്പാക്കിയ ദുരന്തനിവാരണ പ്രവർത്തനങ്ങൾ വിജയിപ്പിക്കാൻ ജീവനക്കാർ ഒരേ മനസ്സോടെ രംഗത്തുണ്ടായിരുന്നതായി ചീഫ് സെക്രട്ടറി ടോം ജോസും സംസ്ഥാനതല കൺട്രോൾ റൂമിന്റെ ചുമതലയുണ്ടായിരുന്ന അഡീ. ചീഫ് സെക്രട്ടറി പി.എച്ച്.കുര്യനും സാക്ഷ്യപ്പെടുത്തുന്നു.

ആയിരക്കണക്കിന് ദുരിതാശ്വാസ ക്യാമ്പുകളിലായി ലക്ഷക്കണക്കിന് പേർ പരാതികളില്ലാതെ കഴിഞ്ഞുവെന്നത് അതിന്റെ നടത്തിപ്പിന് നേതൃത്വം നൽകിയ വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ അർപ്പണബോധം വിളിച്ചോതുന്നതാണ്. ദുരന്തമേഖലയിലേക്കുള്ള സഹായം ഒഴുകിയെത്തിയ കളക്ഷൻ സെന്ററുകളും കാര്യക്ഷമതയുടെ പര്യായമായിരുന്നു. രക്ഷാപ്രവർത്തനകാലത്ത് കൈമെയ് മറന്ന് കർമനിരതരായ സർക്കാർ വകുപ്പുകളിൽ പലതും ഇപ്പോഴും പുനരധിവാസ പ്രവർത്തനങ്ങളിൽ വ്യാപൃതരാണ്.

വിവിധ വകുപ്പുകൾക്ക് കീഴിൽ നടന്ന പ്രവർത്തനങ്ങളെ കുറിച്ച് മന്ത്രിമാരുടെ വാക്കുകളിലേക്ക്...





# തകർന്നവരല്ല, അതിജീവിച്ച് കുതിക്കുന്നവരാണ് നാം



**പിണറായി വിജയൻ**
മുഖ്യമന്ത്രി

ഈ നൂറ്റാണ്ട് കണ്ട എറ്റവും വലിയ കാലവർഷക്കെടുതിക്കാണ് കേരളം സാക്ഷ്യം വഹിച്ചത്. മൺസൂണിന്റെ തുടക്കത്തിൽ തന്നെ ദുരന്തം വിതച്ച കാലവർഷം ആഗസ്റ്റിൽ മഹാപ്രളയത്തിലേക്ക് എത്തുകയായിരുന്നു. പ്രളയത്തിൽ ലക്ഷക്കണക്കിന് പേർ അതീവ ദുരിതത്തിലായി. പലർക്കും സർവതും നഷ്ടമായി. ദുരന്തം താങ്ങാനാവാതെ മരിച്ചവരുണ്ട് എന്നത് അതിന്റെ വ്യാപ്തി വെളിവാക്കുന്നു. 435 ജീവൻ നഷ്ടമായി. 14 പേരെ കാണാതായി. 140 പേർ ആശുപത്രിയിലായി. കാലവർഷം ശക്തമായ ആഗസ്റ്റ് 21 ന് 3,91,494 കുടുംബങ്ങളിലായി 14,50,707 പേരാണ് ദുരിതാശ്വാസ ക്യാമ്പുകളിലെത്തിയത്.

സമാനതകളില്ലാത്ത രക്ഷാപ്രവർത്തനമാണ് മരണസംഖ്യ താരതമ്യേന കുറച്ചത്. സ്വയം അപകടത്തിൽപ്പെട്ടിട്ടും പിൻമാറാതെയും പതറാതെയും രക്ഷാപ്രവർത്തനം നടത്തിയ എല്ലാവർക്കും ബിഗ് സല്യൂട്ട്.

## സമ്പദ്ഘടനയ്ക്ക് തിരിച്ചടി

നമ്മുടെ വികസന പ്രക്രിയയെ തന്നെ തകിടംമറിക്കാൻ പോന്നതാണ് പ്രളയത്തിന്റെ ആഘാതം. വീടുകൾ, ഗൃഹോപകരണങ്ങൾ, കാർഷികസമ്പത്ത്, വളർത്തുമൃഗങ്ങൾ, ജീവനോപാധികൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ സർക്കാർ ഓഫീസുകൾ ഉൾപ്പെടെയുള്ള പൊതുസ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കെല്ലാമുണ്ടായ നാശനഷ്ടവും പാരിസ്ഥിതികമായ മാറ്റങ്ങളും കണക്കിലെടുക്കുമ്പോൾ സംസ്ഥാനത്തെ വാർഷിക പദ്ധതിയേക്കാൾ കൂടിയ നഷ്ടം ഉണ്ടായി എന്നാണ് പ്രാഥമികമായി മനസ്സിലാക്കാനാവുന്നത്.

ഏതൊരു ദുരന്തത്തെയും അതിജീവിക്കുന്നതിന് മൂന്ന് ഘട്ടങ്ങളാണ് ഉള്ളത്. ആദ്യ ഘട്ടമായ രക്ഷാപ്രവർത്തനം അവസാനിച്ചുകഴിഞ്ഞു. രണ്ടാം ഘട്ടമായ പുനരധിവാസം വിജയകരമായി പൂർത്തിയാക്കുന്നതിനുള്ള ഇടപെടലുകൾ നടന്നുകൊണ്ടിരിക്കുന്നു.

## പുനർനിർമാണം സുപ്രധാന കടമ

പുനർനിർമാണമെന്ന എറ്റവും പ്രധാനപ്പെട്ട കടമ ഇനിയുണ്ട്. അത് ഏത് വിധത്തിലാകണമെന്നത് പുതിയ കേരള സൃഷ്ടിയെക്കൂടി അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്. അതിനുതകുന്ന ക്രിയാത്മകമായ ചർച്ചകൾ ഉയർന്നുവരേണ്ടതുണ്ട്. അതിനു വേണ്ടി കൂടിയാണ് ഇത്തരമൊരു പ്രത്യേക സമ്മേളനം വിളിച്ചുചേർത്തത്.

ഇവിടെ നിലനിൽക്കുന്ന മാനവികതയും അതിന്റെ അടിത്തറയിൽ രൂപപ്പെട്ട ഐക്യവുമാണ് മഹാദുരന്തത്തെ മറികടക്കുന്നതിനുള്ള നമ്മുടെ കരുത്ത്. ലോകത്തെമ്പാടുമുള്ള ജനത ഇതുമായി ഐക്യപ്പെട്ടുനിൽക്കുന്നതിന് പ്രധാന കാരണം ഒറ്റക്കെട്ടായുള്ള നമ്മുടെ സമീപനമാണ്.

രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും ഒന്നിച്ചണിനിരന്നു. പുനർനിർമാണ പ്രവർത്തനത്തിനും ഇത്തരത്തിലുള്ള ക്രിയാത്മകമായ ഇടപെടലാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

## സർക്കാരിന്റെ തയാറെടുപ്പുകൾ

കാലവർഷക്കെടുതി ഉണ്ടാകുമെന്നുള്ള സൂചന കേന്ദ്രകാലാവസ്ഥാ വകുപ്പിൽ നിന്നും ഉണ്ടായപ്പോൾ തന്നെ നേരിടാനുള്ള ക്രിയാത്മകമായ ഇടപെടലുകൾ സർക്കാർ നടത്തിയിരുന്നു. എന്നാൽ പ്രവചിച്ചതിനേക്കാൾ എത്രയോ വലിയ ദുരന്തമാണ് ഉണ്ടായത്. അത് നമ്മുടെ സവിശേഷമായ ഭൂഘടനയ്ക്ക് താങ്ങാവുന്നതിലുമപ്പുറമായിരുന്നു. മേയ് 16 മുതൽ തന്നെ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ യോഗം ഉൾപ്പെടെ വിവിധ തലങ്ങളിലെ യോഗങ്ങൾ ചേർന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരുന്നു.

കാലവർഷക്കെടുതി രൂക്ഷമായ തരത്തിലേക്ക് വരുന്നത് കോഴിക്കോട് ജില്ലയിലെ മലയോരമേഖലയായ കട്ടിപ്പാറയിൽ ശക്തമായ ഉരുൾപൊട്ടൽ ഉണ്ടായതോടെയാണ്. 14 ജീവനാണ് അവിടെ നഷ്ടമായത്.

മലപ്പുറം, കണ്ണൂർ, കോഴിക്കോട്, പാലക്കാട് തുടങ്ങിയ ജില്ലകളിൽ വലിയ നാശനഷ്ടം വിതച്ചു കൊണ്ട് ഉരുൾപൊട്ടലും വെള്ളപ്പൊക്കവും വ്യാപകമായി. വയനാട് ജില്ല ഒറ്റപ്പെട്ടു. ആലപ്പുഴ, കോട്ടയം, കൊല്ലം ജില്ലകളിലെ വിവിധ



പ്രദേശങ്ങൾ വെള്ളത്തിനടിയിലായതിനാൽ ജനങ്ങളെ ക്യാമ്പുകളിലേക്ക് മാറ്റിപ്പാർപ്പിക്കേണ്ടിവന്നു.

ആഗസ്റ്റ് എട്ടിന് രാവിലെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കനത്ത മഴ ആരംഭിച്ചതോടെയാണ് നൂറ്റാണ്ടിലെ ഏറ്റവും വലിയ ദുരന്തത്തിലേക്ക് കേരളം നീങ്ങിയത്. കാലാവസ്ഥാപ്രവചനത്തിന്റെ എല്ലാ കണക്കുകളും തെറ്റിച്ചുകൊണ്ട് മഴ തുടർച്ചയായി പെയ്തു. ആഗസ്റ്റ് ഒമ്പത് മുതൽ 15 വരെയുള്ള ഘട്ടത്തിൽ സംസ്ഥാനത്ത് കണക്കു കൂട്ടിയ മഴ 98.5 മില്ലീമീറ്ററായിരുന്നു. എന്നാൽ പെയ്തതാവട്ടെ 352.2 മില്ലീമീറ്റർ. അതായത് കേരളത്തിൽ പെയ്യുമെന്ന് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വകുപ്പ് കണക്ക് കൂട്ടിയതിനേക്കാൾ മൂന്നിരട്ടിയിലധികം മഴ!

നദികളിലെല്ലാം വൻതോതിൽ വെള്ളം കയറി. ഭാരതപ്പുഴ, പെരിയാർ, പമ്പ, ചാലക്കുടിപ്പുഴ, അച്ചൻകോവിലാർ തുടങ്ങിയവ കരകവിഞ്ഞൊഴുകി. സംസ്ഥാനത്തെ 82



ഡാമുകളും നിറഞ്ഞ് കവിഞ്ഞു. ഉരുൾപൊട്ടലും മണ്ണിടിച്ചിലും വ്യാപകമായി. ചിലയിടങ്ങളിൽ നദികൾ വഴിമാറി ഒഴുകി. ലക്ഷക്കണക്കിന് വീടുകളിൽ വെള്ളംകയറി. പതിനായിരക്കണക്കിന് വീടുകൾ മുങ്ങിപ്പോയി. റോഡുകളും പാലങ്ങളും വ്യാപകമായി തകർന്നു. 57,000 ത്തോളം ഹെക്ടർ കൃഷിയിടം വെള്ളത്തിനടിയിലായി. ഇവിടങ്ങളിൽ ജീവനോപാധികൾ പൂർണ്ണമായും തകർന്നു. വളർത്തുമൃഗങ്ങളും പക്ഷികളും ചത്തുമലച്ചു. സർക്കാർ സ്ഥാപനങ്ങൾ വ്യാപകമായി വെള്ളത്തിനടിയിലായി. വിലപ്പെട്ട രേഖകൾ പലതും നശിച്ചു. ഭൗമപ്രതലത്തിന്റെ ഘടന തന്നെ മാറി. ജനജീവിതവും സാമ്പത്തികക്രമവും പരിസ്ഥിതിയും തകിടം മറിഞ്ഞു. പതിനായിരക്കണക്കിന് പേരുടെ ജീവിതം പ്രതിസന്ധിയിലായി. അങ്ങനെ ഈ നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ പ്രളയത്തിലേക്ക് കേരളം എടുത്തെറിയപ്പെട്ടു.

### ചരിത്രത്തിലേക്ക് ഒരു രക്ഷാദൗത്യം

സർക്കാർ സംവിധാനത്തെ ഫലപ്രദമായി ചലിപ്പിച്ചുകൊണ്ടും ബഹുജനങ്ങളെ ആകമാനം അണിനിരത്തിക്കൊണ്ടുമാണ് സർക്കാർ രക്ഷാപ്രവർത്തനത്തിൽ ഇടപെട്ടത്. പോലീസ്, ഫയർഫോഴ്സ് സംവിധാനം തുടക്കത്തിൽ തന്നെ സജീവമായി. പ്രളയത്തിന്റെ വ്യാപ്തി വ്യക്തമായ ഉടൻ കേന്ദ്രസേനകളെയും സൈന്യത്തെയും അണിനിരത്തികൊണ്ട് സമാനതകളില്ലാത്ത രക്ഷാപ്രവർത്തനത്തിലേക്ക് സംസ്ഥാനം നീങ്ങി. യുദ്ധകാലാടിസ്ഥാനത്തിലുള്ള ഈ ഇടപെടലുകളാണ് മരണസംഖ്യ കുറച്ചത്.

ജനങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിനുള്ള രക്ഷാപ്രവർത്തനത്തിനാണ് തുടക്കത്തിൽ സർക്കാർ ഊന്നൽ നൽകിയത്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സെക്രട്ടേറിയറ്റിൽ ആഗസ്റ്റ് ഒമ്പതിന് ആരംഭിച്ചു. ജില്ലാ കേന്ദ്രങ്ങളിലും കൺട്രോൾ റൂമുകൾ പ്രവർത്തിക്കാൻ തുടങ്ങി. ജില്ലാ കളക്ടർമാരെ ജില്ലകളിലെ ദുരിതാശ്വാസ പ്രവർത്തനത്തെ ഏകോപിപ്പിക്കുന്നതിന് നിശ്ചയിച്ചു. ഐ.എ.എസ് ഉദ്യോഗസ്ഥരെ സ്പെഷ്യൽ ഓഫീസർമാരായി

ദുരന്തബാധിത പ്രദേശങ്ങളിൽ നിയോഗിച്ചു.

രക്ഷാ പ്രവർത്തനത്തിന്റെ ചുമതല പോലീസിന് കൈമാറി. ജില്ലാ പോലീസ് മേധാവികൾക്ക് പുറമെ ജില്ലകളിൽ ഐ.പി.എസ് ഉദ്യോഗസ്ഥർക്ക് പ്രത്യേക ചുമതല നൽകി. ഒരോ ജില്ലയിലും രക്ഷാപ്രവർത്തനങ്ങളുടെ ഏകോപനം മന്ത്രിമാരുടെ നേതൃത്വത്തിലാണ് നിർവഹിച്ചത്.

സന്നദ്ധസംഘടനകളെയും ജനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള രക്ഷാപ്രവർത്തനങ്ങൾ നടപ്പിലാക്കി. കടലിലെ ശക്തമായ തിരകളെയും ഒഴുക്കിനെയും നിത്യജീവിതത്തിൽ നേരിട്ട അനുഭവമുള്ള മത്സ്യത്തൊഴിലാളികളെയും രക്ഷാ പ്രവർത്തനത്തിന് അണിനിരത്തുന്നതിനുള്ള ഇടപെടലും സർക്കാർ നടത്തി.

ദുരന്തത്തിന്റെ വ്യാപ്തി കണക്കിലെടുത്ത് അടിയന്തര പ്രാധാന്യത്തോടെ കേന്ദ്ര സേനയുടെയും സൈനികവിഭാഗങ്ങളുടെയും സേവനം ആവശ്യപ്പെട്ടു. കാലവിളംബം കൂടാതെ അവയുടെ വിന്യാസം ഉറപ്പാക്കുകയും ചെയ്തു. ഇവർ കൂടി രക്ഷാ പ്രവർത്തനത്തിൽ സജീവമായതോടെ ലക്ഷക്കണക്കിന് ജനങ്ങളെ ദുരിതബാധിത പ്രദേശങ്ങളിൽ നിന്ന് സുരക്ഷിത സ്ഥാനത്തേക്ക് മാറ്റാൻ സാധിച്ചു.

ഒരോ ദിവസത്തെയും പ്രവർത്തനത്തെ ഏകോപിപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ രാവിലെയും വൈകുന്നേരവും അവലോകന യോഗം വിളിച്ചുചേർത്ത് അതിന്റെ അടിസ്ഥാനത്തിലാണ് രക്ഷാ പ്രവർത്തനം പുരോഗമിച്ചത്.

ആഗസ്റ്റ് 21ന് സർവകക്ഷിയോഗം വിളിച്ചുചേർത്തു. യോജിച്ചുനിന്നുകൊണ്ട് പ്രവർത്തിക്കാനുള്ള തീരുമാനം അതിലുണ്ടായി. ദുരിതാശ്വാസ പ്രവർത്തനത്തെ കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഈ യോഗത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും സഹായകമായി.

## മന്ത്രിസഭായോഗ തീരുമാനങ്ങൾ

വിവിധഘട്ടങ്ങളിലായി പലതവണ മന്ത്രിസഭായോഗങ്ങൾ ചേരുകയുണ്ടായി. അതത് ഘട്ടത്തിലെ പ്രശ്നങ്ങളെ പരിശോധിച്ചുകൊണ്ട് അടിയന്തര ഇടപെടലുകൾ ഇതിലുണ്ടായി. ഇടപെടുന്നതിനും ആവശ്യമായ തീരുമാനങ്ങൾ എടുക്കുന്നതിനും ഇ.പി. ജയരാജൻ, ഇ.ചന്ദ്രശേഖരൻ, മാത്യു.ടി. തോമസ്, എ. കെ ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവർ ഉൾപ്പെടുന്ന മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചു.

പുനർനിർമാണത്തിനുള്ള അധികവിഭവ സമാഹരണവും അടിയന്തര ധനസഹായവും ഉൾപ്പെടെയുള്ള തീരുമാനങ്ങളും എടുത്തത് മന്ത്രിസഭായോഗങ്ങളിലാണ്. കൃത്യസമയത്തുള്ള ഇത്തരം ഇടപെടലുകൾ ദുരിതാശ്വാസ പ്രവർത്തനത്തെ ശരിയായ പാതയിലൂടെ നയിക്കുന്നതിന് സഹായകമായി.

## മനുഷ്യസ്നേഹത്തിന്റെ മഹത്തായ സന്ദേശം

കേരളം ഇന്നേവരെ കണ്ടിട്ടില്ലാത്ത രക്ഷാപ്രവർത്തനമാണ് നടന്നത്. മനുഷ്യസ്നേഹത്തിന്റെ മഹത്തായ ഏടുകൾ രചിച്ചുകൊണ്ട് ത്യാഗസന്നദ്ധതയുടെയും ആത്മസമർപ്പണത്തിന്റെയും വഴികളിലൂടെ അത് മുന്നേറി. ലോകത്തിന്റെയാകെ അംഗീകാരം അത് നേടിയെടുത്തു. തങ്ങളെക്കാൾ മറ്റുള്ളവരുടെ ജീവന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ജനകീയ രക്ഷാപ്രവർത്തനമായിരുന്നു അത്. അതിൽ പങ്കുവഹിച്ച എല്ലാവരുടെയും സേവനത്തെയും സർക്കാർ മാനിക്കുന്നു.

രക്ഷാപ്രവർത്തനത്തിന്റെ ഭാഗമായി വീടുകളിൽ നിന്ന് ജനങ്ങളെ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റുന്നതിനും ക്യാമ്പുകളിലുള്ളവർക്ക് ഭക്ഷണവും അടിസ്ഥാന ആവശ്യങ്ങളും ഒരുക്കുന്നതിനും വലിയ സഹായമാണ് വിവിധ ഭാഗങ്ങളിൽ നിന്നുണ്ടായത്. അത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ എല്ലാവരെയും സർക്കാർ നന്ദിയോടെ സ്മരിക്കുന്നു.



## സവിശേഷതകൾ ഒട്ടേറെ

രക്ഷാപ്രവർത്തനത്തെ മുന്നോട്ടു കൊണ്ടുപോകുന്നതിന് സഹായകമായ ചില ഘടകങ്ങളുണ്ട്. ഒന്നാമതായി പോലീസിനെ രക്ഷാപ്രവർത്തനത്തിന്റെ ചുമതല ഏൽപ്പിച്ചു എന്നതാണ്. സൈന്യത്തിനെ കൃത്യസമയത്ത് ആവശ്യപ്പെടുകയും ഫലപ്രദമായി വിന്യസിക്കുകയും ചെയ്തു. ആർമി, എയർഫോഴ്സ്, നാവികസേന, കോസ്റ്റ്ഗാർഡ് എൻ.ഡി.ആർ.എഫ്, ബി.എസ്.എഫ്, സി.ആർ.പി.എഫ്, ഐ.ടി.ബി.എഫ് എന്നീ കേന്ദ്രസേനകളിൽനിന്നായി 7443 പേരാണ് അണിനിരന്നത്. 40,000ത്തോളം വരുന്ന പോലീസ് സേനയും 3200ഓളം വരുന്ന ഫയർഫോഴ്സ് അംഗങ്ങളും രക്ഷാപ്രവർത്തനത്തിൽ നേതൃത്വപരമായ പങ്ക് വഹിച്ചു. വനം, എക്സൈസ്, ജയിൽ, മോട്ടോർ വാഹന വകുപ്പുകളിലെ ജീവനക്കാരും റവന്യൂ വകുപ്പിലെ ജീവനക്കാരും ഒപ്പം ചേർന്നു. ഇതോടൊപ്പം, നാട്ടുകാരും ചേർന്നതോടെ രക്ഷാപ്രവർത്തനം ചരിത്രം കുറിച്ചു.

മത്സ്യത്തൊഴിലാളികളെ രക്ഷാപ്രവർത്തനത്തിന് നിയോഗിക്കുക എന്ന സുപ്രധാന തീരുമാനവും വിജയത്തിന് മുഖ്യഘടകമായി. നമ്മുടെ നാട്ടിലെ പ്രളയബാധിത പ്രദേശങ്ങളിൽ രക്ഷാപ്രവർത്തനത്തിനുള്ള സ്വന്തം സേന എന്ന നിലയിലേക്ക് മത്സ്യത്തൊഴിലാളികൾ കുതിച്ചുയർന്നു. സർക്കാർ സംവിധാനങ്ങളെയും സന്നദ്ധ സംഘടനകളെയും ബഹുജനങ്ങളെയും വിളക്കിച്ചേർത്തുകൊണ്ടുള്ള ശൈലി രക്ഷാപ്രവർത്തനത്തിന്റെ കരുത്ത് വർധിപ്പിച്ചു.

## പുനരധിവാസത്തിന്റെ വഴി

ദുരിതത്തിന്റെ ഒന്നാം ഘട്ടമായ രക്ഷാ പ്രവർത്തനം പൂർത്തീകരിച്ച ശേഷം പുനരധിവാസത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിലേക്ക് ഇപ്പോൾ നാം കടന്നിരിക്കുകയാണ്. വീടുകൾ താമസയോഗ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും ലക്ഷ്യത്തോടടുക്കുന്നു.

വീടുകളിൽ താമസം ആരംഭിക്കുന്നതിന് പ്രാഥമികമായ ചെലവായി 10,000 രൂപ സർക്കാർ



ഒരോ കുടുംബത്തിനും നൽകാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിനുള്ള തുക എസ്.ഡി.ആർ. എഫിൽ നിന്നും സി.എം.ഡി.ആർ.എഫിൽ നിന്നും കളക്ടർക്ക് ധനവകുപ്പ് അനുവദിച്ചിട്ടുണ്ട്. കേന്ദ്രദുരന്തനിവാരണ മാർഗരേഖ അനുസരിച്ച് ഒരു കുടുംബത്തിന് 3800 രൂപ മാത്രമാണ് നൽകുന്നത്. അത് പരിമിതമായതിനാൽ 6200 രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നാണ് അനുവദിക്കുന്നത്. വീടുകളിൽ താമസം ഉറപ്പിക്കുന്നതിനായി അത്യാവശ്യ വസ്തുക്കളുടെ കിറ്റും സൗജന്യമായി നൽകിത്തുടങ്ങി.

പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിന് ആരോഗ്യ പ്രവർത്തകരുടെ സജീവമായ ഇടപെടലും നടത്തിക്കൊണ്ടിരിക്കുന്നു. പാഠപുസ്തകം നഷ്ടപ്പെട്ട കുട്ടികൾക്ക് അത് തിരിച്ചുനൽകുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുകയാണ്. നഷ്ടപ്പെട്ട രേഖകൾ തിരിച്ചുനൽകാനുള്ള നടപടികളും ശരിയായ ദിശയിലാണ്. വീട് തകർന്നപ്പോൾ തങ്ങളുടെ ജീവനോപാധിയായ കന്നുകാലികളോടൊപ്പമാണ് ചിലർ ക്യാമ്പുകളിൽ എത്തിയത്. കാലിത്തീറ്റ നൽകി അവയെ സംരക്ഷിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു.

## കരുത്തായി പൊതുസമൂഹം

ദുരന്തത്തെ മറികടക്കാനുള്ള പ്രവർത്തനത്തിലെ സുപ്രധാനഘട്ടമാണ് പുനർനിർമാണത്തിന്റേത്. ക്രിയാത്മകമായ ചർച്ചയുടെയും ശരിയായ പഠനത്തിന്റെയും അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണിത്. നാല് ഘടകങ്ങളാണ് ഇതുമായി ബന്ധപ്പെട്ടുള്ളത്. സമ്പത്ത് കണ്ടെത്തുകയാണ് ആദ്യത്തേത്. ഏത് തരത്തിലുള്ള പുനർനിർമാണമാണ് നടത്തേണ്ടത് എന്നത് രണ്ടാമതായി വരുന്നു. അസംസ്കൃത വസ്തുക്കൾ കണ്ടെത്തുക എന്ന ഏറെ ശ്രമകരമായ ദൗത്യവും ഏറ്റെടുക്കാനുണ്ട്. ജീവനോപാധികൾ ഉറപ്പുവരുത്തിക്കൊണ്ടേ ജനജീവിതത്തെ സാധാരണ നിലയിലേക്ക് എത്തിക്കാനാവൂ. ഇത്തരം പ്രവർത്തനങ്ങൾ ഏതൊക്കെ നിലയിൽ സംഘടിപ്പിക്കാനാവും എന്ന കാര്യവും പുനർനിർമാണത്തിന്റെ ഭാഗമായി ചർച്ച ചെയ്യപ്പെടേണ്ടതാണ്.

പണം കണ്ടെത്തുക എന്നതാണ് പുനർനിർമാണത്തിന് എറ്റവും അനിവാര്യമായ കാര്യം. ഒരോ കേരളീയനും നാടിനെ സംരക്ഷിക്കുന്നതിന് ഇറങ്ങേണ്ടതുണ്ട് എന്ന പൊതുബോധം ഉയർന്നുവന്നു എന്നതാണ് ഈ ഘട്ടത്തിൽ ഏറ്റവും കരുത്തായി മാറിയിരിക്കുന്നത്. ഈ ജനപിന്തുണ പ്രതിസന്ധിയെ അതിജീവിക്കാമെന്ന ആത്മവിശ്വാസം സർക്കാരിന് പ്രദാനം ചെയ്തിരിക്കുകയാണ്.

സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ളവരും ലോകത്തിലെ വിവിധ രാജ്യങ്ങളിൽ കഴിയുന്നവരും ഈ പ്രതിസന്ധിയുടെ ഘട്ടത്തിൽ നമ്മെ സഹായിക്കാൻ മുന്നോട്ടുവന്നു കൊണ്ടിരിക്കുകയാണ്. ഓണാഘോഷവും വിവാഹവും ഉൾപ്പെടെയുള്ള ചടങ്ങുകൾ മാറ്റിവച്ച് അതിന്റെ തുക പോലും മുഖ്യമന്ത്രിയുടെ ദുരിതാ ശ്വാസനിധിയിൽ നൽകിയവർ നിരവധിയാണ്. ചെറിയ കുട്ടികളുടെ സമ്പാദ്യക്കുടുക്കയിലെ പണം മുതൽ മുതിർന്ന പൗരൻമാരുടെ പെൻഷൻ തുക വരെ അക്കൂട്ടത്തിലുണ്ട്. സ്വന്തമായുള്ള വസ്തു സർക്കാരിന്റെ പേരിൽ കൈമാറിയും സഹായങ്ങൾ നൽകിയവരുണ്ട്. ഇത്തരത്തിൽ മാതൃകാപരമായി സംഭാവന നൽകിയ നിരവധിപേരുണ്ട്. എല്ലാം ഇവിടെ വിസ്തരിക്കുന്നില്ല. പതിവ് രീതികളെ മറികടന്നുകൊണ്ട് ഇത് സംഭവിക്കുന്നുവെന്നത് നമുക്കെല്ലാം ആത്മവിശ്വാസം പകരുന്നു.

ഒരു മാസത്തെ വേതനം പുനർനിർമാണത്തിനായി ലഭ്യമാക്കണമെന്ന നിർദേശം മുന്നോട്ടുവച്ചപ്പോൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ആവേശകരമായ പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. മിക്ക സർവീസ് സംഘടനകളും ഈ നിർദേശത്തെ സ്വാഗതം ചെയ്തു

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ആഗസ്റ്റ് 29 വരെ 730 കോടി രൂപയാണ് ലഭിച്ചത്. ചെക്കായും സ്ഥലങ്ങളായും ആഭരണങ്ങളായും മറ്റു വാഗ്ദാനമായും ലഭിച്ചത് ഇതിന് പുറമെ വരും.

## കേന്ദ്രസഹായം

പ്രധാനമന്ത്രിയും കേന്ദ്ര ആഭ്യന്തരമന്ത്രിയും പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിച്ചപ്പോൾ അടിയന്തര ആശ്വാസമായി 600 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേന്ദ്രസംഘത്തിന്റെ പരിശോധനയ്ക്ക് ശേഷം കെടുതിയുടെ വ്യാപ്തികൂടി കണക്കിലെടുത്തുകൊണ്ട് കൂടുതൽ തുക ലഭിക്കുന്ന സാഹചര്യമുണ്ടാകും എന്നാണ് പ്രതീക്ഷ.

## അതിർത്തികൾ കടന്ന് സഹായപ്രവാഹം

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് സഹായവാഗ്ദാനം പ്രവഹിക്കുന്നുണ്ട്. അവ നിയമപരമായ രീതികളിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടികളിലേക്കും സർക്കാർ നീങ്ങുകയാണ്.

ലോകത്തെമ്പാടുമുള്ള വിവിധ ഏജൻസികളും രംഗത്തുവരുന്നുണ്ട്. ആഗസ്റ്റ് 29ന് ലോകബാങ്കിന്റെ സംഘം കേരളത്തിൽ വന്നിരുന്നു. ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ളവരുമായി സംഘം ചർച്ച നടത്തിക്കഴിഞ്ഞു. നമ്മുടെ സംസ്ഥാനത്തിന്റെ താത്പര്യത്തിനനുസൃതമായ സഹായങ്ങൾ ആരുടെ ഭാഗത്തുനിന്നുണ്ടായാലും സ്വീകരിക്കുക എന്നതാണ് സർക്കാർ നയം.

പ്രവാസികളെ നമ്മുടെ വികസന പ്രവർത്തനങ്ങളുമായി കണ്ണിചേർക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ചിട്ടുള്ളതാണ്

ലോകകേരള സഭ. ഈ സഭയുടെ ശേഷിയെ ഉപയോഗപ്പെടുത്തിക്കൊണ്ട് മേഖലയിലെ സഹായം ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങളും കൊണ്ടുവരാൻ സർക്കാർ ആലോചിക്കുന്നുണ്ട്.

## പുനർനിർമാണം എങ്ങനെ?

പുനർനിർമാണം ഏത് വിധത്തിലായിരിക്കണം എന്നത് ഗൗരവമേറിയ വിഷയമാണ്. പ്രളയദുരന്തം പാരിസ്ഥിതികമായ ചില കാര്യങ്ങൾ മുന്നോട്ടുകൊണ്ടുവന്നിട്ടുണ്ട്. പ്രളയവും മണ്ണിടിച്ചിലും ഉരുൾപൊട്ടലും എളുപ്പം ബാധിക്കാവുന്ന സ്ഥലങ്ങളിൽ പുനരധിവാസം നടത്തണമോ എന്നത് പ്രധാനപ്പെട്ട പ്രശ്നമാണ്. ഇക്കാര്യത്തിൽ ഒരു വ്യക്തത എല്ലാവർക്കും കൂടി ഉണ്ടാക്കാനാവണം. പരിസ്ഥിതി കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള നിർമാണപ്രവർത്തനത്തിന്റെ സാധ്യതകൾ ആരായണം.

## അസംസ്കൃത വസ്തുക്കളുടെ കണ്ടെത്തൽ

റോഡുകളും പാലങ്ങളും ഉൾപ്പെടെയുള്ളവ വലിയ തോതിൽ തകർന്നുപോയിട്ടുണ്ട്. ഉൾനാടുകളിലെ പശ്ചാത്തല സൗകര്യങ്ങൾ ഏറെ പരിതാപകരമാണ്. അവ പുന:സ്ഥാപിക്കുന്നതിലൂടെ മാത്രമേ ജനജീവിതത്തെ സാധാരണ നിലയിലേക്ക് കൊണ്ടുവരാനാവൂ. ഇതിനുള്ള അസംസ്കൃത വസ്തുക്കൾ കണ്ടെത്തുക എന്നുള്ളത് നാം മറികടക്കേണ്ട അതീവ ഗൗരവമായ മറ്റൊരു പ്രശ്നമാണ്. ഇത് സൂക്ഷ്മമായി പരിശോധിച്ചുകൊണ്ട് മാത്രമേ പുനർനിർമാണ പ്രവർത്തനങ്ങളുടെ കാഴ്ചപ്പാടുകൾ പൂർണത യിലെത്തിക്കാനാവൂ.

## ജീവനോപാധികൾ ഉറപ്പുവരുത്തൽ

ജനജീവിതം മുന്നോട്ടുപോകണമെങ്കിൽ ജീവനോപാധികൾ ഉറപ്പുവരുത്താനാവണം. കാർഷികമേഖലയും വ്യാപാര-വാണിജ്യ-ചെറുകിട വ്യവസായ മേഖലയുമെല്ലാം നാശോന്മുഖമായി. വളർത്തുമൃഗങ്ങൾ ചത്തുപോയതും പലരുടെയും ജീവിതത്തെ പ്രതിസന്ധിയിലാക്കി. ജനങ്ങൾ നേരിടുന്ന ഇത്തരം പ്രശ്നങ്ങളെ പരിഹരിച്ചാൽ മാത്രമേ അവരെ സാധാരണ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരാനാവൂ. അതിനായുള്ള പ്രവർത്തനങ്ങൾ പുനർനിർമാണത്തിലെ പ്രധാന ഉത്തരവാദിത്വങ്ങളിലൊന്നായാണ് സർക്കാർ കാണുന്നത്.

എല്ലാ ആധുനിക സംവിധാനങ്ങളുമുള്ള അന്താരാഷ്ട്ര വിമാനത്താവളം പോലും രണ്ടാഴ്ചയോളം കഴിഞ്ഞേ പ്രവർത്തനക്ഷമമായുള്ളൂ. അപ്പോൾ ചെറിയ സ്ഥാപനങ്ങൾ സാധാരണ ഗതിയിലെത്താൻ എത്രത്തോളം സമയമെടുക്കുമെന്ന് ആലോചിക്കാവുന്നതേയുള്ളൂ.

ചെറുകിട കച്ചവടക്കാരും വ്യവസായ സ്ഥാപനങ്ങളുമടങ്ങുന്ന ഒരു വലിയ സമ്പദ്വ്യവസ്ഥ നിശ്ചലാവസ്ഥയിലായി. ഇത് പൂർവസ്ഥിതിയിലെത്തിക്കാൻ ബാങ്കുകളുടെ വായ്പാ പുന:ക്രമീകരണം കൊണ്ടുമാത്രം സാധ്യമാവില്ല. നിലവിലെ ദുരന്തനിവാരണ ചട്ടക്കൂടിൽ നിന്നുള്ള ഇടപെടലുകൾ കൊണ്ട് അത് സാധ്യമാവുകയുമില്ല. പാലിലും പച്ചക്കറിയിലും സ്വയംപര്യാപ്തതയിലേക്ക് അടുത്തുനിൽക്കുമ്പോഴാണ് കാലവർഷക്കെടുതിയിൽ നാം അകപ്പെട്ടത്. അസംഖ്യം കുടുംബങ്ങളുടെ ജീവനോപാധിയാണ് തകർന്നിരിക്കുന്നത്. ഇവ എങ്ങനെ പുനരുജ്ജീവിപ്പിക്കാം എന്ന കാര്യവും വിശദമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.

## ലോകം നമുക്കൊപ്പം

ഓഖി ദുരന്തത്തെയും നിപയെയും അതിജീവിച്ച നാം ഈ വലിയ ദുരന്തത്തെയും മറികടക്കാൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. നമ്മൾ യോജിച്ചുനിന്നാൽ പ്രളയത്തിൽ തകർന്ന കേരളത്തെ കൂടുതൽ പ്രൗഢോജ്ജ്വലമായി തിരിച്ചുപിടിക്കാൻ കഴിയും. ദുരന്തങ്ങളിൽ തകർന്നവരല്ല, അതിനെ അതിജീവിച്ച് കുതിക്കുന്നവരാവണം നാം. ചരിത്രത്തിൽ അതിജീവനത്തിന്റെ പുതിയ അധ്യായം രചിച്ചവരാണ് കേരളീയരെന്ന അഭിമാനബോധത്തോടെ തലയുയർത്തിനിൽക്കാൻ നമുക്ക് കഴിയണം. അതിനായി നമ്മെ സ്നേഹിക്കുന്നവരോടൊപ്പം കൈകോർത്ത് പിടിച്ചുകൊണ്ട് മുന്നോട്ടുപോകാനാവണം. അതിനുള്ള അടിസ്ഥാനം നമ്മുടെ ഐക്യവും യോജിപ്പുമാണ്. അതാണ് അതിജീവനത്തിന്റെ അടിസ്ഥാനപാഠമെന്നതാണ് സർക്കാർ നിലപാട്.

നമ്മുടെ യോജിപ്പിന്റെയും ത്യാഗത്തിന്റെയും സാഹോദര്യത്തിന്റെയും രീതികളാണ് ലോകജനതയെ മുഴുവൻ ആകർഷിച്ചത്. ഐക്യത്തോടെ നിന്ന് അതിജീവിക്കുക എന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. കേരളത്തെ ഉയിർത്തെഴുന്നേൽപ്പിക്കുന്നതിനുള്ള പ്രയത്നങ്ങളിൽ എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണയും സഹകരണവും സർക്കാർ പ്രതീക്ഷി ക്കുന്നു. ഒറ്റക്കെട്ടായി നമുക്ക് നിൽക്കാനായിട്ടുണ്ട്. അവ കൂടുതൽ കരുത്തോടെ മുന്നോട്ടുകൊണ്ടു പോകാനായാൽ അതിജീവനത്തിന്റെ പുതിയ പാഠങ്ങൾ ലോകത്തിന് സമ്മാനിക്കാൻ നമുക്ക് കഴിയും. അതിനുള്ള സഹകരണവും പിന്തുണയും അഭ്യർഥിക്കുന്നു.

**(പ്രത്യേക നിയമ സഭാസമ്മേളനത്തിൽ നടത്തിയ പ്രസംഗം)**

# പട്ടികജനവിഭാഗങ്ങൾക്ക് വലിയ നഷ്ടങ്ങൾ

**കിടപ്പാടവും ഭൂമിയും തൊഴിലും ജീവനോപാധിയും അടക്കം വലിയ നാശനഷ്ടമാണ് പ്രളയത്തിൽ പട്ടികജനവിഭാഗങ്ങൾക്കുണ്ടായത്**



**എ. കെ. ബാലൻ**
പട്ടികജാതി, പട്ടികവർഗ, പിന്നാക്ക ക്ഷേമമന്ത്രി

കേരളം അഭിമുഖീകരിച്ച ചരിത്രത്തിലെ ഏറ്റവും വലിയ പ്രളയദുരിതത്തിൽ പട്ടിക ജനവിഭാഗങ്ങൾക്കും സമാനതകളില്ലാത്ത കഷ്ടനഷ്ടങ്ങളാണ് സംഭവിച്ചത്. പട്ടികജാതി ജനവിഭാഗങ്ങളിൽ 89,158 കുടുംബങ്ങൾ (12.28%) പ്രളയബാധിതരായി. 44 പേർ മരിച്ചു. 65 പേർക്ക് പരിക്കേറ്റു. 2733 വീടുകൾ പൂർണമായും, 11,223 വീടുകൾ ഭാഗികമായും തകർന്നു. 165 പേരുടെ ഭൂമി ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും വാസയോഗ്യമോ കൃഷിയോഗ്യമോ അല്ലാതായി. നാല് കോളനികൾ പൂർണമായും ഒറ്റപ്പെട്ടു. നൂറ് കണക്കിന് കക്കൂസുകൾ, കിണറുകൾ എന്നിവ ഉപയോഗശൂന്യമായി. ഇവരുടെ ആവാസ പ്രദേശങ്ങളുമായി ബന്ധപ്പെട്ട നൂറ് കണക്കിന് പാതകൾ തകർന്നു. 107 കുടിവെള്ള പദ്ധതികൾ നശിച്ചു. 527 ഏക്കറിലെ കൃഷി നശിച്ചു. അയ്യായിരത്തോളം വളർത്തുമൃഗങ്ങൾക്ക് ജീവഹാനി സംഭവിച്ചു. ചുരുക്കത്തിൽ കിടപ്പാടവും ഭൂമിയും തൊഴിലും ജീവനോപാധിയും അടക്കം വലിയ നാശനഷ്ടമാണ് സംഭവിച്ചത്.

ദുരിതാശ്വാസപ്രവർത്തനങ്ങളിൽ ജനങ്ങളോടൊപ്പം പട്ടികജാതി വകുപ്പിലെ ഉദ്യോഗസ്ഥരും സജീവമായി രംഗത്തിറങ്ങി. എറണാകുളം ജില്ലയിൽ ജില്ലാഭരണകൂടത്തോടൊപ്പം മുഴുവൻ ജീവനക്കാരും ജീവൻരക്ഷാപ്രവർത്തനങ്ങളിൽകൂടി പങ്കാളികളായി. മറ്റ് സ്ഥലങ്ങളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു. അമ്പലപ്പുഴ, റാന്നി പ്രീമെട്രിക് ഹോസ്റ്റലും പന്തളം ഐടിഐയും അമ്പലപ്പുഴ കമ്യൂണിറ്റി ഹാളും ആലപ്പുഴ ജില്ലയിലെ നാല് കോളനികളും പട്ടികജാതി വകുപ്പ് മേധാവിയുടെ നേതൃത്വത്തിൽ ജീവനക്കാർ ശുചീകരിച്ചു. 14,697 കുടുംബങ്ങൾക്ക് ഭക്ഷ്യ-ഭക്ഷ്യേതര കിറ്റ് ലഭ്യമാക്കി. 9000 കുടുംബങ്ങൾക്ക് ഗ്യാസ് സ്റ്റൗ നൽകി. പൂർണമായും വീട് നഷ്ടപ്പെട്ടവർക്ക് വകുപ്പിന്റെ ഭവനനിർമാണ പദ്ധതിയിൽ ഉൾപ്പെടുത്തി നാല് ലക്ഷം രൂപയുടെ ഭവനനിർമാണ സഹായം നൽകും. ഭാഗികമായി വീടുകൾ തകർന്നവർക്ക് റവന്യൂവകുപ്പ് പ്രഖ്യാപിച്ച ധനസഹായവും ലഭ്യമാക്കും. ക്യാമ്പുകളിൽ നിന്നും മടങ്ങിയ കുടുംബങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായത്തിന് പുറമെ അയ്യായിരം രൂപ പട്ടികജാതി വകുപ്പ് നൽകി. വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഗാന്ധിജയന്തി മുതൽ രണ്ടാഴ്ചക്കാലം ആചരിക്കുന്ന ഐക്യ



ദാർഢ്യപക്ഷാചരണത്തിന്റെ ഭാഗമായി ഓരോ ബ്ലോക്കിലും പ്രളയബാധിതമായ ഓരോ കോളനിയും ശുചീകരിക്കുകയോ പുനർനിർമാണ പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തു.

ഭൂമി വാസയോഗ്യമല്ലാതായ 165 കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും. സർക്കാർ ഭൂമിയോ പുറമ്പോക്ക് ഭൂമിയോ ലഭ്യമായില്ലെങ്കിൽ വകുപ്പിന്റെ ഭൂരഹിത പുനരധിവാസപദ്ധതിപ്രകാരം ഭൂമി വാങ്ങി നൽകും. മരണമടഞ്ഞവരിൽ കുടുംബത്തിന്റെ വരുമാന ദായകർ ഉണ്ടെങ്കിൽ സർക്കാർ പ്രഖ്യാപിച്ച ധനസഹായത്തിന് പുറമെ 50,000 രൂപ കൂടി നൽകും. ജീവനോപാധിയായ വളർത്തുമൃഗങ്ങൾ നഷ്ടമായവർക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്നുണ്ട്. പ്രളയം തകർത്തെറിഞ്ഞവരെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്.

## പട്ടികവർഗ വികസന വകുപ്പ്

പട്ടികവർഗമേഖലയിലും വ്യാപകമായ നാശനഷ്ടവും ജീവഹാനിയും നേരിട്ടു. 578 കോളനികളിലെ 10,743 കുടുംബങ്ങൾ ദുരിതത്തിൽപ്പെട്ടു. 14 പേർ മരണമടഞ്ഞു. 7664 കുടുംബങ്ങളെ 308 ക്യാമ്പുകളിൽ മാറ്റിപ്പാർപ്പിച്ചു. വയനാട് തൃശൂർ, ജില്ലകളിലെ നാല് ക്യാമ്പുകളിലായി 28 കുടുംബങ്ങൾ ഇപ്പോഴും ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നു. പട്ടികവർഗ വിഭാഗങ്ങളുടെ 729 വീടുകൾ പൂർണമായും 1220 വീടുകൾ ഭാഗികമായും തകർന്നു. കോട്ടയം, ഇടുക്കി, തൃശൂർ, പാലക്കാട്, വയനാട്, മലപ്പുറം ജില്ലകളിലെ വാസയോഗ്യമല്ലാത്ത 32 കോളനികളിലെ 657 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടതായുണ്ട്.

മരണമടഞ്ഞവരിൽ കുടുംബത്തിന്റെ വരുമാനദായകർ ഉണ്ടെങ്കിൽ സർക്കാർ പ്രഖ്യാപിച്ച നാല് ലക്ഷം രൂപയുടെ ധനസഹായത്തിന് പുറമെ 50,000 രൂപ കൂടി വകുപ്പ് നൽകും. ക്യാമ്പുകളിൽ



നിന്ന് മടങ്ങുമ്പോൾ കുടുംബങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായത്തിന് പുറമെ 10,000 രൂപയും അധികമായി വകുപ്പ് നൽകി. 7662 കുടുംബങ്ങൾക്ക് റവന്യൂ വകുപ്പ് മുഖേന ഭക്ഷ്യകിറ്റുകളും വിതരണം ചെയ്തു. ദുരിതബാധിത മേഖലയിലെ 2017 കോളനികളിലെ 32,631 കുടുംബങ്ങൾക്ക് വസ്ത്രങ്ങൾ, ബഡ്ഷീറ്റുകൾ കമ്പിളിപുതപ്പുകൾ, സാനിറ്ററി നാപ്കിൻ, ഉപഭോഗ വസ്തുക്കൾ, വീട്ടുസാമഗ്രികൾ, അടുക്കളസാമഗ്രികൾ, എൽപിജി സ്റ്റൗ, സൗരോർജ വിളക്കുകൾ, ടാർപ്പോളിൻ മുതലായവ വിതരണം ചെയ്തു.

പൂർണമായി തകർന്നതും വാസയോഗ്യമല്ലാത്തതുമായ 729 വീടുകൾക്ക് പകരമായി പുതിയ വീടുകൾ നിർമിക്കുന്നതിന് ആറ് ലക്ഷം രൂപ വീതം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഭാഗികമായി തകർന്ന 1220 വീടുകളുടെ എസ്റ്റിമേറ്റ് തദ്ദേശസ്വയംഭരണ വകുപ്പ്, പട്ടികവർഗ വികസന വകുപ്പ്, മറ്റു സ്ഥാപനങ്ങൾ എന്നിവ മുഖേന തയാറാക്കിവരുന്നു.

പൂർണമായും വാസയോഗ്യമല്ലാതായി തീർന്ന കോട്ടയം ജില്ലയിലെ മാധവശ്ശേരി, ഇടുക്കി ജില്ലയിലെ കാറ്റുതീ കോളനി നിവാസികളെ ലാൻഡ് ബാങ്കിൽ നിന്നും ഭൂമി കണ്ടെത്തി പുനരധിവസിപ്പിക്കും. പാലക്കാട് ജില്ലയിൽ കോട്ടപ്പാടം പഞ്ചായത്തിലെ കരടിയോട് കോളനിയിലെ 18 കുടുംബങ്ങൾക്ക് തിരുവിഴാംകുന്ന് ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ 3.67 ഹെക്ടർ വനഭൂമി നൽകാനും തീരുമാനിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ദുരിതബാധിതരെ പുരധിവസിപ്പിക്കുന്നതിന് 10 ഹെക്ടർ നിക്ഷിപ്ത വനഭൂമിയും അനുവദിച്ചു. വയനാട് ജില്ലയിലും പുനരധിവസിപ്പിക്കേണ്ട കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോളനികളിലെ റോഡുകൾ, നടപ്പാതകൾ, സംരക്ഷണഭിത്തികൾ, വൈദ്യുതി തകരാറുകൾ, കുടിവെള്ളസ്രോതസ്സുകൾ എന്നിവ നന്നാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## സാംസ്കാരിക വകുപ്പ്

സാംസ്കാരിക വകുപ്പും സാംസ്കാരിക സ്ഥാപനങ്ങളും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു. നമ്മുടെ സാംസ്കാരിക പ്രവർത്തകരെയാകെ ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞിരുന്നവർക്ക് മാനസികമായ കരുത്തും അതിജീവനത്തിന് ആത്മവിശ്വാസവും പകർന്നുനൽകാൻ രംഗത്തിറക്കി. ദുരിതാശ്വാസ ക്യാമ്പുകളിൽ എല്ലാവിഭാഗം കലാകാരന്മാരും അവരവരുടെ കലാരൂപങ്ങളുമായി എത്തി. പാട്ടും മിമിക്രിയും നാടൻപാട്ടും നാടകവും മാജിക്കും സിനിമയുമായി ദുരന്തത്തിന്റെ ഓർമകളിൽ നിന്നും അവരെ മോചിപ്പിക്കാൻ ശ്രമിച്ചു.

ദൃശ്യസാന്ത്വന യാത്ര എന്ന പേരിൽ അതിജീവനത്തിന്റെ സന്ദേശം ഉൾക്കൊള്ളുന്ന ചലച്ചിത്രങ്ങളുമായി ചലച്ചിത്ര അക്കാദമി പ്രളയം വിതച്ച മേഖലകളിൽ സഞ്ചരിച്ചു. പാലക്കാട് അപ്നാഘർ ക്യാമ്പിൽ നിന്നും ആരംഭിച്ച യാത്ര ആറന്മുളയാണ് സമാപിച്ചത്. മലയാളം സബ്ടൈറ്റിലുകളോടെ നടത്തിയ പ്രദർശനം ക്യാമ്പുകളിൽ കഴിയുന്നവർക്ക് വലിയ ആത്മവിശ്വാസം പകർന്നു നൽകുന്നവയായിരുന്നു. സർക്കാർ പുതുതായി ആരംഭിച്ച വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെട്ട കലാകാരന്മാർ ദുരിതാശ്വാസ സാന്ത്വന പരിപാടികൾ ക്യാമ്പുകളിൽ സംഘടിപ്പിച്ചു. കേരളത്തിന്റെ പുനഃസൃഷ്ടിക്കുള്ള സാമ്പത്തികബാധ്യത കണക്കാക്കാൻ യുനെസ്കോ പ്രതിനിധികൾ കേരളം സന്ദർശിച്ചപ്പോൾ ദുരന്താനന്തര ആവശ്യകതയുടെ കണക്കെടുപ്പ് തയാറാക്കുന്നതിൽ സാംസ്കാരിക വകുപ്പും പങ്കാളിയായി. ആറന്മുളയിലെ ആറന്മുളക്കണ്ണാടി നിർമാണ യൂണിറ്റുകൾക്കുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ട്. എറണാകുളം ഗോതുരുത്ത് മേഖലയിൽ ചവിട്ട് നാടക സംഘങ്ങളുടെ നാടക സാമഗ്രികൾ പ്രളയത്തിൽ നഷ്ടപ്പെട്ടിരുന്നു. സംഗീത നാടക അക്കാദമി മുഖേന ഇവർക്ക് സാമ്പത്തിക സഹായം അനുവദിച്ചു.

പ്രവാസി മലയാളികൾ അവരുടെ മേഖലയിൽ രാജ്യത്തിനകത്തും പുറത്തും കലാസാംസ്കാരിക മേളകളിലൂടെ ധനസമാഹരണം നടത്തിക്കൊണ്ടിരിക്കുന്നു. മലയാളം മിഷനും ഭാരത് ഭവനും ചേർന്ന് ഇന്ത്യയിലെ പത്ത് മഹാനഗരങ്ങളിൽ സാംസ്കാരിക ദൃശ്യയാത്ര സംഘടിപ്പിക്കും. ഈ സാംസ്കാരിക കൂട്ടായ്മ കേരളത്തിന്റെ പുനർനിർമാണത്തിന് ഫണ്ട് ശേഖരണവും നടത്തും. ലളിതകലാ അക്കാദമിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ പ്രശസ്ത ചിത്രകാരന്മാർ നടത്തിയ ചിത്ര-ശിൽപ്പ ക്യാമ്പുകളിലൂടെ ലക്ഷക്കണക്കിന് രൂപയുടെ ധനസമാഹരണമാണ് നടത്തിയത്. മറ്റ് കലാസാംസ്കാരിക സംഘടനകളും സമാനമായ കലാപ്രകടനങ്ങളിലൂടെ ധനസമാഹരണം നടത്തി. കലാമണ്ഡലത്തിലെ അധ്യാപകരും വിദ്യാർഥികളും സമാനമായ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. എഴുത്തുകാർ റോയൽറ്റി തുക ദുരിതാശ്വാസ നിധിയിലേക്ക് നൽകാൻ തയാറായി. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങൾ വിദ്യാർഥികൾക്ക് നോട്ട് ബുക്കും പുസ്തകങ്ങളും വിതരണം ചെയ്തു. ലൈബ്രറികൾക്ക് പ്രത്യേക ഇളവിൽ പുസ്തകങ്ങൾ നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

കേരളത്തിന്റെ മഹത്തായ സാംസ്കാരിക പാരമ്പര്യത്തെ ഉയർത്തിപ്പിടിക്കും വിധം സാംസ്കാരിക സ്ഥാപനങ്ങളോടൊപ്പം കലാകാരന്മാരും സാംസ്കാരിക പ്രവർത്തകരും രംഗത്തിറങ്ങി എന്നത് ആവേശകരമായ കാഴ്ചയാണ്. കേരളത്തിന്റെ പുനർനിർമാണത്തിന് ഇത് കരുത്ത് പകരും.



# പ്രളയത്തിന്റെ നാൾവഴി; പ്രതിരോധത്തിന്റെയും



**ഇ. ചന്ദ്രശേഖരൻ**
റവന്യൂ മന്ത്രി

**നീണ്ടുനിന്ന കനത്ത മഴയാണ് നൂറ്റാണ്ട് കണ്ട കൊടിയ പ്രളയത്തിലേക്ക് കേരളത്തെ നയിച്ചത്. മഴയുടെ തീവ്രത മനസ്സിലാക്കി സംസ്ഥാന സർക്കാർ നേരത്തേ തന്നെ മുൻകരുതലുകൾ തുടങ്ങിയിരുന്നു.**

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലായിരുന്നു പ്രളയത്തിന്റെ തുടക്കം. മഴ കുറയുന്നുവെന്ന ധാരണ തകിടംമറിച്ച് ആഗസ്റ്റ് എട്ടോടെ മഴ കനത്തു. കോഴിക്കോട്, മലപ്പുറം ജില്ലകളിൽ വ്യാപകമായ ഉരുൾപൊട്ടലും വെള്ളപ്പൊക്കവുമുണ്ടായി. ആലുവ മേഖലയിൽ പെരിയാറിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നു. വിവിധ ഡാമുകൾ തുറക്കേണ്ടി വന്നു. ഒമ്പതിന് റവന്യു മന്ത്രി എറണാകുളത്ത് ജില്ലാ കളക്ടറുമായി ചർച്ച ചെയ്ത് അടിയന്തര നടപടികൾക്ക് നിർദ്ദേശം നൽകി. പത്തിന് ആലുവയിൽ സ്ഥിതി കൂടുതൽ ഗുരുതരമായി. ജില്ലയിലെ ജനപ്രതിനിധികളെ ഉൾപെടുത്തി യോഗം വിളിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. മലപ്പുറത്ത് നിലമ്പൂരിൽ ഉരുൾപൊട്ടലിൽ ആറ് പേർ മരിച്ച എരുമമുണ്ട, മതിൽമൂല എന്നിവിടങ്ങൾ റവന്യു മന്ത്രി സന്ദർശിച്ചു.

ശക്തമായി മഴ തുടരും എന്ന മുന്നറിയിപ്പ് കാലാവസ്ഥ കേന്ദ്രം നൽകിയപ്പോൾ തന്നെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ അവലോകന യോഗം ചേർന്നു. ദുരന്ത നിവാരണ



അതോറിറ്റിയുടെ യോഗം വിളിച്ചു പോലീസ്, അഗ്നിരക്ഷാ സേന, ദുരന്തരക്ഷാസേന എന്നിവയുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം സജീവമാക്കി. റവന്യു അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സെക്രട്ടറിയേറ്റിൽ സംസ്ഥാന ഏകോപന സെൽ രൂപീകരിച്ചു. മുഖ്യമന്ത്രിയുടെ ഓഫീസിലും റവന്യൂ മന്ത്രിയുടെ ഓഫീസിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുറന്നു. രക്ഷാ പ്രവർത്തനം ആവശ്യപ്പെട്ട് ലഭിച്ച ഫോൺ സന്ദേശങ്ങൾ സംസ്ഥാന കൺട്രോൾ റൂമിലേക്ക് കൈമാറുകയും ജില്ലാ കൺട്രോൾ റൂം വഴി രക്ഷാപ്രവർത്തനങ്ങൾ ഒരുക്കുകയും ചെയ്തു.

റവന്യു-തദ്ദേശസ്വയം ഭരണം- ആരോഗ്യ-മത്സ്യബന്ധന വകുപ്പുകൾ, കേരള പോലീസിന്റെയും അഗ്നിശമന സേനയുടെയും ബറ്റാലിയനുകൾ, കര-നാവിക-വ്യോമ സേനകൾ, ബി.എസ്.എഫ്, കോസ്റ്റ്ഗാർഡ്, ദേശീയ ദുരന്ത നിവാരണ സേന, സി.ആർ.പി.എഫ്, ഐ.റ്റി.ബി.എഫ്, മത്സ്യത്തൊഴിലാളികൾ തുടങ്ങിയവർ രക്ഷാപ്രവർത്തനങ്ങളിൽ സജീവമായി. മന്ത്രിമാർ, എം.പി മാർ, എം.എൽ.എ മാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ, പൊതുജനങ്ങൾ, യുവാക്കൾ, വിദ്യാർഥികൾ തുടങ്ങി എല്ലാവരും രാപ്പകൽ രംഗത്തിറങ്ങി.

കേന്ദ്ര സേനയുടെയും സൈനിക വിഭാഗങ്ങളുടെയും അടിയന്തര സേവനം ആവശ്യപ്പെടുകയും കാലതാമസം കൂടാതെ അത്യാവശ്യ മേഖലകളിൽ വിന്യസിക്കുകയും ചെയ്തു. ഒൻപതിന് ദേശീയ ദുരന്ത നിവാരണ സേനയുടെ 48 അംഗസംഘത്തെ വയനാട്ടിൽ എത്തിച്ചു. പത്തിന് ദേശീയ ദുരന്ത സേനയുടെ 28 അംഗ സംഘം മലപ്പുറത്തും 72 അംഗസംഘം കോഴിക്കോടും രക്ഷാപ്രവർത്തനം ആരംഭിച്ചു. പുതിയതായി എത്തിച്ചേർന്ന ദുരന്തനിവാരണ സേനയുടെ ഒരു സംഘം പാലക്കാടും മറ്റൊന്ന് ഇടുക്കിയിലും പ്രവർത്തനം തുടങ്ങി. സേനകൾ ഇറങ്ങിയതോടെ പതിനായിരക്കണക്കിന് ആളുകളെ സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് മാറ്റാനായി.

## ദിവസവും അവലോകന യോഗങ്ങൾ

സെക്രട്ടറിയേറ്റിൽ എല്ലാദിവസവും രാവിലെയും വൈകുന്നേരവും അവലോകന യോഗങ്ങൾ മുഖ്യമന്ത്രിയുടെയും റവന്യു മന്ത്രിയുടെയും സാന്നിധ്യത്തിൽ ചേർന്നു. മുഖ്യമന്ത്രിയും റവന്യൂ മന്ത്രിയും സ്ഥിതിഗതികൾ വാർത്താ സമ്മേളനം വഴി പൊതു സമൂഹത്തെ അറിയിച്ചു കൊണ്ടിരുന്നു.

രക്ഷാപ്രവർത്തനത്തിന്റെ നിർദേശങ്ങൾ നൽകിയിരുന്നത് കളക്ടറേറ്റുകളിലെ കൺട്രോൾ റൂമുകൾ മുഖേനയായിരുന്നു.




പ്രളയത്തിൽ കുടുങ്ങിയവരുടെ വിവരങ്ങൾ സെക്രട്ടേറിയറ്റിലെ കൺട്രോൾ റൂമിൽ സോഫ്റ്റ് വെയർ ഉപയോഗിച്ച് വിശകലനം ചെയ്ത് ജില്ലാ തലത്തിലേക്ക് കൈമാറി. അടിയന്തര യോഗം ചേരുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനും മന്ത്രിമാരായ ഇ.പി.ജയരാജൻ, ഇ.ചന്ദ്രശേഖരൻ, മാത്യു.റ്റി.തോമസ്, എ.കെ.ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവർ ഉൾപ്പെടുന്ന മന്ത്രിസഭാ ഉപസമിതിയെ നിയോഗിച്ചു.

ജനങ്ങളും പൊതുപ്രവർത്തകരും രക്ഷാ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെട്ടു. രക്ഷാപ്രവർത്തനത്തിന് മത്സ്യതൊഴിലാളികളെ നിയോഗിക്കാൻ സർക്കാർ എടുത്ത തീരുമാനം ആയിരക്കണക്കിന് ആളുകളുടെ ജീവൻ രക്ഷിക്കാൻ വഴിതുറന്നു. മത്സ്യത്തൊഴിലാളികളും മത്സ്യബന്ധന വകുപ്പും നൽകിയ പിന്തുണയും അവിസ്മരണീയമായി. ലോറി ഉടമകൾ, ഉപാധികളില്ലാതെ ഇന്ധനം തന്നു സഹായിച്ച പെട്രോൾ ബങ്ക് ഉടമകൾ , ലോറി ഡ്രൈവർമാർ, ബോട്ട് ഡ്രൈവർമാർ എന്നിവരെയും നന്ദിയോടെ ഓർക്കേണ്ടതുണ്ട്.

അണക്കെട്ടിലെ ജലനിരപ്പിനെ സംബന്ധിച്ചുള്ള വിവരങ്ങൾ ജനങ്ങളെ അറിയിക്കാനും ആവശ്യമെങ്കിൽ മാറ്റിപ്പാർപ്പിക്കാനും




ക്രമീകരണങ്ങൾ നടത്തി. ഇതിനിടയിൽ മഴ മഹാ പ്രളയത്തിലേക്ക് കനത്തു. ആഗസ്റ്റ് പത്ത് മുതൽ പൊതു പരിപാടികൾ റദ്ദുചെയ്ത് മുഖ്യമന്ത്രിയും റവന്യൂമന്ത്രിയും രക്ഷാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനായി തിരുവനന്തപുരത്ത് തുടർന്നു. വയനാട്, കോഴിക്കോട് മലപ്പുറം എറണാകുളം കോട്ടയം, ആലപ്പുഴ ജില്ലകളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചു. എല്ലാ കണക്കുകൂട്ടലും തെറ്റിച്ച് മഴയും ഉരുൾപൊട്ടലും ഭീകരമായി. ഇടുക്കി ഡാമിന്റെ ഷട്ടറുകൾ തുറന്നു. ആലുവയും പരിസര പ്രദേശങ്ങളും വെള്ളത്തിലാഴ്ന്നു. 12ന് മുഖ്യമന്ത്രിയും, റവന്യൂ മന്ത്രിയും, ചീഫ് സെക്രട്ടറിയും, റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയും പ്രളയ ബാധിത പ്രദേശങ്ങൾ ഹെലികോപ്റ്ററിൽ സന്ദർശിച്ചു.

ആഗസ്റ്റ് 12-ന് കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്നാഥ്സിംഗ് പ്രളയ ബാധിത പ്രദേശങ്ങൾ ഹെലികോപ്റ്ററിൽ സന്ദർശിച്ചു. 14 ഓടെ 27 അണക്കെട്ടുകൾ തുറന്നു 444 വില്ലേജുകൾ പ്രളയ ബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചു. കണ്ണൂർ, തൃശൂർ, പത്തനംതിട്ട ജില്ലകളിൽ കൂടി റെഡ് അലർട്ട് പ്രഖ്യാപിച്ചു. റാന്നി, തിരുവല്ല, പാണ്ടനാട് തുടങ്ങിയ ഇടങ്ങളിൽ വെള്ളം ക്രമാതീതമായി പൊങ്ങി. പെരിയാറിന്റെ തീരത്തുള്ള ആലുവ, പറവൂർ തുടങ്ങിയ സ്ഥലങ്ങൾ വെള്ളത്തിനടിയിലായി. ഷോളയാർ, പെരിങ്ങൽക്കുത്ത് ഡാമുകൾ തുറന്നതോടെ ചാലക്കുടിയും പരിസരവും മുങ്ങി. ജലവിതരണവും വൈദ്യുതി വിതരണവും തടസ്സപ്പെട്ടു.

രക്ഷാപ്രവർത്തനത്തിന് കൂടുതൽ ബോട്ടുകൾക്കായി അയൽസംസ്ഥാനങ്ങളുടെ സഹായം തേടാൻ തീരുമാനിച്ചു. മത്സ്യത്തൊഴിലാളികൾ തിരുവനന്തപുരത്തു നിന്നും കൊല്ലത്തു നിന്നും ആലപ്പുഴയിൽ നിന്നും കൂടുതൽ ബോട്ടുകളും വള്ളങ്ങളും പ്രളയമേഖലയിൽ എത്തിച്ചു. തിരുവല്ലയിലേക്കും പാണ്ടനാട്ടേക്കും കരസേനയുടെയും നാവിക സേനയുടെയും കൂടുതൽ വിഭാഗങ്ങളെ അയച്ച് രക്ഷാ പ്രവർത്തനം ശക്തിപ്പെടുത്തി. ഒറ്റപ്പെട്ട തുരുത്തിൽ കുടുങ്ങി കിടന്ന ധാരാളം പേരെ എയർ ലിഫ്റ്റ് ചെയ്തു. കൂടുതൽ കേന്ദ്രസേനയും ഹെലികോപ്റ്ററും അയക്കണമെന്ന് ആഗസ്റ്റ് 16-ന് മുഖ്യമന്ത്രി പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടതിനെ തുടർന്ന് 17-ന് 27 ഹെലികോപ്റ്ററുകൾ ദുരന്ത മേഖലയിൽ എത്തിച്ചു. തിരുവല്ല, ചെങ്ങന്നൂർ, ആലുവ, ചാലക്കുടി ഭാഗങ്ങളിൽ ഹെലികോപ്റ്ററുകൾ രക്ഷാപ്രവർത്തനം ശക്തിപ്പെടുത്തി.

ഇതിനിടയിൽ ഭക്ഷണവും കുടിവെള്ളവും യുദ്ധ കാലാടിസ്ഥാനത്തിൽ എത്തിച്ചു. ആഗസ്റ്റ് 17, 18 തീയതികളിൽ തിരുവനന്തപുരം വിമാന ത്താവളത്തിൽ നിന്നും 6.8 ടൺ ഭക്ഷണ സാധനങ്ങൾ ദുരിതാശ്വാസ കേന്ദ്രങ്ങളിൽ വിതരണം ചെയ്തു. 18-ന് ഇന്ത്യൻ റെയിൽവെ ഒന്നര ലക്ഷം വാട്ടർ ബോട്ടിലാണ് എത്തിച്ചത്.

18-ന് പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും റവന്യൂ മന്ത്രിയും ഇടുക്കി, എറണാകുളം ജില്ലകളിൽ വ്യോമനിരീക്ഷണം നടത്തി. കാലാവസ്ഥ പ്രതികൂലമായതിനാൽ ചില മേഖലകളിൽ പോകാൻ കഴിഞ്ഞില്ല. പ്രധാനമന്ത്രി പങ്കെടുത്ത യോഗത്തിൽ കേരളത്തിന്റെ ആശങ്കളും ആവശ്യങ്ങളും ഉന്നയിച്ചു. 23-ന് മുഖ്യമന്ത്രിയും റവന്യൂ മന്ത്രിയും ചെങ്ങന്നൂർ, ചാലക്കുടി എന്നിവിടങ്ങൾ സന്ദർശിച്ചു. അടുത്ത ദിവസം ചങ്ങനാശ്ശേരി, തലയോലപ്പറമ്പ്, മൂവാറ്റുപുഴ എന്നിവിടങ്ങളും റവന്യൂ മന്ത്രി സന്ദർശിച്ചു. ആഗസ്റ്റ് 19-ന് രക്ഷാ ദൗത്യം പൂർത്തിയാകുമ്പോൾ സംസ്ഥാനത്ത് 3879 ദുരിതാശ്വാസ ക്യാമ്പുകളിലായി 3,91,494 കുടുംബങ്ങളിൽ നിന്നുള്ള 14,50,707 പേർ ഉണ്ടായിരുന്നു. 488 വിലപ്പെട്ട ജീവനുകൾ പ്രളയം കവർന്നു.

പ്രളയദുരന്തത്തിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് ഒരു നവകേരളത്തെ സൃഷ്ടിക്കാനുള്ള യത്നത്തിലാണ് ഇപ്പോൾ നാം. ഇതിൽ അകമഴിഞ്ഞ പിന്തുണയും സഹകരണവും നൽകാൻ ഓരോ കേരളീയനും ബാധ്യസ്ഥനാണ്.

# പുനർനിർമിതിക്ക് ഉന്നതവിദ്യാഭ്യാസമേഖല

ഡോ. കെ.ടി.ജലീൽ
ഉന്നതവിദ്യാഭ്യാസമന്ത്രി

**സംസ്ഥാനത്തിന്റെ പുനർനിർമിതിക്കായുള്ള പദ്ധതികൾ വിഭാവനം ചെയ്യുന്നതിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്, പ്രത്യേകിച്ച് സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് വലിയ പങ്കാണ് വഹിക്കാനുള്ളത്.**

കേരളത്തെ നടുക്കിയ നൂറ്റാണ്ടുകണ്ട മഹാപ്രളയത്തിന്റെ ബാക്കിപത്രങ്ങളുടെ കണക്കെടുപ്പിൽ തങ്ങളുടെ ഹൃദയത്തിൽ സൂക്ഷിച്ച കാരുണ്യപ്രവാഹം കൊണ്ട് കേരളത്തിനേറ്റ മുറിവിന് സഞ്ജീവനിയാകാൻ മന്ത്രിയിൽത്തുടങ്ങി വകുപ്പിന്റെ കീഴിലെ വിദ്യാർഥികൾ ഉൾപ്പെടെ ഉന്നതവിദ്യാഭ്യാസമേഖലയൊന്നാകെ നിലകൊണ്ടിരുന്നു.

അവധിദിവസങ്ങളിലുൾപ്പെടെ വകുപ്പിന്റെ കീഴിൽ ഹെൽപ്പ് ഡെസ്ക്കുകൾ പ്രവർത്തിച്ചു. പ്രളയബാധിത പ്രദേശങ്ങളിൽ നിന്നും ഹെൽപ്പ് ഡെസ്കിലേക്ക് സഹായമഭ്യർഥിച്ച് നിരവധി ഫോൺസന്ദേശങ്ങൾ ലഭിച്ചു. ഈ സന്ദേശങ്ങൾ ബന്ധപ്പെട്ട വെബ്പോർട്ടലിൽ രജിസ്റ്റർ ചെയ്ത് ബന്ധപ്പെട്ട ജില്ലകളിലെ സുരക്ഷാ ഉദ്യോഗസ്ഥരെയും ദുരന്തനിവാരണ സെല്ലിനെയും യഥാസമയം അറിയിച്ചുകൊണ്ടിരുന്നു. വീടുകൾക്ക് സംഭവിച്ച നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനായി എൻജിനീയറിങ് കോളേജുകളിലെയും, പോളിടെക്നിക്കുകളിലെയും വിദ്യാർഥികളുടെ സ്വമേധയായുള്ള സേവനം ഉപയോഗിക്കുന്നതിനുള്ള പദ്ധതി തയാറാക്കി നടപ്പിലാക്കി.

### വിദ്യാർഥികളുടെ പങ്കാളിത്തം

സാങ്കേതികവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ പോർട്ടലിൽ സന്നദ്ധസേവനത്തിന് തയ്യാറായി



50,000 വിദ്യാർഥികൾ പേര് രജിസ്റ്റർ ചെയ്തു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഈ വിദ്യാർഥികൾ നാശനഷ്ടങ്ങൾ വിലയിരുത്തുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളായി. പ്രളയബാധിത പ്രദേശങ്ങളിൽ വൈദ്യുതത്തകരാറുകൾ പരിഹരിക്കുന്നത് ഉൾപ്പെടെയുള്ള സേവനപ്രവർത്തനങ്ങളിലും ഈ വിദ്യാർഥികൾ പങ്കാളികളായി. ഇത്തരത്തിൽ സേവനം നടത്തിയ വിദ്യാർഥികൾക്ക് സർവകലാശാല പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ 25% ഗ്രേസ് മാർക്കായി (പരമാവധി 10 മാർക്ക്) നൽകാൻ എപിജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാല തീരുമാനിച്ചു.

എൻ.സി.സിയിലെ 27,000 കേഡറ്റുകളും, ഉദ്യോഗസ്ഥരും വാഹനസൗകര്യങ്ങളും പൂർണസമയവും സൈന്യത്തോടൊപ്പം ദുരന്ത നിവാരണയജ്ഞങ്ങളിൽ പ്രവർത്തന സജ്ജരായി.

കോളേജ് വിദ്യാഭ്യാസവകുപ്പിന്റെയും സാങ്കേതികവിദ്യാഭ്യാസ വകുപ്പിന്റെയും നേതൃത്വത്തിൽ പ്രളയബാധിത പ്രദേശങ്ങളിലെ കുടിവെള്ളം ഉപയോഗയുക്തമാണെന്ന് ഉറപ്പുവരുത്തുന്നതിന് കോളേജ് ലാബുകളിൽ സൗകര്യമൊരുക്കി. പ്രളയദുരന്തത്തിൽ ഒറ്റപ്പെട്ടവരെയും വൈദ്യുതി വിതരണം നിലച്ചുപോയതിനാൽ മൊബൈൽഫോൺ ചാർജ് ചെയ്യാൻ കഴിയാതിരുന്നവരെയും സഹായിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസവകുപ്പിനു കീഴിലുള്ള കോളേജുകളിലെ വിദ്യാർഥികൾ താത്കാലിക മൊബൈൽ ചാർജറുകളും എമർജൻസി ലാമ്പുകളും വികസിപ്പിച്ചെടുത്ത് വിതരണം ചെയ്തു. 5546 ലിറ്റർ ഫിനോയിൽ ഉത്പാദിപ്പിച്ച് പ്രളയബാധിതപ്രദേശങ്ങൾ വൃത്തിയാക്കുന്നതിനുപയോഗിച്ചു. ദുരിതാശ്വാസ ക്യാമ്പുകളിൽ വിദ്യാർഥികൾക്ക് കൗൺസലിങ് നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തി. വിദ്യാർഥികളും അധ്യാപകരും പൂർവ്വ വിദ്യാർഥികളും ദുരന്തനിവാരണപ്രക്രിയകളിൽ പങ്കാളികളായി.

ദുരന്തത്തിന്റെ വ്യാപ്തി കണക്കാക്കുന്നതിന് സോഫ്റ്റ്‌വെയർ രൂപകല്പന ചെയ്ത് ഡേറ്റ ഏകോപിപ്പിക്കുന്നതിന് എൻജിനീയറിങ് വിദ്യാർഥികളും അധ്യാപകരും നിർണായകപങ്ക് വഹിച്ചു. പ്രളയബാധിത മേഖലകളിൽ നടന്ന സർവേ, ജിയോ മാപ്പിങ്ങ്, വീടുകളും കിണറുകളും ശുചിയാക്കൽ, വൈദ്യുതിവിതരണം പുന:സ്ഥാപിക്കൽ എന്നീ പ്രവർത്തനങ്ങളിൽ കോളേജ് വിദ്യാർഥികൾ സജീവമായി പങ്കെടുത്തു.

## ‘ബാക്ക് ടു സ്കൂൾ ’, ‘ബാക്ക് ടു ഹോം ’ പദ്ധതികൾ

പ്രളയത്തിൽ പഠനസാമഗ്രികൾ നഷ്ടമായ വിദ്യാർഥികൾക്ക് പുസ്തകങ്ങൾ അടങ്ങിയ സ്കൂൾ കിറ്റുകൾ അതത് സ്കൂളുകളിൽ എത്തിച്ചു നൽകുന്ന ‘ബാക്ക് ടു സ്കൂൾ’ പദ്ധതി, പ്രളയത്തിൽ വീടുകൾ നഷ്ടമായവർക്ക് പ്രീ ഫാബ്രിക്കേറ്റഡ് പ്രെസ്ട്രെസ്ഡ് സാങ്കേതികവിദ്യ ഉപയോഗിച്ച് മൂന്നാഴ്ച കൊണ്ട് ഒരു വീട് പൂർത്തിയാക്കുന്ന കൊല്ലം ടി.കെ.എം. എൻജിനീയറിങ് കോളേജ് വിഭാവനം ചെയ്ത ‘ബാക്ക് ടു ഹോം’ പദ്ധതി, പ്രളയത്തിൽ വൈദ്യുതി ബന്ധങ്ങൾ താറുമാറായ വീടുകളിൽ പുതിയ പവർ ബോർഡുകൾ നിർമിച്ചു നൽകിയ ‘മിഷൻ റീ കണക്ട്’ പദ്ധതി എന്നീ സംരംഭങ്ങളും പ്രളയാനന്തരം നടപ്പിലാക്കി.

ഗവണ്മെന്റ് കോളേജ് ചാലക്കുടി, ഗവ. കോളേജ് അമ്പലപ്പുഴ, കെ.കെ.ടി.എം. ഗവ. കോളേജ് പുല്ലൂട്ട്, മഹാരാജാസ് കോളേജ് എറണാകുളം എന്നിവിടങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിച്ചു. ജില്ലാ ആസ്ഥാനങ്ങളിലെ പ്രധാന കോളേജുകൾ ഉത്പന്ന സംഭരണ കേന്ദ്രങ്ങളായി പ്രവർത്തിച്ചു. സാങ്കേതികവിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള എല്ലാ വാഹനങ്ങളും ഡ്രൈവർമാർ ഉൾപ്പെടെ ദുരന്തനിവാരണയജ്ഞത്തിനായി ജില്ലാകളക്ടർമാരുടെ നിർദേശാനുസരണം വിട്ടുകൊടുത്തു. വയനാട്, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിലെ നെടുവ, അരീക്കോട്, വാഴക്കാട്, നിലമ്പൂർ ക്യാമ്പുകളിലും മുണ്ടേരി, കൊതിമൂല, പൊന്നാട്, പടിഞ്ഞാറത്തറ , നാല് സെന്റ് കോളനി, വൈത്തിരി, അറപറ, തിരുമംഗലം തുടങ്ങിയ ആദിവാസി മേഖലകളിലും കാലിക്കറ്റ് സർവകലാശാല വിദ്യാർഥികളും ജീവനക്കാരും ആഹാരങ്ങളും, വസ്ത്രങ്ങളും വിതരണം ചെയ്തു.

## രക്ഷാ പ്രവർത്തനത്തിന് വോളന്റിയർമാർ

നവകേരളം കെട്ടിപ്പടുക്കുന്ന പ്രയത്നത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നേതൃത്വത്തിൽ വകുപ്പിന്റെ കീഴിലുള്ള വിവിധ ഉദ്യോഗസ്ഥരും വിദ്യാർഥികളും പ്രശംസനീയമായ പങ്ക് വഹിച്ചു. ഐ.എച്ച്.ആർ.ഡി എറണാകുളം പുത്തൻവേലിക്കര പഞ്ചായത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി.

നാഷണൽ സർവീസ് സ്കീമിന്റെ 25000–ൽ അധികം വോളന്റിയർമാർ രക്ഷാ പ്രവർത്തനങ്ങളിൽ പങ്കാളികളായി 76,000 വീടുകളും 16,000 പൊതുസ്ഥലങ്ങളും ശുചീകരിച്ചു. 2,40,482 കിണറുകളിലെ കുടിവെള്ളം ശുദ്ധീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളായി. മെഡിക്കൽ ക്യാമ്പുകൾ, എലിപ്പനി ബോധവത്കരണം, പ്രതിരോധമരുന്നുകളുടെ വിതരണം, ആരോഗ്യ ബോധവത്കരണം തുടങ്ങിയവ സംഘടിപ്പിച്ചു. മൂന്നരക്കോടി രൂപയുടെ സാധന സാമഗ്രികൾ സമാഹരിച്ച് ക്യാമ്പുകളിൽ എത്തിച്ചു. സ്നേഹാക്ഷരം പദ്ധതിയുടെ ഭാഗമായി ഏഴ് പ്രളയ ബാധിത ജില്ലകളിൽ 384 വിദ്യാലയങ്ങളിലെ



വിദ്യാർഥികൾക്ക് 21.36 ലക്ഷം രൂപയുടെ പഠനസാമഗ്രികൾ ലഭ്യമാക്കി.

ഉന്നതവിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ സ്വന്തമായും കൂട്ടായും വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കി.

പ്രളയക്കെടുതിയിൽ സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റുകളും നഷ്ടപ്പെട്ട വിദ്യാർഥികൾക്ക് സർവകലാശാലകളും ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളും ഫീസ് ഈടാക്കാതെ പകരം സർട്ടിഫിക്കറ്റുകൾ നൽകണമെന്ന നിർദേശമനുസരിച്ച് വിവിധ സ്ഥാപനങ്ങൾ ഓൺലൈൻ ആയി അപേക്ഷകൾ സ്വീകരിച്ച് അദാലത്ത് സംഘടിപ്പിച്ചു. സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ട നൂറുകണക്കിന് വിദ്യാർഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

### നാശനഷ്ടങ്ങൾ

സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യുക്കേഷന്റെ നിയന്ത്രണത്തിലുള്ള മൂന്നാർ എൻജിനീയറിങ് കോളേജ്, ഇൻസ്റ്റിസ്റ്റ്യൂട്ട് ഫോർ കരിയർ സ്റ്റഡീസ് ആൻഡ് റിസർച്ച്, പൊന്നാനി, കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമി, കോഴിക്കോട് എന്നീ സ്ഥാപനങ്ങൾക്ക് പ്രളയക്കെടുതി മൂലം നാശനഷ്ടങ്ങളുണ്ടായി. ഏകദേശം 25 ലക്ഷം രൂപയുടെ നഷ്ടമുണ്ടായതായാണ് കണക്കാക്കുന്നത്. മൂന്നാർ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ ഹോസ്റ്റൽ, പ്രിൻസിപ്പാളിന്റെ ക്വാർട്ടേഴ്സ്, ടോയ്‌ലറ്റ് കോംപ്ലക്സ് എന്നിവ പ്രളയക്കെടുതിയിൽ തകർന്നു. 6.68 കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കിയതെങ്കിലും ആ പ്രദേശത്തെ ഒരു കെട്ടിടവും ഉപയോഗിക്കാൻ സാധ്യമല്ല എന്നാണ് പുരാവസ്തു വകുപ്പ് പറഞ്ഞത്. ഒരു പുതിയ സ്ഥലത്ത് പുതിയ കോളേജ് വേണ്ടി വരും. സംസ്കൃതസർവകലാശാലയുടെ കാലടി മെയിൻ ബ്ലോക്കിൽ 7.5 കോടി രൂപയുടെ നാശനഷ്ടങ്ങളുണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

മലവെള്ളപ്പാച്ചിൽ തീർത്ത ദുരന്തമുഖത്തെ അതിജീവിക്കാൻ സർവകലാശാലകൾ, കോളേജുകൾ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അദ്ധ്യാപകരും, ജീവനക്കാരും, വിദ്യാർഥികളും, മാനേജർമാരും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് പരമാവധി സഹായം നൽകണമെന്ന് അഭ്യർഥിച്ചിരുന്നു. സാലറി ചലഞ്ച് പദ്ധതിക്ക് പുറമെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർഥികൾ മറ്റ് ജീവനക്കാർ എന്നിവരിൽ നിന്നും 8,61,98,158 (എട്ട് കോടി അറുപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി നൂറ്റി അൻപത്തിയെട്ട്) രൂപ ഇതിനകം ലഭിച്ചിട്ടുണ്ട്.

സമാനതകളില്ലാത്ത പ്രളയം വരുത്തിവെച്ച കെടുതിയുടെ ആഘാതത്തിൽ നിന്ന് കരകയറാൻ ദീർഘകാലാടിസ്ഥാനത്തിലുള്ള കർമപദ്ധതികൾക്ക് രൂപം നൽകേണ്ടതുണ്ട്. ദുരന്തത്തിന്റെ ആഘാതം മറികടക്കാൻ എത്ര സഹായം കിട്ടിയാലും മതിയാവില്ലെന്നതാണ് യാഥാർഥ്യം. സംസ്ഥാനത്തിന്റെ പുനർനിർമിതിക്കായുള്ള പദ്ധതികൾ വിഭാവനം ചെയ്യുന്നതിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്, പ്രത്യേകിച്ച് സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് വലിയ പങ്കാണ് വഹിക്കാനുള്ളത്. ക്രിയാത്മകമായ നിർദേശങ്ങളും പ്രവർത്തനങ്ങളും ഉന്നതവിദ്യാഭ്യാസമേഖലയിൽ നിന്ന് ഉണ്ടാകുന്നതാണ്. എല്ലാ സർവകലാശാലകളോടും നവകേരളസൃഷ്ടിക്കായി ചെയ്യാൻ കഴിയുന്ന കാര്യങ്ങളെ സംബന്ധിച്ച് ബൗദ്ധിക ചർച്ചകൾ സംഘടിപ്പിച്ച് അതിന്റെ സംക്ഷിപ്ത റിപ്പോർട്ട് സമർപ്പിക്കാൻ നിർദേശിച്ചിട്ടുണ്ട്.

മുൻകാലങ്ങളിലെ പ്രളയദുരന്തങ്ങളെ സംസ്ഥാനം നേരിട്ടതെങ്ങനെയെന്നും ആ കാലഘട്ടത്തിൽ കേരളത്തിലെ സാമൂഹികസാഹചര്യങ്ങളെക്കുറിച്ച് വിശകലനം നടത്തുന്നതിനും ഉന്നതവിദ്യാഭ്യാസ വകുപ്പ് സംസ്ഥാന ചരിത്രഗവേഷണ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

# വ്യവസായസംരംഭങ്ങൾക്ക് കനത്ത ആഘാതം

ഇ.പി. ജയരാജൻ
വ്യവസായ, കായിക, യുവജനകാര്യമന്ത്രി

**പ്രളയക്കെടുതിയിൽ 2351 വ്യവസായ സംരംഭങ്ങൾക്ക് ഏതാണ്ട് 900 കോടിയുടെ നഷ്ടം വന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഏറ്റവും കൂടുതൽ നഷ്ടം സംഭവിച്ചിട്ടുള്ളത് എറണാകുളം ജില്ലയിലാണ്**

ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഏകോപനത്തിനും നിരീക്ഷണത്തിനും സമയാസമയം വിവിധ ഏജൻസികൾക്ക് നിർദേശം നൽകുന്നതിനും മുഖ്യമായ പങ്ക് വഹിക്കാനായി. വ്യവസായ, കായിക, യുവജനകാര്യമന്ത്രിയെ മന്ത്രിസഭാ ഉപസമിതിയുടെ അധ്യക്ഷനായി നിയോഗിച്ചിരുന്നു. വ്യവസായ മന്ത്രി എന്ന നിലയിൽ വ്യവസായ വകുപ്പിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിവിധ സൂക്ഷ്മ, ചെറുകിട, ഇടത്തരം യൂണിറ്റുകൾക്ക് സംഭവിച്ചിട്ടുള്ള നാശനഷ്ടങ്ങളെക്കുറിച്ച് ജില്ല തിരിച്ചുള്ള കണക്ക് തിട്ടപ്പെടുത്തുവാൻ വ്യവസായ വാണിജ്യ ഡയറക്ടറെ ചുമതലപ്പെടുത്തി. പ്രളയക്കെടുതിയിൽ 2351 വ്യവസായസംരംഭങ്ങൾക്ക് ഏതാണ്ട് 900 കോടിയുടെ നഷ്ടം വന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഏറ്റവും കൂടുതൽ നഷ്ടം സംഭവിച്ചിട്ടുള്ളത് എറണാകുളം ജില്ലയിലും ഏറ്റവും കുറവ് നഷ്ടം സംഭവിച്ചിട്ടുള്ളത് കാസർകോട് ജില്ലയിലുമാണ്. ഇത്തരം സൂക്ഷ്മ, ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് നഷ്ടം സംഭവിച്ചിട്ടുള്ളത് മൂന്ന് തലത്തിലാണ്.

1. കെട്ടിടം, പ്ലാന്റ് & മെഷിനറി, അസംസ്കൃത വസ്തുക്കൾ, ഉത്പന്നങ്ങൾ എന്നിവ പൂർണമായും നശിച്ചവ.
2. കെട്ടിടം, പ്ലാന്റ് & മെഷിനറി- ഭാഗികമായി തകർന്നതും എന്നാൽ കേടുപാടുകൾ തീർത്ത് ഉപയോഗയോഗ്യമാക്കാവുന്നതും.



3. യൂണിറ്റുകൾക്ക് നഷ്ടം സംഭവിച്ചതിനാൽ ഉത്പന്നങ്ങളുടെ മാർക്കറ്റ് താത്കാലികമായി തകർന്നു.

നഷ്ടങ്ങൾ സംഭവിച്ച യൂണിറ്റുകൾക്ക് കേടുപാടുകൾ നീക്കി പ്രവർത്തനം ആരംഭിക്കാനായി കുറഞ്ഞ കാലയളവിൽ വായ്പ നൽകുന്നതിനും പ്രവർത്തന മൂലധനവായ്പയുടെ പരിധി കൂട്ടുന്നതിനും വായ്പകളുടെ പലിശനിരക്കിൽ ഇളവ് അനുവദിക്കാനും നിലവിലുള്ള വായ്പകളുടെ തിരിച്ചടവിന് മോറട്ടോറിയം പ്രഖ്യാപിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി.

പ്രളയം കാരണം സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ യൂണിറ്റുകളിലെ നാശം സംഭവിച്ചിട്ടുള്ള വസ്തുക്കൾക്ക് പകരം പുതിയവ സ്ഥാപിക്കുന്നതിനും കേടുപാടുകൾ സംഭവിച്ചിട്ടുള്ളവയ്ക്ക് കേടുപാടുകൾ തീർക്കുന്നതിനും മറ്റുമായി 1,100 കോടി രൂപയുടെ പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണം എന്നഭ്യർഥിച്ച് കേന്ദ്ര സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭ മന്ത്രി ഗിരിരാജ് സിങ്ങിന് കത്ത് നൽകി. അലംഭാവമില്ലാതെ വിഷയം പരിഗണിക്കാൻ നിർദേശം നൽകിയതായാണ് കേന്ദ്രമന്ത്രി അറിയിച്ചത്.

കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രി, ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ചേംബർ ഓഫ് കൊമേഴ്സ്, വിവിധ വ്യവസായ അസോസിയേഷനുകൾ, പ്രമുഖ പെയിന്റ് നിർമാതാക്കൾ എന്നിവരുടെ യോഗം സെപ്റ്റംബർ ആറിന് വ്യവസായ മന്ത്രിയുടെ അധ്യക്ഷതയിൽ വിളിച്ചു ചേർത്തിരുന്നു. സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ യൂണിറ്റുകളുടെ പുനരധിവാസത്തെക്കുറിച്ചും ഗൃഹോപകരണ നിർമാണ കമ്പനികളെ പങ്കെടുപ്പിച്ചു കൊണ്ട് പ്രളയ ദുരിതമനുഭവിക്കുന്നവർക്ക് ഏതുവിധേന പുനരധിവാസം നടത്തുവാൻ സാധിക്കുമെന്നതും ഗൗരവമായി ചർച്ച ചെയ്തു. യോഗം കൈക്കൊണ്ട തീരുമാനങ്ങൾ ഇവയാണ്:

- കേരളത്തിലെമ്പാടും പ്രളയക്കെടുതിമൂലം വ്യവസായ സ്ഥാപനങ്ങൾക്കും വ്യാപാര സ്ഥാപനങ്ങൾക്കുമുണ്ടായ നാശനഷ്ടത്തിന്റെ കൃത്യമായ കണക്ക് റവന്യൂ അധികാരികളുടെ സഹായത്തോടെ തിട്ടപ്പെടുത്താനും അത് രണ്ട് ആഴ്ചയ്ക്കുള്ളിൽ പൂർത്തീകരിക്കുവാനും തീരുമാനിച്ചു.
- ദുരന്തത്തിൽ തകർന്ന വ്യവസായ സ്ഥാപനങ്ങളെ അവരുടെ ആവശ്യപ്രകാരം മാറ്റി സ്ഥാപിക്കുന്നതിന് സർക്കാർ സഹായം നൽകാവുന്നതാണ്.
- ദുരന്തത്തിനിരയായ വ്യവസായ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് 10 ലക്ഷം രൂപ പലിശരഹിത വായ്പ അനുവദിക്കുന്നതിന് ബാങ്കുകളുമായി ചർച്ച നടത്തും.
- പ്രസ്തുത സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കൽ, ഇപ്പോൾ സർക്കാരിലേക്ക് അടയ്ക്കേണ്ട വിവിധ ഇനം ഫീസുകൾ എന്നിവയുടെ സമയപരിധി നീട്ടി നൽകുന്ന കാര്യം പരിഗണിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളോട് അഭ്യർഥിക്കും.

പ്രവർത്തനക്ഷമമല്ലാതെ കിടക്കുന്ന കാലയളവിലെ വൈദ്യുതി ചാർജ് പൂർണമായും ഒഴിവാക്കി കൊടുക്കാൻ വൈദ്യുതി വകുപ്പിനോട് അഭ്യർഥിക്കും.

### പുനരധിവാസവും വ്യവസായമേഖലയും

സിഐഐ ഭാരവാഹികൾ വിവിധ കമ്പനികളോട് ഇതേപ്പറ്റി ചർച്ച ചെയ്ത് നടപടി സ്വീകരിക്കാമെന്ന് ഉറപ്പ് നൽകിയതിനെത്തുടർന്ന് 12 വിവിധ മുൻനിര കമ്പനികളെയും ഉയർന്ന ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് സെപ്റ്റംബർ 25ന് മന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്ന് ഗൃഹോപകരണങ്ങൾ വളരെ കുറഞ്ഞവിലയ്ക്ക് പ്രളയബാധിതർക്ക് വിതരണം ചെയ്യുന്നതിന് തീരുമാനിച്ചു. യോഗത്തിലെ പ്രധാനതീരുമാനങ്ങൾ ഇവയാണ്:



കുടുംബശ്രീയിൽ നിന്നുള്ള ഡിസ്ക്കൗണ്ട് കാർഡുമായി വരുന്ന പ്രളയബാധിതർക്ക് പരമാവധി റീട്ടെയിൽ വിലയിൽ നിന്നും 50% കുറച്ച് ഗാർഹികോപകരണങ്ങളും ഇലക്ട്രോണിക് ഉപകരണങ്ങളും വൈറ്റ് ഗുഡ്സ് നിർമാണ കമ്പനികൾ നൽകണം, ഓരോ കമ്പനികളും അവരുടെ ഡീലർമാർ വഴിയോ സംഭരണ കേന്ദ്രങ്ങൾ വഴിയോ പ്രളയബാധിത പ്രദേശങ്ങളിലെ പ്രധാന കേന്ദ്രങ്ങളിൽ സാധനങ്ങൾ ഗുണഭോക്താക്കൾക്ക് നൽകണം, ഈ പദ്ധതിയുടെ ഭാഗമായി ഓരോ കമ്പനിയും അവരുടെ ഡീലർമാർ, സംഭരണ കേന്ദ്രങ്ങൾ, ഗോഡൗണുകൾ എന്നിവയെ പരമാവധി ഇതിൽ ഉൾപ്പെടുത്തണം,. കുടുംബശ്രീ വഴി വായ്പയെടുത്തിട്ടുള്ള യഥാർഥ ഗുണഭോക്താക്കളാണ് സാധനങ്ങൾ വാങ്ങുന്നതിനായി കമ്പനികളെ സമീപിക്കുന്നതെന്ന് കുടുംബശ്രീ ഉറപ്പുവരുത്തണം.

ഹോളോഗ്രാം പതിപ്പിച്ച ഒരു ഡിസ്ക്കൗണ്ട് കാർഡ്/തിരിച്ചറിയൽ കാർഡിനൊപ്പം ഓരോ കമ്പനിയും ഗുണഭോക്താക്കൾക്ക് നൽകുവാൻ ഉദ്ദേശിക്കുന്ന ഉത്പന്നങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ബ്രോഷറും നൽകണം. കുടുംബശ്രീ ഗുണഭോക്താക്കൾക്ക് കമ്പനികൾ/ഡീലർമാർ തങ്ങളുടെ പക്കൽ ലഭ്യമായ ഉത്പന്നങ്ങൾ ഡിസ്ക്കൗണ്ട് നിരക്കിൽ നൽകണം. സാധനങ്ങൾ നൽകിയ ശേഷം കാർഡിൽ ബന്ധപ്പെട്ട ഡീലർമാർ സീൽ ചെയ്യണം. ഇതു സംബന്ധിച്ച വിശദാംശങ്ങൾ കുടുംബശ്രീ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തും.



ഓരോ കമ്പനിയും ഗുണഭോക്താക്കൾക്ക് നൽകുവാനുദ്ദേശിക്കുന്ന സാധനങ്ങളുടെയും അവയുടെ ഇനം തിരിച്ചുള്ള യഥാർഥ വിലയും ഡിസ്ക്കൗണ്ട് കഴിച്ചുള്ള നിരക്കും വിതരണം നടത്താൻ ഉദ്ദേശിക്കുന്ന കേന്ദ്രങ്ങളുടെ വിശദാംശങ്ങളും അവരുടെ ഹെഡ് ഓഫീസുമായി ബന്ധപ്പെട്ട് തയ്യാറാക്കിയശേഷം കുടുംബശ്രീയെ ഏൽപ്പിക്കേണ്ടതാണ്. പദ്ധതിപ്രകാരം ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന സാധനങ്ങൾ മറിച്ച് വിൽക്കുന്നത് തടയുന്നതിനും സാധനങ്ങൾ ഒന്നിലധികം ലഭിക്കുന്നത് തടയുന്നതിനും ഗുണഭോക്താവിന്റെ പേര്, കമ്പനിയുടെ പേര്, ബിൽ നമ്പർ എന്നിവ വൈറ്റ്ഗുഡ്സ് ഷോപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തണം.

ഓരോ കമ്പനിയും തങ്ങളുടെ ഉത്പ്പന്നങ്ങൾ കുടുംബശ്രീ മിഷൻ വഴി നൽകുന്നതിന് പകരം ദുരിതബാധിതരായ ആളുകൾ കുടുംബശ്രീ മിഷനിൽ നിന്നും ലോണുകൾ എടുത്ത് അവരുടെ ആവശ്യാനുസരണം കടകളിൽ നിന്നും നേരിട്ട് ഡിസ്ക്കൗണ്ടിൽ വാങ്ങുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനും കുടുംബശ്രീ മിഷൻ നടപടികൾ എടുക്കണമെന്ന് തീരുമാനിച്ചു. ഇതിനായി ഗുണഭോക്താക്കൾക്ക് ഉത്പന്നങ്ങൾ വിതരണം ചെയ്യുന്ന കമ്പനികളുടെ വിശദാംശങ്ങൾ, ഉത്പന്നങ്ങളുടെ പേര്, യഥാർഥവില, ഡിസ്ക്കൗണ്ട് കഴിച്ചുള്ള നിരക്ക് എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും തയ്യാറാക്കി പ്രസിദ്ധപ്പെടുത്തണം. കമ്പനികളിൽ നിന്നോ ഡീലർമാരിൽ നിന്നോ നേരിട്ട് ഉപഭോക്താക്കൾക്ക് സാധനങ്ങൾ വാങ്ങാൻ കഴിയത്തക്ക രീതിയിൽ ഇത് 2018 ഒക്ടോബർ ആദ്യവാരം ആരംഭിക്കാനും പദ്ധതികളുടെ അവസാന തീയതി ഒക്ടോബർ 31 ആയും തീരുമാനിച്ചു.

വിവിധ പെയിന്റ് കമ്പനികൾ പ്രളയബാധിതരുടെ വീടുകൾ പെയിന്റ് ചെയ്യുന്നതിന് അവരവരുടെ കഴിവിനനുസരിച്ച് കുറഞ്ഞ ചെലവിൽ പെയിന്റ് ലഭ്യമാക്കാനും കുറഞ്ഞ ചെലവിൽ പെയിന്റിംഗ് ജോലികൾ ചെയ്യാനുമുള്ള സന്നദ്ധത അറിയിച്ചു. തുടക്കമെന്നോണം ഒരു പ്രമുഖകമ്പനി പ്രളയബാധിത മേഖലയിലെ സർക്കാർ സ്കൂളുകളും അംഗൻവാടികളും ഡിസ്പെൻസറികളും സൗജന്യമായി പെയിന്റ് ചെയ്ത് നൽകാമെന്ന് ഉറപ്പുനൽകി. ഈ പരിപാടിയുടെ ഉദ്ഘാടനം സെപ്തംബർ 25ന് തിരുവനന്തപുരം ജില്ലയിലെ നെടുങ്കാട് യു.പി സ്കൂളിൽ മന്ത്രി നിർവഹിച്ചു.

## കൈത്തറിമേഖലയുടെ നവീകരണം

കേരളത്തിലുണ്ടായ പ്രളയക്കെടുതിയിൽ കൈത്തറി മേഖലയിൽ എട്ട് ജില്ലകളിലായി 650 ലക്ഷം രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ ഏറ്റവും കൂടുതൽ നാശനഷ്ടം ഉണ്ടായത് എറണാകുളം ജില്ലയിലെ ചേന്ദമംഗലം കൈത്തറി മേഖലയിലാണ്. മന്ത്രിയുടെ നിർദേശപ്രകാരം, പ്രളയക്കെടുതിയിൽപ്പെട്ട കൈത്തറി മേഖല, കൈത്തറി ഡയറക്ടർ, ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, എറണാകുളം, എക്സിക്യൂട്ടീവ് ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി, കണ്ണൂർ, ഹാൻടെക്സ് എം.ഡി മുതലായവർ സന്ദർശിച്ച് നഷ്ടങ്ങൾ വിലയിരുത്തി റിപ്പോർട്ട് നൽകി.

ചേന്ദമംഗലം കൈത്തറി മേഖലയുടെ പുനർനവീകരണത്തിന്റെ ഭാഗമായി സെപ്റ്റംബർ 19 ന് മന്ത്രിയുടെ ചേംബറിൽ യോഗം ചേർന്ന് കാര്യങ്ങൾ വിലയിരുത്തി. ദുരന്തത്തിൽപ്പെട്ടു നശിച്ച മുഴുവൻ നെയ്ത്തുതറികളും പുതുതായി നിർമിച്ച് നൽകുന്നതിനും കേടുപാടുകൾ വന്ന തറികൾ പൂർണമായും റിപ്പയർ ചെയ്തു നൽകുവാനും ആവശ്യമായ തറി ഉപകരണങ്ങൾ വാങ്ങിനൽകുവാനും ആറ് മാസക്കാലത്തേക്ക് ഉത്പാദിപ്പിക്കുന്ന മുഴുവൻ കൈത്തറി ഉത്പന്നങ്ങൾ ഹാൻടെക്സ് വാങ്ങി അതത് മാസം തന്നെ വില നൽകുവാനും തീരുമാനിച്ചു. പ്രവർത്തനങ്ങൾ മോണിറ്ററിങ് ചെയ്യുന്നതിന് ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ കൺവീനറായി ജനപ്രതിനിധികൾ ഉൾപ്പെടുന്ന കമ്മിറ്റി രൂപീകരിക്കും. ചെളിയിൽ പുരണ്ട 30 ലക്ഷത്തോളം വില വരുന്ന 16700 മീറ്റർ തുണി വീണ്ടും പ്രോസസ് ചെയ്ത് ഉപയോഗപ്രദമാക്കിയിട്ടുണ്ട്. നാശനഷ്ടത്തിനിരയായ തുണി ഉപയോഗിച്ച് 'ചേക്കുട്ടി' എന്ന പേരിൽ പാവ നിർമിച്ച് വിപണനം നടത്തി സഹായിക്കുവാനും കേടുപാടുകൾ വന്ന തറികൾ പൂർണമായും റിപ്പയർ ചെയ്തു നൽകുവാനും വിവിധ സംഘടനകൾ മുന്നോട്ടുവന്നു. വിവിധ ഡിസൈനർമാർ വന്ന് കൈത്തറി ഉത്പന്നങ്ങൾ ഏറ്റെടുക്കാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. കൂടാതെ വിവിധ സ്ഥാപനങ്ങളും സഹായം നൽകാൻ തയാറായി. ഒക്ടോബർ രണ്ടിന് 40 തറികളിൽ റിപ്പയർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഒക്ടോബർ ആറിന് എറണാകുളം കളക്ടർ വിളിച്ചുചേർത്ത യോഗത്തിൽ വിവിധ സ്ഥാപനങ്ങളുടെ പ്രതിനിധികൾ പങ്കെടുത്തു. ഓരോ സ്ഥാപനങ്ങൾക്കും നെയ്ത്ത് ആരംഭിക്കാൻ കഴിയുന്നതുവരെയുള്ള പ്രവൃത്തികൾ വിഭജിച്ചുനൽകി. ഒരു മാസത്തിനകം പൂർത്തീകരിച്ച്, നെയ്ത്ത് ആരംഭിക്കുവാനും തീരുമാനിച്ചു.

## യുവസന്നദ്ധസേന

ചരിത്രത്തിലെ സമാനതകളില്ലാത്ത പ്രളയകാലത്ത് രാപകൽ വ്യത്യാസമില്ലാതെ ആയിരക്കണക്കിന് യുവജനങ്ങൾ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നിശ്ചയദാർഢ്യത്തോടെ ഇടപെട്ടത് ഭാവികേരളത്തിന്റെ പുരോഗതിക്ക് ശുഭോദർക്കമായ കാര്യമാണ്.

യൂത്ത് ക്ലബ്ബുകളുടെ നേതൃത്വത്തിൽ വ്യത്യസ്ത ജില്ലകളിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ശുചീകരണ പ്രവർത്തനങ്ങൾ, വിഭവസമാഹരണം തുടങ്ങിയവ നടത്തി. സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങളിൽ എല്ലാ ജില്ലകളിലും പങ്കാളിത്തമുണ്ടായി. ക്ലബ്ബുകളുടെ നേതൃത്വത്തിൽ നടന്ന ശുചീകരണ പ്രവർത്തനങ്ങൾ പ്രളയബാധിത മേഖലകളിലെ ജനങ്ങൾക്ക് വളരെയധികം ആശ്വാസപ്രദമായിരുന്നു. കൂടാതെ കായിക വകുപ്പിന്റെ കീഴിലുള്ള രാജീവ്ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിന്റെ നേതൃത്വത്തിൽ പ്രളയ ബാധിത പ്രദേശങ്ങളിൽ മരുന്നുകൾ വിതരണം ചെയ്തു. സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ ആലപ്പുഴ, എറണാകുളം, പത്തനംതിട്ട ജില്ലകളിൽ കായിക താരങ്ങളുടെയും പരിശീലകരുടെയും പങ്കാളിത്തത്തോടെ ശുചീകരണപ്രവർത്തനങ്ങളിൽ പങ്കാളികളായി. കായികവകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ജനങ്ങൾക്ക് വളരെയധികം ആശ്വാസകരമായി.

ഇത്തരത്തിലുള്ള പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അവയെ നേരിടാൻ യുവജനപങ്കാളിത്തത്തോടെ വോളന്റിയർമാരെ സജ്ജരാക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് കേരള യൂത്ത് വോളന്റിയർ ഫോഴ്സ് രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയാണ്. ദുരന്തനിവാരണം, ദുരിതാശ്വാസപ്രവർത്തനം, മാലിന്യ നിർമാർജനം, പാലിയേറ്റീവ് പ്രവർത്തനം, ബോധവത്ക്കരണം തുടങ്ങി അടിയന്തര പ്രാധാന്യമുള്ള പ്രവർത്തനങ്ങളിൽ ഇടപെടാൻ കഴിയുന്ന ഒരു വോളന്റിയർ സേനയെ ഒരുക്കുകയാണ് ലക്ഷ്യം. ഇതുവഴി സന്നദ്ധസേവന രംഗത്ത് തത്പരരായ ചെറുപ്പക്കാരുടെ വിവരങ്ങൾ ശേഖരിച്ച്, വോളന്റിയർ സേനയിൽ അംഗങ്ങളായവർക്ക് താത്പര്യമുള്ള വിവിധ മേഖലകളിൽ പരിശീലനം നൽകി അവരെ സജ്ജരാക്കുവാനും സാധിക്കും. സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നുള്ള വിഭവങ്ങളും സേവനങ്ങളും ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്. കേരളത്തിലെ 14 ജില്ലകളിൽ നിന്നുമായി ഒരു ലക്ഷം യുവതീയുവാക്കളെ ഈ സംരംഭത്തിൽ അംഗങ്ങളാക്കുക വഴി പുതിയൊരു ഭാവികേരളത്തെ നമുക്ക് കെട്ടിപ്പടുക്കാൻ സാധിക്കും.

# കേരളത്തെ പുനർനിർമിക്കാൻ സഹകരണ വകുപ്പ്



**കടകംപള്ളി സുരേന്ദ്രൻ**
സഹകരണ,ടൂറിസം, ദേവസ്വം മന്ത്രി




**പ്രളയക്കെടുതിമൂലമുള്ള കഷ്ടനഷ്ടങ്ങൾ നേരിടുന്നതിനും കേരളത്തിന്റെ പുനർ നിർമാണത്തിനുമായി സഹകരണവകുപ്പിന്റെ നേതൃത്വത്തിൽ 'കെയർ കേരള' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചു.**

പ്രളയദുരന്തത്തിൽ നിന്ന് നാടിനെയാകെ കര കയറ്റുന്നതിനുള്ള പ്രവർത്തനത്തിൽ സജീവമായി ഇടപെടുന്നവയാണ് സഹകരണം, ടൂറിസം, ദേവസ്വം വകുപ്പുകൾ. തിരുവനന്തപുരം ജില്ലയിൽ നിന്ന് പ്രളയദുരന്ത പ്രദേശങ്ങളിലേക്ക് മത്സ്യബന്ധനയാനങ്ങളുമായി തൊഴിലാളികളെ എത്തിക്കാൻ കഴിഞ്ഞു. പത്തനംതിട്ട, ആലപ്പുഴ ജില്ലാ ഭരണകൂടങ്ങളുമായി നിരന്തരം ബന്ധപ്പെട്ട് രക്ഷാപ്രവർത്തനം ഏകോപിപ്പിച്ചു. പ്രളയദുരിതബാധിത പ്രദേശങ്ങളിലേക്ക് അവശ്യസാധനങ്ങൾ ശേഖരിക്കുന്നതിനും, വിതരണം ചെയ്യുന്നതിനും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചു.

നമ്മുടെ ജനജീവിതത്തേയും സമ്പദ്വ്യവസ്ഥയേയും ദോഷകരമായി ബാധിച്ച പ്രളയദുരന്തത്തിനെ അതിജീവിക്കാനുള്ള കേരളത്തിന്റെ പോരാട്ടത്തിന് കരുത്ത് പകർന്ന് തുടക്കത്തിലേ സഹകരണ വകുപ്പ് രംഗത്തെത്തി. വീടും സ്വത്തുവകകളും ജീവനോപാധികളുമെല്ലാം നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസമെന്ന അടിയന്തര ദൗത്യം നിർവഹിക്കുന്നതിന് സർക്കാരിനൊപ്പം ചേർന്നു പ്രവർത്തിക്കുകയെന്ന കാലഘട്ടത്തിന്റെ ആവശ്യം നിറവേറ്റാൻ സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തോട് നിർദേശിച്ചു. പ്രളയക്കെടുതിമൂലമുള്ള കഷ്ടനഷ്ടങ്ങൾ നേരിടുന്നതിനും കേരളത്തിന്റെ പുനർനിർമാണത്തിനുമായി സഹകരണവകുപ്പിന്റെ നേതൃത്വത്തിൽ 'കെയർ കേരള' (CARe Kerala-Co-operative Alliance to Rebuild Kerala) എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചു. സംസ്ഥാനത്തെ വിവിധ സഹകരണസംഘങ്ങളുടെ പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും സഹകരണ വകുപ്പ് ജീവനക്കാരുടെയും യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയനാണ് പദ്ധതിയുടെ പ്രഖ്യാപനം നിർവഹിച്ചത്.

### വീട് നഷ്ടപ്പെട്ടവർക്ക് കെയർ ഹോം (CARE HOME)

പ്രളയദുരന്തത്തിൽ സമ്പൂർണമായും വീട് നഷ്ടപ്പെട്ടവർക്ക് പുതിയ വീട് നിർമിച്ചു

നൽകുന്നതിനുള്ള  പദ്ധതി. ഒരു വീടിന് അഞ്ച് ലക്ഷം രൂപ വീതം സഹായധനം നൽകും. ഇതിൽ ഒന്നാംഘട്ടമെന്ന നിലയിൽ സമ്പൂർണമായും വീട് നഷ്ടപ്പെട്ട 1500 കുടുംബങ്ങൾക്ക് പുതിയ വീട് വച്ച് നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമാക്കുന്നത്. മൊത്തം പദ്ധതിച്ചെലവ് 75 കോടി രൂപ വരും.

### കെയർ ലോൺ –പ്രളയദുരന്ത ബാധിതർക്ക് വായ്പാപദ്ധതി

പ്രളയദുരിത ബാധിതരെ സഹായിക്കുന്നതിനായി സർക്കാർ തലത്തിൽ ആവിഷ്കരിച്ച പുതിയ സാമ്പത്തിക സഹായ പദ്ധതിയായ 'RESURGEMENT KERALA LOAN SCHEME" ൽ കുടുംബശ്രീ യൂണിറ്റുകളിലൂടെ ഒൻപത് ശതമാനം പലിശ നിരക്കിൽ വായ്പകൾ ഗുണഭോക്താക്കളിലെത്തിക്കും. പലിശ സർക്കാർ വഹിക്കും. ഈ സാഹചര്യത്തിൽ വായ്പ നൽകുന്നതിന് കുടുംബശ്രീ യൂണിറ്റുകൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് പ്രാഥമിക കാർഷിക സംഘങ്ങൾ മുഖാന്തരം കെയർ ലോൺ (CARe Loan) എന്ന പേരിലുള്ള വായ്പാ പദ്ധതി സർക്കാർ മാനദണ്ഡങ്ങൾക്കും മാർഗനിർദേശങ്ങൾക്കും അനുസൃതമായി ആവിഷ്കരിച്ച് നടപ്പാക്കും.

### പ്രളയ ദുരിതബാധിതർക്കുള്ള സേവന പദ്ധതി (CARE Grace )

പ്രളയാനന്തര കേരളത്തിലെ ദുരിതബാധിതരായ ജനങ്ങളുടെ ആരോഗ്യസംരക്ഷണം, കുട്ടികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കൽ, പൊതുവായ സേവനങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്കായി കെയർ ഗ്രേസ് (CARE GRACE)എന്ന പദ്ധതി ആവിഷ്കരിച്ചു.

ദുരിതബാധിതരായ ജനവിഭാഗത്തിന്റെ പൊതുവായ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുന്നതിന് സഹകരണമേഖലയിൽ ചെറുതും വലുതുമായ 120 ഓളം ആശുപത്രികൾ, നിരവധി ക്ളിനിക്കുകൾ, മെഡിക്കൽ ലാബുകൾ, മെഡിക്കൽ സ്റ്റോറുകൾ എന്നിവയെ കോർത്തിണക്കി പ്രവർത്തിച്ചു. പരിശോധനാ-ചികിത്സാ സൗകര്യങ്ങൾ സൗജന്യമായും കുറഞ്ഞ നിരക്കുകളിലും ലഭ്യമാക്കി. രോഗപ്രതിരോധം, മാലിന്യസംസ്കരണം, ജലസ്രോതസ്സുകളുടെ നവീകരണം എന്നീ കാര്യങ്ങളിൽ പിന്തുണ നൽകുന്നതിനും ഈ പദ്ധതിയുടെ ഭാഗമായി ശ്രമിച്ചു. ദുരിതബാധിതമായ കുടുംബങ്ങളിലെ കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിന് സാമ്പത്തികപിന്തുണ നൽകാനും പദ്ധതിയിലൂടെ സാധിച്ചു. പ്രളയദുരന്തമേഖലകളിലെ ജനങ്ങൾക്ക് നഷ്ടപ്പെട്ട ഔദ്യോഗികരേഖകൾ, സർട്ടിഫിക്കറ്റുകൾ, അപേക്ഷകൾ തയാറാക്കൽ എന്നിവയ്ക്കെല്ലാമായി തൊട്ടടുത്ത സഹകരണസംഘങ്ങളിൽ ഹെൽപ് ഡെസ്ക് സംവിധാനം ഒരുക്കി.

### സഹായവുമായി ടൂറിസം വകുപ്പ്

സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങളുൾപ്പെടുന്ന പ്രദേശങ്ങളാണ് പ്രളയദുരന്തത്തിലും ഉരുൾപൊട്ടലിലും തകർന്നത്. ടൂറിസം വകുപ്പിന്റെ സമയോചിതമായ ഇടപെടലിലൂടെ ടൂറിസ്റ്റുകളെ ഇടുക്കി, വയനാട് ജില്ലയിൽ നിന്നും മാറ്റുവാൻ സാധിച്ചു. ടൂറിസ്റ്റുകൾക്ക്  അപായമുണ്ടാകാതിരിക്കാൻ വിനോദസഞ്ചാരത്തിന് താത്കാലികമായ നിരോധനം തന്നെ ഏർപ്പെടുത്തിയിരുന്നു. ടൂറിസം കേന്ദ്രങ്ങളിലെ സ്വകാര്യസംരംഭകരെ കൂടി ഉൾപ്പെടുത്തി പ്രളയ ദുരന്തം നേരിടുന്നതിനും ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും ടൂറിസം വകുപ്പിന്റെ ഇടപെടലിലൂടെ സാധിച്ചു. റിസോർട്ടുകളും ഹോംസ്റ്റേകളും ദുരിതബാധിതർക്കായി തുറന്നു നൽകി. ടൂർ ഓപ്പറേറ്റർമാരുടെ സഹായത്തോടെ വലിയ തോതിൽ ദുരിതാശ്വാസ സാമഗ്രികൾ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ എത്തിച്ചു നൽകി. ചടയമംഗലത്തെ ജടായു എർത്ത്സ്  സെന്ററിലെ ഹെലികോപ്ടർ ദുരിതാശ്വാസ സാമഗ്രികളും മരുന്നും വിതരണം ചെയ്യുന്നതിന് ഉപയോഗിച്ചു. .

### ടൂറിസം മേഖലയുടെ വീണ്ടെടുപ്പ്

പ്രളയശേഷം ടൂറിസം രംഗത്ത് ഉടലെടുത്ത പ്രതിസന്ധി മറികടക്കാൻ വളരെ ശക്തമായ മാർക്കറ്റിങ് ക്യാമ്പയിനാണ് സംസ്ഥാന ടൂറിസം വകുപ്പ് ആസൂത്രണം ചെയ്യുന്നത്. ദേശീയ അന്തർദേശീയ മാധ്യമങ്ങളിലൂടെയും, റോഡ് ഷോകളിലൂടെയും ശ്രദ്ധേയമായ പ്രചാരണങ്ങൾ നടത്തുന്നതിന് തീരുമാനിച്ചു. വിദേശത്തും സ്വദേശത്തുമുള്ള ടൂറിസം ട്രേഡ് ഫെയറുകളിൽ കേരളത്തിന്റെ പ്രാതിനിധ്യം ഉറപ്പുവരുത്താനും നടപടിയെടുത്തു. ഡിജിറ്റൽ പ്രചാരണത്തിന് കൂടുതൽ ഊന്നൽ കൊടുക്കാനും ഫാം ടൂറുകളിലൂടെയും, ബ്ലോഗ് എക്സ്പ്രസ് പോലുള്ള പരിപാടികളിലൂടെയും കേരള ടൂറിസം ശക്തമായി തന്നെ നിലനിൽക്കുന്നുവെന്ന വസ്തുത ലോകത്തെ അറിയിക്കാനും കർമപരിപാടി ആവിഷ്കരിച്ചു.

### ദേവസ്വം വകുപ്പിന്റെ ഇടപെടൽ

പ്രളയം പമ്പയിലെ സ്നാനഘട്ടങ്ങളെയും, ടോയിലറ്റ് കോംപ്ലക്സുകളെയുമെല്ലാം തകർത്തു. പമ്പാ തീരത്തെ നിർമാണ പ്രവൃത്തികളെല്ലാം തന്നെ തകർന്ന നിലയിലായിരുന്നു. അടിഞ്ഞു കൂടിയ മണൽ നിറഞ്ഞ് പമ്പ ഗതിമാറി ഒഴുകി. യുദ്ധകാലാടിസ്ഥാനത്തിൽ പമ്പയിൽ നടത്തിയ പ്രവർത്തനത്തിലൂടെ ത്രിവേണിക്ക് സമീപത്തെ മണൽ മൂടി മറഞ്ഞ പാലം കണ്ടെത്താൻ സാധിച്ചു. പമ്പയിലെ പുനരുദ്ധാരണ നടപടികളും നിലയ്ക്കലിലെ ബേസ് ക്യാമ്പിനായുള്ള നിർമാണ പ്രവർത്തനങ്ങളും രാജ്യത്തെ തന്നെ പ്രമുഖരായ ടാറ്റാ പ്രോജക്റ്റിനെയാണ് ഏൽപ്പിച്ചത്. പമ്പയിലേക്കുള്ള റോഡിലുണ്ടായ തകർച്ച പരിഹരിക്കുന്നതിനും നടപടി സ്വീകരിച്ചു. പ്രളയത്തിൽ നാശനഷ്ടം നേരിട്ട സംസ്ഥാനത്തെ ക്ഷേത്രങ്ങളിലും ക്ഷേത്രാനുബന്ധ സ്ഥാപനങ്ങളിലും പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രളയ സമയത്ത് ക്ഷേത്ര ഓഡിറ്റോറിയങ്ങളടക്കം ദുരിതാശ്വാസ പ്രവർത്തനത്തിനായി തുറന്നുനൽകിയ ദേവസ്വം വകുപ്പിന്റെ നടപടി പ്രശംസനീയമായിരുന്നു.




# അതിജീവിച്ച് ഊർജമേഖല



**എം.എം. മണി**
ഊർജ മന്ത്രി

**കേരളം നേരിട്ട പ്രളയദുരന്തം ഊർജമേഖലയെ കഠിനമായ പ്രതിസന്ധിയിലാണ് കൊണ്ടെത്തിച്ചിട്ടുള്ളത്. വൈദ്യുതി വിതരണ മേഖലയുടെ നട്ടെല്ലു തകർന്ന പോലെ ആയി സ്ഥിതിഗതികൾ. ഈ പ്രതിസന്ധി നാം മറികടന്നത് അത്ഭുതത്തോടെ മാത്രമേ കാണാനാവൂ.**

കേരളം കണ്ട അതിഭീകരമായ പ്രളയദുരന്തത്തിന്റെ കെടുതിയിലാണ് നാം. നഷ്ടമായ വിലപ്പെട്ട ജീവനുകൾക്കു പകരമാവില്ല ഒന്നും. ജീവിതസമ്പാദ്യം ആകെ നഷ്ടപ്പെട്ടവർ, വീട് നഷ്ടപ്പെട്ടവർ, കൃഷിയും കൃഷിഭൂമിയും വളർത്തുമൃഗങ്ങളും നഷ്ടപ്പെട്ടവർ, റോഡുകൾ, പാലങ്ങൾ, മറ്റുനിർമിതികൾ അങ്ങനെ നഷ്ടങ്ങളുടെ കണക്കുകൾ നിരവധിയാണ്. അനിതരസാധാരണമായ ധീരതയോടെ ഈ ദുരന്തത്തെ നേരിടാൻ നേതൃത്വം കൊടുത്ത മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരിനു പിന്നിൽ കേരളജനത ഒത്തൊരുമയോടെ അണിനിരന്നത് ലോകം അത്ഭുതത്തോടെയാണ് കണ്ടത്. ജാതി–മത ഭേദമില്ലാതെ, രാഷ്ട്രീയവ്യത്യാസ മില്ലാതെ പരസ്പരസ്നേഹത്തിലും വിശ്വാസത്തിലും ഊന്നി സർക്കാരും കേരളത്തിലെ ജനങ്ങളും വിശ്രമമില്ലാതെ പ്രവർത്തിച്ചു. ഏത് പ്രതിസന്ധിയെയും ഇച്ഛാശക്തിയോടുകൂടി നേരിടാനും വിജയം വരിക്കാനും നമുക്കാവുമെന്ന് ഈ ഉജ്ജ്വലമായ നേതൃത്വം അർഥശങ്കയ്ക്കിടയില്ലാത്ത വിധം തെളിയിച്ച സന്ദർഭം കൂടിയാണിത്. നഷ്ടപെട്ടത് അതുപോലെ പുനഃസൃഷ്ടിക്കുകയല്ല മറിച്ച് ഒരു പുതിയ കേരളം സൃഷ്ടിക്കുകയാണ് നമ്മുടെ ലക്ഷ്യം.

ഒരു നവകേരളസൃഷ്ടിക്കായുള്ള സർക്കാറിന്റെയും ജനങ്ങളുടെയും പ്രയത്നത്തിന്റെ നടുവിലാണ് നമ്മെ നടുക്കിയ ഈ ദുരന്തമുണ്ടായത്. കേരളത്തിന്റെ സമസ്തമേഖലകളിലും മുന്നേറ്റത്തിന്റെ തിളക്കം കണ്ടുതുടങ്ങിയ നാളുകളായിരുന്നു കഴിഞ്ഞ രണ്ടുവർഷം. നിരവധി മേഖലകളിൽ രാജ്യത്തിനും ലോകത്തിനും

തന്നെ നാം മാതൃകകളായി തീർന്നിരുന്നു. ഊർജമേഖലയിലാകട്ടെ എല്ലാ കുടുംബങ്ങളിലും വൈദ്യുതി എത്തിച്ച് രാജ്യത്തെ ആദ്യത്തെ സമ്പൂർണ വൈദ്യുതീകൃത സംസ്ഥാനമായി കേരളം മാറിയിരുന്നു. സംസ്ഥാനത്തെ വൈദ്യുതിമേഖലയെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കാൻ തക്ക വിധം വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ പറ്റുന്ന വിപുലമായ പ്രവർത്തനങ്ങളെല്ലാം കൂടി ഒന്നിച്ചുചേർത്ത ഒരു മിഷൻ ആയി ഊർജകേരള മിഷൻ എന്ന പേരിൽ നടപ്പാക്കാൻ തീരുമാനിച്ചിരുന്നു. സോളാർ വ്യാപനവുമായി ബന്ധപ്പെട്ട 'സൗര', കേരളത്തിലെ എല്ലാ വീടുകളിലേയും തെരുവുവിളക്കുകളുടേയും ബൾബുകൾ മാറ്റി എൽ.ഇ.ഡി. ആക്കി മാറ്റുന്ന 'ഫിലമെന്റ് രഹിത കേരളം, കേരളത്തിലെ വൈദ്യുതി വിതരണ ശൃംഖലകൾ നവീകരിക്കുന്നതിനുള്ള പദ്ധതിയായ ദ്യുതി 2021, പ്രസരണ മേഖലയിൽ നടപ്പാക്കുന്ന 'ട്രാൻസ് ഗ്രിഡ് 2.0', വൈദ്യുതി ലൈനുകളിലും സ്ഥാപനങ്ങളിലും മറ്റുമുണ്ടാകുന്ന അപകടങ്ങൾ ഇല്ലാതാക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പാക്കുന്ന 'ഇ-സേഫ്' എന്നിവയാണ് ഊർജകേരള മിഷനിൽ വരുന്ന അഞ്ചുപദ്ധതികൾ.

## വൈദ്യുതിമേഖലയ്ക്കു കനത്ത നഷ്ടം

എന്നാൽ കേരളം നേരിട്ട പ്രളയദുരന്തം ഊർജമേഖലയെ കഠിനമായ പ്രതിസന്ധിയിലാണ് കൊണ്ടെത്തിച്ചിട്ടുള്ളത്. വൈദ്യുതി വിതരണ മേഖലയുടെ നട്ടെല്ലു തകർന്ന പോലെ ആയി സ്ഥിതിഗതികൾ. ഉത്പാദനമേഖല വലിയ നാശനഷ്ടം നേരിട്ടു. തിരിഞ്ഞുനോക്കുമ്പോൾ ഈ പ്രതിസന്ധിയെ കെ.എസ്.ഇ.ബി. യിലെ തൊഴിലാളികളും ഉദ്യോഗസ്ഥരും നാട്ടുകാരും മറികടന്ന രീതി അദ്ഭുതത്തോടെ മാത്രമെ നോക്കിക്കാണാൻ കഴിയുകയുള്ളു. ഊർജമേഖലയുടെ നവോ ത്ഥാനത്തിന് ഇനി ഉൾക്കരുത്തോടെ നീങ്ങാൻ ആവേശം നൽകുന്ന പ്രവർത്തനമായിരുന്നു അത്. നനഞ്ഞൊട്ടിയ വസ്ത്രങ്ങളുമായി രാത്രിയിൽ കൊടുംമഴയത്തു തകരാറിലായ വൈദ്യുതി ലൈനുകൾ നന്നാക്കുന്ന തൊഴിലാളികളും ഉദ്യോഗസ്ഥരും. സന്ദർഭത്തിനൊത്ത് ഉയർന്നു പ്രവർത്തിച്ച ആരും പരസ്പരം പഴിചാരിയതായി കണ്ടില്ല . അപ്പോഴും ഒന്നും ചെയ്യാനില്ലാത്ത മറ്റു ചിലർ കുറ്റവും കുറവും പറഞ്ഞു നടന്നു. കേരള ജനത അത് ചെവിക്കൊണ്ടില്ല എന്ന് മാത്രം.

കഴിഞ്ഞ ആഗസ്റ്റ് 15 നു തുടങ്ങി മൂന്നു ദിവസങ്ങൾകൊണ്ട് കേരളത്തിലെ ഏഴ് ജില്ലകളിലെയും വൈദ്യുതി വിതരണരംഗം പാടെ തകരാറിലായി. ദുരന്തഭൂമിയിലെ അതിതീവ്രമായ മഴയിൽ രക്ഷാ പ്രവർത്തനങ്ങൾക്കൊപ്പം വൈദ്യുതി വിതരണ പുന:സ്ഥാപനത്തിന്റെയും പ്രവർത്തനങ്ങൾ കൂട്ടിയിണക്കി. 300 ലധികം ഇലക്ട്രിക്കൽ സെക്ഷനുകളിലായി 1735 വിതരണ ട്രാൻസ്ഫോർമറുകൾ മുങ്ങിപ്പോകുകയോ പൂർണമായും തകരാറിലാകുകയോ ചെയ്തു. 17000 വിതരണ ട്രാൻസ്ഫോർമറുകൾ പ്രവർത്തന രഹിതമായി. പതിനായിരത്തിലധികം വിതരണ സബ്സ്റ്റേഷനുകൾ പ്രവർത്തനം നിലച്ചു. ഇങ്ങനെ 26 ലക്ഷം ഉപഭോക്താക്കൾക്കു വൈദ്യുതിബന്ധം വിച്ഛേദിക്കപ്പെട്ടു. ഇതിൽ മൂന്നരലക്ഷം മീറ്ററുകളാണ് പൂർണമായും ഉപയോഗശൂന്യമായത്. കൂടാതെ വീടുകളിൽ വൈദ്യുതി വിതരണത്തിനുള്ള ഇ.എൽ.സി.ബി, ഫ്യൂസ് യൂണിറ്റുകൾ, സ്വിച്ചുകൾ തുടങ്ങി നിരവധി സാമഗ്രികൾ നശിച്ചുപോയി.

## യുദ്ധകാലാടിസ്ഥാനത്തിൽ പുനർനിർമാണം

ഈ പ്രതിസന്ധി തരണം ചെയ്യാൻ കെ എസ് ഇ ബി പ്രവർത്തനപദ്ധതി തയാറാക്കി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കി. പൊതുജനങ്ങളുടെയും ജീവനക്കാരുടെയും സുരക്ഷിതത്വത്തിന് മുൻഗണനയും പ്രാധാന്യവും നൽകിയാണ് പുനർനിർമാണ പ്രവർത്തനങ്ങൾക്ക് രൂപം നൽകിയത്.

ഇതിലേക്കായി പ്രത്യേക ടാസ്ക്ഫോഴ്സുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ജീവനക്കാരുടെയും സാധനസാമഗ്രികളുടെയും ലഭ്യത ഉറപ്പാക്കി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രത്യേക ചുമതലകളും അധികാരങ്ങളും ഏൽപ്പിച്ച് മിഷൻ റീകണക്ട് എന്ന പേരിൽ കൺട്രോൾ റൂം 24 മണിക്കൂറും പ്രവർത്തനസജ്ജമാക്കി. സംസ്ഥാന, ജില്ലാ അടിസ്ഥാനങ്ങളിലും സെക്ഷനുകൾ കേന്ദ്രീകരിച്ചും ടാസ്ക്ഫോഴ്സുകൾ പ്രവർത്തിച്ചിരുന്നു. ഈ ടാസ്ക്ഫോഴ്സുകൾ മറ്റ് സർക്കാർ ഓഫീസുകൾ, റവന്യൂ അധികാരികൾ, ജനപ്രതിനിധികൾ എന്നിവരുമായി നിരന്തരം സമ്പർക്കം പുലർത്തിയാണ് പ്രവർത്തിച്ചിരുന്നത്.

പ്രളയം ബാധിക്കാത്ത മറ്റു ജില്ലകളിലെ ജീവനക്കാരുടെയും കരാറുകാരുടെയും സേവനം ഇക്കാര്യത്തിൽ ഉറപ്പാക്കി. അതോടൊപ്പം മറ്റു സംസ്ഥാനങ്ങളിലെ വൈദ്യുതിസ്ഥാപനങ്ങളിൽ നിന്നും വലിയതോതിലുള്ള സഹായം ലഭ്യമാക്കി.

വീടുകളിലെ വയറിങ് സംവിധാനങ്ങളുടെ സുരക്ഷാ പരിശോധനയും വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കലും നിർദിഷ്ട നിയമ പരിധികൾക്കുള്ളിൽ നിന്നുതന്നെ ചെയ്യാനും ഇക്കാര്യത്തിൽ പൂർണമായ സുരക്ഷിതത്വം ഉറപ്പാക്കാനായെന്നതും വലിയ നേട്ടമാണ്. ഇക്കാര്യത്തിൽ തൊഴിലാളി സംഘടനകൾ, സന്നദ്ധ സംഘടനകൾ, വയർമാൻ തൊഴിലാളികൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർഥികളും വൈദ്യുതി ഉപകരണങ്ങളുടെ ഉത്പാദകരും വിതരണക്കാരും തുടങ്ങിയവരുടെയൊക്കെ സഹായം അഭ്യർഥിക്കുകയും അവരെ കൂട്ടിയിണക്കി പുനർനിർമാണ പ്രവർത്തനങ്ങൾ കുടുതൽ ഫലവത്താക്കാൻ കഴിയുകയും ചെയ്തു. ട്രാൻസ്ഫോർമറുകൾ,

മീറ്ററുകൾ, ഇ എൽ സി ബി, വയറുകൾ തുടങ്ങി നിരവധി സാമഗ്രികൾ സമയബന്ധിതമായി ലഭ്യമാക്കാൻ ഈ പ്രവർത്തനത്തിന് കഴിഞ്ഞു.

വൈദ്യുതി മുടങ്ങിയ പ്രദേശങ്ങളിലെ ആശുപത്രികൾ, കുടിവെള്ള പദ്ധതികൾ, ദുരിതാശ്വാസ ക്യാംപുകൾ, മറ്റ് അത്യാവശ്യ കേന്ദ്രങ്ങൾ എന്നിവയ്ക്ക് പ്രത്യേക മുൻഗണന നൽകിയാണ് കണക്ഷൻ പുനഃസ്ഥാപിച്ചത്. പ്രളയബാധിത പ്രദേശങ്ങളിൽ വൈദ്യുതി ചാർജ് അടയ്ക്കുന്നതിനുള്ള സമയ പരിധി നീട്ടി നൽകിയിട്ടുണ്ട്. ആഗസ്റ്റ് 31 നു മുൻപായി പ്രവർത്തനങ്ങളെല്ലാം പൂർത്തീകരിക്കാൻ കഴിഞ്ഞു. ധാരാളം വീടുകളിൽ വയറിങ് സംവിധാനം അപ്പാടെ തകരാറിലായിരുന്നു. വൈദ്യുതിബന്ധം പുന:സ്ഥാപിക്കുന്നത് ഒട്ടും തന്നെ സുരക്ഷിതമല്ലാത്ത സ്ഥിതിയിൽ ആയിരുന്നു. അത്തരം വീടുകളിൽ താത്കാലിക വയറിങ് സംവിധാനം ഒരുക്കി അവശ്യം വേണ്ട ലൈറ്റുകളും ഫാനുകളും മറ്റും പ്രവർത്തിപ്പിക്കത്തക്ക രീതിയിൽ താത്കാലിക കണക്ഷനുകൾ നൽകുകയാണ് ചെയ്തത്. പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ കണക്ഷനുകളും നൽകി ക്കൊണ്ടിരിക്കുന്നു.

### ജലവൈദ്യുതപദ്ധതികളുടെ അവസ്ഥ

കേരളത്തിലെ ആഭ്യന്തര-ഊർജോത്പാദനരംഗത്ത് ജലവൈദ്യുത പദ്ധതികളാണ് പ്രധാന പങ്ക് വഹിക്കുന്നത്. ചെറുതും വലുതുമായി ആകെ 37 ജലവൈദ്യുത നിലയങ്ങളാണ് കേരളത്തിലുള്ളത്. എങ്കിലും കേരളത്തിന്റെ വൈദ്യുതാവശ്യകതയുടെ 30% മാത്രമാണ് ആഭ്യന്തരോത്പാദനം. എന്നാൽ, നമ്മുടെ സംസ്ഥാനത്തിന്റെ ഉപഭോഗരീതിയുടെ പ്രത്യേകത കാരണം ഉപഭോഗം ഏറ്റവും കൂടുതലുള്ള പീക്ക് സമയങ്ങളിൽ കേരളത്തിലെ ജലവൈദ്യുത നിലയങ്ങളെ ആശ്രയിച്ചാണ് വൈദ്യുതി ആവശ്യകത നിറവേറ്റി പോകുന്നത്. ഈ പ്രളയ കാലത്ത് ഉത്പാദനരംഗത്ത് അഞ്ച് വലിയ നിലയങ്ങളും 14 ചെറുകിട നിലയങ്ങളുൾപ്പെടെ 19 ജലവൈദ്യുതിനിലയങ്ങളുടെ പ്രവർത്തനം നിർത്തിവയ്ക്കേണ്ടി വന്നു. ഇതുമൂലം വൈദ്യുതി ഉത്പാദനത്തിൽ 400 മെഗാവാട്ടിന്റെ കുറവ് ഉണ്ടായി. ഉത്പാദന നിലയങ്ങളിൽ ഇടമലയാർ-75 മെഗാവാട്ട് ആഗസ്റ്റ് 19 നും പെരിങ്ങൽ ഇടതുകര-16 മെഗാവാട്ട് ആഗസ്റ്റ് 27 നും ലോവർപെരിയാർ - 180 മെഗാവാട്ട് സെപ്റ്റംബർ 23 നും ഉത്പാദനം പുനരാരംഭിച്ചു. 14 ചെറുകിടനിലയങ്ങളിൽ ഏഴെണ്ണം ഇതിനകം തന്നെ പ്രവർത്തനസജ്ജമാക്കി. മണ്ണും ചെളിയും കയറി യന്ത്രഭാഗങ്ങൾ നശിച്ച ഈ നിലയങ്ങളിൽ വൃത്തിയാക്കലും പരിശോധനയും പുനഃസ്ഥാപിക്കലും ഉൾപ്പെടെ ശ്രമകരമായ ജോലി തികച്ചും അപകടരഹിതമായി ജീവനക്കാർ തന്നെ നേരിട്ടാണ് നടത്തിയത്. വലിയ തോതിൽ നാശം നേരിട്ട പന്നിയാർ - 32 മെഗാവാട്ട്, പെരിങ്ങൽ- 36 മെഗാവാട്ട് പദ്ധതികൾ പ്രവർത്തന സജ്ജമാക്കാനുള്ള ജോലികൾ പുരോഗമിക്കുന്നു. ഇതുപൂർത്തിയാക്കാൻ ഏകദേശം ആറുമാസം എടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

തകരാറിലായ ഉത്പാദന നിലയങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് കേന്ദ്ര പൊതുമേഖലാസ്ഥാപനമായ നാഷണൽ ഹൈഡ്രോ പവർ കോർപ്പറേഷന്റെ സഹായം ലഭ്യമാക്കുന്നുണ്ട്.

നാം ഉത്പാദിപ്പിക്കുന്ന വൈദ്യുതിയും കേരളത്തിനു പുറത്തു നിന്ന് വാങ്ങി എത്തിക്കുന്ന വൈദ്യുതിയും സംസ്ഥാനത്ത് പ്രസരണം ചെയ്യുന്നതിനായി ഉന്നതശേഷിയിലുള്ള നിരവധി പ്രസരണ ലൈനുകളും സബ്സ്റ്റേഷനുകളും ഉണ്ട്. ഇവയിൽ അമ്പതിലധികം സബ്സ്റ്റേഷനുകളുടെ പ്രവർത്തനം നിർത്തിവയ്ക്കേണ്ടി വന്നു. പത്തിലധികം പ്രധാനപ്പെട്ട പ്രസരണ ലൈനുകൾ തകരാറിലായി. ഇവയെല്ലാം തന്നെ ദിവസങ്ങൾക്കുള്ളിൽ തകരാറുകൾ പരിഹരിച്ച് പ്രവർത്തനക്ഷമമാക്കാൻ കഠിനശ്രമത്തിലൂടെ സാധിച്ചിട്ടുണ്ട്.

ഈ ദുരന്തം, 350 കോടി രൂപയുടെ ഭൗതികനഷ്ടവും 470 കോടി രൂപയുടെ ഉത്പാദനനഷ്ടവും ഉൾപ്പടെ ആകെ 820 കോടി രൂപയുടെ നഷ്ടം ഉണ്ടാക്കിയെന്നാണ് കണക്കാക്കുന്നത്. ഇതിന്റെ കൃത്യമായ വിവരങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. കേന്ദ്ര ഊർജകാര്യ മന്ത്രാലയത്തിന്റെയും കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെയും പ്രതിനിധിസംഘം കേരളം സന്ദർശിക്കുകയും വൈദ്യുതി ബോർഡിന്റെ ചെയർമാനും മറ്റ് ഉന്നതോദ്യോഗസ്ഥരുമായും ചർച്ച നടത്തുകയും ചെയ്തു. കേന്ദ്രത്തിൽ നിന്നും ധനപരമായും സാങ്കേതികമായും നൽകാൻ കഴിയുന്ന പ്രധാനസഹായങ്ങളെ സംബന്ധിച്ചും അവരെ ബോധ്യപ്പെടുത്തി.

ഇപ്പോൾ നാം പുതിയ കേരളത്തിന്റെ സൃഷ്ടിക്കായി ധനസമാഹരണത്തിനുള്ള തീവ്രയജ്ഞത്തിലാണ്. ലോകമെമ്പാടുമുള്ള മലയാളികളും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളും ലോകരാഷ്ട്രങ്ങളും നമ്മുടെ ഈ തീവ്രയജ്ഞത്തിന് സത്വരപിന്തുണ നൽകുന്ന കാഴ്ചയാണ് കാണുന്നത്. ഈ അവസരത്തിൽ അനാവശ്യവാദങ്ങളും വിവാദങ്ങളും ചില കോണുകളിൽ നിന്ന് ഉയരുന്നത് അർഹമായ അവജ്ഞയോടെ പൊതുസമൂഹം തള്ളിക്കളയുന്നുണ്ട്.

ഈ ദുരന്തത്തിന്റെ ആഘാതത്തിൽ നിന്നും മുക്തമായി ഊർജസ്വലമായ പുതിയൊരു കേരളം കെട്ടിപ്പടുക്കാൻ നമുക്ക് ഒരുമിച്ച് മുന്നേറാം. നമ്മുടെ സർക്കാർ നമുക്കൊപ്പം.

# പ്രളയവും പുനരധിവാസവും



**മാത്യു ടി. തോമസ്**
മുൻ ജലവിഭവ മന്ത്രി

**ഇത്രയധികം നാശം വിതച്ച ഒരു ദുരന്തത്തിൽ നിന്നും കരകയറി പുനരധിവാസ, പുനർ നിർമാണപ്രവർത്തനങ്ങൾ നടത്തുക എന്നത് ഒരു കണക്കുകൂട്ടലിനും അത്രയെളുപ്പം വഴങ്ങാൻ സാധ്യതയില്ലാത്തത്ര ഭീമവും ശ്രമകരവുമായൊരു പ്രവർത്തന പരിപാടിയാണ്.**

രണ്ടുമൂന്നു ഘട്ടങ്ങളിലായി കേരളത്തിൽ ആഞ്ഞടിച്ച പ്രളയത്തിന്റെ ഏറ്റവും ഭീകരമായ മുഖം കണ്ടത് ആഗസ്റ്റ് 15 മുതൽ 17 വരെയുള്ള ദിവസങ്ങളിൽ തകർത്തുപെയ്ത പേമാരിയിലും വിവിധ സ്ഥലങ്ങളിലുണ്ടായ ഉരുൾപൊട്ടലുകളിലുമാണ്. മലനാട്, ഇടനാട് പ്രദേശങ്ങളെ അപൂർവമാംവിധം മുക്കിക്കളഞ്ഞ വെള്ളപ്പൊക്കം അവിടെനിന്നും ഒഴിഞ്ഞുപോയത് ഏതാണ്ട് നാലഞ്ചു ദിവസം കൊണ്ടാണ്. എന്നാൽ പ്രളയം സമ്മാനിച്ച ദുരന്തങ്ങളിൽനിന്നും സാമാന്യം ഉയർന്ന സാമ്പത്തികശേഷിയുള്ളവർ പോലും ഒഴിവായില്ല. ഒരു തുണ്ട് ഭൂമി മാത്രമുള്ളവരും നിത്യവൃത്തിക്കാരുമായ ആളുകളുടെയും കോളനി നിവാസികളുടെയുമൊന്നും കാര്യം പറയാനുമില്ല.

ഉരുൾപൊട്ടലിൽ മണ്ണിനടിയിലായിപ്പോയ പ്രദേശങ്ങളും വീടുകളും പുനർനിർമിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറെ ശ്രമകരമാണ്. ഇടനാടു പ്രദേശങ്ങളിൽ നാലും അഞ്ചും തവണ നടത്തിയ ശുചീകരണത്തെപ്പോലും വീടുകൾക്കുള്ളിൽ നിറഞ്ഞ ചെളിയും പൂപ്പലുമെല്ലാം ചേർന്ന് പരാജയപ്പെടുത്തിയിരുന്നു. മലനാട്, ഇടനാട് പ്രദേശങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നം ഇതാണെങ്കിൽ കുട്ടനാട് അടക്കമുള്ള തീരപ്രദേശങ്ങളിലെ പല സ്ഥലങ്ങളും ആഴ്ചകളോളം വെള്ളത്തിനടിയിലായിരുന്നു. മനുഷ്യപ്രയത്നം കൊണ്ടു വെള്ളം വറ്റിച്ചു കര തെളിയിച്ചെടുത്ത ശേഷം വേണം വീടുകളുടെ യഥാസ്ഥാനപ്പെടുത്തൽ നടപടികളിലേക്കു കടക്കാൻ എന്നതായിരുന്നു അവിടത്തെ സ്ഥിതി. ഇത്രയധികം നാശം വിതച്ച ഒരു ദുരന്തത്തിൽ നിന്നും കര കയറി പുനരധിവാസ, പുനർ നിർമാണപ്രവർത്തനങ്ങൾ നടത്തുക എന്നത് ഒരു കണക്കുകൂട്ടലിനും അത്രയെളുപ്പം വഴങ്ങാൻ സാധ്യതയില്ലാത്തത്ര ഭീമവും ശ്രമകരവുമായൊരു പ്രവർത്തന പരിപാടിയാണ്.

പ്രളയവുമായി ബന്ധപ്പെട്ട് ധാരാളം അഭിപ്രായങ്ങൾ ഉയർന്നുവരുന്നുണ്ട്. ഭൂരിപക്ഷവും ക്രിയാത്മക നിർദേശങ്ങളും പ്രോത്സാഹനവും നിറഞ്ഞവയാണ്. അതേ സമയം അന്ധവിശ്വാസജടിലങ്ങളായവ മുതൽ സങ്കുചിത രാഷ്ട്രീയനേട്ടങ്ങൾക്കുവേണ്ടി പ്രചരിപ്പിക്കുന്നവ വരെയുള്ള നിഷേധാത്മക വിമർശനങ്ങളും അക്കൂട്ടത്തിലുണ്ട്. ഒരു പുനർനിർമാണപ്രക്രിയയിൽ നമ്മെ ഏറെ സഹായിക്കേണ്ടത് ശാസ്ത്രീയമായ വിശകലനങ്ങളും മാർഗനിർദേശങ്ങളും മുന്നോട്ടു നീങ്ങുന്ന കാര്യത്തിൽ ഉണ്ടാകേണ്ട നിശ്ചയദാർഢ്യവും ഒത്തൊരുമയുമാണ്. കേരളത്തിന് അതു സാധ്യമാക്കാൻ കഴിയും എന്നാണ് ഇതുവരെയുള്ള സംഭവവികാസങ്ങൾ



സൂചിപ്പിക്കുന്നത്. ഇക്കാര്യത്തിൽ ലോകം മുഴുവൻ നമ്മോടൊപ്പമുണ്ട് എന്നതും ഏറ്റവും ശുഭോദർക്കമാണ്. പ്രളയം നീക്കം ചെയ്തത് ഭൂമിയിലെ മതിലുകൾ മാത്രമല്ല മനസ്സിന്റെ മതിലുകൾ കൂടിയാണ്. വേർതിരിവുകളുടെ മതിലുകൾ വീണ്ടും ഉയരാതെ സൂക്ഷിക്കുകയും കരങ്ങൾ അക്ഷീണമായ പരിശ്രമത്തിൽ കോർത്തുപിടിക്കുകയും ചെയ്തുകൊണ്ട് നമുക്ക് നവകേരളം സൃഷ്ടിക്കാൻ കഴിയുകതന്നെ ചെയ്യും.

## പ്രകൃതിയും മനുഷ്യനും

പ്രളയത്തെ സ്വാധീനിച്ചിരിക്കാവുന്ന പ്രകൃതി പ്രതിഭാസങ്ങൾ, മനുഷ്യ ഇടപെടലുകൾ എന്ന വിശാലമായൊരു വിഭജനം ആദ്യമേ നടത്തേണ്ടതുണ്ട്. മഴയുടെ അളവ്, ഉരുൾപൊട്ടൽ, ഭൂമിശാസ്ത്രപരമായ സവിശേഷതകൾ തുടങ്ങിയ ഘടകങ്ങൾ പ്രകൃതി പ്രതിഭാസത്തിൽ ഉൾപ്പെടുത്താം. ഡാമുകൾ, തടയണകൾ, പുലിമുട്ടുകൾ, ബണ്ടുകൾ, സ്പിൽവേകൾ, കനാലുകൾ എന്നിങ്ങനെ നദികളിലും ഫ്ലാറ്റുകളും തറകളുടെ ടൈലിംഗും ഉൾപ്പെടെ കരയിലുമുള്ള മനുഷ്യനിർമിതികൾ, മണൽവാരൽ, വനനശീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഇതെല്ലാം മനുഷ്യഇടപെടലുകളിൽപ്പെടും. പ്രകൃതി പ്രതിഭാസങ്ങളിൽത്തന്നെ പലതും മനുഷ്യന്റെ പ്രകൃതിയിന്മേലുള്ള കൈകടത്തലുകളാൽ സ്വാധീനിക്കപ്പെടുന്നുണ്ട് എന്ന അറിവ് ഇന്ന് വ്യാപകമായിട്ടുണ്ട്. എന്നാൽ ഈ അറിവ് ഓരോരുത്തർക്കും ഇഷ്ടമായ വ്യാഖ്യാനങ്ങളുടെ പൊടിപ്പും തൊങ്ങലും ചേർത്ത് ആധികാരികമെന്നവണ്ണം പ്രചരിപ്പിക്കുന്നത് ഇന്നൊരു പതിവായിട്ടുണ്ട്. വസ്തുതാപരമായ പഠനത്തിലൂടെ വേണം ഒരു പ്രതിഭാസം മനുഷ്യനിർമിതമാണോ പ്രകൃതിനിർമിതമാണോ എന്നു തീരുമാനിക്കേണ്ടത്. നിർഭാഗ്യവശാൽ പലപ്പോഴും ഇതര ഘടകങ്ങളാൽ ആവേശഭരിതമായ മുൻവിധികളും കടുംപിടുത്തങ്ങളുമാണ് ശാസ്ത്രീയമായ കണ്ടെത്തലുകളേയും പരിഹാരങ്ങളേയും നിയന്ത്രിക്കാൻ ശ്രമിക്കുന്നത്.

ഇക്കൊല്ലത്തെ പ്രളയത്തിനു മുമ്പ് ഏറ്റവും അടുത്ത കാലത്ത് സംഭവിച്ചതും നമുക്കു പരിശോധിക്കാൻ കഴിയുന്നതുമായ മഹാ പ്രളയമാണ് 'തൊണ്ണൂറ്റൊമ്പതിലെ വെള്ളപ്പൊക്കം' എന്നു പഴമക്കാർ വിളിക്കുന്ന എ.ഡി. 1924ലെ (കൊല്ലവർഷം 1099) പ്രളയം. ഒരൊറ്റ ഡാം മാത്രമേ അന്നു നിലവിലുണ്ടായിരുന്നുള്ളൂ. പശ്ചിമഘട്ടത്തിലെ കുടിയേറ്റമോ വനനശീകരണമുൾപ്പെടെയുള്ള പരിസ്ഥിതി



നശീകരണമോ അന്നു വ്യാപകമായിരുന്നില്ല. കോൺക്രീറ്റു സൗധങ്ങളും ഫ്ലാറ്റുകളും ഭൂമിയെ കൈയടക്കിയിരുന്നില്ല. അടച്ചിടാൻ തണ്ണീർമുക്കം ബണ്ടോ തോട്ടപ്പള്ളി സ്പിൽവേയോ അന്നുണ്ടായിരുന്നില്ല. ഭൂമിയെ നശിപ്പിക്കുന്ന ആധുനിക കൃഷിരീതികൾക്കു തുടക്കമായിരുന്നില്ല. കലപ്പയും തൂമ്പയുമെടുത്ത കർഷകർ മണ്ണിൽ നടത്തിയ അധ്വാനമായിരുന്നു കൃഷിരീതി. ഒരു ദേവാലയത്തിന്റെയും പവിത്രത വിലമതിക്കാതെയിരുന്നില്ല. നിരീശ്വരവാദമോ ദൈവനിന്ദയോ പ്രചരിച്ചിരുന്നില്ല. എന്നിട്ടും പ്രളയം വന്നു.

പ്രകൃതിയുടെമേലുള്ള എല്ലാ കൈയേറ്റങ്ങളും ആകാം എന്നല്ല ഇപ്പറഞ്ഞതിനർഥം. എന്നാൽ മനുഷ്യ ഇടപെടലുകൾ മാത്രമല്ല പ്രളയം പോലുള്ള പ്രതിഭാസങ്ങൾക്കു കാരണം എന്നും മറന്നുകൂടാ. പ്രകൃതിക്ക് അതിന്റേതായ ഒരു താളമുണ്ട്; ചാക്രികമായി ആവർത്തിക്കുന്ന സംഭവങ്ങൾ ആ താളത്തിന്റെ ഭാഗമായും വരാവുന്നതാണ്. പ്രകൃതിയിലെ മനുഷ്യ ഇടപെടലുകളോ ഇടപെടലുകൾക്കുള്ള നിയന്ത്രണമോ രൂപപ്പെടുത്തേണ്ടതുണ്ട് എന്നതിൽ സംശയമില്ല. അതിലൂടെ പ്രകൃതി പ്രതിഭാസങ്ങളെയെല്ലാം നിയന്ത്രിക്കാം എന്ന ധാരണ എപ്പോഴും ശരിയാകണമെന്നില്ലെന്നു മാത്രം. ഉദാഹരണത്തിന് ഒന്നോ രണ്ടോ നൂറ്റാണ്ടിനിടെ ചാക്രികമായി സംഭവിച്ചുകൊണ്ടേയിരിക്കാവുന്ന മഹാപ്രളയങ്ങളെ ഒഴിവാക്കാൻ നമുക്കു കഴിഞ്ഞില്ലയെന്നു വരാം. എന്നാൽ വനനശീകരണം കുത്തൊഴുക്കിനും മണ്ണിന്റെ ഭീമമായ സ്ഥാനാന്തരണത്തിനും (Displacement) കാരണമാകാമെന്ന ശരിയായ ധാരണയിൽ വനസംരക്ഷണ ശീലമുണ്ടാകണം. വിഘടനം സംഭവിക്കാത്ത പ്ലാസ്റ്റിക് പോലെയുള്ള വസ്തുക്കളെക്കൊണ്ട് ജലാശയങ്ങളെ മലിനീകരിച്ചാൽ അമൂല്യമായ ജലം വിഷമായി മാറും; നദികളുടെ ഗതിയിൽ അവ വൻ തടസ്സങ്ങൾ സൃഷ്ടിക്കുകയും നദികൾ ഗതി മാറി ഒഴുകുകയും ചെയ്യാം; നദികളും ജലാശയങ്ങളും നികത്തിയാലും പ്രളയകാലത്ത് നദി പുതിയ വഴികൾ കണ്ടെത്തും. പ്രളയത്തിൽ നദികൾ മാലിന്യങ്ങളെല്ലാം തിരികെ നിക്ഷേപിച്ച് നമുക്കു ചരിക്കേണ്ട കരപ്രദേശങ്ങളെ മുഴുവൻ മലിനീകരിക്കുകയും ചെയ്യും. മണലൂറ്റി നദീതടം പാറ പോലെയാക്കിയിട്ടാൽ പ്രളയം കഴിഞ്ഞ് നാലു നാൾക്കകം നദി വീണ്ടും വറ്റി വരളും. ഭൂഗർഭജലം സംഭരിക്കപ്പെടാനുള്ള എല്ലാ വഴിയുമടയ്ക്കുകയും ഉള്ള ഭൂഗർഭജലത്തിന്റെ പരമാവധി ഊറ്റിയെടുക്കുകയും ചെയ്താൽ ജലഗ്രഹമെന്ന പദവി നഷ്ടപ്പെട്ടു ഭൂമി ഒരു ചത്ത ഗ്രഹമാകും.

ആയതിനാൽ ശരിയായ വിധത്തിലുള്ള മനുഷ്യ ഇടപെടലുകൾ വേണം; ശരിയല്ലാത്ത ഇടപെടലുകൾ അവസാനിപ്പിക്കുകയും ചെയ്യണം. മനുഷ്യ ഇടപെടലുകൾ കൊണ്ടല്ലാതെ സംഭവിക്കുന്ന പ്രതിഭാസങ്ങൾ സൃഷ്ടിക്കുന്ന ദുരന്തങ്ങൾ അവശേഷിപ്പിക്കുന്ന തിക്തഫലങ്ങൾ പരമാവധി കുറയ്ക്കാനും പുനർനിർമാണം സാധ്യമാക്കാനും മനുഷ്യപ്രയത്നം ഉണ്ടാകുകയും വേണം.

സമുദ്രനിരപ്പിനേക്കാൾ താഴ്ന്നുകിടക്കുന്ന കര ലോകത്തിൽ രണ്ടു സ്ഥലങ്ങളിൽ മാത്രമാണുള്ളത്. നെതർലാൻഡ്സും കേരളത്തിലെ കുട്ടനാടും. കുട്ടനാട് സമുദ്രനിരപ്പിനെക്കാൾ രണ്ടേകാൽ മീറ്ററോളം താഴ്ന്നാണു സ്ഥിതി ചെയ്യുന്നതെങ്കിൽ, നെതർലാൻഡ്സ് ഏഴു മീറ്റർ വരെ താഴ്ന്നാണ്. നെതർലാൻഡ്സ് എങ്ങനെ ഈ ഭൂപ്രകൃതിയെ കൈകാര്യം ചെയ്യുന്നു എന്ന അന്വേഷണം അസ്ഥാനത്തല്ല. എന്നാൽ നെതർലാൻഡ്സിലെ വാർഷിക ശരാശരി മഴ ഏതാണ്ട് 75 സെ. മീ. ആയിരിക്കെ കേരളത്തിൽ അത് മുന്നൂറ്റമ്പതു മുതൽ നാനൂറിൽപ്പരം വരെ സെന്റി മീറ്ററാണ്. അതായത് ഏതാണ്ട് നാലിരട്ടിയിലധികം. സാധാരണ വർഷങ്ങളിൽപ്പോലുമുള്ള ഈ വലിയ വ്യത്യാസം കണക്കിലെടുത്തു മാത്രമേ കുട്ടനാടിന്റെ ജലമാനേജ്മെന്റ് രൂപപ്പെടുത്താൻ കഴിയൂ.

### പ്രളയകാരണം ഡാമുകളോ?

നമുക്കു പരിശോധിക്കാം: ഇത്തവണ കേരളത്തിലുണ്ടായ പ്രളയം ഡാമുകൾ തുറന്നു വിട്ടതുകൊണ്ടാണോ? തൽക്കാലം ജലവിഭവവകുപ്പിനു കീഴിലുള്ള ഡാമുകളുടെ മാത്രം വിവരങ്ങളെ അടിസ്ഥാനപ്പെടുത്തട്ടെ.

സാധാരണഗതിയിൽ ഒരു വർഷം കേരളത്തിലാകെ പടിഞ്ഞാറോട്ടൊഴുകുന്ന 41 നദികൾ വഹിക്കുന്നത്



75000 ദശലക്ഷം ഘനമീറ്റർ വെള്ളമാണ്. ജലവിഭവവകുപ്പിനു കീഴിലുള്ള പതിനാറു ഡാമുകളിലായി മുഴുവൻ സംഭരണശേഷിയും ഉപയോഗിച്ചാൽ സംഭരിക്കാൻ കഴിയുന്നത് 1570.6 ദശലക്ഷം ഘനമീറ്റർ ജലം മാത്രവും. ആകെ നദീജലത്തിന്റെ 2.1 ശതമാനം മാത്രമാണത്. ഇത്രയും ചെറിയ ശതമാനം ജലമാണോ കേരളത്തിലെ പ്രളയം മുഴുവൻ സൃഷ്ടിച്ചത്? ഈ ഡാമുകളിൽ പകുതിയെണ്ണവും ജൂൺ, ജൂലൈ മാസങ്ങളിൽത്തന്നെ തുറന്നിരുന്നതാണ്. രണ്ടു ഡാമുകൾ അടച്ചിരുന്നതേയില്ല. രണ്ടെണ്ണം ആഗസ്റ്റ് 1,2 തിയതികളിൽ തുറന്നു. ചിമ്മിണി, മീൻകര, വാളയാർ, ചുള്ളിയാർ എന്നീ നാലു ഡാമുകൾ മാത്രമാണ് വലിയ പ്രളയത്തോടടുത്ത്, അതായത്, ആഗസ്റ്റ് 10, 13, 14 തിയതികളിൽ തുറന്നത്. അതൊന്നും വൻ പ്രളയമുണ്ടായ പ്രദേശങ്ങളിലായിരുന്നുമില്ല.

കൂടാതെ ഭൂതത്താൻകെട്ട്, മണിയാർ (പമ്പ ജലസേചനപദ്ധതി), പഴശ്ശി എന്നീ ബരാജുകളും യഥാക്രമം ജൂൺ ഒന്ന്, ഒൻപത്, 28 എന്നീ തീയതികൾ മുതൽ തന്നെ തുറന്നിരിക്കുകയായിരുന്നു. പൊടുന്നനെ ഡാമുകൾ തുറന്ന് പ്രളയം വരുത്തിവച്ചതല്ലെന്നു വ്യക്തം.

ഈയാണ്ടിൽ പ്രത്യേകമായി സംഭവിച്ചത് ആഗസ്റ്റ് പതിനഞ്ചു മുതലുള്ള ദിവസങ്ങളിൽ പെയ്ത ഭീമമായ അളവിലുള്ള മഴയാണ്. ആഗസ്റ്റ് 15 മുതൽ 17 വരെയുള്ള മൂന്നു ദിവസങ്ങളിൽ മാത്രം 414 മി.മീ. മഴ പെയ്തു എന്നാണു കണക്ക്. അതിലൂടെ 16,063.2 ദശലക്ഷം ഘനമീറ്റർ വെള്ളമാണ് പെയ്തിറങ്ങിയത്. സാധാരണ ഗതിയിൽ ഒരു വർഷമാകെ പെയ്യുന്ന മഴയുടെ അഞ്ചിലൊന്നിലധികം മൂന്നു ദിവസം കൊണ്ടു പെയ്തു എന്നർഥം. 'നാസ'യുടെ കണക്കനസരിച്ച് സാധാരണ വർഷങ്ങളെ അപേക്ഷിച്ച് 164 ശതമാനം അധിക മഴയാണ് (264 ശതമാനം) പെയ്തത്. ആ ദിവസങ്ങളിൽ ജലസേചനവകുപ്പിന്റെ ഡാമുകളിൽ 696.785 ദശലക്ഷം ഘനമീറ്റർ വെള്ളം ഒഴുകിയെത്തിയപ്പോൾ പുറത്തേക്കു വിട്ടത് 700.373 ദശലക്ഷം ഘനമീറ്റർ മാത്രം. എന്നു വച്ചാൽ 3.588 ദശലക്ഷം ഘനമീറ്റർ വെള്ളം മാത്രമാണ് ഒഴുകിയെത്തിയതിലധികമായി കേരളത്തിലാകെ ജലസേചനവകുപ്പിന്റെ എല്ലാ ഡാമുകളും ചേർന്ന് പുറത്തേക്കൊഴുക്കിവിട്ടത്. ഏറ്റവുമധികം ജലം പുറത്തേക്കു പോയത് കല്ലട ഡാമിൽനിന്നാണ്; പതിനാറു ഡാമുകളും ചേർന്നു പുറത്തുവിട്ടതിന്റെ ഏതാണ്ട് മൂന്നിലൊന്നു ഭാഗം. എന്നിട്ടും കൊല്ലം ജില്ലയിൽ വെള്ളപ്പൊക്കക്കെടുതി കാര്യമായി ഉണ്ടായില്ല. അവിടെ മഴ കുറവായിരുന്നു എന്നതല്ലാതെ മറ്റൊരു കാരണവും പറയാൻ കഴിയില്ലല്ലോ?



1924ൽ ഉണ്ടായ മഹാപ്രളയം സംബന്ധിച്ച വാർത്ത പുന:പ്രസിദ്ധീകരിച്ചതു നമുക്ക് ലഭ്യമാണ്. അതിൻപ്രകാരം അന്ന് അടയാളപ്പെടുത്തിയിരുന്ന പ്രദേശങ്ങളിൽത്തന്നെയാണ് കൃത്യമായും ഇത്തവണയും പ്രളയമുണ്ടായതെന്നു മനസ്സിലാക്കാം. ഭൂതത്താൻകെട്ടിന് അഞ്ചു കി. മീ. മുകളിൽ അന്നത്തെ വെള്ളപ്പൊക്കത്തിൽ മുങ്ങിപ്പോയിരുന്ന പാലമറ്റം എസ്റ്റേറ്റ് പ്രദേശത്ത് അന്നത്തേതിനേക്കാൾ ഒമ്പതടി താഴെയാണ് ഇത്തവണത്തെ ജലനിരപ്പ് എത്തിയത്. കാലടിയിൽ തലപ്പള്ളി മനയിൽ അന്നു രേഖപ്പെടുത്തിയതിനേക്കാൾ 1.4 മീറ്റർ താഴെ മാത്രം. ഡാമുകളല്ല പ്രളയകാരണം എന്നതിന് ഇതിലും വലിയ തെളിവിന്റെ ആവശ്യമില്ല.

കുട്ടനാട്ടിലെ ജലനിരപ്പിനെ സ്വാധീനിക്കാൻ കഴിയുന്ന രണ്ടു മനുഷ്യനിർമിത സംവിധാനങ്ങളാണ് തോട്ടപ്പള്ളി സ്പിൽവേയും തണ്ണീർമുക്കം ബണ്ടും. തോട്ടപ്പള്ളി സ്പിൽവേയുടെ 40 ഷട്ടറുകളും നേരത്തെതന്നെ തുറന്നുവച്ചിരുന്നതും പൊഴിമുറിക്കൽ മേയ് മാസത്തിൽത്തന്നെ നടത്തി പരമാവധി ജലം കടലിലേക്ക് ഒഴുക്കി വിട്ടതുമാണ്. സാധാരണ 150 മീറ്റർ വീതിയിൽ പൊഴി മുറിക്കാറുള്ളത്, പ്രളയം മൂലം മതിയാകാതെ വന്നതുമൂലം, ഇത്തവണ 250 മീറ്റർ വീതിയിലാണു മുറിച്ചത്. തണ്ണീർമുക്കം ബണ്ടിന്റെ രണ്ടു ബാർജുകളിലെ 62 ഷട്ടറുകൾ തുറന്നാണിരിക്കുന്നത്. മണ്ണു നീക്കംചെയ്യൽ പരമാവധി വേഗത്തിൽ നടത്തി കഴിയുന്നത്ര വെള്ളം കടലിലേക്ക് ഒഴുക്കി വിട്ടുകൊണ്ടിരുന്നു. തണ്ണീർമുക്കം ബണ്ടിന്റെ ഇരുഭാഗത്തും പ്രളയത്തിന് മുമ്പ് ഒരു മാസത്തിലേറെയായി ഏതാണ്ട് ഒരേ ജലനിരപ്പായിരുന്നു എന്നതിനർഥം കാര്യമായി കടലിലേക്ക് ജലമൊഴുക്കി വിടാൻ കഴിയുമായിരുന്നില്ല എന്നു തന്നെയാണ്.

സംസ്ഥാനാന്തര ജലറഗുലേഷനാണ് മറ്റൊന്ന്. പാലക്കാട് മേഖലയിലെ പറമ്പിക്കുളം ആളിയാർ പദ്ധതികളിലെ ജലം തമിഴ്നാട് അവർക്ക് അർഹതപ്പെട്ടതിലുമധികം കടത്തുന്നു എന്നതായിരുന്നു തീവ്രവരൾച്ചയുണ്ടായ കഴിഞ്ഞ വർഷത്തെ പ്രശ്നം. ഇത്തവണ സ്ഥിതിഗതികൾ മാറി. പറമ്പിക്കുളം ആളിയാർ ഭാഗത്തെ എല്ലാ ഡാമുകളും നിറയുകയും കേരളത്തിലേക്കു സ്പിൽ ചെയ്യുന്ന സ്ഥിതി ഉണ്ടാകുകയും ചെയ്തു. ഈ ഡാമുകൾ ഒന്നൊഴികെ എല്ലാം ജൂലൈയിൽത്തന്നെ തുറന്നിരുന്നതാണ്. വ്യക്തമായ മുന്നറിയിപ്പോടെയാണ് തുറന്നിട്ടുള്ളത്. ആഗസ്റ്റ് പതിനഞ്ചിന് ഒരൊറ്റ രാത്രിയിൽ ഷോളയാർ വാൽപ്പാറ ഭാഗത്ത് 410 മി. മീ മഴയാണു പെയ്തത്. അനിയന്ത്രിതമായ മഴ പെട്ടെന്നു വന്നതിനെ തുടർന്നാണ് തുറന്നുവിടുന്നതിനു തമിഴ്നാട് നിർബന്ധിതമായത്. പരമാവധി തുറന്നു വിടാവുന്നതിന്റെ 50 ശതമാനം മാത്രമാണ് തുറന്നത്. ഡാമുകളുടെ കാര്യത്തിൽ സാമൂഹികമാധ്യമങ്ങളിലും മറ്റും വന്ന ചില എതിർവാദങ്ങൾ ഡാമിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ധാരണയില്ലായ്മ വെളിപ്പെടുത്തുന്നതാണ്. രണ്ടടി വെള്ളം ഉയർന്നപ്പോൾ പതിനഞ്ചടി തുറന്നത് എന്തിനെന്നാണ് ഒരു ചോദ്യം. കിലോമീറ്ററുകളോളം അകലേക്കു പരന്നു കിടക്കുന്ന റിസർവോയറിലാണ് രണ്ടടി ഉയർന്നത്. അത്രയും ഉയർന്ന വെള്ളം ഇരുനൂറിൽപ്പരം മീറ്റർ മാത്രം നീളമുള്ള ബരേജിൽ എത്രയടി ഉയരും? അതിനെ നേരിടാൻ പതിനഞ്ചു ഷട്ടറുകൾ ഓരോ അടി ഉയർത്തിയതിനെതിരെയാണു ചോദ്യം! അതേ സമയം, വൻതോതിലുള്ള മണ്ണൊലിപ്പുമൂലം ഡാമുകളിൽ എത്രയോ കാലം കൊണ്ട് അടിഞ്ഞു കിടക്കുന്ന മണ്ണിന്റെ ഉയരം ഡാമുകളുടെ സംഭരണശേഷിയിൽ കുറവു വരുത്തിവച്ചിട്ടുണ്ട്. അതു നീക്കം ചെയ്യാൻ അതതു സമയത്തു കഴിഞ്ഞിരുന്നെങ്കിൽ സംഭരണശേഷി കൂടിനിൽക്കുമായിരുന്നു. ഡാം മാനേജ്മെന്റ് ശ്രദ്ധിക്കേണ്ട വശം അതാണ്. കാലങ്ങൾക്കു ശേഷം ഈ സർക്കാർ അങ്ങനെ മണ്ണു നീക്കം ചെയ്യുന്നതിനു നയപരമായ തീരുമാനമെടുത്തിരുന്നു.

## ഇനിയെന്ത്?

ആദ്യമേ സൂചിപ്പിച്ചതുപോലെ പ്രളയം സമ്മാനിച്ച ദുരിതത്തിൽനിന്നും കര കയറുകയാണ് ഇനി പ്രധാനം. കുടുംബങ്ങൾക്കും സമൂഹത്തിനും സംഭവിച്ചിരിക്കുന്ന നഷ്ടങ്ങൾ വലുതാണ്. കുടുംബങ്ങളെ സംബന്ധിച്ച് ഉടുത്തിരുന്ന വസ്ത്രമൊഴികെ സകലതും-ഗൃഹോപകരണങ്ങൾ മുതൽ വീടു വരെയും നഷ്ടപ്പെട്ടവരുണ്ട്. വരുമാനമാർഗമായിരുന്ന കന്നുകാലികൾ; വ്യാപാരം നടത്തിയിരുന്ന കടകളും കടയിലെ സകല സ്റ്റോക്കും; വീടിന്റെയും പറമ്പിന്റെയും ആധാരം മുതൽ സകല രേഖകളും; വാഹനങ്ങൾ, വിളവെടുക്കാമെന്നു പ്രതീക്ഷിച്ചിരുന്ന കൃഷികൾ.... എല്ലാം നഷ്ടങ്ങളുടെ പട്ടികയിൽ വരും. സമൂഹത്തെ സംബന്ധിച്ച് റോഡുകളും പാലങ്ങളും മുതലുള്ള പശ്ചാത്തല സൗകര്യങ്ങളെല്ലാം തകർന്നു. ഇവിടെ പുനരധിവാസമെന്നാൽ പ്രളയബാധിതരായ കുറച്ചാളുകൾക്ക് കുറച്ചുദിവസത്തേക്ക് ഭക്ഷണമോ വസ്ത്രമോ എത്തിച്ചുകൊടുക്കുന്ന ജീവകാരുണ്യപ്രവർത്തനം മാത്രമല്ല. കുടിവെള്ളം മുതൽ അങ്ങനെ എത്തിക്കേണ്ട സമയമുണ്ടായിരുന്നു, ഇപ്പോഴും പലയിടത്തുമുണ്ട് എന്നതു മറക്കുന്നില്ല. എന്നാൽ വീടുകളുടെ മേൽവിവരിച്ച എല്ലാ നഷ്ടങ്ങളും നികത്തുന്ന സമഗ്രമായ പ്രവർത്തനമാണ് യഥാർഥ പുനരധിവാസം. ഇതു വേണ്ടവിധം മനസ്സിലാക്കാതെയാണ് കൊടുക്കാനുള്ളത് ഞങ്ങൾ അയൽപക്കത്തു കൊടുത്താൽ പോരേ എന്ന മട്ടിലുള്ള പ്രചരണങ്ങൾ. ബഹുതലപ്രവർത്തനങ്ങൾ ഇക്കാര്യത്തിൽ വേണ്ടിവരും. അയൽപക്കത്തുകാർക്ക് ഒരു കൈത്താങ്ങ് കൊടുക്കുന്നതും അതിൽ ഉൾപ്പെടും. സർക്കാരിനെക്കൊണ്ട് എല്ലാം കഴിയുമോ എന്നതുപോലെ തന്നെ പ്രസക്തമാണ് അയൽപക്കക്കാരെക്കൊണ്ട് എല്ലാം കഴിയുമോ എന്ന ചോദ്യവും. രക്ഷാപ്രവർത്തനങ്ങളിലെ കൂട്ടായ്മ തന്നെയാകണം ഇക്കാര്യത്തിൽ നമ്മുടെ



മാതൃക. ഏതെല്ലാം തരത്തിൽ പുനർനിർമാണ കൂട്ടായ്മയിൽ ഏർപ്പെടാമോ അങ്ങനെയെല്ലാം.

## ജലവിഭവവകുപ്പ് പ്രളയാനന്തരം

മഴക്കാലത്ത് സുലഭമാകുന്ന ജലം മുഴുവൻ പ്രളയം ഒഴുക്കിക്കൊണ്ടു പോകാതെ മഴക്കൊയ്ത്തു നടത്തി ഭൂഗർഭജലമായും അല്ലാതെയും സംഭരിക്കണമെന്ന തത്വം ഇന്ന് വ്യാപകമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ സംഭരണികൾ കൂടി തുറന്നുവിട്ട് നോക്കിനിൽക്കാൻ മാത്രം കഴിയുന്ന വൻപ്രളയം തൽക്കാലം അതെല്ലാം അസാധ്യമാക്കി. മഴക്കൊയ്ത്ത്, പ്രത്യേകിച്ചും ഭൂഗർഭജലത്തിന്റെ രൂപത്തിൽ എന്ന മഹത്തായ ആശയം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ദീർഘകാല തയാറെടുപ്പുകൾ തന്നെ വേണം. ലളിതമായി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ മുതൽ, അശാസ്ത്രീയമായ മണൽ വാരലിലൂടെ നദീതടം താണുപോകുകയും അടിത്തട്ട് മിനുസപ്പെട്ടുപോകുകയും ചെയ്യുന്ന അവസ്ഥയ്ക്കു വിരാമം കുറിക്കുന്ന പ്രവർത്തനങ്ങൾ വരെ ആവശ്യമാണ്.

പ്രളയം കഴിഞ്ഞയുടൻ വരൾച്ചയും ജലദൗർലഭ്യവും രൂക്ഷമായി അനുഭവപ്പെടുന്ന പ്രതിഭാസത്തിനുള്ള താത്കാലിക പരിഹാരങ്ങളും പ്രധാനമാണ്. ജല അതോറിറ്റിയുടെ നിരവധി പമ്പുകളും പമ്പ് ഹൗസുകളും ചെളിയിൽ പൂഴ്ന്ന് പ്രവർത്തനരഹിതമായിരുന്നു. അവിടെയെല്ലാം വേണ്ട അറ്റകുറ്റപ്പണികൾ നടത്തി ജലവിതരണം പുന:സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. മണിയാർ ബരാജിന്റെ ഷട്ടറിനു സംഭവിച്ച കേടുപാട് പരിഹരിച്ച് ബരാജിനെ പൂർണമായി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ അതിവേഗം പുരോഗമിക്കുകയാണ്. പ്രളയം പമ്പയിലെ ജലവിതരണസംവിധാനങ്ങളെ കാര്യമായി ബാധിച്ചത്, ശബരിമല തീർഥാടനത്തെ ഒരു വിധത്തിലും ബാധിക്കാത്ത വിധത്തിൽ യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രയത്നങ്ങൾ നടത്താൻ സാധിച്ചു.




പ്രതിദിനം പതിമൂന്ന് ദശലക്ഷം ലിറ്റർ ജലം ശുദ്ധീകരിക്കുന്നതിനുള്ള പ്രഷർ ഫിൽറ്റർ, ഇലക്ട്രോക്ലോറിനേഷൻ യൂണിറ്റ് എന്നിവ ഉൾപ്പെട്ട ജലശുദ്ധീകരണശാലയും ത്രിവേണിയിലെ ട്രാൻസ്ഫോർമർ യാർഡും വെള്ളത്തിനടിയിലായിരുന്നു. ജലവിതരണ പൈപ്പുകളും ജലവിതരണ കിയോസ്കുകളും ഒലിച്ചുപോയി. പമ്പ ത്രിവേണി പമ്പ് ഹൗസിൽ നിന്ന് വെള്ളം പമ്പുചെയ്തു കളഞ്ഞ് ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുകയും പമ്പ് സെറ്റുകളും ട്രാൻസ്ഫോർമറുകളും അഴിച്ചെടുത്ത് ഉണക്കി അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുകയും ചെയ്ത് മൂന്നാഴ്ചയ്ക്കകം പമ്പിംഗ് പുന:സ്ഥാപിച്ചു. ഇക്കൊല്ലത്തെ തീർഥാടന കാലത്തിനു മുമ്പായി ശബരിമല മാസ്റ്റർപ്ലാൻ നിർദേശം കൂടി പരിഗണിച്ച് നിലയ്ക്കൽ ബേസ് ക്യാമ്പാക്കി. നിലയ്ക്കലിൽ ഒരാൾക്കു മുപ്പതുലിറ്റർ വെള്ളം എന്നു കണക്കാക്കി പ്രതിദിനം രണ്ടുലക്ഷം പേർക്കുവേണ്ടി അറുപതുലക്ഷം ലിറ്റർ വെള്ളം ലഭ്യമാക്കി. ജല അതോറിറ്റിയുടെ പമ്പ, സീതത്തോട്, പെരുനാട്-അത്തിക്കയം ജലശുദ്ധീകരണശാലകളിൽ നിന്ന് എത്തിക്കുന്നതിൽ നാല്പതുലക്ഷം ലിറ്റർ ജലമാണ് ദേവസ്വം ബോർഡ് ഒരുക്കിയിട്ടുള്ള ടാങ്കുകളിൽ സംഭരിക്കുവാൻ കഴിയുക. അതിനു പുറമേ ഇരുപത്തഞ്ചുലക്ഷം ലിറ്ററുംകൂടി സംഭരിക്കുന്നതിന് ജല അതോറിറ്റി സംവിധാനം ഒരുക്കി.

## നാം അതിജീവിക്കും

നിസ്വാർഥതയുടെ വലിയ മാതൃകകളാണ് പ്രളയദിനങ്ങൾ മുതലിങ്ങോട്ട് കേരളം കാഴ്ചവച്ചത്. അതിലെല്ലാം വിശ്വാസമർപ്പിച്ചുകൊണ്ട് നിസ്സംശയം പറയട്ടെ: നാം അതിജീവിക്കും. നഷ്ടപ്പെട്ടതെല്ലാം ഒറ്റ ദിവസംകൊണ്ടു തിരിച്ചുപിടിക്കുകയാവില്ല. നഷ്ടങ്ങളുടെ പ്രളയത്തിലൂടെ സാവധാനം നീന്തി അതിജീവനത്തിന്റെ തീരത്തണയുകയാകും കേരളം ചെയ്യുക.

# പുതുചരിത്രം രചിച്ച മത്സ്യത്തൊഴിലാളികൾ



**ജെ. മേഴ്സിക്കുട്ടി അമ്മ**
ഫിഷറീസ് മന്ത്രി

**പ്രളയത്തിന്റെ കൈകളിൽ നിന്ന് 65,000 മലയാളികളുടെ ജീവനെ പുതുതുരുത്തുകളിൽ എത്തിക്കാൻ മത്സ്യത്തൊഴിലാളികൾക്കായി.**

പ്രകൃതിയുമായുള്ള രമ്യതയിൽ സന്തോഷം ചാലിച്ച ജീവിതമാണ് മലയാളിയുടേത്. ലോകത്തിന്റെ പല ഭാഗങ്ങളിലും മഴ തിമിർത്തുപെയ്ത് ദുരിതങ്ങൾ സൃഷ്ടിക്കുമ്പോഴും കൊടും വേനലിൽ വരണ്ട് ഉണങ്ങുമ്പോഴും അത്തരം പ്രകൃതിദുരന്തങ്ങൾ ദൈവത്തിന്റെ നാടിന് അന്യമാണെന്നായിരുന്നു നമ്മുടെയെല്ലാം ചിന്താഗതി. അത്തരം ചിന്തകൾക്കും പ്രതീക്ഷകൾക്കും മുകളിലായി ഒരു ദുരന്തമുഖം സൃഷ്ടിക്കുവാൻ കേരളത്തിൽ തിമിർത്തുപെയ്ത മഴയ്ക്കു കഴിഞ്ഞു.

12 ബി.സി.എം മഴയാണ് കേരളത്തിൽ പെയ്തത്. സംസ്ഥാനത്തെ എല്ലാ അണക്കെട്ടുകളുടെയും കൂടി സംഭരണ ശേഷി 5.8 ബി.സി.എം. ഇതിന്റെ നല്ലൊരു ശതമാനം ജൂലൈയിൽ പെയ്ത മഴയിൽനിന്നു തന്നെ അണക്കെട്ടുകളിൽ എത്തിയിരുന്നു. അണക്കെട്ടുകളിൽ പുതുതായി എത്തിയത് 2.91 ബി.സി.എം ജലം. 12 ബി.സി.എം ജലവും അണക്കെട്ടുകളിൽ സംഭരിക്കാനാവില്ല. ജലം തുറന്നു വിടുകയായിരുന്നു ഏക മാർഗം. സംഭരണശേഷിക്ക് ഉപരിയായ ജലം നമുക്കെല്ലാം ദുരന്തങ്ങൾ വിതയ്ക്കുകയായിരുന്നു.

പ്രളയ ദിനങ്ങളിൽ പത്ത് ലക്ഷത്തിലധികം ആളുകളെ ദുരിതാശ്വാസക്യാമ്പുകളിൽ എത്തിച്ചു. ധാരാളം വീടുകൾ ഇടിഞ്ഞുവീഴുകയും വെള്ളത്താൽ മുങ്ങി പോകുകയും ചെയ്തു. വാഹനങ്ങൾ നദികളിലൂടെ ഒഴുകി. ദുരന്ത തീവ്രത വെളിവാക്കുന്ന സംഭവങ്ങളായിരുന്നു അവയെല്ലാം.

ഉരുൾപൊട്ടലിൽ വിവിധ സ്ഥലങ്ങൾ ഒറ്റപ്പെടുകയുണ്ടായി. അപകടങ്ങൾ ഒഴിവാക്കാൻ വൈദ്യുതി ഓഫാക്കിയത് ദുരിതങ്ങൾ വർദ്ധിപ്പിച്ചു. റോഡ്- ട്രെയിൻ ഗതാഗതം സ്തംഭിച്ചു. ഒറ്റപ്പെട്ടവർക്ക് മറ്റുള്ളവരെ ബന്ധപ്പെടാൻ കഴിയാതെയായി. ഒരു കുടുംബത്തിലെ ആളുകൾ പല ക്യാമ്പുകളിലായി. പരസ്പരം കാണാനും കേൾക്കാനും കഴിയാത്ത അവസ്ഥ. കണാതായ കുടുംബങ്ങളെ ഓർത്തുള്ള ഭയവും ദു:ഖവും മലയാളികളുടെ മനസ്സിൽ വിചിത്രമായ പേടിസ്വപ്നങ്ങൾ തീർത്തു.

പ്രകൃതി മഴയുടെ രൂപത്തിൽ മലയാളികളുടെ ജീവിത താളക്രമം തെറ്റിച്ചപ്പോൾ അവന്റെ മനസ്സ് അല്പനേരത്തേക്കെങ്കിലും പതറി. തൊട്ടടുത്ത നിമിഷം ദുരന്തങ്ങളിൽ നിവർന്നുനിന്ന് പൊരുതാനുള്ള മലയാളികളുടെ മനസ്സാന്നിധ്യം



ഉണരുകയായി. അത് ഉന്നതമായ ജീവൻ രക്ഷാദൗത്യമെന്ന രീതിയിൽ ലോകത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റി.

ആദ്യഘട്ടത്തിൽ പൊതുജനങ്ങൾ നേരിട്ടിറങ്ങി രക്ഷാപ്രവർത്തനം തുടങ്ങി. താമസം കൂടാതെ ഉദ്യോഗസ്ഥരും എത്തി. ആർമിയും നേവിയും പോലീസും റവന്യൂ-ഫിഷറീസ് ഉദ്യോഗസ്ഥരും രക്ഷാപ്രവർത്തനം ആരംഭിച്ചു.

പത്തനംതിട്ട ജില്ലയിൽ ജലം ക്രമാതീതമായി ഉയരുന്നതായി റിപ്പോർട്ടുകൾ വന്നു. മത്സ്യത്തൊഴിലാളികളെ രംഗത്തിറക്കിയാൽ രക്ഷാപ്രവർത്തനം ഫലപ്രദമാകില്ലേ എന്ന തോന്നൽ മനസ്സിലുദിച്ചു. മുഖ്യമന്ത്രിയുമായി ചർച്ച ചെയ്തു. മുന്നോട്ടുപോകാൻ തീരുമാനിച്ചു.

## വാടി കടപ്പുറത്തു തുടക്കം

കൊല്ലം ജില്ലയിലെ വാടി കേന്ദ്രമാക്കി മത്സ്യത്തൊഴിലാളികളെ സംഘടിപ്പിക്കാൻ ശ്രമം ആരംഭിച്ചു. കടലിൽ പോയവരെ തിരിച്ചുവിളിച്ചു. വീടുകളിൽ ഉറങ്ങിയവരെ വിളിച്ചുണർത്തി. മൈക്ക് അനൗൺസ്മെന്റിലൂടെ തൊഴിലാളികൾ ഒത്തുകൂടാൻ ആഹ്വാനം ചെയ്തു. റോഡിലൂടെ പോയ ലോറികൾ



വാടി കടപ്പുറത്തെത്തിച്ചു. മത്സ്യത്തൊഴിലാളികൾ തോളിലേറ്റിയ വള്ളങ്ങൾ ലോറികൾ അട്ടികളായി ഇറക്കി വച്ചു. രാത്രി രണ്ട് മണിയോടു കൂടി ലോറികൾ രക്ഷാപ്രവർത്തനകേന്ദ്രങ്ങളിലേക്കു നീങ്ങി.

വാടിയിൽ ആരംഭിച്ച പ്രവർത്തനം നീണ്ടകരയിലേക്കും മറ്റ് ജില്ലകളിലെ തൊഴിലാളി കേന്ദ്രങ്ങളിലേക്കും വ്യാപിച്ചു. പിന്നീട് ഉണ്ടായതെല്ലാം ചരിത്രം.

4537 മത്സ്യത്തൊഴിലാളികൾ രക്ഷാപ്രവർത്തനത്തിനായി വന്നെത്തി. 699 യാനങ്ങൾ അവർക്കായി സജ്ജമാക്കി. സന്നദ്ധസംഘടനകളുടെ നേതൃത്വത്തിൽ 259 യാനങ്ങൾ കൂടി രക്ഷാപ്രവർത്തനത്തിനെത്തി. ചരിത്രം കണ്ട ഏറ്റവും വലിയ രക്ഷാപ്രവർത്തനത്തിന് കേരളം സാക്ഷിയായി. പ്രളയത്തിന്റെ കൈകളിൽ നിന്ന് 65,000 മലയാളികളുടെ ജീവനെ പുതുതുരുത്തുകളിൽ എത്തിക്കാൻ മത്സ്യത്തൊഴിലാളികൾക്കായി.

വഴിയും തോടും മതിലും തിരിച്ചറിയാതെ ഒഴുകിയ ജലത്തിന് മുകളിൽ മത്സ്യത്തൊഴിലാളി നീട്ടിയ കരങ്ങൾ ആശ്വാസത്തിന്റെയും പ്രതീക്ഷയുടെയും പുതിയ മേഖലകൾ സൃഷ്ടിച്ചു. പതിനായിരങ്ങൾ മരിക്കും എന്നു പറഞ്ഞ സ്ഥലത്ത് മരണത്തിന്റെ സൂചിക താഴോട്ടാക്കാൻ അവർക്കായി.

രക്ഷാപ്രവർത്തനത്തിനെത്തിയ 669 യാനങ്ങളിൽ ഏഴെണ്ണം പൂർണമായും നശിച്ചു. 452 എണ്ണത്തിന് കേടുപാടുകൾ പറ്റി. മത്സ്യഫെഡിന്റെ നേതൃത്വത്തിൽ കേടുപാടുകൾ പറ്റിയ യാനങ്ങൾ നന്നാക്കി തിരിച്ചു നൽകി. പൂർണമായും നശിച്ച ഏഴ് യാനങ്ങൾക്കു പകരം പുതിയ യാനങ്ങൾ വാങ്ങിനൽകാൻ തീരുമാനിച്ചു. ഇതിനായി 275 ലക്ഷം രൂപ സർക്കാർ അനുവദിച്ചു.

രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട യാനങ്ങൾക്ക് പെട്രോൾ, ഡീസൽ, മണ്ണെണ്ണ, ഓയിൽ എന്നിവ സർക്കാർ തന്നെ നൽകി. ആവശ്യത്തിനുള്ള ലൈഫ് ജാക്കറ്റുകൾ വിവിധ സ്ഥലങ്ങളിൽ വിതരണം ചെയ്തു. 50 ലക്ഷം രൂപ ഇതിനായി അനുവദിച്ചു.

സഹോദരങ്ങളുടെ ജീവൻ രക്ഷിച്ച ശ്രമത്തിന് പാരിതോഷികം വേണ്ട എന്ന് മത്സ്യത്തൊഴിലാളികൾ പറഞ്ഞത് മറ്റൊരു ചരിത്രമായി.

നവകേരള നിർമിതിക്കായി കേരളം ശ്രമമാരംഭിച്ചു. പുനർനിർമാണ പ്രവർത്തനങ്ങൾക്കായി മുപ്പതിനായിരം കോടി രൂപയെങ്കിലും വേണ്ടിവരും. പ്രളയം കേരളത്തിന് ദുരിതങ്ങൾ മാത്രമല്ല സമ്മാനിച്ചത്. കേരള പുന:സൃഷ്ടിക്കുള്ള അവസരമാണ്. നഷ്ടക്കണക്കുകൾ പുസ്തകത്താളുകളിൽ ഉറങ്ങുമ്പോഴും പരിതപിക്കാതെ ഉയരാനുള്ള അവസരമായി അതിനെ കാണണം. ഭാവി ആവശ്യങ്ങളെ മുൻനിർത്തി ആസൂത്രണമികവിന്റെ പുതിയ മാനങ്ങൾ നമുക്ക് സൃഷ്ടിക്കാം. അതിനായി നമുക്ക് കൈകോർക്കാം.

# അവസരത്തിനൊത്തുയർന്ന് തദ്ദേശഭരണസ്ഥാപനങ്ങൾ



**എ.സി.മൊയ്തീൻ**
തദ്ദേശസ്വയംഭരണ മന്ത്രി

**അവസരത്തിനൊത്ത് ഉയരാനും ദുരന്തനിവാരണ, ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നിർണായകപങ്ക് വഹിക്കാനും പ്രാദേശികസർക്കാരുകൾക്ക് കഴിഞ്ഞു.**

കേരളം 'നൂറ്റാണ്ടിലെ മഹാപ്രളയ'ത്തിന്റെ കടുത്ത ആഘാതത്തിൽ നിന്ന് കരകയറാനുള്ള ശ്രമത്തിലാണ്. ഉത്തരേന്ത്യയിലെയും വടക്കുകിഴക്കൻ നാടുകളിലെയും പ്രകൃതിദുരന്തങ്ങളെ കുറിച്ച് കേട്ടറിവ് മാത്രമുണ്ടായിരുന്ന ശരാശരി മലയാളിക്ക് ഈ ദുരന്തമുണ്ടാക്കിയ ഞെട്ടൽ ഇനിയും മാറിയിട്ടില്ല. കേരളത്തിലെ ബഹുഭൂരിപക്ഷം പേരെയും ഈ കാലവർഷക്കെടുതി ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ നേരിട്ടു ബാധിച്ചു. സർക്കാർ ശരവേഗത്തിൽ പ്രവർത്തനസജ്ജമായി.

ദുരന്തത്തിന്റെ നാളുകൾ ലോകത്തിന്റെ ആദരവ് പിടിച്ചു പറ്റിയ രക്ഷാപ്രവർത്തനത്തിനും സാക്ഷിയായി. മുഖ്യമന്ത്രി പിണറായി വിജയന്റെ ധീരമായ നേതൃത്വത്തിൽ സംസ്ഥാന സർക്കാരിന്റെ സംവിധാനങ്ങൾ ശരവേഗത്തിൽ പ്രവർത്തനസജ്ജമാവുന്നത് നമ്മൾ കണ്ടു. മരണത്തെ മുഖാമുഖം കണ്ടവരെയും പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ടവരെയും സഹായിക്കാൻ കേരളം ഉണർന്നു. മണിക്കൂറുകൾ കൊണ്ട് നൂറുകണക്കിന് ദുരിതാശ്വാസ ക്യാമ്പുകൾ ഒരുങ്ങി. നാടിന്റെ മുക്കിലും മൂലയിലും നിന്ന് ഈ ക്യാമ്പുകളിലേക്ക് സഹായങ്ങൾ ഒഴുകി. വ്യത്യസ്ത മത, രാഷ്ട്രീയ കാഴ്ചപ്പാടുകൾ വച്ചുപുലർത്തുന്ന ആയിരക്കണക്കിന് സന്നദ്ധപ്രവർത്തകർ എല്ലാ ഭിന്നതകളും മറന്ന് കർമനിരതരായി. അവരോട് സഹകരിച്ചും അതിന് സമാന്തരമായും സാധാരണക്കാരും രംഗത്തിറങ്ങി. സാഹസികരും ത്യാഗധനരുമായ മത്സ്യത്തൊഴിലാളികൾ സ്വന്തം ജീവൻ പണയം വച്ച്, മരണമുഖത്ത് അകപ്പെട്ടു പോയവരെ രക്ഷപെടുത്തി ക്യാമ്പുകളിൽ എത്തിച്ചു. രാഷ്ട്രീയ, സാമൂഹികപ്രവർത്തനത്തിൽനിന്ന് പൊതുവിൽ അകലം പാലിച്ചു പോന്ന ആയിരക്കണക്കിനു ചെറുപ്പക്കാർ, ആരുടെയും ആഹ്വാനത്തിനു കാത്തുനിൽക്കാതെ, സ്വന്തം മനസ്സാക്ഷിയുടെ ആജ്ഞകൾ ഏറ്റെടുത്ത് ഊണും ഉറക്കവുമില്ലാതെ പ്രവർത്തിച്ചു. കേരളത്തിന്റെ ഭാവി തങ്ങളുടെ കൈകളിൽ ഭദ്രമാണെന്ന് ഇവരടക്കമുള്ള നമ്മുടെ ഇളംതലമുറ തെളിയിച്ചു. ലോകത്തിലെ ഒരു ദുരന്തമുഖത്തും ഇതുപോലെ സമ്പൂർണമായ ഉണർവും ജനകീയ ഐക്യവും കണ്ടിട്ടില്ലെന്ന് ദുരന്തനിവാരണ വിദഗ്ധരും രാജ്യാന്തര അനുഭവമുള്ള സന്നദ്ധ പ്രവർത്തകരും സാക്ഷ്യപ്പെടുത്തുന്നു. 7,000 ൽ അധികം കേന്ദ്ര സൈനികരും 40,000 – ത്തോളം പൊലീസുകാരും 3,000 ൽ അധികം ഫയർഫോഴ്സ് ജീവനക്കാരും റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളിലെ ഉദ്യോഗസ്ഥരും മറ്റു വകുപ്പുകളിലെ ആളുകളും അതിന്റെ എത്രയോ ഇരട്ടി വരുന്ന പൊതുജനങ്ങളും ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ എല്ലാം മറന്ന് കൈകോർത്തു. പതിനായിരങ്ങളുടെ ജീവൻ രക്ഷിച്ച മത്സ്യത്തൊഴിലാളികൾ കേരളത്തിന്റെ വീരനായകൻമാരായി. 'കേരളത്തിന്റെ സൈന്യം' എന്നാണ് മുഖ്യമന്ത്രി അവരെ വിശേഷിപ്പിച്ചത്.

ആഗസ്റ്റ് ഒൻപതിന് ആരംഭിച്ച സെക്രട്ടേറിയറ്റിലെ കൺട്രോൾ റൂം ദിവസത്തിൽ 24 മണിക്കൂറും വിരാമമില്ലാതെ പ്രവർത്തിച്ചാണ് ദുരന്തനിവാരണ ദൗത്യത്തെ സംസ്ഥാന തലത്തിൽ ഏകോപിപ്പിച്ചത്. മന്ത്രിമാർക്ക് ജില്ലകളുടെ വിശേഷചുമതല നൽകിയ മുഖ്യമന്ത്രി പിണറായി വിജയൻ, കടലറിയുന്ന കപ്പിത്താനെപ്പോലെ, പ്രളയത്തിന്റെ നാളുകളിൽ കേരളത്തെ നയിച്ചു. ജില്ലാകളക്ടർമാരുടെ



നേതൃത്വത്തിൽ ജില്ലാകേന്ദ്രങ്ങളിലും കൺട്രോൾ റൂമുകൾ സജീവമായതോടെ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് വ്യക്തമായ ദിശാബോധവും മികച്ച ഏകോപനവും കൈവന്നു. ഐ.പി.എസ് ഉദ്യോഗസ്ഥരെ ജില്ലാതലത്തിൽ പ്രത്യേക ചുമതല നൽകി നിയോഗിച്ചു. മുഖ്യമന്ത്രി തന്നെ ഓരോ ദിവസവും കാലത്തും വൈകിട്ടും സ്ഥിതിഗതികൾ നേരിട്ട് വിലയിരുത്തി, ആവശ്യമായ നിർദേശങ്ങൾ നൽകി. 21ന് ചേർന്ന സർവകക്ഷിയോഗം എല്ലാ ഭിന്നതകളും മറന്ന് ദുരന്തത്തിനെതിരെ കേരളം ഒരുമിച്ചു നിൽക്കുകയാണെന്ന് വ്യക്ത മായി പ്രഖ്യാപിച്ചു. കേരള ജനതയുടെ വികാരം പങ്കുവയ്ക്കുക മാത്രമാണ് സംസ്ഥാനത്തെ രാഷ്ട്രീയപാർട്ടികൾ ചെയ്തത്. ഈ ഒരുമയാണ് നൂറ്റാണ്ടിന്റെ മഹാപ്രളയത്തിനു മുന്നിൽ പിടിച്ചു നിൽക്കാൻ നമുക്ക് കരുത്തായത്. (അപൂർവം ചില കോണുകളിൽ നിന്ന് മുതലെടുപ്പിനു വേണ്ടിയുള്ള അപശബ്ദങ്ങൾ ഉയർന്നെങ്കിലും, സമൂഹം അതിനെ അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളഞ്ഞു). ദുരിതാശ്വാസ ക്യാമ്പുകൾ ദുരിതബാധിതരോടുള്ള കരുതലിന്റെ കേന്ദ്രങ്ങളായി മാറി. ദുരിതത്തിൽ താറുമാറായ വീടുകൾ ചെളിയും മാലിന്യങ്ങളും നീക്കി വാസയോഗ്യമാക്കുന്നതിലും ഈ ഐക്യവും ആത്മാർ ത്ഥതയും പ്രകടമായി. തകർന്നുപോയ വൈദ്യുതി ബന്ധവും കുടിവെള്ള വിതരണശൃംഖലകളും പുന:സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടന്നു. ദുരന്തമേഖലകളിൽ പകർച്ചവ്യാധികൾ തടയുന്നതിനുള്ള വ്യാപകമായ മുൻകരുതൽ നടപടികൾ ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിൽ നടന്നു. ജീവനോപാധികൾ നഷ്ടപ്പെട്ടു പോയവർക്ക് അടിയന്തരപ്രാധാന്യത്തോടെ നഷ്ടപരിഹാരം എത്തിച്ച് അവരെ സാധാരണ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരാൻ സർക്കാരും സർക്കാരിതര കൂട്ടായ്മകളും പൊതുജനങ്ങളും കൈകോർത്തു.



40,000 കോടിയോളം രൂപയുടെ നഷ്ടമാണ് ഈ പ്രളയം സംസ്ഥാനത്തിനു വരുത്തിവച്ചത്. ഈ ദുരന്തത്തെ കേരളം നേരിട്ട രീതി സമാനതകളില്ലാത്തതാണ്. മരണത്തിന്റെ മുനമ്പിൽ നിന്ന് ആളുകളെ രക്ഷപെടുത്തി ക്യാമ്പുകളിൽ എത്തിക്കുന്നതിലും ക്യാമ്പുകളിൽ അവശ്യവസ്തുക്കളും മരുന്നുകളും എത്തിക്കുന്നതിലും സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നതിലും മാത്രമല്ല, തുടർന്നുള്ള പ്രവർത്തനങ്ങളിലും ഈ നാടിന്റെ ഐക്യവും കരുത്തും പ്രകടമായി. അഞ്ച് ലക്ഷത്തിലധികം കുടുംബങ്ങൾക്ക് 10,000 രൂപ വീതം അടിയന്തര സഹായമായി നൽകി. ഈ സഹായം സ്വീകരിച്ചവരിൽ തിരിച്ചറിയൽ രേഖകൾ നഷ്ടപ്പെട്ടുപോയവരും ഉൾപ്പെടും. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ മാത്രം രേഖയായി സ്വീകരിച്ചാണ് ഇവർക്ക് സഹായധനം വിതരണം ചെയ്തത്. ദുരിതബാധിതർക്ക് സഹായം എത്തിക്കുന്നതിൽ നടപടിക്രമങ്ങളുടെയും കീഴ്വഴക്ക ങ്ങളുടെയും പേരിൽ കാലതാമസം പാടില്ലെന്ന് സർക്കാർ പ്രത്യേകം നിഷ്ക്കർഷിച്ചു. ദുരിത ബാധിതമേഖലകളിൽ അവശ്യവസ്തുക്കളടങ്ങിയ കിറ്റുകൾ വിതരണം ചെയ്തു.

## തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വെല്ലുവിളിയുടെ നാളുകൾ

പ്രളയകാലം കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വെല്ലുവിളിയുടെ നാളുകളായിരുന്നു. അവസരത്തിനൊത്ത് ഉയരാനും ദുരന്തനിവാരണ, ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നിർണായക പങ്ക് വഹിക്കാനും പ്രാദേശികസർക്കാരുകൾക്ക് കഴിഞ്ഞു. തദ്ദേശസ്വയംഭരണ വകുപ്പ് സംസ്ഥാന, ജില്ലാ തലങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും കൺട്രോൾ റൂമുകൾ തുറന്ന് ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. ദുരിതബാധിത മേഖലകളിലേക്കുള്ള ദുരിതാശ്വാസ സാധനങ്ങൾ ശേഖരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുറന്ന കളക്ഷൻ സെന്ററുകൾ ദിവസങ്ങൾക്കകം കോടിക്കണക്കിന് രൂപയുടെ സാധനങ്ങളാണ് ശേഖരിച്ചത്. ക്യാമ്പുകൾ തുറക്കുന്നതിലും മികച്ചരീതിയിൽ നടത്തുന്നതിലും ഗ്രാമപഞ്ചായത്തുകൾ അടക്കമുള്ള തദ്ദേശ സ്ഥാപനങ്ങൾ പ്രധാനപങ്കു വഹിച്ചു. ഇതിനാവശ്യമായ ഉത്തരവുകളും നിർദേശങ്ങളും യഥാസമയം ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിന് കഴിഞ്ഞു. പ്രളയബാധിത മേഖലകളിൽ ശുചീകരണ സാമഗ്രികളും മറ്റും ലഭ്യമാക്കുന്നതിന് തദ്ദേശസ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്ന് തുക ചെലവഴിക്കാൻ സർക്കാർ അടിയന്തര അനുമതി നൽകുകയുണ്ടായി.

## തൊഴിലുറപ്പുസംവിധാനവും കാർഷിക കർമസേനകളും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആവശ്യമുള്ള

സ്ഥലങ്ങളിൽ, വാർഡ് തലത്തിലും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്നദ്ധപ്രവർത്തകരും അടങ്ങുന്ന സംഘങ്ങൾ നടത്തിയ ശുചീകരണ പ്രവർത്തനങ്ങൾ മാതൃകയായി. സന്നദ്ധ-സാമൂഹിക സംഘടനകളുടെയും രാഷ്ട്രീയപ്പാർട്ടികളുടെയും വിദ്യാർഥി -യുവജന സംഘടനകളുടെയും പ്രവർത്തകരും കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികളും ഇത്തരം സന്നദ്ധസംഘങ്ങളുടെ ഭാഗമായി. ഈ സ്ക്വാഡുകൾക്കു വേണ്ട മൺവെട്ടി, തൂമ്പ, മണ്ണുകോരി, ചട്ടി, വാക്കത്തി, ബക്കറ്റ് മുതലായ ഉപകരണങ്ങളും മറ്റ് ശുചീകരണ സാമഗ്രികളും എത്തിച്ചു കൊടുക്കാൻ തൊഴിലുറപ്പു സംവിധാനവും കാർഷിക കർമസേനകളും ഉണർന്നു പ്രവർത്തിച്ചു. ആവശ്യത്തിന് ശുചീകരണ സാമഗ്രികൾ സംഘടിപ്പിക്കാൻ പ്രയാസം നേരിട്ട സ്ഥലങ്ങളിൽ അവ വാടകയ്ക്കോ വിലയ്ക്കോ വാങ്ങി ആവശ്യമുള്ള സ്ഥലങ്ങളിൽ എത്തിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകി. ബ്ലീച്ചിങ്ങ് പൗഡർ മുതലായവ ആരോഗ്യകേന്ദ്രങ്ങളിൽ നിന്ന് ലഭ്യമാക്കി. വ്യക്തികളുടെ വീടുകൾ ശുചീകരിച്ചു കൊടുക്കുന്നതിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രധാന പങ്കുവഹിച്ചു. കുടുംബശ്രീ, യുവജന സംഘടനകൾ, സന്നദ്ധ സംഘടനകൾ, മറ്റ് സാമൂഹ്യ സംഘടനകൾ എന്നിവയുടെ നിസ്വാർഥരായ പ്രവർത്തകരെ ഒരു കുടക്കീഴിൽ കൊണ്ടുവരാനും ജില്ലകൾക്ക് അപ്പുറത്തുനിന്നുപോലും പ്രളയബാധിത മേഖലകളിലേക്ക് സന്നദ്ധസ്ക്വാഡുകളെ അയയ്ക്കാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു. ചളിയും മാലിന്യങ്ങളും അടിഞ്ഞുകൂടി താറുമാറായ ഏഴ് ലക്ഷത്തോളം വീടുകൾ ശുചീകരിച്ചു. മൂന്നു ലക്ഷത്തിലധികം കിണറുകളും വൃത്തിയാക്കി. ശുചിയാക്കിയ കിണറുകളിലെ വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് ആവശ്യമായ നടപടികളും സർക്കാർ സ്വീകരിച്ചു. ശുദ്ധജല സ്രോതസ്സുകൾ മുഴുവൻ മലിനമായതോടെ, സമാനതകളില്ലാത്ത കുടിവെള്ള ക്ഷാമമാണ് ദുരന്തമേഖലകളിലെ ജനങ്ങൾക്ക് അഭിമുഖീകരിക്കേണ്ടി വന്നത്. ഈ മേഖലകളിലും ദുരിതാശ്വാസ ക്യാമ്പുകളിലും ശുദ്ധജലമെത്തിക്കുന്നതിന് ജല അതോറിറ്റിയും തദ്ദേശഭരണ സ്ഥാപനങ്ങളും കൈകോർത്തു. നിലവിലെ കുടിവെള്ള കിയോസ്കുകൾ വൃത്തിയാക്കി ഉപയോഗയോഗ്യമാക്കാനും പുതിയവ സ്ഥാപിക്കേണ്ടതിന് ആവശ്യമെങ്കിൽ വാട്ടർടാങ്കുകൾ വാങ്ങാനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകി. അടിയന്തര സാഹചര്യം നേരിടുന്നതിന് ചെറിയ വാഹനങ്ങളിലും വെള്ളക്കെട്ട് മാറാതെ നിന്ന പ്രദേശങ്ങളിൽ വള്ളങ്ങളിലും കുടിവെള്ളമെത്തിച്ചു.

ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നവർക്ക് ഗംബൂട്ടുകൾ, ഷൂസുകൾ എന്നിവയും ബ്ലീച്ചിങ്ങ് പൗഡർ മുതലായവും ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിച്ചു. അവശരായവരെ സഹായിക്കാൻ ആംബുലൻസ് സൗകര്യം ഏർപ്പെടുത്തി. കേടുപാടുകൾ സംഭവിച്ച വീടുകൾ വാസയോഗ്യമാക്കുന്നതിലും സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ പുന:സ്ഥാപിക്കുന്നതിലും ഇലക്ട്രീഷ്യൻമാർ, പ്ലംബർമാർ മുതലായവരുടെ സേവനവും ലഭ്യമാക്കി. സർക്കാരിന്റെ പ്രത്യേക അനുമതിക്ക് കാത്തു നിൽക്കാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകാനും സർക്കാർ അനുമതി നൽകി.

പ്രളയബാധിത പ്രദേശങ്ങളിലെ തുണികൾ, ഇ- മാലിന്യങ്ങൾ, മറ്റ് അജൈവ മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യാനും ശാസ്ത്രീയമായി സംസ്കരിക്കാനും അത്യാവശ്യം വേണ്ടുന്ന തുക ചെലവു ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകി. ശുചിത്വമിഷനും ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി സഹകരിച്ച്, ആവശ്യമെങ്കിൽ അംഗീകൃത ഏജൻസികളുടെ കൂടി സഹായത്തോടെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയ പ്രവർത്തനങ്ങൾ എതാനും ആഴ്ചകൾ കൊണ്ട് പ്രളയ മാലിന്യങ്ങൾ നീക്കി കേരളത്തെ വെടിപ്പാക്കി. പ്രളയമേഖലകളിൽ നിന്ന് ശേഖരിച്ച 4200 ടണ്ണിലധികം ജൈവമാലിന്യങ്ങൾ ഏറെക്കുറെ പൂർണമായും ഇതിനകം സംസ്കരിച്ചു. കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിത കർമസേനകൾ മുതലായവയുടെ സഹായത്തോടെ ജൈവ മാലിന്യങ്ങളും അജൈവമാലിന്യങ്ങളും തരം തിരിച്ച് ശേഖരിക്കുന്നതിലും ജൈവമാലിന്യങ്ങൾ ഉടനടി നിർമാർജനം ചെയ്യുന്നതോടൊപ്പം, അജൈവമാലിന്യങ്ങൾ തരംതിരിച്ച് സുരക്ഷിതമായി വയ്ക്കുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കഴിവും കാര്യശേഷിയും പ്രകടമായി. 4300 ടണ്ണിലധികം അജൈവ മാലിന്യങ്ങൾ ശേഖരിച്ചത് ഘട്ടംഘട്ടമായി സംസ്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. പ്രളയമേഖലകളിൽ നിന്ന് ശേഖരിച്ച മെത്തകൾ, പ്ലാസ്റ്റിക് വസ്തുക്കൾ, ഇ-മാലിന്യങ്ങൾ മുതലായവ നീക്കം ചെയ്ത് സംസ്കരിക്കുന്നതിന് ആവശ്യമായ നടപടികൾ ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

### ക്ലീൻ കേരള മിഷൻ

ചത്തുകിടക്കുന്ന പക്ഷിമൃഗാദികളെ അണുമുക്തമായി സംസ്കരിക്കാൻ ആരോഗ്യ, മൃഗസംരക്ഷണ വകുപ്പുകളും ക്ലീൻ കേരള മിഷനുമായി ചേർന്ന് നടപടി സ്വീകരിച്ചു. അംഗൻവാടികളിലും സ്കൂളുകളിലും സൂക്ഷിച്ച ഉപയോഗ ശൂന്യമായ ഭക്ഷ്യവസ്തുക്കൾ ഭദ്രമായ സ്ഥലങ്ങളിൽ കുഴിച്ചുമൂടി സുരക്ഷിതമായി നശിപ്പിച്ചു. ബാക്കിയുള്ളവ ഭക്ഷ്യസുരക്ഷാവകുപ്പിന്റെ സഹായത്തോടെ, പരിശോധിച്ച് ഗുണമേന്മ ഉറപ്പു വരുത്തി. 'പ്രളയത്തെ തുടർന്ന് പകർച്ചവ്യാധി' എന്നതാണ് മഹാപ്രളയങ്ങൾ ഉണ്ടായ മിക്ക നാടുകളുടെയും അനുഭവം. അഭിമാനകരമെന്ന് പറയട്ടെ, കേരളത്തിൽ അതുണ്ടായില്ലെന്ന് മാത്രമല്ല, പകർച്ചപ്പനികൾ അടക്കമുള്ള വ്യാധികൾ മുൻവർഷങ്ങളെ അപേക്ഷിച്ച് കുറയ്ക്കാനും നമുക്കായി.

പ്രളയത്തിനു ശേഷമുള്ള സാഹചര്യം പരിശോധിച്ച് വികസന പ്രോജക്റ്റുകളിൽ ഉചിതമായ ഭേദഗതികൾ വരുത്താൻ സംസ്ഥാന സർക്കാർ നൽകിയ അനുമതി അഭിനന്ദനാർഹമായ വിധത്തിൽ പ്രയോജനപ്പെടുത്താൻ പ്രാദേശിക സർക്കാരുകൾക്ക് കഴിഞ്ഞു. അത്യാവശ്യമില്ലാത്തതും മാറ്റിവയ്ക്കാവുന്നതുമായ പ്രോജക്റ്റുകളുടെ തുക പുതിയ പ്രോജക്റ്റുകൾക്ക് വകമാറ്റി പ്രളയത്തിൽ തകർന്ന ആസ്തികളുടെ പുനർനിർമാണത്തിനും നാശം നേരിട്ടവയുടെ പുനരുദ്ധാരണത്തിനുമായി വിനിയോഗിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്. പ്രളയത്തിൽ തകർന്നു പോയ പമ്പയുടെ പുനർനിർമാണത്തിനും സർക്കാർ അടിയന്തര നടപടികൾ സ്വീകരിച്ചു. പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ട കുട്ടികൾക്ക് പുതിയ പുസ്തകങ്ങളും പഠനോപകരണങ്ങളും വിതരണം ചെയ്തു. വെള്ളം കയറി വീട്ടുസാധനങ്ങൾ നഷ്ടപ്പെട്ടവർക്ക് കുടുംബശ്രീ വഴി ഒരു ലക്ഷം രൂപ വീതം പലിശ രഹിത വായ്പ ലഭ്യമാക്കാനും സർക്കാർ നടപടി സ്വീകരിച്ചു.

പ്രളയത്തിൽ തകർന്ന കേരളത്തിന്റെ പുനർനിർമാണമാണ് ഇനി നമുക്ക് മുന്നിലുള്ളത്. പ്രളയത്തിൽ തകർന്ന ആശുപത്രികളും സ്കൂളുകളും അടക്കമുള്ള സ്ഥാപനങ്ങളും വീടുകളും പുനർനിർമിക്കാൻ തയ്യാറായി വിവിധ ഏജൻസികളും സ്ഥാപനങ്ങളും വ്യക്തികളും മുന്നോട്ടു വരുന്നത് പ്രചോദനാത്മകമാണ്. ഇതിനുള്ള നിർദേശങ്ങൾ ഏകോപിപ്പിച്ച് ആസൂത്രണ വകുപ്പ് തയ്യാറാക്കിയ വെബ് പോർട്ടൽ വഴി സഹായങ്ങൾ ആവശ്യമുള്ളവരുടെ വിവരങ്ങൾ സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. സഹായം നൽകാൻ തയ്യാറുള്ളവർ ആ വിവരം സർക്കാരിനെ അറിയിക്കാനും ഈ പോർട്ടൽ ഉപയോഗപ്പെടുത്തുന്നുണ്ട്.

## പുനരധിവാസത്തിനു പ്രത്യേക പ്രോജക്ടുകൾ

വീടുകൾക്കുണ്ടായ നാശനഷ്ടങ്ങൾ പരിശോധിച്ച് നഷ്ടം കണക്കാക്കാൻ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ സ്ഥിരം എൻജിനീയർമാരുടെയും ഓവർസീയർമാരുടെയും സേവനം മതിയാകാതെ വരുന്ന സാഹചര്യത്തിൽ 30 ദിവസത്തേക്കു വരെ എൻജിനീയർമാരെ താത്കാലി കാടിസ്ഥാനത്തിൽ നിയമിക്കാൻ സർക്കാർ അനുമതി നൽകുകയുണ്ടായി.

പ്രളയത്തിൽ വീടുകൾ വാസയോഗ്യമല്ലാതായി തീർന്നവരെ പുനരധിവസിപ്പിക്കാനും അവർക്ക് പുതിയ വീടുകൾ അനുവദിക്കാനും ബാക്കിയുള്ളവരെ സർക്കാർ ഭൂമിയോ പുറമ്പോക്കു ഭൂമിയോ കണ്ടെത്തി ഭൂമിയും വീടും നൽകാനും ആവശ്യമുള്ള സ്ഥലങ്ങളിൽ അവർക്കുവേണ്ടി ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമിക്കാനുമുള്ള നടപടികൾക്ക് തുടക്കം കുറിക്കാൻ ജില്ലാ കളക്ടർമാർക്ക് സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. പ്രളയത്തിൽ വീടുകൾ പൂർണമായി തകർന്നവർക്ക് പ്രത്യേക പരിഗണന നൽകി വീട് നിർമിച്ചുനൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

പ്രളയബാധിതരുടെ പുനരധിവാസത്തിനുള്ള പ്രത്യേക പ്രോജക്ടുകൾ ത്രിതല പഞ്ചായത്തുകൾക്ക് സംയുക്തമായോ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും സ്വന്തം നിലയ്ക്കോ ഏറ്റെടുക്കാം. ശൗചാലയങ്ങൾ റിപ്പയർ ചെയ്യുന്നതിനുള്ള പ്രോജക്ടുകൾക്കും അനുവാദമുണ്ട്. പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച അംഗൻവാടികളും സ്കൂളുകളും ആരോഗ്യകേന്ദ്രങ്ങളും അടക്കമുള്ള സ്ഥാപനങ്ങളുടെ കെട്ടിടങ്ങളും പൊതുറോഡുകളും അറ്റകുറ്റപ്പണി ചെയ്ത് ഉപയോഗയോഗ്യമാക്കാനുള്ള പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നടക്കുകയാണ്.

നഷ്ടങ്ങളുടെ കണക്കുകൾ വ്യക്തമാക്കുന്നതനുസരിച്ച് ഭീമമായ തുക കേരളത്തിന്റെ പുനർനിർമാണ ത്തിനായി കണ്ടെത്തേണ്ടി വരും. ആഘോഷങ്ങൾ ചുരുക്കിയും ആർഭാടം ഒഴിവാക്കിയും അതിൽ നിന്ന് സ്വരൂപിക്കുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്യാൻ തയാറായി മുന്നോട്ടുവരുന്ന വ്യക്തികളോടും സ്ഥാപനങ്ങളോടും കേരളം കടപ്പെട്ടിരിക്കുന്നു. സർക്കാർ ആഭിമുഖ്യത്തിലുള്ളതോ സർക്കാരിന്റെ ഫണ്ടുപയോഗിച്ച് നടത്തുന്നതോ ആയ എല്ലാ ആഘോഷ പരിപാടികളും ചെലവ് ചുരുക്കി നടത്താൻ സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. കലാ-കായിക, സാംസ്കാരിക, രാഷ്ട്രീയ രംഗങ്ങളിലെ അറിയപ്പെടുന്ന നിരവധി പേർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകി. മഴക്കെടുതിയിൽ കിടപ്പാടം ഇല്ലാതായവർക്ക് വീട് വയ്ക്കാൻ സ്ഥലം ദാനം ചെയ്ത നിരവധി പേരുണ്ട്. സ്വന്തം സമ്പാദ്യക്കുടുക്കയിലെ തുക ദുരിതാശ്വാസ നിധിയിലേക്ക് നൽകിയ കൊച്ചു കുട്ടികൾ വരെയുണ്ട്. എല്ലാവരും അവരുടെ ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യണമെന്ന മുഖ്യമന്ത്രിയുടെ 'സാലറി ചാലഞ്ച് 'ഏറ്റെടുക്കാൻ സർക്കാർ ജീവനക്കാരും സ്വകാര്യസ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവരുമായ ലക്ഷക്കണക്കിനു പേർ മുന്നോട്ടു വന്നു. വിവിധ സംസ്ഥാനങ്ങളിൽ നിന്ന് അരിയും പണവും അടക്കമുള്ള സഹായങ്ങൾ കേരളത്തിൽ എത്തി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഇപ്പോഴും സംഭാവനകൾ പ്രവഹിക്കുകയാണ്.

നഗര-ഗ്രാമ വ്യത്യാസമില്ലാതെ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതതു പ്രദേശങ്ങളിലെ പ്രളയത്തിനു ശേഷമുള്ള സാഹചര്യം ശരിയായി വിലയിരുത്തുകയും വിശദമായ കർമപദ്ധതികളുമായി, നവകേരള പുനർനിർമാണത്തിൽ നേതൃത്വപരമായ പങ്കുവഹിക്കുകയും വേണം. അതിനാവശ്യമായ ഉത്തരവുകളും നിർദേശങ്ങളും സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. കൂടുതൽ നല്ലൊരു കേരളത്തിലേക്ക് ചുവടുവയ്ക്കാനുള്ള അവസരമായി ഈ മഹാദുരന്തത്തെ മാറ്റിയെടുക്കാൻ നമുക്ക് കഴിയണം.

# ജീവനോപാധി നഷ്ടപ്പെട്ട മൃഗപരിപാലന – ക്ഷീരമേഖലകൾ



**അഡ്വ.കെ.രാജു**
വനം വന്യജീവി മന്ത്രി

**നവകേരള നിർമിതിയിൽ പ്രമുഖ സ്ഥാനം മൃഗപരിപാലന മേഖലയ്ക്കും നൽകിക്കൊണ്ടേ നമുക്ക് മുന്നോട്ടു പോകാൻ കഴിയൂ.**

കേരളം സമാനതകളില്ലാത്ത പ്രളയക്കെടുതികളിലൂടെയാണ് കടന്നു പോയത്. പ്രകൃതി ദുരന്തത്തിന്റെ തീക്ഷ്ണതയിൽ ആയിരക്കണക്കിന് മനുഷ്യർ ആയുഷ്കാലം മുഴുവനും കെട്ടിപ്പൊക്കി യതെല്ലാം നഷ്ടപ്പെട്ടു പോകുന്ന സാഹചര്യമുണ്ടായി. പ്രളയനഷ്ടങ്ങളുടെ കണക്കെടുപ്പുകൾ നടന്നുവരുന്നുണ്ടെങ്കിലും അത് സൃഷ്ടിച്ച ദൂരവ്യാപക പ്രത്യാഘാതങ്ങൾ ഗുരുതരമാണെന്ന് പറയാം. ഇത്തരമൊരു ദുരന്തമുണ്ടായപ്പോൾ എല്ലാ വ്യത്യാസങ്ങളും മറന്ന് ഒറ്റക്കെട്ടായി നിലക്കൊള്ളാനും കേരളീയ ജനതയ്ക്ക് കഴിഞ്ഞു എന്നതും രക്ഷാ പ്രവർത്തനത്തിന്റെ ഭാഗമായി മനുഷ്യസാധ്യമായതെല്ലാം ചെയ്യാൻ സംസ്ഥാന സർക്കാരിനു കഴിഞ്ഞു എന്ന കാര്യവും ചാരിതാർഥ്യജനകമാണ്. കെടുതികളിൽ തകർന്നുപോയ കേരളത്തെ പുനർനിർമിക്കാനുള്ള സമഗ്രമായ തയ്യാറെടുപ്പിലാണ് സംസ്ഥാനത്തെ ജനകീയസർക്കാർ.

മൃഗസംരക്ഷണ മേഖലയുടെ നഷ്ടം എത്രയോ വലുതാണ്. വളർത്തുമൃഗങ്ങളുടെ ജീവഹാനി, മൃഗസംരക്ഷണ-ക്ഷീരമേഖലയുടെ ഉത്പാദനനഷ്ടം, അടിസ്ഥാനസൗകര്യങ്ങൾക്കുണ്ടായ നഷ്ടം തുടങ്ങിയവ കൂടി പരിഗണിച്ചാൽ പതിനായിരക്കണക്കിന് പേരുടെ ജീവനോപാധികളാണ് നഷ്ടപ്പെട്ടു പോയത്. കെടുതികൾ രൂക്ഷമായ ആദ്യഘട്ടത്തിൽ തന്നെ ഫലപ്രദമായ ഇടപെടലുകൾ നടത്താൻ സംസ്ഥാന മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇരുവകുപ്പുകളിലും പ്രത്യേക കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഏകോപനം സാദ്ധ്യമാക്കിയിരുന്നു.

പ്രളയം രൂക്ഷമായപ്പോൾ ജനങ്ങൾ മൃഗങ്ങളെ ഉപേക്ഷിച്ചു പോകുന്ന സാഹചര്യമുണ്ടായിരുന്നു. പല മൃഗങ്ങളെയും വകുപ്പ് ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനാ പ്രവർത്തകർ, പൊതുജനങ്ങൾ, കർഷകർ എന്നിവരുടെയെല്ലാം സഹായത്തോടെ കഴിയാവുന്ന സുരക്ഷിത സ്ഥാനങ്ങളിൽ എത്തിക്കുകയും, അവയ്ക്ക് അടിയന്തിര ചികിത്സയും തീറ്റയും ലഭ്യമാക്കുകയും ചെയ്തു. പശുക്കളുടെ സംരക്ഷണ ക്യാമ്പുകൾ പ്രധാന ജില്ലകളിൽ പ്രത്യേകം സംഘടിപ്പിച്ചിരുന്നു. സംസ്ഥാനത്ത് ഇത്തരത്തിലുള്ള 1172 മൃഗരക്ഷാ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇതിനായി 70 ലക്ഷം രൂപ മൃഗസംരക്ഷണ വകുപ്പ് അനുവദിച്ചു. മൃഗചികിത്സക്കാവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിച്ചു. മൃഗസംരക്ഷണ വകുപ്പിന്റെ മരുന്നുകൾ കൂടാതെ ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽസിൽ നിന്ന് ലഭിച്ച 10 ലക്ഷം രൂപ വിലമതിക്കുന്ന 10 തരം അടിയന്തിര മൃഗചികിത്സാ മരുന്നുകൾ ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, കണ്ണൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ലഭ്യമാക്കി. ദിവസങ്ങളോളം ജലനിരപ്പ് ഉയർന്നു നിന്നപ്പോൾ തീറ്റയുടെ ദൗർലഭ്യമായിരുന്നു മറ്റൊരു ഗുരുതരമായ പ്രശ്നം. ഈ രംഗത്ത് അന്യസംസ്ഥാനങ്ങളുടെ സഹായം ലഭ്യമാക്കാൻ സർക്കാരിന് കഴിഞ്ഞു. തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലങ്കാന തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്ന് കന്നുകാലിത്തീറ്റ, ഫോഡർ ബ്ലോക്കുകൾ, മൃഗങ്ങളുടെ ജീവൻരക്ഷാ മരുന്നുകൾ എന്നിവ ലഭിച്ചു. ദേശീയക്ഷീരവികസന ബോർഡിൽ നിന്ന് വളരെ വലിയ സഹായങ്ങൾ സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി. ഏതാണ്ട് രണ്ട് കോടി രൂപ വിലവരുന്ന അത്യാവശ്യവസ്തുക്കളാണ് പ്രളയബാധിത മേഖലകളിൽ വിതരണം ചെയ്തത്. സമീകൃത കാലിത്തീറ്റ, പുൽക്കടകൾ, മരുന്നുകൾ, ലക്ഷക്കണക്കിന് ലിറ്റർ പാൽ തുടങ്ങിയവ ഇക്കൂട്ടത്തിൽപ്പെടും. അഞ്ച് ലക്ഷം രൂപയുടെ വെറ്ററിനറി മരുന്നുകളാണ് ദേശീയ ക്ഷീരവികസന ബോർഡ് കേരളത്തിലെത്തിച്ചത്. തീറ്റക്ഷാമം പരിഹരിക്കുന്നതിനായി 200 മെട്രിക് ടൺ സൈലേജ് അഹമ്മദാബാദിൽ നിന്ന് തീവണ്ടിമാർഗം കേരളത്തിലെത്തിച്ച് ഏഴു ജില്ലകളിലായി വിതരണം ചെയ്തു. ക്ഷീരവികസന വകുപ്പ് നേതൃത്വം നൽകി 140 ടൺ പച്ചപ്പുല്ലും 258 ടൺ വൈക്കോലും വിതരണം ചെയ്തിരുന്നു. മിൽമ, കേരള ഫീഡ്സ് തുടങ്ങിയ പൊതുമേഖലാ



സ്ഥാപനങ്ങളും സന്ദർഭത്തിനൊത്തുയർന്ന് പ്രവർത്തിക്കുകയും, കർഷക ക്ഷേമനടപടികളുമായി മുന്നോട്ടു പോവുകയും ചെയ്തു. മിൽമ മേഖലാ യൂണിയനുകൾ വിവിധനിരക്കിൽ സബ്സിഡി നൽകിക്കൊണ്ട് തീറ്റവിതരണം നടത്തുകയും 125 മെട്രിക് ടൺ കാലിത്തീറ്റ സൗജന്യമായി നൽകുകയും ചെയ്തു.

ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞവർക്കായി ഒരു ലക്ഷം മുട്ടകൾ നാമക്കൽ പൗൾട്രി ഫാർമേഴ്സ് അസോസിയേഷൻ മുഖേനയും 10 ലക്ഷം മുട്ടകൾ നാഷണൽ എഗ്ഗ് - കോർഡിനേഷൻ കമ്മിറ്റി വഴിയും ലഭ്യമാക്കി. പ്രളയാനന്തരം നേരിട്ട വലിയ പ്രതിസന്ധികളിലൊന്ന് മൃഗങ്ങളുടെ ശവം ശാസ്ത്രീയമായി മറവു ചെയ്യുക എന്നതായിരുന്നു. ശുചിത്വമിഷൻ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ശവശരീരങ്ങൾ മറവു ചെയ്യാൻ സത്വര നടപടികൾ സ്വീകരിച്ചു. ലഭ്യമായ കണക്കുകൾ പ്രകാരം 4868 വലിയ മൃഗങ്ങളുടെയും 43,659 ചെറുമൃഗങ്ങളുടെയും 5,02,389 പക്ഷികളുടെയും ശവശരീരങ്ങൾ മറവു ചെയ്തിട്ടുണ്ട്.

## എങ്ങനെ അതിജീവിക്കും ?

നവകേരള നിർമിതിയിൽ പ്രമുഖ സ്ഥാനം മൃഗപരിപാലന മേഖലയ്ക്കും നൽകിക്കൊണ്ടേ നമുക്ക് മുന്നോട്ടു പോകാൻ കഴിയൂ. സ്വയംപര്യാപ്ത ക്ഷീരകേരളമെന്ന സർക്കാരിന്റെ പ്രഖ്യാപിത നയം പ്രതിസന്ധി നേരിടുകയാണ്. അടിയന്തരമായി നടപ്പിലാക്കേണ്ടതും ദീർഘകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതുമായ പദ്ധതികളുണ്ട്. പ്രളയക്കെടുതികളുടെ പശ്ചാത്തലത്തിൽ മൃഗസംരക്ഷണ മേഖലയിലെ കർഷകർ എടുത്തിട്ടുള്ള ലോണുകൾക്ക് ഒരു വർഷത്തേക്ക് മൊറട്ടോറിയം ഏർപ്പെടുത്തുന്നതിനും, ഉരുക്കൾ നഷ്ടപ്പെട്ടവർക്ക് തിരിച്ചടവ് കാലപരിധി അഞ്ച് വർഷം കൂടി ദീർഘിപ്പിച്ച് വായ്പ പുനഃക്രമീകരിക്കാനും ധാരണയായിട്ടുണ്ട്. നടപടപടിക്രമങ്ങളുടെ സങ്കീർണതകളില്ലാതെ പരമാവധി വേഗത്തിൽ കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കും. ക്ഷീരവികസന വകുപ്പ് എം.എസ്. ഡി.പി പദ്ധതികൾക്കായി അനുവദിച്ച 22 കോടി രൂപ പുന:ക്രമീകരിച്ച് പ്രളയമേഖലയിൽ ആനുകൂല്യങ്ങളായി വിതരണം ചെയ്യും. ഇതിൽ നിന്നും കന്നുകാലികൾ നഷ്ടപ്പെട്ടവർക്കും, തൊഴുത്തുകൾ നശിച്ചുപോയവർക്കും ആനുകൂല്യങ്ങൾ നൽകും. പ്രകൃതിദുരന്തങ്ങൾ ഭാവിയിലും ആവർത്തിക്കപ്പെടാനുള്ള സാധ്യതകൾ പരിഗണിച്ച് പൊതുസ്ഥലങ്ങളിൽ സ്ഥിരം ക്യാമ്പുകൾ സജ്ജമാക്കാനുള്ള സൗകര്യമൊരുക്കും. കാലാവസ്ഥാ വ്യതിയാനം പരിഗണിച്ചുള്ള ശാസ്ത്രീയ തൊഴുത്തുകളും, കുട്ടനാട് പോലുള്ള മേഖലകളിൽ ഉയർത്തിയ തൊഴുത്തുകളും നിർമിക്കാൻ ആലോചിച്ചു വരികയാണ്. 172 കോടി രൂപയാണ് മൃഗസംരക്ഷണ - ക്ഷീരമേഖലയുടെ നഷ്ടമായി കണക്കാക്കിയിട്ടുള്ളത്. ഇത് ഒരു നാടിന്റെ തന്നെ നഷ്ടമാണ്. കൂട്ടായ പരിശ്രമങ്ങളിലൂടെ ഈ കെടുതികളിൽ നിന്ന് കരകയറാൻ നമുക്ക് പരിശ്രമിക്കാം.



# പുരാരേഖകൾക്ക് ഒരു കൈത്താങ്ങ്



**രാമചന്ദ്രൻ കടന്നപ്പള്ളി**
തുറമുഖം, പുരാവസ്തു, പുരാരേഖ, മ്യൂസിയം മന്ത്രി

**പ്രളയാനന്തരമാണ് നമ്മുടെ വിലപ്പെട്ട രേഖകൾക്ക് സംഭവിച്ചിരിക്കുന്ന വൻനാശം ബോധ്യമായത്. നിരവധി ലൈബ്രറികൾ നശിച്ചു. ബാങ്കുകളിലേയും സബ്ബ് രജിസ്ട്രാർ ഓഫീസുകളിലേയും മറ്റും വിലപ്പെട്ട രേഖകൾ വെള്ളത്തിൽ കുതിർന്ന് ഉപയോഗശൂന്യമായി.**

ചരിത്രത്തിലെ ഏറ്റവും ഭയാനകമായ പ്രകൃതിദുരന്തത്തെയാണ് നമുക്ക് നേരിടേണ്ടി വന്നത്. സമാനതകളില്ലാത്ത ഈ പ്രളയദുരിതം പതിനായിരങ്ങളെ സ്വന്തം നാട്ടിൽ അഭയാർഥികളാക്കി മാറ്റി. ആർത്തലച്ചെത്തിയ പേമാരിയും ഉരുൾപൊട്ടലും ഒട്ടേറെ സഹോദരങ്ങളുടെ ജീവനപഹരിച്ചു. എന്നാൽ പതിനായിരങ്ങളെ ഈ മഹാദുരിതത്തിൽ നിന്നും ജീവിതത്തിലേക്ക് പിടിച്ചുകയറ്റിയതും സമാനതകളില്ലാത്ത ദുരിതാശ്വാസ പ്രവർത്തനത്തിലൂടെയാണ്.

പ്രകൃതിയുടെ ഈ സംഹാരതാണ്ഡവത്തിൽ പതറാതെ ത്യാഗപൂർണമായ സേവനസന്നദ്ധതയിലുടേയും മാതൃകാപരമായ കൂട്ടായ്മയിലുടേയുമാണ് നാം ഈ ദുരന്തത്തെ നേരിട്ടത്. ഏത് പ്രളയത്തെയും കൊടുങ്കാറ്റിനെയും അതിജിവിക്കാനുള്ള കരുത്തും ശക്തിയും, പതറാത്ത നിശ്ചയദാർഢ്യവും മുഖ്യമന്ത്രി ഇതിനകം തെളിയിച്ചുകഴിഞ്ഞു. സകല സ്രോതസ്സുകളെയും രംഗത്തിറക്കി സംയോജിപ്പിച്ച് സർക്കാർ സംവിധാനം കുറ്റമറ്റതാക്കി. സന്നദ്ധ സംഘടനകൾ, വിവിധ സേനാവിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ, തുറമുഖ തൊഴിലാളികൾ, യുവജനങ്ങൾ, ഉദ്യോഗസ്ഥർ തുടങ്ങി എല്ലാ വിഭാഗങ്ങളും ഇതിൽ തങ്ങളുടേതായ പങ്ക് പ്രയോജനപ്പെടുത്തുകയും ചെയ്തു.

പ്രളയാനന്തരവും നാം വിറങ്ങലിച്ചു നിൽക്കുകയല്ല മുഖ്യമന്ത്രിയുടെ ധീരോദാത്തമായ നേതൃത്വത്തിൽ നവകേരള സൃഷ്ടിക്കായുള്ള ഒരു മഹായജ്ഞം നാം ഏറ്റെടുത്തിരിക്കുന്നു. രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നും നമുക്കായി സഹായഹസ്തങ്ങളെത്തികൊണ്ടിരിക്കുന്നു. കേരളത്തിന്റെ പുന:സൃഷ്ടിക്ക് – നവകേരള സൃഷ്ടിക്കു വേണ്ടിയുള്ള മുഖ്യമന്ത്രിയുടെ അഭ്യർഥന നെഞ്ചേറ്റിയ ജനങ്ങൾ ജാതിയും മതവും ഇല്ലാതെ,



രാഷ്ട്രീയ വ്യത്യാസം ഇല്ലാതെ സഹകരിക്കുന്ന പ്രതീക്ഷാനിർഭരമായ മുന്നേറ്റമാണ് നാം കണ്ടത്. പ്രളയജലപ്രവാഹം പോലെയാണ് സഹായങ്ങളുടെ സ്നേഹപ്രവാഹവും ഒഴുകിയെത്തുന്നത്

സർക്കാരിന്റെ വിവിധ വകുപ്പുകളോടൊപ്പം തുറമുഖ, പുരാവസ്തു, പുരാരേഖ, മ്യൂസിയം വകുപ്പുകളും ഈ ദൗത്യത്തിൽ സജീവ സാന്നിദ്ധ്യമായി.

പ്രളയ ദുരിതത്തിൽപെട്ട സഹോദരങ്ങൾക്ക് ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് അവശ്യ സാധനങ്ങളെത്തിക്കുന്നതിനും വകുപ്പിലെ ജീവനക്കാരുടെ കൂട്ടായ്മ നല്ലനിലയിൽ പ്രവർത്തിച്ചു.

വോളന്റിയർ സേവനരംഗത്തും നമ്മുടെ ജീവനക്കാർ ഉണ്ടായി. വകുപ്പിന്റെ വാഹനങ്ങൾ പൂർണമായും ഈ ആവശ്യങ്ങൾക്കായി വിട്ടുനൽകാൻ സന്നദ്ധമായി.

പ്രളയാനന്തരമാണ് നമ്മുടെ വിലപ്പെട്ട രേഖകൾക്ക് സംഭവിച്ചിരിക്കുന്ന വൻനാശം ബോധ്യമായത്. നിരവധി ലൈബ്രറികൾ നശിച്ചു. ബാങ്കുകളിലേയും സബ്ബ് രജിസ്ട്രാർ ഓഫീസുകളിലേയും മറ്റും വിലപ്പെട്ട രേഖകൾ വെള്ളത്തിൽ കുതിർന്ന് ഉപയോഗശൂന്യമായി. ഇക്കാര്യത്തിൽ ശ്രദ്ധേയമായ ഇടപെടലുകളാണ് സംസ്ഥാന പുരാരേഖ വകുപ്പ് നടത്തിയത്. കഴിയാവുന്നത്ര രേഖകൾ സംരക്ഷിച്ചു നൽകാൻ നടപടി സ്വീകരിച്ചുവരുന്നു. 'പുരാരേഖകൾക്ക് ഒരു കൈത്താങ്ങ് 'എന്ന പേരിൽ ഒരു മൊബൈൽ കൺസർവേഷൻ ലാബ് പ്രളയമേഖലയിൽ പര്യടനം നടത്തി.

പുരാവസ്തു വകുപ്പും സംസ്ഥാനത്തെ മുഴുവൻ പൈതൃക കെട്ടിടങ്ങളുടെയും സുരക്ഷിതത്വം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വകുപ്പിലെ എൻജിനീയറിങ് വിഭാഗവും രാസസംരക്ഷണ വിഭാഗവും ഇതിനായി പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പിന്റെ കീഴിലല്ലാത്ത പൈതൃക മന്ദിരങ്ങൾക്കും ആവശ്യമായ സാങ്കേതിക സഹായം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

പ്രളയാനന്തരമുള്ള ശുചീകരണ പ്രവർത്തനങ്ങളിൽ വയനാട്ടിലും പത്തനംതിട്ടയിലും എറണാകുളത്തും പുരാവസ്തു, പുരാരേഖ വകുപ്പിലെ ജീവനക്കാർ സജീവമായി പങ്കാളികളായി.

തുറമുഖ വകുപ്പും ഹൈഡ്രോഗ്രാഫിക്ക് സർവേ വകുപ്പും രക്ഷാദൗത്യത്തിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തു. വകുപ്പിലെ മുങ്ങൽ വിദഗ്ധർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരെല്ലാം തന്നെ ലഭ്യമായ ബോട്ടുകളും ടഗ്ഗുകളും ഡിങ്കികളും പ്രയോജനപ്പെടുത്തി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ജീവൻരക്ഷാ ഉപകരണങ്ങൾ വിട്ടുനൽകുകയും ചെയ്തു. ആലപ്പുഴയിലും, കോഴിക്കോട്ടും, കൊല്ലത്തുമെല്ലാം നിരവധിപേരുടെ ജിവൻ രക്ഷിക്കാൻ ഇത് സഹായകമായി.

കൊടുങ്ങല്ലൂർ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ ദുരിതാശ്വാസ കേന്ദ്രം തുറന്ന് 840 പേരെ പാർപ്പിക്കുകയുണ്ടായി. കണ്ണൂർ, അഴീക്കൽ, വിഴിഞ്ഞം, തുറമുഖ ജിവനക്കാരും സന്ദർഭത്തിനനുസരിച്ച് ഉണർന്നു പ്രവർത്തിച്ചു.

ജീവൻരക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെട്ട തുറമുഖവകുപ്പിലേയും ഹൈഡ്രോഗ്രാഫിക്ക് സർവേ വിഭാഗത്തിലേയും ജിവനക്കാരെ പ്രത്യേകം ആദരിക്കുകയുണ്ടായി.

നമുക്ക് കൈകോർക്കാം – അതിജീവനത്തിന്റെ പുതിയ ചരിത്രം കുറിക്കാം



# പ്രതീക്ഷ പകരുന്ന നൈപുണ്യകർമസേന

**ടി പി രാമകൃഷ്ണൻ**
തൊഴിൽ, നൈപുണ്യം, എക്സൈസ് മന്ത്രി



**അപ്രതീക്ഷിതദുരന്തത്തിൽ പകച്ചുനിന്ന ആയിരക്കണക്കിനു കുടുംബങ്ങൾക്ക് ആശ്വാസം പകരാൻ നൈപുണ്യകർമസേനയ്ക്ക് കഴിഞ്ഞു**

ഈ നൂറ്റാണ്ടിൽ കേരളം നേരിട്ട പ്രളയം മലയാളികളുടെ മാനവികതയുടെയും സഹജീവിസ്നേഹത്തിന്റെയും ആഴം എക്കാലത്തും ഓർമപ്പെടുത്തിക്കൊണ്ടിരിക്കും. പ്രളയമുഖത്തെ രക്ഷാദൗത്യം ലോകമാതൃകയായി. മറ്റുള്ളവർക്കു വേണ്ടിയുള്ള ആത്മസമർപ്പണത്തിന്റെയും ത്യാഗത്തിന്റെയും പ്രതിഫലനമായിരുന്നു രക്ഷാപ്രവർത്തനം. പ്രളയജലമിറങ്ങിയപ്പോൾ എല്ലാം നഷ്ടപ്പെട്ട് ഹൃദയം തകർന്നുപോയവർക്കു മുമ്പിലേക്ക് സേവനസന്നദ്ധരായി പതിനായിരങ്ങളെത്തി. ദുരിതാശ്വാസക്യാമ്പുകളിലേക്ക് ഭക്ഷണവും വസ്ത്രവും മരുന്നുകളും മറ്റ് അവശ്യവസ്തുക്കളും പ്രവഹിച്ചു. തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പുകൾ പ്രളയബാധിതകേന്ദ്രങ്ങളിൽ സഹായമെത്തിക്കുന്നതിലും രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസപ്രവർത്തനങ്ങളിലും സജീവപങ്കാളിത്തം വഹിച്ചു.

ലേബർ കമ്മീഷണർ എ. അലക്സാണ്ടറുടെ മേൽനോട്ടത്തിൽ ചിട്ടയായ ഏകോപനത്തിലൂടെ എല്ലാ ജില്ലകളിലെയും തൊഴിൽവകുപ്പ് ജീവനക്കാരും ഉദ്യോഗസ്ഥരും ഈ ദൗത്യത്തിൽ പങ്കാളികളായി. എക്സൈസ് കമ്മീഷണർ ഋഷിരാജ്സിങ് വിവിധ ജില്ലകളിലെ ക്യാമ്പുകൾ സന്ദർശിച്ച് എക്സൈസ് സേനയുടെ ദുരിതാശ്വാസപ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. തൊഴിൽവകുപ്പിലെയും എക്സൈസ് വകുപ്പിലെയും ഉദ്യോഗസ്ഥർ അഭിനന്ദനാർഹമായ പ്രവർത്തനമാണ് നടത്തിയത്. ഇതോടൊപ്പം വ്യാവസായിക പരിശീലനവകുപ്പിന്റെ നേതൃത്വത്തിൽ ഐടിഐ വിദ്യാർഥികളും പരിശീലകരും ഉൾപ്പെടുന്ന നൈപുണ്യകർമസേന പ്രളയബാധിതകേന്ദ്രങ്ങളിൽ നൽകിയ സേവനവും കാലം ഓർത്തുവെക്കും. കേരളത്തിന് അഭിമാനവും പ്രതീക്ഷയും പകരുന്ന പ്രവർത്തനമാണ് നൈപുണ്യകർമസേന കാഴ്ചവെച്ചത്.



ഹരിതകേരളമിഷന്റെ സഹകരണത്തോടെയാണ് മൂവായിരത്തോളം ട്രെയിനികളും അഞ്ഞൂറിലധികം ഇൻസ്ട്രക്ടർമാരും ഉൾപ്പെടുന്ന നൈപുണ്യകർമസേന സേവനരംഗത്തിറങ്ങിയത്. വ്യാവസായികപരിശീലനവകുപ്പ് ഡയറക്ടർ ഇൻചാർജ് പി കെ മാധവൻ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ.ടി എൻ സീമയും സേവനപ്രവർത്തനങ്ങൾക്ക് മാർഗനിർദേശം നൽകി. ഐടിഐകളിലെ ഇൻസ്ട്രക്ടർമാരുടെയും ഇലക്ട്രീഷ്യൻ, വയർമാൻ, പ്ലംബർ, വെൽഡർ, കാർപെന്റർ, റെഫ്രിജറേഷൻ ആന്റ് എയർകണ്ടീഷൻ, ഇലക്ട്രോ-ണിക്സ്, മെക്കാനിക്ക് എന്നീ ട്രേഡുകളിലെ സാങ്കേതിക പരിജ്ഞാനമുള്ള ട്രെയിനികളുടെയും കൂട്ടായ്മയായിരുന്നു നൈപുണ്യകർമസേന. സർക്കാർ ഐ.ടി.ഐകൾക്കു പുറമെ പട്ടികജാതി പട്ടികവർഗ വികസനവകുപ്പിനു കീഴിലുള്ള ഐ.ടി.ഐകളിലെയും സ്വകാര്യ ഐ.ടി.ഐ കളിലെയും ഇൻസ്ട്രക്ടർമാരുടെയും ട്രെയിനി കളുടെയും പങ്കാളിത്തം ഉറപ്പാക്കി. ചില ഐ.ടി.ഐകളിലെ പൂർവവിദ്യാർഥികളും നൈപുണ്യകർമസേനയുടെ ഭാഗമായി. ഒഡീഷയിൽ നിന്നെത്തിയ ഇരുപത്തഞ്ചംഗ സംഘം നൽകിയ സേവനം കേരളത്തിന് മറക്കാനാവില്ല. ഒഡീഷ സംസ്ഥാന സ്കിൽ ഡവലപ്മെന്റ് വകുപ്പാണ് അധ്യാപകരും ട്രെയിനികളും അടങ്ങുന്ന സംഘത്തെ കേരളത്തിലേക്കയച്ചത്. പത്തുദിവസം എറണാകുളത്ത് തങ്ങിയ ഇവർ നിരവധി വീടുകളിൽ സേവനം നൽകി.

അപ്രതീക്ഷിതദുരന്തത്തിൽ പകച്ചുനിന്ന ആയിരക്കണക്കിനു കുടുംബങ്ങൾക്ക് ആശ്വാസം പകരാൻ നൈപുണ്യ കർമസേനയ്ക്ക് കഴിഞ്ഞു. ആഗസ്റ്റ് 23നാണ് കർമസേനാംഗങ്ങൾ സേവനരംഗത്തിറങ്ങിയത്. 5480 വീടുകളിൽ ഇല്ക്ട്രിക്കൽ, പ്ലംബിംങ് കാർപെന്ററി ജോലികളും ഗൃഹോപകരണങ്ങളുടെ അറ്റകുറ്റ പ്രവൃത്തിയും നിർവഹിച്ചു. സെപ്റ്റംബർ ഏഴ് വരെ ഇവർ സേവനരംഗത്തുണ്ടായിരുന്നു. കൽപ്പറ്റ, കോഴിക്കോട്, ചാലക്കുടി, ഏറ്റുമാനൂർ, ചെന്നീർക്കര ഐ.ടി.ഐകളുടെ നേതൃത്വത്തിൽ ഗൃഹോപകരണങ്ങൾ പ്രവർ ത്തനക്ഷമമാക്കുന്നതിന് പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ചു. കാസർകോട്, കണ്ണൂർ, മലപ്പുറം, കൊല്ലം ജില്ലകളിലെ നൈപുണ്യകർമസേനാംഗങ്ങൾ ആലപ്പുഴ, എറണാകുളം, തൃശൂർ ജില്ലകളിൽ ക്യാമ്പ് ചെയ്താണ് സേവനപ്രവർത്തനം നടത്തിയത്. 4737 വീടുകളിലെ വൈദ്യുതവിതരണസംവിധാനങ്ങളും 1327 വീടുകളിൽ പ്ലംബിഗ് ജലവിതരണസംവിധാനവും 1079 വീടുകളിൽ ഇലക്ട്രോണിക്സ്, എയർകണ്ടീഷനിങ് ഉപകരണങ്ങളും കേടുപാട് തീർത്ത് പ്രവർത്തനക്ഷമമാക്കി. 776 വീടുകളിൽ വാതിൽ, ജനൽ, ഫർണീച്ചർ തുടങ്ങിയവയുടെ അറ്റകുറ്റപ്രവൃത്തിയും നിർവഹിച്ചു. പ്രകൃതി ദുരന്തങ്ങളെ അഭിമുഖീകരിക്കേണ്ടി വരുന്ന ഘട്ടങ്ങളിൽ ദുരന്തബാധിതർക്ക് സഹായമെത്തിക്കുന്നതിന് രംഗത്തിറക്കത്തക്കവിധം നൈപുണ്യകർമസേന സ്ഥിരം സംവിധാനമാക്കുന്നത് സർക്കാരിന്റെ പരി ഗണനയിലുണ്ട്.

## അതിഥിതൊഴിലാളികൾക്ക് സുരക്ഷ

പ്രളയബാധിതകേന്ദ്രങ്ങളിലെ അതിഥി തൊഴി ലാളികളുടെ കാര്യത്തിൽ തൊഴിൽവകുപ്പ് പ്രത്യേക ശ്രദ്ധപതിപ്പിച്ചു. അവർക്ക് താമസസൗകര്യവും ഭക്ഷണവും മറ്റ് സൗകര്യങ്ങളും ഉറപ്പുവരുത്താനുള്ള എല്ലാ നടപടിയും അതതിടത്തെ തൊഴിൽവകുപ്പ് ഉദ്യോഗസ്ഥർ സ്വീകരിച്ചിരുന്നു. തിരുവനന്തപുരം തമ്പാനൂരിലെ ഫെസിലിറ്റേഷൻ സെന്ററിൽ ആഗസ്റ്റ് 18 മുതൽ 30 വരെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്ലൈൻ ഒരുക്കി. പാചകവാതക വിതരണം ഉറപ്പുവരുത്തുന്നതിനും ഗ്യാസ് ഏജൻസികളും പെട്രോൾ പമ്പുകളും അവധിദിവസങ്ങളിലും പ്രവർ ത്തിപ്പിക്കുന്നതിനും ജില്ലാ ലേബർ ഓഫീസർമാർ മുൻ കൈയെടുത്തു. പമ്പ് സെറ്റുകളും ജനറേറ്ററുകളും മറ്റും സ്ഥാപിക്കുന്നതിനും റോഡ് നിർമാണം അടക്കമുള്ള പുനർനിർമാണപ്രക്രിയയിൽ വിദഗ്ധരായ തൊഴിലാളികളെ പങ്കെടുപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു. പാലക്കാട് കഞ്ചിക്കോട്ട് അതിഥിതൊഴിലാളികൾക്കായി നിർമിച്ച അപ്നാഘർ ഫ്ലാറ്റ് സമുച്ചയം ഉദ്ഘാടനത്തിന് ദിവസങ്ങൾ ശേഷിക്കെ ദുരിതബാധിതർക്കായി തുറന്നുകൊടുത്തു. 740ഓളം പേർക്ക് ഇവിടെ താമസസൗകര്യം ലഭിച്ചു. വിവാഹത്തിനായി കരുതിവെച്ചതെല്ലാം നഷ്ടപ്പെട്ട പാലക്കാട്ടെ പ്രിയയുടെ കുടുംബത്തിന് അടിയന്തരസഹായമായി അമ്പതിനായിരം രൂപ നൽകി.

പ്രകൃതിദുരന്തം അഭിമുഖീകരിച്ച എല്ലാ മേഖലകളിലും തൊഴിൽവകുപ്പ് ഫലപ്രദമായ ഇടപെടൽ നടത്തിയിട്ടുണ്ട്. ലേബർ കമ്മീഷണറേറ്റ് ഉൾപ്പെടെയുള്ള ഓഫീസുകളിൽ ഓണാഘോഷപരിപാടികൾ മാറ്റിവെച്ച് ജീവനക്കാരിൽ നിന്ന് സ്വരൂപിച്ച തുക പ്രളയബാധിതർക്ക് അവശ്യസാധനങ്ങളെത്തിക്കാൻ ഉപയോഗിച്ചു. തോട്ടം മേഖലയിൽ പ്രകൃതിദുരന്തം വലിയ പ്രത്യാഘാതമാണുണ്ടാക്കിയത്. തോട്ടംതൊഴിലാളികൾക്ക് സഹായമെത്തി ക്കുന്നതിൽ തൊഴിൽവകുപ്പ് പ്രത്യേക ശ്രദ്ധപതിപ്പിച്ചു. പ്രകൃതിദുരന്തമേഖലകളിലെ തോട്ടം തൊഴിലാളികൾക്ക് സൗജന്യറേഷൻ ഉൾപ്പെടെയുള്ള സഹായങ്ങൾ ഉറപ്പുവരുത്തി. സംസ്ഥാനത്തെ എല്ലാ തോട്ടം തൊഴിലാളികൾക്കും 15 കിലോ സൗജന്യറേഷൻ നൽകി. ഒരു ലക്ഷത്തോളം തോട്ടം തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

## ആത്മധൈര്യം പകർന്ന് തൊഴിലാളികൾ

സംസ്ഥാനത്തെ തൊഴിലാളികൾ പ്രളയകാലത്ത് പ്രകടിപ്പിച്ച ആത്മധൈര്യവും അർപ്പണബോധവും പ്രളയാനന്തരം നടത്തിയ പ്രവർത്തനങ്ങളും എടുത്തുപറയേണ്ടതുണ്ട്. മത്സ്യ ത്തൊഴിലാളികൾ അടക്കമുള്ളവർ കുതിച്ചുപായുന്ന പ്രളയജലത്തിലേക്ക് എടുത്തുചാടി ആയിരക്കണക്കിന്

സഹോദരങ്ങളെ രക്ഷപ്പെടുത്തി സുരക്ഷിത സ്ഥാനങ്ങളിലെത്തിച്ചു. അവരുടെ ത്യാഗസന്നദ്ധത കേരളത്തിന് എന്നും കരുത്തായിരിക്കും. തൊഴിലാളി സംഘടനാനേതാക്കളുടെ നേതൃത്വത്തിൽ തൊഴിലാളികൾ ഇക്കാര്യത്തിൽ നടത്തിയ ഇടപെടൽ മാതൃകാപരമാണ്. ടൺകണക്കിന് അവശ്യവസ്തുക്കൾ ദുരിതാശ്വാസ ക്യാമ്പുകളിലെത്തിക്കുന്നതിന് തൊഴിലാളികൾ കാഴ്ചവെച്ച നിസ്വാർഥസേവനവും കേരളത്തിന് മറക്കാനാവില്ല. തൊഴിലാളികളുടെ ഐക്യദാർഢ്യവും സാന്നിധ്യവും ദുരന്തത്തിനിരയായവർക്ക് നൽകിയ ആശ്വാസവും ആത്മവിശ്വാസവും ചെറുതല്ല.

## സേവനനിരതരായി എക്സൈസ് സേനയും

എക്സൈസ് വകുപ്പിന്റെ ഇടപെടലുകളും ശ്രദ്ധേയമാണ്. പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 3935 എക്സൈസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിരുന്നു. ബോട്ടിലും വള്ളങ്ങളിലുമായി 230 എക്സൈസ് ഉദ്യോഗസ്ഥർ രക്ഷാപ്രവർത്തനങ്ങളിൽ പങ്കാളികളായി. 2894 പേരെ ഇവർ രക്ഷപ്പെടുത്തി ക്യാമ്പുകളിലും ആശുപത്രികളിലും എത്തിച്ചു. തൃശൂർ എക്സൈസ് അക്കാദമിയിൽ പരിശീലനത്തിലായിരുന്ന 193 എക്സൈസ് ഉദ്യോഗസ്ഥരെ പരിശീലനം നിർത്തിവെച്ച് തൃശൂർ ജില്ലയിലെ രക്ഷാപ്രവർത്തനങ്ങൾക്കും ദുരിതാശ്വാസപ്രവർത്തനങ്ങൾക്കുമായി അയച്ചു. പ്രളയത്തിൽ തകർന്ന തൃശൂർ ആറാട്ടുപുഴ ഇല്ലിക്കൽ ബണ്ട് പുനർനിർമിക്കുന്നതിന് എക്സൈസ് അക്കാദമിയിലെ 80 ട്രെയിനികളുടെ സേവനം ഉപയോഗപ്പെടുത്തി. കളക്ടർമാർ ആവശ്യപ്പെട്ട പ്രകാരം എക്സൈസ് ഉദ്യോഗസ്ഥരെ വോളന്റിയർമാരായി ക്യാമ്പുകളിലേക്ക് അയച്ചു. വകുപ്പിന്റെ വാഹനങ്ങൾ വിട്ടുകൊടുത്തു. ജനമൈത്രി എക്സൈസ് സ്ക്വാഡിലെ ഉദ്യോഗസ്ഥർ ദേവികുളം താലൂക്കിലെ ആദിവാസിമേഖലയിൽപെട്ട കുടികളും പത്ത് ക്യാമ്പുകളും സന്ദർശിച്ച് നിത്യോപയോഗസാധനങ്ങളും മരുന്നുകളും എത്തിച്ചു. ക്യാമ്പുകളിൽ കഴിയുന്നവരുടെ സമ്മർദം അകറ്റി ആത്മവിശ്വാസവും ശുഭാപ്തിവിശ്വാസവും വളർത്തുന്നതിന് സൗജന്യ കൗൺസലിങ് നടത്താൻ സൈക്കോളജിസ്റ്റുകളെയും കൗൺസലിങ് വിദഗ്ധരെയും ഏർപ്പെടുത്തി. പ്രളയബാധിതപ്രദേശങ്ങളിലെ ശുചീകരണപ്രവർത്തനങ്ങളിലും പകർച്ചവ്യാധി പ്രതിരോധത്തിലും സജീവപങ്കാളികളായി. ക്യാമ്പുകളിൽ നിന്ന് തിരിച്ചെത്തിയവർക്ക് സഹായമെത്തിക്കുന്നതിലും എക്സൈസ് വകുപ്പ് മുൻപന്തിയിലുണ്ടായിരുന്നു.

## ആശ്വാസം പകർന്ന് ഇൻഷുറൻസ് മെഡിക്കൽ സർവീസ് വകുപ്പ്

വൈദ്യസഹായം എത്തിക്കുന്നതടക്കം ഇൻഷുറൻസ് മെഡിക്കൽ സർവീസ് വകുപ്പ് നടത്തിയ പ്രവർത്തനങ്ങളും മാതൃകാപരമാണ്. മേയ് 29 മുതൽ ആഗസ്റ്റ് 28 വരെ വിവിധ ജില്ലകളിൽ ദുരിതാശ്വാസപ്രവർത്തങ്ങളിൽ സജീവമായി ഇടപെട്ടു. പ്രളയബാധിതകേന്ദ്രങ്ങളിലെ മെഡിക്കൽ ക്യാമ്പുകളിൽ ഡോക്ടർമാർ ഉൾപ്പെടെ 175 ജീവനക്കാർ സ്തുത്യർഹമായി സേവനമനുഷ്ഠിച്ചു. തൃശൂർ, എറണാകുളം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം,കോഴിക്കോട്, പാലക്കാട് ജില്ലകളിലായി പ്രളയബാധിതപ്രദേശങ്ങളിൽ 94 ക്യാമ്പുകൾ സംഘടിപ്പിച്ചിരുന്നു. 20,028 പേർക്ക് വൈദ്യസഹായം നൽകി. ക്യാമ്പുകളിൽ മരുന്നുകൾ വിതരണം ചെയ്തു. ഇതിനുപുറമെ ജില്ലാമെഡിക്കൽ ഓഫീസുകളിലും ഇഎസ്ഐ കോർപ്പറേഷനിൽ നിന്നും മരുന്ന് ലഭ്യമാക്കി.

## നഷ്ടമായത് 2.79 കോടിയിലേറെ തൊഴിൽദിനങ്ങൾ

പ്രളയം തൊഴിൽമേഖലയിൽ കനത്ത നഷ്ടമാണ് സൃഷ്ടിച്ചത്. 14,64,873 തൊഴിലാളികൾക്ക് ഈ ദിവസങ്ങളിൽ ജോലിചെയ്യാൻ കഴിഞ്ഞില്ലെന്നാണ് ലേബർ കമ്മീഷണറേറ്റിൽ ലഭിച്ച കണക്കുകൾ കാണിക്കുന്നത്. 2.79 കോടിയോളം തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ടു. കാർഷികമേഖലയിൽ മാത്രം 1.34 കോടി തൊഴിൽ ദിനങ്ങളാണ് നഷ്ടമായത്. നിർമാണമേഖലയിൽ 95 ലക്ഷം തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ടു. വിവിധ മേഖലകളിൽ ലേബർ കമ്മീഷണറേറ്റ് കണക്കാക്കിയ തൊഴിൽ ദിനനഷ്ടം ഇങ്ങിനെയാണ്: ടെയിലറിങ് – 23.37 ലക്ഷം, കള്ളുചെത്ത് വ്യവസായമേഖല: 78,000, ഷോപ്പുകളും വാണിജ്യമേഖലയും: 3.6 ലക്ഷം, ഹാൻഡ്‌ലൂം: 32,000, അബ്കാരി മേഖല: 1500, ആഭരണ നിർമാണമേഖല: 9800, അസംഘടിതമേഖല: 76,000, ഈറ്റ,കാട്ടുവള്ളി, തഴതൊഴിലാളി മേഖല: 4.95 ലക്ഷം, മോട്ടോർവാഹനമേഖല: 1.82 ലക്ഷം, കശുവണ്ടി മേഖല: 17,735, ചുമട്ടുതൊഴിലാളി മേഖല: 3.28 ലക്ഷം. ചെറുകിടതോട്ടം മേഖല: 7.86ലക്ഷം. പ്ലാന്റേഷൻ മേഖല 2.34 ലക്ഷം. പ്രളയം തൊഴിൽമേഖലയിൽ സൃഷ്ടിച്ച നഷ്ടത്തിന്റെ ഒരുഭാഗം മാത്രമാണിത്. സ്വയം തൊഴിലുകളിൽ ഏർപ്പെട്ടവർ ഉൾപ്പെടെ ജീവനോപാധികളും പണിയായുധങ്ങളും നഷ്ടപ്പെട്ടവർ ഏറെയുണ്ട്.

## അതിജീവിക്കും, നവകേരളം സൃഷ്ടിക്കും

പ്രളയകാലം നമുക്ക് പകർന്നുതന്ന പാഠങ്ങൾ ഏറെയാണ്. കേരളീയരുടെ അതിജീവനദൗത്യത്തിനും കേരളത്തിന്റെ പുനർനിർമാണ പ്രക്രിയയ്ക്കും കരുത്തേകുന്ന പാഠങ്ങളാണത്. സ്വയം മറന്ന് പ്രളയമുഖത്തേക്ക് എടുത്തുചാടിയവർ ഏത് പ്രതിസന്ധിഘട്ടങ്ങളെയും മറികടക്കാനുള്ള ഊർജം സമൂഹത്തിന് പകർന്നു കൊണ്ടിരിക്കും. ത്യാഗത്തിന്റെയും നിസ്വാർഥതയുടെയും പ്രതിരൂപങ്ങളായി പ്രളയമുഖത്ത് കൈകോർത്തവരിൽ തൊഴിലാളികളുടെയും യുവാക്കളുടെയും എണ്ണം വളരെ വലുതായിരുന്നു. അസാധ്യമായി ഒന്നുമില്ല എന്നാണവർ തെളിയിച്ചത്. നവകേരളസൃഷ്ടിയിൽ തൊഴിലാളികൾക്കും യുവാക്കൾക്കും നിർണായകപങ്ക് വഹിക്കാനുണ്ട്. അവരത് നിർവഹിക്കുക തന്നെ ചെയ്യും.

# പൊതു വിദ്യാലയമെന്ന സുരക്ഷിതയിടം



**പ്രൊഫ.സി. രവീന്ദ്രനാഥ്**
പൊതുവിദ്യാഭ്യാസമന്ത്രി



**പ്രളയം ഒട്ടേറെ അറിവുകളും തിരിച്ചറിവുകളും അനുഭവങ്ങളും നമുക്ക് നൽകി. കേരളീയ വിദ്യാഭ്യാസം നാട്ടിലും നാട്ടാരിലും എന്തെന്ത് മൂല്യങ്ങൾ വളർത്തിയിട്ടുണ്ട് എന്ന് തിരിച്ചറിയാൻ പ്രളയ - പ്രളയാനന്തര അനുഭവങ്ങൾ ഇടനൽകി.**

മതനിരപേക്ഷയുടെ പൊതുവിടമാണ് പൊതു വിദ്യാലയങ്ങൾ എന്ന് അതിന്റെ പ്രസക്തിയെ ക്കുറിച്ച് സംശയാലുക്കളായവരെയടക്കം ബോധ്യപ്പെടുത്താൻ ഈ കാലത്തിനായി. സ്വന്തം വീടും, നാടും വെള്ളത്തിൽ മുങ്ങുകയോ ഉരുൾപൊട്ടലടക്കമുള്ള ഭീഷണി ഉണ്ടാവുകയോ ചെയ്തപ്പോൾ കൈയിൽ കിട്ടിയതും എടുത്ത് ഓടി എത്താനുള്ള അഭയകേന്ദ്രങ്ങളായി ആദ്യം മാറിയത് പൊതുവിദ്യാലയങ്ങളായിരുന്നു. വീട്ടിൽ നിന്ന് മാറേണ്ടിവന്നാൽ ജനങ്ങൾക്ക് ആശ്രയിക്കാവുന്ന സുരക്ഷിതമായ പൊതുവിടമാണ് പൊതുവിദ്യാലയങ്ങൾ എന്ന അവബോധം കേരളത്തിലെ വിദ്യാലയങ്ങൾ സമൂഹമനസ്സിൽ നിക്ഷേപിച്ചിട്ടുണ്ട് എന്ന് പ്രളയകാലം വ്യക്തമാക്കി.

ഇനി രക്ഷാപ്രവർത്തനത്തിൽ സ്വയം മറന്ന് പ്രവർത്തിച്ച കേരളീയയുവത നമ്മുടെ പൊതുവിദ്യാഭ്യാസ പ്രക്രിയയിലൂടെ കടന്നു വന്നവരാണ്. യാതൊരു വിധ മൂല്യബോധവും പുത്തൻ തലമുറയ്ക്കില്ല എന്നു വിലപിക്കുന്ന ഒട്ടേറെ പേരുണ്ട് നമ്മുടെ നാട്ടിൽ. അവരോടെല്ലാം സ്നേഹത്തിന്റെ ഭാഷയിൽ അർപ്പണബോധത്തോടെ നിസ്വാർഥമായി, നിശ്ശബ്ദമായി മറുപടി

പറയുകയാണ് അവർ ചെയ്തത്. ഇവർക്കെല്ലാമൊപ്പം മുന്നിലും പിന്നിലുമായി വിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിലുള്ള സംവിധാനങ്ങളെല്ലാം സജീവമായി പ്രവർത്തിച്ചു.

പൊതുവിദ്യാഭ്യാസ ഡയക്ടറുടെ നേതൃത്വത്തിലും ഹയർസെക്കൻഡറി ഡയറക്ടറേറ്റിൽ ഉയർന്ന ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലും പ്രളയകാലത്തെ അതിജീവനപ്രവർത്തനങ്ങളുടെ ഭാഗമാകാൻ പ്രത്യേക സെൽ രൂപീകരിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ വരുന്ന മുഴുവൻ ജില്ലാതല ഓഫീസർമാരേയും ദേശീയ ദുരന്തനിവാരണ അതോറിറ്റിയുടെ ദുരന്തലഘൂകരണ പദ്ധതി സംബന്ധിച്ച മാർഗനിർദേശങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ജില്ലാതല നോഡൽ ഓഫീസർമാരായി നിയോഗിച്ചു. സമഗ്രശിക്ഷ വിദ്യാലയ ശുചീകരണ പ്രവർത്തനങ്ങൾക്കായി അതത് ജില്ലകളിലെ ജില്ലാ പ്രോഗ്രാം ഓഫീസർമാരെ നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തി. ഇക്കാര്യങ്ങൾക്കു മേൽനോട്ടം വഹിക്കാൻ സംസ്ഥാന ഓഫീസിലെ ഉദ്യോഗസ്ഥരെ ചുമത ലപ്പെടുത്തി. ഹയർ സെക്കൻഡറി എൻ.എസ്.എസ്. വോളന്റിയർമാരോട് രക്ഷാപ്രവർത്തന ങ്ങളുടെ ഭാഗമാകണം എന്ന് നിർദേശിച്ചു. ദുരിതാശ്വാസ കേന്ദ്രങ്ങളിലും അവിടങ്ങളിലേക്ക് സാധനസാമഗ്രികൾ എത്തിക്കാനും തുറന്ന സേവന കേന്ദ്രങ്ങളിൽ എൻ.എസ്.എസ്. വോളന്റിയർമാർ അർപ്പണബോധത്തോടെ പ്രവർത്തിച്ചു.

## ദുരിതാശ്വാസപ്രവർത്തനത്തിൽ സജീവം

ദുരന്തകാലത്ത് പൊതുസമൂഹത്തിന് എത്താവുന്ന പൊതുവിദ്യാലയങ്ങളെല്ലാം ദുരിതാശ്വാസ കേന്ദ്രങ്ങ ളാക്കാമെന്നും ഇതിനായി പൂർണമായും സഹകരി ക്കണമെന്നുമുള്ള നിർദേശം വകുപ്പ് നൽകി. സ്കൂൾകുട്ടികൾക്കടക്കം ദുരിതാശ്വാസകേന്ദ്രങ്ങളിൽ ഭക്ഷണത്തിന് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകാതിരി ക്കാൻ ഉച്ചഭക്ഷണവിതരണത്തിനായി നൽകിയ അരി ദുരിതാശ്വാസ കേന്ദ്രങ്ങളിൽ ഭക്ഷണം നൽകാനായി വിനിയോഗിക്കാം എന്ന് നിർദേശിച്ചു. കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഡിപ്പോകളിൽ സൂക്ഷിച്ച, സ്കൂൾകുട്ടികളുടെ ഉച്ചഭക്ഷണ പദ്ധതി ക്കാവശ്യമായ 17751.63 മെട്രിക് ടണ്ണിൽ നിന്നും 9494 മെട്രിക് ടൺ അരി ജില്ലാഭരണ കൂടവുമായി ആലോചിച്ച് ആവശ്യാനുസരണം വിനിയോഗി ക്കുന്നതിന് നിർദേശം നൽകി.

സ്കൂൾവാഹനങ്ങൾ രക്ഷാപ്രവർത്തനങ്ങൾക്കായി വിട്ടുനൽകാൻ നിർദേശം നൽകി. രക്ഷാ പ്രവർത്തനങ്ങൾക്കായി സ്കൂൾവാഹനങ്ങൾ എല്ലായിടത്തും പ്രയോജനപ്പെടുത്തി. വിവിധ വകുപ്പുകളിലേയും പരീക്ഷാഭവനിലേയും കവചിതവാഹനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വാഹനങ്ങളും രക്ഷാപ്രവർത്തനത്തിനായി വിട്ടുനൽകി.

പ്രളയാനന്തര പ്രവർത്തനങ്ങളിൽ സംഘടിതമായി ഇടപെടാൻ വിദ്യാഭ്യാസവകുപ്പിന്റെ എല്ലാ സംവിധാനങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. ഹയർസെക്കൻഡറിയിലെ സംസ്ഥാനം മുഴുവൻ വ്യാപിച്ചു കിടക്കുന്ന ആയിരത്തിലധികം വരുന്ന എൻ.എസ്.എസ്. യൂണിറ്റുകളിലെ ഒരുലക്ഷം കുട്ടികൾ രക്ഷാപ്രവർത്തനങ്ങളിലും ശുചിത്വപ്രവർത്തനത്തിലും പ്രത്യക്ഷ പങ്കാളിയായി.

പ്രളയബാധിത ജില്ലകളിൽപ്പെടാത്ത അയ്യായിര ത്തിലധികം അധ്യാപകർ സമഗ്രശിക്ഷയുടെ നേതൃത്വത്തിൽ പ്രളയബാധിതപ്രദേശത്തെ വിദ്യാലയങ്ങളിലെ ചെളി അടക്കമുള്ള കാര്യങ്ങൾ നീക്കി വൃത്തിയാക്കുന്നതിൽ പങ്കാളിയായി. പ്രളയ ബാധിതപ്രദേശത്തുള്ളവരുടെ പങ്കാളിത്തം കൂടി പരിഗണിച്ചാൽ പങ്കാളിത്തത്തിന്റെ എണ്ണം ഇനിയും വർധിക്കും. പ്രളയാനന്തരം വിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വത്തിൽ നടന്ന ഏറ്റവും സംഘടിതമായ പ്രവർത്തനമാണ് സമഗ്രശിക്ഷയുടെ ഭാഗമായി നടന്നത്.

വിദ്യാഭ്യാസവകുപ്പിലെ എ.ഇ.ഒ. മാർ, ഡി.ഇ.ഒ. മാർ എന്നിവരുടെ നേതൃത്വത്തിൽ അധ്യാപകർ വിവിധ ജില്ലകളിൽ നിന്നും പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങളിൽ വ്യാപൃതരായി. വിവിധ അധ്യാപക സംഘടനകളുടെയടക്കം നേതൃത്വത്തിൽ ശുചീകരണപ്രവർത്തനം നടത്തി. എസ്.സി.ഇ.ആർ.ടി. ഉദ്യോഗസ്ഥരും ശുചീകരണ പ്രവർത്തനങ്ങളിൽ അവരുടെ പങ്ക് വഹിച്ചു. ഇതിലൊന്നും പെടാതെ പ്രളയം ബാധിക്കാത്ത സ്ഥലങ്ങളിലെ സ്കൂളുകളുടെ നേതൃത്വത്തിൽ അധ്യാപകരുടെയും രക്ഷിതാ ക്കളുടെയും വിവിധ കാര്യങ്ങളിൽ വൈദഗ്ധ്യ മുള്ളവരുടെയും സംഘം ശുചിത്വപ്രവർത്തനത്തിൽ ഏർപ്പെട്ടു. മാനവസ്നേഹത്തിന്റെ, പരസ്പര സഹവർത്തിത്വത്തിന്റെ, സഹകരണമനോഭാവത്തിന്റെ, ഉദാത്താനുഭവമായ പ്രളയാനന്തരശുചീകരണ അതിജീവന പ്രവർത്തനങ്ങളിൽ നിർണായകപങ്ക് വഹിക്കുവാൻ പൊതുവിദ്യാഭ്യാസ വകുപ്പിന് കഴിഞ്ഞു എന്നത് അഭിമാനമുള്ള കാര്യമാണ്.

## പാഠപുസ്തകങ്ങളും പഠനോപകരണങ്ങളും

പുനർനിർമാണ പ്രവർത്തനങ്ങളിലും നിർണായക ഇടപെടൽ വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമാ യുണ്ടായി. പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ടവർ, യൂണിഫോം നഷ്ടപ്പെട്ടവർ, എഴുത്ത് പുസ്തകങ്ങൾ നഷ്ടപ്പെട്ടവർ എന്നിങ്ങനെ പഠനോപകരണങ്ങൾ എല്ലാം നഷ്ടപ്പെട്ടവർ ലക്ഷക്കണക്കിനായിരുന്നു. പ്രളയാനന്തരം വീടുകളും, ദുരിതാശ്വാസ കേന്ദ്രങ്ങളും സന്ദർശിച്ചപ്പോൾ രക്ഷിതാക്കൾ പ്രതികരിച്ചത് അവർക്ക് നഷ്ടപ്പെട്ട വീടിനെക്കുറിച്ചോ മറ്റു വസ്തുവകകളെക്കുറിച്ചോ ആയിരുന്നില്ല. "ഞങ്ങളുടെ കുട്ടികളുടെ പുസ്തകങ്ങളെല്ലാം നഷ്ടപ്പെട്ടു മാഷേ" എന്നായിരുന്നു ആദ്യ പ്രതികരണം. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ എത്രമാത്രം പ്രാധാന്യം നൽകുന്നു എന്നത് ഈ പ്രതികരണങ്ങളിൽ നിന്നെല്ലാം വ്യക്തമാണ്. പ്രളയം തുടങ്ങിയ ഘട്ടത്തിൽതന്നെ വിദ്യാഭ്യാസ വകുപ്പ് മന്ത്രി എന്ന നിലയിൽ ഒരു തീരുമാനമെടുത്തിരുന്നു. പഠനവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് എന്ത് നഷ്ടം

വന്നാലും അത് സൗജന്യമായി നൽകിയിരിക്കും എന്നതായിരുന്നു അത്. അതുകൊണ്ട് ആ ഘട്ടത്തിൽ തന്നെ കെ.ബി.പി.എസിന് പാഠപുസ്തകം അച്ചടിക്കാൻ ഓർഡർ നൽകി. പാഠപുസ്തകത്തിന് പുറമേ, യൂണിഫോം, ബാഗ്, പഠനോപകരണങ്ങൾ, നോട്ടുപുസ്തകം, സ്കൂളിൽ നിലവിലുള്ള മുങ്ങിപ്പോയി കേടുവന്ന കമ്പ്യൂട്ടർ, ലാബ്, ലൈബ്രറി എന്നിവയെല്ലാം പുനർനിർമാണത്തിന്റെ ഭാഗമായി കുട്ടികൾക്ക് നൽകിയിരിക്കും എന്ന തീരുമാനത്തോട് വലിയ സഹകരണമാണുണ്ടായത്.

ഹയർസെക്കൻഡറിയിൽ എൻ.എസ്.എസ്. ഒരു വോളണ്ടിയർ ഒരു നോട്ടുപുസ്തകം എന്ന കണക്കിൽ 1.20 ലക്ഷം നോട്ടുപുസ്തകം സമാഹരിച്ചു. എസ്.എസ്.എ യുടെ നേതൃത്വത്തിൽ പഠനോപകരണങ്ങൾ അടങ്ങുന്ന പഠനകിറ്റുകൾ സമാഹരിച്ചു. ഡി.പി.ഐയുടെ നേതൃത്വത്തിൽ വിവിധ സ്രോതസ്സുകളിൽ നിന്നും നോട്ടുപുസ്തകങ്ങൾ സ്പോൺസർ ചെയ്തു. ഇങ്ങനെ പ്രതീക്ഷിച്ചതിലും വേഗത്തിൽ പാഠപുസ്തക ങ്ങൾ, നോട്ടുപുസ്തകങ്ങൾ, ബാഗ്, പഠനോപകരണങ്ങൾ എന്നിവ നഷ്ടപ്പെട്ട കുട്ടികൾക്ക് നൽകി. ഇത് കുട്ടികളിലുണ്ടാക്കിയ ആത്മവിശ്വാസം സ്കൂൾ സന്ദർശിക്കുന്ന ഘട്ടത്തിലും വീടുകൾ സന്ദർശിക്കുന്ന ഘട്ടത്തിലും നേരിട്ട് അനുഭവിച്ച് അറിയാൻ കഴിഞ്ഞു.

കാലവർഷക്കെടുതിയിലും, വെള്ളപ്പൊക്കത്തിലും സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടവർക്ക് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നിർദേശം ബന്ധപ്പെട്ട പരീക്ഷാഭവനുകൾക്ക് നൽകി. നടപടി ക്രമങ്ങളിൽ ഇളവുനൽകി യുദ്ധകാലാടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നുണ്ട്.

പ്രളയ ദുരന്തത്തിൽപ്പെട്ടവരും ദൃശ്യമാധ്യമങ്ങളിലൂടെ ദുരന്തം കണ്ട് അമ്പരന്നവരുമായ കുട്ടികളുടെ മനസ്സിനെ വീണ്ടെടുക്കാനുള്ള നാനാതരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തി. കുട്ടികൾക്ക് സന്തോഷം പകരുവാനുള്ള കളികളിലും മറ്റുമാണ് പ്രളയാനന്തരം സ്കൂൾ തുറന്നപ്പോൾ ശ്രദ്ധകേന്ദ്രീകരിച്ചത്. കൂടാതെ സമഗ്രശിക്ഷയുടെ നേതൃത്വത്തിൽ കൗൺസലിങ് പ്രവർത്തനം നടന്നു. ചില ജില്ലകളിൽ ജില്ലാ ഓഫീസർമാർ, ഡയറ്റുകൾ എന്നിവരുടെ നേതൃത്വത്തിൽ സാന്ത്വനപ്രവർത്തനങ്ങൾ നടക്കുക യുണ്ടായി. ഹയർ സെക്കൻഡറിയിൽ ബാംഗ്ളൂർ നിംഹാൻസിൽ നിന്നും പരിശീലനം ലഭിച്ച സൗഹൃദ കോ ഓഡിനേറ്റർമാരുടെ സംഘം പ്രളയബാധിത പ്രദേശങ്ങളിലെ സ്കൂളുകൾ സന്ദർശിച്ച് കുട്ടികൾക്ക് ആവശ്യമായ സാന്ത്വന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.

യൂണിസെഫും എസ്.സി.ഇ.ആർ.ടി. യും ചേർന്ന് വിപുലമായ മനശ്ശാസ്ത്രപരവും സാമൂഹികവും ആയ വിനോദത്തിന് പ്രാമുഖ്യം നൽകുന്ന കൗൺസലിങ്ങിനായി സമഗ്രമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കി. ഇതിനായുള്ള അധ്യാപക പരിശീലനങ്ങളും, സ്കൂൾതല പ്രവർത്തനങ്ങളും പൂർത്തിയായിരുന്നു.

### 14 കോടി രൂപയിലധികം സമാഹരിച്ചു കുരുന്നുകൾ

കഷ്ടപ്പെട്ട മനസ്സുകളോട് അനുതാപം പ്രകടിപ്പിക്കുക എന്നത് ഏതൊരു മനുഷ്യ സ്നേഹിയുടെയും കർത്തവ്യമാണ്. ഈ കർത്തവ്യം ഏറ്റവും മികച്ചനിലയിൽ ഏറ്റെടുത്ത് നടപ്പാക്കാൻ വിദ്യാഭ്യാസ സംവിധാനങ്ങൾക്ക് കഴിഞ്ഞു. പ്രളയഘട്ടത്തിൽ ഭക്ഷണം, വസ്ത്രം, മറ്റ് അത്യാവശ്യകാര്യങ്ങൾ എന്നിവ സംഭാവനചെയ്ത മനുഷ്യസ്നേഹികൾക്കിടയിൽ വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരും, വിദ്യാർഥികളു മുണ്ടായിരുന്നു. പ്രളയാനന്തര കേരളത്തിന്റെ പുനർ നിർമാണത്തിൽ മലയാളികളോട് മുഖ്യമന്ത്രി സഹായ മഭ്യർഥിച്ചപ്പോൾ അതിന് പൂരകമായ പ്രവർത്തനങ്ങൾ വിദ്യാഭ്യാസവകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായി. കേരളത്തിലെ വിദ്യാലയങ്ങളിലുള്ള കുഞ്ഞുങ്ങളിൽ നിന്നും 14 കോടി രൂപയിലധികം സമാഹരിച്ചു. സാലറിചലഞ്ചിൽ വലിയ വിഭാഗം അധ്യാപകരും വകുപ്പിലെ മറ്റു ഉദ്യോഗസ്ഥരും പങ്കാളികളായി.

പ്രളയത്തിൽ കേടുപാടുകൾ പറ്റിയ സ്കൂൾ പുനർനിർമിക്കുന്നതിന്റെ ആസൂത്രണ ഘട്ടത്തിലാണ് ഇപ്പോൾ. പൂർണമായും ഭാഗികമായും തകർന്ന കെട്ടിടങ്ങൾ, മതിലുകൾ, ലാബുകൾ, ലൈബ്രറികൾ, ഭക്ഷണശാലകൾ, ടോയ്‌ലറ്റുകൾ എന്നിവയൊക്കെയുണ്ട്. ഇവയെല്ലാം പുതുക്കിപ്പണിയേണ്ടതുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പും, സമഗ്രശിക്ഷയും ഇതിനായുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഇതിനായി കരട് എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. സമഗ്രശിക്ഷ ദേശീയതലത്തിൽ സമഗ്രശിക്ഷാസംവിധാനത്തിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസവകുപ്പും സാധ്യമായ ഏജൻസികൾക്കും പ്രൊപ്പോസൽ നൽകി. സഹായം ലഭ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

പ്രളയത്തെതുടർന്ന് പല കാര്യങ്ങളിലും പ്രവർത്തനങ്ങൾ പുന:ക്രമീകരിച്ചിട്ടുണ്ട്. കുട്ടികളുടെ പ്രതിഭാപ്രകടനത്തിന് യാതൊരു കോട്ടവും ഇല്ലാതെ യുവജനമേളകൾ നടത്താൻ തീരുമാനിച്ചു. ഒന്നാം പാദവാർഷിക പരീക്ഷ വേണ്ടെന്നുവച്ചു. എന്നാൽ ഇതിനായി തയ്യാറാക്കിയ ടൂൾ ഉപയോഗിച്ച് വിശദമായി ചർച്ചകൾ ക്ലാസിൽ നടത്തണം എന്നു തീരുമാനിച്ചു. കഴിഞ്ഞവർഷം തയാറാക്കിയ അക്കാദമിക മാസ്റ്റർപ്ലാനുകളെ പ്രവർത്തനപദ്ധതികളാക്കി മാറ്റുന്ന പ്രവർത്തനം ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു.

മികവിന്റെ വർഷമായ ഈ വർഷം ഏറ്റവും മികവുറ്റ നിലയിൽ അക്കാദമിക മുന്നേറ്റം ഉണ്ടാക്കാനുള്ള കൂട്ടായ ശ്രമത്തിലാണ് പൊതുവിദ്യാഭ്യാസ വകുപ്പ്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പശ്ചാത്തലത്തിൽ സമൂഹപിന്തുണയോടെ അക്കാദമിക പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാനുള്ള നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

# ഗതാഗതവകുപ്പിന്റെ രക്ഷാദൗത്യം



**എ.കെ.ശശീന്ദ്രൻ**
ഗതാഗതമന്ത്രി

**കേരള മോട്ടോർ വാഹനവകുപ്പും കെഎസ്ആർടിസിയും കേരളാ ജലഗതാഗത വകുപ്പും അവസര ത്തിനൊത്ത് ഉണർന്നു പ്രവർത്തിച്ചു**

ഏത് പ്രതികൂലസാഹചര്യങ്ങളെയും അതിജീവിക്കാൻ ഇച്ഛാശക്തിയും കരുത്തുമുള്ളവരാണ് കേരളീയരെന്ന് ലോകത്തിന് കാട്ടിക്കൊടുക്കാൻ പ്രളയകാലത്ത് നമുക്കായി. നിർത്താതെ പെയ്ത കനത്ത മഴയിലും മലവെള്ള പ്പാച്ചിലിലും സംസ്ഥാനത്തെ മിക്ക അണക്കെട്ടു കളിലും സംഭരണശേഷിയേക്കാൾ കൂടുതൽ വെള്ളം ഒഴുകിയെത്തി. ഇതോടെ അണക്കെട്ടു കളെല്ലാം തുറന്നുവിടേണ്ടി വന്നു. ഇടമുറിയാതെ പെയ്ത മഴമൂലം താരതമ്യേന ഉയർന്ന പ്രദേശ ങ്ങളിൽപോലും വെള്ളം കയറുകയും റോഡ്, റെയിൽ വഴിയുള്ള ഗതാഗതവും അന്തർദേശീയ വിമാനത്താവളം പോലും അടച്ചിടേണ്ടതായും വന്നു. ഇത്തരമൊരു സാഹചര്യം അടുത്ത കാലത്തൊന്നും നേരിട്ടിട്ടില്ലാത്ത കേരളീയ സമൂഹം പ്രളയദുരന്തത്തിൽ വിറങ്ങലിച്ചു. എന്നാൽ രക്ഷാദൗത്യത്തിനായി ഒന്നിച്ചണിനിരക്കണമെന്ന മുഖ്യമന്ത്രി പിണറായി വിജയന്റെ ആഹ്വാനം അക്ഷരംപ്രതി അനുസരിച്ച് ജാതി,മത,രാഷ്ട്രീയ ഭേദമെന്യേ ഒരു ജനത ഒറ്റക്കെട്ടായി അണിനിരന്ന കാഴ്ചയാണ് പിന്നീട് നമ്മൾ കണ്ടത്. രക്ഷാ പ്രവർത്തനത്തിന് സർക്കാർ വകുപ്പുകളെല്ലാം തന്നെ സുസജ്ജമായി രംഗത്തിറങ്ങി. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം മികച്ച രീതിയിൽ നടത്തുന്നതിന് മുഖ്യമന്ത്രി പ്രത്യേകം ശ്രദ്ധിച്ചു. കേരള മോട്ടോർ വാഹനവകുപ്പും കെഎസ്ആർടിസിയും കേരളാ ജലഗതാഗത വകുപ്പും അവസരത്തിനൊത്ത് ഉണർന്നു പ്രവർത്തിച്ചു എന്നത് നമുക്കോരോരുത്തർക്കും അഭിമാനത്തിന് വക നൽകുന്നു. രക്ഷാ പ്രവർത്ത നത്തിലേർപ്പെട്ട സൈന്യത്തിനും പോലീസിലും രക്ഷാപ്രവർത്തകർക്ക് വേണ്ടി കേരളത്തിലുടനീളം ആവശ്യാനുസരണം വാഹനസൗകര്യങ്ങൾ ഏർപ്പെടുത്തിയത് മോട്ടോർ വാഹനവകുപ്പും കെ.എസ്.ആർ.ടി.സിയും ചേർന്നാണ്.

### കെ.എസ്.ആർ.ടി.സി

കെ.എസ്.ആർ.ടി.സി-യുടെ ഒൻപത് ഡിപ്പോകൾ പൂർണമായും 15 ഡിപ്പോകൾ ഭാഗികമായും വെള്ള



ത്തിനടിയിലായ അവസ്ഥയിലായിരുന്നെങ്കിലും പ്രളയം ഏറ്റവും കടുത്ത ദിനത്തിൽ പോലും 5588 സർവീസുകളിൽ പകുതിയോളം ഓപ്പറേറ്റ് ചെയ്തത് യാത്രക്കാർക്ക് ആശ്വാസമായി. കട്ടപ്പന ഡിപ്പോ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും ഒലിച്ചുപോയ അവസ്ഥയുമുണ്ടായി. കെ.എസ്. ആർ.ടി.സിയിലെ ജീവനക്കാരും ഓഫീസർമാരും നേരിട്ട് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കാളി കളാവുകയുണ്ടായി. സ്വന്തം വീടും കുടുംബവും വെള്ളത്തിലും ദുരിതാശ്വാസ ക്യാമ്പിലും കഴിയുമ്പോഴാണ് കോർപ്പറേഷൻ ജീവനക്കാർ ഇതൊക്കെ ചെയ്തത് എന്നത് അഭിനന്ദനാർഹ മാണ്. ബസ് സർവീസ് നടത്താൻ കഴിയുന്ന സ്ഥലങ്ങളിലെല്ലാം സർവീസ് നടത്തി. ബസ് ഓടിക്കാൻ കഴിയാതിരുന്ന ആലുവ- അങ്കമാലി റൂട്ടിലെ അത്താണിയിൽ അത്താണിവരെ ബസ്സിലും പിന്നീട് ലോറിയിലും യാത്രക്കാരെ കയറ്റി എറണാകുളം-തൃശൂർ റൂട്ടിൽ ഗതാഗതം നടത്തി. 250 ഓളം കെ.എസ്.ആർ.ടി.സി ബസ്സുകൾ ഓട്ടത്തിനിടെ നിന്നുപോയി. വെള്ളം കയറി നിന്നുപോയ ബസ്സുകളിലെ യാത്രക്കാരെ സുരക്ഷിതമായി അടുത്ത ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിക്കുകയും

ചെയ്തു. ഇത്തരത്തിൽ വെള്ളത്തിൽ അകപ്പെട്ട ബസ്സുകൾക്ക് ജീവനക്കാർ സ്വയം രക്ഷനോക്കാതെ കാവലിരിക്കുകയായിരുന്നു. സുരക്ഷാ ഉപകരണങ്ങളിൽ കാറ്റ് നിറച്ച് നൽകിയും കാറ്റു നിറച്ച ട്യൂബുകൾ നൽകിയും ഓയിൽ ബാരലുകൾ കൂട്ടിക്കെട്ടി താത്ക്കാലിക ചങ്ങാടങ്ങൾ ഉണ്ടാക്കിയും ബോട്ട് ഇറക്കുന്നതിന് വേണ്ട ടയർ, ട്യൂബ് എന്നിവ നൽകിയും കെ.എസ്.ആർ.ടി.സി



രക്ഷാപ്രവർത്തനത്തിൽ പങ്കാളിയായി. വിമാന ത്താവളം, ബസ് സ്റ്റേഷനുകൾ, വെള്ളപ്പൊക്ക കേന്ദ്രങ്ങൾ, ദുരിതാശ്വാസ ക്യാമ്പുകൾ എന്നിവിട ങ്ങളിലെല്ലാം രക്ഷാദൗത്യത്തിന് കെ.എസ്.ആർ.ടി.സി സജീവമായി. ബസ് സ്റ്റേഷനിൽ എത്താൻ കഴിയാതിരുന്ന ജീവനക്കാർ ദുരിതാശ്വാസത്തിന്റെ ഭാഗമായി സർക്കാർ വാഹനങ്ങളും ട്രക്കുകളും ഓടിച്ച് ദുരിതാശ്വാസ പ്രവർത്തനത്തിൽ പങ്കാളികളായി. 300803386 കോടി രൂപയുടെ നഷ്ടമാണ് കെ.എസ്.ആർ.ടി.സി ക്ക് ഉണ്ടായത്.

## മോട്ടോർ വാഹന വകുപ്പ്

പ്രളയദുരന്ത രക്ഷാപ്രവർത്തനത്തിൽ മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം പ്രശംസനീയമാണ്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുമായി ചേർന്ന് സെക്രട്ടേറിയേറ്റിലും എയർപോർട്ട് ടെർമിനലിലും മോട്ടോർ വാഹന വകുപ്പിന്റെ കൺട്രോൾ റൂം 24 മണിക്കൂറും സജീവമായി പ്രവർത്തിച്ചു. സംസ്ഥാനദുരന്ത നിവാരണ സമിതിയുടെ നിർദേശാനുസരണം തിരുവനന്തപുരം ജില്ലയിലെ എല്ലാ ആർ.ടി.ഒ, സബ് ആർ.ടി.ഒ ഓഫീസുകളുടെ പരിധിയിൽ നിന്നും ഏർപ്പെടുത്തിയ വാഹനങ്ങൾ എയർപോർട്ടിൽ എത്തിക്കുകയും വിവിധ മേഖലകളിലേക്ക് പോലീസ് അകമ്പടിയോടെ വിന്യസിക്കുകയും ചെയ്തു. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ലഭ്യമാക്കിയ കുടിവെള്ളം, ഭക്ഷണം, വസ്ത്രം, മരുന്ന് മുതലായവ കളക്ഷൻ സെന്ററുകളിൽ നിന്ന് ശേഖരിച്ച് എത്തിക്കുന്നതിന് ചരക്ക് വാഹനങ്ങൾ ഏർപ്പെടുത്താൻ കഴിഞ്ഞത് മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരുടെ അവസരോചിത ഇടപെടൽ മൂലമാണ്. കൺട്രോൾ റൂമിന്റെ നിർദേശപ്രകാരം മുഴുവൻ പ്രദേശങ്ങളിലും ആവശ്യമായ വാഹനങ്ങൾ അതത് ആർ.ടി.ഒ മാരുടെ സഹായത്തോടെ യഥാസമയം സംഘടിപ്പിച്ച് നൽകിയിട്ടുണ്ട്. ഓരോ ആർ.ടി ഓഫീസ് പരിധിയിലും അതത് ആർ.ടി.ഒ മാരുടെ നേതൃത്വത്തിൽ വകുപ്പിനാൽ കഴിയുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളാണ് നടത്തിയത്.

രക്ഷാ,ദുരിതാശ്വാസ പ്രവർത്തനത്തിനും മറ്റുമായി സംസ്ഥാനത്താകെ 3875 ലേറെ വാഹനങ്ങളാണ് മോട്ടോർ വാഹന അധികൃതർ പിടിച്ചെടുത്ത് നൽകിയത്. ഇതിൽ വിവിധ ജില്ലകളിലായി ട്രക്ക് ട്രെയിലർ ഉൾപ്പെടെയുള്ള 1580 ഹെവി ഗുഡ്സ് വെഹിക്കിളും 609 ഗുഡ്സ് വെഹിക്കിളും സംഘടിപ്പിച്ചു നൽകി. എറണാകുളം ജില്ലയിൽ മാത്രം 539 ട്രക്കുകളും 168 ട്രെയിലറുകളും മോട്ടോർ വാഹന അധികൃതർ പിടിച്ചെടുത്ത് രക്ഷാദൗത്യത്തിന് എത്തിച്ചു. സംസ്ഥാനത്താകെ 124 ജീപ്പുകളാണ് രക്ഷാപ്രവർത്തനത്തിനായി നൽകിയത്. ഇതിൽ കണ്ണൂരിലെ മലയോര മേഖലകളിൽ നിന്നും ജനങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് എത്തിക്കുന്നതിന് മാത്രം 55 ഓളം ജീപ്പുകൾ ലഭ്യമാക്കി. പ്രളയസമയത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരി ക്കുന്ന വാഹനങ്ങൾക്കും മറ്റും യഥാസമയം ഇന്ധനം ലഭ്യമാക്കേണ്ടത് ആവശ്യകതയായിരുന്നു. ഇത് മുന്നിൽ കണ്ട് അന്യസംസ്ഥാനത്ത് നിന്ന് അടിയന്തരമായി ഇന്ധനം എത്തിക്കുന്നതിന് 37 ടാങ്കർ വാഹനങ്ങൾ കണ്ണൂരിൽ ലഭ്യമാക്കി. വെള്ളം കയറിയ താഴ്ന്ന പ്രദേശങ്ങളിലെ ജനങ്ങളെ സുരക്ഷിത സ്ഥാനത്ത് എത്തിക്കുന്നതിനുള്ള മാർഗമായിരുന്നു ടോറസുകളും ടിപ്പറുകളും.

സംസ്ഥാനത്ത് ആകെ 212 ടോറസ്-ടിപ്പറുകളാണ് മോട്ടോർ വാഹന അധികൃതരുടെ നിർദേശാനുസരണം രക്ഷാപ്രവർത്തനത്തിന് ഇറങ്ങിയത്. ഇതിൽ കോട്ടയം ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളിലെ ജനങ്ങളെ രക്ഷിക്കുന്നതിനായി 60 ടോറസുകളും ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിൽ 55 വീതവും ടിപ്പറുകൾ പിടിച്ചെടുത്ത് നൽകി. ട്രാക്ടറുകളും, ജെ.സിബി, ക്രെയിൻ എന്നിവയും യഥാസമയം ഈ പ്രദേശങ്ങളിൽ ലഭ്യമാക്കി. 45 ഓളം ജെ.സി.ബികളാണ് ഇത്തരത്തിൽ ലഭ്യമാക്കിയത്. സംസ്ഥാനത്ത് 81 ലേറെ സ്വകാര്യ ബസ്സുകൾ

രക്ഷാപ്രവർത്തനത്തിനായി ലഭ്യമാക്കി. ഇതിൽ പാലക്കാട് ജില്ലയിൽ രക്ഷാപ്രവർത്തകരെ എത്തിക്കുന്നതിനും ജനങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റുന്നതിനുമായി 22 ഉം തൃശ്ശൂരിൽ 180 ഉം സ്വകാര്യ ബസ്സുകൾ രക്ഷാ പ്രവർത്തനത്തിനായി നൽകി. ഇതിനെല്ലാം ഉപരി ഗതാഗത തടസ്സം നേരിട്ട പ്രദേശങ്ങളിൽ ഫീൽഡ് ഓഫീസർമാർ പട്രോളിംഗ് നടത്തി ഗതാഗതം നിയന്ത്രിച്ചു. പ്രളയം കാര്യമായി ബാധിച്ച ചാലക്കുടിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം മോട്ടോർ വാഹന വകുപ്പ് ആരംഭിച്ചിരുന്നു. ഇവിടെ എം.വി.ഐയുടെയും എ.എം.വി.ഐയുടെയും സേവനം 24 മണിക്കൂറും ലഭ്യമാക്കി. മലപ്പുറത്തിന്റെ മലയോര മേഖലകളിലും മറ്റും രക്ഷാപ്രവർത്തകരെയും സൈന്യത്തേയും എത്തിക്കുന്നതിനും മറ്റുമായി ചെറുലോറികളും ജെ.സി.ബി ഉൾപ്പെടെയുള്ള മറ്റ് വാഹനങ്ങളും ലഭ്യമാക്കി.

സ്കൂൾ ബസുകളും ഡ്രൈവിംഗ് സ്കൂൾ വാഹനങ്ങളുമടക്കം പിടിച്ചെടുത്ത് യഥാസമയം എത്തിക്കാൻ വകുപ്പിന് കഴിഞ്ഞു. 239 സ്കൂൾ വാഹനങ്ങളും 10 ഡ്രൈവിംഗ് സ്കൂൾ വാഹനങ്ങളും ഇത്തരത്തിൽ ലഭ്യമാക്കി. എറണാകുളത്ത് മാത്രം 221 ഓളം സ്കൂൾ ബസ്സുകളാണ് രക്ഷാപ്രവർത്തനത്തിനും അനുബന്ധ ആവശ്യങ്ങൾക്കുമായി വകുപ്പ് സംഘടിപ്പിച്ചു നൽകിയത്. ജില്ലയിൽ കുടിവെള്ളക്ഷാമം രൂക്ഷമായപ്പോൾ 89 ഓളം ടാങ്കറുകൾ ലഭ്യമാക്കി കുടിവെള്ളം എത്തിക്കുവാൻ സാധിച്ചു. സംസ്ഥാനത്താകെ 128 കുടിവെള്ള ടാങ്കറുകളാണ് വകുപ്പിന്റെ ഇടപെടൽ മൂലം ദുരിതാശ്വാസ പ്രവർത്തനത്തിന് ഇറക്കിയത്. മഴക്കെടുതി ആദ്യമേ ബാധിച്ച ജില്ലയായിരുന്നു വയനാട്. വയനാട്ടിലെ ചുരം ഉൾപ്പെടെയുള്ള പ്രധാന പാതകളിൽ മണ്ണിടിഞ്ഞും ഉരുൾപൊട്ടിയും തകർന്ന റോഡുകൾ ഗതാഗതയോഗ്യമാക്കുവാൻ ജെ.സി.ബിയും എസ്കവേറ്ററും ഉൾപ്പെടെയുള്ളവ യഥാസമയം എത്തിച്ചുനൽകാൻ കഴിഞ്ഞത് ദുരിതാശ്വാസ രക്ഷാപ്രവർത്തനങ്ങളുടെ വേഗം വർധിപ്പിച്ചു.

പ്രളയക്കെടുതി ഏറ്റവും ബാധിച്ച ജില്ല കളിലൊന്നാണ് പത്തനംതിട്ട. ജില്ലയിലെ റാന്നി, ആറന്മുള, കോഴഞ്ചേരി, തിരുവല്ല എന്നി വിടങ്ങളിലെ ആയിരക്കണക്കിന് ജനങ്ങളാണ് ദുരിതമനുഭവിച്ചത്. ഈ സാഹചര്യം കണക്കിലെടുത്ത് താലൂക്ക് ഓഫീസിൽ മോട്ടോർ വാഹനവകുപ്പ് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം ആരംഭിച്ചു. ജില്ലാ ആസ്ഥാനത്ത് മൂന്ന് ഉദ്യോഗസ്ഥരെ 24 മണിക്കൂറും സേവനസന്നദ്ധരായി നിയോഗിച്ചു. പെട്രോൾ പമ്പുകളിൽ നിന്നും ദുരിതാശ്വാസ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന വാഹനങ്ങൾക്ക് പെട്രോൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. സംസ്ഥാനത്താകെ 207 മോട്ടോർ ക്യാബുകളും 338 ലൈറ്റ് മോട്ടോർ വെഹിക്കിളുകളും 180 ആംബുലൻസുകളും 57 ഓഫീസ് വാഹനങ്ങളും മോട്ടോർ വാഹന അധികൃതരുടെ ഇടപെടൽ മൂലം ദുരിതാശ്വാ സപ്രവർത്തനത്തിന് ഇറക്കാൻ സാധിച്ചു.

പ്രളയക്കെടുതിയിൽ ഒറ്റപ്പെട്ട് അതീവ ദുരി തമേഖലയായി മാറിയ ചെങ്ങന്നൂരിൽ രക്ഷാ ദൗത്യത്തിന്റെ മുൻനിരയിലായിരുന്നു മോട്ടോർ വാഹന വകുപ്പ്. ആലപ്പുഴ ആർ.ടി.ഒയുടെ നേതൃത്വത്തിൽ ചെങ്ങന്നൂരിലെയും സമീപ



സബ് ആർ.ടി.ഓഫീസുകളിലെയും ഉദ്യോഗസ്ഥർ ഒറ്റക്കെട്ടായി നിന്നതിന്റെ ഫലമായി കൊണ്ടുവന്ന 27 വള്ളങ്ങൾ ഉൾപ്പെടെ 200 ൽപ്പരം വള്ളങ്ങൾ രക്ഷാദൗത്യത്തിന് എത്തിക്കുകയുണ്ടായി. കൂടാതെ അവ കയറ്റിവന്ന വാഹനങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് റവന്യൂവകുപ്പിന് കൈമാറി അവയ്ക്കു വേണ്ടുന്ന ഇന്ധനവും സേഫ്റ്റി ഉപകരണങ്ങളും നൽകി. ദുരന്തനിവാരണ സേന, പാരാമിലിറ്ററി സേനകൾ, നാവിക സേനാംഗങ്ങൾ എന്നിവർക്ക് വേണ്ടി വാഹനങ്ങൾ സമയബന്ധിതമായി വിവിധ സ്ഥലങ്ങളിൽ നിന്നും ശേഖരിച്ചുനൽകി. രക്ഷാപ്രവർത്തകർ കരയ്ക്ക് എത്തിക്കുന്ന ജനങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റുന്നതിന് ടോറസ് ടിപ്പർ ഉൾപ്പെടെയുള്ള വാഹനങ്ങൾ ശേഖരിച്ച് റവന്യൂ വകുപ്പിന് കൈമാറി. രക്ഷാപ്രവർത്തനത്തിന് എത്തിച്ച മത്സ്യബന്ധന വള്ളങ്ങൾ തിരിച്ച് വിവിധ സ്ഥലങ്ങളിലേക്ക് കൊണ്ടുപോകുന്ന തിനായി ഹെവി ഗുഡ്സ് വാഹനങ്ങൾ ശേഖരിച്ച് അവയ്ക്ക് ആവശ്യമായ ഇന്ധനം നിറച്ച് കയറ്റി വിടുന്നതിനുള്ള ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയത് ചെങ്ങന്നൂരിലെ മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരാണ്. ആഗസ്റ്റ് 19-ന് രാത്രി ആർ.ടി.ഒ ഉൾപ്പെടുന്ന അവലോകന യോഗത്തിലെ തീരുമാന പ്രകാരം ദുരന്തനിവാരണ

പ്രവർത്തനത്തിനും മറ്റുമായി ഹെവി ഗുഡ്സ് വാഹനങ്ങളും മോട്ടോർ ക്യാബുകളും എത്തിച്ചു നൽകി. മോട്ടോർവാഹന വകുപ്പിലെ 20-ൽപ്പരം ഉദ്യോഗസ്ഥരാണ് ചെങ്ങന്നൂർ സബ് ആർ.ടി ഓഫീസിൽ ക്യാമ്പ് ചെയ്ത് രക്ഷാ പ്രവർത്തനത്തിന് നേതൃത്വം നൽകിയത്. പ്രതികൂല സാഹചര്യത്തിലും കൈയും മെയ്യും മറന്ന് പ്രളയക്കെടുതിയിൽ രക്ഷാപ്രവർത്തനത്തിൽ ശക്തമായ സാന്നിധ്യം അറിയിച്ച ഉദ്യോഗസ്ഥരെല്ലാം അഭിനന്ദനമർഹിക്കുന്നു.



## ജലഗതാഗത വകുപ്പ്

പ്രളയം ദുരന്തം വിതച്ച കുട്ടനാട് മേഖലയിലടക്കം ജനങ്ങളുടെ ഏക ആശ്രയമായിരുന്നു ജലഗതാഗത വകുപ്പിന്റെ ബോട്ടുകളും വാട്ടർ ആംബുലൻസും. കുട്ടനാട്ടിലെ പ്രളയബാധിത മേഖലകളിൽ ഒറ്റപ്പെട്ട് കഴിയുന്നവരെ കരയ്ക്ക് എത്തിക്കുന്നതിന് വേണ്ടി നിലവിലുള്ള സർവീസുകൾക്ക് പുറമെ കൂടുതൽ ബോട്ടു സർവീസുകൾ നടത്തുകയുണ്ടായി. ജൂലൈ 17 മുതൽ ആഗസ്റ്റ് 21 വരെ 8164 സർവീസുകളാണ് വകുപ്പിന്റെ ബോട്ടുകൾ നടത്തിയത്. ഇതിൽ 800 ലേറെ സൗജന്യ സർവീസുകളാണ്. 270 റെസ്ക്യു സർവീസുകളും നടത്തി. ഈ ദിവസങ്ങളിലായി 4,98,962 യാത്രക്കാരാണ് ബോട്ടുകളെ ആശ്രയിച്ചത്. ഇതിൽ 53013 പേർ സൗജന്യ സർവീസിനെ ആശ്രയിച്ചു.വകുപ്പിന് കീഴിലുള്ള അഞ്ച് വാട്ടർ ആംബുലൻസുകൾ പ്രളയബാധിത മേഖലകളിൽ സൗജന്യ സർവീസ് നടത്തി ജനങ്ങളെ സുരക്ഷിതസ്ഥാനത്തേക്ക് എത്തിച്ചു. രക്ഷാദൗത്യത്തിനൊപ്പം രക്ഷിച്ച് ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ചവർക്ക് സഹായം നൽകുന്നതിലും വകുപ്പിലെ ഉദ്യോഗസ്ഥർ മുൻനിരയിലുണ്ടായിരുന്നു. ക്യാമ്പുകളിലേക്ക് വേണ്ട കുടിവെള്ളം, ഭക്ഷ്യവസ്തുക്കൾ എന്നിവ വകുപ്പിന്റെ പൈലറ്റ് ബോട്ടുകളിലാണ് എത്തിച്ച് നൽകിയത്. കേരളത്തെയാകെ ഭീതിയിലാഴ്ത്തിയ വെള്ളപ്പൊക്കം, ജലഗതാഗതവകുപ്പ് സർവീസ് നടത്തുന്ന മേഖലകളിലെ ഒറ്റപ്പെട്ട പല ദ്വീപുകളെയും വെള്ളത്തിനടിയിലാക്കി. പ്രളയത്തിൽ അകപ്പെട്ട കുട്ടനാട്, കാവാലം, വെളിയനാട്, ചമ്പക്കുളം, പുളിങ്കുന്ന്. വൈക്കം, കുമരകം, നെടുമുടി എറണാകുളം ജില്ലയിലെ പിഴ, കുറംകോട്ട, കടമക്കുടി, താന്തോന്നിത്തുരുത്ത് എന്നിവിടങ്ങളിലെ ആയിരക്കണക്കിന് ജനങ്ങൾക്കു താങ്ങും തണലും ആശ്വാസവുമായത് വകുപ്പിന്റെ ബോട്ടുകളാണ്. ആഗസ്റ്റ് 23 വരെ 38 ബോട്ടുകളിൽ 9107 ട്രിപ്പുകളിലായി 10,53,447 പേരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റാൻ സാധിച്ചു. പല ബോട്ട് ജെട്ടികളും വെള്ളത്തിൽ മുങ്ങിപ്പോയതിനാൽ ജീവനക്കാർ സ്വന്തം ജീവൻ പോലും തൃണവത്ക്കരിച്ചാണ് എല്ലാസ്ഥലങ്ങളിലും എത്തിച്ചേർന്ന് ഒറ്റപ്പെട്ടുപോയ ജനങ്ങളെ ബോട്ടിൽ കയറ്റി രക്ഷിച്ചത്. കുട്ടനാട്ടിലും എറണാകുളം ജില്ലയിലെ മേഖലകളിലും റെസ്ക്യൂ ആംബുലൻസ് ഡോക്ടർമാർ, നഴ്സുമാർ എന്നിവരടങ്ങുന്ന സംഘത്തോടുകൂടി സൗജന്യ സർവീസ് നടത്തി ജനങ്ങളുടെ ജീവന് സംരക്ഷണം നൽകിയത് അനുസ്മരണീയമാണ്. പശു ഉൾപ്പെടെയുള്ള വളർത്തുമൃഗങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റാനും ജലഗതാഗതവകുപ്പിന്റെ ബോട്ടുകൾ ഉപയോഗപ്പെടുത്തി. കനത്ത മഴയിൽ ഇടുക്കി ഉൾപ്പെടെയുള്ള ഡാമുകൾ തുറന്നുവിട്ട ദിവസങ്ങളിൽ, എറണാകുളം ജില്ലയിലെ പെരിയാറിന്റെ കൈവഴികളിൽ ഉള്ള ദ്വീപ് സമൂഹങ്ങളായ പിഴല, കുറംകോട്ട എന്നിവിടങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ വെള്ളം കയറാനുള്ള സാധ്യത കണക്കിലെടുത്ത് 250 ഓളം കുടുംബങ്ങളെ രാത്രിയിൽ തന്നെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിയത് വകുപ്പിന്റെ ബോട്ടിലാണ്. ജല ആംബുലൻസ് വഴി 60 ട്രിപ്പുകളിലായി ഏകദേശം 180 ഓളം രോഗികളെയും കൂട്ടിരുപ്പുകാരെയും ആശുപത്രിയിലും തിരികെ വീട്ടിലും എത്തിച്ചിട്ടുണ്ട്. ആഗസ്റ്റ് 30ന് പ്രളയബാധിത മേഖലയായ കുട്ടനാട്ടിലെ വിവിധ പ്രദേശങ്ങളിൽ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ജലഗതാഗതവകുപ്പ് ജീവനക്കാർ കാവാലം, കൈനകരി, ചേന്നംകരി, നെടുമുടി കുപ്പപ്പുറം, വെളിയനാട് എന്നിവിടങ്ങളിൽ മരുന്ന് വിതരണം നടത്തി. ജലഗതാഗത വകുപ്പ് ജീവനക്കാരും ഹരിത കേരളമിഷനും സെക്രട്ടേറിയറ്റിലെ ജീവനക്കാരും സംയുക്തമായി കുട്ടനാട്ടിലെ വിവിധ പ്രദേശങ്ങളിൽ ശുചീകരണവും നടത്തി. സെപ്റ്റംബർ രണ്ടിന് സന്നദ്ധ സംഘടനകളും ജലഗതാഗതവകുപ്പും ചേർന്ന് രാവിലെ 10 മുതൽ രാത്രി ഏഴു വരെ കുട്ടനാട്ടിലെ വിവിധ പ്രദേശങ്ങളിൽ ശുദ്ധജല വിതരണം നടത്തി. ഇതിന് വേണ്ടി വകുപ്പിന്റെ ബോട്ടുകളും വിട്ടു നൽകി.

# പ്രളയാനന്തര ആരോഗ്യം



**കെ.കെ. ശൈലജ ടീച്ചർ**
ആരോഗ്യ, സാമൂഹികനീതി, വനിത, ശിശുവികസന മന്ത്രി

**പ്രളയാനന്തരമുണ്ടായ പകർച്ചവ്യാധികളെ ഫലപ്രദമായി കേരളത്തിന് പ്രതിരോധിക്കാൻ കഴിഞ്ഞു എന്നത് ആരോഗ്യ വകുപ്പിന്റെ വലിയ നേട്ടമാണ്.**



കേരളം വലിയൊരു പ്രളയക്കെടുതിയിൽ നിന്നും കരകയറിക്കൊണ്ടിരിക്കുകയാണ്. പ്രളയാനന്തരമുണ്ടായ പകർച്ചവ്യാധികളെ ഫലപ്രദമായി കേരളത്തിന് പ്രതിരോധിക്കാൻ കഴിഞ്ഞു എന്നത് ആരോഗ്യ വകുപ്പിന്റെ വലിയ നേട്ടമാണ്. വ്യക്തമായ പ്ലാനിങ്ങും ശക്തമായ പ്രവർത്തനങ്ങളും ഏകോപനവുമാണ് പ്രളയാനന്തര പകർച്ചവ്യാധികളിൽ നിന്നും രക്ഷപ്പെടാൻ നമ്മെ സഹായിച്ചത്. ആരോഗ്യ രംഗത്ത് കേരളം മറ്റു പല വികസിത രാജ്യങ്ങളോടും കിടപിടിക്കാവുന്ന തരത്തിലേക്ക് ഉയർന്നതിന്റെ മറ്റൊരു ഉദാഹരണമാണിത്. ഇപ്പോൾ കേരളത്തിന്റെ ആരോഗ്യ മേഖലയിലെ നേട്ടങ്ങൾ പലതും ലോക രാജ്യങ്ങൾ ഉറ്റുനോക്കുന്ന സ്ഥിതിയുണ്ട്.

അപ്രതീക്ഷിതമായി നിപ വൈറസ് ബാധയുണ്ടപ്പോൾ പകച്ചു നിൽക്കാതെ പൊതുജന ശൃംഖലയെയാകെ ശാസ്ത്രീയമായി സംഘടിപ്പിച്ചു. സ്വകാര്യ മേഖലയുടേത് പങ്കാളിത്തം ഉറപ്പാക്കി നാം നടത്തിയ പ്രവർത്തനം പിന്നീട് ലോക ശ്രദ്ധയാകർഷിച്ചു. ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, വകുപ്പ് ഡയറക്ടർ, ഡി.എം.ഒ.മാർ, മെഡിക്കൽ കോളേജ് ഭാരവാഹികൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ ചിട്ടയായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും കൃത്യമായ അവലോകനത്തിലൂടെ പ്രതിദിനം പ്രശ്നങ്ങളിൽ ഇടപെട്ട് മുന്നോട്ട് പോകാൻ കഴിഞ്ഞതുകൊണ്ടാണ് നമുക്ക് ചുരുങ്ങിയ ദിവസത്തിനുള്ളിൽ നിപ വൈറസിനെ നിയന്ത്രിച്ചു നിർത്താൻ കഴിഞ്ഞത്.

കുറേ വർഷങ്ങളായി എല്ലാ മഴക്കാലവും കേരളത്തിലെ ആരോഗ്യ വകുപ്പിനെ സംബന്ധി

ച്ചിടത്തോളം അസ്വാസ്ഥ്യജനകമായിരുന്നു. പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുകയും വളരെയേറെപ്പേർ മരിക്കുകയും ചെയ്യുന്ന അവസ്ഥയാണുണ്ടായിരുന്നത്. ഇതിന് പരിഹാരമായി ഈ വർഷം 'പ്രതിദിനം പ്രതിരോധം' എന്ന ലക്ഷ്യവുമായി ആരോഗ്യ വകുപ്പ് ആരോഗ്യ ജാഗ്രത ക്യാമ്പയിൻ ആരംഭിച്ചു. സംസ്ഥാന തലം മുതൽ സബ്സെന്റർ വരെയുള്ള മുഴുവൻ പ്രവർത്തകരേയും ആശാവർക്കർമാരേയും ഈ പ്രവർത്തനത്തിന്റെ ഭാഗമാക്കി. തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് വാർഡ് തലത്തിൽ 20 വീടിന് ഒരു സ്ക്വാഡ് എന്ന നിലയിൽ



ആരോഗ്യസേന രൂപീകരിച്ചു. കൊതുക് നശീകരണവും പകർച്ചവ്യാധി നിയന്ത്രണവും ഊർജിതമാക്കി. ഈ പ്രവർത്തനം നല്ല ഫലം കണ്ട് തുടങ്ങുന്നതിന് ഇടയിലാണ് നിനച്ചിരിക്കാതെ ഒരു മഹാപ്രളയം കേരളത്തെ വിഴുങ്ങിയത്. ഇത് നമ്മുടെ ആർദ്രം മിഷൻ, ആരോഗ്യ ജാഗ്രത ക്യാമ്പയിൻ, ട്രോമ കെയർ, ഇ-ഹെൽത്ത് തുടങ്ങിയ നിരവധി അഭിമാനപദ്ധതികളെ കുറച്ചൊന്നുമല്ല ബാധിച്ചത്. എങ്കിലും പ്രളയത്തെ തുടർന്നുണ്ടായ ആരോഗ്യപ്രശ്നങ്ങളെ നേരിടാൻ ആരോഗ്യ വകുപ്പിന് കഴിഞ്ഞു.

പ്രളയാനന്തരമുണ്ടാകുന്ന ഏറ്റവും വലിയ വിപത്ത് പകർച്ചവ്യാധികളുടെ വൻതോതിലുള്ള വ്യാപനമാണെന്ന് മുൻകൂട്ടിക്കണ്ട് എല്ലാ പ്രതിരോധ നടപടിക്രമങ്ങളും സ്വീകരിക്കാൻ ആരോഗ്യവകുപ്പ് തയാറെടുത്തു. പ്രളയത്തെ തുടർന്ന് 30 ദിവസത്തേക്കുള്ള ഒരു അതിതീവ്രയജ്ഞത്തിനാവശ്യമായ കർമ പരിപാടി പെട്ടെന്ന് തയാറാക്കി. കീഴ്ത്തലം വരെ ഇതിനാവശ്യമായ പരിശീലനം നിശ്ചയിച്ചു. പ്രളയജലത്തിൽ നിന്ന് രക്ഷപ്പെടുത്തി കരയിലെത്തിക്കുന്ന പതിനായിരക്കണക്കിന് ആൾക്കാരുടെ വ്യത്യസ്തങ്ങളായ ആരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുക എന്നതായിരുന്നു പ്രധാന ഉത്തരവാദിത്വം. എല്ലാ റിലീഫ് ക്യാമ്പുകളിലും ആശുപത്രികളിലും ഇതിനാവശ്യമായ മുന്നൊരുക്കങ്ങൾ ആരംഭിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ കൺട്രോൾ റൂം, കോൾ സെന്റർ എന്നിവ തുടങ്ങുകയും ഉയർന്ന ഓഫീസർമാരുടെ നേതൃത്വത്തിലുള്ള ടീമുകൾക്ക് ഓരോന്നിനും പ്രത്യേക ചുമതലകൾ നൽകുകയും ചെയ്തു.

### പകർച്ചവ്യാധികളുടെ പ്രതിരോധം

മരുന്നിന്റെ ലഭ്യതയും വിതരണവും കൃത്യമായി പരിശോധിക്കുക, ക്യാമ്പുകളിൽ പകർച്ചവ്യാധികൾ കണ്ടെത്തുകയും അവരെ പെട്ടെന്ന് ആശുപത്രികളിൽ സജ്ജമാക്കിയ ഐസൊലേഷൻ വാർഡുകളിൽ മാറ്റുക, ജീവിതശൈലീരോഗങ്ങൾക്ക് മരുന്ന് കഴിച്ചു കൊണ്ടിരിക്കുന്നവരുടെ ചികിത്സാരീതികൾ മുടങ്ങാതെ ഉറപ്പുവരുത്തുക, കീമോ തെറാപ്പി, ഓപ്പറേഷനുകൾ എന്നിവ മുടങ്ങി പ്പോയിട്ടുണ്ടോയെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കുക, കൃത്യമായി ക്ലോറിനേഷൻ വഴി ജലജന്യ രോഗങ്ങളെ അകറ്റി നിർത്തുക, പ്രതിരോധ കുത്തിവയ്പ്പുകൾ മുടങ്ങാതെ നടക്കുന്നെന്ന് ഉറപ്പു വരുത്തുക, എലിപ്പനി പോലുള്ള സാഹചര്യവുമായി ബന്ധപ്പെടുന്ന എല്ലാവർക്കും പ്രതിരോധത്തിനുള്ള ഗുളികകൾ എത്തിച്ചുവെന്ന് ഉറപ്പാക്കുക, അന്നന്ന് നടക്കുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തുകയും ഉത്തരവാദിത്തപ്പെട്ട കേന്ദ്രത്തിലേക്ക് വിവരങ്ങൾ കൈമാറുക, കേരളത്തിന് വെളിയിൽ നിന്ന് വരുന്ന മെഡിക്കൽ ടീമുകളേയും വിദഗ്ധ സംഘങ്ങളേയും സ്വീകരിച്ച് ആവശ്യമുള്ളയിടങ്ങളിലേക്ക് വിന്യസിക്കുകയും സൗകര്യങ്ങളൊരുക്കുകയും ചെയ്യുക, പ്രളയത്തിൽ മുങ്ങിപ്പോയ ആരോഗ്യ സ്ഥാപനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയും അവ പുനസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുക, പ്രളയത്തിന്റെ ആഘാതം മൂലമുണ്ടായ മാനസികാരോഗ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യാനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക തുടങ്ങി വിവിധങ്ങളായ ഉത്തരവാദിത്വങ്ങളാണ് ഉയർന്ന ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കൃത്യമായി നിർവഹിക്കപ്പെട്ടത്.

പ്രളയബാധിത ജില്ലകളുടെ കേന്ദ്രങ്ങളിലും കൺട്രോൾ റൂമുകൾ തുറന്ന് സംസ്ഥാനകേന്ദ്രവുമായി നിരന്തരം ബന്ധപ്പെട്ടു കൊണ്ട് ഓരോ പ്രദേശത്തേയും ആവശ്യകത

കൾക്കനുസരിച്ച് അപ്പപ്പോൾ പ്രതികരിക്കുന്നതിന് കഴിഞ്ഞു. അവശ്യ മരുന്നുകൾ ഓക്സിജൻ, ബ്ലീച്ചിംഗ് പൗഡർ, ക്ലോറിൻ തുടങ്ങിയവയുടെ ആവശ്യകത നാം പ്രതീക്ഷിച്ചതിനേക്കാൾ കൂടുതലായിരുന്നു. കേരള മെഡിക്കൽ സർവീസസ് കോർപറേഷന്റെ നിതാന്ത ജാഗ്രതയോടെയുള്ള പ്രവർത്തനത്തിലൂടെയും മറ്റ് സംസ്ഥാനങ്ങളുമായി നടത്തിയ നിരന്തരമായ ബന്ധപ്പെടലിലൂടെയും ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിച്ചു. കേരളത്തിലെ ആരോഗ്യവകുപ്പ് സെക്രട്ടറിയും മറ്റ് സംസ്ഥാനങ്ങളിലെ സെക്രട്ടറിമാരും ഉൾപ്പെട്ട വാട്ട്സാപ്പ് ഗ്രൂപ്പ് ഇക്കാര്യത്തിൽ വലിയ സഹായമായി മാറി. കേന്ദ്ര ആരോഗ്യമന്ത്രി നേരിട്ട് ഫോണിൽ വിളിച്ച് വിവരങ്ങൾ ആരായുകയും മരുന്നുകളും വിദഗ്ധസംഘത്തേയും എത്തിക്കുന്നതിന് സഹായിക്കുകയും ചെയ്തു. പകർച്ചവ്യാധികളെ ശക്തമായി പ്രതിരോധി ക്കുന്നതിന്റെ ഭാഗമായി വിവിധ പഞ്ചായത്തു കളിലായി 325 താത്കാലിക ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിച്ചു.

സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നടക്കം ഡേറ്റ ശേഖരിക്കുന്നതിന് തയാറായിരുന്നു. ഓരോ സ്ഥലത്തേയും ആരോഗ്യാവസ്ഥ അടിയന്തരമായി വിശകലനം ചെയ്ത് അനുയോജ്യമായ തീരുമാനങ്ങൾ കൈകൊള്ളുവാൻ സഹായകമായി. കൂടാതെ രോഗികളെ കേരളത്തിന്റെ ഭൂപടത്തിൽ എവിടെയാണ് എന്ന് കണ്ടുപിടിക്കാനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കുകയും ചെയ്തു. തമിഴ്നാടിലെ സംഘവും ഇതോടൊപ്പം സഹകരിച്ച് പ്രവർത്തിച്ചിരുന്നു. കൂടാതെ മാധ്യമ ഇടപെടലും നടത്തി. പൊതുജനാരോഗ്യത്തെ സംബന്ധിച്ച വാർത്തകൾ സമാഹരിച്ച് അവയെ അടിയന്തരമായി വിശകലനം ചെയ്ത് അനുയോജ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുവാൻ സഹായകമായി. പൊതുജനങ്ങൾക്കായി നിർമിച്ച ആരോഗ്യ, ആരോഗ്യാനുബന്ധ വീഡിയോകളെല്ലാം തന്നെ യൂട്യൂബ്, ടിറ്റർ, ഫേസ്ബുക്ക്, വാട്സ്ആപ്പ് തുടങ്ങിയ നവമാധ്യമങ്ങൾ മുഖേന പ്രചരിപ്പിച്ചു.

## ഏകോപനവും തീവ്രമായ പ്രവർത്തനവും

ഡബ്ല്യൂ.എച്ച്.ഒ., ഐ.സി.എം.ആർ., എൻ.ഐ.വി., എൻ.ഐ.എൽ. എന്നിവിടങ്ങളിൽ നിന്നുള്ള സംഘങ്ങളുടെ സഹായവുമുണ്ടായിരുന്നു. തമിഴ്നാട്, മഹാരാഷ്ട്ര, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളുടെ സഹായം പ്രത്യേകം എടുത്ത് പറയേണ്ടതാണ്. എല്ലാറ്റിനുമുപരി കേരളത്തിലെ ആരോഗ്യവകുപ്പിന്റെ ഏകോപനവും ആയിരക്കണക്കിന് ഉദ്യോഗസ്ഥരുടേയും ജീവന ക്കാരുടേയും തീവ്രമായ പ്രവർത്തനവുമാണ് പകർച്ചവ്യാധികളെ പ്രതിരോധിക്കാൻ നമ്മെ സഹായിച്ചത്. മഹാപ്രളയത്തിന് മുന്നിലും പതറാതെ കേരളം അതിജീവിക്കും എന്ന മുഖ്യമന്ത്രിയുടെ ധീരമായ പ്രഖ്യാപനം ഞങ്ങൾക്കെല്ലാവർക്കും ഊർജം പകർന്നു. ഓരോ വകുപ്പും നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് മുഖ്യമന്ത്രി തന്നെ പങ്കെടുത്തുകൊണ്ടുള്ള കൃത്യമായ അവലോകനവും നടന്നു. കൂട്ടായ്മയിലൂടെ പ്രളയാനന്തരം ആരോഗ്യ മേഖലയിൽ ഉണ്ടാകുമായിരുന്ന വൻവിപത്തുകളെ തടഞ്ഞു നിർത്താൻ നമുക്ക് സാധിച്ചു.

എന്നാൽ നമുക്ക് വിശ്രമിക്കാറായിട്ടില്ല. പ്രളയം നശിപ്പിച്ച എല്ലാം തിരിച്ചെടുക്കുക എന്നത് മാത്രമല്ല മുഖ്യമന്ത്രി നിർദേശിച്ചതു പോലെ ഒരു നവകേരളം സൃഷ്ടിക്കേണ്ടിയിരിക്കുന്നു. ആരോഗ്യരംഗത്ത് വൻ നാശനഷ്ടമാണ് പ്രളയം അവശേഷിപ്പിച്ചുപോന്നത്. പി.എച്ച്.സി കളും താലൂക്ക് ആശുപത്രികളും ഉൾപ്പെടെ 22 സ്ഥാപനങ്ങൾ പൂർണമായും തകർന്നുപോയി. നിരവധി സ്ഥാപനങ്ങൾക്ക് കേടുപാട് സംഭവിച്ചു. നൂറിലേറെ സ്ഥാപനങ്ങൾക്ക് ഭാഗികമായ തകരാറുകളുണ്ടായി. അത്യാധുനിക ഉപകരണങ്ങൾ പലതും നശിച്ചു. ശബരിമല തീർഥാടകർക്ക് അടിയന്തര വൈദ്യസഹായം നൽകുന്ന പമ്പ ഗവ. ആശുപത്രിയ്ക്കും കാര്യമായ നാശനഷ്ടമുണ്ടായി. പ്രാഥമിക കണക്ക് കൂട്ടലനുസരിച്ച് ആകെ 325 കോടി രൂപയുടെ നാശനഷ്ടങ്ങൾ ആരോഗ്യമേഖലയിൽ ഉണ്ടായതായി കാണുന്നു. ഇതുസംബന്ധിച്ച റിപ്പോർട്ടും എസ്റ്റിമേറ്റും കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതോടൊപ്പം സഹായിക്കാമെന്ന് കേന്ദ്രമന്ത്രി ഉറപ്പ് നൽകിയിട്ടുമുണ്ട്. സുമനസ്സുകളായ ഒട്ടേറെ കമ്പനികളും ആശുപത്രി പുനർനിർമാണത്തിന് സഹായ വാഗ്ദാനങ്ങൾ നൽകിയിട്ടുണ്ട്. ഇവയെല്ലാം ഏകോപിപ്പിച്ചുകൊണ്ട് ശക്തമായി ഇടപെട്ടാൽ മാത്രമേ പുനർനിർമാണം സാധ്യമാകുകയുള്ളൂ.

ആരോഗ്യ മേഖലയെ സംബന്ധിച്ച ദീർഘവീക്ഷണം സുപ്രധാനമാണ്. ആർദ്രം പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന സേവനങ്ങൾ എടുത്ത് പറയേണ്ടതാണ്. ആർദ്രം പദ്ധതി നടപ്പിലാക്കിയ സ്ഥാപങ്ങളിൽ സേവനങ്ങൾ ഒരു പടി മുന്നിലാണ്. നാശനഷ്ടം സംഭവിച്ച സ്ഥാപനങ്ങൾ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അവിടത്തെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുകയും ആവശ്യമായ മാനവവിഭവശേഷി ഉറപ്പാക്കിക്കൊണ്ട് സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതുമാണ്.

പ്രളയത്തിൽ പകച്ചുപോയ കേരളം ഉയർത്തെഴുന്നേൽക്കുമെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. നവകേരള സൃഷ്ടിക്കായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ശക്തമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് കരുത്തേകാൻ പരിശ്രമിക്കുകയാണ് ആരോഗ്യ വകുപ്പ്. സർക്കാരിന്റെ പ്രവർത്തനത്തോടൊപ്പം ജനകീയ മുന്നേറ്റവും ആവശ്യമാണ്. അതിനാൽ ഒരു പുതിയ ആരോഗ്യകേരളസൃഷ്ടിക്കായി നമുക്കൊരുമിച്ച് കൈകോർക്കാം.

# പാതകളുടെയും പാലങ്ങളുടെയും പുനരുദ്ധാരണം



**ജി.സുധാകരൻ**
പൊതുമരാമത്ത്, രജിസ്ട്രേഷൻ മന്ത്രി

**സംസ്ഥാനത്ത് ഏകദേശം 14690 കി.മീ റോഡുകൾക്ക് സാരമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്**



പ്രളയത്തിലും ഉരുൾപൊട്ടലിലും പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള 31812 കി.മീ ദൈർഘ്യമുള്ള പ്രധാന സംസ്ഥാന-ജില്ലാ റോഡുകളും 1558 കിലോമീറ്റർ ദേശീയപാതകളും ഉള്ളതിൽ സംസ്ഥാനത്ത് ഇതുവരെ ഏകദേശം 14690 കി.മീ റോഡുകൾക്ക് സാരമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. 51760 ക്യൂ.മീറ്റർ ജൈവ - അജൈവ മാലിന്യങ്ങൾ റോഡുകളിലും കലുങ്കുകളിലും, പാലങ്ങളിലുമായി വന്നടിഞ്ഞിട്ടുണ്ട്. വിവിധ സ്ഥലങ്ങളിലുണ്ടായ മണ്ണിടിച്ചിലും ഉരുൾപൊട്ടലും മൂലം റോഡുകൾക്ക് വ്യാപകമായ തകർച്ച സംഭവിച്ചു. 2,08,000 ക്യൂ.മീറ്റർ മണ്ണും പാറക്കല്ലുകളും റോഡുകളിൽ അടിഞ്ഞുകൂടിയിട്ടുമുണ്ട്. 470 കലുങ്കുകൾക്ക് സാരമായ കേടുപാടുകളോ തകർച്ചയോ സംഭവിച്ചിട്ടുണ്ട്. 218 പാലങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചു. സംസ്ഥാനത്ത് വിവിധ റോഡുകളിലായി 256 കിലോമീറ്ററോളം സംരക്ഷണഭിത്തികളും 298 കിലോമീറ്റർ ഓടകളും തകർന്നു. ഇവ അറ്റകുറ്റപ്പണികളും, പുനർനിർമാണവും നടത്തിയാൽ മാത്രമേ സുഗമമായ ഗതാഗതം സംസ്ഥാനത്ത് സാധ്യമാവുകയുള്ളു. തകർന്ന ഓടകളടക്കം 4000 കിലോമീറ്ററോളം ഓടകൾ നിർമിക്കേണ്ടതായിട്ടുണ്ട്. പാലക്കാട് ജില്ലയുടെ കിഴക്കൻ ഭാഗങ്ങൾ, കോഴിക്കോട്, കണ്ണൂർ ജില്ലകളുടെ മലയോര മേഖലകളിൽ റോഡുകൾക്കും പാലങ്ങൾക്കും വൻ തോതിൽ നാശം സംഭവിച്ചു. ഇടുക്കി, പത്തനംതിട്ട, വയനാട് ജില്ലകളിലെ റോഡുകൾ ആകെ തകർന്ന നിലയിലാണ്. ആലപ്പുഴ ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളിലെ റോഡുകൾ എല്ലാം തന്നെ വെള്ളത്തിനടിയിലായിരുന്നു. കുട്ടനാട് മേഖലയിലെ റോഡുകൾ ഉയർത്തി പണിയേണ്ടതായുണ്ട്.

### അറ്റകുറ്റപ്പണികൾ

7565 കിലോമീറ്റർ ദൈർഘ്യമുള്ള റോഡുകളിൽ അറ്റകുറ്റപ്പണികൾ മാത്രം നടത്തിയാൽ ഗതാഗത യോഗ്യമാക്കാവുന്നതാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിന് ഏകദേശം 1000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. 14690 കിലോമീറ്റർ റോഡുകളുടെ ഉപരിതലം പുതുക്കി പുനർനിർമിച്ചാൽ മാത്രമേ സുഗമമായ ഗതാഗതത്തിനു സാധ്യമാവുകയുള്ളു. ഈ പ്രവൃത്തിക്ക് ഏകദേശം 7000 കോടി രൂപ

ആവശ്യമാണ്. കുട്ടനാട് താലൂക്കിലെ റോഡ് ഉയർത്തി പുനർനിർമിക്കുന്നതിന് 500 കോടി രൂപയോളം ആവശ്യമായി വരും. കലുങ്കുകളും, പാലങ്ങളും, ഓടകളും, സംരക്ഷണ ഭിത്തിയും ഉരുൾപൊട്ടൽ മൂലമുണ്ടായ തകർച്ചകളും അടക്കം സംസ്ഥാനത്ത് കാലവർഷക്കെടുതിമൂലമുണ്ടായ റോഡുകളുടെ പുനരുദ്ധാരണത്തിന് മൊത്തം 10000 കോടി രൂപ ആവശ്യമായി വരുന്നതാണ്.

നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 7000 കോടി രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ലോക നിലവാരത്തിൽ രൂപകല്പന ചെയ്ത റോഡുകൾ നിർമിക്കലാണ് മൂന്നാം ഘട്ടത്തിൽ ഏറ്റെടുക്കുന്നത്.

2018–19 വർഷത്തിൽ അറ്റകുറ്റപ്പണികൾക്ക് നോൺപ്ലാൻ ഫണ്ടിനത്തിൽ 482 കോടി



2018 സെപ്റ്റംബർ 10ന് പൊതുമരാമത്ത് മന്ത്രിയും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി, ധനകാര്യ സെക്രട്ടറി, ചീഫ് എൻജിനീയർമാർ എന്നിവരുടെ യോഗം ധനമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ ചേർന്നു. യോഗതീരുമാനമനുസരിച്ച് കാലവർഷത്തിലും, പ്രളയത്തിലും തകർന്ന റോഡുകളെ മൂന്നായി തരംതിരിച്ച് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചു.

### പാലങ്ങളുടെ പുനരുദ്ധാരണം

അടിയന്തര അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കേണ്ട റോഡുകൾ ആദ്യഘട്ടത്തിൽ ഏറ്റെടുത്ത് നിർമാണപ്രവൃത്തികൾ ആരംഭിക്കുന്നതിനും ഇതിനോടൊപ്പം പാലങ്ങളുടേയും സംരക്ഷണ ഭിത്തികളുടെയും അത്യാവശ്യ പ്രവൃത്തികൾ കൂടി പൂർത്തീകരിക്കുന്നതിനും തീരുമാനിച്ചു. ഇതിനായി 882 കോടി രൂപയോളം ചെലവുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിന്റെ ആദ്യഘട്ടമായി 482 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഉപരിതലം പുനർനിർമിക്കേണ്ട റോഡുകൾ രണ്ടാം ഇനമായി കണക്കാക്കി ബി.എം&ബിസി ചെയ്യുന്നതിനും ഇതിനോടൊപ്പം തന്നെ പാലങ്ങളുടെയും മറ്റ് അനുബന്ധ പ്രവർത്തനങ്ങളുടേയും പുനരുദ്ധാരണവും ഈ ഘട്ടത്തിൽ

രൂപയും, ബജറ്റ് പ്രവൃത്തികൾക്കായി 330 കോടി രൂപയുടേയും ആണ് വകയിരുത്തിയിട്ടുള്ളത്. ഇതുകൂടാതെ ശബരിമല ഉത്സവവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് 200 കോടി രൂപയും, കാലവർഷക്കെടുതിമൂലം തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി 1000 കോടി രൂപയുടേയും പദ്ധതികൾക്ക് ഈ വർഷം അനുമതി ലഭ്യമായിട്ടുണ്ട്. ഈ വർഷം മേൽപ്പറഞ്ഞ ഫണ്ടുകളടക്കം മൊത്തം 2012 കോടി രൂപയ്ക്കുള്ള അനുമതിയാണ് നിരത്തുകളുടെയും പാലങ്ങളുടെയും പ്രവൃത്തികൾക്കായി ലഭിച്ചിട്ടുള്ളത്.

വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകൾ എല്ലാം ഒരേ സമയം പുനരുദ്ധാരണം നടത്തി ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളാണ് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. ഇതിനായി മണ്ഡലാടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾക്കായുള്ള ഫണ്ട് നൽകി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഒക്ടോബർ 30 ന് മുമ്പായി കേരളത്തിലെ മുഴുവൻ റോഡുകളും സഞ്ചാര യോഗ്യമാക്കാനാണ് ലക്ഷ്യമിട്ടത്. ഈ സർക്കാരിന്റെ വികസന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്ന തരത്തിൽ കേരളത്തിനെ പുനർനിർമിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളുമായി പൊതുമരാമത്ത് വകുപ്പ് മുന്നോട്ട് പോകുകയാണ്.

# കാർഷികകേരളത്തിന്റെ ചെറുത്തുനിൽപ്പ്



**വി.എസ്. സുനിൽകുമാർ**
കൃഷി മന്ത്രി

**1,47,016 ഹെക്ടർ പ്രദേശത്തെ കൃഷി പൂർണമായും പ്രളയക്കെടുതിയിൽ തകർന്നടിഞ്ഞു. 3,98,788 കർഷകരെയാണ് പ്രളയം ബാധിച്ചത്**



സംസ്ഥാനത്ത് ആകെ 5622.8 കോടി രൂപയുടെ കൃഷിനാശമുണ്ടായതായാണ് പ്രാഥമിക കണക്ക്. ഏറ്റവും കൂടുതൽ കൃഷിനാശമുണ്ടായത് കുട്ടനാട്ടിലാണ്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളുടെ ചില ഭാഗങ്ങളിലും വലിയ നാശമുണ്ടായി. പതിനായിരക്കണക്കിന് ഹെക്ടറിലെ വിരിപ്പ് കൃഷിയാണ് പൂർണമായും നശിച്ചത്. ആദ്യഘട്ട കണക്കെടുപ്പിൽ വിളകളുടെ മാത്രം നഷ്ടം 1458.5 കോടി രൂപയാണ്. സുഗന്ധ വ്യഞ്ജന കൃഷിയിൽ ഉണ്ടായ നഷ്ടവും വലുതാണ്. തൃശൂർ, പാലക്കാട്, വയനാട് ജില്ലകളിൽ വലിയ നാശമാണുണ്ടായത്. വയനാട്, ഇടുക്കി ജില്ലകളിലെ കുരുമുളക് കൃഷി പൂർണമായും നശിച്ചു. വിളകളുടെ നഷ്ടം മാത്രമാണ് ഇപ്പോൾ എടുത്തിരിക്കുന്നത്.

കുട്ടനാട്, കോട്ടയം ജില്ലകളിൽ 138 വലിയ ബണ്ടുകൾ പൂർണമായും തകർന്നു. ചെറിയ ബണ്ടുകളുടെ സ്ഥിതിയും വ്യത്യസ്തമല്ല. എസ്റ്റിമേറ്റിന്റെ 20% തുക അഡ്വാൻസായി പാടശേഖര സമിതികൾ നൽകിയിട്ടുണ്ട്. 25 ലക്ഷം രൂപ വരെയുള്ള

പ്രവൃത്തികൾക്ക് ഇ-ടെൻഡർ നടപടികൾ ഒഴിവാക്കി വേഗത്തിലാക്കുന്നതിന് ഇത്തവണത്തേക്ക് മാത്രം അനുമതി നൽകിയിട്ടുണ്ട്. പമ്പിംഗ് സബ്സിഡി നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉദാരമാക്കി. കൃഷിയിറക്കുന്ന സ്ഥലത്തിന്റെ വിസ്തീർണം കണക്കാക്കി പമ്പിംഗ് സബ്സിഡി നൽകുന്നതിനും തൻ സീസണിലെ കൃഷിയ്ക്ക് അനുമതി നൽകി. കോൺട്രാക്ടർ മുഖേന നടത്തുന്ന പമ്പിംഗിന് നൽകിവരുന്ന അതേ നിരക്ക് തന്നെ (പുഞ്ചയ്ക്ക് ഏക്കറിന് 1800 രൂപയും വിരിപ്പിന് ഏക്കറിന് 1900 രൂപയും) പാടശേഖരസമിതി/കർഷകർക്ക് സ്വന്തമായി നടത്തുന്ന പമ്പിംഗ് ജോലികൾക്കും നൽകുന്നതിനും അനുമതി നൽകി ഉത്തരവിറക്കി. കൃഷിനശിച്ചുപോയ സ്ഥലങ്ങളിൽ വീണ്ടും വിതയ്ക്കുന്നതിനായി 300 ടൺ വിത്ത് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചു.

ഏറ്റവും കൂടുതൽ കൃഷിനാശം സംഭവിച്ചത് ആലപ്പുഴ ജില്ലയിലാണ്. അവിടെ 12,095.55 ഹെക്ടർ പ്രദേശത്തെ കൃഷി പൂർണമായും നശിച്ചുപോയി. ഒരു മാസം കഴിഞ്ഞാൽ മാത്രമേ കൃഷിയുടെ മൊത്തം നഷ്ടം കണക്കാക്കാനാകൂ. ഇപ്പോഴുള്ള സംവിധാനത്തിൽ നൽകാവുന്ന തുക ഉടൻ വിതരണം ചെയ്യാനാണ് സർക്കാർ തീരുമാനം. പുഞ്ചക്കൃഷി ആരംഭിക്കാനിരിക്കുന്ന ഒക്ടോബറിലേക്കായി വിത്തുകൾ സംഭരിച്ചിട്ടുണ്ട്.

പി.എം.കെ.എസ്.വൈ സ്കീം പ്രകാരം കർഷകർക്ക് 50% സബ്സിഡി(പരമാവധി 15,000 വരെ)യോടുകൂടി 13,388 പമ്പ് സെറ്റുകൾ വിതരണം ചെയ്യുന്നതിന് കൃഷിവകുപ്പ് പദ്ധതി തയാറാക്കിയിട്ടുണ്ട്. വ്യക്തമായ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് അവ കർഷകർക്ക് വിതരണം ചെയ്യുന്നതിന് നിർദേശം നൽകി. 35,000 ഹെക്ടറിലേക്ക് പുഞ്ചക്കൃഷി വർധിപ്പിക്കാൻ കഴിഞ്ഞാൽ ഇപ്പോഴുള്ള കുറവ് നികത്താനാകും. പ്രളയത്തിനുശേഷം മണ്ണിന്റെ ഘടനയിൽ വന്ന മാറ്റം പഠിക്കുന്നതിന് കാർഷിക സർവകലാശാലയുടെ നേതൃത്വത്തിൽ ഒരു സംഘത്തെ നിയോഗിച്ചു. കുട്ടനാടിന്റെ രണ്ടാം പാക്കേജ് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയും പൊതുമരാമത്ത്, ധന മന്ത്രിമാരുമായി പദ്ധതി സംബന്ധിച്ച് വിശദമായ ചർച്ചകൾ ഇതിനോടകം പൂർത്തിയാക്കി. സ്വാമിനാഥൻ കമ്മിഷന്റെ നിർദേശ മനുസരിച്ചുതന്നെയാകും മുന്നോട്ടുപോകുക.

പ്രളയക്കെടുതിയുടെ ഭാഗമായി നാട്ടിൽ വ്യാപകമായി അനിയന്ത്രിത വിലക്കയറ്റവും പൂഴ്ത്തിവെപ്പും ഉണ്ടായ സാഹചര്യം കണക്കിലെടുത്ത്, ഓണച്ചന്തകൾക്ക് പകരം ദുരിതാശ്വാസസഹായ വിപണികൾ 1423 കേന്ദ്രങ്ങളിൽ പ്രവർത്തിച്ചിരുന്നു. കർഷകരുടെ ഉത്പന്നങ്ങൾ 10% അധികവില നൽകി സംഭരിച്ച്, 30% വിലക്കുറവിൽ പൊതുജനങ്ങൾക്ക് നൽകുന്നതിനും അതുവഴി വിലക്കയറ്റം തടയുന്നതിനും സാധിച്ചു. ഹോർട്ടികോർപ്പ് വഴി 2541 ദുരിതാശ്വാസ ക്യാംപുകളിൽ 1452.37 മെട്രിക് ടൺ പച്ചക്കറി വിതരണം ചെയ്തു. ഇതുവരെ 543.99 ലക്ഷം രൂപയുടെ പച്ചക്കറികളാണ് വിവിധ ജില്ലകളിൽ വിതരണം ചെയ്തത്. ദുരിതാശ്വാസക്യാമ്പുകളിലേക്ക് തയാറാക്കുന്ന കിറ്റുകളിലേക്ക് ആവശ്യമായ 3,71,531 പച്ചക്കറി കിറ്റുകൾ നൽകുന്നതിനും സാധിച്ചു.

### കാർഷികകടങ്ങൾക്ക് മൊറട്ടോറിയം

എല്ലാത്തരം കാർഷികകടങ്ങൾക്കും ഒരുവർഷത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു.

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തരമായി



ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു. കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രധാൻമന്ത്രി ഫസൽ ബീമ

യോജന പ്രകാരം ഇൻഷ്വർ ചെയ്തു. കൃഷിയിറക്കിയതും വായ്പയെടുത്തിട്ടും വിളയിറക്കാൻ കഴിയാതിരുന്നതുമായ കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷുറൻസ് തുകയുടെ 25% നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

പ്രളയക്കെടുതിയുടെ ഭാഗമായി വാസയോഗ്യമല്ലാതായ വീടുകളും സഞ്ചാരയോഗ്യമല്ലാതായ റോഡുകളും ശുചീകരിക്കുന്നതിന് കൃഷി വകുപ്പിന് കീഴിൽ



പ്രവർത്തിക്കുന്ന കാർഷിക കർമസേന പ്രവർത്തകർ രംഗത്തിറങ്ങിയിരുന്നു. കൃഷി വകുപ്പ് 2000 കിലോ ബ്ലീച്ചിംഗ് പൗഡർ ഈ ആവശ്യത്തിലേക്ക് വിനിയോഗിച്ചു. മണ്ണ് പര്യവേഷണ ഡയറക്ടറുടെ മുൻകൈയിൽ തമിഴ്നാട്ടിൽ നിന്നും ഒരു സംഘം ഡോക്ടർമാരെ വയനാട്ടിലും എറണാകുളത്തും എത്തിച്ച് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു.

വിളനാശത്തിന് സഹായധനം നൽകുന്നതിനുള്ള അപേക്ഷ കർഷകർ 10 ദിവസത്തിനകം നൽകണമെന്ന നിബന്ധന ഒഴിവാക്കി, 2018 ഒക്ടോബർ ആറ് വരെ അപേക്ഷകൾ സ്വീകരിക്കുന്നതിന് നിർദേശം നൽകി. സംസ്ഥാന കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വി.എഫ്.പി.സി.കെ നേരിട്ടു നടത്തുന്ന വിള ഇൻഷുറൻസ് പദ്ധതിയിൽ ചേർന്നിട്ടുള്ള കർഷകർക്ക് അടിയന്തര വിള ഇൻഷുറൻസ് ആനുകൂല്യം ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചു. സ്വാശ്രയ കർഷകസമിതികളുടെ നഷ്ടം വിലയിരുത്തുന്നതിനായി എൻജിനിയറിങ് വിഭാഗം ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്.

വി.എഫ്.പി.സി.കെ വഴി കർഷകർക്ക് പുതിയ കൃഷി ഇറക്കുന്നതിനും സ്വാശ്രയ കർഷക സമിതികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള പ്രത്യേക പദ്ധതിയുടെ ഭാഗമായി കൃഷി നഷ്ടപ്പെട്ടവർക്ക് പുതുതായി കൃഷിയിറക്കുന്നതിന് നിലം തയാറാക്കൽ, വിത്ത്/നടീൽ വസ്തുക്കൾ, മറ്റു കാർഷികോപാധികൾ എന്നിവയ്ക്ക് സഹായം ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതി തയാറാക്കി വരുന്നു.

സംസ്ഥാന മന്ത്രിസഭയുടെ തീരുമാനപ്രകാരം, മന്ത്രി എന്ന നിലയിൽ, സംസ്ഥാനത്തിനകത്തും പുറത്തും രാജ്യത്തിന് പുറത്തുമുള്ള സുമനസ്സുകളിൽ നിന്ന് നവകേരളം കെട്ടിപ്പടുക്കുന്നതിനുള്ള സാമ്പത്തികസഹായങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തിവരുന്നു.

### ഭാവികർമപദ്ധതിയും അധിക ധനസഹായവും

സംസ്ഥാനത്ത് കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി കൃഷി വകുപ്പ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പദ്ധതിവിഹിതത്തിൽ നിന്ന് 1200 കോടി രൂപയുടെ സമഗ്രമായ ഒരു കർമപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നെല്ല്, വാഴ, പച്ചക്കറി വിളകൾ എന്നിവയ്ക്ക് ഊന്നൽ നൽകിയാണ് പദ്ധതി.

കുരുമുളക്, വാഴ, മാവ്, പൈനാപ്പിൾ, പുഷ്പകൃഷി തുടങ്ങിയ ഉദ്യാനവിളകളുടെ പുനരുജ്ജീവനത്തിനായി ഒരു പദ്ധതി നിർദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 93.5 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

മണ്ണ് പര്യവേഷണ-സംരക്ഷണ വകുപ്പ് ഉരുൾപൊട്ടലുണ്ടായ പ്രദേശങ്ങളിലെ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്കായി 200 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, ഉരുൾപൊട്ടലിന്റെയും മണ്ണിടിച്ചിലിന്റെയും കാരണങ്ങൾ കണ്ടെത്തുന്നതിനും സാധ്യതാപ്രദേശങ്ങൾ കണ്ടെത്തി കൂടുതൽ പഠനം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

# ഭക്ഷ്യവകുപ്പിന്റെ ഇടപെടലുകൾ



**പി.തിലോത്തമൻ**
ഭക്ഷ്യ, സിവിൽസപ്ലൈസ് മന്ത്രി

**എല്ലാ ജില്ലകളിലെയും ആസ്ഥാന സപ്ലൈ ആഫീസുകൾ കേന്ദ്രീകരിച്ച് കൺട്രോൾ റൂമുകൾ തുറന്നു.**

പ്രളയ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് ആവശ്യത്തിനുള്ള അരിയും പലവ്യഞ്ജനങ്ങളും നൽകേണ്ട ഉത്തരവാദിത്വം സപ്ലൈകോ ഏറ്റെടുത്തു. ക്യാമ്പുകളുടെ ചുമതലയുള്ള വില്ലേജ് ഓഫീസർ നൽകുന്ന ലിസ്റ്റ് പ്രകാരം സാധനങ്ങൾ നൽകുവാൻ ബന്ധപ്പെട്ട മാവേലി സ്റ്റോർ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി വിതരണം നടത്തി.

എല്ലാ ജില്ലകളിലെയും ആസ്ഥാന സപ്ലൈ ആഫീസുകൾ കേന്ദ്രീകരിച്ച് കൺട്രോൾ റൂമുകൾ തുറന്നു. അവധി എടുക്കാതെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മുഴുകുന്നതിന് ജില്ലാ പൊതുവിതരണ ഓഫീസർക്കും സപ്ലൈകോ റീജിയണൽ മാനേജർമാർക്കും നിർദേശങ്ങൾ നൽകി. സംസ്ഥാനത്ത് പെട്രോൾ, ഡീസൽക്ഷാമം ഉണ്ടാകുമെന്ന വ്യാജപ്രചാരണം ശ്രദ്ധയിൽപെട്ട ഉടൻ തന്നെ പെട്രോളിയം കമ്പനികളുടെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് ഇന്ധന സുലഭത ഉറപ്പുവരുത്തി. എല്ലാ റേഷൻകടകളും അവധി ദിവസങ്ങളിലും ഞായറാഴ്ചകളിലും തുറന്നു പ്രവർത്തിപ്പിച്ചു. കരിഞ്ചന്തയും പൂഴ്ത്തിവയ്പും തടയുവാൻ വ്യാപാരി, വ്യവസായി സംഘടനകൾ, ഓയിൽ കമ്പനികൾ, തൊഴിലാളി യൂണിയനുകൾ, ലോറി ഉടമകളുടെ സംഘടനകൾ എന്നിവരുടെ സംസ്ഥാനതല യോഗം ചേർന്ന് ജില്ലാതലത്തിൽ പോലീസ്, ലീഗൽ മെട്രോളജി, പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡ്





രൂപീകരിച്ച് അമിതവില ഈടാക്കുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുവാൻ നിർദേശം നൽകി.

പ്രളയത്തിൽ റേഷൻ കാർഡ് നഷ്ടപ്പെട്ടവർക്ക് പുതിയ കാർഡ് സൗജന്യമായി നൽകുവാൻ നടപടി സ്വീകരിച്ചു. പ്രളയബാധിത ജില്ലകളിലെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും സൗജന്യമായി അഞ്ച് കിലോ അരി വീതം ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ വിതരണം നടത്തി. ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞിരുന്ന എല്ലാ കുടുംബങ്ങൾക്കും പ്രത്യേകമായി കിറ്റ് നൽകുവാനുള്ള സർക്കാർ തീരുമാനപ്രകാരം കിറ്റുകളിൽ വിതരണം ചെയ്യുന്നതിന് സപ്ലൈകോ മുൻകൈ എടുത്തു. പ്രളയബാധിത പ്രദേശമായ കുട്ടനാട്ടിൽ ഒഴുകി നടക്കുന്ന റേഷൻകട പദ്ധതി ആരംഭിച്ചു. ജലയാനങ്ങളിൽ ഇ-പോസ് യന്ത്രങ്ങൾ സ്ഥാപിച്ച് വാഹനഗതാഗതം സാധ്യമാകാത്ത ഇടങ്ങളിൽ റേഷൻ വിതരണം നടത്തി.

കേന്ദ്രസർക്കാരിന് യഥാസമയം നിവേദനം നൽകി 89540 മെട്രിക് ടൺ അരിയും 12000 കിലോ ലിറ്റർ മണ്ണെണ്ണയും അനുവദിപ്പിച്ചതും സംസ്ഥാന ഭക്ഷ്യവകുപ്പിന്റെ ഫലപ്രദമായ ഇടപെടൽ കൊണ്ടുമാത്രമാണ്.

## ലീഗൽ മെട്രോളജി

ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം ലീഗൽ മെട്രോളജി വകുപ്പിന്റെ വാഹനങ്ങൾ ദുരിതാശ്വാസ ക്യാമ്പിലെ സേവനങ്ങൾക്കായി വിട്ടു നൽകിയിട്ടുണ്ട്. ദുരിതാശ്വാസ ക്വാമ്പുകളിലേക്ക് സാധനം വിതരണം ചെയ്യുന്ന ചുമതലകൾക്കായി ജീവനക്കാരെ വിനിയോഗിക്കുകയും മേൽനോട്ടം അസിസ്റ്റന്റ് കൺട്രോളർ നിർവ്വഹിക്കുകയും ചെയ്തു. അവധി ദിവസമുൾപ്പെടെ ഓഫീസ് തുറന്ന് പ്രവർത്തിക്കുകയും ലീഗൽ മെട്രോളജി നിയമസംബന്ധമായ പരാതികൾ സ്വീകരിച്ച് പരിശോധന നടത്തി നടപടി സ്വീകരിച്ചു.

ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ക്യാമ്പുകളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യകിറ്റ് പായ്ക്ക് ചെയ്യുന്നതിന് പത്തനംതിട്ട, തിരുവല്ല എന്നീ സ്ഥലങ്ങളിലെ പായ്ക്കിങ് സെന്ററുകളിൽ അളവുതൂക്ക ഉപകരണങ്ങൾ എത്തിച്ച് നൽകി. പാലക്കാട് ജില്ലയിൽ പ്രളയബാധിത പ്രദേശങ്ങളിലേക്ക് ഭക്ഷ്യവസ്തുക്കൾ കൊണ്ടു പോകുന്നതുമായി ബന്ധപ്പെട്ട് ഭാരനിർണയം നടത്തുന്നതിന് ഇലക്ട്രോണിക് ബാലൻസുകളും രണ്ട് ജീവനക്കാരുടെ സേവനവും ആഗസ്റ്റ് 18 മുതൽ തുടർച്ചയായി എല്ലാ ദിവസവും നൽകിയിരുന്നു. കാസർകോട് ജില്ലയിലെ മൂന്ന് കളക്ഷൻ സെന്ററുകളിൽ ആവശ്യമായ ഭാരനിർണയം നടത്തുന്നതിന് 300 കി.ഗ്രാം ഇലക്ട്രോണിക് ബാലൻസും അവ പ്രവർത്തി പ്പിക്കുന്നതിനായി മൂന്ന് ടെക്നിഷ്യൻമാരേയും ജില്ലാ കളക്ടറുടെ നിർദ്ദേശാനുസരണം ക്രമീകരിച്ച് നൽകി.

പ്രളയക്കെടുതിയുടെ പശ്ചാത്തലം മുതലെടുത്ത് പായ്ക്ക് ചെയ്ത കുടിവെള്ളം, ബ്രഡ് മുതലായ ഭക്ഷ്യ വസ്തുക്കൾ എന്നിവയ്ക്ക് എം.ആർ.പി. യേക്കാൾ അധിക വില ഈടാക്കുന്നുണ്ടോയെന്ന് പരിശോധന നടത്തിയിരുന്നു. കുപ്പിവെള്ളത്തിനും സാനിറ്ററി നാപ്കിനും എം.ആർ.പി. യേക്കാൾ അധിക വില ഈടാക്കിയതിന് വിവിധ ജില്ലകളിലായി 15 കേസുകൾ ചാർജ്ജ് ചെയ്തു. "Not for sale" എന്ന് രേഖപ്പെടുത്തിയ പായ്ക്കറ്റ് വില്പന നടത്തിയതിന് എറണാകുളത്ത് രണ്ട് കേസുകളും അളവിൽ കുറവുവരുത്തി വില്പന നടത്തിയതിന് ഇടുക്കി ജില്ലയിൽ ഒരു കേസും ചാർജ് ചെയ്തു.

പ്രളയക്കെടുതിമൂലം കോഴിക്കോട്, മലപ്പുറം ജില്ലകളിൽ കേടുപാട് സംഭവിച്ച ഒൻപത് പെട്രോൾപമ്പുകളും മുദ്ര ചെയ്തു നൽകി. സംസ്ഥാനത്തുണ്ടായിട്ടുള്ള പ്രളയക്കെടുതികൾ മൂലം കേടുപാടുകൾ സംഭവിച്ചിട്ടുള്ള അളവുതൂക്ക ഉപകരണങ്ങൾ പുന:പരിശോധന നടത്തുമ്പോൾ ആയതിനുള്ള ഫീസ് ഈടാക്കാതെ മുദ്ര ചെയ്ത് നൽകുന്നതിനും ഉത്തരവ് നൽകി.

# പ്രളയം
## നവകേരള പുനർനിർമ്മാണത്തിനുള്ള അവസരം



ഡോ. ടി. എം. തോമസ് ഐസക്
ധനമന്ത്രി

**പ്രളയകാലത്ത് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ രൂപം കൊണ്ട ഒരുമയെ ലോകം വിസ്മയത്തോടെയാണ് വീക്ഷിച്ചത്. നവകേരള സൃഷ്ടിയ്ക്കും ആ ഒരുമ സ്വരൂപിക്കാൻ നമുക്കു കഴിയണം.**



അപരിചിതങ്ങളായ ദുരന്തങ്ങളുടെയും ഇന്നേവരെ അനുഭവിച്ചിട്ടില്ലാത്ത കെടുതികളുടെയും നിലയ്ക്കാത്ത നടുക്കങ്ങളിലേയ്ക്കാണ് മഹാപ്രളയം കേരളത്തെ ഒഴുക്കിക്കൊണ്ടുപോയത്. ജനജീവിതവും സമ്പദ്ഘടനയും താറുമാറായി. തകർന്ന വീടുകളും റോഡുകളും നിശ്ചലമായ ഉപജീവനോപാധികളും സർക്കാരിനും സമൂഹത്തിനും ഒരു വെല്ലുവിളിയായി മാറി. പതിനേഴായിരത്തോളം വീടുകളും പതിനായിരത്തോളം കിലോമീറ്റർ റോഡും പതിനയ്യായിരം കോടിയിലധികം രൂപയുടെ ഉപജീവനോപാധികളും പുനർനിർമ്മിക്കുക എന്ന ചുമതല സർക്കാരിൽ അവശേഷിപ്പിച്ചുകൊണ്ടാണ് പ്രളയം പിൻവാങ്ങിയത്.



ഇതികർത്തവ്യതാമൂഢരായി ഇരിക്കാനുള്ള സമയമല്ല, നമുക്കിത്. തകർന്നതൊക്കെയും വീണ്ടെടുക്കണം. പഴയതുപോലെയല്ല. തികച്ചും പുതുതായി. ഈ പ്രളയക്കെടുതികളെ അതിജീവിക്കുന്നത് നവകേരളം നിർമ്മിച്ചുകൊണ്ടാകണം. അതാണ് കേരള സർക്കാർ ഏറ്റെടുത്തിരിക്കുന്ന ദൗത്യം. പ്രളയകാലത്ത് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ രൂപം കൊണ്ട ഒരുമയെ ലോകം വിസ്മയത്തോടെയാണ് വീക്ഷിച്ചത്. നവകേരള സൃഷ്ടിയ്ക്കും ആ ഒരുമ സ്വരൂപിക്കാൻ നമുക്കു കഴിയണം.

### പുനർനിർമ്മാണവും കേന്ദ്ര സർക്കാരും

മഹാപ്രളയം സൃഷ്ടിച്ച ആഘാതത്തിൽ നിന്നും കരകയറ്റാൻ സഹായകരമായ നിലപാടല്ല കേന്ദ്രസർക്കാർ സ്വീകരിച്ചത് എന്ന യാഥാർത്ഥ്യം മറക്കാനാവില്ല. പ്രളയകാലത്ത് ജനങ്ങളെ രക്ഷിക്കാനായി നമ്മോടൊപ്പം കൈകോർത്ത കേന്ദ്ര സൈനിക വിഭാഗങ്ങളോടും കേന്ദ്രസർക്കാരിനോടും നമുക്ക് നന്ദിയുണ്ട്. പക്ഷെ  പിന്നീട് രാഷ്ട്രീയലക്ഷ്യത്തോടെ കേരളത്തിനെതിരെ നീങ്ങുകയായിരുന്നു കേന്ദ്രം. ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നും മൂവായിരത്തിൽപ്പരം കോടി രൂപ മാത്രമാണ് നമുക്ക് അനുവദിച്ചത്. സുഹൃദ് രാജ്യങ്ങൾ വാഗ്ദാനം ചെയ്ത സഹായം ലഭ്യമാക്കാനല്ല, നിഷേധിക്കാനാണ് കേന്ദ്രം ഇടപെട്ടത്. പ്രവാസി മലയാളികളെ സഹായം തേടി സമീപിക്കാൻ മന്ത്രിമാരെ അനുവദിച്ചില്ല.

പുനർനിർമ്മാണത്തിനുവേണ്ടി വാർഷിക വായ്പാപരിധിക്ക് പുറത്ത് വായ്പ എടുക്കാനും ഇതുവരെ അനുവാദം തന്നില്ല. ലോകബാങ്കിൽ നിന്നും എ.ഡി.ബി.യിൽ നിന്നും ഈ ഇനത്തിൽ എടുക്കുന്ന വായ്പ സാധാരണഗതിയിൽ അനുവദിക്കുന്ന വായ്പ തുകയിൽ ഉൾപ്പെടുത്തണം എന്നാണ് കേന്ദ്രത്തിന്റെ നിലപാട്. എന്നു വച്ചാൽ പ്രളയക്കെടുതികളിൽ നിന്ന് കരകയറാൻ നമുക്ക് അധികമായി ഒരു പണവും ലഭിക്കുകയില്ല. കേരളജനതയോട് എന്തിനീ ക്രൂരത എന്ന ചോദ്യം ഓരോ മലയാളിയുടെയും മനസിൽ മുഴങ്ങുന്നുണ്ട്. വായ്പ പരിധി ഉയർത്തുന്നതിന് കേന്ദ്രത്തിന് സമ്മതമല്ല. എന്നു മാത്രമല്ല, ട്രഷറി സേവിംഗ്സ് ബാങ്കിലെ ഡെപ്പോസിറ്റിൽ ഉണ്ടാകുന്ന വർദ്ധന, വായ്പയായി കണക്കാക്കി അംഗീകൃത വായ്പ വെട്ടിച്ചുരുക്കുകയാണ് കേന്ദ്രസർക്കാർ ചെയ്തത്. ഈ സമീപനം സംസ്ഥാന സർക്കാരിന്റെ സാമ്പത്തികസ്ഥിതിയെ വളരെ ഞെരുക്കിയിരിക്കുകയാണ്.

കേരളത്തിനു മാത്രമായുള്ള ഒരു പ്രത്യേക ആനുകൂല്യമായിട്ടല്ല, വായ്പ പരിധി ഉയർത്തണമെന്ന ആവശ്യം നാം മുന്നോട്ടു വെച്ചത്. പ്രകൃതിദുരന്തം നേരിടുന്ന ഏതു

സംസ്ഥാനത്തിനും പുനർനിർമ്മാണത്തുകയെ വിലയിരുത്തി അധികവായ്പ അനുവദിക്കാൻ കേന്ദ്രസർക്കാർ തയ്യാറാകണം. ഈ ആവശ്യം നാം ജിഎസ്ടി കൗൺസിലിൽ ഉന്നയിച്ചു. ധനമന്ത്രിമാരുടെ സബ്കമ്മിറ്റി തത്ത്വത്തിൽ ഇത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കേന്ദ്രസർക്കാരിന്റെ നിലപാടിൽ മാറ്റമൊന്നും ഉണ്ടായിട്ടില്ല. സംസ്ഥാനങ്ങളുടെ ധനാവശ്യത്തിൽ കൂടുതൽ ഉദാരമായ നയം സ്വീകരിക്കുന്ന ഒരു സർക്കാർ കേന്ദ്രത്തിൽ രൂപംകൊള്ളേണ്ടത് കേരളത്തിന്റെ മാത്രമല്ല, എല്ലാ സംസ്ഥാനങ്ങളുടെയും വികസനത്തിന് ആവശ്യമാണ്.

## പരിമിതികൾ കൂസാതെ മുന്നോട്ട്

കേന്ദ്രസർക്കാർ അപ്രതീക്ഷിതമായി നമുക്കു മുന്നിൽ സൃഷ്ടിച്ച പ്രതിബന്ധങ്ങൾ മറികടന്നുകൊണ്ടാണ് പുനർനിർമ്മാണ പ്രവർത്തനങ്ങൾ മുന്നേറുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് രാജ്യത്തിനകത്തും പുറത്തുമുള്ള വ്യക്തികളും സ്ഥാപനങ്ങളും ഉദാരമായി സംഭാവന നൽകി.

ഈ പണം ദുരിതാശ്വാസവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കു മാത്രമേ ഉപയോഗിക്കൂവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. കേന്ദ്ര ദുരിതാശ്വാസ നിധിയിൽ നിന്നു നൽകുന്ന സഹായങ്ങൾ കേന്ദ്രമാനദണ്ഡങ്ങൾ പ്രകാരമേ പറ്റൂ. എന്നാൽ നാം നൽകുന്ന ആനുകൂല്യം ഇതിന്റെ രണ്ട് മുതൽ നാല് മടങ്ങുവരെ ഉയർന്നതാണ്. ഈ വമ്പിച്ച ബാധ്യത മുഴുവൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ് നൽകുന്നത്.

ഉദാഹരണത്തിന് പ്രളയം തകർത്ത ഒരു വീടിന് 95000 രൂപ മാത്രമാണ് കേന്ദ്രസർക്കാർ സഹായം ലഭിക്കുക. സംസ്ഥാനം നൽകുന്നതോ നാലു ലക്ഷം രൂപയും. ഇത്തരത്തിൽ പൂർണവും ഭാഗികവുമായി തകർന്ന വീടുകളുടെ പുനർനിർമ്മാണത്തിന് രണ്ടായിരത്തിലേറെ കോടി രൂപയാണ് സംസ്ഥാന സർക്കാർ കണ്ടെത്തേണ്ടത്. സർദാർ പട്ടേൽ പ്രതിമ നിർമ്മാണത്തിന് പൊടിച്ചു കളഞ്ഞതിന്റെ പകുതിയോളം തുക.

പ്രളയം ബാധിച്ച ജില്ലകളിൽ ഗതാഗത സൌകര്യം പഴയപടിയാക്കാൻ വലിയ തുക വേണ്ടി വരും. 9736 കിലോമീറ്റർ റോഡുകൾ അറ്റകുറ്റപ്പണി



നടത്തേണ്ടതുണ്ട്. 957 കോടി രൂപയാണ് അതിനു കണക്കാക്കിയിരിക്കുന്നത്. റീസർഫസ് ചെയ്യേണ്ടത് 7197 കിലോമീറ്റർ റോഡുകളാണ്. അതിനു വേണം 6660 കോടി രൂപ. പൂർണമായും നശിച്ചു പോയത് 3148 കിലോമീറ്റർ റോഡുകളാണ്. അവയുടെ പുനർനിർമ്മാണത്തിന് 5922 കോടിയാണ് മതിപ്പു കണക്ക്. അങ്ങനെ റോഡുകളുടെ പുനഃസൃഷ്ടിയ്ക്കു വേണ്ടത് 13540 കോടി രൂപയാണ്. ഒരു കിലോമീറ്റർ റോഡിന് ഒരു ലക്ഷം രൂപ മാത്രമാണ് കേന്ദ്രം തരുന്നത്. വലിയൊരു സാമ്പത്തികബാധ്യത ഒറ്റയ്ക്കു പേറുക എന്ന വെല്ലുവിളിയാണ് സർക്കാർ ഏറ്റെടുത്തിരിക്കുന്നത്.

## ജീവനോപാധി വികസന പാക്കേജ്

സ്വത്തുക്കൾ മാത്രമല്ല, അനേകലക്ഷങ്ങളുടെ ഉപജീവനമാർഗങ്ങൾ കൂടി പ്രളയം കവർന്നു. പ്രളയമേഖലകളിലെ കൃഷി, കൈത്തൊഴിലുകൾ, ചെറുകിട ഇടത്തരം സംരംഭങ്ങൾ, എന്നിവയെല്ലാം തകർന്നു. രണ്ടുമാസക്കാലത്തിലേറെ കേരളത്തിൽ പൂർണതൊഴിൽ സ്തംഭനമായിരുന്നു. സ്വത്തു നഷ്ടത്തിനു പുറമെ, 15000 കോടി രൂപയുടെയെങ്കിലും വരുമാനനഷ്ടവും ഉണ്ടായിട്ടുണ്ട്. ജീവനോപാധി വികസനത്തിനുള്ള പ്രത്യേക പരിഗണനയാണ് ഈ വാർഷിക പദ്ധതിയുടെ പ്രത്യേകത.



2019-20 ലെ വാർഷിക പദ്ധതിയിൽ വിവിധ മേഖലകളിലായി സ്വയംതൊഴിൽ, കൂലിവേല തൊഴിൽ, നൈപുണ്യ വികസനം എന്നിവയ്ക്കായി 118 സ്കീമുകളാണ് രൂപപ്പെടുത്തിയത്. ഇവയിൽ ജീവനോപാധി വികസനത്തിനു മാത്രം പദ്ധതിയിൽ 4700 കോടി രൂപ വകയിരുത്തിയിരിക്കുന്നു. ഇതിലേറ്റവും പ്രധാനം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയാണ്. 2018-19 ൽ 10 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടും. രണ്ടായിരത്തി അഞ്ഞൂറുകോടിയിൽപ്പരം രൂപ വേതനമായി വിതരണം ചെയ്യപ്പെടും എന്നാണ് മതിപ്പ്. ഇത് മുൻവർഷത്തെ അപേക്ഷിച്ച് ഏതാണ്ട് 65 ശതമാനത്തിന്റെ വർദ്ധനയാണ്. 2019-20 ലും 10 കോടി തൊഴിൽ ദിനങ്ങളാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനവിഹിതമായി 230 കോടി രൂപ വകയിരുത്തുന്നു. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ അടങ്കൽ 50 കോടിയിൽ നിന്നും 75 കോടി രൂപയായി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

പ്രളയംമൂലം ജീവനോപാധികൾക്കുണ്ടായ നാശനഷ്ടം പരിഗണിച്ചാണ് ജില്ലാ ക്രെഡിറ്റ് പ്ലാനുകൾ തയ്യാറാക്കിയിരിക്കുന്നത്. വിവിധ ഉപജീവന പുനരധിവാസ വായ്പാ പദ്ധതിയുടെ ആകെ തുക 11,000 കോടി രൂപയാണ്. വായ്പാ തുകയുടെ 60 ശതമാനം കൃഷിക്കും 20 ശതമാനം ചെറുകിട വ്യവസായ മേഖലയ്ക്കുമാണ്. തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ സമഗ്ര ജീവനോപാധി പദ്ധതി തയ്യാറാക്കുന്നതിന് പ്രളയബാധിത പഞ്ചായത്തുകൾക്കായി 250 കോടി രൂപ പ്രത്യേകമായും വകയിരുത്തിക്കഴിഞ്ഞു. പ്രളയം തകർത്ത ജീവനോപാധികൾ 2019-20ൽ നാം തിരിച്ചു പിടിച്ചിരിക്കും.

## റീബിൽഡ് കേരള ഇനിഷ്യേറ്റീവ്

സ്ഥായിയായി പുനഃസൃഷ്ടി ലക്ഷ്യമിട്ടാണ് പശ്ചാത്തലസൗകര്യങ്ങളുടെയും ഉപജീവനോപാധികളുടെയും പദ്ധതികൾ നടപ്പാക്കുക. പാരിസ്ഥിതിക പരിഗണന നമ്മുടെ വികസന കാഴ്ചപ്പാടിലും പ്രവൃത്തിയിലും ഉൾക്കൊള്ളും. അതോടൊപ്പം നൂതനങ്ങളായ ആധുനിക സങ്കേതങ്ങളെ അടിസ്ഥാനമാക്കി ഉൽപാദനവും നിർമ്മാണ പ്രവൃത്തികളും നടത്തും. വെറും പുനർനിർമ്മാണമല്ല. കൂടുതൽ മെച്ചപ്പെട്ട പുനർനിർമ്മാണമാണ് മുദ്രാവാക്യം. ഈ പദ്ധതികളുടെ നടത്തിപ്പിൽ ജനങ്ങളുടെ വിപുലമായ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പ്രളയകാലത്തെ ഇടപെടലിന്റെ ചടുലതയെയും കാര്യക്ഷമതയെയും മാതൃകയാക്കും.

ഒരു സംശയവും വേണ്ട, നാം ഒറ്റക്കെട്ടായി അതിജീവിക്കുക തന്നെ ചെയ്യും.

# അന്തസ്സോടെ പറയാം ഇത് ലോകത്തിന് മാതൃക



**ടോം ജോസ്** ഐഎഎസ്
ചീഫ് സെക്രട്ടറി

കഴിഞ്ഞ നൂറു വർഷത്തിനിടയിൽ കേരളത്തിൽ ഏറ്റവും നാശനഷ്ടമുണ്ടാക്കിയ ദുരന്തമായിരുന്നു 2018 ആഗസ്റ്റ് എട്ടു മുതൽ ഉണ്ടായ മഹാപ്രളയം. ഇതേക്കുറിച്ച് കേന്ദ്ര കാലാവസ്ഥാവകുപ്പ് മുന്നറിയിപ്പുകൾ നൽകിയിരുന്നുവെന്നത് ശരിയാണ്. എന്നാൽ പ്രളയത്തിന്റെ തീവ്രതയും സംഹാരാത്മകതയും എല്ലാ പ്രവചനങ്ങളെയും മറികടക്കുന്നതായിരുന്നു.

കനത്ത മഴ മഹാമാരിയായി മാറുകയും നദികളും ഡാമുകളും വൃഷ്ടിപ്രദേശങ്ങളും കരകവിയുകയും ചെയ്തതോടെ വരാനിരിക്കുന്ന ദുരന്തത്തിന്റെ സൂചന നമുക്ക് ലഭിച്ചു.

ഉടൻ തന്നെ സംസ്ഥാന സർക്കാർ അതിനെ നേരിടാനുള്ള ധീരവും ചടുലവുമായ നടപടികളിലേക്ക് കടന്നു. ആദ്യം തന്നെ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ ഉന്നതലതല യോഗത്തിൽ നമ്മൾ എടുത്ത തീരുമാനം ദുരന്തം കൈകാര്യം ചെയ്യാൻ സെക്രട്ടേറിയേറ്റിൽ ഒരു കൺട്രോൾ റൂം സ്ഥാപിക്കുക എന്നതായിരുന്നു. അതിന്റെ ചുമതല ദുരന്തനിവാരണത്തിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറിയെ ഏൽപ്പിച്ചു. ഈ കൺട്രോൾ റൂം 24 മണിക്കൂർ പ്രവർത്തിപ്പിക്കാൻ വിവിധതലത്തിലെ ഉദ്യോഗസ്ഥരെ നിയമിച്ചു. രാപകൽ ഭേദമില്ലാതെ തന്നെ വിജയകരമായി അവർ അത് കൈകാര്യം ചെയ്തുവെന്ന് പറയുന്നതിൽ എനിക്ക് ഏറെ സന്തോഷമുണ്ട്.

കരസേന, വായുസേന, നാവികസേന, തീരസംരക്ഷണസേന, കേരളാപോലീസ്, ഫയർഫോഴ്സ്, ദേശീയ ദുരന്തപ്രതികരണസേന തുടങ്ങിയവ അടക്കമുള്ള രക്ഷാസേനകൾ, മത്സ്യത്തൊഴിലാളികൾ, യുവാക്കൾ, പൊതുജനങ്ങൾ എല്ലാവരും ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും ചരിത്രം തന്നെ രചിച്ചുകൊണ്ട് ദുരന്തത്തെ പിടിച്ചുകെട്ടാൻ ഒന്നായി രംഗത്തിറങ്ങി.

വളരെ വ്യവസ്ഥാപിതവും ആസൂത്രിതവുമായാണ് സംസ്ഥാന സർക്കാർ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കിയത്. എല്ലാ ദിവസവും രാവിലെ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നാണ് അതത് ദിവസത്തെ പ്രവർത്തനങ്ങൾ തീരുമാനിച്ചിരുന്നത്. അതുകഴിഞ്ഞ് ജില്ലാ കളക്ടർമാർ, എസ്.പി.മാർ എന്നിവർക്ക് ആവശ്യമായ നിർദേശങ്ങൾ നൽകുന്നു. വൈകുന്നേരം 6.30ന് എല്ലാ ദിവസവും മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ വീണ്ടും സമ്പൂർണ അവലോകനയോഗം ചേരുന്നു.

ഇതിന് മുമ്പായി എല്ലാ ദിവസവും അഞ്ചു മണിക്ക് കേന്ദ്രസർക്കാരിന്റെ ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പുമായി ചീഫ് സെക്രട്ടറിയുടെ വീഡിയോ കോൺഫറൻസിങ് ഉണ്ടാകുമായിരുന്നു. കാബിനറ്റ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്നിരുന്ന ആ യോഗത്തിൽ എല്ലാ കേന്ദ്രസേനകളുടെയും തലവൻമാർ, പ്രതിരോധ സെക്രട്ടറി, ആഭ്യന്തര സെക്രട്ടറി എന്നിവരും സംബന്ധിക്കുമായിരുന്നു. മറ്റു സെക്രട്ടറിമാരെയും ആവശ്യാനുസരണം പങ്കെടുപ്പിക്കുമായിരുന്നു.

ഈ വീഡിയോ കോൺഫറൻസിങ് വളരെയേറെ പ്രയോജനം ചെയ്തു. ഈ യോഗത്തിലാണ് കേന്ദ്ര സേനകളിൽ നിന്നു കിട്ടേണ്ട സേവനങ്ങളെ കുറിച്ചുള്ള വിവരം നമ്മൾ ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പിന് നൽകുകയും അവരുടെ ഭാഗത്തു നിന്നും മികച്ച പിന്തുണ കിട്ടുകയും ചെയ്തത്. യാതൊരു പേപ്പർവർക്കുമില്ലാതെ തന്നെ ആവശ്യപ്പെട്ട എല്ലാ സേവനങ്ങളും വിവിധ സേനകളിൽ നിന്നും ലഭിച്ചു.

ഹെലികോപ്ടറുകൾ, ബോട്ടുകൾ, ടോർച്ചുകൾ, ബൂട്ടുകൾ തുടങ്ങിയ എല്ലാ തരത്തിലുമുള്ള ദുരിതാശ്വാസ വസ്തുക്കൾ ഇങ്ങനെയുള്ളവയെല്ലാം ആവശ്യാനുസരണം ലഭിച്ചു. രാജ്യത്തെമ്പാടുംനിന്നും ഭക്ഷ്യവസ്തുക്കൾ സമാഹരിക്കാനും ഈ യോഗം പ്രയോജനപ്പെട്ടു. ഓരോ ആഴ്ചയും മുന്നിൽ കണ്ട് ഭക്ഷ്യവസ്തുക്കളുടെ ആവശ്യം വീഡിയോ കോൺഫറൻസിൽ അവതരിപ്പിക്കുകയും മറ്റു സംസ്ഥാനങ്ങളിൽ നിന്നടക്കം അവ സമാഹരിക്കുന്നതിനുള്ള ശ്രമങ്ങൾ പൂർണമായി വിജയിക്കുകയും ചെയ്തു. നമ്മൾ ഉദ്ദേശിച്ചതിനെക്കാൾ കൂടിയ സഹായമാണ് ഭക്ഷണം, വെള്ളം, ദുരിതാശ്വാസവസ്തുക്കൾ തുടങ്ങി എല്ലാ കാര്യത്തിലും ലഭിച്ചത്.

മുഖ്യമന്ത്രിയുടെ അവലോകനയോഗങ്ങൾ ഏകദേശം രണ്ടു മണിക്കൂർ നീണ്ടു



നിൽക്കുന്നവയായിരുന്നു. എല്ലാ വശങ്ങളും വിശദമായി ചർച്ച ചെയ്ത് എവിടെയൊക്കെയാണ് ബുദ്ധിമുട്ടുകൾ, എങ്ങനെയാണ് അവ തരണം ചെയ്യേണ്ടത് തുടങ്ങിയ കാര്യങ്ങൾ വിശദീകരിച്ച് തീരുമാനമെടുത്തുകൊണ്ടായിരുന്നു മുന്നോട്ടുള്ള നീക്കം. ആ യോഗം കഴിഞ്ഞാൽ ഉടൻ തന്നെ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലെ ജില്ലാ ഡിസാസ്റ്റർ മാനേജുമെന്റ് കൺട്രോൾ റൂമുകളിലേക്ക് ആവശ്യമായ വിവരങ്ങളും നിർദ്ദേശങ്ങളും കൈമാറും.

ഇതിന് കേരളത്തിലെ ജനങ്ങളുടെ ഭാഗത്തു നിന്നും അഭൂതപൂർവമായ പിന്തുണ സർക്കാരിന് ലഭിച്ചുവെന്നതും എടുത്തുപറയേണ്ടതാണ്. ആദ്യദിവസം തന്നെ വളരെയേറെ യുവാക്കൾ രക്ഷാപ്രവർത്തനത്തിന് മുന്നോട്ടു വന്നു.

അതുപോലെ തന്നെ മത്സ്യത്തൊഴിലാളികൾ, എവിടെയെല്ലാം രക്ഷാപ്രർത്തനം വേണ്ടിവന്നോ അവിടെയെല്ലാം അവർ പാഞ്ഞെത്തി. അങ്ങനെയുള്ള കൂട്ടായ പരിശ്രമത്തിലൂടെയാണ് നാം ഈ ദുരന്തത്തെ മറികടന്നത്.

കൂടാതെ മുഖ്യമന്ത്രിക്കൊപ്പം ഡി.ജി.പി ഉൾപ്പെടെയുള്ള മുതിർന്ന ഉദ്യോഗസ്ഥർ പല പ്രളയകേന്ദ്രങ്ങളും ദുരിതാശ്വാസ ക്യാമ്പുകളും സന്ദർശിക്കുകയും സ്ഥിതിഗതി നേരിട്ട് വിലയിരുത്തുകയും ചെയ്തു. ക്യാമ്പ് നടത്തിപ്പിലെ പോരായ്മകൾ മനസ്സിലാക്കാനും അവയ്ക്ക് പരിഹാരമാർഗം കണ്ടെത്താനും അതിലൂടെ കഴിഞ്ഞു.

മുഴുവൻ കാര്യങ്ങളിലും മുഖ്യമന്ത്രിയുടെ നേതൃപരമായ പങ്ക് പ്രത്യേകം പറയാതിരിക്കാനാവില്ല. അദ്ദേഹം ഒഴിവുദിവസങ്ങളെന്നല്ല, രാപകൽ വ്യത്യാസമില്ലാതെയാണ് പ്രവർത്തനങ്ങളെ നയിച്ചത്.

കേരളം ഈ പ്രളയം എങ്ങനെ നേരിട്ടുവെന്നത് വലിയ ചരിത്രസംഭവമായി കേന്ദ്രസർക്കാർ തന്നെ കണക്കാക്കുകയുണ്ടായി. ക്യാബിനറ്റ് സെക്രട്ടറി ഉൾപ്പെടെയുള്ള മുതിർന്ന കേന്ദ്ര ഉദ്യോഗസ്ഥർ എന്നെ നേരിട്ട് വിളിക്കുകയും വളരെ നന്നായി നിങ്ങൾ ഈ ദുരന്തത്തെ കൈകാര്യം ചെയ്തതായി അറിയിക്കുകയും ചെയ്തു.

പ്രധാനമന്ത്രി പോലും ഇക്കാര്യം പറയുകയുണ്ടായി. കേരളസന്ദർശനവേളയിൽ അദ്ദേഹവുമായി സംസാരിക്കാൻ അവസരം ലഭിച്ചപ്പോൾ ഇക്കാര്യം അദ്ദേഹം വ്യക്തമാക്കുകയുണ്ടായി.

നമ്മുടെ സർക്കാർ ജീവനക്കാർ വളരെ ആത്മാർഥതയോടെ ഒത്തൊരുമിച്ച് നടത്തിയ ശ്രമങ്ങളും എടുത്തു പറയേണ്ടതാണ്. പൊതുസമൂഹത്തിന്റെ പങ്കിനെ കുറിച്ച് ഞാൻ പറഞ്ഞു. അതിൽ വലിയൊരു പങ്ക് സർക്കാർ ജീവനക്കാർ കൂടി ആയിരുന്നു. അവരിൽ പലരും സ്വന്തം ജീവൻ അവഗണിച്ചുകൊണ്ടുപോലും രക്ഷാപ്രവർത്തകർക്ക് ആവശ്യമായ പിന്തുണ നൽകാൻ സ്വമേധയാ മുന്നോട്ടു വന്നു. ഇത് വളരെ അഭിനന്ദനീയമായ വസ്തുതയാണ്.

ഇനിയുള്ള പുനർനിർമാണത്തിലും ഇതുപോലുള്ള മികച്ച ചുവടുതന്നെയാണ് കേരളം മുന്നോട്ടു വച്ചിരിക്കുന്നത്. നഷ്ടപ്പെട്ടുപോയവ മാത്രമല്ല, പുതിയൊരു കേരളം തന്നെ

--build back better- -കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെയാണ് നാം മുന്നോട്ടു പോവുന്നത്. ഇതിനായി ലോകബാങ്കിന്റെയും ഐക്യരാഷ്ട്ര സംഘടനയുടെയും ആഭിമുഖ്യത്തിലുള്ള രണ്ട് പഠനങ്ങൾ ഇതുവരെ നടത്തിക്കഴിഞ്ഞു. ഫ്ലഡ് മാപ്പിങ് നടത്താനും അപകടമേഖലകൾ നിർണയിക്കാനും സംസ്ഥാന സർക്കാർ അഞ്ച് ഏജൻസികളുടെ സഹായം അഭ്യർഥിച്ചിട്ടുണ്ട്. അതിനുള്ള ജോലി നടന്നുകൊണ്ടിരിക്കുകയാണ്.

ഐക്യരാഷ്ട്രസംഘടന, ലോകബാങ്ക് സംഘത്തിന്റെ വിലയിരുത്തൽ പ്രകാരം 30,000 കോടിയിലേറെ രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ഈ തുക എങ്ങനെ സ്വരൂപിക്കണമെന്നതിനെ സംബന്ധിച്ചുള്ള തീരുമാനങ്ങളും സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ഇതുവരെ 2250 കോടിയോളം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വഴി ലഭിച്ചിട്ടുണ്ട്. വീടുകൾ, റോഡുകൾ, കൃഷി, ജലസ്രോതസ്സുകൾ, ഉപജീവനമാർഗം, തുടങ്ങിയ മേഖലകൾ കേന്ദ്രീകരിച്ച് പുനർനിർമാണം നടത്തുക എന്നതാണ് ഇപ്പോൾ കൈക്കൊണ്ടിരിക്കുന്ന പൊതുവായ തീരുമാനം. ഏതു പുനർനിർമാണ പ്രക്രിയയും മൂന്നു മുതൽ അഞ്ചു വർഷം വരെ എടുക്കാം. എല്ലാത്തിനും അവയുടേതായ നടപടിക്രമങ്ങൾ വേണ്ടതുണ്ട് എന്നതാണ് കാരണം. ആവശ്യങ്ങൾ എന്താണെന്ന് കണ്ടെത്തുക, തുക സ്വരൂപിക്കുക തുടങ്ങിയവയ്ക്കുള്ള മാർഗങ്ങൾ കണ്ടെത്താനായി ഒരു ഉപദേശകസമിതി രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഒരു ഉന്നതതല എക്സിക്യൂട്ടീവ് കമ്മിറ്റിയും നിലവിൽവന്നു. ഈ സമിതികളെല്ലാം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സന്നദ്ധസംഘടനകളുടെ സഹകരണവും തേടും.

അങ്ങനെ ഭയാനകമായ ഒരു പ്രളയത്തെ തെല്ലും പതറാതെ നേരിട്ട് രാജ്യത്തിനും ലോകത്തിനും മാതൃകയായ പ്രവർത്തനം നാം കാഴ്ചവച്ചിരിക്കുന്നുവെന്ന് ഓരോ കേരളീയനും അഭിമാനത്തോടെ പറയാം.

# യുദ്ധമുന്നണിയിലെ കൂട്ടായ്മപോലെ



**പി.എച്ച്. കുര്യൻ** ഐഎഎസ്
മുൻ അഡീ.ചീഫ് സെക്രട്ടറി

കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ കേരളം നേരിടുന്ന നാലാമത്തെ പ്രകൃതിദുരന്തമാണ് 2018 ആഗസ്റ്റിലുണ്ടായ മഹാപ്രളയം. 2016–17ലെ വരൾച്ചയായിരുന്നു ആദ്യത്തേത്. കഴിഞ്ഞ നവംബറിൽ കനത്ത നാശം വിതച്ച ഓഖി, 2018 ജൂലൈയിൽ തന്നെ മൂന്ന് ജില്ലകളെ ബാധിച്ച വെള്ളപ്പൊക്കം എന്നിവയായിരുന്നു മറ്റ് മൂന്നെണ്ണം. ഇവയിൽ ഏറ്റവും ഭീകരമായ അനുഭവമായിരുന്നു പ്രളയത്തിന്റേതെന്ന് പറയാം.

ഈ പ്രളയത്തിന്റെ ഘട്ടത്തിൽ നമ്മുടെ ആദ്യത്തെ വെല്ലുവിളി പ്രളയത്തിൽപ്പെട്ടവരെ രക്ഷിക്കുക എന്നുള്ളതായിരുന്നു. അതിനാണ് സെക്രട്ടേറിയേറ്റിൽ ഒരു കൺട്രോൾ റൂം സ്ഥാപിക്കാൻ സർക്കാർ തീരുമാനിക്കുകയും അതിന്റെ ചുമതല എന്നെ ഏൽപ്പിക്കുകയും ചെയ്തത്.

അക്ഷരാർഥത്തിൽ ഒരു യുദ്ധമുന്നണിയിലായിരുന്നു നമ്മൾ. പ്രളയം അനുനിമിഷം ശക്തി പ്രാപിച്ചു കൊണ്ടിരിക്കുകയായിരുന്നു. മുൻമാതൃകകളില്ലാത്ത ഒരു ദുരന്തത്തിന്റെ മുന്നിൽ കൺട്രോൾ റൂമിന്റെ പ്രവർത്തനവും അതിനനുസരിച്ചുള്ളതായിരുന്നു. രാപകൽ വ്യത്യാസമില്ലാതെ അത് കർമനിരതമായിരുന്നു.

കരസേന, വായുസേന, നാവികസേന, കോസ്റ്റുഗാർഡ്, ദേശീയ ദുരന്ത പ്രതിരോധസേന തുടങ്ങിയ കേന്ദ്രസേനകളുടെയും കേരളാ പോലീസ്, ഫയർഫോഴ്സ്, ട്രാൻസ്പോർട്ട് വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുടെയും മുതിർന്ന ഓഫീസർമാർ 24 മണിക്കൂറും അവിടെ തമ്പടിച്ചാണ് കൺട്രോൾ റൂമിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോയത്.

ദുരന്തമേഖലയിൽ നിന്ന് കിട്ടുന്ന വിവരങ്ങൾ ശേഖരിച്ച് ആളുകളെ രക്ഷപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ ജില്ലാ കളക്ടർമാർക്കും സേനാംഗങ്ങൾക്കും നൽകിക്കൊണ്ടിരുന്നു. സേനാംഗങ്ങളെയും രക്ഷാപ്രവർത്തകരെയും ആവശ്യമായ സ്ഥലങ്ങളിൽ വിന്യസിക്കുക, ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുക, ആവശ്യമായ വാഹനങ്ങൾ ലഭ്യമാക്കുക തുടങ്ങി ഒട്ടേറെ കാര്യങ്ങൾ ഏറ്റവും വേഗത്തിലും ഫലപ്രദമായും നിർവഹിക്കാനുണ്ടായിരുന്നു. അവയെല്ലാം കൺട്രോൾ റൂമിൽ നിന്നാണ് നിയന്ത്രിച്ചിരുന്നത്. വായുസേനയുടെ ചരക്കു വിമാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ദുരിതാശ്വാസ വസ്തുക്കൾ ഇന്ത്യയുടെ പല ഭാഗത്തു നിന്നും കേരളത്തിലേക്ക് കൊണ്ടുവരാനും പല ജില്ലകളിലേക്കും വിന്യസിക്കാനും ഒക്കെയുള്ള പ്രവർത്തനങ്ങൾ നടന്നു. അതേസമയം തന്നെ മുകളിലേക്ക് മന്ത്രിമാർക്കും മറ്റും കൃത്യമായി വിവരങ്ങൾ കൈമാറി.

അസാധാരണമായ ടീംവർക്കാണ് ദുരന്തവ്യാപ്തി പിടിച്ചുകെട്ടാൻ



തുണയായത്. വിവിധ സേനകളുടെയും വകുപ്പുകളുടെയും മുതിർന്ന ഉദ്യോഗസ്ഥർ രക്ഷാപ്രവർത്തനം തീരുന്നതുവരെ, ഏതാണ്ട് 10-12 ദിവസം കൺട്രോൾ റൂമിൽ ഉണ്ടായിരുന്നു. വാക്കാൽ നൽകിയ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഐ.എ.എസ്സുകാർ അടക്കമുള്ളവർ രക്ഷാദൗത്യത്തിലും ദുരിതാശ്വാസ പ്രവർത്തനത്തിലും വിവിധ ജില്ലകളിലായി രംഗ ത്തിറങ്ങിയത്.

സർക്കാർ ജീവനക്കാർ ഈ ഘട്ടത്തിൽ നടത്തിയ സ്തുത്യർഹമായ സേവനങ്ങൾ എടുത്തുപറയാതിരിക്കാനാവില്ല. അതുപോലെ തന്നെ ജില്ലാ കളക്ടർമാർ, എസ്.പി.മാർ എന്നിവരുടെ നേതൃത്വത്തിൽ ഏകമനസ്സോടെ കേരളം രംഗത്തിറങ്ങുകയായിരുന്നു. അറുനൂറിലധികം ബോട്ടുകളുമായി എത്തിയ മത്സ്യത്തൊഴിലാളികളെയും എത്ര അഭിനന്ദിച്ചാലും മതിയാവില്ല.

ഏകദേശം ഒരാഴ്ച നീണ്ട രക്ഷാപ്രവർത്തനത്തിലൂടെ എല്ലാവരെയും രക്ഷിച്ച് ക്യാമ്പുകളിലെത്തിച്ചു. 14.5 ലക്ഷത്തിലധികം പേർ അയ്യായിരത്തിലധികം ക്യാമ്പുകളിലായി കഴിയേണ്ട അവസ്ഥവരെയുണ്ടായി. പിന്നീട് വെള്ളം കുറഞ്ഞതിനെ തുടർന്ന് ആളുകൾ അവരവരുടെ വീടുകളിലേക്ക് പോയി. ഇത്രയും ബൃഹത്തായൊരു ഓപ്പറേഷൻ കേരളത്തിൽ ഇതുവരെ നടന്നിട്ടില്ല.

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും നടന്ന അവലോകന യോഗവും അതിൽ നിന്നുണ്ടായ തീരുമാനങ്ങളും ഏകോപനവും ഈ പ്രവർത്തനങ്ങൾക്ക് ഏറ്റവും സഹായം ചെയ്തു.

കേന്ദ്ര സർക്കാരിൽ നിന്നും പൂർണപിന്തുണ ലഭിച്ചു. ചീഫ് സെക്രട്ടറിയും ക്യാബിനറ്റ് സെക്രട്ടറി അധ്യക്ഷനായ കേന്ദ്ര ക്രൈസിസ് ഗ്രൂപ്പുമായി എല്ലാ ദിവസവും നടന്ന വീഡിയോ കോൺഫറൻസ് ഇക്കാര്യത്തിൽ വലിയ പ്രയോജനം ചെയ്യുകയുണ്ടായി.

ദുരന്തവേളയിൽ റവന്യൂ വകുപ്പിലെ ഉദ്യോസ്ഥർ കാഴ്ചവച്ച സേവനസന്നദ്ധതയും സമർപ്പണവും പ്രത്യേകം പരാമർശിക്കേണ്ടതായിട്ടുണ്ട്. രക്ഷാപ്രവർത്തനം, ദുരിതാശ്വാസ ക്യാമ്പുകളുടെ നടത്തിപ്പ്, ഭക്ഷണകിറ്റ് വിതരണം എന്നിവയിലെല്ലാം അവർ ആവേശകരമായ മാതൃകയാണ് സൃഷ്ടിച്ചത്. 7.25 ലക്ഷം പേർക്ക് വ്യവസ്ഥാപിതമായി ഭക്ഷണകിറ്റ് വിതരണം ചെയ്തു. റവന്യൂ ഉദ്യോഗസ്ഥരും മറ്റു വകുപ്പു ജീവനക്കാരും വളരെയധികം ഒത്തൊരുമിച്ചാണ് കിറ്റ് വിതരണം പൂർത്തിയാക്കിയത്. ധാരാളം ചെറുപ്പക്കാർ പൊതുസമൂഹത്തിൽ നിന്ന് രംഗത്തെത്തി. ജാതിമത-ഭേദമന്യേ ഓണസദ്യ പോലും ഒഴിവാക്കി കിറ്റ് തയാറാക്കാനും വിതരണം ചെയ്യാനും ദുരന്തബാധിതർക്ക് എത്തിച്ചുകൊടുക്കാനും അവർ കർമനിരതരായി.

റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരിൽ നല്ല ഒരു വിഭാഗം ഇപ്പോഴും കർമരംഗത്താണ്. എന്നുമാത്രമല്ല അവരുടെ പ്രവർത്തനം ഇനിയും തുടരുകയും ചെയ്യും. ദുരന്തബാധിതർക്ക് വീട് അനുവദിക്കുന്നതിനും മറ്റ് സാധനങ്ങൾ എത്തിക്കുന്നതിനും അവർ രംഗത്തുണ്ടാവും. അവധിപോലുമില്ലാതെ അവർ പ്രവർത്തിച്ചു കൊണ്ടിരിന്നു.

കൺട്രോൾറൂമിന്റെ പ്രവർത്തനം വിജയിപ്പിക്കാൻ പരിശ്രമിച്ച മറ്റു സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ, മുതിർന്ന ഉദ്യോഗസ്ഥർ, ട്രാൻസ്പോർട്ട് വകുപ്പ് ഉദ്യോഗസ്ഥർ, എന്റെ ഓഫീസിലെ ജീവനക്കാർ എല്ലാവരെയും നന്ദിപൂർവം സ്മരിക്കുന്നു.





# ജില്ലകളിലേക്ക്...

പ്രളയത്തിന്റെ പോർമുഖങ്ങളായിരുന്നു ജില്ലകൾ. അവിടെ ജില്ലാ കളക്ടറുടെയും എസ്.പിമാരുടെയും നേതൃത്വത്തിൽ നടത്തിയത് തികച്ചും സാഹസികമായ രക്ഷാദൗത്യമായിരുന്നു. മന്ത്രിമാരും ജനപ്രതിനിധികളും ആ പോരാട്ടത്തിന്റെ അമരത്ത് അചഞ്ചലരായി നിലയുറപ്പിച്ചിരുന്നു. സന്നദ്ധ പ്രവർത്തകരും ജനങ്ങളും ഒരേ മനസ്സോടെ പ്രളയത്തിനെതിരെ നീന്തിക്കയറി.

ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ നിന്നുള്ള റിപ്പോർട്ടുകളിലേക്ക്



# തിരുവനന്തപുരം

'നിത്യഹരിത നഗരമെന്ന് 'രാഷ്ട്രപിതാവ് മഹാത്മാഗാന്ധി വിശേഷിപ്പിച്ച തിരുവനന്തപുരം കേരളത്തിന്റെ തെക്കേ അറ്റത്ത് സ്ഥിതിചെയ്യുന്നു. കേരളത്തിൽ ഏറ്റവും ജനസാന്ദ്രത കൂടിയ നഗരം തിരുവനന്തപുരം ആണ്. 2192 ചതുരശ്ര കിലോമീറ്റർ വ്യാപിച്ചു കിടക്കുന്ന ജില്ലയുടെ ആകെ ജനസംഖ്യ 33,07284 (2011 സെൻസെസ് പ്രകാരം) ആണ്. 73 ഗ്രാമപഞ്ചായത്തുകളും 11 ബ്ലോക്ക് പഞ്ചായത്തുകളും നാല് മുനിസിപ്പാലിറ്റിയും ഒരു കോർപ്പറേഷനും ആറ് താലൂക്കുകളും ചേർന്നതാണ് ജില്ല. ഭൂപ്രകൃതി അനുസരിച്ച് ജില്ലയെ ഉൾനാട്, തീരപ്രദേശം എന്നിങ്ങനെ വിഭജിക്കാം.തെക്ക്-പടിഞ്ഞാറ് മൺസൂൺ പാതയിലെ ആദ്യ നഗരമാണ് തിരുവനന്തപുരം.

## നദികളും ജലസംഭരണികളും

നെയ്യാർ, കിള്ളിയാർ, കരമനയാർ, വാമനപുരം നദി എന്നിവയാണ് ജില്ലയിലെ പ്രധാന നദികൾ. പശ്ചിമഘട്ടമലനിരകളുടെ ഭാഗമായ അഗസ്ത്യാർകൂടത്തിൽ നിന്നുത്ഭവിച്ച് 56 കിലോമീറ്ററോളം ജില്ലയുടെ പ്രാന്തപ്രദേശങ്ങളിലൂടെ ഒഴുകുന്ന നദിയാണ് നെയ്യാർ. അറബിക്കടലാണ് പതനസ്ഥാനം. കിള്ളിയാറും കരമനയാറും തിരുവനന്തപുരത്തിന്റെ നഗര പ്രദേശങ്ങളിലൂടെ ഒഴുകുന്ന പ്രധാന നദികളാണ്. നെയ്യാർ, അരുവിക്കര, പേപ്പാറ എന്നിവയാണ് ജില്ലയിലെ പ്രധാന ജലസംഭരണികൾ. പത്തോളം കായലുകളാണ് ജില്ലയുടെ വിവിധ പ്രദേശങ്ങളിലായുള്ളത്.

## മുന്നൊരുക്കം

മഴക്കെടുതികൾ അധികമൊന്നും പരിചിതമല്ലാതിരുന്ന തിരുവനന്തപുരം ജില്ലയ്ക്ക് കാലവർഷം മറക്കാനാകാത്ത ഒരു അനുഭവമാണ്. ദുരന്തബാധിതപ്രദേശമെന്നതിന് ഉപരിയായി ദുരന്തമേഖലകളുടെ ഏകോപനകേന്ദ്രവും ആശ്രിതകേന്ദ്രവുമായി മാറുകയായിരുന്നു അക്ഷരാർഥത്തിൽ തലസ്ഥാനജില്ല. ഭരണ സിരാകേന്ദ്രമെന്നതിനാൽ തന്നെ സർക്കാർ സംവിധാനങ്ങളുടെ ഏകോപനവും ക്രിയാത്മക ഇടപെടലുകളും കൃത്യതയോടെ നിർവഹിക്കുന്നതിൽ ജില്ലാ ഭരണകൂടം പൂർണവിജയം കണ്ടു. മഴ കനക്കാൻ തുടങ്ങിയതോടെ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഊർജിതമാക്കി. കാലാവസ്ഥാ നിരീക്ഷണകേന്ദ്രത്തിന്റെ ഓറഞ്ച് അലർട്ട് നിർദേശം ലഭിച്ചതോടെ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ കളക്ടറേറ്റ്, താലൂക്ക് ഓഫീസുകളിൽ

പ്രവർത്തനം ആരംഭിച്ചിരുന്നു. വിവിധ വിഭാഗത്തിലുള്ള ഉദ്യോഗസ്ഥവൃന്ദത്തിന്റെ ലക്ഷ്യബോധം പ്രശംസനീയമായിരുന്നു. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി നിരന്തര യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. ജില്ലയുടെ ചുമതലയുണ്ടായിരുന്ന സഹകരണ-ടൂറിസം-ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ നേരിട്ടാണ് ജില്ലയിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കും അതുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും നേതൃത്വം നൽകിയത്. കൺട്രോൾ റൂമുകൾ, ജില്ലാ മോണിറ്ററിംഗ് സെൽ, ദുരന്തനിവാരണ വിഭാഗം എന്നിവിടങ്ങളിലെ ജീവനക്കാർ വിശ്രമമില്ലാതെ ദുരന്തത്തെ നേരിടാനും അടിയന്തര വിവരകൈമാറ്റത്തിനും സർവസജ്ജമായിരുന്നു. സർക്കാരിന്റെ കൃത്യമായ മേൽനോട്ടത്തിൽ, ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ  രക്ഷാദൗത്യത്തിനും ദുരിതാശ്വാസ പ്രവർത്തനത്തിനും പുതിയൊരു മാനം സൃഷ്ടിക്കാൻ സാധിച്ചുവെന്ന് മാത്രമല്ല കേരള ചരിത്രത്തിൽ പുതിയ അധ്യായങ്ങൾ കൂടി കൂട്ടിച്ചേർക്കുകയുമായിരുന്നു തിരുവനന്തപുരം.

## മഴക്കെടുതി

ആശങ്കകളുടെയും കനത്ത ജാഗ്രതയുടെയും മണിക്കൂറുകളായിരുന്നു ആഗസ്റ്റ് 14, 15 ദിവസങ്ങളിലേത്. ജാഗ്രതാ മേഖലയിലായിരുന്നു തിരുവനന്തപുരം ഉൾപ്പെട്ടിരുന്നത്. പ്രവചനങ്ങൾ ശരിവെച്ച് മഴ ശക്തിപ്രാപിച്ചതോടെ താഴ്ന്ന പ്രദേശങ്ങളിലെല്ലാം വെള്ളം കയറി. അരുവിക്കര, നെയ്യാർ, പേപ്പാറ ഡാമുകളിൽ നീരൊഴുക്ക് വർധിച്ച സാഹചര്യത്തിൽ ഷട്ടറുകൾ തുറന്നതോടെ ജില്ലയുടെ പ്രാന്തപ്രദേശങ്ങൾ വെള്ളത്തിനടിയിലായി. കരമന, കിള്ളിയാറുകൾ കരകവിഞ്ഞൊഴുകിയതോടെ നഗരപ്രദേശങ്ങളിലെ വീടുകളിലും വെള്ളം കയറി. സുരക്ഷിതമെന്ന് കരുതിയ ഇടങ്ങളിൽ പോലും അപ്രതീക്ഷിതമായി വെള്ളം പൊങ്ങിയതോടെ രക്ഷ യാചിച്ച് കൺട്രോൾ റൂമുകളിലേക്കുള്ള വിളികളുടെ നിലയ്ക്കാത്ത പ്രവാഹമായിരുന്നു. നഗരപ്രദേശങ്ങളായ ജഗതി, ഗൗരീശപട്ടം, കരിമഠം കോളനി തുടങ്ങി പലസ്ഥലങ്ങളിലും അഗ്നിരക്ഷാസേന - സ്കൂബ സംഘങ്ങളുടെ സംയുക്ത സഹായത്തോടെയായിരുന്നു രക്ഷാപ്രവർത്തനം. മലയോര മേഖലകളായ നെയ്യാറ്റിൻകര, കാട്ടാക്കട, നെടുമങ്ങാട് മേഖലകളിലെല്ലാം അതിശക്തമായ മഴയായിരുന്നു പെയ്തത്. വെള്ളപ്പൊക്കം രൂക്ഷമായതോടെ നൂറ് കണക്കിന് കുടുംബങ്ങളെയാണ് ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി പാർപ്പിച്ചത്. മുൻപെങ്ങും കണ്ടിട്ടില്ലാത്ത വിധം മഴയുടെ തീവ്രതയിൽ ജനങ്ങളിലെ ആശങ്ക പരിഭ്രാന്തിയിലേക്കും വഴിമാറിയിരുന്നു. നഗരപ്രദേശങ്ങളും ഗ്രാമപ്രദേശങ്ങളും ഒരു പോലെ പകച്ച നിമിഷങ്ങളായിരുന്നു അന്നുണ്ടായത്. നിലയ്ക്കാതെ പെയ്യുന്ന മഴയിൽ ജീവനും കയ്യിലേന്തി രക്ഷാമാർഗം തേടുകയായിരുന്നു ജനങ്ങൾ.

## രക്ഷാപ്രവർത്തനം

കണക്കുകൂട്ടലുകൾ പിഴയ്ക്കാതെയുള്ള രക്ഷാപ്രവർത്തനം നൂറ് കണക്കിന് ജീവനുകൾക്കാണ് ആശ്വാസമായത്. പതിവിലും വിപരീതമായി മഴക്കെടുതി നഗരപ്രദേശങ്ങളിലേക്ക് കൂടി വ്യാപിച്ചത് ആശങ്ക വർധിപ്പിച്ചു. നഗരപ്രദേശങ്ങളിലെ താഴ്ന്ന ഭാഗങ്ങളിൽ വെള്ളം കയറി. ഡാമുകൾ തുറന്നതോടെ നദിക്കരയിൽ വസിക്കുന്നവരെ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റിപ്പാർപ്പിക്കുകയായിരുന്നു. ക്യാമ്പുകളിലുള്ളവർക്ക് ആവശ്യമായ കുടിവെള്ളവും ഭക്ഷണവും സന്നദ്ധസംഘടനകളുടെ സഹായത്തോടെ എത്തിച്ചു. പ്രത്യേക മെഡിക്കൽ സംഘങ്ങളെ ക്യാമ്പുകളിൽ വിന്യസിച്ചിരുന്നു. വെള്ളത്തിനടിയിലായ പ്രദേശങ്ങളിൽ കളക്ടർ നേരിട്ടെത്തി സ്ഥിതിഗതികൾ നിയന്ത്രിച്ചു. ജനപ്രതിനിധികൾ, കലാ-സാംസ്കാരിക-രാഷ്ട്രീയസംഘടനകൾ, വ്യക്തികൾ ഇങ്ങനെ എല്ലാവരും കൈമെയ് മറന്ന് രക്ഷാപ്രവർത്തനം കാര്യക്ഷമമാക്കി.

ജില്ലയിൽ മഴ കനക്കാൻ തുടങ്ങിയതോടെ നദികളുടെ കരകളിൽ താമസിക്കുന്നവർക്ക് ജില്ലയിലെ വിവിധ ഡാമുകളുടെ ഷട്ടറുകൾ തുറക്കുന്നതിനെ സംബന്ധിച്ച അറിയിപ്പുകളും, ജാഗ്രതാ നിർദേശവും ജില്ലാ കളക്ടർ, ജില്ലാ ഇൻഫർമേഷൻ ഓഫീസ് വഴി കൃത്യമായി നൽകി.  കനത്ത മഴയെതുടർന്ന് വെള്ളത്തിലായ പ്രദേശങ്ങളിൽ കളക്ടർ നേരിട്ടെത്തി മാറ്റി പാർപ്പിക്കേണ്ടവരെ വിവിധ സ്ഥലങ്ങളിലുള്ള ക്യാമ്പുകളിലേക്ക് മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ഡെപ്യൂട്ടി കളക്ടർ (ഡിസാസ്റ്റർ), വിവിധ താലൂക്ക് തഹസിൽദാർമാർ, വില്ലേജ് ഓഫീസർമാർ തുടങ്ങിയവരുടെ അടിയന്തര യോഗം ചേരുകയും തുടർപ്രവർത്തനങ്ങൾ  എ.ഡി.എമ്മിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്നതിനായുള്ള ക്രമീകരണങ്ങൾ ചെയ്യുകയുമുണ്ടായി.  വിവിധ ക്യാമ്പുകളിൽ താമസിക്കുന്നവർക്കാവശ്യമായ ഭക്ഷണമുൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പാടാക്കുകയും ചെയ്തു.

പോലീസ്, അഗ്നിരക്ഷാസേന, റവന്യൂവിലെ വിവിധ ഉദ്യോഗസ്ഥർ, മറ്റ് വിവിധ സർക്കാർ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ യോഗങ്ങൾ നിരന്തരം ജില്ലാ കളക്ടറേറ്റിൽ സമയബന്ധിതമായി ചേർന്നു. ഈ യോഗങ്ങൾക്ക് മന്ത്രി കടകംപള്ളി സുരേന്ദ്രൻ നേതൃത്വം നൽകി. എം.എൽ.എമാർ ഉൾപ്പെടെ ജനപ്രതിനിധികളും പങ്കെടുത്തിരുന്നു. കൃത്യസമയങ്ങളിൽ ജില്ലാ ഭരണകൂടം കൈക്കൊണ്ട എല്ലാ നടപടികൾക്കും



ആവശ്യമായ പ്രചാരണം നൽകുന്നതിനും ജില്ലാ ഇൻഫർമേഷൻ ഓഫീസ് 24 മണിക്കൂറും പ്രവർത്തിച്ചു.

നിയമസഭാ അംഗങ്ങൾ അവരവരുടെ മണ്ഡലങ്ങളിലെ പ്രശ്നങ്ങളിൽ ഇടപെടുന്നതോടൊപ്പം ജില്ലയുടെ മൊത്തം പ്രശ്നങ്ങളിലും ബന്ധപ്പെട്ടിരുന്നു. കൂടാതെ തിരുവനന്തപുരം കോർപ്പറേഷൻ മേയർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, വിവിധ നഗരസഭാ അധ്യക്ഷന്മാർ, ത്രിതല പഞ്ചായത്ത് അധ്യക്ഷന്മാരും അംഗങ്ങളും എല്ലാവരും ഒരുമിച്ച് പ്രളയദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്കൊപ്പം പൊലീസ്, അഗ്നിരക്ഷാസേന, വിവിധ സേനകൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവ കൂടാതെ വിവിധ എൻ.ജി.ഒകൾ, സാംസ്കാരിക സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ, കലാ സംഘടനകൾ, ക്ലബ്ബുകൾ, വായനശാലകൾ എന്നിവയും എണ്ണമറ്റ വ്യക്തികളും പ്രളയദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ പങ്കുവഹിച്ചു.

കാലവർഷക്കെടുതിയെ തുടർന്ന് തിരുവനന്തപുരം ജില്ലയിൽ 83 ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിച്ചു. 2347 കുടുംബങ്ങളിൽ നിന്നുള്ള 7879 പേരെ മഴയെതുടർന്ന് സുരക്ഷിത കേന്ദ്രത്തിലേക്ക് മാറ്റിപ്പാർപ്പിച്ചിരുന്നു. തിരുവനന്തപുരം താലൂക്കിലാണ് ഏറ്റവും കൂടുതൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിച്ചത്. 237 ക്യാമ്പുകളിലായി 3058 പേർ ഇവിടെ താമസിച്ചിരുന്നു (1371 സ്ത്രീകൾ, 1083 പുരുഷന്മാർ, 604 കുട്ടികൾ). നെയ്യാറ്റിൻകര താലൂക്കിൽ 17 ദുരിതാശ്വാസ ക്യാമ്പുകളിലായി 831 കുടുംബങ്ങളിലെ 2667 പേരും നെടുമങ്ങാട് താലൂക്കിൽ 11 ക്യാമ്പുകളിലായി 166 കുടുംബങ്ങളിലെ 654 പേരും, കാട്ടാക്കട താലൂക്കിൽ ഏഴു ക്യാമ്പുകളിലായി 156 കുടുംബങ്ങളിലെ 499 പേരും ചിറയിൻകീഴ് താലൂക്കിൽ എട്ട് ക്യാമ്പുകളിലായി 284 കുടുംബങ്ങളിൽ നിന്നുള്ള 873 പേരും വർക്കല താലൂക്കിലെ മൂന്ന് ക്യാമ്പുകളിലായി 128 പേരുമാണ് താമസിച്ചിരുന്നത്. കൂടാതെ ആറന്മുളയിൽ നിന്ന് തിരുവനന്തപുരത്ത് എത്തിയവർക്കായി ശിവഗിരി കൺവെൻഷൻ

സെന്ററിൽ പ്രത്യേക സംവിധാനവും ജില്ലാ ഭരണകൂടം ഏർപ്പാടാക്കിയിരുന്നു.

രൂക്ഷമായ മഴക്കെടുതി മൂലം തിരുവനന്തപുരം ജില്ലയിൽ 702.96 കോടി രൂപയുടെ നഷ്ടമുണ്ടായതായി ജില്ലാ ദുരന്തനിവാരണ വിഭാഗം അറിയിച്ചു. 4217 കുടുംബങ്ങളെയാണ് മഴ ബാധിച്ചത്. 1933 വീടുകൾ ഭാഗികമായും 95 വീടുകൾ പൂർണമായും നശിച്ചു. ഈ ഇനത്തിൽ 10.56 കോടി രൂപയുടെ നഷ്ടമാണ് ജില്ലയ്ക്കുണ്ടായത്. ജില്ലയിലെ റോഡുകൾക്കാണ് കനത്ത നഷ്ടമുണ്ടായത്. 880 കിലോമീറ്റർ റോഡ് ഭാഗികമായും 530 കിലോമീറ്റർ റോഡ് പൂർണമായും തകർന്നു. 588 കോടി രൂപയുടെ നഷ്ടമാണ് ഇക്കാര്യത്തിൽ മാത്രമുണ്ടായത്. ജില്ലയിലെ 1400 ഹെക്ടർ സ്ഥലത്തെ കൃഷിനാശത്തിലൂടെ 80 കോടി രൂപയുടെ നഷ്ടവും ജലസേചന വകുപ്പിന് 16.47 കോടി, വൈദ്യുതി വകുപ്പിന് 1.33 കോടി, ജലഅതോറിറ്റിക്ക് 6.6 കോടി രൂപയുടെ വീതം നഷ്ടവുമുണ്ടായി.

ജില്ലയിൽ മഴ കനത്തതുമുതൽ ജില്ലാ ഇൻഫർമേഷൻ ഓഫീസിൽനിന്ന് കൃത്യമായ അറിയിപ്പുകൾ പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ളത് യഥാസമയം നൽകിയിരുന്നു. ഡാമിന്റെ ജലനിരപ്പ് സംബന്ധിച്ചും ഷട്ടറുകൾ തുറക്കുമ്പോൾ നദീതീരങ്ങളിൽ താമസിക്കുന്നവർക്കു വേണ്ട ജാഗ്രത സംബന്ധിച്ചുമുള്ള വാർത്തകൾ ജനങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പുവരുത്താൻ സഹായകരമായി. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഊർജം പകരുന്ന തരത്തിൽ ജില്ലാ കളക്ടറുടെ സന്ദേശങ്ങൾ സോഷ്യൽ മീഡിയയിലൂടെ വ്യാപകമായി പ്രചരിപ്പിച്ചു.

കളക്ടറേറ്റ് കൺട്രോൾ റൂമിനൊപ്പം 24 മണിക്കൂറും പ്രവർത്തനസജ്ജമായിരുന്നു തിരുവനന്തപുരം ജില്ലാ ഇൻഫർമേഷൻ ഓഫീസ്.

പ്രളയത്തിനുശേഷം വീടുകളിലേക്ക് മടങ്ങിപ്പോകുന്ന സംസ്ഥാനത്തെ മുഴുവൻ ദുരിതബാധിതർക്കുമായി ജില്ലാ ഇൻഫർമേഷൻ ഓഫീസ് ഫലപ്രദമായി സാമൂഹികമാധ്യമങ്ങൾ ഉപയോഗിച്ചു. തിരുവനന്തപുരത്തെ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം ഡയറക്ടറെ നേരിൽക്കണ്ട് കാലാവസ്ഥയും മഴയുമായി ബന്ധപ്പെട്ട് തയാറാക്കിയ വീഡിയോ ക്ലിപ്പിംഗ്, പ്രളയശേഷം വീടുകളിലും പരിസരത്തും ഉണ്ടാകാനിടയുള്ള ഇഴജന്തുക്കളുടെ ശല്യം തടയുന്നതിനായി സ്വീകരിക്കേണ്ട മുൻകരുതലുകളെപ്പറ്റി വാവാ സുരേഷ് നൽകിയ നിർദേശങ്ങളുടെ വീഡിയോ ക്ലിപ്പിംഗ് എന്നിവ വിവിധ വാർത്താ ചാനലുകൾ സംപ്രേഷണം ചെയ്തു. കൂടാതെ സാമൂഹികമാധ്യമങ്ങളിൽ ഇവ രണ്ടും വ്യാപകമായി ഷെയർചെയ്യുകയുമുണ്ടായി.

പ്രളയം സംബന്ധിച്ച് നിരവധി വ്യാജ സന്ദേശങ്ങൾ നവമാധ്യമങ്ങളിൽ പ്രചരിച്ചപ്പോൾ പ്രസ്തുത വിഷയം സംബന്ധിച്ച് നിജസ്ഥിതി പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനു വേണ്ട പ്രവർത്തനങ്ങൾ വീഡിയോ, ഓഡിയോ രൂപത്തിൽ നവമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിപ്പിക്കാൻ കഴിഞ്ഞു. വൈദ്യുതി, ഇന്ധനം എന്നിവയ്ക്ക് ക്ഷാമമുണ്ടാകുന്നു എന്ന തരത്തിൽ പ്രചരിച്ച വ്യാജവാർത്തകളെ തടയുന്നതിന് ഇത്തരം പ്രവർത്തനങ്ങൾ ഏറെ സഹായിച്ചു.

പ്രളയശേഷം എലിപ്പനി പോലുള്ള പകർച്ചവ്യാധികൾ പടർന്നപ്പോൾ തിരുവനന്തപുരം ജില്ലാ ഇൻഫർമേഷൻ ഓഫീസ് നവമാധ്യമങ്ങളിലൂടെ ആരംഭിച്ച ട്രോൾ ചിത്രങ്ങൾ വലിയ വാർത്താപ്രാധാന്യം നേടി.

## തിരുവനന്തപുരം സംസ്ഥാനത്തിന്റെ സഹായഹബ്ബായി

പ്രളയദുരന്തം ഏറെ അനുഭവിക്കുന്ന ജില്ലകളിലേക്കുള്ള സഹായഹബ്ബായി തിരുവനന്തപുരം അതിവേഗമാണ് മാറിയത്. വിവിധസ്ഥലങ്ങളിലായി ദുരിതത്തിലായവർക്കുള്ള സഹായങ്ങൾ ശേഖരിക്കുന്നതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ കളക്ഷൻ സെന്ററുകൾ ആരംഭിച്ചു. എന്തൊക്കെയാണ് സെന്ററുകളിൽ എത്തിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് അപ്പപ്പോൾ നവമാധ്യമങ്ങളിലൂടെയും എഫ്.എം. റേഡിയോ, പത്ര-ദൃശ്യമാധ്യമങ്ങൾ എന്നിവയിലൂടെയും അറിയിപ്പുകൾ നൽകി. വൻതോതിലുള്ള സഹായപ്രവാഹമാണ് വിവിധ കളക്ഷൻ സെന്ററുകളിൽ ദിവസങ്ങളോളമുണ്ടായത്.

വിവിധ കേന്ദ്രങ്ങളിലെത്തുന്ന ഭക്ഷ്യോത്പന്നങ്ങൾ ഉൾപ്പെടെയുള്ളവ വേർതിരിച്ച് പാക്ക് ചെയ്ത് വിവിധ കേന്ദ്രങ്ങളിലേക്ക് അയയ്ക്കുന്നതിനായി. ആയിരക്കണക്കിന് യുവതീയുവാക്കൾ സന്നദ്ധ സേവനത്തിനെത്തി.

പ്രളയബാധിത മേഖലകളിലേക്ക് തിരുവനന്തപുരം ജില്ല കയറ്റി അയച്ചത് 500 ലോഡ് സാധനങ്ങളാണ്. പ്രളയത്തിന്റെ ആദ്യദിനങ്ങളിൽ കെട്ടിടത്തിനുമുകളിലും മറ്റും കുടുങ്ങിയവർക്ക് ഹെലികോപ്റ്റർ വഴിയാണ് തിരുവനന്തപുരത്തുനിന്നും ആഹാരപദാർഥങ്ങൾ ഉൾപ്പെടെ അവശ്യവസ്തുക്കൾ എത്തിച്ചത്. 45 ടണ്ണോളം ഭക്ഷ്യ വസ്തുക്കളാണ് ഇത്തരത്തിലെത്തിച്ചത്. ഇതിനൊപ്പം റോഡ് മാർഗം ഒന്നിനുപുറകേ ഒന്നായി അവശ്യസാധനങ്ങൾ കയറ്റിയ ലോറികളും നീങ്ങി.




# കൊല്ലം

ജില്ലയിൽ 2018 ആഗസ്റ്റ് 15 മുതൽ പ്രളയം വ്യാപക നാശ നഷ്ടങ്ങളുണ്ടാക്കി. 59 വില്ലേജുകൾ പ്രളയക്കെടുതിയിൽപെട്ടു. ജൂൺ 20 മുതൽ ആഗസ്റ്റ് 31 വരെ 95 വീടുകൾ പൂർണമായും 1341 വീടുകൾ ഭാഗികമായും തകർന്നു. മെയ് 29 മുതൽ ആഗസ്റ്റ് 31 വരെ പ്രകൃതിക്ഷോഭത്തിൽ ഒൻപതു പേർ മരിക്കുകയും ഒരാൾക്ക് പരിക്കേൽക്കുകയും ചെയ്തു.

പൊതുമരാമത്ത് റോഡ് വിഭാഗം-450 കോടി രൂപ, മേജർ ഇറിഗേഷൻ വകുപ്പ് 43.05 കോടി, ഹാർബർ എൻജിനീയറിംഗ് 24 കോടി, ദേശീയ പാതാ വിഭാഗം- 13.22 കോടി, ഫിഷറീസ് 6.67 കോടി, മൈനർ ഇറിഗേഷൻ -6.53 കോടി, വാട്ടർ അതോറിറ്റി 4.55 കോടി, പഞ്ചായത്ത് വകുപ്പ് 4.25 കോടി, മൃഗസംരക്ഷണം 2.67 കോടി, വൈദ്യുതി ബോർഡ്-1.71 കോടി, പൊതുമരാമത്ത് കെട്ടിട വിഭാഗം-8.25 ലക്ഷം എന്നിങ്ങനെയാണ് ജില്ലയിൽ വിവിധ മേഖലകളിൽ നേരിട്ട നാശനഷ്ടങ്ങൾ.

രക്ഷാപ്രവർത്തനത്തിനും ദുരിതാശ്വാസത്തിലും യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികളാണ് ജില്ലാ ദുരന്തനിവാരണ അതോറിറ്റി സ്വീകരിച്ചത്. പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ രക്ഷാപ്രവർത്തനത്തിൽ കൊല്ലം ജില്ലയിൽനിന്നുള്ള മത്സ്യത്തൊഴിലാളികൾ നിർണായക പങ്കുവഹിച്ചു. ജില്ലയിൽ 168 ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. 21550പേർ ക്യാമ്പുകളിലെത്തി. ആലപ്പുഴ ജില്ലകളിൽ നിന്നുള്ളവർക്കായി തുറന്ന ആറു ക്യാമ്പുകളിൽ 410 പേരുണ്ടായിരുന്നു. ഫിഷറീസ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മയാണ് രക്ഷാ-ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്.

## നിതാന്ത ജാഗ്രതയോടെ ദുരന്തനിവാരണ വിഭാഗം

ആഗസ്റ്റ് 14 ന് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചതോടെ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി നിഷ്കർഷിച്ചിരിക്കുന്ന സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ ജില്ലയിൽ നടപ്പാക്കി. തഹസിൽദാർമാരുടെ നേതൃത്വത്തിൽ ആറു താലൂക്കുകളിലും കൺട്രോൾ റൂമുകൾ സജ്ജമാക്കി. പോലീസ്, ഫയർ ആന്റ് റസ്ക്യു കൺട്രോൾ റൂമുകളും തുറന്നു. വെള്ളപ്പൊക്ക സാധ്യതയുള്ള മേഖലകളിൽനിന്നെല്ലാം ജനങ്ങളെ ഒഴിപ്പിച്ച് ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ചു. ജില്ലാ മെഡിക്കൽ ഓഫീസിന്റെ നേതൃത്വത്തിൽ ക്യാമ്പുകളിൽ വൈദ്യസഹായം ലഭ്യമാക്കി. ആഗസ്റ്റ് 15ന് റെഡ് അലർട്ടിനെ തുടർന്ന് അടിയന്തര സാഹചര്യം നേരിടുന്നതിനായി ജില്ലാ കലക്ടർ പ്രത്യേക സംഘത്തെ നിയോഗിച്ചു.

കളക്ട്രേറ്റിലെ ഡിസാസ്റ്റർ മാനേജ്മെന്റ് കൺട്രോൾ റൂമിൽ 24 മണിക്കൂറും റവന്യൂ, പോലീസ്, ഫയർഫോഴ്സ് ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കി. കൺട്രോൾ റൂമിൽ ലഭിച്ച വിവരങ്ങളും മുന്നറിയിപ്പുകളും ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറി. ജില്ലയിലെ എല്ലാ വകുപ്പ് മേധാവികളേയും ദുരന്തനിവാരണവുമായി

ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിയുള്ള ജില്ലാ കളക്ടറുടെ ഔദ്യോഗിക വാട്സ്അപ് ഗ്രൂപ്പിൽ വിവരങ്ങൾ പോസ്റ്റ് ചെയ്തു. പത്തനംതിട്ട ജില്ലയിലെ വാർത്താവിനിമയ സംവിധാനം നിലച്ചതിനാൽ കൊല്ലം കൺട്രോൾ റൂമിൽ ലഭിച്ച 2000ത്തിലധികം രക്ഷാസന്ദേശങ്ങൾ പോലീസ് വയർലെസ് സംവിധാനം വഴി കൈമാറി.

ആഗസ്റ്റ് 15നാണ് കൊല്ലത്തുനിന്നും ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലേക്ക് രക്ഷാപ്രവർത്തന ത്തിനായി ബോട്ടുകൾ കൊണ്ടുപോയി ത്തുടങ്ങിയത്. ഇതിനായി ലോറികൾ പോലീസ്, റോഡ് ട്രാൻസ്പോർട്ട് വകുപ്പുകൾ സജ്ജമാക്കി. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വന്ന ലോറികളടക്കം ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം ഇതിനായി ഉപയോഗിച്ചു.

എല്ലാ സാമൂഹിക, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും 24 മണിക്കൂറും പ്രവർത്തിച്ചു. എമർജൻസി ലൈഫ് സപ്പോർട്ട് വിദഗ്ധരുടെ സേവനം ലഭ്യമാക്കി. താലൂക്ക് തലത്തിൽ എമർജൻസി മെഡിക്കൽ ടീമിനെ സജ്ജമാക്കി. ജില്ലയിലെ ഏക ഡാം ആയ തെന്മല പരപ്പാർ ഡാമിന്റെ ജലനിരപ്പ് നിരന്തരം നിരീക്ഷിക്കുകയും ആഗസ്റ്റ് 15ന് കല്ലടയാറിന്റെ തീരത്തെ താഴ്ന്ന പ്രദേശങ്ങളിലുള്ളവരെ ഒഴിപ്പിച്ചു.

## സ്വന്തം സൈന്യം രംഗത്ത്

ഫിഷറീസ് വകുപ്പ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ യുടെ നിർദേശപ്രകാരം ആഗസ്റ്റ് 15ന് ഉച്ചകഴിഞ്ഞ് രണ്ടിന് കൊല്ലം വാടി കടപ്പുറത്തു നിന്നും രണ്ട് വള്ളങ്ങളും എട്ട് മത്സ്യത്തൊഴിലാളികളെയും പരീക്ഷണാർ ത്ഥം പത്തനംതിട്ടയിൽ എത്തിച്ച് രക്ഷാപ്രവർത്തന ത്തിന് തുടക്കം കുറിച്ചു. ജില്ലാ കളക്ടറുടെ നിർദേശത്തെത്തുടർന്ന് അന്നു രാത്രിയിൽ വാടിയിൽ നിന്നും നാലു വള്ളങ്ങളും, നീണ്ടകരയിൽ നിന്ന് രണ്ട് വള്ളങ്ങളും പത്തനംതിട്ട യിലേക്ക് അയച്ചു. 16ന് വെളുപ്പിന് സബ് കളക്ടറുടെ നേതൃത്വത്തിൽ 27 വള്ളങ്ങൾ അയച്ചു. അന്ന് രാത്രി പത്തുമണിയോടെ വാടിയിൽ സബ് കളക്ടറുടെ അധ്യക്ഷതയിൽ പോലീസ്, ഫിഷറീസ്, മത്സ്യഫെഡ്, മത്സ്യസംഘം പ്രതിനിധികൾ, തൊഴിലാളി പ്രതിനിധികൾ എന്നിവരുടെ യോഗം വിളിച്ച് രക്ഷാപ്രവർത്തനം വിപുലീകരിക്കാൻ തീരുമാനിച്ചു. മത്സ്യ ത്തൊഴിലാളികൾ ഇതിന് പൂർണ പിന്തുണ നൽകി. 17ന് 88 വള്ളങ്ങളും മത്സ്യത്തൊഴിലാളികളെയും അയച്ചു. ഇവർ റാന്നി, ആറന്മുള, തെക്കേമല, കോഴഞ്ചേരി, ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ, പാണ്ടനാട് തുടങ്ങിയ മേഖലകളിലേക്ക് പോയി. ആകെ 212 വള്ളങ്ങളും 632 മത്സ്യത്തൊഴിലാളി കളും രക്ഷാ പ്രവർത്തനങ്ങളിൽ പങ്കെടുത്തു. 30,000 ലധികം പേരെ രക്ഷിച്ചു. ഫ്ലാറ്റുകളിലും മറ്റും കുടുങ്ങിക്കിടന്ന അനേകം പേർക്ക് കുടിവെള്ളവും ഭക്ഷണവും അവശ്യവസ്തുക്കളും എത്തിച്ചു. രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ചെങ്ങന്നൂരിലും, ഫിഷറീസ് വകുപ്പിന്റെ കൊല്ലം ജില്ലാ ഓഫീസിലും, നീണ്ടകര ഫിഷറീസ് സ്റ്റേഷനിലും കൺട്രോൾ റൂമുകൾ തുറന്നു. വള്ളങ്ങൾക്കു വേണ്ട മണ്ണെണ്ണ, വാടി മത്സ്യസംഘം, വാടി-തങ്കശ്ശേരി മത്സ്യ സംഘം, മത്സ്യഫെഡ് മണ്ണെണ്ണ ബങ്ക് എന്നിവിടങ്ങളിൽനിന്ന് ലഭ്യമാക്കി.

## ആശങ്കകൾക്ക് ഇട നൽകാതെ തെന്മല ഡാം

കല്ലട ജലസേചന പദ്ധതിയുടെ തെന്മല പരപ്പാർ ജലസംഭരണിയിലെ ജലനിരപ്പ് ക്രമീ കരിക്കുന്നതിന് റേഡിയൽ ഷട്ടറുകൾ ഘട്ടം ഘട്ടമായി 220 സെന്റീമീറ്റർ വരെ ഉയർത്തിയിരുന്നു. ഡാമിന്റെ പരമാവധി ജലവിതാന ശേഷി 115.82 മീറ്ററാണ്. സുരക്ഷിതമായി 360 സെ.മീ വരെ ഉയർത്താവുന്ന മൂന്ന് ഷട്ടറുകൾ ജലവിതാനം 113.95 മീറ്ററിൽ എത്തിയതിനെത്തുടർന്ന് ജൂലൈ 19ന് അഞ്ചു സെന്റീമീറ്റർ വീതം തുറക്കുകയും തുടർന്ന് ജലവിതാനത്തിലെ വ്യത്യാസത്തിന് ആനുപാതികമായി കൂടുതൽ തുറക്കുകയു മായിരുന്നു. ആഗസ്റ്റ് 14ന് 60 സെന്റീമീറ്ററായും 15ന് വൈകുന്നേരത്തോടെ 90 സെന്റീമീറ്ററായും വർധിപ്പിച്ചു. അന്ന് വിവിധ ഘട്ടങ്ങളിലായി 105 സെന്റീമീറ്റർ, 120 സെന്റീമീറ്റർ, 135 സെന്റീമീറ്റർ, 165 സെന്റീമീറ്റർ 180 സെന്റീമീറ്റർ 195 സെന്റീമീറ്റർ എന്ന ക്രമത്തിൽ ഉയർത്തി.

16ന് പുലർച്ചെ ഒന്നിന് ജലനിരപ്പ് 115.83 മീറ്ററി ലെത്തിയപ്പോൾ 210 സെന്റീമീറ്ററും മൂന്നിന് 115.85 മീറ്ററിൽ എത്തിയപ്പോൾ 220 സെന്റീമീറ്റർ ഉയർത്തുകയും രാവിലെ അഞ്ചു വരെ ഈ നില തുടരുകയും ചെയ്തു. ജലനിരപ്പ് താഴ്ന്നതിന് ആനുപാതികമായി ക്രമമായി താഴ്ത്തിയ ഷട്ടറുകൾ ജലനിരപ്പ് 113.22 മീറ്ററിൽ എത്തി യതിനെത്തുടർന്ന് സെപ്റ്റംബർ 11ന്പൂർണമായും അടച്ചു.

ഇത്തിക്കരയാറ്റിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതിനെ തുടർന്ന് പരവൂർ കായലിൽനിന്നും അധികജലം പരവൂർ പൊഴിയിലൂടെ കടലിൽ ഒഴുകിപ്പോകുന്നതിനായി മേയ് 28 മുതൽ പരവൂർ റഗുലേറ്ററിലെ മുഴുവൻ ഷട്ടറുകളും തുറന്നു. ജനലനിരപ്പ് നിയന്ത്രണ വിധേയമാകാത്തതിനെ തുടർന്ന് പരവൂർ പൊഴി മുറിക്കാൻ ഓഗസ്റ്റ് 17ന് ചേർന്ന ജില്ലാ ദുരന്തനിവാരണ അതോറിറ്റിയോഗം തീരുമാനിച്ചു.

ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ അവശ്യ സാധനങ്ങൾ ശേഖരിക്കാൻ കൊല്ലം ടി.എം. വർഗീസ് ഹാളിലും ആറ് താലൂക്ക് ഓഫീസുകളിലും ശേഖരണ-വിതരണ കേന്ദ്രങ്ങൾ തുറന്നിരുന്നു.

ദുരിതിശ്വാസ ക്യാമ്പുകളിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ നടത്തി. പ്രളയബാധിത മേഖലകളിലെ എല്ലാ



കിണറുകളിലും ക്ലോറിനേഷനും സൂപ്പർ ക്ലോറിനേഷനും നടത്തി. പകർച്ച രോഗ സാധ്യതയുള്ള മേഖലകളിൽ ഡോക്സിസൈക്ലിൻ ഉൾപ്പെടെയുള്ള പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു. എല്ലാ പ്രധാന ആശുപത്രികളിലും എലിപ്പനി വാർഡ് തുറന്നു.

പ്രളയബാധിത പ്രദേശങ്ങളിലേയും ക്യാമ്പുകളിലേയും മറ്റുമേഖലകളിലെയും കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനായി കൊല്ലം സൂപ്രണ്ടിംഗ് എൻജിനീയറുടെ നേതൃത്വത്തിൽ ജലഭവൻ ഓഫീസ്സിൽ ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ഡസ്ക്കുകൾ തുറന്നു.

ഈ ഡിവിഷന്റെ കീഴിലുള്ള മൂന്നു ട്രീറ്റ്മെന്റ് പ്ലാന്റുകളിൽ 15 എം.എൽ.ഡി സ്ഥാപിത ശേഷിയുള്ള ഓച്ചിറ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവർത്തനം മാത്രമാണ് നിലച്ചത്. 183 കുഴൽ കിണറുകളിൽ ആറെണ്ണത്തിൽ വെള്ളം കയറിയതുകൊണ്ടും ഒരു പമ്പിന്റെ മോട്ടോർ കേടായതുകൊണ്ടും ജലവിതരണം തടസ്സപ്പെട്ടെങ്കിലും എല്ലായിടത്തും അറ്റകുറ്റ പ്പണികൾ അതിവേഗത്തിൽ പൂർത്തീകരിച്ചു.

അച്ചൻകോവിലാറ്റിൽ ജലനിരപ്പ് ഉയർന്ന് മാവേലിക്കര കണ്ടിയൂർ കടവിൽ സ്ഥാപിച്ച കിണറിലും ട്രാൻസ്ഫോർമറിനോട് ചേർന്ന ഇലക്ട്രിക്കൽ മീറ്ററുകളിലും വെള്ളംകയറിയതിനെത്തുടർന്ന് കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലും ഓച്ചിറ, ക്ലാപ്പന, ആലപ്പാട്, കുലശേഖരപുരം പഞ്ചായത്തുകളിലും ശാസ്താംകോട്ട ശുദ്ധീകരണശാലയിൽനിന്നും ടാങ്കർ ലോറികളിൽ വെള്ളം എത്തിച്ചു കൊടുക്കുന്നതിന് ക്രമീകരണം ഏർപ്പെടുത്തി.

ജില്ലയിലെ കാലവർഷക്കെടുതികൾ നിയന്ത്രണ വിധേയമായ സാഹചര്യത്തിൽ പ്രോജക്ട് ഡിവിഷൻ, പി.പി.ഡി ഓഫീസുകളിലെ എല്ലാ ഉദ്യോഗസ്ഥരെയും പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചു. വാട്ടർ അതോറിറ്റിയുടെ 900 വാട്ടർ മീറ്ററുകൾ മറ്റു ജില്ലകളിലേക്ക് വിതരണം ചെയ്യുന്നതിന് സജ്ജമാക്കി.

പൊതുമരാമത്ത് കെട്ടിട വിഭാഗം കൊല്ലം ഓഫീസിന്റെ പരിധിയിൽ വരുന്ന മേഖലകളിലെ നൂറോളം ദുരിതാശ്വാസ ക്യാമ്പുകളിലെ അടിസ്ഥാന സൗകര്യങ്ങൾ പരിശോധിച്ച് ന്യൂനതകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചു. കുട്ടനാട് മേഖലയിൽനിന്ന് കൂടുതൽ ആളുകൾ എത്തിയതിനെത്തുടർന്ന് ഓച്ചിറ ദുരിതാശ്വാസ ക്യാമ്പിൽ നേരിട്ട ശുചിമുറികളുടെ അപര്യാപ്തത പരിഹരിച്ചു. വാട്ടർ ടാങ്ക് അടക്കമുള്ള അധിക സംവിധാനങ്ങൾ ഏർപ്പെടുത്തി. ജില്ലാ കളക്ടറുടെ നിർദ്ദേശ പ്രകാരം ജില്ലയിലെ എല്ലാ ഗവൺമെന്റ് സ്കൂളുകളും പൊതുമരാമത്ത് വകുപ്പ് എൻജിനീയർമാരും എൽ.എസ്.ജി.ഡി എൻജിനീയർമാരും സംയുക്തമായി പരിശോധിക്കുകയും സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തു.

ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ നേതൃത്വത്തിൽ രൂപീകരിച്ച പ്രത്യേക സംഘം ദുരിതാശ്വാസ ക്യാമ്പുകളിൽ വളർത്തു മൃഗങ്ങളുടെ സുരക്ഷയും ഭക്ഷണവും മരുന്നും ഉറപ്പാക്കി. പ്രളയക്കെടുതികളിൽ ഓരോ പഞ്ചായത്തിലും ഉണ്ടായിട്ടുള്ള നഷ്ടങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനായി ബന്ധപ്പെട്ട വെറ്ററിനറി സർജന്മാരെ ചുമതലപ്പെടുത്തി. കൊല്ലം ജില്ലാ വെറ്ററിനറി കേന്ദ്രത്തിലും ചടയമംഗലം, വെട്ടിക്കവല, ഓച്ചിറ, കുന്നത്തൂർ, പത്തനാപുരം, കൊട്ടാരക്കര, അഞ്ചൽ, ഇത്തിക്കര ബ്ലോക്കുകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന മൃഗചികിത്സാ സേവനം ഏർപ്പെടുത്തി. പത്തനാപുരം മേഖലയിലെ ദുരിതാശ്വാസ ക്യാമ്പിൽ വകുപ്പിന്റെ കുര്യോട്ടുമല ഫാമിൽനിന്നും പാൽ സൗജന്യമായി എത്തിച്ചുകൊടുത്തിരുന്നു. ജില്ലയിലെ മൃഗസംരക്ഷണ മേഖലയിൽ 2.67 കോടി രൂപയുടെ നഷ്ടം കണക്കാക്കുന്നു.

ജില്ലയിൽ 14738 കർഷകരെ പ്രളയം നേരിട്ടു ബാധിച്ചു. 2162.2 ഹെക്ടറിൽ കൃഷിനാശം സംഭവിച്ചു. 27.3 കോടി രൂപയുടെ നാശനഷ്ടമാണ്

കാർഷിക മേഖലയിലുണ്ടായത്. വിളനാശം സംഭവിച്ച കൃഷിയിടങ്ങൾ സന്ദർശിച്ച് നാശനഷ്ടം വിലയിരുത്തുകയും പ്രകൃതിക്ഷോഭ ദുരിതാശ്വാസം, വിള ഇൻഷുറൻസ് പദ്ധതികൾ പ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ വാങ്ങി സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുകയും ചെയ്തു.

## യുദ്ധകാലാടിസ്ഥാനത്തിൽ ശുചീകരണം

ജില്ലയിലെ 353 പ്രളയ ബാധിത വാർഡുകളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർ, വാർഡ് മെംബർ, സെക്രട്ടറിമാർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ, തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ, വിദ്യാർ ത്ഥികൾ, യൂത്ത് ക്ലബ്ബ് അംഗങ്ങൾ തുടങ്ങിയവരെ ഉൾക്കൊള്ളിച്ച് ശുചീകരണ സ്ക്വാഡുകൾ രൂപീകരിച്ച് ശുചീകരണം നടത്തി. 5996 വീടുകളും 2001 ശുചിമുറികളും ശുചീകരിച്ചു. ആരോഗ്യവകുപ്പിന്റെ സഹായത്തോടെ 2714 കിണറുകളുടെ ശുചീകരണം നടത്തി.

വീടുകളിലെയും സ്ഥാപനങ്ങളിലെയും വയറിംഗ്, പ്ലംബിംഗ്, തടിപ്പണി, വെൽഡിംഗ് തുടങ്ങിയ റിപ്പയറിംഗ് ജോലികൾക്കായി വ്യാവസായിക പരിശീലന വകുപ്പും ഹരിതകേരളം മിഷനും സംയുക്ത യോഗം ചേർന്ന് നൈപുണ്യ കർമസേന രൂപീകരിച്ചു.

ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാ ശുചിത്വ മിഷന്റെ ആഭിമുഖ്യത്തിൽ വസ്ത്രങ്ങൾ, ഭക്ഷണങ്ങൾ, ശുചീകരണ വസ്തുക്കൾ, മരുന്നുകൾ, സാനിട്ടറി നാപ്കിനുകൾ, സോപ്പുകൾ തുടങ്ങിയവ ശേഖരിക്കുകയും ആലപ്പുഴ ജില്ലാ ശുചിത്വ മിഷൻ മുഖേന ആലപ്പുഴ പ്രളയ ബാധിത മേഖലകളിലെ ക്യാമ്പുകളിൽ എത്തിക്കുകയും ചെയ്തു.

ശുചിത്വമിഷൻ ജില്ലാ കോ ഓർഡിനേറ്ററുടെ നേതൃത്വത്തിൽ ജീവനക്കാരും റിസോഴ്സ് പേഴ്സൺമാരും ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച് ശുചിത്വവും ശൗചാലയങ്ങളുടെ ലഭ്യതയും ഉറപ്പു വരുത്തി.

ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലേക്ക് കുടിവെള്ളം, സാനിട്ടറി നാപ്കിൻ, ഭക്ഷ്യവസ്തുക്കൾ എന്നിവ നേരിട്ട് ശേഖരിച്ച് കെ.എസ്.എം.എ മുഖാന്തരം സ്പോൺസർഷിപ്പിലൂടെയും എത്തിച്ചു നൽകി. പത്തനംതിട്ട ജില്ലയിലെ ശുചീകരണത്തിന് 3075 വോളന്റിയർമാരുടേയും, ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിൽ 212 എൻ.എസ്.എസ് വോളന്റിയർമാരുടേയും സേവനം ലഭ്യമാക്കുകയും കോളനികളിലും, ശുചീകരിച്ച വീടുകളിലും 1250 ഭക്ഷണ കിറ്റുകൾ നൽകുകയും ചെയ്തു.

എല്ലാ ഗ്രാമപഞ്ചായത്തുകളിലും, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലും 24 മണിക്കൂറും കൺട്രോൾ റൂം തുറന്നുപ്രവർത്തിച്ചു.

പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശപ്രകാരം ആലപ്പുഴ ജില്ലയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലേക്ക് അഞ്ച് സീനിയർ സൂപ്രണ്ടുമാരെയും 118 ഉദ്യോഗസ്ഥരെയും 28 വാഹനങ്ങളും 10 ആംബുലൻസുകളും വിട്ടുനൽകി. ഗ്രാമപഞ്ചായത്തുകളിൽനിന്നും 10,000 രൂപയിൽ കുറയാത്ത ശുചീകരണ ഉപകരണങ്ങൾ വാങ്ങി പത്തനംതിട്ട ജില്ലയിൽ എത്തിച്ചു. 10040 വീടുകൾ ശുചീകരിച്ചു. 134 പൊതുസ്ഥലങ്ങളും 83 സ്കൂളുകളും 22 പൊതുസ്ഥാപനങ്ങളും 9550 കിണറുകളും ശുചീകരിച്ചു.

പലയിടങ്ങളിലും മണ്ണിടിഞ്ഞും മരങ്ങൾ വീണും ഗതാഗത തടസമുണ്ടാവുകയും ക്രാഷ് ബാരിയറുകൾ തകരുകയും വെള്ളക്കെട്ടിൽ റോഡ് തകരുകയും ചെയ്തു. ഇത്തരം യാത്രാ തടസ്സങ്ങൾ അതിവേഗത്തിൽ നീക്കുവാൻ ജില്ലാ ഭരണകൂടത്തിന് സാധിച്ചു. അറുപതോളം റോഡുകളിൽ ഗതാഗത പുനഃക്രമീകരണം ഏർപ്പെടുത്തിയിരുന്നു.

പ്രളയാനന്തര പ്രവർത്തനങ്ങൾ ഊർജിതമായി നടപ്പാക്കുന്നതിന് എഞ്ചിനീയർമാരും ഓവർസീയർമാരും ആഗസ്റ്റ് 31 വരെ അവധി ദിവസങ്ങൾ ഉൾപ്പെടെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അനുവാദം കൂടാതെ ജില്ല വിട്ട് പോകാൻ പാടില്ലെന്ന നിർദ്ദേശം നൽകി. തിരുവോണ ദിവസം ഒഴികെ എല്ലാ ദിവസങ്ങളിലും ജില്ലാ ആസ്ഥാനമായ ഡിവിഷൻ ആഫീസ് പ്രവൃത്തിച്ചു. ആഗസ്റ്റ് 18, 23 തീയതികളിൽ ജില്ലയിലെ പൊതുമരാമത്ത് നിരത്ത് വിഭാഗം എഞ്ചിനീയർമാരുടെ യോഗം ചേരുകയും സ്ഥിതിഗതികളുടെ അവലോകനം നടത്തുകയും ചെയ്തു.

## മാധ്യമ ഏകോപനത്തിനൊപ്പം രക്ഷാദൗത്യവും

മാധ്യമ ഏകോപന ജോലികൾക്കപ്പുറം ജില്ലാ ഇൻഫർമേഷൻ ഓഫീസ് ദുരന്തനിവാരണ-രക്ഷാ-ദുരിതാശ്വാസ പ്രവർത്തനങ്ങളിലും നിർണായക പങ്കുവഹിച്ചു.

ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ ആഗസ്റ്റ് 16ന് പ്രവർത്തനമാരംഭിച്ച ഇൻഫർമേഷൻ കൺട്രോൾ റൂമിൽ വകുപ്പ് ഉദ്യോഗസ്ഥരും ഓഫീസ് ജീവനക്കാരും മുഴുവൻ സമയവും പ്രവർത്തിച്ചു.

പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലേക്ക് ബോട്ടുകൾ അയയ്ക്കുന്നതിന്റെ ഏകോപനത്തിലും വകുപ്പ് ഉദ്യോഗസ്ഥർ പങ്കാളികളായി. ഭീതി പരത്തുന്ന വ്യാജ വാർത്തകളുടെ നിജസ്ഥിതി ജനങ്ങളിലെത്തിക്കുന്നതിന് മറ്റ് ജില്ലാ ഇൻഫർമേഷൻ ഓഫീസുകളുമായി സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്തു.



# പത്തനംതിട്ട

പത്തനംതിട്ട ജില്ലയിൽ ആഗസ്റ്റ് ആദ്യവാരം മുതൽ മഴക്കെടുതി അനുഭവപ്പെടുന്നുണ്ടായിരുന്നു. എട്ടോടെ വിവിധ നദികളിലെ ജലനിരപ്പ് ഉയർന്നു വരികയും 15 മുതൽ പ്രളയക്കെടുതി അതിന്റെ രൂക്ഷതയിലെത്തുകയും ചെയ്തു. ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് പ്രളയക്കെടുതി നേരിടുന്നതിന് സ്വീകരിച്ചത്. ആഗസ്റ്റ് എട്ടിന് ജില്ലാതല ഉദ്യോഗസ്ഥരുടെയും പോലീസ്, ഫയർഫോഴ്സ്, റവന്യു വകുപ്പുകളിലെ താഴെത്തട്ടിലെ ഉദ്യോഗസ്ഥരുടെയും യോഗം ചേർന്ന് നദീ തീരങ്ങളിലുള്ള ജനങ്ങൾക്ക് മുന്നറിയിപ്പുകൾ നൽകുന്നതിനും സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്താനും തീരുമാനിച്ചു. ആഗസ്റ്റ് ഒൻപതിന് ആറന്മുള ഉതൃട്ടാതി ജലോത്സവ ത്തോടനുബന്ധിച്ച് പള്ളിയോടങ്ങൾ പമ്പാ നദിയിൽ ഇറങ്ങുന്നത് തടഞ്ഞ് ഉത്തരവ് പുറപ്പെടുവിച്ചു. 11ന് കർക്കിടകവാവ് ബലി തർപ്പണത്തോടനുബന്ധിച്ച് അതീവ ജാഗ്രതാ നിർദേശം നൽകുകയും ബലിതർപ്പണം നടക്കുന്ന എല്ലാ കടവുകളിലും പോലീസിന്റെ പ്രത്യേക സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. ആഗസ്റ്റ് 11, 12 തീയതികളിൽ ജില്ലയിലെ എല്ലാ ഭാഗങ്ങളിലും കൂടുതൽ നിരീക്ഷണം ഏർപ്പെടുത്തുകയും താഴ്ന്ന പ്രദേശങ്ങളിലുള്ള ആളുകളെ ക്യാമ്പുകളിലേക്ക് മാറ്റുകയും ചെയ്തു. 13ന് മഴയുടെ അളവ് കുറഞ്ഞതിനെ തുടർന്ന് ആളുകൾ ക്യാമ്പുകളിൽ നിന്ന് വീടുകളിലേക്ക് മടങ്ങുന്ന സാഹചര്യമുണ്ടായി. ആഗസ്റ്റ് 14ന് അർധരാത്രിയോടെ മഴയുടെ അളവ് കൂടുകയും ഡാമുകളിലെ ജലനിരപ്പ് ക്രമാതീതമായി ഉയരുകയും ചെയ്തു. ആഗസ്റ്റ് 10 മുതൽ തന്നെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ എല്ലാ റവന്യു ഓഫീസുകളിലും പ്രവർത്തനം ആരംഭിച്ചിരുന്നു.

ആഗസ്റ്റ് 14 അർധരാത്രിയോടെ പമ്പാ നദിയുടെ വൃഷ്ടിപ്രദേശങ്ങളിൽ കനത്ത മഴയും ഉരുൾപൊട്ടലുകളും ഉണ്ടായതോടെ മിന്നൽ പ്രളയമാണുണ്ടായത്. 15ന് വെളുപ്പിന് റാന്നി പട്ടണം പൂർണമായും വെള്ളത്തിൽ മുങ്ങി. 15ന് ഉച്ചയോടെ റാന്നിയിൽ മാത്രം മുപ്പതിനായിര ത്തോളം ആളുകളെ രക്ഷപ്പെടുത്തി സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി. ജലവിഭവ മന്ത്രി മാത്യു ടി.തോമസിന്റെയും രാജുഎബ്രഹാം എംഎൽഎയുടെയും ജില്ലാ കളക്ടർ പി.ബി.നൂഹിന്റെയും ജില്ലാ പോലീസ് മേധാവി ടി.നാരായണന്റെയും നേതൃത്വത്തിലാണ് റാന്നിയിലെ രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. ആദ്യഘട്ടത്തിൽ



കുട്ടവഞ്ചികളിലാണ് രക്ഷാപ്രവർത്തനം ആരംഭിച്ചതെങ്കിലും ഒഴുക്ക് ശക്തമായതിനെതുടർന്ന് ഫയർഫോഴ്സിന്റെ ഡിങ്കികളും കൊല്ലത്തുനിന്നും തിരുവനന്തപുരത്തുനിന്നും കൂടുതൽ മത്സ്യബന്ധന ബോട്ടുകളും എൻഡിആർഎഫിന്റെയും നാവികസേനയുടെയും ബോട്ടുകളും എത്തിയാണ് രക്ഷാപ്രവർത്തനം ഊർജിതമാക്കിയത്.

ആഗസ്റ്റ് 15ന് രാവിലെ മുതൽ ജില്ല ദുരന്തനിവാരണ സെൽ കേന്ദ്രീകരിച്ച് എമർജൻസി ഓപ്പറേഷൻ സെന്റർ എല്ലാ സന്നാഹങ്ങളോടും പ്രവർത്തനം ആരംഭിച്ചു. ജലവിഭവ മന്ത്രി മാത്യു ടി.തോമസ്, ജില്ലാ കളക്ടർ പി.ബി.നൂഹ്, ജില്ലയിലേക്ക് സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഓഫീസർമാരായ എസ്.ഹരികിഷോർ, ഡിഐജി ഷെഫീൻ അഹമ്മദ് എന്നിവരുടെ നേതൃത്വത്തിലാണ് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം ഏകോപിപ്പിച്ചിരുന്നത്. ബോട്ടുകളുടെ വിന്യാസം, ഇവയ്ക്ക് ആവശ്യമായ ഇന്ധനം നിറയ്ക്കൽ, രക്ഷാപ്രവർത്തനങ്ങളുടെ ഏകോപനം, ക്യാമ്പുകളുടെ പ്രവർത്തനങ്ങൾ ഇവ ഓരോന്നും ഏകോപിപ്പിക്കുന്നതിന് പ്രത്യേക ടീമുകളെ റവന്യു ഉദ്യോഗസ്ഥരുടെ ചുമതലയിൽ നിയോഗിച്ചിരുന്നു. ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള സംഘം ഹെലികോപ്ടറുകളിലും ബോട്ടുകളിലുമായി വിവിധ താലൂക്കുകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 15 മുതൽ 21 വരെയുള്ള ദിവസങ്ങളിൽ പ്രവർത്തിച്ചു.

ആഗസ്റ്റ് 15ന് അതിരാവിലെ തന്നെ ജലവിഭവ മന്ത്രി മാത്യു ടി.തോമസ് പത്തനംതിട്ടയിലെത്തി റാന്നിയിലെ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദേശങ്ങൾ നൽകി. ഒൻപത് മണിയോടെ റാന്നിയിൽ നേരിട്ടെത്തിയ മന്ത്രി റബർ ഡിങ്കികൾ ചുമന്നും ഉദ്യോഗസ്ഥർക്കാവശ്യമായ നിർദേശങ്ങൾ നൽകിയും റാന്നിയിലെ രക്ഷാപ്രവർത്തനങ്ങളിൽ സജീവമായി. 14ന് അർധരാത്രി മുതൽ രാജുഎബ്രഹാം എംഎൽഎയുടെ നേതൃത്വത്തിൽ തദ്ദേശവാസികളുടെ സഹായത്തോടെ റാന്നിയിൽ രക്ഷാപ്രവർത്തനം ത്വരിതഗതിയിൽ നടന്നു. കോഴഞ്ചേരി തെക്കേമല കേന്ദ്രീകരിച്ച് വീണാജോർജ് എംഎൽഎയുടെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനം നടന്നു. നേരിട്ട് രക്ഷാപ്രവർത്തനത്തിന് ഇറങ്ങി ആളുകളെ സുരക്ഷിതസ്ഥാനങ്ങളിലേക്ക് മാറ്റുന്നതിനും പ്രായമായവരെയും കുട്ടികളെയും ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് എത്തിക്കുന്നതിനും മുൻഗണന നൽകി. പ്രളയക്കെടുതി ഏറ്റവും രൂക്ഷമായ പന്തളം കേന്ദ്രീകരിച്ചായിരുന്നു ചിറ്റയം ഗോപകുമാർ എംഎൽഎയുടെ പ്രവർത്തനങ്ങൾ. തീർത്തും ഒറ്റപ്പെട്ടുപോയ ചേരിക്കൽ, പന്തളം പ്രദേശങ്ങളിൽ നിന്നും ആളുകളെ ക്യാമ്പുകളിൽ എത്തിച്ച് അവർക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നതിൽ പൂർണസമയവും പ്രവർത്തിച്ചു. ഉരുൾപൊട്ടലുണ്ടായ കോന്നി താലൂക്കിലെ വിവിധ പ്രദേശങ്ങളിലും കൈപ്പട്ടൂർ ഭാഗത്തുമുള്ള പ്രവർത്തനങ്ങൾക്ക് അടൂർപ്രകാശ് എംഎൽഎ നേതൃത്വം നൽകി. ഇതിന് പുറമേ കളക്ടറേറ്റിൽ എല്ലാദിവസവും വൈകുന്നേരങ്ങളിൽ നടന്നിരുന്ന ഉദ്യോഗസ്ഥരുടെ അവലോകന യോഗങ്ങളിലും ജലവിഭവ മന്ത്രിയുടെയും എംഎൽഎമാരുടെയും സാന്നിധ്യമുണ്ടായിരുന്നു.

റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ച് രക്ഷാപ്രവർത്തനം

നടത്തുവാൻ കഴിഞ്ഞത് ജീവാപായം കുറയ്ക്കുന്നതിന് സഹായകമായി. പോലീസിന്റെ വയർലെസ് സംവിധാനത്തിലൂടെ ആശയ വിനിമയത്തിന് സൗകര്യമൊരുക്കുന്നതിനായി നിരവധി വയർലെസ് സെറ്റുകളുമായി പോലീസിന്റെ ഒരു ടീം എമർജൻസി ഓപ്പറേഷൻ സെന്ററിൽ നിലയുറപ്പിച്ചത് ഏറെ സഹായകമായി. ഇതിനുപുറമേ കുടുങ്ങിക്കിടക്കുന്നവർക്ക് സഹായാഭ്യർഥനകൾ നടത്തുന്നതിന് ആറ് മൊബൈൽ നമ്പറുകൾ പുതുതായി ഏർപ്പെടുത്തി. ഇവ സംബന്ധിച്ച വിവരങ്ങൾ ചാനലുകളിലൂടെ നൽകിയത് രക്ഷാപ്രവർത്തനങ്ങൾക്ക് സഹായകമായി. സ്വകാര്യ ഫോണുകളിലേക്കും വിവിധ വകുപ്പ് മേധാവികളുടെ ഫോണുകളിലേക്കും വന്ന സന്ദേശങ്ങൾ അപ്പപ്പോൾ കൺട്രോൾ റൂമിൽ പ്രത്യേക രജിസ്റ്റർ രേഖപ്പെടുത്തി രക്ഷാസേനകൾക്ക് കൈമാറിയിരുന്നു. പോലീസ്, ഫയർഫോഴ്സ്, വനം, റവന്യൂ വകുപ്പുകൾ രക്ഷാപ്രവർത്തനങ്ങളിൽ കേന്ദ്രീകരിച്ചപ്പോൾ സിവിൽ സപ്ലൈസ്, ആരോഗ്യം, കുടുംബശ്രീ, ശുചിത്വമിഷൻ, വിദ്യാഭ്യാസം  തുടങ്ങിയ വകുപ്പുകൾ ദുരിതാശ്വാസ ക്യാമ്പുകളുടെ നടത്തിപ്പിന് സഹായകരമായ സംവിധാനങ്ങളൊരുക്കി.

## സന്നദ്ധസംഘടനകളുടെ പ്രവർത്തനങ്ങൾ

സർക്കാർ വകുപ്പുകളോടൊപ്പം നിന്ന് വിവിധ സന്നദ്ധസംഘടനകൾ നടത്തിയ പ്രവർത്തനങ്ങൾ ഏറെ മെച്ചപ്പെട്ടതായിരുന്നു. ലയൺസ് ക്ലബ്ബുകൾ, മതസാമുദായിക സംഘടനകൾ, രാഷ്ട്രീയപാർട്ടികൾ, എൻഎസ്എസ്, എൻസിസി യൂണിറ്റുകൾ, വിവിധ കോളേജുകളിലെ വിദ്യാർഥികൾ, യുവജനക്ലബുകൾ എന്നിവരുടെ നേതൃത്വത്തിൽ രക്ഷാദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് എല്ലാ സഹായവും ലഭ്യമാക്കിയിരുന്നു.

ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് എത്തുന്ന സാധനങ്ങൾ ശേഖരിച്ച് വിതരണം ചെയ്യുന്നതിന് എട്ട് ഫുഡ് ഹബുകൾ ആരംഭിച്ചിരുന്നു. സംസ്ഥാനത്തിനകത്തുനിന്നും പുറത്തുനിന്നും എത്തിയിരുന്ന ഭക്ഷണസാധനങ്ങളും മറ്റ് അവശ്യവസ്തുക്കളും ഇവിടെ ശേഖരിച്ച് സന്നദ്ധസേവകരുടെ സഹായത്തോടെ തരംതിരിച്ച് കിറ്റുകളാക്കി ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്നും മടങ്ങിയവർക്ക് നൽകിയിരുന്നു.

ആഗസ്റ്റ് 15 മുതൽ 19 വരെ ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി മാത്രം ബന്ധപ്പെട്ട 61 പത്രക്കുറിപ്പുകൾ ജില്ലാ ഇൻഫർമേഷൻ ഓഫീസ് മാധ്യമങ്ങൾക്ക് നൽകി. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള വസ്തുവകകളും വോളന്റിയർമാരെയും സമാഹരിക്കാൻ ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ നേതൃത്വത്തിൽ മാധ്യമങ്ങളിലൂടെയും സാമൂഹിക മാധ്യമങ്ങളിലൂടെയും വലിയ പ്രചാരണ പരിപാടികൾ നടന്നു. അയ്യായിരം ഫ്രണ്ട്സും 94533 ഫോളോവേഴ്സുമുള്ള ജില്ലാ കളക്ടറുടെ ഫേസ്ബുക്കിന്റെ നിർവഹണ ചുമതല ജില്ലാ ഇൻഫർമേഷൻ ഓഫീസിനാണ്. ദുരിതാശ്വാസ ക്യാമ്പുകളിലേക്കുള്ള സാധനങ്ങൾ, വോളന്റിയർമാർ ഇവ ആവശ്യമുണ്ടെന്നുള്ള അറിയിപ്പുകൾ ജില്ലാ കളക്ടറുടെ ഫേയ്സ്ബുക്ക് പേജിലൂടെ നിരന്തരം ഷെയർ ചെയ്തു. ഇതിന് പുറമേ പത്രപ്രവർത്തകരുടെ വാട്സ്ആപ്പ് ഗ്രൂപ്പ് വഴിയും ചാനലുകളിലൂടെ സ്ക്രോളുകൾ നൽകിയും ജില്ലാ കളക്ടറുടെ അഭ്യർഥനകൾക്ക് പരമാവധി പ്രചാരം നൽകി.

ജലവിഭവ മന്ത്രി മാത്യു ടി.തോമസ്, സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഓഫീസർമാരായ എസ്.ഹരികിഷോർ, ഡിഐജി ഷെഫീൻ അഹമ്മദ്, ജില്ലാ കളക്ടർ പി.ബി.നൂഹ്, എന്നിവരുമായി 15ന് രാവിലെ മുതൽ നിരന്തരം ബന്ധപ്പെട്ട് ആവശ്യമായ തത്സമയ വിവരങ്ങൾ മാധ്യമങ്ങളിലൂടെ നൽകി. ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ അടിയന്തര യോഗങ്ങളിലെ തീരുമാനങ്ങൾ, സർക്കാർ നടപടികൾ സംബന്ധിച്ച് ജലവിഭവ മന്ത്രിയുടെയും സ്പെഷ്യൽ ഓഫീസർമാരുടെയും അറിയിപ്പുകൾ എന്നിവ ശേഖരിച്ച് മാധ്യമങ്ങളിലൂടെയും സാമൂഹിക മാധ്യമങ്ങളിലൂടെയും നൽകി.

കളക്ടറേറ്റിലെ ദുരന്തനിവാരണ കൺട്രോൾ റൂമിൽ പൂർണസമയവും പിആർഡിയിലെ ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉറപ്പുവരുത്തുകയും ജില്ലാ കളക്ടറുടെയും മറ്റ് ബന്ധപ്പെട്ടവരുടെയും അറിയിപ്പുകൾ ഫെയ്സ്ബുക്ക് ലൈവിലൂടെയും വാട്സ് ആപ്പിലൂടെയും  വീഡിയോകളായും അറിയിപ്പുകളായും നൽകിയിരുന്നു. ദുരന്തത്തിൽപ്പെട്ട 700ൽ അധികം പേരുടെ ഫോൺകോളുകൾ ജില്ലാ ഇൻഫർമേഷൻ ഓഫീസിലെത്തി. ഈ കോളുകൾ അറ്റൻഡ് ചെയ്ത് ഇവരുടെ വിവരങ്ങൾ രേഖപ്പെടുത്തി അപ്പപ്പോൾ ദുരന്തനിവാരണ വിഭാഗത്തിലെ കൺട്രോൾ റൂമിലേക്ക് കൈമാറി. ആരോഗ്യ മന്ത്രി കെ.കെ.ശൈലജയുടെ നേതൃത്വത്തിൽ കളക്ടറേറ്റിലും താലൂക്ക് ഓഫീസുകളിലും യോഗങ്ങൾ നടത്തി ആരോഗ്യപ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു.

പ്രളയകാലത്തും ശേഷവും തദ്ദേശഭരണ സ്ഥാപനങ്ങളും അവയുടെ ജനപ്രതിനിധികളും പ്രവർത്തനങ്ങൾക്കു നൽകിയ നേതൃത്വം മാതൃകാപരമാണ്. വീടുകളിൽ കുടുങ്ങിക്കിടന്നവരെ കണ്ടെത്തുന്നതിന് രക്ഷാപ്രവർത്തകർക്ക് വഴികാട്ടിയായത് തദ്ദേശസ്ഥാപനങ്ങളിലെ ജന പ്രതിനിധികളും നാട്ടുകാരുമാണ്. ഓരോ വീടും ഇവർക്കു നേരിട്ടറിയാമെന്നത് രക്ഷാപ്രവർത്തനം സമയബന്ധിതവും വിജയകരവുമായി പൂർത്തീകരിക്കുന്നതിനു സഹായകമായി.



## സ്ഥിതിവിവരക്കണക്കുകൾ/ രക്ഷപെടുത്തിയവർ

| ക്രമ നം | സേനയുടെ പേര് | സ്ത്രീ | പുരുഷൻ | കുട്ടികൾ | ആകെ രക്ഷപ്പെടുത്തിയവർ |
|---|---|---|---|---|---|
| 1 | ഫയർഫോഴ്സ് | 1769 | 2021 | 1263 | 5053 |
| 2 | ആർമി(ഐടിബിപി, ആർഎഎഫ്, കോസ്റ്റ്ഗാർഡ് | 2156 | 2464 | 1540 | 6160 |
| 3 | എൻഡിആർഎഫ് | 911 | 1041 | 650 | 2602 |
| 4 | നേവി | 1162 | 1672 | 1021 | 3855 |
| 5 | കെറ്റിഡിസി ബോട്ടുകൾ | 257 | 293 | 183 | 733 |
| 6 | ഹെലികോപ്ടർ | 134 | 158 | 106 | 398 |
| 7 | ഫിഷർമെൻ | 2920 | 3337 | 2085 | 8342 |
| 8 | കുട്ടവഞ്ചി | 136 | 181 | 96 | 412 |
| 9 | സ്വകാര്യ ബോട്ടുകൾ | 996 | 1138 | 711 | 2845 |
| 10 | മുന്നറിയിപ്പ് നൽകി മാറ്റിയവർ | 9272 | 12543 | 7467 | 29282 |
| ആകെ | | 19713 | 24848 | 15121 | 59682 |

## രക്ഷാപ്രവർത്തനത്തിൽ പങ്കെടുത്തവർ

| ക്രമ നം | ഏജൻസി | ബോട്ടുകളുടെ എണ്ണം | രക്ഷാപ്രവർത്തകർ |
|---|---|---|---|
| 1 | എൻഡിആർഎഫ് | 27 | 307 |
| 2 | ഫിഷർമെൻ | 68 | 408 |
| 3 | നേവി | 5 | 15 |
| 4 | മിലിട്ടറി | 13 | 120 |
| 5 | കോസ്റ്റ്ഗാർഡ് | 4 | 40 |
| 6 | ആർപിഎഫ് | 1 | 50 |
| 7 | കെറ്റിഡിസി | 6 | 12 |
| 8 | കുട്ടവഞ്ചി | 24 | 25 |
| 9 | സ്വകാര്യബോട്ട് | 150 | 450 |
| 10 | ആർഎഎഫ് | 0 | 300 |
| 11 | ഫയർഫോഴ്സ് | 10 | 329 |

## വിവിധ വകുപ്പുകൾക്കുണ്ടായ നാശനഷ്ടം

| ക്രമ നം | വകുപ്പ് | നാശനഷ്ടം (കോടി രൂപയിൽ) |
|---|---|---|
| 1 | കൃഷി | 68.00 |
| 2 | മൃഗസംരക്ഷണം | 3.80 |
| 3 | സപ്ലൈകോ | 12.07 |
| 4 | ഭക്ഷ്യം, സിവിൽ സപ്ലൈസ് | 0.81 |
| 5 | പിഡബ്ല്യുഡി റോഡ്സ് | 3.20 |
| 6 | പിഡബ്ല്യുഡി ബിൽഡിംഗ്സ് | 3.20 |
| 7 | കെഎസ്ഇബി | 47.40 |
| 8 | ഇറിഗേഷൻ | 50.00 |
| 9 | വാട്ടർഅതോറിറ്റി | 70.00 |
| 10 | മൈനർ ഇറിഗേഷൻ | 185.00 |
| 11 | പഞ്ചായത്ത് | 135.01 |
| 12 | മുനിസിപ്പാലിറ്റി | 47.25 |
| 13 | ഫിഷറീസ് | 3.50 |
| 14 | കെഎസ്ആർടിസി | 1.65 |
| 15 | രജിസ്ട്രേഷൻ | 0.13 |
| 16 | റവന്യൂ | 0.37 |
| ആകെ | | 700.39 |



| | ക്യാമ്പുകളുടെ എണ്ണം | സ്ത്രീ | പുരുഷൻ | കുട്ടികൾ | ആകെ |
|---|---|---|---|---|---|
| | 143 | 43602 | 55376 | 34096 | 1,33,074 |




ജില്ലയിൽ രണ്ടു തവണകളിലായാണ് പ്രകൃതിക്ഷോഭമുണ്ടായത്. മേയ് അവസാനത്തോടെ തന്നെയെത്തിയ കാലവർഷത്തിൽ കൃഷിക്ക് സാരമായ നാശനഷ്ടമാണുണ്ടായത്. ഇതിന്റെ കെടുതികളിൽ നിന്ന് കർഷകരും ജനങ്ങളും കരകയറാൻ തുടങ്ങുന്നതിനിടെയാണ് ജൂലൈ 15 മുതൽ ഒന്നാം ഘട്ട പ്രളയം വന്നത്. ഇതിന്റെയും കെടുതികളിൽ നിന്ന് ജനം പതുക്കെ സാധാരണ ജീവിതത്തിലേക്ക് മടങ്ങുന്നതിനിടെ ആഗസ്റ്റ് 15ന് സ്വാതന്ത്ര്യദിനത്തിലാണ് മഹാപ്രളയം കുതിച്ചെത്തിയത്. സമുദ്രനിരപ്പിൽ നിന്ന് രണ്ടര മീറ്റർ വരെ താഴെയുള്ള കേരളത്തിന്റെ നെല്ലറയെന്ന വിശേഷണമുള്ള കുട്ടനാടിനെയാണ് പ്രളയക്കെടുതി ഏറെ ബാധിച്ചത്. സമചിത്തത യോടെ ഈ രണ്ടു ഘട്ടങ്ങളും കൈകാര്യം ചെയ്യാനും ദുരിതാശ്വാസ നടപടികൾ സ്വീകരിക്കാനും ജില്ലാഭരണകൂടത്തിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകൾക്ക് കഴിഞ്ഞു.

പ്രളയത്തിന്റെ രണ്ടാം ഘട്ടം ജില്ലയെ സംബന്ധിച്ച് ഏറെ പ്രയാസകരമായ അനുഭവമായിരുന്നു. ജില്ലാഭരണകൂടത്തെ സഹായിക്കാൻ പ്രവർത്തന പരിചയമുള്ള രണ്ട് ഗവ.സെക്രട്ടറിമാരെ കൂടി നിയോഗിച്ചത് ഈ പ്രവർത്തനങ്ങൾക്കാകെയും ഗുണകരമായി. ചെങ്ങന്നൂരും ആലപ്പുഴയും തമ്മിൽ ബന്ധം പോലും ഇല്ലാതിരുന്ന ഘട്ടത്തിലാണ് ചെങ്ങന്നൂരിൽ സ്പെഷൽ ഓഫീസറായി പിആർഡി സെക്രട്ടറിയായ പി.വേണു ഗോപാലിനെയും ആലപ്പുഴയിൽ ഗ്രാമവികസന കമ്മീഷണറായ കെ.പദ്മകുമാറിനെയും നിയോഗിച്ചത്.

### ജില്ലാതല അവലോകന സമിതി

ജില്ലാദുരന്ത നിവാരണ അതോറിട്ടിയുടെ നേതൃത്വത്തിലുള്ള അവലോകന സമിതിയുടെ പ്രവർത്തനം മേയ് പകുതിയോടെ തന്നെ തുടങ്ങി യിരുന്നു. ആദ്യഘട്ടത്തിൽ മഴ തുടങ്ങിയപ്പോഴേ ജില്ലാതലത്തിലും താലൂക്കുതലത്തിലും 24





മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറന്നിരുന്നു. ഓരോ സമയത്തും ലഭിക്കുന്ന നിർദേശങ്ങൾ മാധ്യമങ്ങളിലൂടെ ജനങ്ങളെ അറിയിക്കാൻ ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ സഹകരണവും അവിടെ ഒരുക്കിയിരുന്നു. പ്രധാനപ്പെട്ട വകുപ്പുകളുടെ ഓരോ പ്രതിനിധിയെ വീതം കളക്ടറേറ്റിൽ നിലയുറപ്പിച്ച് വകുപ്പുകളുടെ ഏകോപനം സാധ്യമാക്കി. ജില്ലാഭരണകൂടം എന്നാൽ കേവലം ഏതെങ്കിലും ഒരു വകുപ്പല്ല മറിച്ച് വിവിധ വകുപ്പുകളുടെ കൂട്ടായ്മയാണെന്ന് ജനങ്ങൾക്ക് ബോധ്യം വന്ന നാളുകളായിരുന്നു പ്രളയത്തിന്റേത്.

## ജനപ്രതിനിധികളുടെ ഇടപെടൽ

ഈ പ്രവർത്തനങ്ങൾക്കെല്ലാം മുന്നിൽ നിന്ന് നേതൃത്വം നൽകിയത് ജില്ലയിൽ നിന്നുള്ള മന്ത്രിമാരായ ജി.സുധാകരൻ, ഡോ.തോമസ് ഐസക്, പി.തിലോത്തമൻ എന്നിവരാണ്. അടുക്കും ചിട്ടയോടെയും ഈ പ്രവർത്തനങ്ങൾ ആകെ ഏകോപിപ്പിക്കാനും മാർഗനിർദേശം നൽകാനും ഇവരുടെ സാന്നിധ്യം ഏറെ ഗുണം ചെയ്തു. എം.പി.മാരും എം.എൽ.എ.മാരും ഉൾപ്പടെയുള്ള ജനപ്രതിനിധികൾ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തന രംഗത്തുണ്ടായിരുന്നതും ജനങ്ങൾക്കും ജീവനക്കാർക്കും ഏറെ ആത്മവിശ്വാസം പകർന്നു. നിത്യവും രാവിലെയും രാത്രിയും മന്ത്രിമാരുടെ അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗങ്ങൾ ദുരിതാശ്വാസ പ്രവർത്തനം കുറ്റമറ്റതാക്കാൻ കഴിഞ്ഞു. ചരിത്രത്തിൽ തന്നെ ബൃഹത്തായ കുട്ടനാട് രക്ഷാപ്രവർത്തനം സാധ്യമാക്കിയത് യഥാർഥത്തിൽ മന്ത്രിമാരുടെ ശക്തമായ സാന്നിധ്യത്താലാണ്.

## ജില്ലാ ഇൻഫർമേഷൻ ഓഫീസ്

സുസജ്ജമായ പ്രവർത്തനത്തിലൂടെ ജില്ല ഇൻഫർമേഷൻ ഓഫീസ് പ്രളയക്കെടുതിയിൽ ഒരുപോലെ ജില്ലാ ഭരണകൂടത്തിനും മാധ്യമങ്ങൾക്കും വലിയ തുണയായി.അഞ്ഞൂറോളം പത്രക്കുറിപ്പുകളാണ് ഈ വേളയിൽ ഈ ഓഫീസിൽ നിന്ന് ഇറക്കിയത്. രക്ഷാപ്രവർത്തന വുമായി ബന്ധപ്പെട്ട ഓരോ വാർത്തയും അതത് സമയം സാമൂഹിക മാധ്യമങ്ങൾ വഴി മാധ്യമപ്രവർത്തകരിലേക്കും ജനങ്ങളിലേക്കും എത്തിക്കാനായി. 24 മണിക്കൂറും മാധ്യമങ്ങളെ അപ്ഡേറ്റ് ചെയ്തു. ആയിരത്തോളം സഹായാ ഭ്യർഥനകളാണ് ജില്ല ഇൻഫർമേഷൻ ഓഫീസിലെ ജീവനക്കാരുടെ മൊബൈലുകളിലേക്ക് എത്തിയത്. ഇവയെല്ലാം യഥാസമയം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ പെടുത്തി നടപടിയെടുപ്പിക്കാൻ കഴിഞ്ഞു.





## ഒന്നാം ഘട്ടം

ജൂലൈയിൽ ജില്ലയിൽ ശക്തമായ കാലവർഷത്തിൽ വലിയ രീതിയിലുള്ള വെള്ളപ്പൊക്കമുണ്ടായി. ജില്ലയിലെ എല്ലാ താലൂക്കുകളിലും കുട്ടനാട് താലൂക്കിൽ പൂർണമായും ഉൾപ്പെടെ 294 ദുരിതാശ്വാസ ക്യാമ്പുകളും 492 ഭക്ഷണ വിതരണദുരിതാശ്വാസ കേന്ദ്രങ്ങളും (നോൺ റെസിഡൻഷ്യൽ ക്യാമ്പ്) തുറക്കേണ്ടി വന്നു. കുട്ടനാട്ടിലെ 71 പാടശേഖരങ്ങൾ ഈ കെടുതിയിൽ മടവീണ് മുങ്ങി കൃഷി നഷ്ടമായി. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് അടക്കമുള്ള കുട്ടനാട്ടിലേക്കുള്ള എല്ലാ റോഡ് ഗതാഗത മാർഗങ്ങളും ഏതാണ്ട് പൂർണമായും വെള്ളത്തിനടിയിലായതോടെ ആലപ്പുഴയും കുട്ടനാടും തീർത്തും ഒറ്റപ്പെട്ട നിലയിലായി. ഇരുകരകളും തമ്മിലുള്ള യാത്രാമാർഗം ജലഗതാഗതം മാത്രമായി.

ജില്ലാഭരണകൂടത്തിന്റെ നേതൃത്വത്തിൽ ഈസമയം തന്നെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുറന്നിരുന്നു. എല്ലാ വിവരവും മാധ്യമങ്ങൾ വഴി ജനങ്ങളിലെത്തിക്കാൻ ജില്ല ഇൻഫർമേഷൻ ഓഫീസിന്റെ നേതൃത്വത്തിൽ സംവിധാനമൊരുക്കി. ജാഗ്രതാനിർദേശങ്ങളും മറ്റും തത്സമയം സോഷ്യൽ മീഡിയ വഴി മാധ്യമങ്ങൾക്കു നൽകി. ചിത്രങ്ങളും വീഡിയോകളും മാധ്യമങ്ങൾക്കു അതതു സമയം ലഭ്യമാക്കാനും ശ്രമിച്ചിരുന്നു. ശരിയായ വിവരങ്ങൾ റിപ്പോർട്ടു ചെയ്യുന്നതിന് മാധ്യമങ്ങൾക്ക് ഇത് സഹായകമായി.

അടിയന്തര സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിലുള്ള ദുരന്ത നിവാരണ സമിതി കൂടി എല്ലാ ദുരന്തനിവാരണ പ്രവർത്തനത്തിനും ആക്കം കൂട്ടി. ദുരിതാശ്വാസ ക്യാമ്പുകളും ഭക്ഷണ വിതരണകേന്ദ്രങ്ങളും തുറക്കേണ്ട സ്ഥലങ്ങളിൽ എല്ലാം തഹസിൽദാർമാരുടെയും വില്ലേജ് ഓഫീസർമാരുടെയും മറ്റ് ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ ആശ്വാസ കേന്ദ്രങ്ങൾ ആരംഭിച്ചു. ആരോഗ്യ വകുപ്പിന്റെ കീഴിൽ മെഡിക്കൽ സംഘങ്ങൾ രൂപീകരിച്ച് ദുരിതാശ്വാസ കേന്ദ്രങ്ങളിലും ദുരന്തമേഖലകളിലും ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തി. വെള്ളത്തിൽ അകപ്പെട്ട പ്രായം ചെന്നവരെയും രോഗികളെയും കുട്ടികളെയും ഫയർഫോഴ്സ്, ദേശീയ ദുരന്ത നിവാരണ സേന, ഇന്ത്യൻനേവി, റവന്യൂ വകുപ്പ് എന്നിവരുടെ സഹായത്തോടെ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റി. കടലിലേക്ക് ഒഴുക്ക് വർധിപ്പിക്കുന്നതിനായി ജില്ലയിലെ പ്രധാന ജലനിർഗമന മാർഗങ്ങളായ തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവേ, അന്ധകാരനഴി എന്നിവയുടെ ഷട്ടറുകൾ പൂർണമായി തുറന്നിടുകയും മറ്റുപൊഴികൾ തുറന്ന് കടലിലേക്ക് നീരൊഴുക്ക് വർധിപ്പിക്കുകയും ചെയ്തു. ജില്ലയിലെ എല്ലാ ദുരിതാശ്വാസ കേന്ദ്രങ്ങളിലും ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ പൂർണമായും സിവിൽസപ്ലൈസ് കോർപ്പറേഷൻ വഴിയും പച്ചക്കറികൾ ഹോർട്ടികോർപ്പ് വഴിയും പാചകവാതകം ബന്ധപ്പെട്ട അംഗീകൃത പാചകവാതക വിതരണകേന്ദ്രങ്ങൾ വഴിയും എത്തിച്ചു.

കുടിവെള്ളം ആവശ്യമായ സ്ഥലങ്ങളിൽ ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ വള്ളങ്ങളിലും വാഹനങ്ങളിലുമായി എത്തിച്ചു കൊണ്ടിരുന്നു. പൊക്കമുള്ള പ്രദേശങ്ങളിൽ പാർപ്പിച്ചിരുന്ന കന്നുകാലികൾക്ക് മൃഗസംരക്ഷണ വകുപ്പ് മുഖാന്തരം കാലിത്തീറ്റകളും മറ്റും എത്തിക്കുന്നതിനും കഴിഞ്ഞു. കന്നുകാലികൾക്കായി ക്യാമ്പ് തുറന്നു. കുട്ടനാട്ടിലെ വിവിധ പ്രദേശങ്ങളിൽ ആളുകൾക്ക്



പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതിനായി ഏകദേശം 95-ഓളം ബയോ ടോയ്‌ലെറ്റുകൾ സ്ഥാപിച്ചു. ദിവസവും മാലിന്യങ്ങൾ എടുത്തുമാറ്റി വൃത്തിയായി ഇവ സൂക്ഷിച്ചു. സംസ്ഥാനത്തു തന്നെ ദുരിതാശ്വാസ മേഖലയിൽ ഇത്രയധികം ബയോടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നത് ഇതാദ്യ മായിരുന്നു. മുഖ്യമന്ത്രിയുടെ പ്രത്യേക നിർദേശ പ്രകാരമാണ് ഇത്തരമൊരു സംവിധാനം ഏർപ്പെ ടുത്തിയത്. ജില്ല ശുചിത്വമിഷൻറയും ആരോഗ്യ വകുപ്പിന്റെയും നേതൃത്വത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തി പോരായ്മകൾ പരിഹരിക്കാൻ നടപടിയെടുത്തിരുന്നു.

## സഹായപ്രവാഹം

കുട്ടനാട് ദുരിതത്തിലാണെന്നറിഞ്ഞ് രാജ്യത്തിന്റെ വിവിധസ്ഥലങ്ങളിൽ നിന്നും സഹായം വരാൻ തുടങ്ങി. ഭക്ഷണ സാമഗ്രികൾ, വസ്ത്രങ്ങൾ, കുടിവെള്ളം, മരുന്നുകൾ, ആരോഗ്യ സംരക്ഷണത്തിനായുള്ള മറ്റു കാര്യങ്ങൾ എന്നിവയുമായി വിവിധ സംഘടനകൾ, വ്യക്തികൾ എന്നിവരും ജില്ലാ ഭരണകൂടത്തിന് സഹായവുമായെത്തി. സന്നദ്ധ സംഘടനകൾ മുഖാന്തരം ലഭിച്ച ഭക്ഷ്യസാധനങ്ങൾ സൂക്ഷിക്കുന്നതിനായി ഗോഡൗണുകൾ തുറന്ന് ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളും പച്ചക്കറികളും ഏറ്റെടുക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഒരു എക്സിക്യൂട്ടിവ് ഓഫീസറുടെ നേതൃത്വത്തിൽ ഒരു ഡസനോളം ജീവനക്കാരെ നിയമിച്ച് ആക്ഷേപരഹിതമായി വിതരണം ചെയ്തു. വെള്ളപ്പൊക്കത്തിന്റെ കാഠിന്യം കണക്കിലെടുത്ത് എൻ.ഡി.ആർ.എഫ്, നേവി എന്നീ സേനകളുടെ സേവനം ലഭ്യമാക്കി. ഇന്ത്യൻ നേവിയിൽനിന്നും ഒരു ലെഫ്റ്റനന്റിന്റെ നേതൃത്വത്തിൽ 25 നാവികരും ദേശീയ ദുരന്തനിവാരണ സേനയുടെ 27 സേനാംഗങ്ങളും എത്തി. ജില്ലയിലെ ഫയർ ഫോഴ്സ്, പോലീസ് തുടങ്ങിയ സേനകളുടെ സേവനവും പരിപൂർണമായി ഉപയോഗപ്പെടുത്തി.

ജില്ലയിലെ പ്രളയ ബാധിത മേഖലകൾ സന്ദർശിക്കാൻ കേന്ദ്ര ആഭ്യന്തര സഹമന്ത്രി കിരൺ റിജിജു, ടൂറിസംമന്ത്രി അൽഫോൺസ് കണ്ണന്താനം എന്നിവർ എത്തിയിരുന്നു. പൊതുമരാമത്ത് മന്ത്രി ജി.സുധാകരൻ, ധനകാര്യമന്ത്രി ഡോ.തോമസ് ഐസക്, ഭക്ഷ്യമന്ത്രി പി.തിലോത്തമൻ, കൃഷിമന്ത്രി വി.എസ് സുനിൽകുമാർ, റവന്യൂമന്ത്രി ഇ. ചന്ദ്രശേഖരൻ, ആരോഗ്യമന്ത്രി കെ.കെ. ശൈലജ, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, എം.പിമാരായ കെ.സി വേണുഗോപാൽ, കൊടിക്കുന്നിൽ സുരേഷ്, എം.എൽ.എ മാരായ എ.എം. ആരിഫ്, തോമസ് ചാണ്ടി, അഡ്വ. യു. പ്രതിഭ, ആർ. രാജേഷ്, സജി ചെറിയാൻ എന്നിവരും ജില്ലയിലെ വിവിധ ദുരിതമേഖലകൾ സന്ദർശിച്ചു. സംസ്ഥാന ചീഫ് സെക്രട്ടറി ടോം ജോസ്, സ്റ്റേറ്റ് റിലിഫ്കമ്മീഷണറും അഡീഷണൽ ചീഫ് സെക്രട്ടറിയുമായ പി.എച്ച് കുര്യൻ, കേന്ദ്ര സെക്രട്ടറിയേറ്റിൽ നിന്നുള്ള ഉദ്യോഗസ്ഥർ എന്നിവരും ദുരന്തമേഖലകൾ സന്ദർശിച്ചു.

ജില്ലാ ദുരന്തനിവാരണ അതോറിറ്റി വൈസ് ചെയർമാനായ ജില്ല പഞ്ചായത്ത് പ്രസിഡന്റ് ജി.വേണുഗോപാലിന്റെ നേതൃത്വത്തിൽ ജില്ലയിലെ ത്രിതല പഞ്ചായത്തുകളിലെ പ്രസിഡന്റുമാരും അംഗങ്ങളും ഉൾപ്പെടെ ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ ദുരന്ത മേഖലയ്ക്ക് ആശ്വാസമേകി. മൂന്ന് ആഴ്ചയോളം പൂർണമായി ഗതാഗതം സ്തംഭിച്ച എം.സി റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ഇറിഗേഷൻ വകുപ്പിന് 26.55 ലക്ഷം രൂപ എസ് ഡി ആർ എഫിൽ നിന്നും നൽകിയിരുന്നു. പാടശേഖരങ്ങളിലെ വെള്ളം വറ്റിക്കുന്നതിന് പാടശേഖര സമിതികളുമായി ചേർന്നു പ്രവർത്തിക്കുന്നതിന് കൃഷിവകുപ്പിന് 1.42 കോടി രൂപ എസ് ഡി ആർ എഫിൽ നിന്നും നൽകി. ആഗസ്റ്റ് എട്ടിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻറ നേതൃത്വത്തിൽ കേന്ദ്രസംഘം പ്രളയബാധിതപ്രദേശങ്ങൾ സന്ദർശിച്ച് നാശനഷ്ടങ്ങൾ വിലയിരുത്തി.

റവന്യൂ, ആരോഗ്യം, കൃഷി, പോലീസ്, ഫയർ ആൻറ് റസ്ക്യൂ, ഇറിഗേഷൻ, സിവിൽ സപ്ലൈസ്, ശുചിത്വമിഷൻ, മൃഗസംരക്ഷണം, പൊതുമരാമത്ത്, കെഎസ്ഇബി, വാട്ടർ അതോറിറ്റി, ജലഗതാഗതം, കെ.എസ്.ആർ.റ്റി.സി, പോർട്ട് തുടങ്ങിയ വകുപ്പുകളിലും ജീവനക്കാരെയും ജില്ലയിലെ ജനപ്രതിനിധികളെയും ഏകോപിപ്പിച്ച് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി നടത്തിയ യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനം കാരണം ജില്ലയിൽ പകർച്ചവ്യാധികളോ മറ്റു ദുരന്തങ്ങളോ ഇല്ലാതെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനാവശ്യമായ

പ്രവർത്തനങ്ങൾ ചെയ്യാനായി.

## രണ്ടാം ഘട്ടം

ജലനിരപ്പ് കുറഞ്ഞതിനാൽ പല ക്യാമ്പുകളും ഭക്ഷണവിതരണ കേന്ദ്രങ്ങളും പിരിച്ചു വിടുകയും ജനജീവിതം സാധാരണ നിലയി ലേക്ക് മടങ്ങുകയും ചെയ്ത അവസരത്തിലാണ് രണ്ടാം ഘട്ടത്തിലെ മഹാപ്രളയം ജില്ലയെ, പ്രത്യേകിച്ച് ചെങ്ങന്നൂരിനേയും കുട്ടനാടി നേയും കടന്നാക്രമിച്ചത്. ശക്തമായ മഴ കിഴക്കൻ മേഖലകളിൽ ഭീകരമായ പ്രകൃതിക്ഷോഭത്തിനാണ് ഇടവരുത്തിയത്. കനത്ത മഴയേയും വെള്ളപ്പൊക്കത്തെയും തുടർന്ന് പല ഡാമുകളും തുറന്നുവിടേണ്ടി വന്നു. ആലപ്പുഴ ജില്ലയുടെ കിഴക്കൻ മേഖലയായ ചെങ്ങന്നൂർ താലൂക്കിനെയാണ് പ്രളയം ആദ്യമായി ബാധിച്ചത്. പമ്പാനദി കരകവിഞ്ഞൊഴുകിയതു മൂലം ചെങ്ങന്നൂരിലെ പാണ്ടനാട്, തിരുവൻവണ്ടൂർ, മാന്നാർ, ബുധനൂർ പഞ്ചായത്തുകളുടേയും, ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയുടേയും അച്ചൻകോവിലാർ കരകവിഞ്ഞതു മൂലം വെൺമണി, ചെറിയനാട്, ആല, പുലിയൂർ പഞ്ചായത്തുകളുടെയും പല ഭാഗങ്ങളും ഒറ്റപ്പെട്ടു. കുട്ടനാട് താലൂക്ക് പൂർണമായും വെള്ളത്തിലായി. മാവേലിക്കര താലൂക്കിലെ ചെന്നിത്തല, തൃപ്പെരുന്തുറ, കണ്ണമംഗലം, കാർത്തികപ്പള്ളി താലൂക്കിലെ ചെറുതന, വീയപുരം, പള്ളിപ്പാട്ട്, കരുവാറ്റ, അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിലെ കിഴക്കൻ പ്രദേശങ്ങളും പൂർണമായി വെള്ളത്തിൽ അകപ്പെട്ടു.

പമ്പ, കക്കി ഡാമുകളിൽ ജലനിരപ്പ് ക്രമാതീതമായി വർധിച്ചുവരുന്നതായും എല്ലാ ഷട്ടറുകളും തുറന്നുവിടുമെന്നും സ്റ്റേറ്റ് കൺട്രോൾ റൂം, പത്തനംതിട്ട കെ.എസ്.ഇ.ബി. കൺട്രോൾ റൂം എന്നിവിടങ്ങളിൽ നിന്നും അറിയിപ്പ് ലഭിച്ചതനുസരിച്ച് ആലപ്പുഴ ജില്ലയിലെ കുട്ടനാട്, ചെങ്ങന്നൂർ, കാർത്തികപ്പള്ളി താലൂക്കുകളിൽ ജലനിരപ്പ് ഉയരുമെന്ന വിവരം മൂന്ന് തഹസിൽദാർമാരെയും താലൂക്ക് കൺട്രോൾ റൂമിലും താലൂക്കുകളിലെ എല്ലാ വില്ലേജ് ഓഫീസർമാരെയും അറിയിച്ചു. എല്ലാ റവന്യൂ ഉദ്യോഗസ്ഥരും വെള്ളപ്പൊക്കം നേരിടുന്നതിന് സജ്ജരായിരിക്കുവാൻ കളക്ടറേറ്റ് കൺട്രോൾ റൂമിൽ നിന്നും നിർദേശം നൽകി.

പത്തനംതിട്ട റാന്നി പ്രദേശങ്ങളിൽ ജലനിരപ്പ് ഉയർന്നതിനാൽ രക്ഷാപ്രവർത്തനങ്ങൾക്കായി എൻ.ഡി.ആർ.എഫിന്റെ സേവനം വേണമെന്ന് അറിയിച്ചതിനനുസരിച്ച് ആലപ്പുഴയിൽ ഉണ്ടായിരുന്ന ഒരു സംഘത്തെ റാന്നിയിലേക്ക് അയച്ചു. ചെങ്ങന്നൂർ, കുട്ടനാട്, കാർത്തികപ്പള്ളി, മാവേലിക്കര താലൂക്കുകളിൽ ജലനിരപ്പ് ഉയരുന്നതിനാൽ ജനങ്ങളെ സുരക്ഷിതസ്ഥലങ്ങളിൽ മാറ്റിപാർപ്പിച്ച് ക്യാമ്പുകൾ ആരംഭിക്കുവാൻ തഹസിൽദാർമാർക്കും വില്ലേജ് ഓഫീസർമാർക്കും നിർദ്ദേശം നൽകി.




വൈകീട്ടോടെ സജി ചെറിയാൻ എം എൽ എ, ജില്ല കളക്ടർ എന്നിവർ നേരിട്ട് മാന്നാർ, ചെങ്ങന്നൂർ, മംഗലം പ്രദേശങ്ങൾ സന്ദർശിച്ച് മുന്നറിയിപ്പ് നൽകി.

ആഗസ്റ്റ് 15ന് രാവിലെ 11ന് ജില്ലാ ദുരന്ത നിവാരണ അതോറിട്ടി യോഗം വിളിച്ച് ജില്ലയിലെ വെള്ളപ്പൊക്കം നേരിടുന്നതിനായി അടിയന്തര നടപടി സ്വീകരിക്കാൻ തീരുമാനിച്ചു. ചെങ്ങന്നൂരിൽ അപ്രതീക്ഷിതമായി എത്തിയ വെള്ളം പല വീടുകളും സ്ഥാപനങ്ങളും മുങ്ങുവാൻ കാരണമായി. പോലീസ്, അഗ്നിരക്ഷാ സേന, എൻ.ഡി.ആർ.എഫ്. ടീമുകൾ ഉടൻ രക്ഷാപ്രവർത്തനത്തിന് ഇറങ്ങി. എങ്കിലും വെള്ളപ്പൊക്കം താലൂക്കിനെ മുഴുവനായി ബാധിച്ചതോടെ കൂടുതൽ സേനാ വിഭാഗങ്ങളും മത്സ്യത്തൊഴിലാളി വള്ളങ്ങളും രക്ഷാപ്രവർത്തനത്തിന് ഇറക്കേണ്ടിവന്നു. 16ന് രാത്രിയിൽ ജലനിരപ്പ് ഉയർന്നതോടെ കുട്ടനാട്ടിലെ ജനങ്ങളെ പൂർണമായി ഒഴിപ്പിച്ച് സുരക്ഷിതമായ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് തീരുമാനിച്ചു. 17ന് രാവിലെ ആറുമുതൽ തന്നെ ജനങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിന്




നടപടികൾ ആരംഭിച്ചു. ചെങ്ങന്നൂരിൽ പോലീസ്, ഫയർഫോഴ്സ്, എൻ.ഡി. ആർ.എഫ്, നേവി, ബി.എസ്.എഫ്, ഐ.ടി. ബി.പി, സി.ഐ.എസ്.എഫ് സേനകളുടെയും നാട്ടുകാരുടേയും മത്സ്യത്തൊഴിലാളികളുടെയും സഹായത്താൽ പതിനായിരക്കണക്കിന് ആളുകളെ യുദ്ധകാലാടിസ്ഥാനത്തിൽ മാറ്റിപ്പാർപ്പിക്കാൻ കഴിഞ്ഞു. കുട്ടനാട്ടിൽ 15ന് രാത്രി തുടങ്ങി 12മണിക്കൂർ കൊണ്ട് 90% ജനങ്ങളെയും സുരക്ഷിത സ്ഥാനങ്ങളിൽ എത്തിച്ചു.

710 ദുരിതാശ്വാസ ക്യാമ്പുകളിലായി 3,01,719 പേരെയാണ് ഉൾക്കൊള്ളിച്ചത്. ടിപ്പറുകൾ, ടോറസുകൾ, ബസ്സുകൾ, സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ബോട്ടുകൾ, സ്വകാര്യ മോട്ടോർ ബോട്ടുകൾ, ഹൗസ് ബോട്ടുകൾ, വള്ളങ്ങൾ, നിരവധി മത്സ്യബന്ധന വള്ളങ്ങൾ, എൻ.ഡി. ആർ.എഫ്, നേവി, ബി. എസ് എഫ് വാഹനങ്ങൾ എന്നിവ രക്ഷാദൗത്യത്തിന് ഉപയോഗിച്ചു. മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ വളർത്തുമൃഗങ്ങളേയും പക്ഷികളേയും സുരക്ഷിത സ്ഥാനങ്ങളിലേക്കു മാറ്റുന്നതിനും അവയ്ക്ക് തീറ്റനൽകുന്നതിനുള്ള നടപടികളും ചെയ്തിരുന്നു.

ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ചവർക്ക് ഓരോ ക്യാമ്പിലും റവന്യൂ, പഞ്ചായത്ത്, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളിലെ ജീവനക്കാരെ ഉൾപ്പെടുത്തി ആവശ്യമായ സഹായ ക്രമീകരണങ്ങൾ ചെയ്തു. സംസ്ഥാനത്തിന് അകത്തും പുറത്തുനിന്നുമുള്ളതും, വിദേശത്ത് നിന്നുമുള്ള പലവിധ സഹായങ്ങളും ജില്ലയിലേക്ക് എത്തിച്ചേർന്നു. ഇപ്രകാരം ലഭിക്കുന്ന സാധന സാമഗ്രികൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി ആലപ്പുഴ എസ്. ഡി കോളേജ് കേന്ദ്രമാക്കി ഒരു പ്രധാന കളക്ഷൻ സെൻററും താലൂക്ക് തലത്തിൽ ആറ് വിതരണ കേന്ദ്രങ്ങളും സജ്ജമാക്കി. സബ് കളക്ടർ, ഡപ്യൂട്ടി കളക്ടർമാർ എന്നിവരുടെ നേതൃത്വത്തിൽ 3000–3500 ജീവനക്കാരും സന്നദ്ധപ്രവർത്തകരും ശേഖരണ, വിതരണ കേന്ദ്രങ്ങളിൽ 24 മണിക്കൂറും സേവനം നടത്തിയിരുന്നു. ദുരന്ത മേഖലയിലെ എല്ലാ കുടുംബങ്ങൾക്കും സർക്കാർ ഉത്തരവിൻ പ്രകാരമുള്ള സാധനങ്ങൾ അടങ്ങുന്ന കിറ്റും നൽകി. ആഗസ്റ്റ് 28,29 ദിവസങ്ങളിലായി കുട്ടനാട്ടിൽ നടത്തിയ മഹാശുചീകരണത്തിനു ശേഷം വീട്ടിൽ എത്തുന്ന കുടുംബങ്ങൾക്ക് നൽകുന്ന രീതിയിലായിരുന്നു കിറ്റുകളുടെ സജ്ജീകരണം.

ചെങ്ങന്നൂരിൽ രണ്ടു ദിവസം കൂടി പ്രത്യേക ശുചീകരണം നടത്തിയ ശേഷമാണ് ജനങ്ങളെ വീടുകളിലേക്കു മടക്കിയച്ചത്. ശക്തമായ വെള്ളപ്പൊക്കത്തിൽ ഒഴുകിയെത്തിയ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുക എന്നത് വളരെ പ്രയാസമേറിയ കാര്യമായിരുന്നു. കുട്ടനാട്ടിലെ 12 പഞ്ചായത്തുകളിലും കാർത്തികപ്പള്ളി താലൂക്കിലെ നാലു പഞ്ചായത്തുകളിലുമായുള്ള ശുചീകരണവും പ്രത്യേകം നടത്തി. മറ്റിടങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നാട്ടുകാരുടേയും സന്നദ്ധപ്രവർത്തകരുടെയും നേതൃത്വത്തിൽ നടത്തിയിരുന്നു.

ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടെ കുട്ടനാട് താലൂക്കിലെ എല്ലാ ആളുകളെയും പുനരധിവസിപ്പിക്കു ന്നതിനുള്ള തയാറെടുപ്പുകളും നടത്തിയിരുന്നു. നോൺ റെസിഡെൻഷ്യൽ റിലീഫ് ക്യാമ്പുകൾ പ്രവർത്തിപ്പിച്ച് ജനങ്ങൾക്ക് ഭക്ഷണ വിതരണത്തിനുള്ള ക്രമീകരണവും ചെയ്തു. കൈനകരി പഞ്ചായത്തിലെ ആളുകളെ, പ്രദേശം വാസയോഗ്യമല്ലാതിരുന്നതിനാൽ പ്രത്യേകം കേന്ദ്രങ്ങളിലേക്ക് മാറ്റി. ക്യാമ്പുകൾ നടത്തിവന്ന സ്കൂളുകൾ ഡി.പി.ഐ.യുടെ നേതൃത്വത്തിൽ വലിയ സന്നദ്ധ പ്രവർത്തനത്തിലൂടെ ശുചീകരിച്ചാണ് തുറന്നു പ്രവർത്തിപ്പിക്കുന്നതിന് തക്കവണ്ണം സജ്ജമാക്കിയത്.



# കോട്ടയം

നദികളുടെ നാടെന്ന വിശേഷണവുമായി മീനച്ചിൽ, പമ്പ, മണിമല എന്നീ നദികളുടെ മടിത്തട്ടിൽ കഴിയുന്ന തീരപ്രദേശമില്ലാത്ത ജില്ലയാണ് കോട്ടയം. 2208 ചതുരശ്ര കി.മീറ്റർ വിസ്തീർണമുള്ള ഈ ജില്ലയിലെ ജനസംഖ്യ 19,74,551 ആണ്. 71 ഗ്രാമ പഞ്ചായത്തുകളും ആറ് മുനിസിപ്പാലിറ്റികളും 11 ബ്ലോക്കുകളും അഞ്ച് താലൂക്കുകളുമാണ് ജില്ലയിലുള്ളത്. ഉയർന്ന ഭൂപ്രദേശമുള്ള കാഞ്ഞിരപ്പള്ളി, മീനച്ചിൽ ചെറുകുന്നുകളും താഴ്ന്ന പ്രദേശങ്ങളുമുള്ള കോട്ടയം, ചങ്ങനാശ്ശേരി, വൈക്കം താലൂക്കുകളിലുമായി 100 വില്ലേജുകളാണുള്ളത്.

## നദികൾ

മീനച്ചിൽ, വൈക്കം, കോട്ടയം താലൂക്കുകളിലായി 1272 കിലോമിറ്റർ ചതുരശ്ര കി.മീ വൃഷ്ടിപ്രദേശമുള്ള മീനച്ചിലാറിന്റെ ജില്ലയിലെ നീളം 78 കിലോമീറ്റർ ആണ്. ജില്ലയിലെ പ്രധാന നദിയായ മീനച്ചിലാർ ഈരാറ്റുപേട്ടയിൽ വെച്ച് പൂഞ്ഞാർ നദിയുമായി ചേർന്ന് പടിഞ്ഞാറോ ട്ടൊഴുകി ഓലത്തു വെച്ച് പയപ്പാറത്തോടു മായി ചേർന്ന് തെക്കു പടിഞ്ഞാറൻ ദിശയി ലേക്കൊഴുകിയാണ് വേമ്പനാട്ടു കായലിൽ പതിക്കുന്നത്. വൈക്കം താലൂക്കിലൂടെ ഒഴുകുന്ന മൂവാറ്റുപുഴയാറും കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി താലൂക്കുകളിലൂടെ ഒഴുകുന്ന മണിമലയാറുമാണ് ജില്ലയിലെ മറ്റ് രണ്ടു നദികൾ.

## പ്രളയം: ജാഗ്രതാപ്രവർത്തനം

ആഗസ്റ്റ് രണ്ടാം ആഴ്ചയുടെ തുടക്കത്തിൽ പെയ്യാനാരംഭിച്ച മഴ ആഗസ്റ്റ് പതിനാലോടെ ശക്തി പ്രാപിച്ചതിനെ തുടർന്ന് ജലാശയങ്ങളുടെ തീരത്ത് താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്നും അടിയന്തര സാഹചര്യം കണക്കിലെടുത്ത് വില്ലേ ജ്-താലൂക്ക് ഓഫീസ് ജീവനക്കാർ 24 മണിക്കൂറും ഡ്യൂട്ടിയിലുണ്ടാകണമെന്നും കളക്ടർ നിർദേശം നൽകി. സ്വാതന്ത്ര്യദിന ജില്ലാതല ചടങ്ങിൽ പങ്കെടുക്കാനെത്തിയ വനം-മൃഗസംരക്ഷണ-ക്ഷീരവികസനമന്ത്രി അഡ്വ.കെ.രാജുവിന്റെ അധ്യക്ഷതയിൽ കോട്ടയം പോലീസ് ക്ലബ്ബിൽ അടിയന്തര യോഗം ചേർന്നു. മീനച്ചിലാറിന്റെ തീരത്ത് താമസിക്കുന്നവരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റണമെന്ന് മന്ത്രി നിർദേശം നൽകി. ജില്ലാ ഭരണകൂടവും ജില്ലാ പോലീസും ജാഗ്രതാനിർദേശം നൽകി. ജില്ലാ- താലൂക്ക് ആസ്ഥാനങ്ങളിലെ കൺട്രോൾ റൂമുകൾക്കു പുറമേ ഫയർ ആന്റ് റെസ്ക്യൂ സർവീസസും ജില്ലാ ആസ്ഥാനത്ത് കൺട്രോൾ റൂം തുറന്നു. ഡെപ്യൂട്ടി തഹസിൽദാർമാരുടെ നേതൃത്വത്തിൽ പ്രത്യേക സ്ക്വാഡുകളും രൂപീകരിച്ചു.

## കവിഞ്ഞൊഴുകി നദികൾ

പ്രതികൂലമായ കാലാവസ്ഥ കോട്ടയം ജില്ലയുടെ കിഴക്കൻ മേഖലയെയാണ് ആദ്യം ബാധിച്ചത്. ഇടയ്ക്കിടെ ആഞ്ഞടിക്കുന്ന കാറ്റിൽ മരങ്ങൾ കടപുഴകിയും ഒടിഞ്ഞുവീണും ഒട്ടേറെ വീടുകൾക്ക് കേടുപറ്റി. കാഞ്ഞിരപ്പള്ളി താലൂക്കിൽ ഒരിടത്തും മീനച്ചിൽ താലൂക്കിൽ അഞ്ചിടത്തും മണ്ണിടിച്ചിൽ ഉണ്ടായി. മണ്ണിടിച്ചിലിൽ നാല് പേർ മരിച്ചു. കനത്ത മഴയിലും ഉരുൾപൊട്ടലിലും മീനച്ചിലാറും പമ്പാ നദിയും മണിമലയാറും ചിറ്റാർ പുഴയും കരകവിഞ്ഞൊഴുകി. ഇടകടത്തി തൂക്കു പാലം തകർന്നു. കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി പഞ്ചായത്തിലെ ഏഞ്ചൽ വാലി, ഇടകടത്തി, അറയാഞ്ഞിലി മണ്ണ്, കുറുമ്പൻ മൂഴി, മൂക്കൻപെട്ടി, കാളകെട്ടി, മുണ്ടക്കയം എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്ന വില്ലേജുകളടക്കം 12 വില്ലേജുകളും, വൈക്കം താലൂക്കിൽ 17 വില്ലേജുകളും, കാഞ്ഞിരപ്പള്ളി താലൂക്കിൽ എട്ട് വില്ലേജുകളും ചങ്ങനാശ്ശേരി താലൂക്കിൽ 11 വില്ലേജുകളും കോട്ടയം താലൂക്കിൽ 20 വില്ലേജുകളും പ്രളയത്തിന്റെ പിടിയിലായി.

## രക്ഷാപ്രവർത്തനം

എല്ലാ പ്രളയബാധിത വില്ലേജുകളിലും കൺട്രോൾ റൂം തുറന്നു. വിവിധ വകുപ്പുകൾ, സന്നദ്ധപ്രവർത്തകർ എന്നിവരോടൊപ്പം ഫിഷറീസ് വകുപ്പിന്റെ 15 വള്ളങ്ങളും 18 മത്സ്യത്തൊഴിലാളികളും രക്ഷാപ്രവർത്തനങ്ങളിൽ പങ്കാളികളായി. ഒറ്റപ്പെട്ടു പോയ സ്ഥലങ്ങളിൽ ജില്ലാ ഭരണകൂടം ഹെലികോപ്റ്ററിൽ ഭക്ഷണം എത്തിച്ചു. മുട്ടുമണ്ണിൽ രജനിയെന്ന ഗർഭിണിയെ ഹെലികോപ്ടറിൽ ആശുപത്രിയിലെത്തിച്ചു. ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഏകോപനത്തിനും ജില്ലാ കളക്ടറെ സഹായിക്കുന്നതിനും സർക്കാർ നിയോഗിച്ച ഫിഷറീസ് ഡയറക്ടർ എസ്.വെങ്കടേസപതി ജില്ലയിൽ ചുമതലയേറ്റു. സ്വകാര്യ മേഖലയിലേതുൾപ്പെടെയുള്ള മോട്ടോർ ബോട്ടുകൾ, വള്ളങ്ങൾ, സ്പീഡ് ബോട്ടുകൾ, വാഹനങ്ങൾ, ആംബുലൻസ്, ഡിങ്കി, ലൈഫ് ജാക്കറ്റ്, ലൈഫ് ബോയി, തുടങ്ങിയ രക്ഷാ ഉപകരണങ്ങൾ എന്നിവ ജില്ലാഭരണകൂടം ഏറ്റെടുത്തു.

## ദുരിതാശ്വാസ ക്യാമ്പുകൾ

പ്രളയത്തിൽ നിന്നും രക്ഷപ്പെടുത്തിയവരെ താമസിപ്പിക്കുന്നതിന് റവന്യു വകുപ്പിന്റെ മേൽനോട്ടത്തിൽ ആഗസ്റ്റ് 15നു തന്നെ ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. ആദ്യ ദിനത്തിൽ അറുപത് ക്യാമ്പുകളാണ് തുറന്നത്. രണ്ടാമത്തെ ദിവസം ക്യാമ്പുകളുടെ എണ്ണം 149 ആയി. 18ന് ഉച്ചയോടെ 344 ക്യാമ്പുകളും വൈകുന്നേരത്തോടെ 360 ക്യാമ്പുകളും തുറന്നു. 21 –ഓടെ 503 ക്യാമ്പുകളാണ് ജില്ലയിലാകെ തുറന്നത്. 1,590.97 പേരാണ് ഈ ക്യാമ്പുകളിൽ ദിവസങ്ങളോളം കഴിഞ്ഞത്. 13,203 കുടുംബങ്ങളിലെ 41,618 പേരാണ് കോട്ടയം താലൂക്കിലെ 243 ക്യാമ്പുകളിലായി ഉണ്ടാ യിരുന്നത്. ഇതിൽ 16,414 പേർ പുരുഷന്മാരും 18,974 പേർ സ്ത്രീകളും 6230 പേർ കുട്ടികളുമായിരുന്നു. ചങ്ങനാശ്ശേരി താലൂക്കിലെ 115 ക്യാമ്പുകളിലായി 10,328 കുടുംബങ്ങളാണ് ഉണ്ടായിരുന്നത്. ഇതിൽ 14,140 പേർ പുരുഷന്മാരും 15,610 പേർ സ്ത്രീകളും 5343 പേർ കുട്ടികളുമായിരുന്നു. കാഞ്ഞിരപ്പള്ളിയിൽ 14 ക്യാമ്പുകളിലായി 494 കുടുംബങ്ങളെയാണ് താമസിപ്പിച്ചത്. ഇതിൽ 644 പേർ പുരുഷന്മാരും 638 പേർ സ്ത്രീകളും 433 പേർ കുട്ടികളുമായിരുന്നു. മീനച്ചിൽ താലൂക്കിൽ 24 ക്യാമ്പുകളിലായി 395 കുടുംബ ങ്ങളാണുണ്ടായത്. ഇതിൽ 360 പുരുഷന്മാരും 334 സ്ത്രീകളും 160 കുട്ടികളുമാണുണ്ടായിരുന്നത്. വൈക്കം താലൂക്കിൽ 106 ക്യാമ്പുകളിലായി 23,357 കുടുംബങ്ങളെ മാറ്റി പാർപ്പിച്ചു. ഇതിൽ 32,544 പേർ പുരുഷന്മാരും 39,232 പേർ സ്ത്രീകളും 8041 പേർ കുട്ടികളുമായിരുന്നു.

ക്യാമ്പുകളിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിന് 810 പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിരുന്നു. വിവിധ വകുപ്പുകൾ സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് ദുരിതാശ്വാസ ക്യാമ്പുകളുടെ പ്രവർത്തനങ്ങളിൽ പങ്കാളികളായി. അവധി ദിവസങ്ങളുൾപ്പെടെയുള്ള എല്ലാ ദിവസങ്ങളിലും സർക്കാർ ജീവനക്കാർ കർമനിരതരായിരുന്നു. ജില്ലയ്ക്കകത്തുനിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും നിരവധി സ്ഥാപനങ്ങളും സംഘടനകളും ക്യാമ്പുകളിലേക്കാവശ്യമായ സാധനങ്ങൾ കളക്ടറേറ്റിലും ക്യാമ്പുകളിലും എത്തിച്ചു നൽകി. ക്യാമ്പ് വിട്ടുപോകുന്നവർക്ക് നൽകുന്നതിന് കളക്ടറ്റിൽ ലഭിച്ച സാധനങ്ങൾ കിറ്റുകളിലാക്കുന്ന ജോലികളിൽ ജീവനക്കാർക്കു പുറമേ വിരമിച്ചവരും വിദ്യാർഥികളും സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരും സജീവ പങ്കാളിത്തം നൽകി. അലോപ്പതി – ആയുർവേദ-ഹോമിയോ വകുപ്പുകളുടെ മെഡിക്കൽ സംഘം ദുരിതാശ്വാസ ക്യാമ്പുകളിൽ ചികിത്സയും രോഗപ്രതിരോധ പ്രവർത്തനങ്ങളും നടത്തി. ക്യാമ്പിൽ കഴിയുന്നവരുടെ മാനസിക പിരിമുറുക്കത്തിന് അയവുണ്ടാക്കുന്നതിന് കലാകാരന്മാരുടെ സഹകരണത്തോടെ കലാ



പരിപാടികൾ സംഘടിപ്പിച്ചു. സാമൂഹികനീതി വകുപ്പിന്റെ കീഴിൽ പ്രർത്തിക്കുന്ന സ്കൂൾ കൗൺസിലർമാരും ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ സൈക്യാട്രിസ്റ്റുകളും സൈക്കോ ളജിസ്റ്റുകളും ക്യാമ്പുകളിലുള്ളവർക്ക് കൗൺസിലിംഗ് നൽകി.

പ്രളയബാധയിൽ 23 പേരാണ് ജില്ലയിൽ മരിച്ചത്. ഇതിൽ 20 പേരുടെ കുടുംബങ്ങൾക്ക് നാല് ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകി. മീനച്ചിൽ,ചങ്ങനാശ്ശേരി താലൂക്കുകളിലെ രണ്ടുപേർക്ക് മാരകമുറിവ് പറ്റി.

## മന്ത്രിമാരുടെ മേൽനോട്ടം

ആഗസ്റ്റ് 22 ന് ജില്ലയുടെ ചുമതലയുള്ള മന്ത്രി അഡ്വ.കെ.രാജുവിന്റെ അധ്യക്ഷതയിൽ ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗം കളക്ടറേറ്റിൽ ചേർന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു. മന്ത്രിമാരായ ഡോ.ടി.എം.തോമസ് ഐസക്, ജി.സുധാകരൻ എന്നിവരും അന്നേദിവസം ചങ്ങനാശ്ശേരി മേഖലയിലെ വിവിധ ക്യാമ്പുകളിൽ സന്ദർശനം നടത്തി. ലാൻഡ് റവന്യൂ കമ്മീഷണർ എ.ടി.ജെയിംസ് 26 ന് ജില്ലയിലെ ക്യാമ്പുകളിൽ സന്ദർശനം നടത്തി. ജില്ലയിലെ സിവിൽ സപ്ലൈസ് വകുപ്പു ദ്യോഗസ്ഥരുടെ യോഗം ഭക്ഷ്യ,സിവിൽ സപ്ലൈസ് മന്ത്രി പി.തിലോത്തമന്റെ അധ്യക്ഷതയിൽ 28ന് യോഗം ചേർന്ന് പ്രളയത്തിൽ തകരാറിലായ റേഷൻ വിതരണം പൂർവസ്ഥിതിയിലാക്കുന്നതിന് നടപടി സ്വീകരിച്ചു.



## ശുചീകരണം-രോഗപ്രതിരോധം

വെള്ളക്കെട്ട് നീങ്ങിയ പ്രദേശങ്ങളും വീടുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വമിഷൻ, വിവിധ വകുപ്പുകൾ, ഏജൻസികൾ ചേർന്ന് ശുചീകരണം നടത്തി. ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ കിണറുകളിൽ സൂപ്പർ ക്ലോറിനേഷൻ നടത്തി. ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്കുൾപ്പെടെ എലിപ്പനി പ്രതിരോധ ഗുളികയും പ്രളയം ബാധിച്ച സ്ഥലങ്ങളിൽ വിതരണം ചെയ്തു. ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിച്ച സ്കൂളുകൾ അധ്യാപകരും നാട്ടുകാരും സന്നദ്ധപ്രവർത്തകരും ചേർന്ന് ശുചീകരിച്ച് 29 ന് പഠനം പുന:രാരംഭിച്ചു.

## വീടുകളിലേക്ക് മടക്കം

ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർ ആഗസ്റ്റ് 22 മുതൽ വീടുകളിലേക്ക് മടങ്ങിപ്പോകാൻ ആരംഭിച്ചു. ക്യാമ്പൊഴിഞ്ഞു പോയ എല്ലാവർക്കും അവശ്യസാധനങ്ങളടങ്ങുന്ന കിറ്റ് ലഭ്യമാക്കി.41686 പേർക്കാണ് കിറ്റുകൾ നൽകിയിട്ടുള്ളത്. പ്രളയം ബാധിച്ച എല്ലാ കുടുംബങ്ങൾക്കും 10000 രൂപ വീതം ധനസഹായം ലഭ്യമാക്കി.

## നാശനഷ്ടക്കണക്ക്

പ്രളയത്തെ തുടർന്ന് വിവിധ മേഖലയിൽ നടത്തിയ കണക്കെടുപ്പിൽ 738.02 കോടി രൂപയുടെ നാശനഷ്ടം ജില്ലയിൽ ഉണ്ടായതായാണ് കണ്ടെത്തിയിട്ടുള്ളത്. കൃഷി 496.63, ഫിഷറീസ് 18.34, മൃഗസംരക്ഷണം 12.54, വാട്ടർ അതോറിറ്റി 11.12, വൈദ്യുതി14.29, റോഡുകളും പാലങ്ങളും 165.88, ഇറിഗേഷൻ 15.14, പൊതുകെട്ടിടങ്ങൾ (എൽ.എസ്. ജി.ഡി) 4.08 കോടി രൂപയുടെയും നാശനഷ്ടമാണുണ്ടായിട്ടുള്ളത്.

## ദുരിതാശ്വാസനിധി സമാഹരണം

പുനരധിവാസ പ്രവർത്തനങ്ങൾക്ക് തുക കണ്ടെത്തുന്നതിന് നവകേരള ലോട്ടറി വിൽപ്പനയ്ക്ക് സെപ്തംബർ മൂന്നിന് വനം- ക്ഷീര വികസന-മൃഗസംരക്ഷണ മന്ത്രി അഡ്വ.കെ.രാജു ജില്ലയിൽ തുടക്കം കുറിച്ചു. മന്ത്രിമാരായ ഡോ.ടി.എം.തോമസ് ഐസക്, അഡ്വ.കെ.രാജു എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ ധന ശേഖരണത്തിലൂടെ ജില്ലയിലെ നിയോജക മണ്ഡലങ്ങളിൽനിന്ന് താഴെപ്പറയുന്ന തുക സമാഹരിച്ചു. ഏറ്റുമാനൂർ 46,23,500, പൂഞ്ഞാർ 32,62,167, വൈക്കം 42,25,650 കടുത്തുരുത്തി 58,68,148, പാല 46,62,725, കാഞ്ഞിരപ്പള്ളി 1,84,59,180, കോട്ടയം 3,03,43,197, ചങ്ങനാശ്ശേരി 37,89,700, പുതുപ്പള്ളി 22,83,780 രൂപ, മറ്റ് ദിവസങ്ങളിൽ ഡിഡി/ചെക്ക് രൂപത്തിൽ 4,15,90,445 രൂപയും, സാലറി ചലഞ്ച് പ്രകാരമുള്ള വിവിധ ഓഫീസുകളുടെ സമ്മതപത്രവും കളക്ടറേറ്റിൽ ജില്ലാ കളക്ടർക്ക് ലഭിച്ചു. സാമ്പത്തിക- സാങ്കേതിക ഘടകങ്ങളോടൊപ്പം ജനപങ്കാളിത്തവും ഉറപ്പുവരുത്തി നാശനഷ്ടങ്ങൾ വീണ്ടെടുക്കാനുള്ള ദൃഢനിശ്ചയത്തിലാണ് കോട്ടയം ജില്ല.



# ഇടുക്കി

ഇടുക്കി ജില്ല അഭിമുഖീകരിച്ച ഏറ്റവും വലിയ പ്രകൃതിക്ഷോഭത്തിലൂടെയാണ് ആഗസ്റ്റ് മാസം കടന്നുപോയത്. ഉരുൾപൊട്ടലും മണ്ണിടിച്ചിലും പ്രളയവും നിരവധിപേർക്ക് ജീവഹാനിയും വസ്തുവകകൾക്ക് നാശവുമുണ്ടാക്കി. റോഡ് ശൃംഖലകളുടെ തകർച്ച ദിവസങ്ങളോളം ജില്ലയ്ക്ക് പുറംലോകവുമായുള്ള ബന്ധം ഇല്ലാതാക്കി. ഇടുക്കി, ചെറുതോണി, മുല്ലപ്പെരിയാർ ഡാമുകൾ തുറന്നാൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ നേരത്തെ തന്നെ ജില്ലാഭരണകൂടം പൂർത്തിയാക്കിയിരുന്നത് പേമാരിമൂലമുണ്ടായ ദുരന്തങ്ങളുടെ ആഘാതം വളരെയേറെ കുറയ്ക്കുന്നതിന് സഹായകമായി. മുല്ലപ്പെരിയാറിലെ ജലനിരപ്പ് 135.95 അടിയിൽ എത്തിയ സാഹചര്യത്തിലാണ് ഇടുക്കി അണക്കെട്ട് തുറന്ന് ട്രയൽറൺ നടത്തുന്നതിനെക്കുറിച്ച് ആലോചിക്കാൻ മുഖ്യമന്ത്രി ഉന്നതതല യോഗം നടത്തിയത്. ഇതേതുടർന്ന് മന്ത്രി എം.എം മണിയുടെയും ജനപ്രതിനിധികളുടെയും കളക്ടറുടെയും നേതൃത്വത്തിൽ ഇടുക്കിയിലും വണ്ടിപ്പെരിയാറിലും ജനങ്ങളെ പങ്കെടുപ്പിച്ച് യോഗം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ ആഗസ്റ്റ് മൂന്നിനകം പൂർത്തിയാക്കുകയും ചെയ്തു. ആഗസ്റ്റ് ഒൻപതിനുണ്ടായ കനത്ത മഴ ഇടുക്കി ജലസംഭരണിയിലെ ജലനിരപ്പ് വേഗത്തിൽ ഉയരുന്നതിന് കാരണമായി. രാവിലെ ഒൻപത് മണിയോടെ ഡാമിലെ ജലനിരപ്പ് 2398.66 അടിയിലേക്ക് എത്തി. സർക്കാരിൽ നിന്നുള്ള നിർദേശത്തെ തുടർന്ന് രാവിലെ 10.30ന് ജില്ലാകളക്ടർ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ



അടിയന്തരയോഗം വിളിക്കുകയും ഉച്ചക്ക് 12 മണിയോടെ ചെറുതോണി ഡാമിന്റെ ഷട്ടറിലൂടെ 50 ക്യുമെക്സ് ജലം ഒഴുക്കിവിടുന്നതിന് തീരുമാനിക്കുകയും ചെയ്തു. ചെറുതോണി, പെരിയാർ നദികളുടെ ഇരുകരകളിലും 100 മീറ്റർ പരിധിയിലുള്ള ജനങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേക്കും ക്യാമ്പുകളിലേക്കും മാറ്റി. ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ ദ്രുതഗതിയിലാണ് ജനങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിയത്. ഉച്ചയ്ക്ക് 12.30ന് ചെറുതോണി ഡാമിന്റെ ഒരു ഷട്ടർ തുറന്ന് 50 ക്യുമെക്സ് ജലം തുറന്നുവിട്ടു. കനത്ത മഴ തുടർന്ന സാഹചര്യത്തിൽ അപകടകരമായി ഉയർന്നുകൊണ്ടിരുന്ന ജലനിരപ്പ് കുറയ്ക്കുന്നതിന് തുറന്നുവിടുന്ന വെള്ളത്തിന്റെ അളവ് ഘട്ടംഘട്ടമായി 1500 ക്യുമെക്സ് വരെ വർദ്ധിപ്പിച്ചു.

മുല്ലപ്പെരിയാറിലെ ജലനിരപ്പ് ആഗസ്റ്റ് 14ന് 136 അടി എത്തിയപ്പോൾ തമിഴ്നാട് സർക്കാർ ഒന്നാമത്തെ മുന്നറിയിപ്പ് നൽകി. അന്നുതന്നെ വൈകിട്ട് 5.30ന് മുല്ലപ്പെരിയാറിലെ ജലനിരപ്പ് 137.4 അടിയിലെത്തി. ഇതേതുടർന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി രാത്രി ഒൻപത് മണിക്കകം പെരിയാർ തീരത്തുള്ള ജനങ്ങളെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റുന്നതിന് നിർദേശം നൽകി. വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ ജില്ലാഭരണകൂടം പെരിയാർ തീരത്തുള്ള 3785 പേരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി. ആഗസ്റ്റ് 15 പുലർച്ചെ 2.45 മണിയോടെ മുല്ലപ്പെരിയാറിൽ നിന്നും തമിഴ്നാട് സർക്കാർ 76.72 ദശലക്ഷം ക്യുബിക് അടി ജലം പുറത്തേക്ക് ഒഴുക്കി. ആഗസ്റ്റ് 15ന് രാവിലെ ഏഴ് മണിയോടെ മുല്ലപ്പെരിയാറിലെ ജലനിരപ്പ് 141 അടിയിലേക്കും 12.50ന് 142 അടിയിലേക്കും എത്തി. ആഗസ്റ്റ് 16ന് പുറത്തേക്ക് ഒഴുക്കിവിടുന്ന ജലത്തിന്റെ അളവ് 1627.95 ദശലക്ഷം ക്യുബിക് അടിയിലേക്കും 17_ന് ഇത് 2003.96 ദശലക്ഷം അടിയിലേക്കും എത്തി. ഇത് വണ്ടിപ്പെരിയാറിലും മറ്റും വെള്ളപ്പൊക്കത്തിന് ഇടയാക്കി. മുല്ലപ്പെരിയാർ മേഖലയിലെ കനത്ത മഴയ്ക്ക് ശമനമായതോടെ ആഗസ്റ്റ് 18 മുതൽ തുറന്നുവിടുന്ന വെള്ളത്തിന്റെ അളവ് ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരികയും 24ന് ജലവിതാനം 139.92 അടി എത്തിയപ്പോൾ സ്പിൽവേ അടയ്ക്കുകയും ചെയ്തു.

## ഉരുൾപൊട്ടലും മണ്ണിടിച്ചിലും

ജില്ലയിൽ മൺസൂൺ സീസണിലുണ്ടായ കനത്തമഴ വ്യാപകമായ ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും ഇടയാക്കി. മൂന്നാറിൽ ഉണ്ടായ കനത്തമഴയും പ്രളയവും മേഖലയെ തകർത്തു. കുന്നുകൾ ഇടിഞ്ഞു. ഭൂതലത്തിലെ വിള്ളൽ വ്യാപകമായി സംഭവിച്ചു. മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലും പ്രളയത്തിലുമായി ജില്ലയിൽ 59 പേരുടെ ജീവൻ നഷ്ടമായി. ഏഴുപേരെ കാണാതായി. വീടുകൾക്കും സ്ഥാപനങ്ങൾക്കും വ്യാപകമായ നാശനഷ്ടങ്ങൾ സംഭവിച്ചു.

## വീടുകൾക്കും പാതകൾക്കും നാശം

മഴക്കെടുതിയും ഉരുൾപൊട്ടലും മൂലം ജില്ലയിൽ നിരവധി വീടുകളാണ് പൂർണമായും ഭാഗികമായും നശിച്ചത്. അഞ്ച് താലൂക്കുകളിൽ 1452 വീടുകൾ പൂർണമായും 2873 വീടുകൾ ഭാഗികമായും നശിച്ചു. ഇവയിൽ ഒട്ടുമിക്കവയും വാസയോഗ്യമല്ലാതായി. വീടുകൾക്ക് 59 കോടിയുടെ നഷ്ടമുണ്ടായതായാണ് പ്രാഥമിക കണക്കെടുപ്പ്.

കാർഷിക മേഖലയിൽ 11,405.64 ഹെക്ടർഭൂമി കൃഷിയോഗ്യമല്ലാതായി. കൃഷിയും വിളനാശവും മൂലം 62.14 കോടിരൂപയുടെ നഷ്ടം കണക്കാക്കുന്നു. മൃഗസംരക്ഷണ മേഖലയിൽ ഒരു കോടിയിലധികം രൂപയുടെ നഷ്ടമുണ്ടായി.

ജില്ലയിലുണ്ടായ ഭൗമപ്രതിഭാസങ്ങളെക്കുറിച്ച് ജിയോളജിക്കൽ സർവെ ഓഫ് ഇന്ത്യയുടെയും മറ്റ് സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ പഠനം നടത്തുകയുണ്ടായി. മൂന്നാർ ഗവ. കോളേജ് കോമ്പൗണ്ടിലുണ്ടായ മണ്ണിടിച്ചിൽ കോളേജിന്റെ പ്രവർത്തനം പൂർണമായി മുടങ്ങുന്ന സാഹചര്യമുണ്ടാക്കി. മൂന്നാറിലുണ്ടായ പ്രളയം മേഖലയെ ആകെ സ്തംഭിപ്പിക്കുകയും ചെയ്തു. പെരിയവരെ പാലത്തിന്റെ അപ്രോച്ച് റോഡ് തകർന്നതും പാലത്തിന് കാര്യമായ ബലക്ഷയം ഉണ്ടായതും ഉദുമൽപേട്ടയിലേക്ക് മൂന്നാറിൽ നിന്നുള്ള ഗതാഗതത്തെ ബാധിച്ചു. താത്കാലിക പാലം നിർമിച്ചാണ് ഗതാഗതം പുന:സ്ഥാപിക്കാനായത്.

മഴ കനത്തതുമൂലം റോഡുകളും വാർത്താവിനിമയ സംവിധാനങ്ങളും തകരാറിലായി. ഇതോടെ ആഗസ്റ്റ് 15ന് വൈകിട്ട് മുതൽ മൂന്ന് ദിവസത്തേക്ക് ജില്ല പൂർണമായും ഒറ്റപ്പെട്ടു. ജില്ലാ ആസ്ഥാനത്ത് നിന്നും സമീപപ്രദേശങ്ങളിലേക്കു പോലും യാത്ര ചെയ്യാൻ കഴിയാത്തവിധം മണ്ണിടിച്ചിൽ ഉണ്ടായി ഗതാഗതം തടസ്സപ്പെട്ടു. ഇട റോഡുകളിലും മണ്ണിടിച്ചിൽ ഉണ്ടായതോടെ ജില്ല പൂർണമായും ഒറ്റപ്പെടുകയുണ്ടായി. കുളമാവ് മുതൽ ഇടുക്കിവരെയുണ്ടായ നിരവധി മണ്ണിടിച്ചിലുകൾ മൂലം തൊടുപുഴയിൽ നിന്നും ഗതാഗതം തടസ്സപ്പെട്ടു. തൊടുപുഴ-പുളിയൻമല സംസ്ഥാനപാത പലയിടങ്ങളിലും പൂർണമായി ഒലിച്ചുപോയി. ഒപ്റ്റിക്കൽ കേബിൾ ശൃംഖല മുറിഞ്ഞതോടെ വാർത്താവിനിമയം അസാധ്യമായി. പോലീസ് വയർലെസ് സംവിധാനം മാത്രമായി വാർത്താവിനിമയം ചുരുങ്ങി. ഇത് ജില്ലയിൽ 15മുതലുണ്ടായ ഉരുൾപൊട്ടൽപോലുള്ള ദുരന്തങ്ങളെക്കുറിച്ച് ജില്ലാ ആസ്ഥാനത്ത് വ്യക്തമായ വിവരങ്ങൾ അറിയുന്നതിന് വിഘാതമായി. വൈദ്യുത ലൈനുകൾക്ക് കാര്യമായ തകരാർ സംഭവിച്ചതിനാൽ വൈദ്യുതിയും റോഡ് ഗതാഗതം തടസ്സപ്പെട്ടതിനാൽ ഇന്ധനവും ജില്ലാ ആസ്ഥാനത്ത് ഉൾപ്പെടെ എത്തിക്കുന്നതിന് തടസ്സമായി. വാർത്താവിനിമയത്തിലുണ്ടായ തടസ്സങ്ങൾ ജില്ലയുടെ വിവിധ കേന്ദ്രങ്ങളിൽ നിന്നും പുറംലോകത്തു നിന്നുമുള്ള വിവരങ്ങളും ലഭ്യമാകുന്നതിന് തടസ്സമായി.

പോലീസ്, ഫയർഫോഴ്സ് എൻ.ഡി.ആർ.എഫ്, മിലിട്ടറി എൻജിനീയറിംഗ് വിഭാഗം എന്നിവയുടെ സഹായത്തോടെ റോഡുകൾ ഭാഗികമായി ഗതാഗത യോഗ്യമാക്കിയതോടെയാണ് ഒരാഴ്ചയ്ക്കുശേഷം ജില്ലയിൽ ഗതാഗതം ഭാഗികമായെങ്കിലും പുന:സ്ഥാപിക്കാനായത്. സിംഗിൾലൈൻ ട്രാഫിക്കിന് റോഡിലെ തടസ്സങ്ങൾ നീക്കിയതും ഇടുക്കി അണക്കെട്ടിന് മുകളിലൂടെ ഗതാഗതം അനുവദിച്ചതുമാണ് ജനങ്ങളുടെ ക്ലേശങ്ങൾക്ക് തെല്ലൊരാശ്വാസമായത്. സംസ്ഥാന പാതകളായ തൊടുപുഴ-പുളിയൻമല, നേര്യമംഗലം- പനംകുട്ടി, അടിമാലി- കുമളി ദേശീയപാത, നേര്യമംഗലം-അടിമാലി-മൂന്നാർ പാതകളും, മൂന്നാർ-ഉദുമൽപേട്ട റോഡും തടസ്സപ്പെടുകയുണ്ടായി.

## റോഡുകൾക്ക് വ്യാപകനഷ്ടം

ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഭൂമി പിളർന്ന് മാറിയതുംമൂലം റോഡുകൾക്ക് വ്യാപകമായ നാശനഷ്ടമുണ്ടായി. ദേശീയപാതകളിൽ 125 കി.മീറ്ററും പൊതുമരാമത്ത് റോഡുകളിൽ 1274.032 കി.മീറ്ററും 883 കി.മീ ഗ്രാമീണറോഡുകളും ഏതാണ്ട് പൂർണമായി തകർന്നു. എട്ടുപാലങ്ങൾക്കും നാശനഷ്ടങ്ങൾ സംഭവിച്ചു. ഒറ്റവരി ഗതാഗത സൗകര്യമൊരുക്കിയാണ് ഗതാഗതം പുന:സ്ഥാപിക്കാനായത്. കെ.എസ്. ടി.പിയുടെ 17 കി.മീ റോഡുകൾക്കും



നാശനഷ്ടമുണ്ടായി. ദേശീയപാത അതോറിറ്റിക്ക് 166.80 കോടിയുടെയും പൊതുമരാമത്തിന് 1592.65 കോടിയുടെയും എട്ട് പാലങ്ങൾക്ക് 26.50 കോടിയുടെയും നഷ്ടമാണുണ്ടായത്. കെ.എസ്.ടി.പി റോഡുകൾക്ക് 50 കോടിയുടെയും 52 പഞ്ചായത്തുകളിലെ 883 കി.മീ ഗ്രാമീണ റോഡുകൾക്ക് 204.13 കോടി രൂപയുടെയും പി.എം.ജി.വൈ റോഡുകൾക്ക് 32.71 കോടിയുടെയും നഷ്ടമുണ്ടായതായി പ്രാഥമികമായി കണക്കാക്കിയിട്ടുണ്ട്.

## വൈദ്യുതിമേഖലയ്ക്കും കനത്ത നഷ്ടം

കനത്തമഴയും പ്രളയവും പന്നിയാർ പവർഹൗസിനും വെള്ളത്തൂവൽ ചെറുകിട ജലവൈദ്യുതി പദ്ധതിക്കും വലിയ നഷ്ടമുണ്ടാക്കി. മാട്ടുപ്പെട്ടി, ലോവർപെരിയാർ ജലവൈദ്യുതി പദ്ധതികൾക്കും പ്രളയം നാശനഷ്ടമുണ്ടാക്കി. പന്നിയാർ പവർഹൗസിൽ അഞ്ച് കോടിയുടെയും വെള്ളത്തൂവൽ പദ്ധതിക്ക് മൂന്ന് കോടിയുടെയും മാട്ടുപ്പെട്ടി പവർഹൗസിന് 2.50 കോടിയുടെയും ലോവർപെരിയാർ പവർഹൗസിന് 55 ലക്ഷം രൂപയുടെയും നഷ്ടമുണ്ടായി. ജനറേഷൻ വിഭാഗത്തിന് 11.05 കോടിയുടെയും ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിന് 5.51 കോടിയുടെയും നഷ്ടമുണ്ടായി. ഡാം സേഫ്ടി വിഭാഗത്തിന് 1.022 കോടിയുടെയും ട്രാൻസ്മിഷൻ വിഭാഗത്തിന് 1.52 കോടി രൂപയുടെയും നഷ്ടമാണുണ്ടായത്. ആകെ 19.10 കോടി രൂപയുടെ നഷ്ടം വൈദ്യുതി മേഖലയിൽ ഉണ്ടായതായാണ് പ്രാഥമിക കണക്കെടുപ്പ് സൂചിപ്പിക്കുന്നത്.



വാർത്താവിനിമയ സംവിധാനങ്ങൾ തകർന്നതുമൂലം ബി.എസ്.എൻ.എല്ലിന് 53.15 കോടി രൂപയുടെയും കുടിവെള്ള വിതരണ സംവിധാനത്തിലുണ്ടായ നഷ്ടംമൂലം 14.81 കോടിയുടെയും മൈനർ ഇറിഗേഷൻ വിഭാഗത്തിന് 64.22 കോടി രൂപയുടെയും നഷ്ടമുണ്ടായി. വിദ്യാഭ്യാസ മേഖലയ്ക്ക് 4.49 കോടി രൂപയുടെയും അംഗൻവാടികൾക്ക് 2.44 കോടി രൂപയുടെയും സർക്കാർ കെട്ടിടങ്ങൾക്ക് 18.45 കോടി രൂപയുടെയും നഷ്ടം കണക്കാക്കുന്നു. വ്യവസായ മേഖലയിൽ 20 കോടിരൂപയുടെയും വിനോദസഞ്ചാരരംഗത്ത് 62.40 കോടി രൂപയുടെയും നഷ്ടമാണ് പ്രാഥമിക കണക്ക്. ജില്ലയിലെ വാണിജ്യസ്ഥാപനങ്ങൾ നശിച്ചതുമൂലം 18 കോടി രൂപയുടെ നഷ്ടവും കണക്കാക്കിയിട്ടുണ്ട്. ആകെ 2651.08 കോടിയുടെ നഷ്ടം മഴക്കെടുതിയിൽ സംഭവിച്ചതായാണ് പ്രാഥമിക കണക്ക്.

ജില്ലയിൽ ആഗസ്റ്റ് എട്ട് മുതൽ 15 വരെ 19 സ്ഥലങ്ങളിലുണ്ടായ ഉരുൾപൊട്ടലുകളിൽ മാത്രം 46 പേർക്കാണ് ജീവഹാനി സംഭവിച്ചത്. ഈ മൺസൂൺകാലത്ത് ജില്ലയിൽ ഉണ്ടായ ദുരന്തങ്ങളിൽ ആകെ മരിച്ചവർ 59 പേരാണ്. ആവശ്യമായ മുൻകരുതലുകളെടുത്ത് അപകട സാധ്യതയുള്ളയിടങ്ങളിൽ നിന്നും ജനങ്ങളെ മാറ്റിപ്പാർപ്പിച്ചതിനാലാണ് വലിയ ദുരന്തങ്ങൾ ഒഴിവാക്കാനായത്. വാർത്താ വിനിമയ സംവിധാനങ്ങളുടെ തകരാർമൂലം ഈ വിവരങ്ങൾ ജില്ലയ്ക്ക് പുറത്തുള്ളവരുടെ ശ്രദ്ധയിൽ എത്താൻ വൈകി. അടിമാലി, കുമ്പൻപാറ,കുഞ്ചിത്തണ്ണി, എല്ലക്കൽ, ദേവികുളം, നല്ലതണ്ണി എസ്റ്റേറ്റ്(മൂന്നാർ), കഞ്ഞിക്കുഴി പെരിയാർവാലി, വാത്തിക്കുടി രാജപുരം, കൊന്നത്തടി കുരിശുകുത്തി, പണിക്കൻകുടി, മൂട്ടം കാക്കൊമ്പ്, ഇടുക്കി ഗാന്ധിനഗർ, കൊച്ചുകാമാക്ഷി, കീരിത്തോട്, പനംകുട്ടി, മണിയാൻകുടി, പെരുംകാല, സേനാപതി, കരിമ്പൻ മണിപ്പാറ, ഉപ്പുതോട്, കൽക്കൂന്തൽ പത്തുവളവ് എന്നിവിടങ്ങളിലാണ് വലിയ ഉരുൾപൊട്ടലുകളുണ്ടായി മരണങ്ങൾ സംഭവിച്ചത്.

## പരാതികളില്ലാത്ത ഏകോപിത പ്രവർത്തനം

ജില്ലാഭരണകൂടത്തിന്റെ പൂർണ നിയന്ത്രണത്തിലും ജനപ്രതിനിധികളുടെയും റവന്യൂ ഉദ്യോഗസ്ഥരുടെയും മേൽനോട്ടത്തിലും ജില്ലയിൽ നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ പരാതികൾക്ക് ഇടനൽകാത്തവിധം പ്രശംസനീയമായി. ജില്ലാകളക്ടർ ജീവൻ ബാബുവിന്റെ നേതൃത്വത്തിൽ റവന്യൂ ജിവനക്കാരുടെയും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ഒത്തൊരുമയോടെയുള്ള പ്രവർത്തനങ്ങളാണ് ദുരിതാശ്വാസ സാമഗ്രികളും ഭക്ഷ്യവസ്തുക്കളും ദുരിതാശ്വാസ കേന്ദ്രങ്ങളിലും അർഹരായ



മറ്റുള്ളവരിലേക്കും ആവശ്യാനുസരണം എത്തിക്കുന്നതിനു സഹായിച്ചത്.

പ്രധാന റോഡുകൾ തകർന്നതുമൂലം ഗതാഗതം ഏതാണ്ട് പൂർണമായി സ്തംഭിച്ച ജില്ലയിലേക്ക് കുമളി , കമ്പംമെട്ട് എന്നിവിടങ്ങളിലൂടെയാണ് വിവിധ സംസ്ഥാനങ്ങളിൽ നിന്നും ടൺ കണക്കിന് ഭക്ഷ്യവസ്തുക്കളും ദുരിതാശ്വാസ സാമഗ്രികളും എത്തിച്ചേർന്നത്. കട്ടപ്പനയിൽ ജോയ്സ് ജോർജ് എം.പിയുടെ നേതൃത്വത്തിൽ ആരംഭിച്ച ബേസ് ക്യാമ്പാണ് പ്രധാന കളക്ഷൻ കേന്ദ്രമായി പ്രവർത്തിച്ചത്. ജില്ലയിലൊട്ടാകെ ഏഴ് കളക്ഷൻ സെന്ററുകൾ കേന്ദ്രീകരിച്ചാണ് ദുരിതാശ്വാസ സാമഗ്രികൾ വിതരണം ചെയ്തത്. എം.എൽ.എമാരുടെ മേൽനോട്ടത്തിൽ നിയോജകമണ്ഡലങ്ങളിൽ പ്രവർത്തനങ്ങൾ നടന്നു. ജില്ലയിലെ അഞ്ച് താലൂക്കുകളിൽ 211 ദുരിതാശ്വാസ ക്യാമ്പുകളിലായി 33,385 ഓളം പേരാണ് ഏറ്റവുമധികം ദുരന്തങ്ങൾ പെയ്തിറങ്ങിയ ആഗസ്റ്റ് 15 മുതൽ 19വരെ ഉണ്ടായിരുന്നത്. എല്ലാ ക്യാമ്പുകളിലും ജില്ലാകളക്ടറും മുതിർന്ന റവന്യൂ ഉദ്യോഗസ്ഥരും നേരിട്ടെത്തി സ്ഥിതിഗതികൾ വിലയിരുത്തി പ്രവർത്തനങ്ങൾ അവലോകനം ചെയ്തു.



## രക്ഷകരായി സേനകൾ

ദുരന്തങ്ങളിൽ വിറങ്ങലിച്ചു നിന്ന അവസരങ്ങളിൽ വിവിധ സേനാവിഭാഗങ്ങളിലെ അംഗങ്ങൾ വിശ്രമമില്ലാതെ അഹോരാത്രം പ്രവർത്തിച്ചുകൊണ്ടാണ് ജില്ലയെ ദുരിതക്കയത്തിൽ നിന്നും രക്ഷിച്ചെടുത്തത്. ദുരന്തമുഖങ്ങളിലും സേവനം ആവശ്യപ്പെടുന്ന ഇടങ്ങളിലും ഗതാഗത തടസ്സങ്ങൾ മറി കടന്നുകൊണ്ടാണ് സേനാവിഭാഗങ്ങൾ കർമോത്സുകരായത്. മുല്ലപ്പെരിയാർ തുറക്കുന്നതുമായി ബന്ധപ്പെട്ട് പെരിയാർ തീരത്തുള്ളവരെ സുരക്ഷിതമായി മാറ്റുന്നതിന് 400ലധികം പോലീസ് ഉദ്യോഗസ്ഥർ പ്രവർത്തനസജ്ജരായി. ആഗസ്റ്റ് 15ന് തൊടുപുഴ-പുളിയൻമല സംസ്ഥാന ഹൈവേ തകർന്ന് ചെറുതോണിക്കും മൂലമറ്റത്തിനും ഇടയിൽ അകപ്പെട്ട 200 യാത്രക്കാരെ മണ്ണിടിഞ്ഞും ഉരുൾപൊട്ടിയും തകർന്ന് ഒറ്റപ്പെട്ടുപോയ റോഡിൽ നിന്നാണ് കളക്ടറേറ്റിനു സമീപമുള്ള സായുധസേനാ ക്യാമ്പിൽ എത്തിച്ചത്. തികച്ചും ഒറ്റപ്പെട്ടുപോയ നേര്യമംഗലം- ഇടുക്കി റോഡിൽ കുടുങ്ങിപ്പോയ ആറ് വിദേശികൾ ഉൾപ്പെടെയുള്ള 16 യാത്രക്കാരെ സുരക്ഷിതമായി എത്തിക്കാൻ കഴിഞ്ഞത് ശ്രദ്ധേയമാണ്.

സൈന്യത്തിന്റെ എൻജിനീയറിംഗ് വിഭാഗത്തിലെ 76 പേരാണ് സേവനരംഗത്തുണ്ടായിരുന്നത്. കോസ്റ്റ്ഗാർഡിന്റെ 18 പേരും, എൻ.ഡി. ആർ.എഫിന്റെ 90 അംഗങ്ങളും പോലീസ് സേനയ്ക്കും അഗ്നിരക്ഷാസേനയ്ക്കും പുറമെ സേവന രംഗത്തുണ്ടായിരുന്നു. മണ്ണിടിച്ചിലിൽ ഒറ്റപ്പെട്ട മൂന്നാറിലെ റിസോർട്ടിൽ അകപ്പെട്ടുപോയ 67 സഞ്ചാരികളെ സാഹസികമായി രക്ഷപ്പെടുത്തുന്നതിൽ ആർമി എൻജിനീയറിംഗ് വിഭാഗവും ഫയർ ആന്റ് റെസ്ക്യൂ ടീമും സ്തുത്യർഹമായ സേവനമാണ് കാഴ്ചവച്ചത്. വിവിധ സ്ഥലങ്ങളിൽ ഉരുൾപൊട്ടലിൽ ഒഴുകിയെത്തിയ പാറകളും മണ്ണും നീക്കം ചെയ്ത് ഗതാഗത സൗകര്യം ഉറപ്പാക്കുന്നതിലും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തി. 76 എൻ.ഡി.ആർ.എഫ് അംഗങ്ങൾ രണ്ട് ടീമായാണ് ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ മുഴുകിയത്. 53 അംഗങ്ങൾ ഉള്ള ഒരു ടീം ഇടുക്കി താലൂക്ക് കേന്ദ്രീകരിച്ചും 24 അംഗങ്ങൾ ഉള്ള മറ്റൊരു ടീം കുളമാവ് കേന്ദ്രീകരിച്ചും തൊടുപുഴ-പുളിയൻമല റോഡിലെ തടസ്സങ്ങൾ മാറ്റുന്നതിലും വ്യാപൃതരായി.

മുല്ലപ്പെരിയാറിലെ വെള്ളം ഒഴുകിയെത്തി പ്രളയത്തിലായ പെരിയാർ, മഞ്ചുമല, കെ ചപ്പാത്ത്, ചന്ദ്രവനം, കീരിക്കര, മ്ലാമല എന്നിവിടങ്ങളിൽ കോസ്റ്റ് ഗാർഡിന്റെ സേവനം ഒറ്റപ്പെട്ടുപോയ ജനങ്ങളെ സുരക്ഷിതസ്ഥാനങ്ങളിൽ എത്തിക്കുന്നതിന് വളരെയേറെ സഹായകമായി. 200ലധികം ആളുകളുടെ ജീവൻ രക്ഷിക്കുന്നതിൽ കോസ്റ്റ്ഗാർഡിന്റെ പ്രവർത്തനം നിർണായകമായിരുന്നു. അഗ്നിരക്ഷാസേനയുടെ പ്രവർത്തനം എടുത്തുപറയേണ്ടതാണ്. ജില്ലയിലെ സേനാംഗങ്ങൾക്കു പുറമെ കോതമംഗലം, മൂവാറ്റുപുഴ, ഈരാറ്റുപേട്ട, കാഞ്ഞിരപ്പള്ളി, പിറവം എന്നിവിടങ്ങളിൽ നിന്നും ഫയർ ആന്റ് റസ്ക്യൂ ഉദ്യോഗസ്ഥർ 24 മണിക്കൂറും സേവനരംഗത്തുണ്ടായിരുന്നു. പള്ളിവാസലിലെ സ്വകാര്യ റിസോർട്ടിൽ നിന്നും സഞ്ചാരികളെ രക്ഷിക്കുന്നതിലും വിവിധ ഇടങ്ങളിലുണ്ടായ ഉരുൾപൊട്ടലിൽ അകപ്പെട്ടുപോയവരെ രക്ഷിക്കുന്നതിലും പഴയ മൂന്നാറിലെ പ്രളയത്തിൽ അകപ്പെട്ടുപോയവരെ രക്ഷിക്കുന്നതിലും ചെറുതോണി, വെള്ളത്തൂവൽ, മൂന്നാർ, സൈലന്റ്‌വാലി, കീരിത്തോട്, രാജപുരം, അടിമാലി, നെടുങ്കണ്ടം എന്നിവിടങ്ങളിലെ രക്ഷാപ്രവർത്തനങ്ങളിലും അഗ്നിരക്ഷാസേന മുൻനിരയിലുണ്ടായിരുന്നു.

സർക്കാർ പ്രഖ്യാപിച്ച 10,000 രൂപയുടെ അടിയന്തരസഹായം ജില്ലയിൽ അർഹരായ 4239 പേർക്ക് നൽകി. ദുരന്തങ്ങളിൽ മരിച്ച 59 പേരിൽ 49 പേരുടെ ആശ്രിതർക്ക് നാല് ലക്ഷം രൂപയുടെ ധനസഹായം ഇതിനകം നൽകിക്കഴിഞ്ഞു. ബാക്കിയുള്ള പത്തുപേരുടെ ആശ്രിതർക്ക് നിയമാനുസൃത രേഖകൾ ലഭ്യമാക്കുന്നത് പ്രകാരം നൽകുന്നതാണ്.



# എറണാകുളം




കേരളത്തിന്റെ വാണിജ്യ തലസ്ഥാനമായ എറണാകുളം ജില്ലയുടെ വിസ്തീർണം 2407 ചതുരശ്ര കിലോമീറ്ററാണ്. ഒരു കോർപ്പറേഷനും 13 മുനിസിപ്പാലിറ്റികളും 84 ഗ്രാമപഞ്ചായത്തുകളും 14 ബ്ലോക്ക് പഞ്ചായത്തുകളുമുള്ള ജില്ലയുടെ ജനസംഖ്യ 32,82,388 ആണ്.

പടിഞ്ഞാറ് അറബിക്കടൽ, വടക്ക് തൃശൂർ ജില്ല, കിഴക്ക് ഇടുക്കി ജില്ല, തെക്ക് കോട്ടയം, ആലപ്പുഴ ജില്ലകൾ എന്നിവയാണ് എറണാകുളത്തിന്റെ അതിർത്തികൾ. ജില്ലയുടെ പടിഞ്ഞാറൻ പ്രദേശങ്ങൾ തീരഭൂമിയും കിഴക്ക് മലമ്പ്രദേശവുമാണ്. തീരദേശ ദൈർഘ്യം 46 കിലോമീറ്ററാണ്.

## നദികൾ

പെരിയാറും മൂവാറ്റുപുഴയാറുമാണ് ജില്ലയിലൂടെ കടന്നുപോകുന്ന നദികൾ. മൂവാറ്റുപുഴ ഒഴികെയുള്ള എല്ലാ താലൂക്കുകളിലൂടെയും പെരിയാർ ഒഴുകുന്നുണ്ട്. വേമ്പനാട്, വരാപ്പുഴ, കൊടുങ്ങല്ലൂർ കായലും ഇടമലയാർ, ഭൂതത്താൻകെട്ട് എന്നീ ജലസംഭരണികളും ജില്ലയിലുണ്ട്. മനുഷ്യനിർമിതവും അല്ലാത്തതുമായ നിരവധി ചെറുദ്വീപുകളും എറണാകുളം ജില്ലയുടെ പ്രത്യേകതയാണ്.

## പ്രളയം: ജാഗ്രതാപ്രവർത്തനം

ശക്തമായ പേമാരിയും പ്രളയവും ജില്ലയിൽ നാശം വിതയ്ക്കാനെത്തിയപ്പോൾ കളക്ടറുടെ നേതൃത്വത്തിൽ ഒറ്റക്കെട്ടോടെ നേരിട്ടാണ് എറണാകുളം ജില്ലാ ഭരണകൂടം അതിനെ അതിജീവിച്ചത്.

ഇടുക്കിയിൽ വിവിധ ഡാമുകൾ ട്രയൽ റണ്ണിനായി തുറന്നതു മുതൽ ജില്ലയിൽ സുരക്ഷാ നടപടികൾ ആരംഭിച്ചു തുടങ്ങിയിരുന്നു. പെരിയാർ ഒഴുകിയെത്തുന്ന സ്ഥലമെന്ന നിലയിൽ ആലുവയിൽ ആയിരുന്നു രക്ഷാപ്രവർത്തനം ആദ്യം കേന്ദ്രീകരിച്ചത്. ആലുവ ഗസ്റ്റ് ഹൗസ് പ്രധാന ചർച്ചകൾക്ക് വേദിയായപ്പോൾ മിനി സിവിൽ സ്റ്റേഷനിൽ കൺട്രോൾ റൂം പ്രവർത്തിച്ചു. പ്രളയം തുടങ്ങുന്നതിന് ആഴ്ചകൾക്കു മുമ്പ് പാലസിൽ രക്ഷാപ്രവർത്തകരുടെ സംഘത്തെ തയാറാക്കിയിരുന്നു. മഴ കനത്തതോടെ കൺട്രോൾ റൂം ആഗസ്റ്റ് 16 ന് രാവിലെ ഇടപ്പള്ളി പത്തടിപ്പാലത്തേക്കു മാറ്റുകയും വിവിധ വകുപ്പുകൾ ഇവിടെ ഏകോപനത്തോടെ പ്രവർത്തിക്കുകയും ചെയ്തു.

## മഴക്കെടുതി

പെരിയാറിന്റെ തീരമായിരുന്നതിനാൽ പ്രളയം ആദ്യം വിഴുങ്ങിയത് ആലുവയെ ആയിരുന്നു. ആലുവയുടെ തീരത്തുള്ള മിക്ക വീടുകളും വെള്ളത്തിൽ ആവുകയും ആലുവ ക്ഷേത്രം ഉൾപ്പെടെ മുങ്ങുകയും ചെയ്തു.

പ്രതീക്ഷ തെറ്റിച്ച് പുഴയുടെ അതിർത്തികൾ തകർത്തെറിഞ്ഞ് വെള്ളം മറ്റു ഭാഗങ്ങളിലേക്ക് കയറി തുടങ്ങിയത് ആഗസ്റ്റ് 15 വൈകിട്ടോടെയാണ്. 16 രാവിലെയോടെ പലഭാഗങ്ങളിലേക്കും വെള്ളംകയറി. ആലുവയ്ക്ക് അപ്പുറം പറവൂർ, കടുങ്ങല്ലൂർ, കരുമാല്ലൂർ, ആലങ്ങാട്, വരാപ്പുഴ, ചേന്ദമംഗലം, കുന്നുകര, അങ്കമാലി എന്നീ പ്രദേശങ്ങൾ വെള്ളത്തിലായി.

ചേരാനെല്ലൂർ, കടമക്കുടി, ആലങ്ങാട്, ചേന്ദമംഗലം, ചിറ്റാറ്റുകര, കടുങ്ങല്ലൂർ, കരുമാല്ലൂർ, കോട്ടുവള്ളി, വടക്കേക്കര, വരാപ്പുഴ, ചെങ്ങമനാട്, കാലടി, കുന്നുകര, മലയാറ്റൂർ നീലീശ്വരം, കാഞ്ഞൂർ, നെടുമ്പാശ്ശേരി, പാറക്കടവ്, പുത്തൻവേലിക്കര,

ശ്രീമൂലനഗരം, കുട്ടമ്പുഴ, കൂവപ്പടി, കവളങ്ങാട്, മുടക്കുഴ, ഒക്കൽ, വേങ്ങൂർ, ചൂർണ്ണിക്കര, കീഴ്മാട്, പൂതൃക്ക, വാളകം, ആരക്കുഴ, ആവോലി, പായിപ്ര, രാമമംഗലം എന്നീ 23 ഗ്രാമപഞ്ചായത്തുകളെയാണ് പ്രളയക്കെടുതി വളരെ ദോഷകരമായി ബാധിച്ചത്. എട്ട് ഗ്രാമപഞ്ചായത്ത് ഓഫീസുകൾ പൂർണമായും വെള്ളംകയറി ഫയലുകളും ഇലക്ട്രോണിക് ഉപകരണങ്ങളും നശിച്ചു.

പ്രളയക്കെടുതിയിൽ ജില്ലയിൽ 29 പേരുടെ ജീവനുകളാണ് പൊലിഞ്ഞത്. 1,75,688 കുടുംബങ്ങളെ പ്രളയം ഗുരുതരമായി ബാധിച്ചു. 2923 വീടുകൾ പൂർണമായും 86,352 വീടുകൾ ഭാഗികമായും വാസയോഗ്യമല്ലാതായി. 6481 ഹെക്ടർ പ്രദേശത്താണ് കൃഷിനാശമുണ്ടായത്.

## രക്ഷാപ്രവർത്തനം

കളക്ടറുടെ നേതൃത്വത്തിൽ പോലീസ്, റവന്യൂ, ആരോഗ്യം, സുരക്ഷാ സേനകൾ, മോട്ടോർ വാഹന വകുപ്പ്, ഇൻഫർമേഷൻ ഓഫീസ് എന്നിങ്ങനെ വിവിധ വകുപ്പുകൾ ഒരു കുടക്കീഴിൽ രക്ഷാപ്രവർത്തനത്തിനായി അണിനിരന്നു. കൺട്രോൾ നമ്പറുകളിലും പേഴ്സണൽ നമ്പറുകളിലും ജീവനുവേണ്ടി നിരവധി ആളുകളുടെ അഭ്യർഥനകൾ എത്തി. ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ നേതൃത്വത്തിൽ കളക്ടർ ഫെയ്സ്ബുക്ക് പേജും സജീവമായി. നിരവധി മെസേജുകളാണ് വന്നുകൊണ്ടിരുന്നത്. ലഭ്യമായ വിവരങ്ങൾ അപ്പോൾതന്നെ ഗൂഗിൾ ഷീറ്റിൽ എൻറർ ചെയ്യുകയും വിവിധ വകുപ്പുകൾക്കും രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്ന ഡെസ്കിനും ലഭ്യമാകത്തക്ക വിധത്തിൽ ക്രമീകരിക്കുകയും ചെയ്തു.

നേവിയുടെയും ആർമിയുടെയും സഹകരണത്തോടെ ഹെലികോപ്റ്റർ സംവിധാനവും ഫിഷറീസ് സഹകരണത്തോടെ മത്സ്യത്തൊഴിലാളികളുടെ ബോട്ടുകളും രക്ഷാപ്രവർത്തനത്തിനായി സജീവമായി.

അഞ്ച് ഹെലിക്കോപ്റ്ററുകൾ ജില്ലയിൽ രക്ഷാപ്രവർത്തനത്തിന് ഉണ്ടായിരുന്നു. മൂന്നെണ്ണം എയർഫോഴ്സിന്റെയും രണ്ടെണ്ണം നേവിയുടെയും ആയിരുന്നു. രക്ഷാപ്രവർത്തനത്തിന് കളത്തിലിറങ്ങാൻ ഇന്ത്യൻ ആർമിയും എത്തി.

ലഭ്യമാകുന്ന എല്ലാവിധ ആധുനിക സൗകര്യങ്ങളും ജില്ലാഭരണകൂടം കൺട്രോൾ റൂമിൽ ലഭ്യമാക്കിയിരുന്നു. കൺട്രോൾ റൂമിൽ നിന്നുള്ള വാർത്തകൾ മാധ്യമങ്ങൾക്കും പൊതുജനങ്ങൾക്കും നൽകുന്നതിന്റെ കേന്ദ്രമായി കൺട്രോൾ റൂമിലെ പിആർഡി ഡെസ്കും പ്രവർത്തിച്ചു. ആഗസ്റ്റ് 19 ആയപ്പോഴേക്കും രക്ഷാപ്രവർത്തനം ഏകദേശം പൂർത്തിയായി.

## മന്ത്രിമാരുടെ മേൽനോട്ടം

24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ



റൂമിൽ ജനപ്രതിനിധികൾ മാറിമാറി സന്ദർശിച്ച് കാര്യങ്ങൾ വിലയിരുത്തിക്കൊണ്ടിരുന്നു. വിദ്യാഭ്യാസ മന്ത്രി സി. രവീന്ദ്രനാഥ് പത്തടിപ്പാലം ഗസ്റ്റ്ഹൗസ് സന്ദർശിക്കുകയും പ്രവർത്തനങ്ങളും സുരക്ഷാക്രമീകരണങ്ങളും വിലയിരുത്തുകയും ചെയ്തു. ധനമന്ത്രി ഡോ.ടി.എ.തോമസ് ഐസക്കും കൺട്രോൾറൂം സന്ദർശിച്ചു കാര്യങ്ങൾ വിലയിരുത്തി. ജില്ലയിലെ എംഎൽഎമാർ ഉൾപ്പടെ പ്രമുഖ രാഷ്ട്രീയ നേതാക്കളും കാര്യങ്ങൾ വിലയിരുത്തുന്നതിന് എത്തിയിരുന്നു.

## വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ

ദുരന്തനിവാരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനൊപ്പം തന്നെ സജീവമായ ഒരു വകുപ്പാണ് റവന്യൂ വകുപ്പ്. രക്ഷാപ്രവർത്തനങ്ങൾ, ക്യാമ്പുകളിൽ താമസിക്കുന്നവർക്ക് ഉള്ള ഭക്ഷണം, എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾ നടന്നത് റവന്യു വകുപ്പിന്റെ നേതൃത്വത്തിലാണ്.

20 ബസുകൾ, 196 ആംബുലൻസുകൾ, 156 കുടിവെള്ള ടാങ്കറുകൾ, 37 എക്സ്കവേറ്ററുകൾ, ഒൻപത് ക്രെയിനുകൾ, 96 മോട്ടോർ ക്യാബുകൾ, 68 കെഎസ്ആർടിസി ബസുകൾ, 386 ട്രെയിലറുകൾ, 260 സ്കൂൾ വാഹനങ്ങൾ, 158 കോൺട്രാക്റ്റ് ക്യാരേജ്, നാല് റിക്കവറി വാനുകൾ, 740 മറ്റ് സ്വകാര്യ വാഹനങ്ങൾ, 1320 മറ്റ് ഗുഡ്സ് വാഹനങ്ങൾ എന്നിവയാണ് മോട്ടോർ വാഹന വകുപ്പ് ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി ഏർപ്പാടാക്കിയത്.

ജില്ലയിൽ ദുരന്തനിവാരണത്തിനായി



കൺട്രോൾറൂം ആരംഭിച്ചതു മുതൽ കെഎസ്ഇബി പ്രവർത്തനങ്ങൾ സജീവമായിരുന്നു. പ്രളയം കെട്ടടങ്ങിത്തുടങ്ങിയ ആദ്യ ദിവസങ്ങളിൽ തന്നെ വൈദ്യുതി ബന്ധം തടസ്സപ്പെട്ട ഏകദേശം നാലു ലക്ഷം ഉപഭോക്താക്കൾക്കും വൈദ്യുതി എത്തിച്ചു.

ജില്ലയിലെ ഗതാഗതനിയന്ത്രണം രക്ഷാപ്രവർത്തനങ്ങൾ തുടങ്ങിയ കാര്യങ്ങൾ കൃത്യമായി നടന്നത് പോലീസ് വിഭാഗത്തിന്റെ സഹായത്തോടെയാണ്. മരണ റിപ്പോർട്ടുകളും റസ്ക്യൂ സംബന്ധമായ കാര്യങ്ങളും പോലീസിന്റെ സഹായത്തോടെയാണ് നടന്നത്.

ആരോഗ്യം, മൃഗ സംരക്ഷണം, പഞ്ചായത്ത് വകുപ്പ് എന്നിങ്ങനെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളും പ്രളയാനന്തരം ലഭ്യമായി.

## സന്നദ്ധസംഘടനകളുടെ പ്രവർത്തനങ്ങൾ

പ്രമുഖ സിനിമാ താരങ്ങൾ, സർവീസ് സംഘടനകൾ, രാഷ്ട്രീയ പ്രവർത്തകർ, പൊതു ധനകാര്യ സ്ഥാപനങ്ങൾ, വിവിധ സന്നദ്ധസംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ, വിദ്യാലയങ്ങൾ, കോളേജുകൾ തുടങ്ങിയവ രക്ഷാദുരിതാശ്വാസ പ്രവർത്തനങ്ങളിൽ മുഖ്യ പങ്കു വഹിച്ചു. ദുരന്തനിവാരണത്തിൽ മികച്ച സേവനങ്ങളുമായി ഹാം റേഡിയോ സംവിധാനവും കൺട്രോൾ റൂമിൽ സദാ സജ്ജമായിരുന്നു. ഹാം റേഡിയോ വയർലെസ് വഴി എണ്ണായിരത്തിലധികം രക്ഷാപ്രവർത്തനത്തിനുള്ള അപേക്ഷകളാണ് കൺട്രോൾ റൂമിൽ എത്തിയത്.

ദുരന്തനിവാരണ സമയത്ത് ജില്ലയ്ക്ക് മറക്കാൻ കഴിയാത്ത മറ്റൊന്നാണ് ക്ലൗഡ് ടെലിഫോൺ സംവിധാനം. ഒരേ സമയം ഒന്നിലധികം വ്യക്തികളുമായി സംസാരിക്കാൻ കഴിയും എന്നതാണ് ഇതിന്റെ പ്രത്യേകത. 18 കോളുകളാണ് ക്ലൗഡ് ടെലിഫോൺ സംവിധാനം വഴി ഒരേസമയം ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി തയാറായിരുന്നത്.

## ദുരിതാശ്വാസക്യാമ്പുകൾ

രക്ഷപ്പെടുത്തുന്നവരെ സുരക്ഷിതമായ ഒരു താവളത്തിൽ എത്തിക്കുന്നതിനായി ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിരവധി ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. ഔദ്യോഗിക കണക്കനുസരിച്ച് 970 ക്യാമ്പുകളിലായി 4.5 ലക്ഷത്തിലധികം പേരാണ് ക്യാമ്പുകളിലുണ്ടായിരുന്നത്. സന്നദ്ധസംഘടനകളും വ്യക്തികളും നടത്തിയ ക്യാമ്പുകൾ വേറെയുമുണ്ടായിരുന്നു. ഒപ്പം വെള്ളപ്പൊക്കത്തിൽ ഒറ്റപ്പെട്ടവർക്ക് കൊച്ചി നഗരത്തിലെ സുരക്ഷിത ഭാഗങ്ങളിൽ എത്താൻ മെട്രോയുടെ സൗജന്യ സർവീസും ആരംഭിച്ചു

## ശുചീകരണം

പ്രളയാനന്തരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്നും പ്രളയത്തിന്റെ കാഠിന്യം വ്യക്തമാക്കുന്ന രീതിയിൽ പഞ്ചായത്തുകളെ വ്യത്യസ്ത നിറങ്ങളിൽ കളർ കോഡിംഗ് നടത്തി ചാർട്ട് തയാറാക്കി. 22 പഞ്ചായത്തുകളാണ് ജില്ലയിൽ റെഡ്സോണായി പ്രഖ്യാപിച്ചത്.

ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ മേൽനോട്ടത്തിൽ സന്നദ്ധപ്രവർത്തകർ, തൊഴിലുറപ്പ് - കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കർമാർ എന്നിവരുടെ പങ്കാളിത്തത്തോടെ 15 ദിവസം കൊണ്ട് 100 ശതമാനം വീടുകളുടെയും ശുചീകരണ പ്രവർത്തനം നടത്തി. പ്രളയത്തെതുടർന്ന് ചെളി അടിഞ്ഞു കൂടി ഉപയോഗ ശൂന്യമായ 1,74,955 വീടുകളിൽ 1,74,129 വീടുകളും ഉപയോഗ ശൂന്യമായ 73,108 കിണറുകളിൽ 64,412 കിണറുകളും ശുചീകരിച്ചു. 12,200 ടൺ ജൈവമാലിന്യവും 5,530 ടൺ അജൈവ മാലിന്യവും നീക്കം ചെയ്തു. ജില്ലയിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി കേരളത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തിച്ചേർന്ന എണ്ണായിരത്തോളം സന്നദ്ധപ്രവർത്തകരെ 20 ദിവസം ശുചീകരണം ആവശ്യമായ ഇടങ്ങളിൽ നിയോഗിച്ചു. ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ പ്രതിരോധ മരുന്നുകളും എല്ലാവർക്കും ലഭ്യമാക്കിയിരുന്നു.

പൊതുസ്ഥലങ്ങളിൽ കൂടിക്കിടക്കുന്ന മാലിന്യങ്ങൾ 90 ശതമാനത്തിലധികവും നീക്കം ചെയ്തു. ഹരിതകേരള മിഷൻ, ശുചിത്വമിഷൻ എന്നിവയുടെ സഹകരണത്തോടെ ഗ്രാമപഞ്ചായത്തുകളാണ് മാലിന്യങ്ങൾ നീക്കം ചെയ്തത്. ഏകദേശം 5,620 ടൺ മാലിന്യങ്ങൾ നീക്കം ചെയ്തു.




# തൃശൂർ

**3032** ചതുരശ്ര കി.മീ. വിസ്തൃതിയും 31,10,327 ലക്ഷം ജനങ്ങൾ അധിവസിക്കുന്നതുമായ തൃശൂർ ജില്ലയിൽ 2018 ആഗസ്റ്റിൽ ഉണ്ടായ പ്രളയം ഏറെ നാശനഷ്ടങ്ങളുണ്ടാക്കി. രണ്ട് റവന്യൂ ഡിവിഷനുകളും ഏഴ് താലൂക്കുകളും 255 വില്ലേജുകളും ഉൾപ്പെട്ട ജില്ലയിൽ ചാലക്കുടി, മാള, അന്നമനട, പൊയ്യ, കുണ്ടൂർ, കുഴൂർ, പൂവത്തുശ്ശേരി, ആറാട്ടുപുഴ, കുറാഞ്ചേരി എന്നിവിടങ്ങളിലാണ് പ്രളയം കനത്ത നാശനഷ്ടങ്ങൾ വിതച്ചത്.

### ചാലക്കുടി മുങ്ങി:

### കുറാഞ്ചേരിയിൽ 19 മരണം

ചാലക്കുടി നഗരവും പരിസരവും പ്രളയത്തിൽ മുങ്ങുകയും കുറാഞ്ചേരിയിൽ ഉരുൾപൊട്ടി 19 പേർ മരിക്കുകയും ചെയ്തത് സംസ്ഥാനത്തെ വലിയ ദുരന്തങ്ങളിലൊന്നായി മാറി. പ്രളയത്തിൽ മുങ്ങിയ ചാലക്കുടിയിലെ ദുരിതാശ്വാസ ക്യാമ്പിൽ മുഖ്യമന്ത്രി പിണറായി വിജയൻ എത്തി ദുരന്തബാധിതരെ സമാശ്വസിപ്പിച്ചു. പ്രളയത്തെ തുടർന്ന് 62 ജീവനുകളാണ് ജില്ലയിൽ



നഷ്ടപ്പെട്ടത്. എന്നാൽ ആയിരക്കണക്കിനു പേരെ രക്ഷപ്പെടുത്താൻ സാധിച്ചു. ജില്ലയിലെ മന്ത്രിമാരായ എ.സി. മൊയ്തീൻ, അഡ്വ. വി.എസ്. സുനിൽകുമാർ, പ്രൊഫ. സി. രവീന്ദ്രനാഥ് എന്നിവരുടെ നേതൃത്വത്തിലാണ് എംപിമാർ, എംഎൽഎമാർ, ജില്ലാഭരണകൂടം, വിവിധ വകുപ്പുകൾ ചേർന്ന് ഏകോപന പ്രവർത്തനങ്ങൾ നടത്തി പ്രളയത്തെ നേരിട്ടത്.

ആഗസ്റ്റ് 14,15,16 തീയതികളിലാണ് ജില്ലയിൽ മഴ ശക്തിപ്പെട്ടത്. പല പ്രദേശങ്ങളിലും ഇക്കാലയളവിൽ ജലനിരപ്പുയരുകയും ചില പ്രദേശങ്ങളിൽ വെള്ളപ്പൊക്കം മൂലം ആളുകൾ ഒറ്റപ്പെടുകയും ചെയ്തു. പ്രളയത്തിനു മുന്നോടിയായി ആഗസ്റ്റ് ആദ്യവാരം മുതൽ തന്നെ ജില്ലയിൽ പലപ്പോഴും കനത്ത മഴയുണ്ടായി. ഡാമുകൾ, നദികൾ, കടലോര പ്രദേശങ്ങൾ എന്നിവ ഉൾപ്പെട്ട ജില്ലയിലെ പ്രദേശങ്ങളിൽ ജില്ലാഭരണകൂടം കനത്ത ജാഗ്രതാ നിർദേശം നൽകി. മഴ കനത്തതോടെ ജില്ലാ കളക്ടർ ടി.വി. അനുപമ മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക ജാഗ്രതാ നിർദേശം നൽകുകയും പീച്ചി ഡാമിനടുത്തു താമസിക്കുന്നവരെ ഒഴിപ്പിക്കാൻ നിർദേശം നൽകുകയും ചെയ്തു. ആഗസ്റ്റ് 15 ലെ സ്വാതന്ത്ര്യ ദിനാഘോഷം, കനത്തമഴയെ തുടർന്ന് ചടങ്ങായി മാറ്റി. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകുകയും ചെയ്തു.

ജില്ലയിലെ നദികൾ (ഭാരതപ്പുഴ, കരുവന്നൂർ പുഴ, ചാലക്കുടി പുഴ, കേച്ചേരി പുഴ, പുഴയ്ക്കൽ പുഴ, മണലി പുഴ, കുറുമാലി പുഴ) നിറഞ്ഞു കവിഞ്ഞൊഴുകി. പ്രധാനപ്പെട്ട ഏഴ് ജല സംഭരണികളിലും (പീച്ചി, വാഴാനി, ചിമ്മിനി, പെരിങ്ങൽകുത്ത്, പൂമല, അസുരൻകുണ്ട്, ലോവർ ഷോളയാർ) നിറഞ്ഞു. ഇതോടെ ഡാമുകൾ തുറക്കാനുള്ള സാഹചര്യമുണ്ടായി. ഈ ദിവസങ്ങളിലെല്ലാം നിർത്താതെ പെയ്ത മഴ ജില്ലയെ പ്രളയത്തിലാക്കി. ചാലക്കുടി,

മുകുന്ദപുരം, കൊടുങ്ങല്ലൂർ താലൂക്കുകളിലാണ് പ്രളയം ഏറെ രൂക്ഷമായത്. ആഗസ്റ്റ് 14, 15 തീയതികളിൽ മാത്രം ജില്ലയിൽ 545 മി.മീറ്റർ മഴയാണ് പെയ്തത്. ഇതാണ് ജില്ലയെ കനത്ത പ്രളയത്തിലേക്കെത്തിച്ചത്.

## ജില്ലാഭരണകൂടത്തിന്റെ രക്ഷാപ്രവർത്തനം

തെക്കുപടിഞ്ഞാറൻ കാലവർഷത്തിനു മുന്നോടിയായി ആഗസ്റ്റ് 11 ന് ദുരന്തനിവാരണ അതോറിറ്റി ജില്ലയിൽ വിവിധ വകുപ്പു മേധാവികളുടെ പ്രത്യേക യോഗം വിളിച്ചു ചേർത്തു. അടിയന്തരഘട്ട കാര്യനിർവഹണം നടത്തുന്നതിനായി റവന്യൂ, പോലീസ്, ഫയർ ആന്റ് റസ്ക്യൂ വിഭാഗങ്ങൾക്ക് മുന്നറിയിപ്പു നൽകുകയും ചെയ്തു. മഴ കനത്തതോടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ജില്ലാ ആസ്ഥാനത്തും താലൂക്കുകളിലും പ്രവർത്തന സജ്ജമാക്കി. മത്സ്യത്തൊഴിലാളി ജാഗ്രതാ നിർദേശങ്ങൾ, ഫിഷറീസ് ഉപഡയറക്ടർ, കോസ്റ്റൽ പോലീസ് എന്നിവർക്കു നൽകി. പ്രളയം, ഉരുൾപൊട്ടൽ ജാഗ്രതാനിർദേശങ്ങളും നൽകി. മാധ്യമങ്ങൾക്കും പ്രത്യേകം അറിയിപ്പു നൽകി. ആഗസ്റ്റ് 15 മുതൽ അടിയന്തരഘട്ട രക്ഷാപ്രവർത്തനത്തിനായി കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ചു. ജില്ലയിലെ മുഴുവൻ റസ്ക്യൂ ജീവനക്കാരെയും ഇതിലേക്കായി വിനിയോഗിച്ചു. മഴ, ഉരുൾപൊട്ടൽ, പ്രളയ മുന്നറിയിപ്പുകൾ എന്നിവ പ്രാദേശിക ചാനലുകൾ വഴിയും മൈക്ക് അനൗൺസ്മെന്റുകൾ വഴിയും ജനങ്ങളിലെത്തിച്ചു. ജില്ലയിൽ ഈ ദിവസങ്ങളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിക്കുകയും ചെയ്തു.

## അടിയന്തര രക്ഷാപ്രവർത്തനം

ശക്തമായ മഴ മൂലം ഒറ്റപ്പെട്ട സ്ഥലങ്ങളിൽ പോലീസ്, ഫയർ ആന്റ് റസ്ക്യൂ, ദുരന്തനിവാരണ ബറ്റാലിയൻ എന്നിവയെ വിന്യസിപ്പിച്ചാണ് അടിയന്തര രക്ഷാപ്രവർത്തനം നടത്തിയത്. ആരോഗ്യവകുപ്പിനെയും പ്രവർത്തനസജ്ജമാക്കി. രക്ഷാപ്രവർത്തനത്തിനുള്ള സംവിധാനത്തിന്റെ ഭാഗമായി കൂടുതൽ ആശയവിനിമയ സാധ്യതകളും പ്രയോജനപ്പെടുത്തി. രക്ഷാപ്രവർത്തനത്തിനും ദുരന്തനിവാരണ അവലോകനത്തിനുമായി ആഗസ്റ്റ് 15 ന് രാത്രി 11 ന് കളക്ടറുടെ ചേംബറിൽ അടിയന്തര യോഗം ചേർന്നു. രക്ഷാപ്രവർത്തനം നടത്തുന്നതിനായി ഓരോ താലൂക്കിലും നോഡൽ ഓഫീസർമാരെ നിയോഗിച്ചു. സംസ്ഥാന- കേന്ദ്ര സേനകൾ, ആർമി, നേവി, കോസ്റ്റ്ഗാർഡ്, ദുരന്തനിവാരണ സേന എന്നിവയുടെ പ്രവർത്തനവും പ്രളയ മേഖലകളിൽ ശക്തിപ്പെടുത്തി. 1,93,503 ആളുകളെയാണ് പ്രളയ ബാധിത മേഖലയിൽ നിന്ന് രക്ഷപ്പെടുത്തി ക്യാമ്പുകളിലേക്ക് മാറ്റിപ്പാർപ്പിച്ചത്. അഗ്നിശമനസേനയുടെ ഡിങ്കി ബോട്ടുകൾ, നേവിയുടെ അഞ്ച് ബോട്ടുകൾ, ഫിഷറീസ് വകുപ്പു വഴി 105 ബോട്ടുകൾ എന്നിവയാണ് രക്ഷാപ്രവർത്തന കാലയളവിൽ



ഉപയോഗിച്ചത്. നേവിയുടെ മൂന്ന് ഹെലികോപ്ടറുകളും രക്ഷാദൗത്യത്തിന് ഏറെ സഹായകമായി. ചാലക്കുടി മേഖലയിൽ ഒറ്റപ്പെട്ടു പോയവർക്ക് ഹെലികോപ്ടർ വഴി ഭക്ഷണം, വെള്ളം, മരുന്ന് എന്നിവയെല്ലാം ഈ ദിനങ്ങളിൽ എത്തിച്ചു. പ്രളയത്തിൽ അകപ്പെട്ടവരെ രക്ഷപ്പെടുത്താനും അവർക്ക് ഭക്ഷണം, വസ്ത്രം, കുടിവെള്ളം, മരുന്ന് എന്നിവ നൽകാനും മന്ത്രിമാരുടെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തനങ്ങളും ഏകോപിപ്പിച്ചു നടപ്പാക്കി. ജില്ലയിലെ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ ബിജു പ്രഭാകർ ആഗസ്റ്റ് 17 ന് തന്നെ ജില്ലയിലെത്തി. അമേച്വർ റിലേ ഓപ്പറേഷൻ വിങ്ങിന്റെ (ആരോ) 36 അംഗ സംഘം ജില്ലയിലെത്തി വാർത്താവിനിമയ സംവിധാനം ഉപയോഗപ്പെടുത്തി രക്ഷാപ്രവർത്തനം സുഗമമാക്കി. പോലീസ് വയർലസ് കൺട്രോൾ റൂമിന്റെ പ്രവർത്തനവും ഊർജിതമാക്കി. കൂടാതെ നാനാതുറകളിൽ നിന്നുള്ള വോളന്റിയർമാരുടെ സേവനവും രക്ഷാപ്രവർത്തനത്തെ മികവുറ്റതാക്കി.

## രക്ഷാപ്രവർത്തനവും വിവിധ സേനകളും

രക്ഷാപ്രവർത്തനത്തിന് നിയോഗിച്ച വിവിധ സേനാംഗങ്ങളുടെ എണ്ണം

ആർമി – 112 പേർ, എൻ ഡി ആർ എഫ് – 375 പേർ, ബി.എസ്.എഫ് – 80 പേർ, സി.ആർ.പി.എഫ് – 300 പേർ, എം എസ് പി – 70 പേർ, കെ.എ.പി നാലാം ബറ്റാലിയൻ – 272 പേർ, കേരള പോലീസ് അക്കാദമി – 250 പേർ, പോലീസ് വനിതാ ബറ്റാലിയൻ – 75 പേർ, ഐ ആർ ബറ്റാലിയൻ – 75 പേർ, അഗ്നിശമന സേന – 373 പേർ. ആകെ – 1982. 713 മത്സ്യത്തൊഴിലാളികളും രക്ഷാപ്രവർത്തനത്തിൽ പങ്കാളികളായി.



പ്രളയബാധിത പ്രദേശങ്ങളിൽ നിന്ന് ആഗസ്റ്റ് 18 മുതൽ വെള്ളം ഇറങ്ങിത്തുടങ്ങിയതിനാൽ മന്ത്രിമാർ, എംപിമാർ, എംഎൽഎമാർ, ജില്ലാ കളക്ടർ എന്നിവരുടെ നേതൃത്വത്തിൽ പ്രത്യേകയോഗം ചേർന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്താൻ തീരുമാനിച്ചു. ചാലക്കുടി ഭാഗത്ത് കുടിവെള്ള വിതരണം പൂർണമായും സാധ്യമാക്കി. ആഗസ്റ്റ് 19 ന് കരുവന്നൂർ പുഴ ഗതിമാറിയൊഴുകിയതിനെ തുടർന്ന് ആറാട്ടുപുഴ, എട്ടുമന ഇല്ലിക്കൽ ബണ്ട് റോഡ് തകരുകയും ജലനിരപ്പ് ഉയരുകയും ചെയ്തു. തദ്ദേശ സ്വയം ഭരണ മന്ത്രി എ.സി. മൊയ്തീന്റെയും കൃഷിവകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാറിന്റെയും നേതൃത്വത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ കുട്ടനാട്ടിൽ നിന്ന് ഖലാസികളെയും ആലപ്പുഴയിൽ നിന്നും ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നും വിദഗ്ധരെയും സൈന്യത്തേയും സന്നദ്ധ പ്രവർത്തകരെയും നാട്ടുകാരെയും ഏകോപിപ്പിച്ച് ദിവസങ്ങൾക്കുള്ളിൽ ബണ്ട് വേഗത്തിൽ പുനർനിർമിച്ചു. ഏനാമാവ് ഭാഗത്തും ബണ്ടുകൾ തകർന്ന് ഏറെ നാശനഷ്ടങ്ങളുണ്ടായി. ആരോഗ്യമന്ത്രി കെ.കെ. ശൈലജ പ്രളയത്തിൽ തകർന്ന ചാലക്കുടി താലൂക്ക് ആശുപത്രി സന്ദർശിക്കുകയും ജില്ലയിലെ ആരോഗ്യ പ്രവർത്തങ്ങൾ വിലയിരുത്തുകയും ചെയ്തു.

## വിവിധ സേനകൾ

## രക്ഷപ്പെടുത്തിയവരുടെ വിവരങ്ങൾ

ആർമി – 1363, നേവി – 269, അഗ്നിശമനസേന – 17000, ദുരന്ത പ്രതികരണ സേന – 3690, വായു – 57, പോലീസ്/പഞ്ചായത്ത്/വില്ലേജ് – 1,71,124. ആകെ 1,93,503.

## വാഹനം

റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ നേതൃത്വത്തിൽ വാഹനസൗകര്യവും ഒരുക്കിയിരുന്നു. സർക്കാർ, പ്രൈവറ്റ് മേഖലകളിൽ നിന്നും 220 ബസുകൾ, 160 ലോറി/ടിപ്പറുകൾ, 70 കാറുകൾ, 75 ട്രക്കുകൾ, 27 ജീപ്പുകൾ, മൂന്ന് ഹെലികോപ്ടറുകൾ, അഞ്ച് നേവി ബോട്ടുകൾ, 11 മത്സ്യത്തൊഴിലാളി ബോട്ടുകൾ അടക്കം 94 വാഹനങ്ങൾ രക്ഷാപ്രവർത്തനങ്ങൾക്കും ഭക്ഷണം, വസ്ത്രം, മരുന്ന് വിതരണത്തിനുമായി ഏർപ്പെടുത്തി. ആഗസ്റ്റ് 16 മുതൽ സെപ്തംബർ മൂന്ന് വരെ എല്ലാ വാഹനങ്ങൾക്കുമായി 31,506 ലിറ്റർ ഡീസലും 1905 ലിറ്റർ പെട്രോളും ലഭ്യമാക്കി.

## 7882 ക്യാമ്പുകൾ; നാലുലക്ഷത്തോളം അന്തേവാസികൾ

മന്ത്രി എ.സി. മൊയ്തീന്റെ നേതൃത്വത്തിൽ ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിക്കുകയും ഏകോപിപ്പിക്കുകയും ചെയ്തു. മന്ത്രിമാരായ അഡ്വ. വി.എസ്. സുനിൽകുമാർ, സി.രവീന്ദ്രനാഥ് എന്നിവർ പ്രളയബാധിത പ്രദേശങ്ങളിൽ എത്തി ക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. പ്രളയം ഏറെ ബാധിച്ച ചാലക്കുടി, മാള, കുണ്ടൂർ, അന്നമനട ഭാഗങ്ങളിലെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഊർജിതമാക്കാൻ മന്ത്രിമാർ മുന്നിൽ നിന്നു പ്രവർത്തിച്ചു. ആഗസ്റ്റ് 18 ന് ചാലക്കുടിയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ചാലക്കുടി റസ്റ്റ് ഹൗസിൽ കൺട്രോൾ റൂം തുറന്നു. ഏഴു താലൂക്കുകളിലായി ആഗസ്റ്റ് 16 മുതൽ സെപ്തംബർ നാലുവരെ ദുരിതാശ്വാസ ക്യാമ്പുകളിൽ നാലു ലക്ഷത്തോളം പേർ താമസിച്ചു. 788 ക്യാമ്പുകൾ വരെ ചില ദിവസങ്ങളിൽ ജില്ലയിലുണ്ടായി. ചാലക്കുടി, കൊടുങ്ങല്ലൂർ, തൃശൂർ താലൂക്കുകളിലാണ് ഏറ്റവും കൂടുതൽ ക്യാമ്പുകൾ പ്രവർത്തിച്ചത്.

## ശുചീകരണ ദൗത്യം

പ്രളയം ഒഴിഞ്ഞതിനെ തുടർന്ന് എല്ലായിടത്തും ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ ജില്ലയിൽ മന്ത്രിതല യോഗം ചേർന്നു. ചാലക്കുടി, മാള മേഖലയിൽ ശുചീകരണത്തിനു മാത്രമായി 300 സി.ആർ.പി.എഫ്. ഉദ്യോഗസ്ഥരെ നിയമിച്ചു.

ആരോഗ്യ വകുപ്പ്, ശുചിത്വമിഷൻ, കുടുംബശ്രീ, സന്നദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്, പോലീസ്, വിദ്യാഭ്യാസ വകുപ്പ് എന്നിവയും ശുചീകരണ പ്രവർത്തനത്തിനു നേതൃത്വം നൽകി. ജില്ലാ ശുചിത്വമിഷൻ വഴി ശുചീകരണത്തിനുള്ള സാധന സാമഗ്രികൾ എല്ലായിടങ്ങളിലും എത്തിക്കാനായി. കളക്ടറേറ്റിൽ സാധനസാമഗ്രികൾ സ്വീകരിക്കാൻ കളക്ഷൻ സെന്ററുകൾ തയാറാക്കി പ്രവർത്തനം മികവുറ്റതാക്കി. അയ്യന്തോൾ വനിതാ ഇൻഡോർ സ്റ്റേഡിയം, ജില്ലാ പ്ലാനിങ് ഓഫീസ്, ബാർ അസോസിയേഷൻ ഹാൾ, ഗവ. എൻജിനീയറിങ്

കോളേജ്, തോപ്പ് സ്റ്റേഡിയം, വി.കെ.എൻ ഇൻഡോർ സ്റ്റേഡിയം, നിർമിതി കേന്ദ്രം, കോസ്റ്റ്ഫോർഡ് ഹാൾ എന്നിവിടങ്ങളിലാണ് വിവിധ സ്വീകരണ കേന്ദ്രങ്ങൾ സ്ഥാപിച്ചത്. ജില്ലാകളക്ടർ ടി.വി. അനുപമയുടെ നിർദേശ പ്രകാരം ഭക്ഷ്യ, ഭക്ഷ്യേതര വസ്തുക്കൾ ശേഖരി ക്കുന്നതിനും വിതരണത്തിനുമായി നോഡൽ ഓഫീസർമാരെ നിയോഗിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എത്തിയ ഇത്തരം വസ്തുക്കൾ രജിസ്റ്റർ ചെയ്ത് വിതരണം നടത്തി.

## എലിപ്പനി പ്രതിരോധം

ആരോഗ്യ വകുപ്പ് ദുരിതാശ്വാസ ക്യാമ്പുകളിൽ ചികിത്സാക്യാമ്പുകളും സംഘടിപ്പിച്ചു. പകർച്ചാ വ്യാധികൾ തടയുന്നതിന് പ്രത്യേക നിർദേശവും ആരോഗ്യവകുപ്പ് നൽകി. പ്രളയബാധിത മേഖലകളിൽ കൂടുതൽ ആരോഗ്യവിഭാഗം ജീവനക്കാരെയും വിന്യസിപ്പിച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി. 23,378 പേർക്ക് എലിപ്പനി പ്രതിരോധ മരുന്നുകൾ നൽകാനായതോടെ എലിപ്പനി ബാധ തടയാൻ സാധിച്ചു. ജില്ലയിൽ നിന്ന് 96 ഡോക്ടർമാരും മറ്റു ജില്ലകളിൽ നിന്ന് 81 ഡോക്ടർമാരും ജില്ലയിൽ നിന്ന് 108 നഴ്സുമാരും മറ്റ് ജില്ലകളിൽ നിന്ന് 26 നഴ്സുമാരും 14 ഫാർമസിസ്റ്റുകളും 81 കൗൺസലർമാരും ആരോഗ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.

ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്ന് വീടുകളിലേക്ക് തിരിച്ചുപോകുന്നവർക്ക് ഭക്ഷ്യധാന്യ കിറ്റുകൾ നൽകാൻ രണ്ട് കേന്ദ്രങ്ങൾ സജ്ജീകരിക്കാനും ലക്ഷത്തിലധികം കിറ്റുകൾ നൽകാനും സാധിച്ചു. ഏഴ് താലൂക്കുകളിലായി തയാറാക്കിയ ക്യാമ്പുകളിൽ തഹസിൽദാർമാർ, വില്ലേജ് ഓഫീസർമാർ, ജനപ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിലാണ് ഭക്ഷണം, വസ്ത്രം, മരുന്ന് മുതലായവ വിതരണം ചെയ്തത്. ആളുകൾ ക്യാമ്പുകൾ വിട്ടുപോകുന്നതിനു മുൻപ് ഓരോ പഞ്ചായത്തിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്താനായി. വീടുകൾ, സർക്കാർ സ്ഥാപനങ്ങൾ, കിണറുകൾ എന്നിവ പഞ്ചായത്ത് തലത്തിൽ സന്നദ്ധ പ്രവർത്തകരുടെ നേതൃത്വത്തിൽ ശുചീകരിച്ചു. ജില്ലയിൽ 23,000 ത്തോളം സന്നദ്ധ പ്രവർത്തകരെ ഇത്തരം പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനും കഴിഞ്ഞു. ക്ലോറിൻ വിതരണം ചെയ്യുന്നതിനായി കളക്ടറേറ്റിനു സമീപത്തുള്ള കോസ്റ്റ്ഫോർഡിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ പ്രത്യേകം സജ്ജീകരണങ്ങളും ഏർപ്പെടുത്തി. ക്യാമ്പുകൾ വിട്ടുപോകുന്നവർക്ക് സൗജന്യ കിറ്റുകളുടെ വിതരണവും മികച്ച രീതിയിൽ നടത്താനായി.

പ്രളയക്കെടുതി മൂലം വിവിധ ഭാഗങ്ങളിൽ ചത്തൊടുങ്ങിയ കന്നുകാലികൾ, പക്ഷികൾ എന്നിവയെ ശാസ്ത്രീയമായ രീതിയിൽ



സംസ്കരിക്കാൻ മൃഗസംരക്ഷണ വകുപ്പിനു കഴിഞ്ഞു. രക്ഷപ്പെട്ട കന്നുകാലികൾക്ക് കേരള ഫീഡ്സിന്റെ നേതൃത്വത്തിൽ കാലിത്തീറ്റകൾ വിതരണം ചെയ്യാനും സാധിച്ചു.

## പുനരധിവാസം

പ്രളയത്തിൽ വീടുകൾ പൂർണമായും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാനുള്ള നടപടികൾ വേഗത്തിലാക്കി. 3597 വീടുകളാണ് പൂർണമായി തകർന്നത്. 139.2 കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. 23,172 വീടുകൾ ഭാഗികമായി തകർന്നതിനെ തുടർന്ന് 110.17 കോടി രൂപയുടെ നഷ്ടമുണ്ടായി. പുനരധിവാസ ത്തിന്റെ ഭാഗമായി ആളുകളെ പ്രത്യേക താമസ സൗകര്യമൊരുക്കി വിന്യസിപ്പിച്ചു. പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് അവ നൽകുന്നതിന് അദാലത്തുകൾ സംഘടിപ്പിച്ചു. വീടുകൾ, പൊതുസ്ഥാപനങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി കോസ്റ്റ്ഫോർഡിന്റെ നേതൃത്വത്തിൽ വിവിധ സന്നദ്ധ സംഘടനകളെ അണിനിരത്തി പ്രവർത്തനങ്ങൾ നടത്തി. യൂണിസെഫിന്റെ സഹായത്തോടെ 900 പേർ കുടിവെള്ള ശുദ്ധീകരണ പ്രവർത്തനങ്ങളിൽ പരിശീലനം നേടി പുനരധിവാസ പ്രവർത്തനങ്ങളിൽ സജീവമായി. ജില്ലയിൽ 1943 പ്രളയബാധിത സ്ഥാപനങ്ങളിൽ ശുചീകരണം നടത്തി. മലിനമായ ഒരു ലക്ഷത്തോളം കിണറുകൾ ശുദ്ധീകരിച്ചു. രക്ഷാപ്രവർത്തനങ്ങൾ, പുനരധിവാസം, ദുരിതാശ്വാസ ക്യാമ്പുകളുടെ പ്രവർത്തനം, അവിടേക്കുള്ള സാധന സാമഗ്രികൾ എത്തിക്കൽ, മരുന്നു വിതരണം, പ്രളയത്തെ



തുടർന്നുള്ള ശുചീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്കെല്ലാം മികച്ച രീതിയിൽ സംഘാടനം നടത്താനും റവന്യൂ വകുപ്പിനായി. വീടുകൾ പൂർണമായും നഷ്ടപ്പെട്ടവർക്ക് പ്രത്യേക താമസസൗകര്യം ഒരുക്കാനും റേഷൻകാർഡ്, ആധാർ കാർഡ്, മറ്റ് വിലപ്പെട്ട രേഖകൾ എന്നിവ നഷ്ടപ്പെട്ടവർക്ക് ഉടൻ അതു നൽകാനുമുള്ള സംവിധാനം ഏർപ്പെടുത്തി. പ്രളയബാധിത പ്രദേശങ്ങളിലെ സ്കൂളുകൾ, വീടുകൾ എന്നിവയുടെ ഫിറ്റ്നെസ് പരിശോധിക്കാനും വിദഗ്ധരെ നിയോഗിച്ചു. ഇലക്ട്രിക്കൽ വർക്കുകൾ ആവശ്യമായ വീടുകളിൽ എൻജിനീയറിങ് - പോളി വിദ്യാർഥികളെ ഏകോപിപ്പിച്ച് അനുബന്ധ പ്രവർത്തനങ്ങൾ നടത്താനും കഴിഞ്ഞു.

## ജില്ലയ്ക്കുണ്ടായ നഷ്ടം 1392.3 കോടി രൂപ

പ്രളയത്തെ തുടർന്ന് ജില്ലയിലെ വിവിധ മേഖലകളിൽ വ്യാപക നാശനഷ്ടങ്ങളുണ്ടായി. 1392.3 കോടി രൂപയാണ് ഏകദേശ കണക്ക്. കാർഷിക മേഖല, റോഡ്, കെട്ടിടം, ഫിഷറീസ്, മൃഗസംരക്ഷണം, വൈദ്യുതി, ജലസേചനം എന്നീ മേഖലയിലാണ് നഷ്ടം കണക്കാക്കുന്നത്. എ.ഡി.ബി - ലോകബാങ്ക് സംഘം ജില്ലയിൽ സന്ദർശനം നടത്തിയപ്പോൾ നഷ്ടങ്ങളുടെ വിവരം ജില്ലാ കളക്ടറാണ് പുറത്തുവിട്ടത്. വീടുകൾ (24.937 കോടി രൂപ), പൊതു കെട്ടിടങ്ങൾ (20.4185 കോടി രൂപ), റോഡ്, പാലങ്ങൾ (480.6309 കോടി രൂപ), ജലസേചന വകുപ്പ് (133.1813 കോടി രൂപ), ഫിഷറീസ്, ടൂറിസം, ചെറുകിട വ്യവസായ മേഖല (251. 207 കോടി രൂപ),കാർഷിക മൃഗസംരക്ഷണ മേഖല (145 കോടി രൂപ), വൈദ്യുതി മേഖല (82.2441 കോടി രൂപ), ജൈവവൈവിധ്യ, പാരിസ്ഥിതിക രംഗം (5.0155 കോടി രൂപ), കേരള വാട്ടർ അതോറിറ്റി (9.87 കോടി രൂപ), കക്കൂസ് ടാങ്ക് തകർന്ന വക (5.718 കോടി രൂപ), ആരോഗ്യം, സിവിൽ സപ്ലൈസ് മേഖല (9.7 കോടി രൂപ) എന്നിങ്ങനെയാണ് നാശനഷ്ടങ്ങൾ.

## പി.ആർ.ഡി -വാർത്താക്രോഡീകരണം

പ്രളയത്തെ തുടർന്ന് ജനങ്ങൾക്ക് വിവരങ്ങൾ എത്തിക്കുന്നതിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസ് മാതൃകാപരമായ ഇടപെടലാണ് നടത്തിയത്. ആഗസ്റ്റ് 15 മുതൽ പ്രളയവുമായി ബന്ധപ്പെട്ട ജില്ലാഭരണകൂടത്തിന്റെ പത്രക്കുറിപ്പ് യഥാസമയം മാധ്യമങ്ങൾക്ക് എത്തിക്കാനും ക്യാമ്പുവിവരങ്ങൾ മാധ്യമങ്ങളെ അറിയിക്കാനും കഴിഞ്ഞു. ഡി.ഐ.ഒ തൃശൂർ എന്ന പേരിൽ ഫേസ്ബുക്ക് പേജിൽ തത്സമയ വാർത്തകൾ, വീഡിയോകൾ എന്നിവ ഉൾപ്പെടുത്തി. ജില്ലാ കളക്ടറുടെ വീഡിയോ സ്ട്രീമിങ്ങുകൾ ഫേസ്ബുക്കിലൂടെ ജനങ്ങളിൽ എത്തിക്കാനും സാധിച്ചു. ആളുകളെ രക്ഷപ്പെടുത്തുന്നതിനായി ടെലഫോൺ വഴിയും വാട്സ് ആപ്പ് വഴിയും ലഭിച്ച സന്ദേശങ്ങൾ രേഖപ്പെടുത്തി കൺട്രോൾ റൂമിലേക്ക് കൈമാറി.

വാട്ട്സ്ആപ്പ് വഴിയും വാർത്തകൾ പുറം ലോകത്തെത്തിക്കാൻ പി.ആർ.ഡിയ്ക്കു സാധിച്ചു. 24 മണിക്കൂറും ഫേസ്ബുക്കിലൂടെയും പ്രത്യേക വാർത്താബുള്ളറ്റിൻ വഴിയും ജില്ലയിലെ മന്ത്രി മാരുടേയും ജില്ലാ ഭരണകൂടത്തിന്റേയും വാർത്തകൾ മാധ്യമങ്ങൾക്ക് നൽകാനായി.





# പാലക്കാട്

കേരളത്തിൽ തീരദേശമില്ലാത്ത ജില്ലകളിലൊന്നാണ് പാലക്കാട്. 32 മുതൽ 40 കിലോമീറ്റർ വിസ്തൃതിയുള്ള പാലക്കാട് ചുരമാണ് കേരളത്തിന്റെ കവാടം. പാലക്കാട് ജില്ലയുടെ പ്രധാനമായ സാമ്പത്തിക രംഗം കൃഷിയാണ്. ആയതിനാൽ 'കേരളത്തിന്റെ കലവറ' എന്ന് ജില്ലയെ വിശേഷിപ്പിക്കാം 4482 സ്ക്വയർ കി.മീറ്റർ വിസ്തീർണ്ണമുള്ള ജില്ലയിലെ ജനസംഖ്യ 28,09,934 ആണ്. 88 ഗ്രാമപഞ്ചായത്തുകളും ഏഴ് മുനിസിപ്പാലിറ്റികളും 13 ബ്ലോക്കുകളും ആറ് താലൂക്കുകളും 157 റവന്യൂ വില്ലേജു കളുമാണുള്ളത്. മുൻവർഷങ്ങളെ അപേക്ഷിച്ച് 2018 ആഗസ്റ്റ് എട്ട് മുതൽ ആരംഭിച്ച കാലവർഷം ജില്ലയിൽ പ്രളയമായി മാറി കോടികളുടെ നഷ്ടമാണുണ്ടാക്കിയത്. കഴിഞ്ഞ വർഷത്തെക്കാൾ ഇരട്ടിമഴയാണ് ജില്ലയിൽ ലഭിച്ചത്. 2017ൽ ലഭിച്ചത് ആകെ 1521.15 മില്ലിമീറ്റർ മഴയാണെങ്കിൽ ഇക്കുറി ജൂൺ–ആഗസ്റ്റ് കാലയളവിൽ ലഭിച്ചത് 2412.31 മില്ലിമീറ്റർ മഴയാണ്. ജില്ലയിലെ 11 ഡാമു കളിലെയും പ്രധാന ആറു പുഴകളിലെയും ജലനിരപ്പ് ഉയർന്നു.

### 86 വില്ലേജുകൾ പ്രളയബാധിതം

കാലവർഷക്കെടുതിക്ക് ശേഷം 86 വില്ലേജുകൾ പ്രളയബാധിത വില്ലേജുകളായി പ്രഖ്യാപിച്ചു. വല്ലങ്ങി, കൊട്ടോപ്പാടം, കരടിയോട്, നെല്ലിയാമ്പതി, കിഴക്കഞ്ചേരി, പാലക്കയം, കടമ്പഴിപ്പുറം, ആനക്കൽ, കാട്ടുശ്ശേരി എന്നീ പ്രദേശങ്ങളാണ് പ്രധാന ഉരുൾപൊട്ടൽ സാധ്യതാ മേഖലകൾ.

ജില്ലയിൽ മഴ കനക്കാൻ തുടങ്ങിയ ആഗസ്റ്റ് എട്ട് മുതൽ തന്നെ ജില്ലാ ഭരണകൂടം ഒറ്റക്കെട്ടായി പ്രവർത്തനം ഏകോപിപ്പിച്ചു. ഡാമുകളിലെ ജലനിരപ്പ് ഒരേസമയം ഉയർന്നതിനാൽ പ്രധാനമായും നദീതീരങ്ങളിൽ താമ സിക്കുന്നവർക്ക് ഷട്ടറുകൾ തുറക്കുന്നത് സംബന്ധിച്ച അറിയിപ്പുകളും, ജാഗ്രതാ നിർദേശവും ജില്ലാ കളക്ടർ, എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവർ മാധ്യമങ്ങൾക്ക് നൽകി യിരുന്നു.

കനത്ത മഴ പാലക്കാട് ടൗണിലെ ചില പ്രദേശങ്ങളെയാണ് ആദ്യഘട്ടത്തിൽ ഏറെ ബാധിച്ചത്. ഇവിടങ്ങളിൽ വെള്ളത്തിലായ പ്രദേശങ്ങളിൽ കളക്ടറുടെ നേതൃത്വത്തിൽ ജീവനക്കാർ നേരിട്ടെത്തി മാറ്റിപ്പാർപ്പിക്കേണ്ടവരെ വിവിധ സ്ഥലങ്ങളിലുള്ള ക്യാമ്പുകളിലേക്ക് മാറ്റി. തുടർച്ചയായ മഴ പെയ്യുന്നതിനാൽ എല്ലാ താലൂക്കുകളിലും ദുരിതാശ്വാസ ക്യാമ്പുകൾ സജ്ജമാക്കിയിരുന്നു.

കളക്ടറേറ്റ് കേന്ദ്രീകരിച്ച് ജില്ലാ എമർജൻസി ഓപ്പറേഷൻ സെന്റർ 24 മണിക്കൂറും പ്രവർത്തിപ്പിക്കുകയും കളക്ടറേറ്റ്, പൊലീസ്, ഡി.എം.ഒ, താലൂക്കുകൾ, വില്ലേജുകൾ തുടങ്ങിയ ഹെൽപ്പ്ലൈൻ നമ്പറുകൾ പൊതുജനങ്ങളിലേക്ക് എത്തിക്കുകയും ചെയ്തു.

ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ എല്ലാ വില്ലേജുകളിലും ഉദ്യോഗസ്ഥരെ വിന്യസിച്ചു. ക്യാമ്പുകളിൽ താമസിക്കുന്നവർക്കാവശ്യമായ ഭക്ഷണമുൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പാടാക്കി.

പോലീസ്, അഗ്നിരക്ഷാസേന, റവന്യൂവിലെ വിവിധ ഉദ്യോഗസ്ഥർ, മറ്റ് വിവിധ സർക്കാർ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ യോഗങ്ങൾ നിരന്തരം ജില്ലാ കളക്ടറേറ്റിൽ സമയബന്ധിതമായി ചേർന്നു. ജില്ലയുടെ ചുമതലയുള്ള മന്ത്രി എ.കെ ബാലൻ ഉൾപ്പെടെയുള്ള ജനപ്രതിനിധികളും പങ്കെടുത്തു.

### റെഡ് അലർട്ട്

ആഗസ്റ്റ് ഒമ്പതിന് ജില്ലയിൽ റെഡ് അലർട്ട് പ്ര ഖ്യാപിച്ചപ്പോൾ തന്നെ ജില്ലാ കളക്ടറുടെ നിർ ദേശത്തെത്തുടർന്ന് 37 അംഗ ദേശീയ ദുരന്ത പ്രതിരോധ സേന (എൻ.ഡി.ആർ.എഫ്) യെ ജില്ലയിൽ വിന്യസിച്ചു. കൂടാതെ ഇന്ത്യൻ ആർമിയുടെ ഭാഗമായ മദ്രാസ് എൻജിനീയറിങ് ഗ്രൂപ്പിലെ 37 അംഗങ്ങളും ജില്ലയിലെത്തി യുദ്ധ കാലാടിസ്ഥാനത്തിൽ അഞ്ച് പ്രോജക്റ്റുകൾ പൂർത്തീകരിച്ചു. ആഗസ്റ്റ് 16ന് നെന്മാറ, കരടിയോട് ഉരുൾപൊട്ടലുകൾക്ക് ശേഷം സി.ആർ.പി.എഫിന്റെ 288 അംഗ ദ്രുതകർമ്മ സേനയെയും എല്ലാ താ ലൂക്കുകളിലും വിന്യസിച്ചു.

പാലക്കാട് ജില്ലാ കലക്ടർ ഡി.ബാലമുരളി 'പാലക്കാട് ഡിസാസ്റ്റർ മാനേജ്മെന്റ്' എന്ന പേരിൽ ഒരു വാട്സ് അപ്പ് ഗ്രൂപ്പുണ്ടാക്കി അതുവഴി വില്ലേജ് ഓഫീസർമാർ മുതൽ എല്ലാ വകുപ്പുകളും തമ്മിലുള്ള ആശയവിനിമയം അനായാസമാക്കി. മണ്ണിടിച്ചിലിനെ തുടർന്ന് റോഡ് തകർന്ന് ഒറ്റപ്പെട്ടുപോയ നെല്ലിയാമ്പതി ഭാഗത്തേക്ക് എയർഫോഴ്സ് വിഭാഗത്തിന്റെ ഹെലികോപ്റ്റർ വഴിയും തലച്ചുമടായും ഭക്ഷണം എത്തിക്കാൻ

ജില്ലാകളക്ടർ നേതൃത്വം നൽകി.

ജില്ലയുടെ ചുമതലയുള്ള മന്ത്രി എ.കെ ബാലൻ കാലവർഷം രൂക്ഷമായ സമയത്ത് തന്നെ ജില്ലയിൽ എത്തിയിരുന്നു. അദ്ദേഹം നേരിട്ടാണ് ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കും ബന്ധപ്പെട്ട വിവിധ വിഷയങ്ങൾക്കും നേതൃത്വം നൽകിയത്. നിയമസഭാ അംഗങ്ങൾ അവരവരുടെ മണ്ഡലങ്ങളിലെ പ്രശ്നങ്ങളിൽ ഇടപെടുന്നതിൽ ശ്രദ്ധചെലുത്തി. മന്ത്രി എ.കെ ബാലൻ ഒന്നിലേറെ തവണ ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിക്കുകയും ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് യോഗങ്ങൾ വിളിച്ചുകൂട്ടി സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. റവന്യൂ ഭവനനിർമാണ മന്ത്രി ഇ. ചന്ദ്രശേഖരനും കളക്ടറേറ്റിൽ എത്തി നാശനഷ്ട കണക്കുകൾ വിലയിരുത്തുകയും ദുരന്തബാധിത പ്രദേശങ്ങളിൽ ഉൾപ്പെടാത്ത വില്ലേജുകൾ ഉണ്ടെങ്കിൽ അവയുടെ കണക്ക് കൃത്യമായി രേഖപ്പെടുത്താൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുകയും ചെയ്തു. എം.എൽ.എമാർ തങ്ങളുടെ മണ്ഡലത്തിലെ ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ കൃത്യമായി ക്രോഡീകരിക്കുകയും ജില്ലാ ഭരണകൂടത്തെ അറിയിച്ച് ഏകോപിപ്പിക്കുകയും ചെയ്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, വിവിധ നഗരസഭാ അധ്യക്ഷന്മാർ, ത്രിതല പഞ്ചായത്ത് അധ്യക്ഷന്മാരും അംഗങ്ങളും ഒരുമിച്ച് പ്രളയദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി.

റവന്യൂ വകുപ്പ് അഡീ. ചീഫ് സെക്രട്ടറി മുതൽ താഴെത്തട്ടിലുള്ള വില്ലേജ്തല ഉദ്യോഗസ്ഥർ വരെ കൃത്യമായ ലക്ഷ്യബോധത്തോടെയാണ് ഈ ഘട്ടത്തിൽ പ്രവർത്തിച്ചത്. പോലീസ്, അഗ്നിരക്ഷാ സേന, വിവിധ സേനകൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവ കൂടാതെ വിവിധ എൻ.ജി.ഒ കൾ, സാംസ്കാരിക സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ, കലാ സംഘടനകൾ, ക്ലബ്ബുകൾ, വായനശാലകൾ എന്നിവയും എണ്ണമറ്റ വ്യക്തികളും പ്രളയദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ശ്രദ്ധേയമായ പങ്കുവഹിച്ചു. പാലക്കാട്ടെ പല സ്വകാര്യബസ്സുകളും ഓട്ടോറിക്ഷകളും ദുരിതാശ്വാസ നിധിയിലേക്ക് ഫണ്ട് സമാഹരിക്കുന്നതിനായി ട്രിപ്പുകൾ ഓടി.

## രക്ഷാപ്രവർത്തനം

ആയിരക്കണക്കിന് പേരെയാണ് അഗ്നിശമന സേന, പൊലീസ്, ദേശീയ ദുരന്തപ്രതിരോധ സേന, സി.ആർ.പി.എഫ് ദ്രുതകർമ സേന, നാട്ടുകാർ എന്നിവർ ചേർന്ന് രക്ഷിച്ചത്. പ്രളയത്തിൽ അകപ്പെട്ട ഒട്ടേറെ പേരെ രക്ഷിക്കുകയും 1500ഓളം ആളുകളെ പ്രളയബാധിത പ്രദേശങ്ങളിൽ നിന്നും സുരക്ഷിതസ്ഥാനത്തെത്തിക്കുകയും ചെയ്ത് മികച്ച പ്രവർത്തനങ്ങളാണ് അഗ്നിരക്ഷാസേന നടത്തിയത്. കനത്ത മഴയെ തുടർന്ന് വടക്കഞ്ചേരി ദൈവസദൻ വൃദ്ധസദനിലെ കിടപ്പുരോഗികൾ, മാനസിക വെല്ലുവിളി നേരിടുന്നവർ, ശാരീരിക അവശതകൾ നേരിടുന്നവർ ഉൾപ്പെടെ ഇരുനൂറോളം അന്തേവാസികളെ ആറര മണിക്കൂറിലേറെ നീണ്ട രക്ഷാപ്രവർത്തനത്തിലാണ് സുരക്ഷിത സ്ഥാനത്തെത്തിച്ചത്. കഴുത്തോളം വെള്ളത്തിൽ ഇവരെ 50 മീറ്റർ എടുത്തു ഡിങ്കിയിൽ കയറ്റി 400 മീറ്റർ അകലെയുള്ള സ്ഥലത്തെത്തി ക്കുകയായിരുന്നു. വളരെ പ്രതികൂലമായ കാലാവസ്ഥയിൽ വിഷജന്തുക്കളെയും അതിജീവിച്ച് ദുഷ്ക്കരമായ രക്ഷാപ്രവർത്തനമാണ് നടത്തിയത്.

മലബാർ സിമന്റ്സിന്റെ ഖനിയിലേക്കുള്ള പാത ഉരുൾപൊട്ടലിൽ തകർന്ന് ഖനിയിൽ അകപ്പെട്ട 40 തൊഴിലാളികളെ കൃത്രിമ പ്പാലം ഒരുക്കിയും ഭവാനിപ്പുഴയുടെ തുരുത്തിൽ അകപ്പെട്ട ദമ്പതികളെ നീണ്ട രക്ഷാപ്രവർത്തനത്തിനൊടുവിൽ സുരക്ഷിത സ്ഥാനത്തെത്തിച്ചതും അഗ്നിരക്ഷാസേനയാണ്. കരിമ്പ പഞ്ചായത്തിൽ തോട് കരകവിഞ്ഞ് ഒറ്റപ്പെട്ട ആറ് കുടുംബങ്ങളിലെ 40 പേരേയും സേന രക്ഷിച്ചിരുന്നു.

പഴമ്പാലക്കോട് മുങ്ങിയ വീടുകളിലെ 250 ഓളം ആളുകളെ തീവ്രപരിശ്രമത്തിലാണ് രക്ഷിച്ചത്. ശക്തമായ മഴയിൽ പല പുഴകളും ഗതിമാറി ഒഴുകുകയും പലയിടത്തും അവശിഷ്ടങ്ങൾ അടിഞ്ഞ് വെള്ളത്തിന്റെ സ്വാഭാവിക ഒഴുക്ക് തടസപ്പെടുകയും ചെയ്തത് വെല്ലുവിളിയായി. ഒലവക്കോട് ഐശ്വര്യ കോളനി, കല്ലേക്കുളങ്ങര കനാൽ എന്നിവിടങ്ങളിൽ അഗ്നിരക്ഷാസേനയുടെ സേവനത്തെ തുടർന്ന് സ്വാഭാവിക ഒഴുക്ക് പുനസ്ഥാപിക്കാൻ കഴിഞ്ഞു.

നെന്മാറ അളുവാശേരിയിൽ ആഗസ്റ്റ് 16ന് പുലർച്ചെയുണ്ടായ ഉരുൾപൊട്ടൽ അറിഞ്ഞ് മിനിറ്റുകൾക്കകം സ്ഥലത്തെത്തിയ പോലീസ് സേന നാട്ടുകാരുടെ സഹായത്തോടെ രക്ഷപെടുത്തിയത് ഒരു കുടുംബത്തിലെ അഞ്ചുപേരെയാണ്. മലവെള്ളം കുത്തിയൊലിച്ചിറങ്ങിയപ്പോൾ പൂർണമായി തകർന്നത് മൂന്ന് വീടുകളാണ്. അതിൽ ഒരു കുടുംബത്തെ കനത്ത മഴയിൽ ചെളിയും മരങ്ങളും നിറഞ്ഞ സ്ഥലത്തുനിന്നും നെന്മാറ ആശുപത്രി വരെ എത്തിച്ചത് കഠിനപരിശ്രമത്തിനൊടുവിലാണ്.

ഡാമുകൾ തുറന്നു വിട്ടപ്പോൾ വെള്ളം ഉയർന്ന കൽപ്പാത്തി, ചിറ്റൂർ, കുന്തിപ്പുഴ, കാഞ്ഞിരപ്പുഴ പുഴയോരങ്ങളിൽ നിരവധി വീടുകളിൽ നിന്നും ഏറെ പണിപ്പെട്ടാണ് കൃത്യസമയത്ത് ആളുകളെ മാറ്റിപാർപ്പിച്ചത്. അളുവാശേരി ചേരുംകാടും അമ്പലപ്പാറ കരടിയോട് കോളനിയിലും ഉരുൾപൊട്ടൽ സ്ഥലങ്ങളിൽ 80 മണിക്കൂറുകൾ നീണ്ട ശ്രമത്തിനൊടുവിലാണ് മണ്ണിൽ പുതഞ്ഞുപോയ മൃതദേഹങ്ങൾ കണ്ടെത്തിയത്. വീണ്ടും ഉരുൾപൊട്ടൽ ഭീഷണി ഉള്ളതിനാൽ ഈ പ്രദേശങ്ങളിലെ മുഴുവൻ ജനങ്ങളെയും സുരക്ഷിതസ്ഥാനത്തേക്ക് മാറ്റി പാർപ്പിച്ചു. മലമ്പുഴയിലെ അകമലവാരത്തുണ്ടായ മണ്ണിടിച്ചിലിൽ പോലീസ് തക്കസമയത്ത് ഉണർന്നു

പ്രവർത്തിച്ചതിനാൽ വൻദുരന്തം ഒഴിവാക്കാനായി.

## വാട്ടർ അതോറിറ്റി

പ്രളയത്തിനിടയിൽ പൊതുജനങ്ങൾക്ക് കുടിവെള്ളക്ഷാമം ഉണ്ടാവാതിരിക്കാൻ വാട്ടർ അതോറിറ്റി ജീവനക്കാർ അക്ഷീണം യത്നിച്ചു. കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും തകർന്ന പൈപ്പ് ലൈനുകൾ യുദ്ധകാലാടിസ്ഥാനത്തിൽ നന്നാക്കിയാണ് വാട്ടർ അതോറിറ്റി കുടിവെള്ളം പുന:സ്ഥാപിച്ചത്. പ്രളയബാധിത പ്രദേശങ്ങളിലെ കുടിവെള്ളം സൗജന്യമായി പരിശോധിക്കുന്നതിനുള്ള സൗകര്യം കൽമണ്ഡപത്തുള്ള വാട്ടർ അതോറിറ്റി ജില്ലാ ഓഫീസിൽ ഏർപ്പെടുത്തി. പൈപ്പുകളുടെ കേടുപാടുകൾ പരിഹരിച്ച് കുടിവെള്ള വിതരണം ദ്രുതഗതിയിൽ പുനസ്ഥാപിക്കുകയും ചെയ്തു.

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്, വയർമെൻ–കോൺട്രാക്ടേഴ്സ് സംഘടനകളുടെയും സഹകരണത്തോടെ വയറിങ് സംവിധാനങ്ങൾ അപകടരഹിതമാണെന്ന് ഉറപ്പുവരുത്തിയാണ് വൈദ്യുതിബന്ധം പുന:സ്ഥാപിച്ചത്. വെള്ളപ്പൊക്കം രൂക്ഷമായ കൽപ്പാത്തി സെക്ഷനു കീഴിൽ വെള്ളത്തിൽ മുങ്ങിയ സുന്ദരം കോളനി, ശംഖുവാരത്തോട് പ്രദേശങ്ങളിൽ 150ഓളം വീടുകളിൽ വയർമെൻ അസോസിയേഷൻ, കോൺട്രാക്റ്റേഴ്സ് അസോസിയേഷൻ, ഇലക്ട്രിക്കൽ ട്രേഡേഴ്സ് അസോസിയേഷൻ എന്നിവരുടെ സഹായത്തോടെ സുരക്ഷിതമായി ഇ.എൽ.സി.ബി ഘടിപ്പിച്ച് വൈദ്യുതി പുനസ്ഥാപിച്ചു.

## സ്ഥിതിവിവരക്കണക്കുകൾ

കാലവർഷക്കെടുതിയെ തുടർന്ന് ജില്ലയിൽ 165 ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിച്ചതായി



## കെ.എസ്.ഇ.ബി

ഉരുൾപൊട്ടലിൽ തീർത്തും ഒറ്റപ്പെട്ട നെല്ലിയാമ്പതിയിൽ 33 കെ.വി വൈദ്യുതി വിതരണം കേവലം മൂന്നു ദിവസത്തിനകം പുനസ്ഥാപിച്ചു. ഒറ്റപ്പാലം സെക്ഷനു കീഴിൽ ലക്കിടിയിൽ പൂർണമായും വെള്ളത്തിൽ മുങ്ങിയ ട്രാൻസ്ഫോർമർ പൊക്കിയെടുക്കാൻ സാധിക്കാത്തതിനാൽ അടുത്തുള്ള സെക്ഷനിൽ നിന്നും പുതിയ ലൈനെടുത്ത് പ്രദേശത്ത് വൈദ്യുതി വിതരണം ചെയ്തു. ഉരുൾപൊട്ടലിൽ ഒറ്റപ്പെട്ട പ്രദേശങ്ങൾ ഒഴികെയുള്ള സ്ഥലങ്ങളിൽ ജീവനക്കാരും കരാർ തൊഴിലാളികളും

ജില്ലാ ദുരന്തനിവാരണ വിഭാഗം അറിയിച്ചു. 5241 കുടുംബങ്ങളിൽ നിന്നും 16684 പേരെയാണ് സുരക്ഷിത കേന്ദ്രത്തിലേയ്ക്ക് മാറ്റിപ്പാർപ്പിച്ചിരുന്നത്. ആലത്തൂർ താലൂക്കിലാണ് ഏറ്റവും കൂടുതൽ ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നത്. 48 ക്യാമ്പുകളിലായി 1453 കുടുംബങ്ങളിലെ 5248 പേർ ഇവിടെ താമസിച്ചു (2127 സ്ത്രീകൾ, 1817 പുരുഷന്മാർ, 1304 കുട്ടികൾ). പട്ടാമ്പി താലൂക്കിൽ 38 ദുരിതാശ്വാസ ക്യാമ്പുകളിലായി 1225 കുടുംബങ്ങളിലെ 3104 പേരും ചിറ്റൂർ താലൂക്കിൽ 25 ക്യാമ്പുകളിലായി 772 കുടുംബങ്ങളിലെ 2253 പേരും, പാലക്കാട്

താലൂക്കിൽ 24 ക്യാമ്പുകളിലായി 800 കുടുംബങ്ങളിലെ 3117 പേരും മണ്ണാർക്കാട് താലൂക്കിൽ 19 ക്യാമ്പുകളിലായി 657 കുടുംബങ്ങളിൽ നിന്നുള്ള 1938 പേരും ഒറ്റപ്പാലം താലൂക്കിലെ 11 ക്യാമ്പുകളിലായി 334 കുടുംബങ്ങളിലെ 1024 പേരുമാണ് താമസിച്ചത്.

## 999.598 കോടിയുടെ നഷ്ടം

രൂക്ഷമായ മഴക്കെടുതി മൂലം പാലക്കാട് ജില്ലയിൽ 995.598 കോടിയുടെ നഷ്ടമുണ്ടായതായി ജില്ലാ ദുരന്തനിവാരണ വിഭാഗം അറിയിച്ചു. 6472 വീടുകൾ ഭാഗികമായും 1633 വീടുകൾ പൂർണമായും നശിച്ചു. ഈ ഇനത്തിൽ 75.43 കോടിയുടെ നഷ്ടമാണുണ്ടായത്. ജില്ലയിലെ 600 കിലോമീറ്റർ റോഡാണ് ഭാഗികമായും പൂർണമായും തകർന്നതെന്ന് പൊതുമരാമത്ത് റോഡ് വിഭാഗം അറിയിച്ചു. റോഡ്, പാലം, കെട്ടിടങ്ങൾ എന്നിവയ്ക്ക് സംഭവിച്ച നഷ്ടം 521.28 കോടിയാണ്. 119 കോടിയുടെ കൃഷിനാശത്തിൽ 8535.68 ഹെക്ടറിന്റെ വിളനാശവും 682.242 ഹെക്ടറിന്റെ ഭൂമിനാശവും 5980 ഹെക്ടറിന്റെ നെൽച്ചെടി നാശവും ഉൾപ്പെടുന്നു. കൂടാതെ 197310മീറ്റർ ബണ്ടും 451 കിണറുകളും 52 ഹെക്ടർ കൃഷിഭൂമിയും പ്രളയത്തിൽ നശിച്ചു. ജലസേചന വകുപ്പിന് 38.95 കോടിയുടെയും ജല അതോറിറ്റിക്ക് നഗരങ്ങളിലും ഗ്രാമങ്ങളിലുമായി 4.42 കോടിയുടെയും നഷ്ടം സംഭവിച്ചതായി ബന്ധപ്പെട്ട വകുപ്പുകൾ അറിയിച്ചു. കെ.എസ്.ഇ.ബി 5.26 കോടി, തദ്ദേശ ഭരണം 39.60 കോടി, ടൂറിസം വകുപ്പ് 43 ലക്ഷം, മൃഗസംരക്ഷണ വകുപ്പ് 1.86 കോടി, ആരോഗ്യ വിഭാഗം 83 ലക്ഷം, വ്യവസായം 6.29 കോടി, ഫിഷറീസ് 2.47 കോടി, വനംവകുപ്പ് ഒൻപത് കോടി, വിദ്യാഭ്യാസം (സ്കൂൾ) 2.75 കോടി എന്നിങ്ങനെയാണ് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട നഷ്ടങ്ങളുടെ കണക്ക്.

ജില്ലയിൽ 23 ജീവനുകളാണ് പ്രളയക്കെടുതിയിൽ നഷ്ടപ്പെട്ടത്. 10 മുങ്ങിമരണങ്ങളും ഉരുൾപൊട്ടലിൽ 13 മരണങ്ങളും. ചിറ്റൂർ താലൂക്ക് 10, ആലത്തൂർ മൂന്ന്, പാലക്കാട് മൂന്ന്, പട്ടാമ്പി മൂന്ന്, മണ്ണാർക്കാട് നാല് മരണങ്ങളാണ് ഉണ്ടായത്.

## അപ്നാ ഘറിൽ ആദ്യ അതിഥികൾ ദുരന്തബാധിതർ

ഇതരസംസ്ഥാന തൊഴിലാളികൾക്കായി ആഗസ്റ്റ് 12ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യാനിരുന്ന കഞ്ചിക്കോട്ടെ അപ്നാ ഘർ ദുരന്തബാധിതർക്ക് ആശ്വാസമായി. പ്രളയകാരണത്താൽ ഉദ്ഘാടനം മാറ്റിവെയ്ക്കുകയും പാലക്കാട് താലൂക്ക് പരിധിയിലെ 350 ഓളം കുടുംബങ്ങളെ ഇവിടെ മാറ്റിപാർപ്പിക്കുകയുമായിരുന്നു. വെള്ളപ്പൊക്കത്തിൽ എല്ലാം നഷ്ടപ്പെട്ട തോണിപ്പാളയം അംബികാപുരം കോളനിയിലെ മണികണ്ഠന്റെയും ദേവിയുടെയും മകളായ പ്രിയയുടെ വിവാഹവും മൈലാഞ്ചി കല്യാണവും ചായസൽക്കാരവുമെല്ലാം നടന്നത് ഇവിടെയാണ്. സർക്കാർ വകുപ്പുകളുടെയും ഉദ്യോഗസ്ഥരുടെയും വ്യാപാരികളുടെയും നാട്ടുകാരുടെയും സഹായത്തിൽ പ്രിയ, കല്ലേപ്പുള്ളി സ്വദേശിയായ ശെൽവരാജിന്റെ കൈപിടിച്ചതും വേറിട്ട അനുഭവമായി.

മന്ത്രി എ.കെ ബാലൻ, ജില്ലാ കളക്ടർ ഡി.ബാലമുരളി, ഡി.എം.ഒ കെ.പി റീത്ത എന്നിവരുടെ വീഡിയോ പ്രസന്റേഷൻ ജില്ലാ ഇൻഫർമേഷൻ ഓഫീസ് പുറത്തിറക്കി വാട്സ് ആപ് വഴിയും ഫെയ്സ് ബുക്ക് വഴിയും പ്രചരിപ്പിച്ചു. അഹല്യ റേഡിയോ വഴി ശ്രോതാക്കളോട് ജില്ലാ കളക്ടർ സംസാരിച്ചു. ജില്ലയിലെ എല്ലാ പത്ര-മാധ്യമ പ്രതിനിധികൾ അടങ്ങുന്ന വാട്സ് ആപ് ഗ്രൂപ്പ് വഴി അടിയന്തര സന്ദേശങ്ങൾ തുടർച്ചയായി നൽകി. വിവരങ്ങൾ, ചിത്രങ്ങൾ, വീഡിയോ എന്നിവ തത്സമയം നൽകി. കളക്ടറേറ്റ് കൺട്രോൾ റൂമിനൊപ്പം 24 മണിക്കൂറും പ്രവർത്തനസജ്ജമായിരുന്നു ജില്ലാ ഇൻഫർമേഷൻ ഓഫീസ്.

ദുരിതാശ്വാസ ക്യാമ്പിലുള്ളവരുടെ സമ്പൂർണ വിവരങ്ങൾ അവർക്ക് നൽകിയ സഹായങ്ങൾ, മഴയ്ക്ക് ശേഷമുണ്ടാകുന്ന സാമൂഹിക സാഹചര്യങ്ങൾ, പകർച്ചവ്യാധികൾ, ദുരന്തനിവാരണ പ്രവർത്തനങ്ങൾ, പുനരധിവാസ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ചും മാധ്യമങ്ങളിലൂടെ വിവരങ്ങൾ നൽകി.

പ്രളയശേഷം വീടുകളിലും പരിസരത്തും ഉണ്ടാകാനിടയുള്ള ഇഴജന്തുക്കളുടെ ശല്യം, സ്വീകരിക്കേണ്ട മുൻകരുതലുകൾ, എലിപ്പനി-ഡെങ്കിപ്പനി എന്നിവയ്ക്കെതിരായ മുൻകരുതൽ തുടങ്ങിയ കാര്യങ്ങളിൽ



ബോധവത്ക്കരണം നടത്തി. പ്രളയം സംബന്ധിച്ച് വ്യാജ സന്ദേശങ്ങൾ നവമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടപ്പോൾ യാഥാർഥ്യം പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനു ജില്ലാ കലക്ടറുടെ വീഡിയോ, ഓഡിയോ എന്നിവ നവമാധ്യമങ്ങളിൽ സംസ്ഥാന വ്യാപകമായി പ്രചരിപ്പിച്ചു.

## ഇതര സംസ്ഥാനങ്ങളിൽ നിന്നും സഹായപ്രവാഹം

മറ്റു ജില്ലകളെ അപേക്ഷിച്ച് പാലക്കാട് ദുരന്തമുഖത്ത് നിന്ന് അതിവേഗമാണ് കര കയറിയത്. പ്രളയദുരന്തം ഏറെ അനുഭവിക്കുന്ന ഇതര ജില്ലകളിലേക്കുള്ള സഹായഹബ്ബായി പാലക്കാട് മാറി. ആദ്യം സംഭരണ കേന്ദ്രം പാലക്കാട് ഇൻഡോർ സ്റ്റേഡിയത്തിലാണ് ആരംഭിച്ചതെങ്കിലും പിന്നീട് സാധനങ്ങൾ വിതരണം ചെയ്യുന്നതും കയറ്റി അയയ്ക്കുന്നതും എളുപ്പമാക്കാനായി കഞ്ചിക്കോട് കിൻഫ്ര പാർക്കിലേക്ക് മാറ്റി. ഡൽഹി, തമിഴ്നാട് ഉൾപ്പെടെയുള്ളവിടങ്ങളിൽ നിന്നും ടൺകണക്കിന് അവശ്യവസ്തുക്കൾ ഇവിടെ എത്തി. തൃശൂർ, എറണാക്കുളം, കോട്ടയം, ആലപ്പുഴ ജില്ലകളിലേക്ക് പാലക്കാട്ട് നിന്നും ഹെലികോപ്ടർ, ലോറി, സ്വകാര്യ വാഹനങ്ങൾ വഴി 1000 ടണ്ണോളം സാധനങ്ങൾ എത്തിച്ചു.

എന്തൊക്കെ സാധനങ്ങളാണ് വേണ്ടതെന്ന് നവമാധ്യമങ്ങളിലൂടെയും എഫ്.എം. റേഡിയോ, പത്ര-ദൃശ്യമാധ്യമങ്ങൾ എന്നിവയിലൂടെയും അറിയിപ്പുകൾ നൽകി. പിന്നീട് സഹായപ്രവാഹമാണ് വിവിധ കളക്ഷൻ സെന്ററുകളിൽ ദിവസങ്ങളോളമുണ്ടായത്. ഭക്ഷ്യോത്പ്പന്നങ്ങൾ ഉൾപ്പെടെയുള്ളവ വേർതിരിച്ച് പായ്ക്ക് ചെയ്ത് വിവിധ കേന്ദ്രങ്ങളിലേക്ക് അയക്കുന്നതിനായി ആയിരക്കണക്കിന് യുവതീയുവാക്കൾ സന്നദ്ധരായി എത്തി.



മണ്ണിടിച്ചിലിനെ തുടർന്ന് റോഡ് തകർന്ന് ഒറ്റപ്പെട്ടുപോയ നെല്ലിയാമ്പതി ഭാഗത്തേക്ക് എയർഫോഴ്സ് വിഭാഗത്തിന്റെ ഹെലികോപ്റ്റർ വഴിയും തലച്ചുമടായും ഭക്ഷണം എത്തിക്കാൻ ജില്ലാകളക്ടർ നേതൃത്വം നൽകി. കിലോമീറ്ററുകളോളം നടന്നാണ് സന്നദ്ധപ്രവർത്തകരും ഉദ്യോഗസ്ഥരും നെല്ലിയാമ്പതിയിലെ ദുരിതബാധിതർക്ക് അടിസ്ഥാന ആവശ്യങ്ങൾ എത്തിച്ചത്. തലച്ചുമടായി സാധനങ്ങൾ എത്തിച്ചതിന് വൻ വാർത്താ പ്രാധാന്യമാണ് ലഭിച്ചത്.

## ശുചീകരണം-രോഗപ്രതിരോധം

വെള്ളക്കെട്ട് നീങ്ങിയ പ്രദേശങ്ങളും വീടുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷൻ-ശുചിത്വമിഷൻ, വിവിധ വകുപ്പുകൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ ശുചീകരണം നടത്തി. ആരോഗ്യ പ്രവർത്തകരുടെ നേതൃത്വത്തിൽ കിണറുകളിൽ സൂപ്പർ ക്ലോറിനേഷൻ നടത്തി. ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്കുൾപ്പെടെ എലിപ്പനി പ്രതിരോധ ഗുളികയും പ്രളയം ബാധിച്ച സ്ഥലങ്ങളിൽ വിതരണം ചെയ്തു. ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിച്ച സ്കൂളുകൾ അധ്യാപകരും നാട്ടുകാരും സന്നദ്ധപ്രവർത്തകരും ചേർന്ന് ശുചീകരിച്ച് 29ന് പഠനം പുന:രാരംഭിച്ചു.

## ധനസഹായ വിതരണം

പ്രളയക്കെടുതി അടിയന്തര ധനസഹായ വിതരണത്തിന്റെ ആദ്യഘട്ടത്തിൽ 7330 കുടുംബങ്ങൾക്കായി 7.33 കോടി വിതരണം ചെയ്തു. 10,000 രൂപയാണ് അടിയന്തര ധനസഹായമായി നൽകിയത്. പിന്നീട് 1101 അപേക്ഷകൾ കൂടി ലഭിച്ചതിൽ 49 കുടുംബങ്ങൾക്കും സഹായം നൽകി. ഇതോടുകൂടി പാലക്കാട് താലൂക്കിൽ 1631, ചിറ്റൂരിൽ 120, ഒറ്റപ്പാലം 1232, മണ്ണാർക്കാട് 286, ആലത്തൂർ 808, പട്ടാമ്പിയിൽ 3302 കുടുംബങ്ങൾക്കുമാണ് ധനസഹായം നൽകിയത്. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സംയുക്തമായാണ് തുക വിതരണം ചെയ്തിരിക്കുന്നത്.

കാലവർഷക്കെടുതിയിൽ വീടുകൾക്കും കൃഷിക്കും ഉണ്ടായ നഷ്ടം തിട്ടപ്പെടുത്തുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു. വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, പഞ്ചായത്ത് എൻജിനീയർ എന്നിവരുടെ ഓരോ സംഘത്തെ ഓരോ വില്ലേജിലും നിയോഗിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനകൾക്ക് പുറമെ ജില്ലയിൽ നിന്നു മാത്രം 227.5 സെന്റ് സ്ഥലമാണ് ലഭിച്ചത്.



# മലപ്പുറം

തമിഴ്നാട്ടിലെ ഗൂഡല്ലൂരും വയനാടും കോഴിക്കോടും പാലക്കാടും തൃശൂരുമാണ് മലപ്പുറത്തിന് അതിരിടുന്ന ജില്ലകൾ. കിഴക്ക് പശ്ചിമഘട്ടവും പടിഞ്ഞാറ് അറബിക്കടലുമാണ് ഭൂമി ശാസ്ത്രപരമായ അതിരുകൾ. നിരവധി ചെറുകുന്നുകൾ നിറഞ്ഞ ഹരിതസമൃദ്ധമായ പ്രദേശമാണ് മലപ്പുറം. ചാലിയാർ, ഭാരതപ്പുഴ, കടലുണ്ടിപ്പുഴ എന്നിവയാണ് പ്രധാന നദികൾ.

നിലമ്പൂരിലുണ്ടായ ഉരുൾപൊട്ടലാണ് ഈ പ്രളയകാലത്ത് മലപ്പുറം നേരിട്ട ആദ്യത്തെ ദുരന്തം. ആഗസ്റ്റ് എട്ടിന് പുലർച്ചെയായിരുന്നു നാടിനെ നടുക്കിയ ദുരന്തമുണ്ടായത്. നിലമ്പൂർ താലൂക്കിലെ ചാലിയാർ പഞ്ചായത്തിൽ എരുമമുണ്ടയ്ക്കടുത്ത് ചെട്ടിയാമ്പാറയിലായിരുന്നു ആറുപേരുടെ മരണത്തിനിടയായ ഉരുൾപൊട്ടലുണ്ടായത്. നാലഞ്ച് വീടുകൾ ഉൾപ്പെടുന്ന ഒരു കിലോ മീറ്റർ പ്രദേശമാണ് ഉരുൾപൊട്ടലിൽ ഒലിച്ചിറങ്ങിയത്.

ജൂലൈ മാസത്തിൽ തന്നെ ജില്ലയുടെ തീരപ്രദേശങ്ങളിൽ നാശനഷ്ടങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ആഗസ്റ്റ് 15, 16 തീയതികൾ ആയപ്പോഴേക്കും മഴ കൂടുതൽ ശക്തമായി. പശ്ചിമഘട്ടത്തിന്റെ പല ഭാഗങ്ങളിലുണ്ടായ ഉരുൾപൊട്ടലും മണ്ണിടിച്ചിലും നദികളിലേക്ക് വെള്ളം ഇരച്ചെത്താൻ കാരണമായി. ഭാരതപ്പുഴയുടെ കൈവഴികളിലെ പ്രധാന ഡാമുകളെല്ലാം തുറന്നിട്ടു. കരകവിഞ്ഞും ഗതിമാറിയും ഒഴുകിയ നദികൾ വലിയ നാശനഷ്ടങ്ങളുണ്ടാക്കി. മലയോരവും തീരപ്രദേശങ്ങളും മറ്റ് ജനവാസ മേഖലകളും ഒരുപോലെ ഭീതിയുടെ നിഴലിലായി. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ദുരന്ത വാർത്തകൾ വന്നു കൊണ്ടിരുന്നു. കൊണ്ടോട്ടിയിലുണ്ടായ മണ്ണിടിച്ചിലാണ് ജില്ലയെ ഞെട്ടിച്ച മറ്റൊരു ദുരന്തം. ആഗസ്റ്റ് 15 ന് കൊണ്ടോട്ടിയിൽ രണ്ടിടത്താണ് മണ്ണിടി ച്ചിലുണ്ടായത്. പെരിങ്ങാവിലും ചെറുകുളമ്പിലുമുണ്ടായ മണ്ണിടിച്ചിലിൽ 12 പേർക്ക് ജീവൻ നഷ്ടമായി. വീടുകൾക്കുമുകളിൽ മണ്ണിടിഞ്ഞുവീണാണ് അപകടങ്ങളുണ്ടായത്. ഏറനാട് താലൂക്കിലെ ഓടക്കയത്ത് എട്ടുപേരുടെ

മരണത്തിനിടയാക്കിയ മണ്ണിടിച്ചിലുണ്ടായി.

## രക്ഷാപ്രവർത്തനം

ഒരേ മനസ്സോടെ പ്രവർത്തിച്ച സർക്കാർ സംവിധാനങ്ങളും ജനപ്രതിനിധികളും ജനങ്ങളും ചേർന്ന് മറ്റ് ജില്ലകളിലെ പോലെ മലപ്പുറത്തും വലിയ ദുരന്തത്തെ അതിജീവിക്കുകയായിരുന്നു. മുഖ്യമന്ത്രി നേരിട്ട് നിയന്ത്രിക്കുന്ന സംസ്ഥാന ദുരന്തനിവാരണ സെല്ലിന്റെ നിർദേശങ്ങൾ, മന്ത്രി കെടി ജലീലിന്റെ ഏകോപനം, സ്പീക്കറുടെ ഇടപെടൽ എല്ലാം ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഊർജമായി. മന്ത്രി സി.കെ ശശീന്ദ്രൻ, റവന്യൂ മന്ത്രി ഇ. ചന്ദ്രശേഖരൻ എന്നിവർ വിവിധ പ്രദേശങ്ങളിൽ സന്ദർശനം നടത്തി സ്ഥിതിഗതികൾ അവലോകനം ചെയ്തു. ഉദ്യോഗസ്ഥർ സമയോചിതമായി ഇടപെട്ടു. ജനപ്രതിനിധികളുടെ അർപ്പണ മനോഭാവം കൂടുതൽ ബോധ്യപ്പെട്ട ദിവസങ്ങൾ കൂടിയായിരുന്നു  അത്. ആരും വിളിക്കാതെ ദുരന്ത മുഖത്തേക്ക് ഓടിവന്ന നാട്ടുകാരും ദുരന്തത്തിന്റെ ആഘാതം കുറക്കാൻ നിസ്വാർഥമായി ഇടപെട്ടു.

## മന്ത്രിമാരുടെ ഇടപെടൽ

നിലമ്പൂരിലെ ദുരന്തവാർത്ത അറിഞ്ഞയുടൻ മന്ത്രി സികെ ശശീന്ദ്രൻ അവിടെയെത്തി. സ്പീക്കർ ശ്രീരാമകൃഷ്ണൻ ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും ജില്ലാ ഭരണകൂടവുമായി ചേർന്ന് സ്ഥിതി അവലോകനം ചെയ്യുകയും ചെയ്തു. നിലമ്പൂരിലെ അപ്രതീക്ഷിതമായ ഉരുൾപൊട്ടലിന്റെ നാളിൽ മന്ത്രി ഡോ. കെ.ടി ജലീൽ ജില്ലയ്ക്ക് പുറത്തായിരുന്നു. ദുരിതാശ്വാസപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുള്ള ചുമതല ഏറ്റെടുത്ത് അദ്ദേഹം നിലമ്പൂരിലെത്തി. പൊതുമരാമത്ത് വകുപ്പിന്റെ അതിഥി മന്ദിരത്തിൽ  ഉദ്യോഗസ്ഥരേയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ ഭാരവാഹികളെയും വിളിച്ച് ചേർത്ത് അദ്ദേഹം സ്ഥിതിഗതികൾ വിലയിരുത്തി. പിന്നീട് വിശ്രമമില്ലാത്ത ഓട്ടമായിരുന്നു. ദുരിതാശ്വാസ ക്യാമ്പുകൾ, ദുരിതബാധിത പ്രദേശങ്ങൾ. പ്രതികൂല കാലാവസ്ഥയും തകർന്ന റോഡുകളുമൊന്നും തടസ്സമായില്ല.  ദുരിതാശ്വാസ ക്യാമ്പുകളിലെ സൗകര്യങ്ങൾ മന്ത്രി നേരിട്ട് വിലയിരുത്തി. ദുരിതബാധിതരോട് നേരിട്ട് സംസാരിച്ച് പ്രശ്നങ്ങൾ മനസ്സിലാക്കി. അവരെ സാന്ത്വനിപ്പിച്ചു.

പൊന്നാനിയിൽ സ്പീക്കർ പി ശ്രീരാമകൃഷ്ണൻ ദുരിതബാധിതർക്ക് സാന്ത്വനവുമായെത്തി. എല്ലാ ക്യാമ്പുകളിലും സ്പീക്കർ നേരിട്ടെത്തി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. ക്യാമ്പുകളിലെ സ്ഥിരം സാന്നിധ്യമായി. വെള്ളമിറങ്ങിയ നാളുകളിൽ ശുചീകരണപ്രവർത്തനങ്ങൾ ഏറ്റെടുത്ത് അദ്ദേഹം നേരിട്ടിറങ്ങിയത് മറ്റുള്ളവർക്ക് ഊർജവും പ്രചോദനവുമായി. സ്പീക്കറുടെ നേതൃത്വത്തിൽ സമൂഹത്തിലെ പല



മേഖലകളിൽ നിന്നും ആളുകളെ വിളിച്ചുകൂട്ടി ജനകീയ ദ്രുതകർമസേനയ്ക്ക് രൂപം നൽകി. പ്രളയ നാശം വിലയിരുത്താൻ പൊന്നാനിയിൽ ഡ്രോൺ സർവേ നടത്തി. നാശനഷ്ടങ്ങൾ സമഗ്രമായി വിലയിരുത്താൻ ഡ്രോൺ സർവേ പ്രയോജനപ്പെട്ടു. എംപിമാരും എംഎൽഎമാരും മറ്റ് ജനപ്രതിനിധികളും ദുരന്തമുഖത്ത് സമയോചിതമായി പ്രവർത്തിച്ചു.

## ജില്ലാഭരണകൂടത്തിന്റെ പ്രവർത്തനങ്ങൾ

സംസ്ഥാന ദുരന്തനിവാരണ സെല്ലിനോട് ആവശ്യപ്പെട്ട സഹായങ്ങൾ ഒട്ടും താമസമില്ലാതെ ലഭ്യമായിക്കൊണ്ടിരുന്നു. കേന്ദ്രസേന, ദുരന്ത നിവാരണസേന, മിലിറ്ററി എഞ്ചിനീയറിങ് വിങ് തുടങ്ങിയവരുടെ സേവനങ്ങൾ യഥാസമയം ദുരന്തബാധിത മേഖലകളിലെത്തി. ദുരന്തത്തിന്റെ വ്യാപ്തി കൂടുന്നതനുസരിച്ച് കൂടുതൽ ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു. ക്യാമ്പുകളിൽ റവന്യൂ ഹെൽപ്പ് ഡസ്കുകൾ ഒരുക്കി. സ്ഥിരം മെഡിക്കൽ ക്യാമ്പും ആംബുലൻസ് സേവനവും ദുരിതാശ്വാസ ക്യാമ്പുകളിൽ ഉറപ്പാക്കി. വൃത്തിയുള്ള ദുരിതാശ്വാസ ക്യാമ്പുകൾ ഒരുക്കാൻ ഉദ്യോഗസ്ഥർക്കും സന്നദ്ധസംഘട നാപ്രവർത്തകർക്കും സാധിച്ചു. ക്യാമ്പുകളിൽ ഭക്ഷണവും വസ്ത്രവും സുലഭമായിരുന്നു. മെച്ചപ്പെട്ട സൗകര്യങ്ങളുള്ള ദുരിതാശ്വാസ ക്യാമ്പുകൾ ഒരുക്കാൻ പിവി അബ്ദുൾ വഹാബ് എംപി നടത്തിയ ഇടപെടലുകളും എടുത്തു പറയേണ്ടതാണ്.

പകർച്ച വ്യാധികൾ പടരാതിരിക്കാൻ മുൻകരുതലുകൾ ആദ്യമേ സ്വീകരിച്ചു. ശുചീ കരണത്തിനും ആരോഗ്യ സംരക്ഷണത്തിനും ആരോഗ്യ വകുപ്പിന്റെ നേതൃത്വം ഉറപ്പാക്കി. തഹസിൽദാർമാരുടെ നേതൃത്വത്തിൽ ഓരോ താലൂക്കിലും ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കി. എല്ലാ ദിവസവും ജില്ലാകലക്ടറുടെ നേതൃത്വത്തിൽ അവലോകന യോഗം ചേർന്നു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രവർത്തിച്ച സംസ്ഥാന ഡിസാസ്റ്റർ സെല്ലുമായി നിരന്തരം ബന്ധപ്പെട്ടു. വെള്ളമിറങ്ങി ജീവിതം സാധാ രണനിലയിലേക്ക് വന്നുതുടങ്ങിയതോടെ ദുരിത ബാധിതരുടെ കണക്ക് തയ്യാറാക്കുന്ന ജോലിയിലേക്കും സഹായധന വിതരണത്തി ലേക്കും ജില്ലാ ഭരണകൂടം കടന്നു.

## മാധ്യമങ്ങളും സമൂഹമാധ്യമങ്ങളും

മാധ്യമങ്ങളുടെ ഉത്തരവാദിത്വബോധം പ്രകടമായ നാളുകളായിരുന്നു അത്. ദുരന്തത്തിന്റെ വ്യാപ്തി അവർ പുറം ലോകത്തെത്തിച്ചു. ഔദ്യോഗിക സംവിധാനങ്ങൾ നൽകുന്ന മുന്നറിയിപ്പുകൾ കൃത്യമായി നൽകിക്കൊണ്ടിരുന്നു. അത് രക്ഷാപ്രവർത്തനത്തിന്റെ ഏകോപനത്തിനും സുരക്ഷിതമായ ഇടങ്ങളിലേക്ക് ആളുകൾക്ക്



സ്വയം മാറാനുമൊക്കെ ഉപകരിച്ചു.

ചാലിയാർപുഴയിലൂടെ കൂട്ടമായി മാനുകൾ ഒഴുകിവരുന്നു എന്ന അടിക്കുറിപ്പോടെ തെറ്റായ ദൃശ്യം വാട്സാപ്പിലൂടെ പ്രചരി പ്പിക്കപ്പെട്ടു. ഒഡിഷയിൽ നിന്നുള്ള ആ ദൃശ്യം താരതമ്യേന നിർദോഷമായ ഒരു വ്യാജ വാർത്തയായിരുന്നു. പിന്നീട് സമൂഹ മാധ്യമം അതിന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞു. അത് രക്ഷാപ്രവർത്തനത്തിന് ഏകോപനമൊരുക്കി. ക്യാമ്പുകളിലേക്ക് അവശ്യസാധനങ്ങൾ എത്തിക്കാനും ദുരന്ത സ്ഥലങ്ങളിലേക്ക് രക്ഷാപ്രവർത്തകരെ എത്തിക്കാനും ശരിയായ വിനിമയം സാധ്യമാക്കി. ആളുകൾ നോക്കി നിൽക്കേ വണ്ടൂരിൽ ഒരു റോഡ് രണ്ടായി പിളർന്നുപോകുന്ന ദൃശ്യം ഒരു സമീപവാസി മൊബൈൽ ഫോണിൽ പകർത്തിയ തായിരുന്നു. അത് പിന്നീട് കേരളത്തിന്റെ ദുരന്തചിത്രങ്ങളുടെ കൂട്ടത്തിൽ മുഖ്യധാരാ മാധ്യമങ്ങളിലും ഇടം നേടി.

നിലമ്പൂരിലെ ഉരുൾപൊട്ടൽ വാർത്തയ്ക്ക് പിന്നാലെ ജില്ലാ ഇൻഫർമേഷൻ



ഓഫീസിൽ നിന്ന് ഒരു ഉദ്യോഗസ്ഥനും ഫോട്ടോഗ്രാഫറും അങ്ങോട്ടുതിരിച്ചു. പിന്നീട് മന്ത്രി കെടി ജലീലിന്റെ ഔദ്യോഗിക അവലോകന യോഗങ്ങളും സന്ദർശനവും വിശദമായി റിപ്പോർട്ട് ചെയ്തു. പ്രളയത്തിന്റേയും പേമാരിയുടേയും ദിനങ്ങളിൽ രണ്ട് ഷിഫ്റ്റുകളിലായി ഉദ്യോഗസ്ഥർ 24 മണിക്കൂറും ഓഫീസിലും ദുരന്ത സ്ഥലങ്ങളിലുമായി ഉണ്ടായിരുന്നു. ആ ദിവസങ്ങളിൽ നാലും അഞ്ചും തവണ വാർത്താക്കുറിപ്പുകൾ നൽകി. ആളുകളിൽ ശരിയായ വാർത്തകൾ എത്തിക്കാൻ സമൂഹ മാധ്യമങ്ങളെ സമർഥമായി ഉപയോഗിച്ചു. സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങളുടെ വിവരം കൃത്യമായി ജനങ്ങളിലെത്തിച്ചു. ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകിയവരെക്കുറിച്ച് മറ്റുള്ളവർക്ക് പ്രചോദനമാകും വിധത്തിലുള്ള റിപ്പോർട്ടുകൾ പത്രക്കുറിപ്പുകളിൽ ഉൾപ്പെടുത്തി.

## ജില്ലയിലുണ്ടായ നാശ നഷ്ടത്തിന്റെ കണക്കുകൾ (തുക ലക്ഷത്തിൽ)

| | |
|---|---|
| മരിച്ചവരുടെ കുടുംബത്തിന് നൽകിയ സഹായ ധനം | – 136 |
| രക്ഷാപ്രവർത്തനം | – 100 |
| മത്സ്യത്തൊഴിലാളികളുടെ രക്ഷാപ്രവർത്തനം | – 37.5 |
| ദുരിതാശ്വാസ ക്യാമ്പുകൾ | – 100.2463 |
| അവശ്യസാധനങ്ങൾ | – 1325.33 |
| പൊതുസ്ഥലങ്ങളിലെ മാലിന്യം നീക്കം ചെയ്യൽ | – 466.75 |
| കെട്ടിനിന്ന വെള്ളം നീക്കം ചെയ്യുന്നതിനും ഓടകൾ വൃത്തിയാക്കുന്നതിനും | – 105.60 |
| ജന്തുക്കളുടെ ശരീരാവശിഷ്ടങ്ങൾ നീക്കുന്നതിന് | – 28.5945 |
| കൃഷിഭൂമിയിലെ ചെളിനീക്കുന്നതിന് | – 1978.28 |
| മത്സ്യ ഫാമുകളുടെ പുനരുജ്ജീവനത്തിന് | – 31. 74138 |
| വിളനാശം | – 666.561 |
| കന്നുകാലി – പക്ഷി ഫാമുകൾ | – 285.9675 |
| കാലിത്തീറ്റ | – 2 |
| മത്സ്യമേഖല | |
| വള്ളം, വല | – 1.69 |
| കൈത്തൊഴിൽ മേഖല | – 0.123 |
| പൂർണമായി തകർന്ന വീടുകൾ | – 709.224 |
| തകർന്ന വീടുകൾ | – 3548.18 |
| ഭാഗികമായി തകർന്ന വീടുകൾ | – 764 |
| കാലിത്തൊഴുത്തുകൾ | – 2.9875 |
| റോഡുകൾ | – 1280.67 |
| പാലങ്ങൾ | –18 |
| വൈദ്യുതി മേഖല | –136.2535 |
| ജലസേചനം | – 34.30 |
| ജലവിതരണം | – 139.50 |
| കിണറുകൾ, ജലസംഭരണികൾ | – 4.40 |
| പഞ്ചായത്ത് സ്കൂളുകൾ | – 182 |
| പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ | – 14.00 |
| അംഗൻവാടി | – 4 |
| മുനിസിപ്പാലിറ്റി റോഡ് | – 196.902 |
| മുനിസിപ്പാലിറ്റി പാലങ്ങൾ | – 0.60 |
| പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ | – 4 |
| ആകെ നഷ്ടം | – 16471.804 |



# കോഴിക്കോട്

ജൂൺ 13, 14 തീയതികളിലാണ് ജില്ലയിൽ പേമാരിയും ഉരുൾപൊട്ടലും ആദ്യം നാശം വിതച്ചത്. കാലവർഷക്കെടുതി നേരിടാൻ ജില്ലയിൽ കളക്ടറേറ്റിലും താലൂക്ക് കേന്ദ്രങ്ങളിലും 24 മണിക്കൂറും പ്രവത്തിക്കുന്ന കൺട്രോൾ റൂം തുറന്നു. മലയോര മേഖലയിൽ പുനരധിവാസ കേന്ദ്രങ്ങൾ ഒരുക്കി. ജനങ്ങൾക്കും മത്സ്യത്തൊഴിലാളികൾക്കും ജാഗ്രതാനിർദേശം നൽകി.

13ന് ആനക്കാംപൊയിലിലും പുല്ലൂരാംപാറയിലും ഉരുൾപൊട്ടി. ഈ മേഖലയിൽ 26 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു. റവന്യൂ, പോലീസ്, ഫയർഫോഴ്സ് എന്നിവരുടെ നേതൃത്വത്തിൽ ജനപ്രതിനിധികളും നാട്ടുകാരും രക്ഷാപ്രവർത്തനങ്ങളിൽ പൂർണ സമയവും പങ്കാളികളായി. അതിനാൽ ഈ പ്രദേശങ്ങളിൽ ആളപായമുണ്ടായില്ല.

13ന് കൂടരഞ്ഞി, തിരുവമ്പാടി, കാരശ്ശേരി, കോടഞ്ചേരി പഞ്ചായത്തുകളിലും 14 ന് ജില്ലയിലാകെയും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു.

പുല്ലൂരാംപാറ സെന്റ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂൾ, മുത്തപ്പൻപുഴ സെന്റ് സെബാസ്റ്റ്യൻസ് എൽ.പി. സ്കൂൾ, കരിമ്പ് പാരിഷ്ഹാൾ, ചെമ്പുകടവ് ഗവ. യു.പി സ്കൂൾ, നൂറാംതോട് എ.എൽ.പി. സ്കൂൾ എന്നിവിടങ്ങളിൽ ക്യാമ്പുകൾ ആരംഭിച്ചു. അഞ്ച് ക്യാമ്പുകളിലായി 119 കുടുംബങ്ങളിലെ 474 പേരെ മാറ്റിപാർപ്പിച്ചു.

ജൂൺ 14ന് കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ കരിഞ്ചോല മലയിൽ ഉരുൾപൊട്ടി ആറു വീടുകൾ മണ്ണിനടിയിലായി. 13 പേർ മരിച്ചു. ആദ്യദിനം മൂന്ന് കുട്ടികളടക്കം ഏഴ് പേരുടെ മൃതദേഹങ്ങൾ കണ്ടെടുത്തു. ഒരു കുഞ്ഞിന്റെ മൃതദേഹം 15ന് വെള്ളിയാഴ്ചയും നാല് പേരുടെ മൃതദേഹങ്ങൾ 16ന് ശനിയാഴ്ചയും ഒരു സ്ത്രീയുടെ മൃതദേഹം 17ന് ഞായറാഴ്ചയും രക്ഷാപ്രവർത്തകർ കണ്ടെടുത്തു. കാണാതായ ഒരു സ്ത്രീക്ക് വേണ്ടി ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് തിരച്ചിൽ നടത്തി.

ഉരുൾപൊട്ടിയ വിവരമറിഞ്ഞയുടൻ ജില്ലാ ഭരണകൂടം ഉണർന്ന് പ്രവർത്തിച്ചു. ദുരന്തനിവാരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. പോലീസും ഫയർഫോഴ്സും നാട്ടുകാരും നടത്തിയ തിരച്ചിലിലാണ് ആദ്യ ദിവസം തന്നെ ഏഴ് മൃതദേഹങ്ങൾ കണ്ടെടുത്തത്.

13നും 14നുമുണ്ടായ പേമാരിയിലും ഉരുൾപൊട്ടലിലും ദുരിതബാധിതരായവർക്കു വേണ്ടി താമരശ്ശേരി താലൂക്കിൽ 27 ക്യാമ്പുകളിൽ 492 കുടുംബങ്ങളേയും കോഴിക്കോട് താലൂക്കിൽ 15 ക്യാമ്പുകളിൽ 84 കുടുംബങ്ങളേയും കൊയിലാണ്ടി താലൂക്കിൽ ഏഴ് ക്യാമ്പുകളിൽ 58 കുടുംബങ്ങളേയും ആണ് മാറ്റി പാർപ്പിച്ചിരുന്നത്. വടകര താലൂക്കിൽ മൂന്ന് ക്യാമ്പുകളിൽ 12 കുടുംബങ്ങളെ മാറ്റി താമസിപ്പിച്ചു. ആകെ 646 കുടുംബങ്ങളിലായി 2848 പേരെയാണ് ദുരിതാശ്വാസ കേന്ദ്രങ്ങളിലേക്ക് മാറ്റിയത്.

മഴ ശമിച്ചതോടെ വീട് തകർന്നിട്ടില്ലാത്ത കുടുംബങ്ങൾ തിരിച്ചു പോയി. ഇവർക്ക് കുടിവെള്ളം എത്തിക്കുന്നതിനും കിണറുകൾ ശുചിയാകുന്നതിനും നടപടി സ്വീകരിച്ചു. ജലനിരപ്പ് ഉയർന്നതിനാൽ ഷട്ടർ തുറന്ന കക്കയം പെരുവണ്ണാമൂഴി ഡാമുകൾ വീണ്ടും അടച്ചതോടെ താഴ്ന്ന നിലങ്ങളിൽ വെള്ളക്കെട്ടിന് ശമനമായി. 450 ഹെക്ടറിലേറെ കൃഷി നശിച്ചതായാണ് പ്രാഥമിക കണക്ക്.

## എം.എൽ.എമാരും മന്ത്രിമാരും നടത്തിയ പ്രവർത്തനം

ജൂൺ 14ന് കളക്ടറേറ്റിലെ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി കേന്ദ്രത്തിൽ റവന്യൂ മന്ത്രി. ഇ.ചന്ദ്രശേഖരന്റെ അധ്യക്ഷതയിൽ ജില്ലയുടെ ചുമതലയുള്ള തൊഴിൽ, എക്സൈസ് മന്ത്രി ടി.പി. രാമകൃഷ്ണൻ, ഗതാഗത മന്ത്രി. എ.കെ. ശശീന്ദ്രൻ എന്നിവരുടെ സാന്നിധ്യത്തിൽ ദുരന്തനിവാരണ അതോറിട്ടി യോഗം ചേർന്ന് പ്രവർത്തനങ്ങൾക്ക് രൂപം നൽകി. ആവശ്യമായ പ്രദേശങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ കൂടുതൽ ആരംഭിക്കുന്നതിനും മന്ത്രിമാർ നിർദേശം നൽകി.

തുടർന്ന് മന്ത്രിമാരായ ടി.പി. രാമകൃഷ്ണനും എ.കെ. ശശീന്ദ്രനും കരിഞ്ചോലമലയിലെത്തി ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ദേശീയ ദുരന്തനിവാരണ സേനയുടെ അംഗങ്ങൾ കരിഞ്ചോലമലയിൽ തിരച്ചിലിൽ പങ്കാളികളായി. എം.കെ.രാഘവൻ എം പി, എം.എൽ.എമാരായ കാരാട്ട് റസാഖ്,

ജോർജ് എം തോമസ്, പി.ടി.എ.റഹിം, പുരുഷൻ കടലുണ്ടി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബാബു പറശ്ശേരി, ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ തുടങ്ങിയവർ രക്ഷാപ്രവർത്തനങ്ങളിൽ വിവിധ കേന്ദ്രങ്ങളിൽ പങ്കാളികളായി.

എല്ലാ ദിവസവും മന്ത്രിമാർ നേരിട്ട് കരിഞ്ചോലമലയിലെത്തി ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. വിവിധ പുനരധിവാസ ക്യാമ്പുകൾ സന്ദർശിച്ച് മന്ത്രിമാരും എം.എൽ.എമാരും താമസം, ഭക്ഷണം, കുടിവെള്ളം, ചികിത്സ തുടങ്ങിയ സംവിധാനങ്ങൾ ഉറപ്പു വരുത്തി.

റവന്യൂ, പഞ്ചായത്ത് വകുപ്പുകളാണ് പുനരധിവാസ കേന്ദ്രങ്ങളുടെ ചുമതല വഹിച്ചത്. മന്ത്രിമാരായ ടി.പി.രാമകൃഷ്ണന്റെയും എ.കെ ശശീന്ദ്രന്റെയും നേതൃത്വത്തിൽ എല്ലാ ദിവസവും ജില്ലാതലത്തിലും ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിലയിരുത്തി. ജില്ലാ കളക്ടർ യു.വി. ജോസിന്റെ നേതൃത്വത്തിൽ കർമനിരതമായ പ്രവർത്തനങ്ങളാണ് ജില്ലയിൽ വിവിധ വകുപ്പുകൾ നടത്തിയത്.

താമരശ്ശേരി ചുരം റോഡ് ഇടിഞ്ഞതിനെ തുടർന്നുണ്ടായ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ മന്ത്രിമാരായ ടി.പി.രാമകൃഷ്ണൻ, എ.കെ. ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി, എം എൽ എമാരായ സി.കെ. ശശീന്ദ്രൻ, ജോർജ് എം തോമസ്, കോഴിക്കോട് ജില്ലാ കളക്ടർ യു.വി. ജോസ്, വയനാട് ജില്ലാ കളക്ടർ എ.ആർ. അജയകുമാർ എന്നിവർ ചിപ്പിലിത്തോട് സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി.

മൂന്നു മാസത്തിനകം റോഡ് പുനർനിർമിക്കുന്നതിനും ചുരം റോഡിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ വിശദമായ പഠനം നടത്തുന്നതിനും ജൂൺ 17ന് ചിപ്പിലിത്തോടിൽ നിന്ന് വയനാട്ടിലേക്കും കോഴിക്കോട്ടേക്കും കെ.എസ്.ആർ.ടി.സി ഓർഡിനറി സർവീസ് നടത്തുന്നതിനും സൂപ്പർക്ലാസ് ബസുകൾ കുറ്റ്യാടി-മാനന്തവാടി വഴി മൈസൂർ, ബംഗ്ലൂർ സർവീസ് നടത്തുന്നതിനും മന്ത്രിമാരുടെ സാന്നിധ്യത്തിൽ തീരുമാനമെടുത്തു.

കോഴിക്കോട് ജില്ലയിൽ നിന്ന് വയനാട്ടിലേക്കുള്ള റോഡുകൾ അടിയന്തരമായി അറ്റകുറ്റപണി നടത്തി ഗതാഗതയോഗ്യമാക്കാനും നിർദേശം നൽകി. ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന പൂർണമായും വീട് നഷ്ടപ്പെട്ടവർക്ക് താമസവും



ഭക്ഷണവും ലഭ്യമാക്കി. ജില്ലാ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ ചികിത്സാ സൗകര്യങ്ങളും ഒരുക്കി.

വൈദ്യുതി തടസ്സം പരിഹരിക്കാനും നടപടി ഊർജിതമാക്കി. കിണറുകളിലും ജല സ്രോതസ്സുകളിലും മാലിന്യം കലർന്നതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും വില്ലേജ് ഓഫീസുകളുടേയും സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ കുടിവെള്ളം ശുചീകരിക്കാൻ നിർദ്ദേശം നൽകി. സർക്കാർ സഹായത്തിനായി കാത്തു നിൽക്കാതെ മനുഷ്യത്വപരമായ ഈ പ്രവർത്തനങ്ങളിൽ എല്ലാവരും ഒറ്റക്കെട്ടാകണമെന്നും മന്ത്രിമാർ നിർദ്ദേശിച്ചു.

പുതുപ്പാടി പഞ്ചായത്ത് കണ്ണപ്പൻകുണ്ടിലെ ഉരുൾപൊട്ടിയ മേഖലകളും ദുരിതാശ്വാസ ക്യാമ്പുകളും റവന്യൂ മന്ത്രി ഇ ചന്ദ്രശേഖരൻ സന്ദർശിച്ചു. ഉരുൾപൊട്ടിയ മട്ടിക്കുന്ന് പാലം, കണ്ണപ്പൻകുണ്ട് പാലം, ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന മണൽവയൽ എ.കെ.ടി.എം സ്കൂൾ, മൈലള്ളാംപാറ സെന്റ് ജോസഫ് യുപി സ്കൂൾ എന്നിവിടങ്ങളാണ് മന്ത്രി സന്ദർശിച്ചത്.

കോഴിക്കോട് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ പ്രളയബാധിത മേഖലയിലെ പ്രത്യേക ശുചീകരണ യജ്ഞത്തിന് ജാഫർഖാൻ കോളനി പരിസരത്ത് തൊഴിൽ എക്സൈസ് മന്ത്രി ടി.പി. രാമകൃഷ്ണൻ നേതൃത്വം നൽകി.



പശ്ചിമ ബംഗാളിൽ നിന്നും സന്നദ്ധ സംഘടനയുടെ 18 വോളന്റിയർമാർ ഉൾപ്പെടെ ഉദ്യോഗസ്ഥർ, വിദ്യാർഥികൾ, പോലീസുകാർ, രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ, കളക്ടറുടെ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വോളന്റിയർമാർ, കോർപ്പറേഷൻ ശുചീകരണ തൊഴിലാളികൾ, പൊതുജനങ്ങൾ എന്നിവരാണ് ശുചീകരണത്തിൽ പങ്കു ചേർന്നത്. കോഴിക്കോട് ജില്ലയിൽ അയ്യായിരം പേരാണ് ദുരിതാശ്വാസ ക്യാമ്പുകളിൽ ഉണ്ടായിരുന്നത്. ജില്ലയിലെ 171 കുടുംബങ്ങളുടെ വീടുകൾ പൂർണമായും തകർന്ന നിലയിലായിരുന്നു. ഇവരെ മറ്റിടങ്ങളിൽ താമസിപ്പിക്കുന്ന നടപടികൾ നടന്നു. 2000 വോളന്റിയർമാരുടെ സഹായത്തോടെ ഒറ്റ ദിവസം കൊണ്ട് കോർപറേഷനിലെ മുഴുവൻ മേഖലയും ശുചീകരിക്കുന്ന പ്രവർത്തനമാണ് നടത്തിയത്.

## പ്രധാന വകുപ്പുകളുടെ ഏകോപിപ്പിച്ച പ്രവർത്തനങ്ങൾ

പ്രളയബാധിതർക്ക് സഹായ വെളിച്ചവുമായി ജില്ലയിലെ വയർമാൻ ആൻഡ് സൂപ്പർവൈസേർസ് അസോസിയഷനും ഇലക്ട്രിക്കൽ കോൺട്രാക്ടേഴ്സ് അസോസിയേഷനും വൈദ്യുതി വകുപ്പുമായി ചേർന്ന് പ്രവർത്തിച്ചു.

കെഎസ്എബിയുടെ സ്ക്വാഡ് ജില്ലയിലെ പ്രളയബാധിതമായ 5000 വീടുകൾ സന്ദർശിച്ചു. ഭൂരിഭാഗം വീടുകളിലും ചെറിയ പ്രശ്നങ്ങൾ പരിഹരിച്ചു വൈദ്യുതി ബന്ധം പുനസ്ഥാപിച്ചു. പ്രളയാനന്തരം വീടുകളിൽ തിരിച്ചെത്തുന്നവർക്കായി വൈദ്യുതി പ്രവർത്തിപ്പിക്കാനാവശ്യമായ സുരക്ഷാനിർദേശങ്ങളും കെഎസ്ഇബി നൽകി.

## രേഖകൾ ലഭ്യമാക്കി അദാലത്ത്

പ്രളയത്തിൽ രേഖകളും സർട്ടിഫിക്കറ്റുകളും നഷ്ടമായവർക്കായി താലൂക്ക് കേന്ദ്രീകരിച്ച് അദാലത്ത് നടന്നു. സ്കൂൾ സർട്ടിഫിക്കറ്റുകൾ മുതൽ ഭൂമിയുടെ ആധാരം വരെയുള്ള രേഖകൾ നഷ്ടമായവർ പുതിയ രേഖകൾക്കായി അദാലത്തിൽ പങ്കെടുത്തു. റേഷൻകാർഡുകളും ഇലക്ഷൻ ഐഡി കാർഡും അദാലത്തിൽ നൽകി. വിദ്യഭ്യാസരേഖകൾ നഷ്ടമായവരുടെയും ഡ്രൈവിംഗ് ലൈസൻസ് നഷ്ടമായവരുടെയും പരാതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കൈപ്പറ്റി.

## ജലവിതരണ സംവിധാനങ്ങൾ പുനഃസ്ഥാപിച്ച് ജലവിഭവ വകുപ്പ്

പ്രളയത്തിൽ മുടങ്ങിപ്പോയ 19 കുടിവെള്ള പദ്ധതികളും യുദ്ധകാലാടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി പൂർവസ്ഥിതിയിലാക്കി. ജൂൺ 13നും 14നും പെയ്ത കനത്ത മഴയിൽ

പൂനൂർ, ഇരുവഴിഞ്ഞി, ചെറുപുഴ പുഴകളുടെ തീരങ്ങളിലുള്ള പമ്പ് ഹൗസുകളിൽ വെള്ളം കയറി. ഇലക്ട്രിക് ഉപകരണങ്ങൾ ഉൾപ്പെടെയുള്ളവ മാറ്റി സ്ഥാപിക്കേണ്ടി വന്നു. തിരുവമ്പാടി,താമരശ്ശേരി, കിഴക്കോത്ത്, മടവൂർ, കോഴഞ്ചേരി എന്നിവിടങ്ങളിലെ പമ്പ് ഹൗസുകളിലെ ഇലക്ട്രിക് സംവിധാനങ്ങളുൾപ്പെടെയാണ് തകരാറിലായത്. അക്ഷീണ പ്രയത്നത്താൽ രണ്ടു ദിവസങ്ങൾക്കുള്ളിൽ ഇവിടങ്ങളിൽ കുടിവെള്ള വിതരണം പുനസ്ഥാപിച്ചുവെങ്കിലും പിന്നാലെ വന്ന മഹാപ്രളയം ഇവ ഉൾപ്പെടെ 19 കുടിവെള്ളപദ്ധതികളെ തകർത്തെറിഞ്ഞു.

വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമമായ പ്രവർത്തനം മൂലം ഉടനെ തന്നെ 13 പദ്ധതികളുടെ കുടിവെള്ള വിതരണം പുനരാരംഭിക്കാനായി. വെള്ളം പൂർണമായി ഒഴിഞ്ഞതിനു ശേഷമാണ് മറ്റ് പദ്ധതികളുടെ തകരാറുകൾ പരിഹരിക്കുന്നതിന് നടപടികൾ ആരംഭിക്കാനായത്. പ്രളയത്തിൽ ജില്ലയിൽ ജൂണിൽ 29.3 ലക്ഷം രൂപയും ആഗസ്റ്റിൽ മാസത്തിൽ 40 ലക്ഷം രൂപയും ആണ് വാട്ടർ അതോറിറ്റി നഷ്ടം കണക്കാക്കുന്നത്. പ്രളയബാധിത പ്രദേശങ്ങളിലെ കുടിവെള്ളം സൗജന്യമായി പരിശോധിക്കുന്നതിനുള്ള സൗകര്യം വാട്ടർ അതോറിറ്റിയുടെ മലാപ്പറമ്പിലുള്ള ക്വാളിറ്റി കൺട്രോൾ ലാബിൽ ലഭ്യമാക്കി.

## ഓപ്പറേഷൻ നവജീവൻ

ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് മെഡിക്കൽ സഹായം എത്തിക്കുന്നതിനായി ഓപ്പറേഷൻ നവജീവൻ ആരംഭിച്ചു. ജില്ലാ ആരോഗ്യവകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ, എയ്ഞ്ചൽസ്, കേരള പ്രൈവറ്റ് ഹോസ്പിറ്റൽ അസോസിയേഷൻ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, സന്നദ്ധ സംഘടനകൾ എന്നിവർ സംയുക്തമായി രൂപീകരിച്ച മിഷനാണ് ഓപ്പറേഷൻ നവജീവൻ.

ജില്ലയിൽ എല്ലാ ദുരിതാശ്വാസ ക്യാമ്പുകളിലും ആരോഗ്യ സേവനം സമയബന്ധിതമായി എത്തിക്കുകയായിരുന്നു ഈ സംരംഭത്തിന്റെ ലക്ഷ്യം. മഴക്കെടുതിയെ തുടർന്ന് പകർച്ചവ്യാധി നിയന്ത്രണവും ലക്ഷ്യമിട്ട് ആരോഗ്യവകുപ്പ് 'രോഗപ്രതിരോധം കുട്ടിക്കാലത്ത് തന്നെ' എന്ന കൈപ്പുസ്തകം പുറത്തിറക്കി.

## ആയുർവേദ മെഡിക്കൽ ക്യാമ്പുകൾ

ദുരിതാശ്വാസ ക്യാമ്പുകളിൽ അഭയം തേടിയവർക്കുവേണ്ടി ഭാരതീയ ചികിത്സാ വകുപ്പിന്റെ നേതൃത്വത്തിൽ ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ, ആയുർവേദ ഹോസ്പിറ്റൽ മാനേജ്മെന്റ്



അസോസിയേഷൻ, ആയുർവേദ ഡ്രഗ് മാനുഫാക്ച്വേഴ്സ് ഓർഗനൈസേഷൻ, കെ.എം. സി.ടി ആയുർവേദ മെഡിക്കൽ കോളേജ് എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ആയുർവേദ മെഡിക്കൽ ക്യാമ്പുകൾ പ്രവർത്തിച്ചു.

ദുരിതബാധിതരുടെ പുനരധിവാസവും കേരളത്തിന്റെ പുനർനിർമാണവും ലക്ഷ്യമിട്ട് ജില്ലയിലെ 500 ഓളം സ്വകാര്യബസുകൾ ദുരിതാശ്വാസ സർവീസ് നടത്തി.

യാത്രക്കാരിൽ നിന്ന് ലഭിക്കുന്ന തുകയോടൊപ്പം ബസ് ജീവനക്കാരുടെ ഒരു ദിവസത്തെ വേതനം ഉൾപ്പെടെയാണ് ദുരിതാശ്വാസ നിധിയിലേക്ക് കൈമാറിയത്.

പ്രളയദുരിതബാധിതരെ സഹായിക്കാൻ ജില്ലയിലെ ന്യായാധിപന്മാരും ബാർ അസോസിയേഷനിലെ വക്കീലന്മാരും ജീവനക്കാരും ഗുമസ്തരും



കോഴിക്കോട് ഇൻഡോർ സ്റ്റേഡിയത്തിൽ കളക്ഷൻ സെന്ററിൽ നടത്തിയ ദുരിതാശ്വാസ സമാഹരണ യജ്ഞത്തിൽ പങ്കാളികളായി.

### ദുരന്തനിവാരണസെല്ലിന്റെ പ്രവർത്തനം

ജില്ലാദുരന്തനിവാരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ കോഴിക്കോട് നഗരപ്രദേശം, ഫറോക്ക്, കൊയിലാണ്ടി, വടകര, താമരശ്ശേരി എന്നിങ്ങനെ വിവിധ മേഖലകളായി തിരിഞ്ഞ് ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി മെഡിക്കൽ മാനേജ്മെന്റ് അംഗങ്ങളെ നിയോഗിച്ചു. എ.ഡി.എമ്മിന്റയും ഡപ്യൂട്ടി കളക്ടർമാരുടെയും ഡോക്ടർമാരുടെയും നേതൃത്വത്തിൽ റവന്യൂ ആരോഗ്യ പ്രവർത്തകരും ചേർന്ന മാനേജ്മെന്റ് ടീമാണ് പ്രളയാനന്തര പ്രവർത്തങ്ങൾ ഏകോപിപ്പിച്ചത്.

### ഏകോപനം

ജില്ലയിലെ ക്യാമ്പുകളിൽ നിന്ന് ആവശ്യം അറിയിച്ച് ജില്ലാ ഭരണകൂടത്തിന് ലഭിച്ച അത്യാവശ്യ വസ്തുക്കളുടെ പട്ടിക ദിവസം തോറും പത്ര ദൃശ്യമാധ്യമങ്ങൾ വഴി അറിയിപ്പായി നൽകി. ഇത്തരത്തിൽ വാർത്ത പ്രസിദ്ധീകരിക്കപ്പെട്ടതോടെയാണ് സഹായപ്രവാഹം ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ നിന്ന് എത്തിയത്. മണിക്കൂറുകൾ കൊണ്ട് തന്നെ അവശ്യ വസ്തുക്കൾ ക്യാമ്പുകളിൽ ലഭ്യമാക്കാൻ സാധിച്ചു. മറ്റു ജില്ലകളിലേക്കുമുള്ള അവശ്യ വസ്തുക്കളും ഇത്തരത്തിൽ ലഭ്യമാക്കാനായി.

കളക്ട്രേറ്റ്, റവന്യൂ, ഡിസാസ്റ്റർ മാനേജ്മെന്റ്, പോലീസ്, സാമൂഹ്യനീതി തുടങ്ങി ഓഫീസുകളുടെ ഔദ്യോഗിക അറിയിപ്പുകളും ക്യാമ്പുകളിൽ നിന്ന് ഉൾപ്പെടെയുള്ള ആവശ്യങ്ങളും ഏകോപിപ്പിച്ച് ഉദ്യോഗസ്ഥ തലത്തിലും മാധ്യമങ്ങൾക്കും ജില്ലാ ഇൻഫർമേഷൻ ഓഫീസ് വഴി കൈമാറി.



# വയനാട്

വയനാട് കണ്ട ഏറ്റവും വലിയ പ്രളയകാലമാണ് കടന്നുപോയത്. സമുദ്രനിരപ്പിൽ നിന്നും രണ്ടായിരത്തിലധികം അടി ഉയരത്തിലുള്ള ഭൂപ്രദേശം അതിവർഷത്തിൽ സ്തംഭിച്ചു. കാർഷികമേഖലയടക്കം കനത്ത നാശമാണ് ഇവിടെയുണ്ടായത്. മലയോരങ്ങളിൽ നിന്നുള്ള മണ്ണിടിച്ചിലും ഉരുൾ പൊട്ടലും ഒട്ടനവധി കുടുംബങ്ങളുടെ സ്വപ്നങ്ങൾ തകർത്തു. കരകവിഞ്ഞൊഴുകിയ കബനിയും ഗ്രാമങ്ങളെ ദിവസങ്ങളോളം വെള്ളത്തിൽ മുക്കി. നിരവധി വീടുകളും കൃഷിയിടങ്ങളും വെള്ളത്തിൽ ആഴ്ന്നതോടെ എല്ലാം നഷ്ടപ്പെട്ടവരുടെ സങ്കടക്കടലായി വയനാടും മാറുകയായിരുന്നു.

രണ്ട് ഘട്ടങ്ങളിലായാണ് ജില്ലയെ പ്രളയം വിഴുങ്ങിയത്. ജൂൺ ,ജൂലൈ മാസത്തിൽ തന്നെ മൺസൂൺ മഴ ശക്തമായിരുന്നു. പതിവു വർഷങ്ങളിൽ നിന്നും വിഭിന്നമായി കനത്ത മഴ ഇടവേളകളില്ലാതെ പെയ്യാൻ തുടങ്ങിയതോടെ തോടും പുഴകളും മണിക്കൂറുകൾക്കകം നിറഞ്ഞൊഴുകാൻ തുടങ്ങി. ദിവസങ്ങൾ തുടർച്ചയായി പെരുമഴ പെയ്തതോടെ ഭീതിയുടെ നിഴലിലാവുകയായിരുന്നു വയനാട് മുഴുവൻ. പ്രളയം വീടുകളെയും ലക്ഷ്യം വെക്കാൻ തുടങ്ങിയതോടെ കിട്ടുന്നതെല്ലാം കൈയിൽക്കരുതി സുരക്ഷിത സ്ഥാനത്തേക്ക് വയനാടിന്റെ യാത്രയും തുടങ്ങുകയായിരുന്നു. ആദ്യഘട്ടത്തിൽ തന്നെ നിരവധി ക്യാമ്പുകൾ ജില്ലാ ഭരണകൂടത്തിന് തുറക്കേണ്ടി വന്നു. എന്നാൽ ആഗസ്റ്റ് ഏഴ് മുതൽ തുടങ്ങിയ മഹാമാരിയിലാണ് ജില്ലയെ അക്ഷരാർഥത്തിൽ പ്രളയജലം മുക്കിയത്. കനത്ത മഴയെത്തുടർന്ന് വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ഉരുൾപൊട്ടലും വലിയതോതിൽ ഉണ്ടായി. പല പ്രദേശങ്ങളും ഒറ്റപ്പെട്ടു. ആഗസ്റ്റ് എട്ടിന് 153.34മില്ലിമീറ്റർ, ആഗസ്ത് ഒൻപതിന് 245.37 മില്ലി മീറ്റർ, ആഗസ്റ്റ് 14ന് 116.14 മില്ലീ മീറ്റർ,ആഗസ്റ്റ് 15ന് 111.47 മില്ലീ മീറ്റർ മഴയുമാണ് ജില്ലയിൽ ലഭിച്ചത്. പ്രധാന അണക്കെട്ടുകളായ കാരാപ്പുഴ അണക്കെട്ടിലെ ജലനിരപ്പ് 758.2 എം.എസ്.എൽ ആയും ബാണാസുര സാഗർ അണക്കെട്ടിലെ ജലനിരപ്പ് പരമാവധി സംഭരണ ശേഷിയായ 775.6 എം.എസ്.എല്ലും ഉയർന്നതിനാൽ സുരക്ഷാ മുൻകരുതലുകൾ സ്വീകരിച്ച് ഷട്ടറുകൾ തുറക്കേണ്ടി വന്നു.

### ഒറ്റപ്പെട്ട് മണിക്കൂറുകൾ

ആഗസ്റ്റ് എട്ട്, ഒൻപത് തീയതികളിലെ അതിശക്തമായ മഴയെത്തുടർന്ന് കൽപ്പറ്റ - ലക്കിടി റൂട്ടിൽ പലയിടങ്ങളിലും മണ്ണിടിച്ചിലും ഉരുൾപൊട്ടലും ഉണ്ടാവുകയും ദേശീയപാതയിൽ



## ദുരന്തമുഖങ്ങളിൽ ഇവർ

| | |
|---|---|
| മരണമടഞ്ഞവർ | 16 |
| പരുക്കേറ്റവർ | 26 |

## ക്യാമ്പ് വിവരങ്ങൾ

| | |
|---|---|
| ദുരന്തബാധിതവില്ലേജുകൾ | 49 |
| തുറന്ന ക്യാമ്പുകൾ | 272 |
| ക്യാമ്പുകളിൽ എത്തിയ കുടുംബങ്ങൾ | 9557 |
| ക്യാമ്പുകളിൽ താമസിച്ചവർ | 34138 |

## ക്യാമ്പുകൾ താലൂക്കടിസ്ഥാനത്തിൽ

| താലൂക്ക് | എണ്ണം | കുടുംബങ്ങൾ | ആളുകൾ |
|---|---|---|---|
| വൈത്തിരി | 119 | 3684 | 13444 |
| മാനന്തവാടി | 114 | 4521 | 16361 |
| സുൽത്താൻ ബത്തേരി | 39 | 1352 | 4333 |

ഗതാഗതം തടസ്സപ്പെടുകയും ചെയ്തു. കോഴിക്കോട്, കണ്ണൂർ ജില്ലകളുമായി വയനാടിനെ ബന്ധിപ്പിക്കുന്ന താമരശ്ശേരി ചുരം, പേര്യ ചുരം, കുറ്റ്യാടി ചുരം, പാൽചുരം എന്നിവിടങ്ങളിൽ മണ്ണിടിഞ്ഞ് റോഡ് തകർന്നതിനാൽ ഗതാഗതം തടസ്സപ്പെടുകയും 24 മണിക്കൂറോളം വയനാട് ഒറ്റപ്പെടുകയും ചെയ്തു. താമരശ്ശേരി ചുരത്തിലുണ്ടായ ഉരുൾപൊട്ടലിൽ മണ്ണിടിഞ്ഞു വീണ് ഗതാഗതം തടസ്സപ്പെട്ടപ്പോൾ ഹെലികോപ്റ്റർ വഴിയാണ് ജില്ലാ കളക്ടർ എ.ആർ അജയകുമാറിന് ജില്ലയിൽ എത്താൻ കഴിഞ്ഞത്. ആഗസ്റ്റ് 25 വരെ ജില്ലയിൽ പെയ്ത അതിശക്തമായ മഴയിൽ ജില്ലയിലെ ഉയർന്ന പ്രദേശങ്ങളായ വൈത്തിരി, പൊഴുതന, തവിഞ്ഞാൽ എന്നിവിടങ്ങളിലും മാനന്തവാടി നഗരസഭ,തിരുനെല്ലി പഞ്ചായത്ത് എന്നീ പ്രദേശങ്ങളിലും കനത്ത നാശനഷ്ടങ്ങളാണ് ഉണ്ടായത്.

വൈത്തിരി, മാനന്തവാടി താലൂക്കുകളിലെ എല്ലാ വില്ലേജുകളിലും അതിശക്തമായ മണ്ണിടിച്ചിലും ഉരുൾപൊട്ടലും ഉണ്ടായി. കുറിച്യാർ മല, അമ്മാറ, സുഗന്ധഗിരി, പഞ്ചാരക്കൊല്ലി തുടങ്ങിയ 47 ഇടങ്ങളിലാണ് ചെറുതും വലുതുമായ ഉരുൾപൊട്ടലുകളുണ്ടായത്. പിലാക്കാവ് മണിയൻകുന്ന്, തവിഞ്ഞാൽ ശിവഗിരി കുന്ന്,മക്കിമല,വൈത്തിരി പോലിസ് സ്റ്റേഷൻ കുന്ന് തുടങ്ങിയ 155 സ്ഥലങ്ങളിൽ വൻതോതിൽ മണ്ണിടിഞ്ഞു വീണു. തിരുനെല്ലി പ്ലാമൂല,നെട്ടറ, തവിഞ്ഞാൽ ഉദയഗിരിക്കുന്ന്,പേരിയ ബോയ്സ് ടൗൺ,ദ്വാരക തുടങ്ങിയ 46 സ്ഥലങ്ങളിൽ ഭൂമി പിളർന്നുതാഴ്ന്ന് താഴേക്ക് നിരങ്ങി നീങ്ങുന്ന പ്രതിഭാസത്തിനും സാക്ഷ്യം വഹിക്കേണ്ടി വന്നു. 248 സ്ഥലങ്ങളിലാണ് ഉരുൾപൊട്ടൽ,മണ്ണിടിച്ചിൽ, മണ്ണ് ഇടിഞ്ഞ് താഴേക്ക് നിരങ്ങി നീങ്ങൽ എന്നീ പ്രതിഭാസങ്ങൾ ഉണ്ടായത്. 725 ഏക്കർ സ്ഥലം പൂർണമായും വാസയോഗ്യമോ കൃഷിയോഗ്യമോ അല്ലാത്ത സാഹചര്യത്തിലേക്ക് മാറ്റപ്പെട്ടു. ഇതു 1221 കുടുംബങ്ങളെ പ്രത്യക്ഷമായും പരോക്ഷമായും ബാധിക്കുന്ന അവസ്ഥയാണ് ഉണ്ടാക്കിയത്.

ജൂൺ ഒന്ന് മുതൽ ആഗസ്റ്റ് അവസാനം വരെയുള്ള 80 ദിവസത്തിനുള്ളിൽ 3800 മില്ലീമീറ്റർ മഴയാണ് വയനാട്ടിൽ പെയ്തത്. കഴിഞ്ഞ 10വർഷങ്ങളിലെ വാർഷിക ശരാശരി 2240 മില്ലീ മീറ്റർ ആയിരിക്കെ ഇത്തവണ വയനാടിനെ അതിവർഷം വിഴുങ്ങുകയായിരുന്നു. ബാണാസുര, പൊഴുതന പേരിയ, വൈത്തിരി മേഖലകളിൽ 4800 മില്ലീ മീറ്റർ മഴ ഈ ദിവസങ്ങളിൽ പെയ്തു.ബാണാസുരമലയിൽ നിന്നും മലവെള്ളം കുത്തിയൊഴുകി ബാണാസുര അണക്കെട്ടിലേക്ക് വൻതോതിൽ മഴവെള്ളം പ്രവഹിച്ചുകൊണ്ടിരുന്നു. അണക്കെട്ട് പരമാവധി സംഭരണശേഷിയിൽ നിറഞ്ഞതോടെ ഷട്ടർ തുറക്കേണ്ടിവന്നു.

### കരുതലേകി ജില്ലാ ഭരണകൂടവും രക്ഷാപ്രവർത്തകരും

അടിയന്തര സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി രൂപീകരിച്ചിട്ടുള്ള ജില്ലാ

എമർജൻസി ഓപ്പറേറ്റിംഗ് സെന്റർ കളക്ടറേറ്റിൽ 24 മണിക്കൂറും പ്രവർത്തിച്ചു. ജില്ലാ കളക്ടർ എ.ആർ അജയകുമാറിന്റെ നേതൃത്വത്തിൽ റവന്യൂ, പോലീസ്, ഫയർ&റസ്ക്യൂ വകുപ്പുകളിലെ ഉദ്യോഗസ്ഥരും മുഴുവൻ സമയവും കർമനിരതരായിരുന്നു. കൂടാതെ ഈ സെല്ലിൽ ദേശീയ ദുരന്ത നിവാരണസേനയിൽ നിന്ന് ഒരാളെയും ഉൾപ്പെടുത്തി. ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, കന്നട, തെലുങ്ക് , ബംഗാളി, മറാത്തി, രാജസ്ഥാനി എന്നീ ഭാഷകൾ കൈകാര്യം ചെയ്യുന്നവരെക്കൂടി കൺട്രോൾ റൂമിൽ നിയോഗിച്ചു.ജില്ലാതല ഉദ്യോഗസ്ഥർ മുതൽ ഫീൽഡ് ലെവൽ ഉദ്യോഗസ്ഥന്മാർ വരെയുള്ളവരുടെ ഫോൺ നമ്പറുകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വാട്സ് ആപ്പ് ഗ്രൂപ്പും തയ്യാറാക്കിയിരുന്നു.

ദുരന്തസാധ്യതകൾ ഉള്ള പ്രദേശങ്ങളിൽ വിദഗ്ധ സംഘത്തെ അയച്ച് പരിശോധന നടത്തി അടിയന്തരമായി മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികളും എടുത്തു. അണക്കെട്ടുകളുടെ ഷട്ടർ ഉയർത്തുന്നതിന് മുമ്പ് പ്രദേശവാസികൾക്ക് ജാഗ്രതാനിർദേശം നൽകി. ഇതിനായി ആരാധനാലയങ്ങളിലൂടെ മൈക്ക് അനൗൺസ്മെന്റ് ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ ഉപയോഗപ്പെടുത്തിയിരുന്നു. കർണാടകയിലെ കബനി, നുഗു എന്നീ ഡാമുകളിലെ ജലനിരപ്പ് ഉയരുന്നതും വയനാട്ടിൽ പ്രളയത്തിന് കാരണമാകുമെന്നതിനാൽ അവിടുത്തെ ജില്ലാ ഭരണകൂടങ്ങളുമായി നിരന്തരം ബന്ധപ്പെട്ട് ജലനിരപ്പ് താഴ്ത്താൻ നടപടി സ്വീകരിച്ചു. ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ ഏകോപനത്തിനും ജില്ലാ കളക്ടറെ സഹായിക്കുന്നതിനും സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഓഫീസർ രാജമാണിക്യം ഐ.എ.എസിന്റെയും കേശവേന്ദ്രകുമാർ ഐ.എ.എസിന്റെയും ഇടപെടലുകൾ ജില്ലയുടെ അതിജീവനത്തിന് ഊർജമായി.

## അതിജീവനത്തിന്റെ കൈത്താങ്ങ്

വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവ കാരണം ഒറ്റപ്പെട്ടുപോയ സ്ഥലങ്ങളിൽ നിന്നും ആളുകളെ മാറ്റിപാർപ്പിക്കുന്നതിന് പോലീസ്-ഫയർ ഫോഴ്സ് ഉദ്യോഗസ്ഥരുടേയും, ആർമി (84 പേർ), നേവി (31 പേർ), എൻ.ഡി. ആർ.എഫ് (51 പേർ)എന്നീ സേനകളുടേയും, പ്രാദേശിക സന്നദ്ധ സേന (തുർക്കി), റെഡ്ക്രോസ് മുതലായ സന്നദ്ധ സംഘടനകളുടേയും സഹായം ജില്ലാ ഭരണകൂടം അടിയന്തരമായി ലഭ്യമാക്കി. ആഗസ്റ്റ് 10 ന് നേവി,എൻ.ഡി.ആർ. ഫ്, കണ്ണൂർ ഡി.എസ്.സി യൂണിറ്റ് എന്നിവർ ജില്ലയിലെത്തി രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടു. ഫയർ ഫോഴ്സ്, ഡി.ടി.പി.സി, നേവി, സ്വകാര്യ ഏജൻസികൾ ഉൾപ്പടെയുള്ളവരുടെ 23 ബോട്ടുകൾ രക്ഷാ പ്രവർത്തനത്തിന് ലഭ്യമാക്കി. മോട്ടോർ ബോട്ടുകൾ, വള്ളങ്ങൾ, സ്പീഡ് ബോട്ടുകൾ, ഡിങ്കി, ലൈഫ് ജാക്കറ്റ്, ലൈഫ്ബോയി, വാഹനങ്ങൾ, ആംബുലൻസ് തുടങ്ങിയ രക്ഷാഉപകരണങ്ങളും ജില്ലാഭരണകൂടം സജ്ജീകരിച്ചിരുന്നു. ദുരിതബാധിത മേഖലകളിൽ നിന്നും മാറ്റിപ്പാർപ്പിച്ചവർക്ക് താമസിക്കുന്നതിനായി സൗകര്യപ്രദമായ ക്യാമ്പുകൾ സജ്ജീകരിച്ചു. ക്യാമ്പുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ (ഭക്ഷണം, വസ്ത്രം, ചികിത്സ തുടങ്ങിയവ) ഏർപ്പെടുത്തി. ക്യാമ്പുകളിലേക്ക് വരാത്തതും, ഒറ്റപ്പെട്ട് കിടക്കുന്നതുമായ പ്രദേശങ്ങളിലേക്ക് അവശ്യവസ്തുക്കൾ എത്തിച്ചുകൊടുക്കുന്നതിന് നടപടി സ്വീകരിച്ചു. വിവിധ വകുപ്പുകൾ സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് ദുരിതാശ്വാസ ക്യാമ്പുകളുടെ പ്രവർത്തനങ്ങളിൽ പങ്കാളികളായി. അവധി ദിവസങ്ങളുൾപ്പെടെയുള്ള എല്ലാ ദിവസങ്ങളിലും സർക്കാർ ജീവനക്കാർ കർമനിരതരായിരുന്നു. ജില്ല യ്ക്കകത്തുനിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും നിരവധി സ്ഥാപനങ്ങളും സംഘടനകളും നൽകിയ സാധനങ്ങൾ കളക്ട്രേറ്റിലും ക്യാമ്പുകളിലും എത്തിച്ചു നൽകി. ക്യാമ്പ് വിട്ടുപോകുന്നവർക്ക് സാധനങ്ങൾ അടങ്ങിയ കിറ്റുകൾ വിതരണം ചെയ്തു. അലോപ്പതി -ആയുർവേദ- ഹോമിയോ വകുപ്പുകളുടെ മെഡിക്കൽ സംഘം ദുരിതാശ്വാസ ക്യാമ്പുകളിൽ ചികിത്സയും രോഗപ്രതിരോധ പ്രവർത്തനങ്ങളും നടത്തി. ക്യാമ്പിൽ കഴിയുന്നവരുടെ മാനസിക പിരിമുറുക്കത്തിന് അയവുണ്ടാക്കുന്നതിന് കലാകാരന്മാരുടെ സഹകരണത്തോടെ കലാപരിപാടികൾ സംഘ ടിപ്പിച്ചു.സാമൂഹികനീതി വകുപ്പിന്റെ കീഴിൽ പ്രർത്തിക്കുന്ന സ്കൂൾ കൗൺസലർമാരും ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ സൈക്യാട്രിസ്റ്റുകളും സൈക്കോളജിസ്റ്റുകളും ക്യാമ്പുകളിലുള്ളവർക്ക് കൗൺസിലിങ് നൽകി.

## മന്ത്രിമാരുടെ മേൽനോട്ടം

ആഗസ്റ്റ് 11 ന് മുഖ്യമന്ത്രി പിണറായി വിജയൻ മന്ത്രിമാരായ ഇ.ചന്ദ്രശേഖരൻ, കടന്നപ്പള്ളി രാമചന്ദ്രൻ, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല എന്നിവർക്കൊപ്പം ജില്ലയിലെ ദുരന്ത പ്രദേശങ്ങൾ സന്ദർശിച്ചു. ചീഫ് സെക്രട്ടറി ടോം ജോസ്, റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി പി.എച്ച്.കുര്യൻ, സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബഹ്റ എന്നിവരും അദ്ദേഹത്തിനൊപ്പമുണ്ടായിരുന്നു. കൽപ്പറ്റ മുണ്ടേരി ഗവ. വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പും മുഖ്യമന്ത്രി സന്ദർശിച്ചു. തുടർന്ന് കളക്ട്രേറ്റിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ അവലോകന ചെയ്തു. ജില്ലയുടെ ചുമതലയുള്ള തുറമുഖ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി, മന്ത്രിമാരായ വി.എസ് സുനിൽകുമാർ, കെ.കെ ശൈലജ,ടി.പി രാമകൃഷ്ണൻ,എ.കെ ബാലൻ എന്നിവരും വിവിധ ദിവസങ്ങളിൽ ജില്ലയിലെത്തി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ജില്ലയിലെ



ജനപ്രതിനിധികളായ എം.ഐ ഷാനവാസ് എം.പി, എം.എൽ.എമാരായ സി.കെ ശശീന്ദ്രൻ, ഒ.ആർ കേളു, ഐ.സി.ബാലകൃഷ്ണൻ എന്നിവരും ദുരിതാശ്വാസ, രക്ഷാപ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമായിരുന്നു.

## നാശനഷ്ടങ്ങൾ (മേഖല അടിസ്ഥാനത്തിൽ)

| ഇനം | തുക (കോടിയിൽ) |
|---|---|
| കൃഷി | 1008.65 |
| മൃഗ സംരക്ഷണം | 8.24 |
| ഡയറി ഡവലപ്പ്മെന്റ് | 9.02 |
| ഫിഷറീസ് | 6.39 |
| ഫോറസ്റ്റ് | 10.66 |
| മണ്ണ് സംരക്ഷണം | 0.55 |
| ഇറിഗേഷൻ | 27.78 |
| വ്യവസായം | 3.77 |
| ഹൗസിംഗ് | 132.06 |
| ശൗചാലയം | 8.83 |
| കുടിവെള്ളം | 15.13 |
| ടൂറിസം | 4.62 |
| വിദ്യാഭ്യാസം | 0.90 |
| ട്രൈബൽ ഡവലപ്പ്മെന്റ് | 6.55 |
| സിവിൽ സപ്ലൈസ് | 0.08 |
| സഹകരണം | 1.09 |
| ഗതാഗതം | 0.77 |
| ബാങ്കിംഗ് | 0.85 |
| മറ്റുള്ളവ | 0.44 |
| പൊതുമരാമത്ത് റോഡ്സ് | 967.38 |
| പാലം | 19.90 |
| ബിൽഡിംഗ്സ് | 14.64 |
| കെ.എസ്.ഇ.ബി | 2.57 |
| ടെലികോം | 0.25 |
| **ആകെ** | **2251.12** |

## മിഷൻ ക്ലീൻ വയനാട് ശുചീകരണ യജ്ഞം

പ്രളയബാധിത പ്രദേശങ്ങളിലെ വീടുകളും പൊതുവിടങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആഗസ്റ്റ് 30ന് മിഷൻ ക്ലീൻ വയനാട് എന്ന പേരിൽ ശുചീകരിച്ചു. കുടുംബശ്രീ പ്രവർത്തകർ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയ 75,000 പേർ ശുചീകരണ യജ്ഞത്തിൽ പങ്കാളികളായി. ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിൽ കിണറുകളിൽ സൂപ്പർ ക്ലോറിനേഷൻ നടത്തി. ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്കുൾപ്പെടെ എലിപ്പനി പ്രതിരോധ ഗുളികകൾ വിതരണം ചെയ്തു. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള മെഡിക്കൽ സംഘങ്ങളും ആരോഗ്യ, രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കെടുത്തു.

## ദുരിതാശ്വാസ നിധി സമാഹരണം

പ്രളയാനന്തര നവകേരള നിർമിതിക്കായി തുക കണ്ടെത്തുന്നതിന് സെപ്തംബർ 10 മുതൽ 15 വരെ തുറമുഖ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയുടെ നേതൃത്വത്തിൽ പ്രത്യേകം സാമ്പത്തിക സമാഹരണ യജ്ഞം നടത്തി. ഇതോടൊപ്പം ദുരന്തബാധിതരുടെ കണ്ണീരൊപ്പാൻ വ്യക്തികളും സംഘടനകളും സ്ഥാപനങ്ങളും പ്രളയനാൾ മുതൽ കൈകോർത്തിരുന്നു. മാനുഷിക മൂല്യങ്ങളുടെയും ഉറവ വറ്റാത്ത നൻമയുടെയും പ്രതീകങ്ങളായി നിരവധി സഹായഹസ്തങ്ങൾ ഇപ്പോഴും വയനാടൻ ജനതയ്ക്കായി നീളുന്നുണ്ട്. വയനാടിന്റെ അതിജീവനത്തിനായി സർക്കാരിന്റെ പദ്ധതികളും താങ്ങാവുകയാണ്. ഇതര സംഘടനകളും ഇതിനായി സഹകരിക്കുന്നു.



# കണ്ണൂർ



രണ്ട് ഘട്ടങ്ങളിലായാണ് കണ്ണൂർ ജില്ലയിൽ കാലവർഷത്തെ തുടർന്ന് കാര്യമായ നാശനഷ്ടങ്ങളുണ്ടായത്. 2018 ജൂൺ 12നുണ്ടായ കനത്ത മഴയെ തുടർന്ന് കർണാടകത്തോട് ചേർന്നു കിടക്കുന്ന ഭാഗങ്ങളിലുണ്ടായ ശക്തമായ ഉരുൾപൊട്ടലിൽ ഇരിട്ടി താലൂക്കിലെ വിള മനയിലുണ്ടായ കുത്തൊഴുക്കിൽ വീടുകൾ തകർന്ന് രണ്ടു പേർ മരിച്ചതാണ് ആദ്യ സംഭവം. ജൂലൈ 31ന് ഇരിട്ടി താലൂക്കിലെ തന്നെ ആറളം, കേളകം തുടങ്ങിയ പ്രദേശങ്ങളിലും ഉരുൾപൊട്ടലുകളുണ്ടായി.

ആഗസ്റ്റ് എട്ട് മുതലാണ് മഴക്കെടുതി ജില്ലയിൽ ശക്തമായത്. ഇരിട്ടി താലൂക്കിലെ അയ്യൻകുന്ന്, മുടിക്കയം, കരിക്കോട്ടക്കരി, അരീക്കാമല, എന്നിവിടങ്ങളിലും തളിപ്പറമ്പ് താലൂക്കിലെ പയ്യാവൂർ, എരുവേശ്ശി എന്നിവിടങ്ങളിലും പയ്യന്നൂർ താലൂക്കിലെ കാനംവയലിലും ശക്തമായ ഉരുൾ പൊട്ടലുകളുണ്ടായി. പലയിടങ്ങളിലും നദികൾ കരകവിഞ്ഞൊഴുകി. ശക്തമായ കുത്തൊഴുക്കിൽ വീടുകൾ, റോഡുകൾ, പാലങ്ങൾ, കൃഷിഭൂമി എന്നിവയ്ക്ക് വ്യാപകമായ നാശനഷ്ടങ്ങളുണ്ടായി. കേരളത്തിൽ നിന്ന് കർണാടകയിലേക്കുള്ള പ്രധാന റോഡായ പാൽച്ചുരം റോഡ് തകർന്നതിനെ തുടർന്ന് ഇതുവഴിയുള്ള ഗതാഗതം നിരോധിച്ചു. ഇരിട്ടി താലൂക്കിലെ കരിക്കോട്ടക്കരിയിൽ വീടുകൾ തകർന്ന് രണ്ടു പേർ മരിച്ചു. ആഗസ്റ്റ് 16നാണ് മഴക്കെടുതിയുമായി ബന്ധപ്പെട്ട് മറ്റൊരു പ്രധാന ഉരുൾപൊട്ടൽ ജില്ലയിലുണ്ടായത്. ഇരിട്ടിതാലൂക്കിലെ കൊട്ടിയൂർ അമ്പായത്തോടിലുണ്ടായ ശക്തമായ ഉരുൾപൊട്ടലിൽ വൻ നാശനഷ്ടങ്ങളുണ്ടായി. കൊട്ടിയൂർ, ശാന്തിഗിരി തുടങ്ങിയ പ്രദേശങ്ങളിൽ ഭൂമിയും കെട്ടിടങ്ങളും വിണ്ടുകീറിയതായി കാണപ്പെട്ടതിനെ തുടർന്ന് പ്രദേശങ്ങളിലുള്ള ഏതാനും കുടുംബങ്ങളെ താത്കാലികമായി മാറ്റിത്താമസിപ്പിച്ചു.

## ജില്ലാ ഭരണകൂടത്തിന്റെ പ്രവർത്തനങ്ങൾ

കാലവർഷം ശക്തമാവുമെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറേറ്റിലെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം കൂടുതൽ ജീവനക്കാരെ വച്ച് ശക്തിപ്പെടുത്തി. പോലിസ്, ഫയർ ആന്റ് റെസ്ക്യൂ, ഡിസാസ്റ്റർ മാനേജ്മെന്റ്, റവന്യൂ ഉദ്യോഗസ്ഥരുടെ സേവനം കൺട്രോൾ റൂമിൽ ലഭ്യമാക്കി. മഴക്കെടുതി രൂക്ഷമായതിനെ തുടർന്ന് ഇവയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ വർധിച്ചതോടെ ടോൾ ഫ്രീ നമ്പറിനു പുറമെ അഞ്ച് ലാൻഡ് ലൈനുകളും മൊബൈൽ കണക്ഷനും കൺട്രോൾ റൂമിൽ നൽകി.

കൺട്രോൾ റൂമിൽ ലഭിക്കുന്ന വിവരങ്ങൾ അപ്പപ്പോൾ ബന്ധപ്പെട്ട ഓഫീസുകളിൽ അറിയിക്കാനും നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്താനും കൺട്രോൾ റൂമിന് സാധിച്ചു.

മഴക്കെടുതി കാര്യമായി അനുഭവപ്പെട്ട ഇരിട്ടി, തളിപ്പറമ്പ്, തലശ്ശേരി, പയ്യന്നൂർ താലൂക്കുകളിൽ കൺട്രോൾ റൂമുകൾ ശക്തിപ്പെടുത്തുകയും താഴേത്തട്ടിലുള്ള ദുരിതാശ്വാസ -രക്ഷാ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ചെയ്തു.

ഉരുൾപൊട്ടലുണ്ടായി വീടുകളും റോഡുകളും പാലങ്ങളും മറ്റും തകർന്ന സ്ഥലങ്ങളിൽ പോലിസിനും അഗ്നി രക്ഷാ സേനയ്ക്കും പുറമെ, ഡിഎസ്സി, ടെറിറ്റോറിയൽ ആർമി, നാവിക സേന എന്നിവയുടെ സേവനം ലഭ്യമാക്കി.




ജില്ലാ കളക്ടർ ദുരന്തപ്രദേശങ്ങളും ക്യാമ്പുകളും സന്ദർശിക്കുകയും ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് നേരിട്ട് നേതൃത്വം നൽകുകയും ചെയ്തു.

മഴക്കെടുതി ബാധിതർക്കായി ദുരിതാശ്വാസ ക്യാമ്പുകൾ ഒരുക്കുന്നതിന് തഹസിൽദാർമാരുടെ നേതൃത്വത്തിൽ വില്ലേജ് ഓഫീസർമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. റിലീഫ് കേന്ദ്രങ്ങളായി നേരത്തെ കണ്ടെത്തിയ കെട്ടിടങ്ങളുടെ താക്കോൽ വാങ്ങി സൂക്ഷിക്കുവാൻ വില്ലേജ് ഓഫീസർമാർക്ക് നേരത്തേ നിർദ്ദേശം നൽകിയിരുന്നു.

ക്യാമ്പുകളിലേക്ക് ഭക്ഷണ സാധനങ്ങൾ, പുതപ്പുകൾ, വസ്ത്രങ്ങൾ തുടങ്ങിയ അത്യാവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ കൈക്കൊണ്ടു.

ജൂൺ, ആഗസ്റ്റ് മാസങ്ങളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി യോഗം ചേർന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിലയിരുത്തി.

മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി വെള്ളം കയറുവാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ജാഗ്രതപാലിക്കാനും അപകടസാധ്യതയുള്ള സ്ഥലങ്ങളിൽ നിന്ന് ആളുകൾ മാറി ത്താമസിക്കുവാനും വാഹന അനൗൺസ്മെന്റ് നടത്താൻ തഹസിൽദാർമാർക്ക് നേരത്തേ നിർദേശം നൽകിയിരുന്നു.

ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്ക ഭീഷണി എന്നിവ നിലനിൽക്കുന്ന സാഹചര്യത്തിൽ ജില്ലയിലെ ചെങ്കൽ, കരിങ്കൽ ക്വാറികളുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവെച്ചു.

അപകട ഭീഷണി നിലനിന്നിരുന്ന കൊട്ടിയൂർ-പാൽച്ചുരം റോഡിലൂടെയുള്ള ഗതാഗതം നിരോധിച്ചു.

സൈന്യം, ദേശീയ ദുരന്തനിവാരണ സേന എന്നിവയുടെ സേവനം ഫലപ്രദമായി ഉപയോഗിക്കുന്നതിനും അവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നോഡൽ ഓഫീസർമാരായി തലശ്ശേരി സബ് കളക്ടർ ചന്ദ്രശേഖർ ഐഎഎസിനെയും, തളിപ്പറമ്പ് ആർഡിഒ റെജി ജോസഫിനെയും ചുമതലപ്പെടുത്തി.

ക്യാമ്പുകളിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉറപ്പ് വരുത്തുകയും ഭക്ഷണം, വസ്ത്രം എന്നിവ യഥേഷ്ടം ലഭ്യമാക്കുകയും ചെയ്തു. വിവിധ ഭക്ഷ്യവസ്തുക്കൾ, വസ്ത്രം, ബക്കറ്റ് തുടങ്ങിയ അവശ്യ സാധനങ്ങൾ അടങ്ങിയ കിറ്റ് ക്യാമ്പ് വിട്ട് പോകുന്നവർക്ക് നൽകി.

സെപ്റ്റംബർ രണ്ടു വരെയാണ് ക്യാമ്പ് പ്രവർത്തിച്ചത്. വീടുകളിലേക്ക് തിരിച്ചുപോകാൻ കഴിയാത്തവരെ പ്രാദേശിക സഹകരണത്തോടെ വാടക വീടുകൾ കണ്ടെത്തിയാണ് ക്യാമ്പിൽ നിന്ന് മാറ്റിയത്.

സന്നദ്ധ സംഘടനകളുടെയും പൊതു ജനങ്ങളുടെയും സഹായത്തോടെ സമാഹരിച്ച ഭക്ഷ്യവസ്തുക്കൾ, വസ്ത്രങ്ങൾ



മറ്റ് അവശ്യവസ്തുക്കൾ തുടങ്ങിയ സഹായ സാധനങ്ങൾ ജില്ലയിലെ ക്യാമ്പുകളിലെത്തിക്കുകയും ബാക്കിയുള്ളവ 92 ലോഡുകളായി പത്തനംതിട്ട, വയനാട്, തൃശൂർ, എറണാകുളം, കോട്ടയം എന്നീ ജില്ലകളിലെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് കയറ്റി അയക്കുകയും ചെയ്തു.

ഉരുൾപൊട്ടലിലും വെള്ളപ്പൊക്കത്തിലും തകർന്ന റോഡുകളും പാലങ്ങളും താത്കാലികമായി പുന:സ്ഥാപിക്കുന്നതിന് സൈന്യത്തിന്റെ സേവനം പ്രയോജനപ്പെടുത്തി.

പത്തനംതിട്ട ഉൾപ്പെടെ പ്രളയക്കെടുതി രൂക്ഷമായ മറ്റ് ജില്ലകളിലെ രക്ഷാപ്രവർത്തനങ്ങൾക്കായി കണ്ണൂർ ജില്ലയിൽ നിന്ന് 45 ബോട്ടുകളും നൂറിലേറെ വിദഗ്ധരായ മത്സ്യത്തൊഴിലാളികളെയും മുഖ്യമന്ത്രിയുടെ ഓഫീസിന്റെ നിർദേശപ്രകാരം അയച്ചു.

ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പോലീസ്, ഫയർഫോഴ്സ്, തദ്ദേശ സ്വയംഭരണം, ആരോഗ്യം, കെ.എസ്. ഇ.ബി. തുടങ്ങിയ വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചു.

എല്ലാ ദുരിതാശ്വാസ ക്യാമ്പുകളിലും പ്രത്യേക മെഡിക്കൽ ടീമിനെ വിന്യസിച്ചു. ഓരോ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ക്യാമ്പുകളുടെ ചുമതല നൽകി ആരോഗ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. മൊബൈൽ മെഡിക്കൽ സംഘം എല്ലാ ക്യാമ്പുകളിലും എത്തി പരിശോധനയും മരുന്ന് വിതരണവും നടത്തി.

പ്രളയബാധിത കേരളത്തെ പുനർനിർമിക്കുന്നതിനായി ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം നൽകുകയെന്ന ആശയം കണ്ണൂർ ജില്ലയിലായിരുന്നു ആദ്യം നടപ്പിലാക്കിയത്. 'വൺ മന്ത് ഫോർ കേരള' എന്ന സന്ദേശവുമായി ജില്ലാ കളക്ടർ മീർ മുഹമ്മദലിയായിരുന്നു ഈ ആശയം മുന്നോട്ടുവച്ചത്. തുടക്കം മുതലേ നല്ല പ്രതികരണമായിരുന്നു കളക്ടറേറ്റ് ജീവനക്കാർ ഉൾപ്പെടെയുള്ളവരിൽ നിന്ന് ലഭിച്ചത്.

## മഴക്കെടുതി നാശനഷ്ടങ്ങൾ

കണ്ണൂരിൽ ഏഴ് പേർക്കും തലശ്ശേരിയിൽ എട്ട് പേർക്കും തളിപ്പറമ്പിൽ ആറ് പേർക്കും ഇരിട്ടിയിൽ അഞ്ച് പേർക്കും പയ്യന്നൂരിൽ നാല് പേർക്കും ജീവഹാനി സംഭവിച്ചു.മൊത്തം 30 ജീവനുകളാണ് ജില്ലയിൽ മഴക്കെടുതിയിൽ പൊലിഞ്ഞത്

കാലവർഷം ആരംഭിച്ച മേയ് 29 മുതൽ ജില്ലയിലെ വിവിധ ഭാഗങ്ങളിലായി 121 വീടുകൾ പൂർണമായും 3216 വീടുകൾ ഭാഗികമായും തകർന്നു. 18 കോടിയിലേറെ രൂപയുടെ നഷ്ടമാണ് വീടുകൾ തകർന്നതിലൂടെ മാത്രം ജില്ലയിൽ കണക്കാക്കിയിരിക്കുന്നത്. കണ്ണൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുടെ പൊതുമുതലുകൾക്ക് 105.33 കോടി രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കപ്പെടുന്നു.

പഞ്ചായത്തുകളിലെ സ്കൂളുകൾക്ക് 32,77,745 രൂപ, അംഗൻവാടികൾക്ക് 45,70,000 രൂപ, പി എച്ച് സി കൾക്ക് 98,30,000 രൂപ, മറ്റ് കെട്ടിടങ്ങൾക്ക് 4,35,000 എന്നിങ്ങനെയാണ് നാശനഷ്ടം. പഞ്ചായത്തുകളിലെ 879.87 കിലോ മീറ്റർ റോഡുകൾക്ക് 95.27 കോടി രൂപയുടെ നാശ നഷ്ടമുണ്ടായി.

പൊതുമരാമത്തു വകുപ്പിന്റെ കീഴിൽ വരുന്ന റോഡുകൾക്ക് 118 കോടി രൂപയുടെ നാശനഷ്ടമാണ് സംഭവിച്ചത്. 489.47 കി.മീ. റോഡ്, 27 കലുങ്ക്, 2.8 കി.മീ. സംരക്ഷണ മതിലുകൾ, 20 കോടിയുടെ അഞ്ച് പാലങ്ങൾ, 40 കോടിയുടെ 80.5 കി.മീ. ദേശീയപാത, 10 ലക്ഷം രൂപ നഷ്ടം കണക്കാക്കുന്ന കെട്ടിടങ്ങൾ തുടങ്ങിയ നാശനഷ്ടങ്ങളാണ് പൊതുമരാമത്ത് വിഭാഗത്തിന് ഉണ്ടായിരിക്കുന്നത് .

പാലം/കലുങ്ക് എന്നിവയ്ക്ക് 8.24 കോടി രൂപയുടെ നാശം സംഭവിച്ചു. 18 ഇടങ്ങളിലെ റോഡുകൾക്ക് 849 ലക്ഷം രൂപയുടെ നാശനഷ്ടം. 14 പാലങ്ങളുടെ അറ്റകുറ്റപ്പണിക്കായി 1.2 കോടി രൂപയും അനുബന്ധ റോഡിന്റെ നവീകരണത്തിനായി ഏകദേശം രണ്ട് കോടി രൂപയും വേണ്ടിവരും. ജില്ലയിലെ ദേശീയപാത-66ൽ 60 കി.മീ. റോഡുകൾക്ക് 168.23 ലക്ഷം രൂപയുടെ നാശ നഷ്ടമുണ്ടായി. ക്ഷീരവികസനവകുപ്പിൽ ആകെ 2.06 കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചു. കണ്ണൂർ കോർപ്പറേഷനിൽ ഭാഗികമായി തകർന്ന റോഡുകൾക്കായി 1008 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായി. വാട്ടർ അതോറിറ്റി ഡബ്ല്യു.എസ് ഡിവിഷനിൽ 7.45 ലക്ഷം രൂപയുടെ നാശനഷ്ടമാണ് കണക്കാക്കപ്പെടുന്നത്. കാർഷികമേഖലയിൽ 991.8 ഹെക്ടർ കൃഷിയിടങ്ങളിൽ 27.79 കോടിയുടെ നാശനഷ്ടമുണ്ടായി. ആകെ 8639 കർഷകരെ പ്രളയം ബാധിച്ചു .

കാറ്റിലും മഴയിലുമായി 566 ഹെക്ടറിലധികം നെൽക്കൃഷിയും 12.5 ഹെക്ടർ പച്ചക്കറിക്കൃഷിയും 2.79 ലക്ഷം വാഴകൾ, 7606 കവുങ്ങുകൾ, 20,110 റബ്ബർ, 4733 തെങ്ങ്, 3819 കശുമാവ്, 32.4 ഹെക്ടർ കപ്പ, 2303 കുരുമുളക്, 94 ജാതി എന്നിവയും നശിച്ചു. 8.8 കോടിയുടെ നാശനഷ്ടങ്ങളാണ് കെ.എസ്.ഇ.ബിക്ക് ജില്ലയിൽ ഉണ്ടായത്.

ഫിഷറീസ് വകുപ്പിന് 1 .60 കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായത്. സമുദ്രമേഖലയിൽ 79.73 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കുന്നു. ജലസേചന വകുപ്പിന് 41.77 കോടി രൂപയുടെ നഷ്ടമുണ്ടായി. 63 നദികളിലായി 16.5 കോടിയുടെ നഷ്ടമാണ് ഉണ്ടായത് .

മൃഗസംരക്ഷണ വകുപ്പിന് 21.92 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചു. മണ്ണ് സംരക്ഷണ വകുപ്പിന് 2.77 കോടിയുടെ നാശനഷ്ടങ്ങൾ ഉണ്ടായി. കണ്ണൂർ കോർപ്പറേഷനും മറ്റു മുൻസിപ്പൽ പ്രദേശങ്ങൾക്കും 24.25 കോടിയുടെ നാശനഷ്ടം

ഉണ്ടായി .

## രക്ഷാപ്രവർത്തനത്തിലും ദുരിതാശ്വാസത്തിലും മാതൃക

മഴക്കെടുതി പ്രദേശങ്ങളും ദുരിതാശ്വാസ ക്യാമ്പുകളും മന്ത്രിമാരായ കെ കെ ശൈലജ ടീച്ചർ, രാമചന്ദ്രൻ കടന്നപ്പള്ളി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ വി സുമേഷ് തുടങ്ങിയവർ വിവിധ ദിവസങ്ങളിലായി സന്ദർശിക്കുകയും കെടുതികൾക്കിരയായവരെ ആശ്വസിപ്പിക്കുകയും ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. മഴക്കെടുതിയുണ്ടായ മേഖലയിലെ എം.എൽ.എമാരും ദുരിതാശ്വാസ-രക്ഷാ പ്രവർത്തനങ്ങളിലും പുനരധിവാസ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിലും സജീവമായി രംഗത്തുണ്ടായിരുന്നു.

ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് ആരോഗ്യമന്ത്രി കെ കെ ശൈലജ ടീച്ചറുടെ നേതൃത്വത്തിൽ ആഗസ്റ്റ് 12ന് ഇരിട്ടി ബ്ലോക്ക് പഞ്ചായത്തിൽ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും പ്രത്യേക യോഗം ചേർന്ന് ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയുമുണ്ടായി.

മഴക്കെടുതിക്കിരയായവർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നത് വേഗത്തിലാക്കുന്നതിന് അവധി ദിനങ്ങളായ ആഗസ്റ്റ് 11, 12 തീയതികളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രശ്നബാധിത പ്രദേശങ്ങൾ സന്ദർശിച്ച് നാശനഷ്ടങ്ങൾ കണക്കാക്കി. ഈ ഘട്ടത്തിൽ ഒഴിഞ്ഞുപോയവർക്ക് തങ്ങൾക്കുണ്ടായ നാശനഷ്ടങ്ങൾ ബോധിപ്പിക്കാൻ അവസരം നൽകുന്നതിനായി ആഗസ്റ്റ് 16ന് വില്ലേജ് തലത്തിൽ പ്രത്യേക പബ്ലിക് ഹിയറിംഗ് സംഘടിപ്പിക്കാനും തീരുമാനിച്ചു.

ദുരിതബാധിതരെ സഹായിക്കാൻ ജനങ്ങളിൽ നിന്ന് സഹായം സ്വീകരിക്കുന്നതിനായി കളക്ടറേറ്റിലും ഇരിട്ടി താലൂക്കിലും ഏർപ്പെടുത്തിയ കളക്ഷൻ കേന്ദ്രങ്ങളിൽ പണമായും സാധന സാമഗ്രികളായും ഒട്ടേറെ സാധനങ്ങൾ ലഭിച്ചു. ഭക്ഷ്യധാന്യങ്ങൾ, മിനറൽ വാട്ടർ, പുതിയ വസ്ത്രങ്ങൾ, പുതപ്പുകൾ തുടങ്ങിയ സാധനങ്ങൾ കേന്ദ്രങ്ങളിലേക്ക് ഒഴുകിയെത്തി.

മഴക്കെടുതിയിൽ കുടുങ്ങിപ്പോയവരെ രക്ഷപ്പെടുത്താനും തകർന്ന പാലങ്ങൾ, റോഡുകൾ എന്നിവ താത്കാലികമായി പുനർനിർമിക്കാനും പോലിസ്, ഫയർഫോഴ്സ് വിഭാഗങ്ങൾക്കു പുറമെ, കണ്ണൂർ ഡി.എസ്.സിയുടെ രണ്ട് കമ്പനിയും ടെറിട്ടോറിയൽ ആർമിയുടെ 30 സൈനികരും ഇരിട്ടി താലൂക്കിന്റെ വിവിധ പ്രദേശങ്ങളിൽ കർമനിരതരായി.

റവന്യൂ മന്ത്രി ഇ ചന്ദ്രശേഖരന്റെ അധ്യക്ഷതയിൽ ആഗസ്റ്റ് 13ന് യോഗം ചേർന്ന് പുനരധിവാസ നടപടികളും നഷ്ടപരിഹാര വിതരണത്തിനുള്ള നടപടികളും വിലയിരുത്തി.

## മാധ്യമ ഏകോപനം

മഴക്കെടുതിയുടെ പശ്ചാത്തലത്തിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ, സർക്കാരും ജില്ലാ ഭരണകൂടവും ജനപ്രതിനിധികളും ചേർന്ന് ദുരന്തമകറ്റാൻ കൈക്കൊള്ളുന്ന വിവിധ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്ക് മാധ്യമങ്ങളിലൂടെ നല്ല കവറേജ് ലഭ്യമാക്കാൻ ജില്ലാ ഇൻഫർമേഷൻ ഓഫീസിന് സാധിച്ചു.

ഇൻഫർമേഷൻ ഓഫീസ് പ്രതിനിധികൾ ക്യാമ്പുകളിലും മഴക്കെടുതിയുണ്ടായ



പ്രദേശങ്ങളിലും ചെന്ന് വിവരങ്ങൾ അപ്പപ്പോൾ മാധ്യമങ്ങളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും അറിയിക്കുകയും ചെയ്തു. ഈ ദിവസങ്ങളിൽ പിആർഡി വാട്സ്ആപ് ഗ്രൂപ്പ് വഴി ഇരിട്ടിയിലെയും കൺട്രോൾ റൂമിലെയും വിവരങ്ങൾ ഏകോപിപ്പിച്ച് മാധ്യമങ്ങൾക്ക് തുടർച്ചയായി അപ്ഡേറ്റ് നൽകി.

ദുരന്തബാധിത പ്രദേശങ്ങളിൽ മന്ത്രിമാർ നടത്തിയ സന്ദർശനങ്ങൾക്ക് മാധ്യമ കവറേജ് ഉറപ്പാക്കി.

സൈനികരും പോലിസും ഫയർ ആന്റ് റെസ്ക്യൂ വിഭാഗവും സന്നദ്ധ പ്രവർത്തകരും ചേർന്ന് നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും നല്ല പ്രചാരണം നൽകി. ഇവയുമായി ബന്ധപ്പെട്ട സ്റ്റിൽ-വീഡിയോ ദൃശ്യങ്ങൾ മാധ്യമങ്ങൾക്കും ഡയറക്ടറേറ്റിലും ലഭ്യമാക്കി. ദുരന്തബാധിതർക്ക് സഹായമെത്തിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും നല്ല പ്രചാരണം നൽകി.

ഉരുൾപൊട്ടലിൽ വാസയോഗ്യമല്ലാതായ വീടുകളും പരിസരങ്ങളും ശുചീകരിക്കുന്നതിന് ജില്ലയിലെ എൻ.എസ്.എസ് വിദ്യാർഥികളുമായും തദ്ദേശ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട്



സംവിധാനമൊരുക്കി.

## ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങൾ

കാലവർഷക്കെടുതിയെ തുടർന്ന് ദുരിതാശ്വാസ ക്യാമ്പുകളിലെത്തിയവരുടെ ആരോഗ്യ സംരക്ഷണത്തിനായി ആരോഗ്യ വകുപ്പ് 36 മെഡിക്കൽ ക്യാമ്പുകൾ നടത്തി. 1115 പേർ ക്യാമ്പുകളിൽ പരിശോധനയ്ക്ക് വിധേയരായി. മുൻകരുതലായി 136 പേർക്ക് എലിപ്പനിക്കെതിരായ പ്രതിരോധ മരുന്നും നൽകി. ക്യാമ്പുകളിലെ വൃത്തി, ഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും ഗുണനിലവാരം എന്നിവ കൃത്യമായി പരിശോധിക്കാൻ ഓരോ ക്യാമ്പിലും ആരോഗ്യ വകുപ്പ് പ്രത്യേക സംവിധാനം ഒരുക്കിയിരുന്നു.

മഴക്കെടുതിയുടെ ആരംഭത്തിൽ തന്നെ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതലത്തിലുള്ള കൺട്രോൾ റൂം ആരോഗ്യ വകുപ്പ് തുറന്നിരുന്നു. എല്ലാ പ്രധാന ആശുപത്രികളിലും മെഡിക്കൽ ടീമിനെയും ആംബുലൻസ് ഉൾപ്പെടെയുള്ള സൗകര്യങ്ങളും തയാറാക്കി. പരിയാരം മെഡിക്കൽ കോളേജും വിവിധ സ്വകാര്യ ആശുപത്രികളും മെഡിക്കൽ ക്യാമ്പുകൾ നടത്തി. ദുരിതാശ്വാസ ക്യാമ്പുകളിൽ മെഡിക്കൽ ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചു. സാമൂഹിക സുരക്ഷാ മിഷന്റെ സഹായത്തോടെ സഞ്ചരിക്കുന്ന മെഡിക്കൽ ടീമിനെയും നിയോഗിച്ചിരുന്നു.

ക്യാമ്പുകളിൽ കഴിയുന്നവർക്ക് മാനസികമായി കരുത്ത് പകരാനായി കൗൺസലിങ്ങും ആരോഗ്യ വകുപ്പ് നടത്തിയിരുന്നു. ദുരിതബാധിതരെ നാല് വിഭാഗങ്ങളാക്കി തിരിച്ചായിരുന്നു കൗൺസലിങ്. കുട്ടികൾ, പ്രായമായവർ, സ്ത്രീകൾ, ദുരിതം കൂടുതലായി ബാധിച്ചവർ എന്നിവർക്ക് ദേശീയ ആരോഗ്യ ദൗത്യത്തിന്റെ (എൻ എച്ച് എം) 12 കൗൺസലർമാരാണ് പ്രത്യേക സംഘങ്ങളായി കൗൺസലിങ് നടത്തിയത്. ക്യാമ്പിൽ നിന്ന് വീടുകളിലേക്ക് മടങ്ങുന്നവർ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് പ്രത്യേക ക്ലാസ്സുകളും ആരോഗ്യ വകുപ്പ് നൽകി. ഇക്കാര്യങ്ങൾ വിശദീകരിക്കുന്ന നോട്ടീസും ക്യാമ്പുകളിൽ വിതരണം ചെയ്തിരുന്നു.

## ധനസഹായ വിതരണം

കാലവർഷക്കെടുതിയിൽ മരണപ്പെട്ട 30 പേരിൽ 28 പേരുടെ ആശ്രിതർക്ക് ഇതിനോടകം ധനസഹായം നൽകി. ശേഷിക്കുന്നവർക്ക് ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇവരിൽ നാല് പേർ ഉരുൾപൊട്ടലിൽ മരിച്ചവരാണ്.

കാലവർഷക്കെടുതിയിൽ വീടുകൾക്കും കൃഷിക്കും ഉണ്ടായ നഷ്ടം തിട്ടപ്പെടുത്തുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു. വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, പഞ്ചായത്ത് എൻജിനീയർ എന്നിവരുടെ ഓരോ സംഘത്തെ ഓരോ വില്ലേജിലും നിയോഗിച്ചു. 90% കേസുകളിലും നഷ്ടം തിട്ടപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വരുന്നു.

വെള്ളം കയറിയും മണ്ണിടിച്ചിൽ മൂലവും രണ്ടു ദിവസത്തിൽ അധികം സൗകര്യമില്ലാതായി തീർന്ന 160 കുടുംബങ്ങൾക്ക് 10,000 രൂപ വീതം ഇതിനകം വിതരണം ചെയ്തു.




# കാസർകോട്

സംസ്ഥാനത്തുണ്ടായ കാലവർഷക്കെടുതിയും തുടർന്നുണ്ടായ മഹാപ്രളയവും കാര്യമായി ബാധിക്കാത്ത ജില്ലയാണു കാസർകോട്. 2018 മേയ് 29 ന് കാലവർഷത്തിന് ആരംഭമായതു മുതൽ ആഗസ്റ്റ് അവസാനം വരെയാണു ജില്ലയിൽ പ്രധാനമായും കാലവർഷക്കെടുതികൾ ഉണ്ടായത്. എന്നാൽ സംസ്ഥാനത്തെ മറ്റു ജില്ലകളെ മഹാപ്രളയം ദുരിതത്തിലാഴ്ത്തിയപ്പോൾ കാസർകോട് ജില്ല അവർക്ക് താങ്ങാകുകയായിരുന്നു. അതേസമയം കടൽക്ഷോഭവും മഴക്കെടുതിയും ജില്ലയേയും വിടാതെ പിന്തുടർന്നു. എങ്കിലും മറ്റു ജില്ലകളിൽ ദുരിതമനുഭവിച്ചവർക്കായി വൻതോതിൽ സഹായമെത്തിക്കാൻ ഇവിടത്തെ ജനത ഒന്നിച്ചുനിന്നതു ശ്രദ്ധേയമായി.

## മൂന്നു വിഭവ സമാഹരണ കേന്ദ്രങ്ങൾ; ഗൂഗിൾ മാപ്പിലൂടെ വിവരങ്ങൾ

പ്രളയത്തിൽ അകപ്പെട്ട് ഒറ്റപ്പെട്ടു കഴിയുന്നവർക്കും ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിക്കുന്നവർക്കുമായി അവശ്യസാധനങ്ങൾ എത്തിക്കുന്നതിനായി ജില്ലാ കളക്ടർ ഡോ.ഡി.സജിത്ത് ബാബുവിന്റെ നേതൃത്വത്തിൽ ജില്ലയിൽ മൂന്നു വിഭവ സമാഹരണ കേന്ദ്രങ്ങൾ തുറന്നു. കാസർകോട് ഗവ.കോളേജ്, പടന്നക്കാട് കാർഷിക കോളേജ്, തൃക്കരിപ്പൂർ ഗവ. പോളിടെക്നിക്ക് കോളേജ് എന്നിവിടങ്ങളിൽ ആരംഭിച്ച വിഭവസമാഹരണകേന്ദ്രങ്ങൾ ഡെപ്യൂട്ടി തഹസിൽദാർമാരുടെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിച്ചാണു ദുരിതാശ്വാസ കേന്ദ്രങ്ങളിലേക്കു ഭക്ഷ്യവസ്തുക്കൾ, മരുന്ന്, വസ്ത്രങ്ങൾ, മറ്റ് അവശ്യവസ്തുക്കൾ ഉൾപ്പെടെയുള്ള സാധനങ്ങൾ എത്തിച്ചത്. പ്രളയം വൻതോതിൽ ദുരിതത്തിലാഴ്ത്തിയ ജില്ലകളിലെ ദുരിതാശ്വാസ ക്യാമ്പിലേക്ക് സാധനങ്ങൾ എത്തിക്കുന്നതിനാണ് ജില്ലാ ഭരണകൂടം മുൻതൂക്കം നൽകിയത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, സാമൂഹിക പ്രവർത്തകർ, മറ്റ് സന്നദ്ധ സംഘടനകൾ, എൻ.എസ്.എസ് വോളന്റിയർമാർ എന്നിവരുടെ സഹകരണത്തോടെ ദുരിതാശ്വാസ



സാധന സാമഗ്രികൾ ശേഖരിക്കുന്നതിനായി 2018 ആഗസ്റ്റ് 17നാണ് വിഭവസമാഹരണ കേന്ദ്രങ്ങൾ തുറന്നത്. ഡെപ്യൂട്ടി തഹസിൽദാർമാർക്കൊപ്പം ഓരോ കേന്ദ്രത്തിലും റവന്യൂവകുപ്പിലെ അഞ്ച് ഉദ്യോഗസ്ഥരെയും എൻ.എസ്.എസ്. വോളന്റിയർമാരെയും വിന്യസിച്ചു. ഈ സെന്ററുകൾ റോഡ്-റെയിൽമുഖാന്തരവും എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയുന്നതുംആവശ്യമെങ്കിൽ ഹെലിക്കോപ്ടർ ലാൻഡ് ചെയ്യുന്നതിനുള്ള സൗകര്യവുമുള്ളവയായിരുന്നു.

ഈ സംരംഭത്തിന് പരമാവധി പിന്തുണ ലഭിക്കുന്നതിന് പി. കരുണാകരൻ എംപിയുടെ അധ്യക്ഷതയിൽ വിവിധ ബ്ലോക്ക് പ്രസിഡന്റുമാർ, രാഷ്ട്രീയ കക്ഷികൾ, സന്നദ്ധ സംഘടനകൾ എന്നിവരെ ഉൾപ്പെടുത്തി യോഗം ചേർന്നു. വിഭവങ്ങൾ സമാഹരിച്ചു വിതരണം ചെയ്യുന്നത് പത്ര, ദൃശ്യ, ശ്രവ്യ, നവമാധ്യമങ്ങളിലൂടെ ജനങ്ങളിലേക്കെത്തിച്ചു. എംപി, എംഎൽഎമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ എന്നിവരുടെ സഹായാഭ്യർഥനകൾ പ്രാദേശികമാധ്യമങ്ങളിലൂടെ സംപ്രേഷണംചെയ്തു. ജില്ലയിലെ 38 ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെയും യോഗം ജില്ലാ കളക്ടർ വിളിച്ചുചേർത്തു. തുടർന്ന് ലോഡ് കണക്കിന് സാധനങ്ങളാണ് ഈ കേന്ദ്രങ്ങളിൽ എത്തിക്കൊണ്ടിരുന്നത്. ജില്ലയിൽ നിന്നും 18 ലോഡ് സാധനങ്ങൾ പ്രളയബാധിത ജില്ലകളായ തൃശൂർ, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം എന്നിവിടങ്ങളിലേക്ക് അയയ്ക്കാൻ കഴിഞ്ഞു. പുതിയ വസ്ത്രങ്ങൾ, പഠനോപകരണങ്ങൾ, ശുചീകരണസാമഗ്രികൾ, ഭക്ഷ്യ വസ്തുക്കൾ, കുടിവെള്ളം, മരുന്നുകൾ തുടങ്ങിയവയാണ് ശേഖരിച്ച് അയച്ചത്. വിവിധ സന്നദ്ധ സംഘടനകളും യുവജന സംഘടനകളും സ്വന്തം നിലയ്ക്കും നിരവധി അവശ്യവസ്തുക്കൾ കയറ്റി അയച്ചു.

ഈ മൂന്നു സംഭരണകേന്ദ്രങ്ങളിൽ ലഭ്യമായ സാധനങ്ങൾ എന്തൊക്കെയാണെന്നും അതിന്റെ അളവ് എത്രയാണെന്നും പ്രളയബാധിത ജില്ലകളിലെ ജില്ലാ കളക്ടർമാർക്ക് മനസിലാക്കുന്നതിന് ഗൂഗിൾ മാപ്പിലൂടെ സംവിധാനം ഏർപ്പെടുത്തിയിരുന്നു. പ്രത്യേക ലിങ്കും ഇതിനായി ഏർപ്പെടുത്തിയിരുന്നു. ഈ ലിങ്കിൽ പ്രവേശിച്ച് ഓരോ ജില്ലാ ഭരണകൂടവും ആവശ്യപ്പെടുന്ന മുറയ്ക്ക് അവശ്യവസ്തുക്കൾ അവിടേക്ക് കയറ്റി അയക്കുകയായിരുന്നു. ഈ സംവിധാനം ഉപയോഗപ്പെടുത്തിയ ഏക ജില്ലയും കാസർകോട് ആയിരുന്നു.

## വ്യാജ വാർത്തകൾക്കെതിരെ അവബോധം

മഹാപ്രളയ സമയത്ത് കേരളം നേരിട്ട പ്രധാന വെല്ലുവിളികളിലൊന്നായിരുന്നു ജനങ്ങളുടെ ഭീതി വർധിപ്പിക്കുന്ന വിധം വിവിധ കേന്ദ്രങ്ങളിൽ നിന്നു പ്രവഹിച്ച വ്യാജവാർത്തകൾ. ഇത്തരം വ്യാജ വാർത്തകൾക്കെതിരെ ജില്ലാ ഭരണകൂടവും ജില്ലാ ഇൻഫർമേഷൻ ഓഫീസും ചേർന്നു സോഷ്യൽ മീഡിയകളിലൂടെയും പത്ര-ദൃശ്യമാധ്യമങ്ങളിലൂടെയും ജനങ്ങളിൽ അവബോധമുണ്ടാക്കി. ജില്ലാ ഭരണകൂടം നൽകുന്ന മുന്നറിയിപ്പുകളും സുരക്ഷാ നിർദേശങ്ങളും പാലിക്കാനും മാധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയയിലൂടെയും നിരന്തരം അറിയിപ്പ് നൽകി. ബന്ധപ്പെടാനുള്ള ഉദ്യോഗസ്ഥരുടെ മൊബൈൽ നമ്പർ, ഇ-മെയിൽ ഉൾപ്പെടെയുള്ളവയും നൽകി.

## രക്ഷാപ്രവർത്തനത്തിന് കൈത്താങ്ങ്

പ്രളയം ബാധിച്ച ജില്ലകളിലെ രക്ഷാ പ്രവർത്തനത്തിനായി അമ്പതോളം മത്സ്യത്തൊഴിലാളികളും ബോട്ടും ജില്ലാ ഭരണകൂടത്തിന്റെ നിർദേശ പ്രകാരം പ്രളയം ബാധിച്ച ജില്ലകളിലേക്ക് പോയി. ജില്ലാദുരന്ത നിവാരണ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള റബർ ബോട്ട്, ഡിങ്കി, വയനാട് ജില്ലയിലെ രക്ഷാ പ്രവർത്തനത്തിനായി അഗ്നിരക്ഷാ വകുപ്പിന് നൽകി. പ്രളയക്കെടുതി സമയത്ത് വിവിധ സ്ഥലങ്ങളിൽ നിന്നും പ്രളയ ബാധിത പ്രദേശങ്ങളിൽ അകപ്പെട്ടവരെ രക്ഷിക്കുന്നതിനായി ജില്ലയിലെ കൺട്രോൾ റൂമുകളിലേക്ക് നിരന്തരമായി വന്ന ഫോൺ സന്ദേശങ്ങൾ ബന്ധപ്പെട്ട ജില്ലകളിലെ കൺട്രോൾ റൂമുകളിലേക്ക് നൽകി രക്ഷാപ്രവർത്തനത്തിന് സഹായകമാകുന്ന പ്രവർത്തനങ്ങൾ നടത്തി. ദിവസവും നൂറിലധികം സന്ദേശങ്ങളാണ് ആധികാരികത ഉറപ്പുവരുത്തി



അതത് ജില്ലകളിലേക്ക് കൈമാറിയത്.

## വിദഗ്ധ തൊഴിലാളികളുടെ സേവനം

ജില്ലാ ഭരണകൂടത്തിന്റെയും ശുചിത്വമിഷന്റെയും നേതൃത്വത്തിൽ 150 ലധികം വിദഗ്ധ തൊഴിലാളികളെ എറണാകുളം, തൃശൂർ ജില്ലകളിലേക്ക് പ്രകൃതി ക്ഷോഭംമൂലം തകർന്ന വീടുകളുടെ ഇലക്ട്രിക്, പ്ലംബിംഗ് ഉൾപ്പെടെയുള്ള അറ്റകുറ്റപണികൾ ചെയ്യുന്നതിനായി അയച്ചു.

## മഴക്കെടുതി ഇങ്ങനെ

2018 മേയ് 29-ന് ആരംഭിച്ച മൺസൂണിൽ ജില്ലയിൽ 31.08.18 വരെ 2774.992 മില്ലിമീറ്റർ മഴ ലഭിച്ചു. മൺസൂണുമായി ബന്ധപ്പെട്ട പ്രകൃതിക്ഷോഭത്തിൽ ആഗസ്റ്റ് 31 വരെ 16 പേർ മരിച്ചു. 365 വീടുകൾക്ക് നാശനഷ്ടം സംഭവിച്ചു. ഇതിൽ 48 വീടുകൾ പൂർണമായും തകർന്നു. 681.409 ഹെക്ടർസ്ഥലത്തെ വിളകൾക്ക് നാശം സംഭവിച്ചതിൽ 6,66,86,872 രൂപയുടെ നഷ്ടം ഉണ്ടായി. പ്രകൃതിക്ഷോഭത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി(എസ്ഡിആർഎഫ്)യിൽ നിന്നുള്ള നാല് ലക്ഷംരൂപ അനുവദിച്ചിട്ടുണ്ട്. വീടിന് നാശം സംഭവിച്ചിട്ടുള്ളവർക്ക് എസ്.ഡി.ആർ. എഫിൽ നിന്നുള്ള ധനസഹായം നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കടൽക്ഷോഭത്തെ തുടർന്ന് 35 കുടുംബങ്ങളിൽ നിന്ന് 322 പേരെ ആഗസ്റ്റ് 15 മുതൽ 23 വരെ മാറ്റിത്താമസിപ്പിച്ചു.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒരു ഏക്കർ സ്ഥലം സംഭാവന

പ്രളയം ദുരിതം വിതച്ച കേരളത്തിന്റെ പുന രുദ്ധാരണത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പണത്തിന് പുറമേ സ്ഥലങ്ങളും സംഭാവന ലഭിക്കുകയുണ്ടായി. ഒരേക്കർ സ്ഥലം സംഭാവന ചെയ്തത് സംസ്ഥാനതലത്തിൽ തന്നെ വാർത്തയായി. ഉദുമയിലെ ബിസിനസുകാരനായ പി.എ രവീന്ദ്രനാണ് തന്റെയും ഭാര്യ ഉഷ, മകൻ അഖിൽ എന്നിവരുടെയും പേരിലുള്ള ഹോസ്ദുർഗ് താലൂക്ക് ഉദുമ വില്ലേജിൽ സർവേ നമ്പർ 44/6/ എബിഇ യിൽപ്പെട്ട ഒരേക്കർ സ്ഥലത്തിന്റെ ആധാരവും സ്കെച്ച്, നികുതി രസീത് എന്നിവയും അടക്കം ജില്ലാ കളക്ടർ ഡോ.ഡി.സജിത് ബാബുവിന് കൈമാറിയത്. ഏകദേശം 75 ലക്ഷം രൂപ മതിപ്പുവില കണക്കാക്കുന്ന ഭൂമിയാണ് ഇത്. കളക്ടറേറ്റിൽ ജില്ലാ കളക്ടറുടെ ചേംബറിലെത്തിയാണ് രവീന്ദ്രനും മകനും കുടുംബാംഗങ്ങളും സ്ഥലത്തിന്റെ ആധാരവും മറ്റും കളക്ടർക്ക് കൈമാറിയത്.

# ധീരമായ മാധ്യമ പ്രവർത്തനം



പ്രളയം റിപ്പോർട്ട് ചെയ്ത മാധ്യമ പ്രവർത്തകരെ ആദരിച്ച ചടങ്ങിൽ മുഖ്യമന്ത്രി മാധ്യമ പ്രവർത്തകർക്കൊപ്പം

പ്രളയകാലത്ത് ധീരവും സ്തുത്യർഹവുമായ മാതൃകയായിരുന്നു മാധ്യമങ്ങൾ കാഴ്ചവച്ചത്. പലയിടങ്ങളിലും മാധ്യമപ്രവർത്തകർ രക്ഷാപ്രവർത്തകർ തന്നെയായി മാറി. വെള്ളം പൊങ്ങി ഒറ്റപ്പെട്ടുപോയ ഒട്ടേറെ പ്രദേശങ്ങളിൽ മാധ്യമ പ്രവർത്തകർ സാഹസികമായി എത്തിച്ചേരുകയും ജനങ്ങളെ രക്ഷപ്പെടുത്തുന്നതിനായുള്ള സന്ദേശങ്ങൾ യഥാസമയം രക്ഷാപ്രവർത്തകർക്ക് കൈമാറുകയും ചെയ്തു.

ദൃശ്യമാധ്യമങ്ങളിലൂടെ അനുദിനം കൈമാറിയ രക്ഷാസന്ദേശങ്ങൾ നൂറു കണക്കിന് പേരുടെ ജീവൻ രക്ഷിക്കാൻ വഴിതുറന്നു. സാമൂഹിക മാധ്യമങ്ങളുടെ ക്രിയാത്മകമായ ഉപയോഗവും മരണസംഖ്യ പിടിച്ചുനിർത്തുന്നതിൽ വഹിച്ച പങ്ക് നിസ്തുലമാണ്. പ്രളയം റിപ്പോർട്ട് ചെയ്യുന്നതിനിടയിൽ ജീവൻ തന്നെ വെടിഞ്ഞ മാധ്യമപ്രവർത്തകരെ കേരളം എന്നും ഓർക്കും. രക്ഷാദൗത്യത്തിൽ സർക്കാരിന് അകമഴിഞ്ഞ പിന്തുണയാണ് മാധ്യമങ്ങൾ നൽകിയത്.







ദുരന്തമുഖത്തെ പബ്ലിക് റിലേഷൻസ് എന്ന വിഷയത്തിൽ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് ഉദ്യോഗസ്ഥർക്കും മാധ്യമപ്രവർത്തകർക്കുമായി നടത്തിയ ശില്പശാലയിൽ മുരളി തുമ്മാരുകുടി സംസാരിക്കുന്നു.



# പ്രളയം 2018
## കേന്ദ്ര ജല കമ്മിഷൻ റിപ്പോർട്ട്

കേരളത്തിൽ പ്രതിവർഷം പെയ്യുന്ന ശരാശരിമഴ 3000 മി.മീ. ആണ്. ഇതിൽ 90 ശതമാനവും തെക്കുപടിഞ്ഞാറൻ, വടക്കുകിഴക്കൻ മൺസൂണുകളിലൂടെ ആറുമാസംകൊണ്ടാണ് പെയ്യുന്നത്. മൺസൂൺമാസങ്ങളിലെ ശക്തമായ പെരുമഴ എല്ലാ നദിയിലും ശക്തമായ നീരൊഴുക്ക് ഉണ്ടാക്കുന്നു. കുത്തനെയുള്ളതും നിമ്നോന്നതവുമായ ഭൂതലങ്ങളിൽ നിറയുന്ന ജലം എണ്ണമറ്റ അരുവികളും തോടുകളും വഴി നദികളിലേക്കൊഴുകുന്നു.

അസാധാരണമാംവിധം ഉയർന്ന മഴയാണ് 2018 ജൂൺ ഒന്നിനും ആഗസ്റ്റ് 18നും ഇടയിൽ കേരളത്തിൽ ഉണ്ടായത്. ഇത് 14ൽ 13 ജില്ലയിലും രൂക്ഷമായ വെള്ളപ്പൊക്കത്തിന് ഇടയാക്കി. കേന്ദ്ര കാലാവസ്ഥാവകുപ്പിന്റെ സ്ഥിതിവിവരമനുസരിച്ച് ഇക്കാലയളവിൽ കേരളത്തിൽ പെയ്തത് 2346.6 മി.മീ. മഴയാണ്. പ്രതീക്ഷിതമഴയായ 1649.5 മി.മീ.ന്റെ സ്ഥാനത്താണിത്. സാധാരണമഴയുടെ 42 ശതമാനം അധികമായിരുന്നു ഇത്. മാസക്കണക്കിൽ നോക്കിയാൽ ജൂണിൽ 15ഉം ജൂലൈയിൽ 18ഉം ആഗസ്റ്റ് ഒന്നു മുതൽ 19 വരെ 164ഉം ശതമാനം അധികമഴയാണു പെയ്തത്. പട്ടിക 1 കാണുക. കനത്ത മഴമൂലം ആദ്യഘട്ടം വെള്ളപ്പൊക്കം ഉണ്ടായത് ജൂലൈ അവസാനത്തോടെയാണ്. ആഗസ്റ്റ് 8, 9 തീയതികളിൽ പലയിടത്തും കടുത്തമഴ ഉണ്ടായി. മലപ്പുറം ജില്ലയിലെ നിലമ്പൂർ, വയനാട് ജില്ലയിലെ മാനന്തവാടി ഇടുക്കി ജില്ലയിലെ മൂന്നാർ, പീരുമേട് കെ.എസ്.ഇ.ബി., മയിലാടുംപാറ, പാലക്കാട് ജില്ലയിലെ പാലക്കാട്

### പട്ടിക1 : പതിവുമഴ,പെയ്തമഴ, അധികമഴ

| കാലയളവ് | പതിവുമഴ (മി.മീ.) | പെയ്ത മഴ (മി.മീ.) | അധികമഴ (%) |
|---|---|---|---|
| ജൂൺ, 2018 | 649.8 | 749.6 | 15 |
| ജൂലൈ, 2018 | 726.1 | 857.4 | 18 |
| 1–19, ആഗസ്റ്റ്, 2018 | 287.6 | 758.6 | 164 |
| ആകെ | 1649.5 | 2346.6 | 42 |

എന്നിവിടങ്ങളിൽ 2018 ആഗസ്റ്റ് ഒൻപതിന് ഒറ്റദിവസം പെയ്ത മഴ യഥാക്രമം 398, 305, 255, 254, 211, 214 മില്ലീമീറ്ററാണ്. ഇത് വയനാടുജില്ലയിൽ മാനന്തവാടിയിലെയും വൈത്തിരിയിലെയും നിരവധിസ്ഥലങ്ങളിൽ ആഗസ്റ്റ് എട്ടു മുതൽ 10 വരെ പിന്നെയും വെള്ളപ്പൊക്കമുണ്ടാക്കി. ആവാഹമേഖലകളിലെ കനത്ത മഴകാരണം പല അണക്കെട്ടിലെയും വെള്ളം തുറന്നുവിട്ടു. ജൂൺ ഒന്ന് മുതലുള്ള തുടർച്ചയായ മഴകാരണം പല സംഭരണിയും പൂർണസംഭരണജലനിരപ്പിന് (Ful Reservoir Level– FRL) അടുത്തെത്തിയിരുന്നു.

അടുത്തഘട്ടം മഴ ഉണ്ടായത് ആഗസ്റ്റ് 14 മുതൽ 19 വരെയാണ്. ഇതാണു സംസ്ഥാനത്തെ 14ൽ 13 ജില്ലയിലും വിനാശകരമായ വെള്ളപ്പൊക്കം സൃഷ്ടിച്ചത്. കേന്ദ്രജലക്കമ്മിഷൻ ഗേജ് ആൻഡ്

ഡിസ്ചാർജ് കേന്ദ്രങ്ങൾ രേഖപ്പെടുത്തിയ ചില നദികളിലെ ജലനിരപ്പുവിവരം അനുബന്ധം 1 ൽ. കേന്ദ്ര കാലാവസ്ഥാവകുപ്പിന്റെ രേഖപ്രകാരം ആഗസ്റ്റ് 15–17ലെ മഴ 1924ലെ (കൊല്ലവർഷം 1099) കൊടുങ്കാറ്റിനും പേമാരിക്കും സമാനമാണ്.

## അനുബന്ധം 1







### 2018 ജൂൺ ഒന്ന് മുതൽ ആഗസ്റ്റ് 22 വരെ ജില്ലകളിൽ പെയ്ത മഴ

കേന്ദ്ര കാലാവസ്ഥാവകുപ്പിന്റെ കണക്കനുസരിച്ച് ഇടുക്കിയിലാണ് ഏറ്റവുമധികം മഴ ലഭിച്ചത് –92 ശതമാനം അധികമഴ. (പട്ടിക 2 കാണുക)

### പട്ടിക 2: 2018 ജൂൺ ഒന്നിനും ആഗസ്റ്റ് 22നും ഇടയിൽ ജില്ലകളിൽ പെയ്ത മഴ

| ജില്ല | സാധാരണമഴ (മി.മീ.) | പെയ്തമഴ (മി.മീ.) | അധികമഴ (%) | |
|---|---|---|---|---|
| കേരളസംസ്ഥാനം | 1701.4 | 2394.1 | 41 | അധികം |
| തിരുവനന്തപുരം | 672.1 | 966.7 | 44 | അധികം |
| കൊല്ലം | 1038.9 | 1579.3 | 52 | അധികം |
| പത്തനംതിട്ട | 1357.5 | 1968 | 45 | അധികം |
| ആലപ്പുഴ | 1380.6 | 1784 | 29 | അധികം |
| കോട്ടയം | 1531.1 | 2307 | 51 | അധികം |
| ഇടുക്കി | 1851.7 | 3555.5 | 92 | വളരെയധികം |
| എറണാകുളം | 1680.4 | 2477.8 | 47 | അധികം |
| തൃശൂർ | 1824.2 | 2077.6 | 14 | സാധാരണ |
| പാലക്കാട് | 1321.7 | 2285.6 | 73 | വളരെയധികം |
| മലപ്പുറം | 1761.9 | 2637.2 | 50 | അധികം |
| കോഴിക്കോട് | 2250.4 | 2898 | 29 | അധികം |
| വയനാട് | 2281.3 | 2884.5 | 26 | അധികം |
| കണ്ണൂർ | 2333.2 | 2573.3 | 10 | സാധാരണ |
| കാസർകോട് | 2609.8 | 2287.1 | –12 | സാധാരണ |

## മഴയളവിന്റെ വിശകലനം

പട്ടികയിലെ ജില്ല തിരിച്ചുള്ള കണക്ക് സംസ്ഥാനത്തെ സമതലങ്ങളിലും മലമ്പ്രദേശങ്ങളിലുമായി സ്ഥാപിച്ചിട്ടുള്ള 67 മഴയളവുകേന്ദ്രങ്ങളിൽനിന്ന് കേന്ദ്രകാലാവസ്ഥാവകുപ്പ് സമാഹരിച്ചതാണ്. വിവരം ലഭ്യമല്ലാതിരുന്നിടത്ത് തൊട്ടടുത്ത സ്റ്റേഷനിലെ വിവരം ഉപയോഗപ്പെടുത്തി. ഇതു വിശകലനം ചെയ്തതിൽ കണ്ട സുപ്രധാനകാര്യം പീരുമേട് കേന്ദ്രത്തിൽ പെയ്ത മഴ 800 മി.മീ.നു മുകളിലാണെന്നും തൊട്ടുപിന്നിൽ, ഇടുക്കിയിൽ പെയ്തത് 700 മി.മീ.നു മുകളിലാണെന്നതുമാണ്. ഈ പഠനത്തിന് ആശ്രയിച്ച മഴമാപിനികേന്ദ്രങ്ങൾ **ചിത്രം 1ൽ.**




ചിത്രം 1 മഴമാപിനികേന്ദ്രങ്ങൾ

### 2018 ആഗസ്റ്റ് 15–17 ലെ മഴയളവിന്റെ വിശകലനം

ആഗസ്റ്റ് 15–17ലെ അതിതീവ്രമഴ (കൊടുങ്കാറ്റും പേമാരിയും) കേരളം മുഴുവൻ വ്യാപിച്ച ഒന്നായിരുന്നു. പെരിയാറിനും പമ്പയ്ക്കും ഇടയിൽ പീരുമേട് ആയിരുന്നു ഇതിന്റെ കേന്ദ്രം. പ്രളയത്തിൽ ഒഴുകിയെത്തിയ വെള്ളം ഒഴുക്കിവിടാൻ 35 അണക്കെട്ടുകൾ തുറക്കേണ്ടിവന്നു. അത്രയ്ക്കു രൂക്ഷമായിരുന്നു അതിതീവ്രമഴ. ഇടുക്കി അണക്കെട്ടിന്റെ അഞ്ചു ഷട്ടറുകളും 26 കൊല്ലത്തിനുശേഷം ആദ്യമായി തുറക്കേണ്ടിവന്നു. വയനാട്ടിലും ഇടുക്കിയിലും പെയ്ത കനത്തമഴ ധാരാളം മണ്ണിടിച്ചിലിനും ഉരുൾപൊട്ടലിനും ഇടയാക്കുകയും മലയോരജില്ലകൾ ഒറ്റപ്പെടുകയും ചെയ്തു. രാജ്യാന്തരഗതാഗതത്തിന്റെ തിരക്കിൽ രാജ്യത്തു നാലാമത്തേതും സംസ്ഥാനത്ത് ഒന്നാമത്തേതുമായ കൊച്ചി രാജ്യാന്തരവിമാനത്താവളം റൺവേ വെള്ളത്തിൽ അമർന്നതിനാൽ ആഗസ്റ്റ് 15 മുതൽ 26 വരെ അടച്ചിടേണ്ടതായും വന്നു.



സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി സംസ്ഥാനത്തു റെഡ് അലേർട്ട് പ്രഖ്യാപിച്ചു. ഭീമമായ നാശനഷ്ടങ്ങൾ ഉണ്ടായി. ആഗസ്റ്റ് 15–17 മഴയുടെ ഏകദിന, ദ്വിദിന, ത്രിദിന റാസ്റ്റർ ഡേറ്റാ വിവരം അനുബന്ധം 2 ൽ നൽകിയിട്ടുണ്ട്.

ചിലയിടങ്ങളിൽ 15നു പരമാവധി മഴ രേഖപ്പെടുത്തിയപ്പോൾ മറ്റിടങ്ങളിൽ ഇത് 16നാണു രേഖപ്പെടുത്തിയത്. അതിനാൽ മഴയുടെ ഏകദിനറാസ്റ്റർ രണ്ടു ദിവസത്തേതും തയ്യാറാക്കിയിട്ടുണ്ട്. അതിതീവ്രമഴ പെയ്ത 2018 ആഗസ്റ്റ് 15–17ൽ വിവിധ നദീ ഉപതടങ്ങളിലും കേരളത്തിന്റെ മറ്റിടങ്ങളിലും പെയ്ത മഴയുടെ കണക്ക് **പട്ടിക 3ൽ.**





**അനുബന്ധം 2**

**പട്ടിക 3** 2018 ഓഗസ്റ്റ് 15–17–ൽ വിവിധ നദീ ഉപതടങ്ങളിലും കേരളത്തിന്റെ മറ്റിടങ്ങളിലും പെയ്ത മഴയുടെ കണക്ക് (Rainfall depth)

| നമ്പർ | പേര് | വിസ്തൃതി (ച.കി.മീ.) | 2018 ആഗസ്റ്റ് 15 | 2018 ആഗസ്റ്റ് 15,16 | 2018 ആഗസ്റ്റ് 15 – 17 | 2018 ആഗസ്റ്റ് 16 |
|---|---|---|---|---|---|---|
| | | | 1 ദിവസം (മി.മീ.) | 2 ദിവസം (മി.മീ.) | 3 ദിവസം (മി.മീ.) | 1 ദിവസം (മി.മീ.) |
| 1 | കേരളത്തിലെ മറ്റിടങ്ങൾ | 26968 | 132 | 279 | 364 | 155 |
| 2 | കല്ലട | 1139 | 129 | 208 | 289 | 83 |
| 3 | പമ്പ | 1620 | 176 | 397 | 538 | 217 |
| 4 | പെരിയാർ | 4035 | 198 | 452 | 588 | 248 |
| 5 | ഭാരതപ്പുഴ | 5784 | 114 | 297 | 373 | 182 |
| 6 | ചാലിയാർ | 1992 | 128 | 256 | 331 | 141 |
| 7 | വളപട്ടണം | 1019 | 180 | 263 | 336 | 83 |

**പട്ടിക 4** 1924 ജൂലൈ 16–18 ദിവസങ്ങളിലെ മഴയുമായി ഈ അതിതീവ്രമഴയുടെ കാഠിന്യം താരതമ്യപ്പെടുത്തുന്ന പട്ടിക.

**പട്ടിക 4**

| നമ്പർ | പേര് | വിസ്തൃതി (ച.കി.മീ.) | 16 ജൂലൈ 1924 | 16–17, ജൂലൈ 1924 | 16–18, ജൂലൈ 1924 | 15 ആഗസ്റ്റ് 2018 | 15–16, ആഗസ്റ്റ് 2018 | 15–17, ആഗസ്റ്റ് 2018 |
|---|---|---|---|---|---|---|---|---|
| | | | 1 ദിവസം (മി.മീ.) | 2 ദിവസം (മി.മീ.) | 3 ദിവസം (മി.മീ.) | 1 ദിവസം (മി.മീ.) | 2 ദിവസം (മി.മീ.) | 3 ദിവസം (മി.മീ.) |
| 1 | കേരളത്തിലെ മറ്റിടങ്ങൾ | 26968 | 155 | 260 | 362 | 132 | 279 | 364 |
| 2 | കല്ലട | 1139 | 165 | 268 | 415 | 129 | 208 | 289 |
| 3 | പമ്പ | 1620 | 202 | 423 | 551 | 176 | 397 | 538 |
| 4 | പെരിയാർ | 4035 | 280 | 502 | 604 | 198 | 452 | 588 |
| 5 | ഭാരതപ്പുഴ | 5784 | 161 | 291 | 378 | 114 | 297 | 373 |
| 6 | ചാലിയാർ | 1992 | 267 | 490 | 599 | 128 | 256 | 331 |
| 7 | വളപട്ടണം | 1019 | 232 | 420 | 512 | 180 | 263 | 336 |

പമ്പ, പെരിയാർ, ഭാരതപ്പുഴ എന്നിവയുടെ ഉപതടങ്ങളിൽ 2018 ആഗസ്റ്റ് 15/17ൽ പെയ്ത മഴയുടെ ദ്വിദിന, ത്രിദിന അളവുകൾ 1924ലെ ദേവികുളം പേമാരിയുടേതിനു സമാനമാണെന്ന് ഈ വിശകലനം കാണിക്കുന്നു. കേരളത്തിലാകെ 2018 ആഗസ്റ്റ് 15–17ൽ പെയ്ത മഴ 414 മി.മീ.ഉം 1924 ജൂലൈ 16–18ലേത് 443 മി.മീ.ഉം ആണ്.

## കേരളത്തിലെ ജലസംഭരണികൾ

കേരളത്തിൽ 57 വലിയ അണക്കെട്ടാണുള്ളത്. ഇതിൽ നാലെണ്ണം തമിഴ്നാടിന്റെ നിയന്ത്രണത്തിലാണ്. ഇവയുടെ എല്ലാംകൂടി ആകെ സജീവസംഭരണശേഷി 5.806 ബിസിഎം (ബില്യൺ ക്യുബിക് മീറ്റർ) ആണ്. ഇത് 44 നദികളിലെയും ആകെ നീരൊഴുക്കായ 78 ബിസിഎമ്മിന്റെ 7.4 ശതമാനം ആണ്. (ആധാരം:Water Resources of Kerala 1974.) മേൽപ്പറഞ്ഞ 57 അണക്കെട്ടിൽ ഏഴു ജലസംഭരണികളാണ് 0.20 ബിസിഎമ്മിനുമേൽ ശേഷിയുള്ളത്. ഈ ഏഴു സംഭരണികളാണ് സംസ്ഥാനത്തിന്റെ മൊത്തം സജീവജലസംഭരണശേഷിയുടെ 74 ശതമാനവും ഉൾക്കൊള്ളുന്നത്. ഇവയുടെ വിവരം **പട്ടിക** 5ൽ:

**പട്ടിക 5: കേരളത്തിലെ പ്രധാന ജലസംഭരണികൾ**

| നമ്പർ | ജലസംഭരണി | സജീവസംഭരണശേഷി (എംസിഎം) |
|---|---|---|
| 1. | ഇടുക്കി | 1460 |
| 2. | ഇടമലയാർ | 1018 |
| 3. | കല്ലട | 488 |
| 4. | കക്കി | 447 |
| 5. | പറമ്പിക്കുളം (തമിഴ്നാടിന്റെ ഉപയോഗത്തിനുള്ളത്) | 380 |
| 6. | മുല്ലപ്പെരിയാർ (തമിഴ്നാടിന്റെ ഉപയോഗത്തിനുള്ളത്) | 271 |
| 7. | മലമ്പുഴ | 227 |

## 2018 ആഗസ്റ്റ് 15–17 മഴയിൽ ഉണ്ടായ നീരൊഴുക്ക്

2018 ആഗസ്റ്റ് 15–17 മഴയിൽ ഉണ്ടായ നീരൊഴുക്ക് മനസ്സിലാക്കാൻ കടുത്ത വെള്ളപ്പൊക്കമുണ്ടായ ഉപതടങ്ങളെല്ലാം വിശകലനവിധേയമാക്കുകയും മതിപ്പുനീരൊഴുക്ക് കണക്കാക്കുകയും കേന്ദ്രജലക്കമ്മിഷന്റെ നിരീക്ഷണകേന്ദ്രങ്ങളിലെ ജലനിർഗമ രേഖകളുമായി താരതമ്യം ചെയ്യുകയും ചെയ്തു. പെരിയാർ, പമ്പ, ചാലക്കുടി, ഭാരതപ്പുഴ, കബനി എന്നിവയുടെ ഉപതടങ്ങൾക്കുവേണ്ടിയുള്ള വ്യാപ്തവിശകലനമാണു നടത്തിയത്.

## പെരിയാർ ഉപതടത്തിലെ നീരൊഴുക്കു കണക്കാക്കൽ

പെരിയാറാണു കേരളത്തിലെ ഏറ്റവും നീളമുള്ള നദി. നീളം 244 കി.മീ. പെരിയാറിന്റെ തടത്തിന്റെ (ആവാഹപ്രദേശം) ആകെ വിസ്തൃതി 5389 ച.കി.മീ. ആണ്. ഇതിൽ 5284 ച.കി.മീ. (98%) കേരളത്തിലാണ്.

ദേവികുളത്തിന് 80 കി.മീ. തെക്ക് സമുദ്രനിരപ്പിൽനിന്ന് 2438 മീറ്റർ ഉയരത്തിലുള്ള ശിവഗിരി കൊടുമുടിയിൽനിന്നാണ് പെരിയാർ ഉദ്ഭവിക്കുന്നത്. ചെങ്കുത്തായ മലനിരകളിലൂടെ ഒഴുകി അത് 16 കി.മീ. താഴെ മുല്ലപ്പെരിയാറിൽ ചേരുന്നു. അവിടെനിന്നു പടിഞ്ഞാറേക്കു തിരിഞ്ഞ് വീണ്ടും 16 കിലോമീറ്റർ മണൽ അടിത്തട്ടിലൂടെ ഒഴുകുന്നു. വീണ്ടും 13 കിലോമീറ്റർ വളഞ്ഞുതിരിഞ്ഞ് ഒഴുകി വണ്ടിപ്പെരിയാറിലേക്ക്. നേരിയ മലയിടുക്കിലൂടെ തുടർന്ന് ഒഴുകുന്ന പെരിയാറുമായി പെരുന്തുറ ചേരുന്നു. അതിനും താഴെ പത്തു കൈവഴികൾകൂടി ചേർന്നശേഷമാണ് ഒരു മുഖ്യപോഷകനദിയായ ഇടമലയാർ പെരിയാറിൽ സന്ധിക്കുന്നത്. പിന്നെ മലയാറ്റൂർ താണ്ടി ചുറ്റിത്തിരിഞ്ഞ് ആലുവയിലെത്തും. അവിടെ രണ്ടായിപ്പിരിയുന്ന പെരിയാറിന്റെ മുകളിലെ കൈവഴി ചാലക്കുടിപ്പുഴയുമായി ചേർന്നു ചേന്ദമംഗലം, പുത്തൻവേലിക്കരവഴി മുനമ്പത്തുകൂടി പരന്നൊഴുകി കടലിൽ ചേരുന്നു. പെരിയാറിന്റെ മറ്റേ കൈവഴി തെക്കോട്ടൊഴുകി വരാപ്പുഴയിലെത്തി പല തോടുകളായി പിരിഞ്ഞു വേമ്പനാട്ടുകായലിൽ പതിക്കുന്നു. പെരിയാറിന്റെ പാതയിൽ നീലേശ്വരത്തും വണ്ടിപ്പെരിയാറിലും കേന്ദ്രജലക്കമ്മിഷന്റെ രണ്ടു ജലശാസ്ത്ര നിരീക്ഷണകേന്ദ്രങ്ങൾ (Hydrological Observation Stations) ഉണ്ട്.

നീലേശ്വരം കേന്ദ്രജലക്കമ്മിഷന്റെ മാപിനികേന്ദ്രം വരെ പെരിയാറിനുള്ള നീർവാർച്ചാപ്രദേശം 4033

ച. കി.മീ. ആണ്. പെരിയാർ ഉപതടത്തിലുള്ള ഗണ്യമായ സംഭരണശേഷിയുള്ള അണക്കെട്ടുകൾ മുല്ലപ്പെരിയാറും ഇടുക്കിയും ഇടമലയാറുമാണ്. മുല്ലപ്പെരിയാർ അണക്കെട്ടിലെ പെരിയാറിന്റെ ആവാഹമേഖല ഏതാണ്ട് 637 ച. കി.മീ. ആണ്. മുല്ലപ്പെരിയാറിനും ഇടുക്കിക്കും ഇടയിലുള്ള സ്വതന്ത്രാവാഹമേഖല ഏകദേശം 605 ച. കി.മീ.ഉം ഇടമലയാർ അണക്കെട്ടിന്റേത് 472 ച. കി.മീ.-ഉം ആണ്. ജലക്കമ്മിഷന്റെ നീലേശ്വരം ജി&ഡി സൈറ്റ് വരെയുള്ള ആവാഹമേഖലയുടെ ഭൂപടം ചേർക്കുന്നു. 2018 ആഗസ്റ്റ് 15_17ൽ മുല്ലപ്പെരിയാർ, ഇടുക്കി, ഇടമലയാർ ആവാഹമേഖലകളിലും പെരിയാർ ഉപതടത്തിന്റെ മറ്റു ഭാഗങ്ങളിലും പെയ്ത ആകെമഴയും (rainfall depth) ഇതേകാലയളവിലെ കണക്കാക്കപ്പെട്ട നീരൊഴുക്കും പട്ടിക ആറിൽ:

**പെരിയാർ ഉപതടത്തിലെ ആകെ മഴയും നീരൊഴുക്കും കേന്ദ്രജലക്കമ്മിഷന്റെ ജി&ഡി സൈറ്റുകൾ പ്രകാരം പട്ടിക 6**

| ആവാഹ മേഖല | വിസ്തൃതി | ആകെമഴ 15 ആഗസ്റ്റ് 2018 (1 ദിവസം) | ആകെമഴ 15–16, ആഗസ്റ്റ് 2018 (2ദിവസം) | ആകെമഴ 15–17, ആഗസ്റ്റ് 2018(3 ദിവസം) | നീരൊഴുക്ക് 15 ആഗസ്റ്റ് 2018 (1 ദിവസം) | നീരൊഴുക്ക് 15 –16, ആഗസ്റ്റ് 2018 (2 ദിവസം) | നീരൊഴുക്ക് 1517, ആഗസ്റ്റ് 2018 (3 ദിവസം) |
|---|---|---|---|---|---|---|---|
| | (ച.കി.മി) | (മി.മീ.) | (മി.മീ.) | (മി.മീ.) | (എംസിഎം) | (എംസിഎം) | (എംസിഎം) |
| സ്വതന്ത്രമേഖല | 2362 | 203 | 459 | 589 | 374 | 845 | 1084 |
| ഇടുക്കിക്കും മുല്ലപ്പെരിയാറിനും ഇടയിൽ | 605 | 240 | 523 | 682 | 123 | 269 | 351 |
| മുല്ലപ്പെരിയാർ | 637 | 196 | 415 | 536 | 106 | 225 | 290 |
| ഇടമലയാർ | 472 | 179 | 394 | 496 | 72 | 158 | 199 |
| ആകെ | 4076 | 190 | 454 | 584 | 675 | 1498 | 1925 |

**പെരിയാർ ഉപതടത്തിലെ ആകെ മഴയും നീരൊഴുക്കും കേന്ദ്രജലക്കമ്മിഷന്റെ ജി&ഡി സൈറ്റുകൾ പ്രകാരം**

പട്ടികപ്രകാരം പെരിയാർ ഉപതടത്തിൽ ഒരുദിവസം, രണ്ടുദിവസം, മൂന്നുദിവസം ക്രമത്തിൽ പെയ്ത മഴ യഥാക്രമം 190, 454, 584 മി.മീറ്ററും നീരൊഴുക്ക് യഥാക്രമം 675, 1498, 1925 എംസിഎമ്മുമാണ്. ഈ നീരൊഴുക്ക് അണക്കെട്ടുകൾക്കെല്ലാം താഴെയുള്ള മലയാറ്റൂർ നീലേശ്വരം ജി&ഡി സൈറ്റിലെ ഒഴുക്കുമായി താരതമ്യം ചെയ്തു. നീലേശ്വരം ജി&ഡി കേന്ദ്രത്തിലെ ഫ്ലഡ് ഹൈഡ്രോഗ്രാഫിന്റെ പ്ലോട്ട് ചിത്രത്തിൽ (റിപ്പോർട്ടിലെ ചിത്രം 3).നീലേശ്വരത്തെ ജി&ഡി സൈറ്റിലെ പരമാവധി ഒഴുക്ക് ആഗസ്റ്റ് 16നു 14 മണിക്ക് 8800 ക്യൂമെക് ആയിരുന്നു.




ചിത്രം 3)

ആഗസ്റ്റ് 15–17 ദിവസങ്ങളിലെ ആകെ നീരൊഴുക്ക് നീലേശ്വരം ജി&ഡി രേഖപ്രകാരം 1.93 ബിസിഎം ആണ്. ആവാഹ മേഖലകൾക്കുള്ള 0.85 റണ്ണോഫ് കോയെഫിഷ്യന്റും സ്വതന്ത്രാവാഹമേഖലയ്ക്കുള്ള 0.78 റണ്ണോഫ് കോയെഫിഷ്യന്റും പ്രകാരം കേന്ദ്ര കാലാവസ്ഥാവകുപ്പിന്റെ മഴയളവുകളിൽനിന്നു കണക്കാക്കിയ നീരൊഴുക്ക് 1.925 ബിസിഎമ്മും.

സംസ്ഥാനത്തെ ആകെ ജലസംഭരണശേഷിയുടെ ഏതാണ്ട് 50 ശതമാനവും പെരിയാർ തടത്തിലാണ്. പെരിയാർ ഉപതടത്തിൽ ഗണ്യമായ സംഭരണശേഷിയുള്ളവ ഇടുക്കിയും ഇടമലയാറും മുല്ലപ്പെരിയാറുമാണ്. 2018 ആഗസ്റ്റ് 15–17 മഴയിൽ മൂന്നുദിവസവുംകൂടി ഇടുക്കി അണക്കെട്ടിൽനിന്നു തുറന്നുവിട്ട വെള്ളം ഷട്ടർ തുറന്നതുവഴി 345 എംസിഎമ്മും വൈദ്യുതിനിലയം വഴി മൂവാറ്റുപുഴയാറിലേക്കുപോയ 30 എംസിഎമ്മും ആണ്. ഇടുക്കി അണക്കെട്ടിലേക്ക് ഒഴുകിയെത്തിയതാകട്ടെ 435 എംസിഎമ്മും. ഇതിൽനിന്നു വ്യക്തമാകുന്നത്, 2018 ആഗസ്റ്റ് 15–17 ദിവസങ്ങളിൽ ഒഴുകി എത്തിയ പ്രളയജലത്തിൽ ഏകദേശം 60 എംസിഎം ജലം ഇടുക്കി ജലസംഭരണി ഉൾക്കൊണ്ടു എന്നാണ്.

2018 ആഗസ്റ്റ് 15ൽ ഇടുക്കി അണക്കെട്ടിലേക്കുണ്ടായ ശരാശരി നീരൊഴുക്ക് 1640 ക്യൂമെക്കും ശരാശരി തുറന്നുവിട്ടത് 1100 ക്യൂമെക്കും പരമാവധി തുറന്നുവിട്ടത് 1500 ക്യൂമെക്കും ആയിരുന്നു. മുല്ലപ്പെരിയാറിൽനിന്ന് 2018 ആഗസ്റ്റ് 15നു ഇടുക്കിയിൽ എത്തിയ ശരാശരിജലം 533 ക്യൂമെക്കും പരമാവധി 760 ക്യൂമെക്കും ആയിരുന്നു. ആഗസ്റ്റ് 16ന് ഏതാണ്ട് 2000 ക്യൂമെക് വെള്ളം ഇടുക്കിയിൽ ഒഴുകിയെത്തിയപ്പോൾ തുറന്നുവിട്ടത് ശരാശരി 1400 ക്യൂമെക്കും പരമാവധി 1500 ക്യൂമെക്കുമാണ്. മുല്ലപ്പെരിയാറിൽനിന്ന് അന്ന് എത്തിയത് ശരാശരി 650ഉം പരമാവധി 760ഉം ക്യൂമെക്കും. ഓഗസ്റ്റ് 17ന് ഇടുക്കി തുറന്നുവിട്ടത് ശരാശരി 1460ഉം പരമാവധി 1500ഉം ക്യൂമെക്കാണ്. അന്നത്തെ ശരാശരി നീരൊഴുക്ക് 1440 ക്യൂമെക് ആയിരുന്നു. മുല്ലപ്പെരിയാറിൽനിന്ന് അന്നു വന്ന ശരാശരി ജലം 390 ക്യൂമെക്കും പരമാവധി ജലം 590 ക്യൂമെക്കുമായിരുന്നു.

## ഇടുക്കി ജലസംഭരണിയുടെ നിയന്ത്രണം

ഇടുക്കി അണക്കെട്ടിന് പൂർണ്ണസംഭരണനിരപ്പ് (Full Reservoir Level - FRL) ആയ 732.43 മീറ്ററിൽ ആകെ സംഭരണശേഷി 1997 എംസിഎമ്മാണ്. വൈദ്യുതോത്പാദനത്തിനു നിലനിർത്തേണ്ട ഏറ്റവും കുറഞ്ഞ നിരപ്പായ (Minimum Draw Down Level (MDDL) ആയ 694.94 മീറ്ററിൽ 537 എംസിഎമ്മാണു ശേഷി. ഈ രണ്ടു നിരപ്പുകൾക്കും ഇടയിലുള്ള സജീവസംഭരണശേഷി (Live Storage) 1460 എംസിഎമ്മാണ്.

2018 ആഗസ്റ്റ് 10ന് 00:00 മണിക്ക് ഇടുക്കി അണക്കെട്ടിലെ നിരപ്പ് 731.82 മീറ്റർ ആയിരുന്നു. അതായത്, എഫ്ആർഎല്ലിന് 0.61 മീ. താഴെ. എഫ്ആർഎല്ലിനു താഴെ ലഭ്യമായ അധിക പ്രളയാഗിരണ മേഖല (extra flood cushion) ഏതാണ്ട് 40 എംസിഎം മാത്രമാണ്. ആ സമയത്ത് സംഭരണിയിലേക്കുണ്ടായ ഒഴുക്ക് 649 ക്യൂമെക്കും നദിയിലേക്കുള്ള കവിഞ്ഞൊഴുക്ക് (spill) 50 ക്യൂമെക്കും വൈദ്യുതിനിലയത്തിലേക്കു വിട്ടത് 115 ക്യൂമെക്കും (ഇത് മൂവാറ്റുപുഴയാറിലേക്കു പോകും) ആയിരുന്നു. ഇതുമൂലം സംഭരണിയിലെ ജലനിരപ്പ് ഉയർന്നുകൊണ്ടേയിരുന്നു. ആഗസ്റ്റ് 10ന് ഉച്ചയ്ക്കു 12 മണിക്ക് ഇത് 732.16 മീറ്ററിലെത്തി. ഇതേ നീരൊഴുക്കു തുടരവെ ജലനിരപ്പ് പൂർണ സംഭരണശേഷി(FRL)യിൽ നിർത്താനായി വൈകിട്ട് അഞ്ച് മണിയോടെ വൈദ്യുതിനിലയത്തിലേക്കു വിടുന്ന 118 ക്യൂമെക്കിനു പുറമെ, സ്പിൽവേ വഴി തുറന്നുവിടുന്ന ജലം 750 ക്യൂമെക്കായി ഉയർത്തി.

അതുകഴിഞ്ഞപ്പോൾ സംഭരണിയിലെ നിരപ്പ് അല്പം താഴുകയും 500–700 ക്യൂമെക്കിനിടയിൽ നിൽക്കുകയും ചെയ്തു. ആഗസ്റ്റ് 13നു 18 മണിവരെ സ്പിൽ വേ വഴി 750 ഉം മൂവാറ്റുപുഴയാറ്റിലേക്ക് വൈദ്യുതിനിലയം വഴി 115ഉം ക്യൂമെക് വീതം എന്ന ഉയർന്നനിരക്കിൽ ജലം ഒഴുക്കിവിട്ടുകൊണ്ടിരുന്നു. സാധ്യതയുള്ള വലിയ പ്രളയത്തെ ഉൾക്കൊള്ളാൻ സജീവസംഭരണമേഖലയിൽ ആവശ്യത്തിന് ഇടമുണ്ടാക്കാനായിരുന്നു ഇത്. ഇതിന്റെ ഫലമായി പ്രളയാഗിരണമേഖല 90 എംസിഎം ആക്കി ഉയർത്തിക്കൊണ്ട് സംഭരണിനിരപ്പ് 730.80 മീറ്ററിലേക്കു താണു.

ആഗസ്റ്റ് 14നു വൈകിട്ട് ആറ് മണിമുതൽ അണക്കെട്ടിലേക്കുള്ള ഒഴുക്ക് വീണ്ടും വർധിക്കാൻ തുടങ്ങി. സംഭരണിയിലെ നിരപ്പ് അപ്പോൾ 730.88 മീ. ആയിരുന്നു. അതായത്, ഏതാണ്ട് 85 എംസിഎം അധികപ്രളയാഗിരണമേഖല ഉണ്ടായിരുന്നു. പിറ്റേന്ന്, ആഗസ്റ്റ് 15ന് വൈകിട്ട് ആറോടെ തുറന്നുവിടുന്ന വെള്ളത്തിന്റെ അളവ് മൂവാറ്റുപുഴയാറ്റിലേക്കുള്ള 115ഉം സ്പിൽ വേ വഴിയുള്ള 1500ഉം ചേർത്ത് 1615 ക്യൂമെക് ആയി ഉയർത്തി. ഇത് ആഗസ്റ്റ് 16നു പുലർച്ചെ മൂന്നുവരെ തുടർന്നു. ഏറ്റവും ഉയർന്ന നീരൊഴുക്കായ 2532 ക്യൂമെക് ഉണ്ടായത് ആഗസ്റ്റ് 15ന് രാത്രി 10 മണിക്കാണ്. അപ്പോഴും തുറന്നുവിട്ടുകൊണ്ടിരുന്നത് വൈദ്യുതിനിലയത്തിലേക്കുള്ള

114 ക്യൂമെക്കും ഷട്ടർ വഴിയുള്ള 1500ഉം ചേർത്ത് 1614 ക്യൂമെക് മാത്രമായിരുന്നു. പെരിയാറ്റിലൂടെ ഒഴുകേണ്ടിയിരുന്ന 2532 ക്യൂമെക് ജലത്തെ അങ്ങനെ 1500 ക്യൂമെക്കായി ദുർബലപ്പെടുത്തുകയായിരുന്നു അണക്കെട്ട് ചെയ്തത്. ഇടുക്കിക്കു പടിഞ്ഞാറേക്കുള്ള പ്രദേശങ്ങളിലേക്കുള്ള ഒഴുക്ക് 41 ശതമാനമാണ് ഇങ്ങനെ കുറയ്ക്കാൻ കഴിഞ്ഞത്. ആഗസ്റ്റ് 17 പുലർച്ചെ ഒരുമണിക്ക് സംഭരണിയിലെ ജലനിരപ്പ് 732.43 മീറ്ററിലെത്തി. ഇടുക്കി ജലസംഭരണിയിലേക്കു വന്നതും പോയതുമായ ജലത്തിന്റെ അളവുകളും ജലനിരപ്പും ചിത്രത്തിൽ (റിപ്പോർട്ടിലെ ചിത്രം 4).




**ചിത്രം 4**

പരമാവധി വെള്ളപ്പൊക്കമായ 8800 ക്യൂമെക് നീലേശ്വരം ജി&ഡി സൈറ്റിൽ രേഖപ്പെടുത്തിയിരുന്നു എന്നതു ശ്രദ്ധിക്കണം. അതിനർഥം, ഇടുക്കിയിൽനിന്ന് ഒഴുക്കിവിട്ട 1500 ക്യൂസെക്കിനുപുറമെ ഇടുക്കിക്കു താഴെയുള്ള പെരിയാറിന്റെ സ്വതന്ത്രാവാഹപ്രദേശത്തുനിന്ന് 7300 ക്യൂമെക് തോതിലുള്ള നീരൊഴുക്കാണ് ഉയർന്നപ്രളയത്തിനു കാരണമായത്. ഇനി ഇടുക്കിയിൽനിന്ന് ഒട്ടും വെള്ളം തുറന്നുവിട്ടില്ലെങ്കിലും (ഇത്ര ഭീകരമായ ഒരു പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സാങ്കല്പികമായി) ആലുവയും മലയാറ്റൂരും ഒക്കെ അടങ്ങുന്ന പെരിയാറിന്റെ താഴേഭാഗങ്ങളിലെല്ലാം 7500–8000 ക്യൂമെക്കോളം പ്രളയം ഉണ്ടാകുമായിരുന്നു. അതുകൊണ്ട്, മൊത്തം പ്രളയത്തിൽ ഇടുക്കി അണക്കെട്ടിന്റെ സംഭാവന തുച്ഛമാണെന്നു കണ്ടെത്താനാകും. വാസ്തവത്തിൽ, ഇടുക്കിയിലേക്ക് ഏറ്റവുമുയർന്ന നീരൊഴുക്കുണ്ടായപ്പോൾ പ്രളയം 1030 ക്യൂമെക് കണ്ട് കുറയ്ക്കുകയാണ് അണക്കെട്ട് ചെയ്തത്.

## ഇടമലയാർ സംഭരണിയുടെ നിയന്ത്രണം

പെരിയാറിന്റെ കേരളത്തിലുള്ള ഒരു പോഷകനദിയിലാണ് ഇടമലയാർ അണക്കെട്ടുള്ളത്. ഇതിന്റെ സജീവസംഭരണശേഷി 1018 എംസിഎമ്മാണ്. ഈ അണക്കെട്ടിലെ 2018 ആഗസ്റ്റ് എട്ടിലെ ജലനിരപ്പ് 168.06 മീറ്ററാണ്. അതായത്, പൂർണസംഭരണശേഷി(FRL)യുടെ ഒരു മീറ്റർ താഴെ. സജീവസംഭരണശേഷിയുടെ 97 ശതമാനം നിറഞ്ഞിരുന്നു. പൂർണസംഭരണശേഷിക്കും (169 മീറ്റർ) സ്പിൽ വേയ്ക്കു മുകളിലൂടെ വെള്ളം കവിഞ്ഞൊഴുകുന്ന ഉയരമായ പരമാവധിജലനിരപ്പിനും (Maximum Water Level – MWL) (170.3 മീറ്റർ) ഇടയിൽ പ്രളയജലത്തിനായി നീക്കിവച്ചിട്ടുള്ളത് ഏകദേശം 60 എംസിഎം മാത്രമാണ്. 2018 ആഗസ്റ്റ് എട്ട് വരെ അവിടെ കവിഞ്ഞൊഴുക്ക് ഇല്ലായിരുന്നു. ഇടമലയാർ സംഭരണിയിലേക്കും പുറത്തേക്കുമുള്ള ഒഴുക്കും ജലനിരപ്പും ചിത്രത്തിൽ (റിപ്പോർട്ടിലെ ചിത്രം 5). (ആഗസ്റ്റ് ഒൻപതിനു ശേഷം ഡിസ്ചാർജിൽ കുറവു കാണിക്കുന്നില്ല.)

## Inflow, Outflow and Water Level in Idamalyar reservoir




ഇടമലയാർ അണക്കെട്ടുപ്രദേശത്തെ മഴയുടെ അളവുകൾ പ്രകാരം ആഗസ്റ്റ് 8–17 സമയത്ത് അതിന്റെ ആവാഹമേഖലയിൽ 1100 മി.മീ. മഴ ലഭിച്ചു. ഇതിൽ പ്രതിദിനപരമാവധിയായ 230 മി.മീ. പെയ്തത് ആഗസ്റ്റ് 16നാണ്. ആഗസ്റ്റ് എട്ട് മുതൽ അണക്കെട്ടിലേക്കുള്ള നീരൊഴുക്കു വർധിക്കാൻ തുടങ്ങിയത് അതിന്റെ ഉന്നതിയായ 1164 ക്യൂമെക്കിൽ ആഗസ്റ്റ് 16ന് എത്തി. അണക്കെട്ടിൽനിന്നുള്ള ശരാശരി ഒഴുക്ക് (spill) 1271 ക്യൂമെക് ആയിരുന്നു. ഇവിടെനിന്നു വെള്ളം വിടുന്നതു കുറയ്ക്കാൻ കഴിയാതിരുന്നതിനു രണ്ടു കാരണങ്ങൾ ഇതിൽനിന്നു കാണാം: കനത്ത മഴ; പെരുമഴയ്ക്കു മുമ്പുതന്നെ ജലനിരപ്പ് പൂർണസംഭരണശേഷിക്ക് അടുത്തെത്തിയിരുന്നത്.

## പമ്പ ഉപതടത്തിലെ നീരൊഴുക്കു നിർണയിക്കൽ

കേരളത്തിലെ ഏറ്റവും നീളമുള്ള നദിയാണ് 176 കി.മീ. നീളമുള്ള പമ്പ. പമ്പ, കക്കി, അഴുത, കക്കാട്, കല്ലാർ എന്നീ ആറുകൾ ചേർന്ന് ഉണ്ടായതാണത്. സമുദ്രനിരപ്പിൽനിന്ന് 1670 മീറ്റർ ഉയരത്തിലുള്ള പീരുമേട് പീഠഭൂമിയിൽനിന്നാണ് പമ്പ ഉദ്ഭവിക്കുന്നത്. അണക്കെട്ടുകൾക്കു താഴെ പമ്പ, മണിമല ആറുകൾ ഒഴുകുന്ന പ്രദേശങ്ങളുടെ ഭൂപടം ചിത്രത്തിൽ (റിപ്പോർട്ടിലെ ചിത്രം 6).






**ചിത്രം 6**

പമ്പയുടെ പ്രധാന പോഷകനദിയായ കക്കിയാർ തുടക്കഭാഗത്ത് മുഖ്യനദിയെക്കാൾ ഒഴുക്കുള്ളതാണ്. കക്കിയാറിനെക്കൂടി സ്വീകരിക്കുന്ന പമ്പ അഴുതയാർ സന്ധിക്കുന്നതുവരെ പടിഞ്ഞാറോട്ടൊഴുകുന്നു. നാറാണമ്മൂഴിയിൽനിന്ന് തെക്കുകിഴക്കോട്ടു തിരിഞ്ഞൊഴുകി കക്കാടാറുമായി ചേരുന്നു. പിന്നെ തെക്കോട്ടാണു പ്രവാഹം. വടശ്ശേരിക്കരയിൽ കല്ലാർ പമ്പയിൽ ചേരുന്നു. വളഞ്ഞക്കട്ടി മലയിലാണ് കല്ലാറിന്റെ ഉദ്ഭവം.

മണിമലയാറിൽ കല്ലൂപ്പാറയിലും പമ്പയാറ്റിൽ മാലക്കരയിലും ഓരോ ജലശാസ്ത്രനിരീക്ഷണകേന്ദ്രങ്ങൾ കേന്ദ്രജലക്കമ്മിഷന് ഉണ്ട്. പമ്പ തടത്തിലെ പ്രധാന ജലസംഭരണി കക്കി ആണ്. പാണ്ടനാട്ട് നദി രണ്ടായി പിരിയുന്നു. ഒന്ന് പടിഞ്ഞാറേക്കൊഴുകുന്നു. മണിമലയാർ പമ്പയിൽ ചേരുന്നത് നീരാറ്റുപുറം കൈവഴിയിലാണ്. നദി അവിടുന്ന് വടക്കോട്ടൊഴുകി പലതായിപ്പിരിഞ്ഞ് വേമ്പനാട്ടുകായലിൽ പതിക്കുന്നു. പള്ളാത്തുരുത്തിയാർ, നെടുമുടിയാർ എന്നിവയാണ് ഇവയിൽ പ്രധാനം. നല്ല മഴയും മിതമായ ചൂടും ഈർപ്പവുമുള്ള കാലാവസ്ഥയാണു പമ്പാതടത്തിലേത്. തെക്കുപടിഞ്ഞാറൻ, വടക്കുകിഴക്കൻ കാലവർഷങ്ങൾക്ക് ഈ കാലാവസ്ഥയിൽ വലിയ സ്വാധീനമുണ്ട്. തടത്തിലെ തീരമേഖല ചൂടും ഈർപ്പവും ഉള്ളതാണെങ്കിലും മലമ്പ്രദേശത്തു പൊതുവെ തണുപ്പാണ്. ശരാശരി വർഷപാതം 2276നും 4275നും ഇടയിലാണ്.

2018 ആഗസ്റ്റ് 15–17 മഴയിൽ കക്കി, പമ്പ അണക്കെട്ടുകളിലും തടത്തിലെ മറ്റു പ്രദേശങ്ങളിലും ഉണ്ടായ ആകെ മഴയും നീരൊഴുക്കും പട്ടിക ഏഴിൽ:

### പമ്പ ഉപതടത്തിലെ മഴയും നീരൊഴുക്കും കേന്ദ്രജലക്കമ്മിഷൻ ജി&ഡി സൈറ്റുകൾ പ്രകാരം പട്ടിക 7

| ആവാഹ മേഖല | വിസ്തൃതി | ആകെമഴ 15 ഓഗസ്റ്റ് 2018 (1 ദിവസം) | ആകെമഴ 15 16, ഓഗസ്റ്റ് 2018 (2ദിവസം) | ആകെമഴ 15–17, ഓഗസ്റ്റ് 2018 (3 ദിവസം) | നീരൊഴുക്ക് 15 ഓഗസ്റ്റ് 2018 (1 ദിവസം) | നീരൊഴുക്ക് 15 – 16, ഓഗസ്റ്റ് 2018 (2 ദിവസം) | നീരൊഴുക്ക് 15 – 17, ഓഗസ്റ്റ് 2018 (3 ദിവസം) |
|---|---|---|---|---|---|---|---|
| | (ച.കി.മീ.) | (മി.മീ.) | (മി.മീ.) | (മി.മീ.) | (എംസിഎം) | (എംസിഎം) | (എംസിഎം) |
| മണിമല ജി&ഡി വരെ യുള്ള ആവാഹ മേഖല | 700 | 175 | 388 | 526 | 92 | 204 | 276 |
| മണിമല ജി&ഡി മുതൽ പമ്പാലയനം വരെ | 93 | 175 | 388 | 526 | 12 | 27 | 37 |
| പമ്പ അണക്കെട്ട് | 75 | 207 | 449 | 586 | 12 | 25 | 33 |
| കക്കി അണകെട്ട് | 177 | 196 | 394 | 522 | 26 | 52 | 69 |
| മലങ്കര ജി&ഡി വരെ യുള്ള ആവാഹ മേഖല | 1369 | 181 | 409 | 551 | 185 | 420 | 566 |
| മലങ്കര ജി&ഡി മുതൽ മണിമലയാർ ലയനം വരെ | 63 | 110 | 197 | 280 | 5 | 9 | 13 |
| ആകെ | 2477 | 179 | 397 | 537 | 297 | 663 | 894 |

## പമ്പ ഉപതടത്തിലെ മഴയും നീരൊഴുക്കും കേന്ദ്രജലക്കമ്മിഷൻ ജി&ഡി സൈറ്റുകൾ പ്രകാരം

ആവാഹ മേഖല വിസ്തൃതി ആകെ മഴ 15 ആഗസ്റ്റ് 2018 (ഒരു ദിവസം) ആകെ മഴ 15–16, ആഗസ്റ്റ് 2018 (രണ്ട്ദിവസം) ആകെമഴ 15–17, ആഗസ്റ്റ് 2018 (മൂന്ന് ദിവസം) നീരൊഴുക്ക് 15 ആഗസ്റ്റ് 2018 (ഒരു ദിവസം) നീരൊഴുക്ക് 15–16, ആഗസ്റ്റ് 2018 (രണ്ട് ദിവസം) നീരൊഴുക്ക് 15–17, ആഗസ്റ്റ് 2018 (മൂന്ന് ദിവസം)

പട്ടികയിലെ കണക്കുപ്രകാരം 2018 ആഗസ്റ്റ് 15–17 വേളയിൽ പമ്പ ഉപതടത്തിലെ ഏകദിന, ദ്വിദിന, ത്രിദിന മഴ യഥാക്രമം 179, 397, 537 മി.മീ. ആണ്. ജലക്കമ്മിഷൻ ജി&ഡി സൈറ്റ് പ്രകാരം മണിമലയാറ്റിലെ ഏകദിന, ദ്വിദിന, ത്രിദിന നീരൊഴുക്ക് യഥാക്രമം 92, 204, 276 എംസിഎം ആണ്. ഇത് കല്ലൂപ്പാറ ജി&ഡി സൈറ്റിൽ നിരീക്ഷിച്ച നീരൊഴുക്കായ 277 എംസിഎമ്മിന് അനുരൂപമായ 0.75 റണ്ണോഫ് കോയെഫിഷ്യന്റ് ആയെടുത്തു നിർണയിച്ചതാണ്. പമ്പ ഉപതടത്തിനും ഇതേ റണ്ണോഫ് കോയെഫിഷ്യന്റ് വച്ച് മലങ്കര ജി&ഡി സൈറ്റ് പ്രകാരം ഏകദിന, ദ്വിദിന, ത്രിദിന നീരൊഴുക്ക് യഥാക്രമം 223, 479, 668 എംസിഎമ്മാണ്. മലങ്കര ജി&ഡി സൈറ്റിലെ ഫ്ളഡ് ഹൈഡ്രോഗ്രാഫ് അനുസരിച്ച് മൂന്നുദിവസത്തെ ആകെ നീരൊഴുക്ക് ഏകദേശം 533 എംസിഎമ്മാണ്. വ്യാപ്തത്തിലെ വ്യത്യാസം പൊങ്ങിയ വെള്ളം സമീപത്തെ നദീതീരങ്ങളിൽ കെട്ടിനിന്നതുകൊണ്ടു വന്നതാകാം.
പമ്പ ഉപതടത്തിൽ എട്ട് അണക്കെട്ടുകളും ഒരു തടയണയുമുണ്ട്. ശരാശരി വാർഷിക നീരൊഴുക്കായ 4.64 ബിസിഎമ്മിന്റെ 10.5 ശതമാനം വരുന്ന 487 എംസിഎമ്മാണ് ഇവയുടെ ആകെ സജീവസംഭരണ ശേഷി. ഇതിൽ 447 എംസിഎം ശേഷിയുള്ള കക്കി മാത്രമാണ് ഗണ്യമായുള്ളത്. പമ്പ ഉപതടത്തിന്റെ ആകെ സജീവ സംഭരണ ശേഷിയുടെ 92 ശതമാനവും കക്കിയുടേതാണ്.

## കക്കി ജലസംഭരണിയുടെ നിയന്ത്രണം

പമ്പയുടെ കൈവഴിയായ കക്കി ആറിൽ കേരളത്തിലുള്ള അണക്കെട്ടാണ് കക്കി. ഇതിന് പൂർണസംഭരണനിരപ്പ് (Full Reservoir Level - FRL) ആയ 981.46 മീറ്ററിൽ ആകെ സംഭരണശേഷി 450 എംസിഎമ്മാണ്. വൈദ്യുതോത്പാദനത്തിനു നിലനിർത്തേണ്ട ഏറ്റവും കുറഞ്ഞ നിരപ്പായ മിനിമം ഡ്രാ ഡൗൺ ലെവൽ (MDDL) ആയ 908.3 മീറ്ററിൽ 7.6 എംസിഎമ്മാണു ശേഷി. ഈ രണ്ടു നിരപ്പുകൾക്കും ഇടയിലുള്ള സജീവസംഭരണശേഷി (Live Storage) 442 എംസിഎമ്മാണ്.

2018 ജൂലൈ 8–ലെ ജലനിരപ്പ് 965.05 മീറ്റർ ആയിരുന്നു. അതായത് പൂർണനിരപ്പിന് 16.41 മീറ്റർ താഴെ. സജീവസംഭരണം അപ്പോൾ 226 എംസിഎം ആയിരുന്നു; മൊത്തം സജീവസംഭരണശേഷിയുടെ 51 ശതമാനം. ജൂലൈ ഒൻപത് മുതൽ 21 വരെ അവിടെ തുടർച്ചയായ മഴയായിരുന്നു. സംഭരണി പകുതിമാത്രമേ നിറഞ്ഞിരുന്നുള്ളൂ എന്നതിനാൽ അവിടെ കവിഞ്ഞൊഴുക്ക് ഉണ്ടായില്ല. നിരപ്പ് ക്രമേണ ഉയർന്ന് ജൂലൈ 28–ന് 979.04 മീറ്ററായി. സജീവസംഭരണം 403 എംസിഎമ്മുമായി. സംഭരണി 91 ശതമാനം നിറഞ്ഞു. ഈ കനത്ത മഴ മുഴുവൻ കക്കി ജലസംഭരണി ഉൾക്കൊണ്ടു എന്നർഥം. ഇതുമൂലം അധികപ്രളയാഗിരണയിടം 39 എംസിഎം മാത്രം അവശേഷിപ്പിച്ചുകൊണ്ട് കക്കിയിലെ ജലം പൂർണശേഷിക്ക് അടുത്തെത്തി. ഈ സമയത്താണ് സമുദ്രനിരപ്പിലും താണ കുട്ടനാട്ടിൽ ആദ്യപ്രളയം

ഉണ്ടായത്. അതിനാൽ ഈ ഘട്ടത്തിൽ കക്കിയിലെ ജലം തുറന്നുവിടാൻ ആകുമായിരുന്നില്ല. തുറന്നുവിട്ടാൽ അതു മഹാദുരന്തം ആകുമായിരുന്നു. അതിലുപരി, പമ്പ, അച്ചൻകോവിൽ, മീനച്ചിൽ, മണിമല ആറുകളെല്ലാം ഒഴുകിയെത്തുന്ന വേമ്പനാട്ടുകായലിന് ആകെയുള്ളത് ഒരു തോട്ടപ്പള്ളി സ്പിൽവേ മാത്രമാണ്. ഈ ആറുകളിൽ പമ്പാതടത്തിൽ മാത്രമാണ് ജലനിയന്ത്രണത്തിനു സംവിധാനമുള്ളത്. കക്കി അണക്കെട്ടാണത്. മറ്റുമൂന്നും നിയന്ത്രിക്കാനാവാത്ത (അണക്കെട്ടില്ലാത്ത) നദികളാണ്. തോട്ടപ്പള്ളി ചീപ്പിന്റെ ബഹിർഗമനശേഷി 630 ക്യൂമെക്സാണ്. അതുകൊണ്ട് വെള്ളം ഒഴുകിപ്പോകാൻ കൂടുതൽ സമയം എടുക്കുകയും വെള്ളം വേമ്പനാടുകായലിനു ചുറ്റുമുള്ള താണസ്ഥലങ്ങളിലേക്കു കയറുകയും ചെയ്തു. ഈ സാഹചര്യം കക്കി അണക്കെട്ടിന്റെ നിയന്ത്രണത്തെ മഹാസമസ്യയിലാക്കി. കുട്ടനാടിനെയും സമീപപ്രദേശങ്ങളെയും മഹാദുരന്തത്തിലേക്കു തള്ളാതെ വെള്ളം പിടിച്ചുനിർത്തണോ വന്നേക്കാവുന്ന വെള്ളപ്പൊക്കം മുന്നിൽക്കണ്ട് വെള്ളം ഒഴുക്കിക്കളയണോ എന്നു തീരുമാനിക്കാനാവാത്ത അവസ്ഥ.

രണ്ടാമതുണ്ടായ അതിതീവ്രമഴയ്ക്കു മുമ്പായി കുട്ടനാട് പ്രളയത്തിൽ അമർന്നിട്ടില്ലായിരുന്നെങ്കിൽ ആദ്യഘട്ട മഴ ഒന്നു ശമിച്ചപ്പോൾ മൺസൂൺ മാസമായ ആഗസ്റ്റിൽ സംഭരണി നിറച്ചുകൊണ്ടു വന്നേക്കാവുന്ന വെള്ളപ്പൊക്കം ലഘൂകരിക്കാൻ പാകത്തിൽ ഒരുപരിധിവരെ ജലനിരപ്പു കുറയ്ക്കാമായിരുന്നു. എന്നാൽ, ദൗർഭാഗ്യവശാൽ 11 ദിവസം കഴിഞ്ഞപ്പോൾ ആ ദുരന്തം സംഭവിക്കുകയായിരുന്നു.

ആഗസ്റ്റ് ഒൻപതിന് സംഭരണിയിലെ ജലനിരപ്പ് 981.25 മീറ്റർ ആയിരുന്നു. കവിഞ്ഞൊഴുകലില്ലാതെ അതിനടുത്തോളം. പൂർണനിരപ്പിനും (981.46 മീ.) പരമാവധി ജലനിരപ്പിനും (982.16 മീ) ഇടയിൽ 20 എംസിഎമ്മോളം പ്രളയാഗിരണയിടം. അണക്കെട്ടിലെ മഴരേഖ പ്രകാരം 2018 ആഗസ്റ്റ് ഒൻപതിനും 20-നും ഇടയിൽ പെയ്ത രണ്ടാം മഴ 1724 മി.മീ. ആണ്. ഇതിൽ 590 മി.മീ.-ഉം പെയ്തത് ആഗസ്റ്റ് 15, 16 എന്നീ രണ്ടുദിവസങ്ങളിലാണ്. അണക്കെട്ടിലേക്കുള്ള പരമാവധി നീരൊഴുക്ക് 835 ക്യൂമെക്കും പരമാവധി തുറന്നുവിട്ടത് 938 ക്യൂമെക്കും ആയിരുന്നു. സംഭരണിയിൽ ഇടമില്ലാതിരുന്നതിനാൽ കക്കിക്ക് രണ്ടാംമഴയിൽ പ്രളയലഘൂകരണത്തിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമായിരുന്നില്ല. അവശേഷിച്ച ആഗിരണമേഖല അതിവേഗം നിറയുകയും ചെയ്തു. കക്കി സംഭരണിയിലേക്കുള്ള നീരൊഴുക്കും തുറന്നുവിട്ടതും ജലനിരപ്പും കാണിക്കുന്ന ചിത്രം കാണുക. (റിപ്പോർട്ടിലെ ചിത്രം 7)

ഇതൊരു അതിതീവ്ര പ്രളയം ആയിരുന്നു എന്നതുകൂടി കാണണം. പമ്പാ ഉപതടത്തിൽ ലഭിച്ച ഏറ്റവും ഉയർന്ന മഴ 2900 ക്യൂമെക് ആയിരുന്നു. കക്കിയിൽനിന്നു വിട്ട വെള്ളം 500 ക്യൂമെക്കായി കുറയ്ക്കാൻ കഴിഞ്ഞിരുന്നെങ്കിൽപ്പോലും അണക്കെട്ടിനുതാഴെയുള്ള പ്രവാഹമേഖലകളിൽ പ്രളയം 2400 ക്യൂമെക്കോളം ഉണ്ടാകുമായിരുന്നു. കാരണം അത്രയും വെള്ളം അണക്കെട്ടിനു താഴെ പെയ്ത് ഒഴുകിയെത്തിയതാണ്. അണക്കെട്ടിനു സ്വാധീനമൊന്നും ഇല്ലാത്ത വെള്ളം.

(കേരളത്തിൽ പ്രളയം ഏറ്റവുമധികം ബാധിച്ച മേഖലകളിലെ പ്രളയത്തോതിനെയും ആ മേഖലകളിൽ ഒഴുക്കു നിയന്ത്രിക്കാൻ കഴിയുമായിരുന്ന അണക്കെട്ടുകളുടെ നിയന്ത്രണസാധ്യതകളെയും അവയുടെ കാര്യത്തിൽ കൈക്കൊണ്ട നടപടികളുടെയും അവ പ്രളയലഘൂകരണത്തിൽ വഹിച്ച പങ്കിനെയും പറ്റി ചർച്ച ചെയ്യുന്ന കേന്ദ്രജലക്കമ്മിഷൻ റിപ്പോർട്ടിലെ പ്രസക്തഭാഗങ്ങൾ മാത്രമാണ് ഇവിടെ തർജമ ചെയ്തിട്ടുള്ളത്. റിപ്പോർട്ടിന്റെ പൂർണരൂപം ബന്ധപ്പെട്ട വെബ്സൈറ്റുകളിൽ ലഭ്യമാണ്.)

**പരിഭാഷ: മനോജ് കെ.പുതിയവിള**
**(ഇൻഫർമേഷൻ ഓഫീസർ, റിസർച്ച്& റഫറൻസ്, ഐപിആർഡി)**




**ചിത്രം 7**













Govt. of Kerala
Information and Public Relations Department

Printed and Published by U V Jose IAS, Director,
Information & Public Relations Department
on behalf of Government of Kerala
*.Printed at Govt. Press Mannanthala. Thiruvananthapuram.*
No. of copies : 1000   For free distribution

